KOTTAYAM PUBLIC LIBRARY

Call No MO8 BEN-M Acc. No 20362

Author ബെൻജമിൻ ഫ്രാങ്ക്ളിൻ

Title ലോകാചാരജ്ഞം (വിവർത്തനം)

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1531

20862

# ബെൻജമിൻ ഫ്റാൻക്ലിൻ.

## AUTOBIOGRAPHY
## OF
# BENJAMIN FRANKLIN

★

ആത്മകഥാകഥനം.

★

വിവർത്തനം,

"മലയാളരാജ്യം"

★

പ്രകാശകന്മാർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ,

കൊല്ലം.

★

S. R. V. PRESS, QUILON.

വില രൂപാ 2.

1955.

ബൻജമിൻഫ്രാൻക്ലിൻെറ 'ആത്മകഥാകഥന'ത്തിനു്

## ഒരു അവതാരിക.

20362

തങ്ങളുടെ ജീവിതകാലത്തുമാത്രമല്ല, ഭാവിതലമുറകളിലെ അനേകമനേകം വർഷങ്ങളിൽപ്പോലും, സ്വന്തം വിജയംകൊണ്ടും, പൊതുസേവനപ്രസക്തികൊണ്ടും ബഹുമാന്യമാതൃകകൾ എന്ന നിലയിൽ ചരിത്രവിഖ്യാതിനേടുന്ന അപൂർവ്വം ചില വ്യക്തികളിൽ "ബൻജമിൻഫ്രാൻക്ലിൻ" ശ്രേഷ്ഠമായ ഒരു സ്ഥാനം അർഹിക്കുന്നു. ക്രിസ്തുവർഷം 1757-ൽ അദ്ദേഹം രണ്ടാമതായി ഇംഗ്ലണ്ടു് സന്ദർശിച്ചപ്പോൾ അക്കാലത്തു ജീവിച്ചിരിപ്പുള്ള സമുന്നതവ്യക്തികളിൽ ഒരാളായി അദ്ദേഹത്തെ ബഹുജനങ്ങൾ ആഹ്ലാദപൂർവ്വം പ്രകീർത്തിക്കുകയുണ്ടായി. ഇതിനു മുമ്പിലത്തെ വർഷത്തിൽത്തന്നെ ലണ്ടൻ നഗരിയിലെ റോയൽസൊസൈററിക്കാർ ആ വിശിഷ്ടസംഘത്തിലെ അംഗസ്ഥാനംനൽകി അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. ഇതു് അദ്ദേഹം വിദ്യുച്ഛക്തിപരമായ "ദ്രവദ്രവ്യസിദ്ധാന്തം" ആസ്പദമാക്കി രചിച്ചുപ്രസിദ്ധപ്പെടുത്തിയ ചില ലേഖനങ്ങൾ അടിസ്ഥാനപ്പെടുത്തി ആയിരുന്നു. ആ സിദ്ധാന്തത്തിനു് പരിക്ഷണപരമായ വില നഷ്ടപ്പെട്ടുപോയി എങ്കിലും, സാധാരണ വൈദ്യുതകാര്യവ്യവഹാരങ്ങളിൽ 'ഉള്ളൊഴുക്കു്' 'പ്രവാഹം' എന്നിങ്ങനെ ദ്രവദ്രവ്യപരങ്ങളായ സംജ്ഞകൾ ഇന്നും നാം സ്വീകരിക്കുന്നുണ്ടല്ലോ. ഫ്രാൻസുരാജ്യം അദ്ദേഹത്തെ ഒരു മഹനീയ പുരുഷനായി ഗണിക്കുകമാത്രമല്ല, "ഗുണവാനായ ഡാക്റ്റർ ഫ്രാൻക്ലിൻ" എന്ന നിലയിൽ ആദരശ്രുതനായി കരുതുകയും ചെയ്തുപോന്നു. നവോത്സാഹത്തോടും പ്രബുദ്ധതയോടുംകൂടിയ സമാധാനപ്രസക്തസംഘങ്ങൾക്കു്, ആദ്യമേ അദ്ദേഹം അംഗമായിരുന്നതനുസരിച്ചു് അങ്ങനേയും, വിപ്ലവാഭിവാദനകേന്ദ്രങ്ങൾക്കു് അനന്തരകാലത്തു് സ്വന്തം സന്ദേശം നൽകി ആ വിധത്തിലും കഥാപുരുഷൻ അനുഗ്രഹോത്തേജനങ്ങൾ നൽകുന്ന, സൽഗുണങ്ങളുടെ ഉടലെടുത്തരൂപം എന്ന നിലയിൽത്തന്നെ അദ്ദേഹത്തെ അവർ ഗണിച്ചു. അദ്ദേഹം 'മന്ദഗതിക്കാരനായ ഒരു അപരിഷ്കൃത'നായും അതേസന്ദർഭത്തിൽത്തന്നെ നിശ്ശേഷം വിപ്ലവാസക്തനായ ഉൽപ്പതിഷ്ണുവായും കൊണ്ടാടപ്പെട്ടു. ഈ സൽഗുണവിഗ്രഹം ഇന്നും യൂറോപ്യന്മാരുടെ വീക്ഷണത്തിൽ സജീവമായ നില പുലർത്തുന്നുണ്ടു്. അദ്ദേഹത്തിൻെറ ലേഖനങ്ങളും രചനകളുംമുഖേന അദ്ദേഹത്തെ നേരിട്ടുപരിചയപ്പെടുന്നവരും, വൈദഗ്ദ്ധ്യപ്രധാനങ്ങളായ ഗ്രന്ഥങ്ങൾ പത്രപ്രവർത്തനത്തിലെ

ആദർശപരത എന്നിവയിൽ വെറും പഴയ കരുവിലുള്ള അമേരിക്കൻസ്വഭാവപ്രത്യേകതകൾക്കുവേണ്ടിനിന്ന ഫ്രാങ്ക്ലിന്റെ പ്രവർത്തനങ്ങൾ അത്രതന്നെ സ്വീകരിക്കാത്തവരും ആയ യൂറോപ്യന്മാർ എന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

അദ്ദേഹത്തിന്റെ യശസ്സ് വിശ്രമിക്കുന്ന രംഗം ഓരോവായനക്കാരേയും ഓരോ കാലഘട്ടത്തേയും സംബന്ധിച്ചു നോക്കുമ്പോൾ കേവലം വ്യത്യസ്തതയിൽ ആകുന്നു. ചിലർ അദ്ദേഹത്തെ 'വിദ്യുച്ഛക്തിയുടെ ന്യൂട്ടൻ' എന്നു വിളിച്ചിട്ടുണ്ട്. മററു ചിലർ അദ്ദേഹത്തെ "ഒന്നാമത്തെ പരിഷ്കാരിയായ അമേരിക്കൻ" എന്നാണ് ഗണിക്കുന്നു. അമേരിക്കൻവിപ്ലവത്തിന്റെ ഉപാദ്ധ്യായൻ എന്ന് മററു ചിലർ അദ്ദേഹത്തെ കരുതുന്നു. വേറേചിലരാകട്ടെ, "അമേരിക്കൻ മുതലാളിത്വത്തിലെ സർവസംഗപരിത്യാഗി" എന്നും, ഇനിയും ചിലർ, "ആധുനികകാലത്തിലെ ആചാര്യവര്യൻ" എന്നും പറയുന്നുണ്ട്. എന്നാൽ നിഷ്കൃഷ്ടമായി പ്രസ്താവിക്കുന്നപക്ഷം അദ്ദേഹം ഇവയിലൊന്നുംതന്നെ കൃത്യമായിനില്ക്കുന്നില്ല. ഈ എല്ലാസ്വഭാവവിശേഷങ്ങളുടേയും അവ്യക്തമായ ഒരുസംയോജനപ്രകാരമാണ് അദ്ദേഹത്തിൽ കാണുന്നത്. അമേരിക്കൻ ഐക്യനാടുകളിൽ ബൻജമിൻഫ്രാങ്ക്ലിന്റെ സ്മരണ ഇന്നും പുലരുന്നത് അദ്ദേഹത്തിന്റെ ആധുനികശാസ്ത്രം സംബന്ധിച്ച തത്വനിരീക്ഷണപാടവത്തേയോ, അന്യനസാധാരണമായ മാനസികഗുണോൽക്കർഷത്തേയോ കേന്ദ്രീകരിച്ചല്ല. പിന്നെയോ? അത്യാവശ്യകങ്ങളായ ഘട്ടങ്ങളിൽ പൊതുജനസേവാനിരതൻ എന്ന നിലയിൽ ഈ ഭൂഖണ്ഡത്തിനു അദ്ദേഹം എത്രമാത്രം പ്രയോജനപ്പെട്ടു എന്ന വസ്തുതയെ ആശ്രയിച്ചുമാത്രമാകുന്നു പൊതുക്കാര്യപ്രസക്തി, ജനസേവനവ്രതം എന്നിവയ്ക്ക് അദ്ദേഹം മൂർത്തിമത്തായ മാതൃകയാകുന്നു. അദ്ദേഹം ഒരു വർത്തമാനപ്പത്രം പ്രസിദ്ധപ്പെടുത്തുകയോ, നവീനശാസ്ത്രതത്വപരമായ വൈദഗ്ധ്യകേന്ദ്രം സ്ഥാപിക്കുകയോ, അമേരിക്കൻവിപ്ലവത്തിൽ ആകണ്ഠം മുഴുകുകയോ ചെയ്യുമ്പോഴും ആ ഏതുകാര്യവും ഏററവും ഹൃദയപൂർവകമായും ലേശംപോലും സ്വന്തലാഭം ആഗ്രഹിക്കാതേയുമാണു നിർവ്വഹിച്ചിട്ടുള്ളത്. ഈ ഒരു ശക്തിപ്രഭാവം അദ്ദേഹത്തിന്റെ "ആത്മകഥാകഥന"ത്തിൽ ആത്യന്തം പ്രതിഫലിക്കുന്നു. പ്രസ്തുതഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണകാലംതൊട്ട് അനുപമമായി ഈ കൃതിക്കുസിദ്ധിച്ചവിജയത്തിന്റെ രഹസ്യവും ഇതുതന്നേയാകുന്നു. അമേരിക്കയിൽ ഈ ആത്മകഥാകഥനത്തിന് നൂറോളം പതിപ്പുകൾ ഉണ്ടായിട്ടുണ്ട്. മിക്കവാറും എല്ലാഭാഷകളിലേയ്ക്കും ഈ കൃതി വിവർത്തനംചെയ്യപ്പെട്ടിട്ടുമുണ്ട്. സൽഗുണങ്ങളെ സുഖസന്തോഷങ്ങളോടും, സ്വകാര്യവിജയത്തെ പൊതുക്കാ

ശ്യപ്രസക്തിയോടും ഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്നവക്ക് ഈ ഗ്രന്ഥം പ്രത്യേകം ഒരു ഉത്തേജനം നൽകുന്നതാകുന്നു. ഗ്രന്ഥകാരൻെറ പൊതുജനസേവനചരിത്രം സമഗ്രമായി ഇവിടെ എണ്ണിയെണ്ണിപ്പറയുക സാദ്ധ്യമല്ലതന്നെ. മററനേകംകൃത്യങ്ങളുടെകൂട്ടത്തിൽ അദ്ദേഹം ആദ്യമായി ഇംഗ്ലണ്ടിലെത്തി നിവ്ഹിക്കാൻ ഭരമേററകാര്യം പെൻസിൽവേനിയാപൗരമാക്കുവേണ്ടി, ആ സ്ഥലത്തെ, ഭൂവുടമക്കാരുടെ അധീനതയിൽനിന്നു് വിടത്തി രാജകീയാധിനിവാസകേന്ദ്രത്തോടു ബന്ധിക്കുവാൻ നടത്തിയ ശ്രമമായിരുന്നു. ആ 'കോളണി'യിലെ ഭൂവുടമക്കാരുടെ താല്പര്യ്യവും പൗരതാല്പര്യ്യവും കേവലം വിരുദ്ധമായിരുന്നു. ഇക്കാര്യ്യത്തിൽ പ്രവത്തനം നടത്തിയ അദ്ദേഹം പ്രത്യക്ഷമായി അദ്ദേഹത്തിൻെറ എതിരാളികളായിനിന്ന രാജ്യകാര്യ്യപ്രസക്തരുടെപോലും ബഹുമതിക്കു് പാത്രീഭവിച്ചു. ഇതു് 1757 മുതൽ 1762 വരേയുള്ള അഞ്ചുവഷങ്ങളിലായിരുന്നു. അദ്ദേഹം രണ്ടാമതൊരു ബഹുജനപ്രാതിനിധ്യത്തോടെ 'ഗ്രേററ്ബ്രിട്ട'നിൽ എത്തിയപ്പോൾ, (1766-75) അതായതു്, മെസാച്ച്യുസററ്സിനു് മാത്രമല്ല, പൊതുവേ നിയമലംഘനത്തിനും ലഹളകൾക്കും ഉദ്യമിച്ച അധിനിവാസകേന്ദ്രങ്ങൾക്കുംവേണ്ടി പ്രതിനിധി എന്ന നിലയിൽ എത്തിയപ്പോൾ, വളരെ ലോലവും ജയിക്കാൻ വിഷമം ഉള്ളതുമായ ഒരു സംരംഭത്തിലാണു് അദ്ദേഹം ഏപ്പെട്ടതു്. എന്നാൽ ഇതിലും അദ്ദേഹം വിജയം കരസ്ഥമാക്കി. 'സ്റ്റാമ്പുനിയമം' തൽക്കാലത്തേയ്ക്കാണെങ്കിലും റദ്ദുചെയ്യിച്ചതു് കാര്യ്യനിവ്ാഹകകൗശലംകൊണ്ടുള്ള വിജയം എന്ന നിലയിൽ ഒട്ടും കുറഞ്ഞതരത്തിലായിരുന്നില്ല. അമ്മേരിക്കൻ ഐക്യനാടുകൾക്കുവേണ്ടി അദ്ദേഹം നിവ്ഹിച്ച ഏററവും ശ്രേഷ്ഠവും പ്രധാനവുമായ രാജ്യകാര്യ്യസേവനം (1776-1785) അക്കാലത്തു് ഗ്രേററുബ്രിട്ടൻെറ ശത്രുവായിരുന്ന ഫ്രാൻസിൽനിന്നു അമ്മേരിക്കൻലഹളസംബന്ധിച്ച സൈനികസഹായം സമ്പാദിക്കാൻ നടത്തിയ യത്നമായിരുന്നു. അദ്ദേഹം സൈനികകേന്ദ്രങ്ങളിലും, സൈനികകൗശലപദ്ധതികളിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നുവെങ്കിൽ, അദ്ദേഹത്തിൻെറ ഉദ്യമങ്ങൾക്കു് കുറേക്കൂടെ ക്ലിപ്തപരിധിയും ചെറുവിലയുംമാത്രമേ സിദ്ധിക്കുകയുള്ളായിരുന്നു. എന്നാൽ അദ്ദേഹം അമ്മേരിക്കൻ അധിനിവാസകേന്ദ്രങ്ങളുടെ സ്വാതന്ത്ര്യത്തെ ഒരു ലഹളയെന്നതിനെക്കാൾ കുറേക്കൂടെ പ്രാധാന്യമുള്ളതാക്കി ചിത്രീകരിച്ചു. അദ്ദേഹത്തിൻെറ വീക്ഷണത്തിൽ അതു് സാവ്ത്രികമായ സദാചാരബുദ്ധിശക്തികളുടെ ഒരു വിപ്ലവമായിരുന്നു. ഈ വിപ്ലവത്തിൽ, ഫ്രഞ്ചിന്ത്യൻയുദ്ധത്തിൽ (1754-1763) എന്നതിനെക്കാൾ ഫ്രഞ്ചുകാരുടെ താല്പര്യ്യത്തെ തിരിച്ചുവി

ടാൻ അദ്ദേഹത്തിനു സാധിച്ച പരമാൎത്ഥത്തിൽ 'പാരിസ്സി'ൽ കഴിഞ്ഞുകൂടിയ ഫ്രാൻക്ലിനും അദ്ദേഹത്തിൻെറ അനന്തരഗാമിയായ തോമസ് ജഫേഴ്സനും മുഖേനയായിരുന്നു ഫ്രഞ്ചുവിപ്ലവനേതാക്കൾക്കു് ഒരു ബലവും പ്രത്യാശയും അമേരിക്കൻവിപ്ലവത്തിൽനിന്നു നേടുവാൻ സാധിച്ചതു്.

ബൻജമിനും അദ്ദേഹത്തിൻെറ ജ്യേഷ്ഠസഹോദരനും പതിനെട്ടാംശതവർഷത്തിലെ ബോസ്റ്റണിൽ 'പ്യൂരിട്ടൻ'ക്രിസ്തുമതാവലംബികളാൽ ചുററപ്പെട്ടിരുന്നു. അമേരിക്കയിലെ വാണിജ്യവ്യവസായപ്രസക്തരായ 'യാങ്കി'കളും ഇവരെ ചുററിയിരുന്നു കഥാനായകൻെറ പിതാവു് നിർബന്ധിച്ചില്ലായിരുന്നുവെങ്കിൽ ബൻജമിൻ ഒരു കപ്പൽനിയന്ത്രകനായിപ്പോയേനേ. എന്നാൽ ഒരു അച്ചടിശാലക്കാരൻെറ പ്രവൎത്തനത്തിൽ ഏൎപ്പെടുവാൻ അദ്ദേഹത്തിൻെറ പിതാവു് ബൻജമിനെ കഠിനമായി നിർബ്ബന്ധിച്ചു. ബോസ്റ്റൺനഗരത്തിൽ അക്കാലത്തു് അച്ചടിശാലക്കാർ പത്രപ്രവൎത്തകരായും കഴിയേണ്ടതായിവന്നുകൂടി വൎത്തമാനപ്പത്രങ്ങളിലും പ്രസംഗമണ്ഡപങ്ങളിലും നടന്ന വാദപ്രതിവാദങ്ങൾ 'സാബത്തു്' ദിവസങ്ങളിൽ പരിശുദ്ധിയെപ്പററിയും ആഴ്ചയിലെ മററുദിവസങ്ങളിൽ സ്വാതന്ത്ര്യപരിപാലനത്തെപ്പററിയും എന്നിങ്ങനെ പരസ്പരസംഘട്ടനത്താൽ ഒരു പൊട്ടിത്തെറിപ്പിനു ഇടയാകുന്നവിധത്തിലായിരുന്നു ശൈശവംതൊട്ടുതന്നെ ഈ ബാലൻ നന്മചെയ്യുക, മിതവ്യയം പരിശീലിക്കുക എന്ന രണ്ടു സുവിശേഷതത്വങ്ങളും മനസ്സിലാക്കിയിരുന്നു. എന്നാൽ ഈ രണ്ടു സുവിശേഷതത്വങ്ങൾക്കും അദ്ദേഹം രൂപഭേദംവരുത്തി 'പ്യൂരിട്ടൻ'കക്ഷികളുടെ ഔദാര്യത്തിൽ ലയിച്ചിരുന്ന കാപട്യം അദ്ദേഹം മാററി. 'യാങ്കി'കളുടെ പ്രവൎത്തനങ്ങളിലെ അത്യാഗ്രഹശീലം അദ്ദേഹം നിശ്ശേഷം ഭേദപ്പെടുത്തി.

പണ്ഡിതനും എന്നാൽ മതസംബന്ധമായി തീവ്രപ്രതിപത്തിക്കാരനും ആയ റവ: മി: കോട്ടൺമാതർ എന്ന പ്യൂരിട്ടൻതത്വക്കാരിലെ അവസാനക്കണ്ണിയായ മനുഷ്യൻ കപടശീലത്തിൽ 'നന്മ'പ്രവൎത്തനോപന്യാസങ്ങളുടെ 'ക്യാപ്ററ'ൻെറ നേതൃത്വത്തിൽ ഒരു ശക്തിയേറിയ അന്വേഷണപരമ്പര രൂപീകരിച്ചു: അക്കാലത്തു് യുവാവായിരുന്ന ബൻജമിൻഫ്രാൻക്ലിനും ജ്യേഷ്ഠസഹോദരൻ ജെയിംസും അവരുടെ പ്രസിദ്ധീകരണമായ 'കൊറാൻട്ടു്' മുഖേന പ്യൂരിട്ടൻമതപക്ഷപാതികളുടെ നന്മപ്രവൎത്തനസിദ്ധാന്തങ്ങളെ 'കളിയാക്കാൻ' ഒരു ഉദ്യമം നടത്തി. ബെൻജ

20362

മിൻെറ പത്രപംക്തി മിസിസ് നിശ്ശബ്ദനന്മപ്രവൎത്തക (മിസിസ് സൈലൻസ് ഡൂഗുഡ്) എന്നപേരിൽ രചിച്ച ലേഖനങ്ങൾ അത്രത്തോളം ശക്തിയേറിയവ ആയിരുന്നതിനാൽ ലേഖനകൎത്താവു് ബോസ്റ്റൺനഗരിവിട്ടു് ഓടിപ്പോകുവാൻ നിർബന്ധിതനായി. 'ഫിലഡൽഫിയാ'യിൽ 'ക്വാക്കർ' എന്ന മതവിഭാഗക്കാരുമായി കഴിഞ്ഞുകൂടി 'ജൂൺടോ' എന്ന സംഘം ബൻജമിൻ രൂപീകരിച്ചു. ഇതു് "നന്മപ്രവൎത്തന"ത്തിനുള്ള ഒരു 'ജൂൺടോ' (സ്ത്രീസംരക്ഷക) ആണെന്നു ഗണിക്കപ്പെട്ടുപോന്നു. അദ്ദേഹത്തിൻെറ ആത്മകഥാകഥനത്തിൽ ജൂൺടോയെപ്പററിയുള്ള സരളമായ ഒരു വിവരണം അനുസരിച്ചു് 'ജൂൺടോ' ഒരു പ്രയോജനാകരമായ സംഘവും പുരിട്ടന്മാരുടെ പ്രശ്നമാലകൾക്കൊരു പരിഹാസരചനയും ആയിരുന്നുവെന്നു പ്രസ്താവിക്കപ്പെടുന്നു. "അടുത്തകാലത്തെങ്ങാനും ഒരു പൌരൻ അഭിവൃദ്ധിപ്രാപിക്കുന്നതായി നിങ്ങൾ കേട്ടിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ ഏതുമാർഗ്ഗത്തിലൂടെയാണു് അതു്? നിങ്ങൾ ഇപ്പോൾ, ജൂൺടോ, മനുഷ്യവർഗ്ഗത്തിനോ നാട്ടിനോ അവക്കുതന്നെയുമോ പ്രയോജനകരമായിരിക്കുമെന്നു് കരുതുന്നുണ്ടോ?" ഈ ചോദ്യങ്ങൾക്കുശേഷം ഒരു ധൎമ്മപ്രധാനമായ നിശ്ശബ്ദത. ഇതിനിടയ്ക്കു് ആളിനു് വയിൻഗ്ലാസ്സൊന്നുനിറയ്ക്കാനും കുടിക്കാനും ഇട കിട്ടുമല്ലോ.

1724-ൽ അദ്ദേഹം ലണ്ടനിലേയ്ക്കു് പോയപ്പോൾ സ്വതന്ത്രചിന്തനാഭിപ്രായവും നവപ്രബോധവും അചഞ്ചലമായി പരിപാലിച്ചിരുന്നു. അക്കാലത്തു് അദ്ദേഹം 'കാൽവിൻ' എന്ന മതാചാൎയ്യൻെറ സിദ്ധാന്തങ്ങളെ പരിഹസിക്കുകയും മററു മതസിദ്ധാന്തങ്ങളെ പൊതുവേ വിമൎശിക്കുകയുംചെയ്തുപോന്നു. സ്വാതന്ത്ര്യം, ആവശ്യം, സന്തോഷം, വേദന, സ്വഭാവമാഹാത്മ്യം എന്നിവ സംബന്ധിച്ച സംഭാഷണങ്ങൾ തുടങ്ങി അനവധി രചനകൾ നിർവ്വഹിക്കുകയുണ്ടായി. നന്മയെന്നോ, തിന്മയെന്നോ, പ്രത്യേകം അടയാളപ്പെടുത്തുന്നതിൽ യാതൊരൎത്ഥവുമില്ല എന്നു അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. എന്നാൽ തത്വശാസ്ത്രജ്ഞന്മാരെ കളിയാക്കുന്ന ഇത്തരം യുവസാധാരണങ്ങളായ ഉദ്യമങ്ങൾ അധികനാൾ കഴിയുംമുമ്പു് ഉപേക്ഷിച്ചു. 'ഫിലഡൽഫിയാ'യിൽ അച്ചടിശാലാപ്രവൎത്തനത്തിൽ ഏൎപ്പെട്ടതോടെ നന്മതിന്മകൾക്കു് തത്വശാസ്ത്രപരമായ സാധൂകരണമൊന്നും ആവശ്യമില്ല എന്നും പ്രായോഗികകാൎയ്യങ്ങളിൽ മനുഷ്യജീവിതത്തിൽ അവ അതിപ്രധാനങ്ങളാണെന്നും അദ്ദേഹം വകതിരിച്ചു മനസ്സിലാക്കി ഈ കണ്ടുപിടിത്തത്തെ അദ്ദേഹം സ്വന്തംജീവിതകഥയിൽ സ്വാഭാവികമായ ലളിതരീതിയിൽ വിശദമാക്കിയിരിക്കുന്നു. "സത്യം, ആത്മാ

ത്ഥത, സത്യസന്ധതഎന്നിവ മനുഷ്യരുടെ പരസ്പരമുള്ള ഇടപാടുകളിൽ അതിപ്രാധാന്യം ഉള്ളവയാണെന്നുമാത്രമല്ല ഇവ മാത്രമാകുന്ന യഥാത്ഥസുഖത്തിനു നിദാനവും." എന്നദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ 'പ്യൂരിട്ട'ന്മാരുടെ സകല സദാചാരബോധവും മതസിദ്ധാന്തങ്ങളെയല്ല പ്രായോഗികജീവിതത്തിലെ പ്രയോജനപരങ്ങളായ അടിസ്ഥാനങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നത് എന്ന് അദ്ദേഹം സമത്ഥിച്ചു. അതു ഇങ്ങനെ സംഗ്രഹിക്കാം:—

"വിശുദ്ധവേദഗ്രന്ഥത്തിലെ 'വെളിപാടുകൾ' എനിക്കു് അത്രവളരെ ഗൗരവാവഹങ്ങളായി തോന്നിയില്ല. എൻെറ പ്രത്യേകമായ അഭിപ്രായം, ചില പ്രവൃത്തികൾ നിഷേധിക്കപ്പെടുന്നതുകൊണ്ടുമാത്രം "ചീത്ത"എന്നു പറയാനില്ല എന്നും ഉപദേശിക്കപ്പെടുന്നതുകൊണ്ടുമാത്രം "നന്നു്" എന്നും പറവാനില്ലെന്നും ആകുന്നു. നിഷേധിക്കപ്പെടുന്നവ യഥാത്ഥത്തിൽ നമുക്കു പ്രായോഗികമായി പാടില്ല എന്നുള്ളതുകൊണ്ടാണ് അപ്രകാരം ഗണിക്കപ്പെടുന്നതു എന്നും, "നന്നു്" എന്നു പറയുന്നതു് പ്രായോഗികജീവിതത്തിൽ പ്രയോജനകരമായി കാണുന്നതുകൊണ്ടാണ് അപ്രകാരം സ്വീകരിക്കപ്പെടുന്നതു് എന്നും അത്രേ ഓരോ കാര്യത്തിൻേറയും സകലവശങ്ങളും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ വെളിപ്പെടുന്നതു്."

ഈ 'സുവിശേഷം' അദ്ദേഹം പ്രസംഗിച്ചതു് ലാഘവം, ഉത്തമാശയം, വിനോദരസം എന്നിവയോടുകൂടിയായിരുന്നു. ഇവയിൽ അതിപ്രാധാന്യം അർഹിക്കുന്നതു് "പാവപ്പെട്ട റിച്ചാഡിൻെറ വചനങ്ങൾ" എന്നിങ്ങനെ അദ്ദേഹത്തിൻെറ പഞ്ചാംഗത്തിൽ പ്രസിദ്ധീകരിച്ച മൊഴികൾ ആകുന്നു. ഈ പ്രസിദ്ധീകരണം ഗ്രാമീണജനസമുദായത്തിൽ ധാരാളം പ്രചാരമുള്ളതായിരുന്നു. ഈ മൊഴികളിൽ അത്യന്തം പ്രസിദ്ധിസിദ്ധിച്ചതു് സാമ്പത്തികമാഗ്ഗത്തെക്കുറിച്ചുള്ളവയല്ലാകുന്നു.

ഫ്രാൻക്ലിൻെറ 'സദാചാരപ്രഖ്യാപനം' തീരെ ലഘുതാവും കേവലം ലഘുമനസ്കതയുംനിമിത്തം തത്വശാസ്ത്രജ്ഞന്മാക്കു് വൈരസ്യം ജനിപ്പിച്ചിട്ടുണ്ടു്. എന്നാൽ 'പെൻസിൽവേനിയാ'യിലെ കൃഷിക്കാക്കു് മനസ്സിലാകാവുന്ന സിദ്ധാന്തം അത്യഗാധമായിരിക്കുവാൻ ഇടയില്ലല്ലോ. കുറേക്കൂടെ അടുത്തകാലത്തുള്ള പണ്ഡിതവരേണ്യന്മാർ സവ്വകലാശാലാബിരുദധാരികൾക്കോ എഡിൻബർഗ്ഗിലെ വിദ്യാസമ്പാദനം സാധിച്ചവക്കോ കൂടുതൽ രസകരമായ

വിധത്തിൽ ഫ്രാൻക്ലിൻെറ അഭിപ്രായഗതികളെ സമുചിതഭാഷയിൽ അലംകൃതരീതിയിൽ പ്രകാശിപ്പിക്കുമായിരുന്നു. അതു് കുറേക്കൂടെ സുസ്ഥിരമായ വിധത്തിൽ വികസിതമാവുകയും വ്യാപകമായവിധം ഗ്രഹിക്കപ്പെടുകയുംചെയ്യും. എന്നിരുന്നാലും സ്വഭാവശുദ്ധിസംബന്ധിച്ച കുഴപ്പങ്ങൾ ഒരേവിധത്തിൽത്തന്നെ ആയിരിക്കും. തീച്ചയായും, ഏതൊരുപദ്ധതിയും 'പ്രയോജനമുണ്ടെങ്കിൽ സദാചാരം' എന്നതിൻെറ ഏതൊരു പ്രകാശനവും ഫ്രാൻക്ലിൻെറ പ്രസ്തുത പ്രകാശനരീതിയെക്കാൾ ഫലപ്രദമായിരിക്കാൻ ഇടയില്ല. എന്തെന്നാൽ അദ്ദേഹം ഇക്കാലത്തേയ്ക്കുപോലും വിജയത്തിൽ തല്പരരായവരുടെ രക്ഷാധികാരിയായ യോഗിവര്യനാകുന്നു.

എന്നാൽ പ്രയോജനത്തിനൊത്ത സദാചാരമാണു് ഇടപാടുകളിൽ ആവശ്യം എന്ന ഫ്രാൻക്ലിൻതത്വത്തേക്കാൾ ഒരു മനുഷ്യസ്നേഹി എന്ന നിലയിലുള്ള പ്രായോഗികബുദ്ധിവൈഭവമത്രേ അദ്ദേഹത്തെ സംബന്ധിച്ച കൂടുതൽ പ്രാധാന്യം അർഹിക്കുന്നതു്. അദ്ദേഹത്തിൻെറ മാനുഷ്യകശക്തികളിൽ ഏററിയകൂറും നവീനശാസ്ത്രത്തിലെ പരിക്ഷണങ്ങൾ എന്ന നിലയിൽ പൊതുജനോപകാരപ്രദങ്ങളായ ഓരോ അഭിവൃദ്ധിമാർഗ്ഗങ്ങളുടെ പ്രായോഗികകണ്ടുപിടിത്തത്തിനുവിനിയോഗിക്കപ്പെട്ടിരുന്നു. ജീവിതമൊട്ടുക്കു് ആ മഹാൻ പൊതുജനോപകാരപ്രദങ്ങളായ പദ്ധതികൾ നിർദ്ദേശിച്ചും നിർവ്വഹിച്ചും കഴിഞ്ഞുകൂടി. അമേരിക്കൻ അധിനിവേശകേന്ദ്രങ്ങളെ ഏകീകരിക്കാൻ ഒരുപദ്ധതി, അടിമക്കച്ചവടവും കടൽക്കൊള്ളയും അവസാനിപ്പിക്കാൻ മറെറാരുപദ്ധതി, ന്യൂസീലൻറുനിവാസികൾക്കു് ആധുനികപരിഷ്കാരഫലങ്ങൾ ആസ്വദിക്കാൻ ഇനിയൊരു പദ്ധതി, സൽഗ്ഗുണങ്ങളുടെ സാഫല്യത്തിനുള്ള ഐക്യസംഘത്തിലേയ്ക്കു് വേറൊരുപദ്ധതി, സമാധാനപരമായ ജീവിതത്തിൽ ഏർപ്പെട്ട ഒരു വൻസേനാരൂപീകരണം അന്താരാഷ്ട്രീയാടിസ്ഥാനത്തിൽ, കടങ്ങളെ മനുഷ്യസ്നേഹത്തിലേയ്ക്കു് രൂപീകരിക്കാനുള്ളപദ്ധതി, നവീനശാസ്ത്രത്തിൻെറ അഭിവൃദ്ധിക്കു് ഒരു സംഘരൂപീകരണം, ആൾക്കൂട്ടത്തെ ക്രിസ്തുമതത്തിലേയ്ക്കു് പരിവത്തനം ചെയ്യാനുള്ളപദ്ധതി (ഇതിലേയ്ക്കു് ആദ്യമായി ചില തോട്ടങ്ങളുടെ സമുചിതമായ പരിഷ്കരണം. എന്തെന്നാൽ മതപ്രചാരകനായ ജോർജിനോടു് ഒരിക്കൽ അദ്ദേഹം പറഞ്ഞതു്, "മനുഷ്യർക്കു് നരകത്തിൽ എത്തുന്നതിനെക്കാൾ ഭയമാണു് മററുള്ളവരുടെ രീതികളില്ലാതെ കഴിയുന്നതു്" എന്നു്) അദ്ദേഹത്തിനു് ഇങ്ങനെ പൊതുജനക്ഷേമം പ്രമാണിച്ചുള്ള അനവധി പരീക്ഷണങ്ങളായിരുന്നു, മിന്നൽക്കമ്പികളിൽ നവീനശാസ്ത്രതത്വങ്ങളുടെ സംഘടനയും ഭിവിധ

ത്വമുള്ള കണ്ണടകളും, പുകയില്ലാത്ത അഗ്നികുണ്ഡങ്ങളും സംഗീതോപകരണങ്ങളായ സ്ഫടികച്ചില്ലുകളും എന്നിവയെക്കാൾ പ്രാധാന്യം അർഹിച്ചിരുന്നതു്. 1784-ാംവർഷത്തിൽ അദ്ദേഹം നവീനശാസ്ത്രകാര്യങ്ങളിൽ കൂട്ടുകാരനായിരുന്ന കാഡ്വല്ലഡർ കോൾഡൻ എന്ന ന്യൂയോർക്കുകാരനു് ഇങ്ങനെ എഴുതിയിട്ടുണ്ടു്:—

"ഞാൻ ഈയിടെ മററു യാതൊരു പ്രവൃത്തനങ്ങളിലും തല കൊടുക്കാതെ എനിക്കു് വളരെ ഇഷ്ടപ്പെട്ടതും വളരെ സുഖകരമെന്നോ സന്തോഷപ്രദമെന്നോ ഞാൻ കരുതുന്നതും ആയി, വായിക്കാനുള്ള വിശ്രമസമയം, പഠനം, പരീക്ഷണസംവിധാനം, തങ്ങളുടെ മൈത്രികൊണ്ടു് എന്നെ ബഹുമാനിക്കുന്നവരും ബുദ്ധിശാലികളും മാന്യന്മാരും ആയ സുഹൃത്തുക്കളുമായി മനുഷ്യരാശിയുടെ പൊതുക്ഷേമം കരുതി എന്തെങ്കിലും പ്രവൃത്തനങ്ങളെപ്പററിയുള്ള സംഭാഷണം എന്നിവയിലേപ്പെട്ടു് മററു കാര്യനിർവ്വഹണം സംബന്ധിച്ചുള്ള ക്ലേശങ്ങളും ക്ഷീണങ്ങളും കൂടാതെ കഴിയുകയാണു്"

പ്രായോഗികമായ മനുഷ്യരാശിസ്നേഹം അഥവാ ബുദ്ധിപൂർവ്വകമായ പൊതുജനസേവനപ്രസക്തി എന്ന ആ മഹൽഗുണം ഫ്രാൻക്ലിൻെറ സ്വഭാവത്തിലും ജീവിതരീതിയിലും അത്ര പ്രകടമായിരിക്കുന്നതിനാൽ അദ്ദേഹത്തിൻെറ സാഹിത്യരചനകളുടെ ഈ പ്രസാധകന്മാർ ആ മഹാൻെറ മററു ചില ലേഖനസംരംഭങ്ങളെപ്പററി വായനക്കാരുടെ ശ്രദ്ധയെ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. ആ ലേഖനങ്ങൾ അഥവാ ഉപന്യാസങ്ങൾ താരതമ്യേന അപ്രസിദ്ധങ്ങളാകുന്നു. അവ സാഹിത്യപരമായ രചനാകാര്യത്തിൽ ഉത്തമോത്തമങ്ങളെന്നു പറയാനില്ല. എന്നാൽ അവയിൽനിന്നു പൊതുജനക്ഷേമത്തിനുള്ള ഒരു പദ്ധതിസംയോജകൻെറ സംവിധാനവൈഭവം വളരെ വ്യക്തമായി അറിയാം. അദ്ദേഹത്തിൻെറ ആദർശങ്ങൾ ആ കാലഘട്ടത്തിനു് കേവലം നവീനങ്ങളായിരുന്നില്ല എന്നാൽ ആദർശങ്ങൾ പ്രായോഗികമായ മൂർത്തിമൽഭാവത്തിൽ ഏറെത്തേണ്ടവയായിരുന്നു. അവയ്ക്കു് പ്രത്യക്ഷവും അനുഭവഗോചരവുമായ ഉടൽകൊടുത്തു് സാഫല്യംവരുത്തുവാൻ അദ്ദേഹം സകല ശ്രദ്ധയും കേന്ദ്രീകരിച്ചു. യുദ്ധത്തെയോ, കടൽക്കൊള്ളയെയോ അടിമക്കച്ചവടത്തെയോ, ശിക്ഷാനിയമപരിഷ്കാരത്തെയോ, പത്രസ്വാതന്ത്ര്യത്തെയോപററിയുള്ള അദ്ദേഹത്തിൻെറ പര്യവേക്ഷണങ്ങൾ ഒന്നു ശ്രദ്ധിക്കുക. ന്യൂനതകളും തകരാറുകളും സ്ഥിതിചെയ്യുന്ന അടിസ്ഥാനങ്ങളെപ്പററി സിദ്ധാന്തപരങ്ങളായ കൂടുതൽ വിവരണങ്ങൾക്കൊന്നുംപോകാതെ, മേൽപ്പറയപ്പെട്ട ഓരോ അംശ

ത്തിലും പ്രായോഗികമായി ഒട്ടേറെ പ്രവർത്തിക്കാനും ആ നിലയിൽ വിജയിക്കുവാനുമുള്ള നിരവധി നിർദ്ദേശങ്ങൾ അദ്ദേഹം ദൃഢബോധത്തോടെ നൽകുന്നുണ്ടു്. കടങ്ങളെ മനുഷ്യരാശിക്കുള്ള അന്യോപകാരമാർഗ്ഗങ്ങളായി പരിവർത്തനം ചെയ്യാനുള്ള ആ നിർദ്ദേശത്തിലടങ്ങിയിരിക്കുന്ന സ്വാഭാവികമായ അദ്ദേഹത്തിന്റെ മനോഭാവ സാരള്യവും പ്രായോഗികകുശലതയും നോക്കുകതന്നെ.

അദ്ദേഹത്തിന്റെ ആത്മകഥാകഥനത്തിൽ രൂപീകൃതമായിക്കാണുന്ന സൽഗുണസമ്പാദനം എന്ന കല പ്രയോജനകരമായി ആരും ജീവിക്കണം എന്ന ദൃഢാഭിപ്രായത്തിന്റെ ബഹിഃപ്രകാശനം ആകുന്നു. അദ്ദേഹം ഒരു സന്യാസിയായിരുന്നില്ല. പ്രായോഗികമായ സമ്പാദനത്തിനും സൂക്ഷിപ്പിനും അദ്ദേഹം പ്രാധാന്യം കല്പിക്കുന്ന നിരവധിഗുണങ്ങളുടെ കൂട്ടത്തിൽ 'വിനയാനതത്വം' എന്ന ക്രൈസ്തവഗുണത്തിനു് സ്ഥാനംകൊടുത്തുകാണുന്നില്ല. ഫ്രാൻക്ലിന്റെ ജീവിതത്തിൽ അല്പകാലത്തേയ്ക്കു് മതപരിഷ്കാരത്തെപ്പററി അദ്ദേഹത്തിനു ഒരഭിനിവേശം ഉണ്ടായിരുന്നു. സ്വന്തം സദാചാരബോധഫലമായ ആശയങ്ങൾക്കു് പ്രാധാന്യം കല്പിച്ചുള്ള ഒരു മതാനുശാസനരീതിയുടെ സ്ഥാപനത്തിന്നു് അദ്ദേഹം ചില ശ്രമങ്ങൾ നടത്തുകയും ചെയ്തു. ഏകദേശരൂപത്തിൽ പറയാവുന്നതു് 'ഫ്രീമേസണറി', 'ജൂൻടോ' എന്നീ രണ്ടു സ്ഥാപനങ്ങളും അദ്ദേഹം പള്ളികൾക്കുപകരം കരുതിപ്പോന്നവയാകുന്നു എന്നത്രേ. എന്നാൽ എല്ലാത്തിനും ഉപരിയായി പറയേണ്ടതു് വൈദികകാര്യങ്ങളെപ്പററിയുള്ള വാദപ്രതിവാദത്തിനു തീക്ഷ്ണതകൂട്ടുന്നതു ഒഴിക്കുവാൻ ആയിരിക്കണം, അദ്ദേഹം മതകാര്യങ്ങളെപ്പററി വളരെയൊന്നും എഴുതാതിരുന്നതു് എന്നാകുന്നു. യാതൊരുവന്റേയും മതബോധച്ചട്ടങ്ങളോ മതവിശ്വാസരീതികളോ ഉലയ്ക്കാതിരിക്കുക അദ്ദേഹം ഒരു നയമായി കരുതിവന്നു. നിരവധി മതതത്വസംഘങ്ങൾക്കു് അദ്ദേഹം ഉചിതങ്ങളായ ധനസഹായങ്ങൾ ചെയ്തുപോന്നിട്ടുണ്ടു്. ഇങ്ങനെ അദ്ദേഹം എല്ലാ മതവിഭാഗക്കാരേയും ...ണക്കി സമാധാനപരരാക്കിയെങ്കിലും ഒരു വിഭാഗത്തോടും ...ത്യേകഭക്ത്യാദരങ്ങൾ കാട്ടുകയുണ്ടായില്ല. മതാഭിപ്രായവൈ...ധ്യം ആസ്പദമാക്കിയുള്ള പരിപീഡനം സംബന്ധിച്ച ഉപമിത...ം, മതസഹിഷ്ണുതയെപ്പററിയുള്ള കത്തു് എന്നിവ അദ്ദേഹ...ത്തിന്റെ രചനാസമുച്ചയശേഖരണത്തിൽ ഉൾപ്പെടുന്നുണ്ടു്. ഇവ ...ാഥമികമായ സ്വഭാവനന്മയേയും സ്വാതന്ത്ര്യദാനത്തിലുള്ള ...ദാര്യത്തേയും കാട്ടുന്നു. എന്നാൽ അദ്ദേഹത്തിന്റെ ജീവി...കാലത്തു് ഇവ കർക്കശങ്ങളായ അനുഭവങ്ങളിൽനിന്നു വേണ്ട

'ചുററിക'യടി നടത്തിയെടുത്ത പോരാട്ടവചനസംഹിതകൾ ആയിരുന്നു.

ബെഞ്ചമിൻഫ്രാൻക്ലിൻ ഒരു ദേവാലയത്തോടും ബന്ധിച്ച ആളായിരുന്നില്ല എങ്കിലും, കേവലം സിദ്ധാന്തപരങ്ങളായ വമ്പു പറച്ചിലുകളിൽനിന്നു ഒഴിച്ചുള്ള പ്യൂരിട്ടൻസദാചാരബോധത്തെ അദ്ദേഹം സംശുദ്ധമാക്കിസ്ഥാപിച്ചിരുന്നു. ജീവിതമത്സരംകൊണ്ടു കൂട്ടക്കുഴപ്പംപിടിച്ച ഒരു രാജ്യത്തു് ഈ സദാചാരബോധം പൊതുജനആവശ്യങ്ങളെ സാരമായി സഹായിക്കുവാൻ അദ്ദേഹം വേണ്ടപോലെ യത്നിക്കുകയും ചെയ്തു. ഒരാളിനെയോ പൊതുജനങ്ങളെയോ സംബന്ധിച്ച സന്മാർഗ്ഗപ്രതീതി പുലർത്തുകയെന്ന ആവശ്യം ഏതു നാട്ടിലാകട്ടെ ഏതുകാലത്താകട്ടെ, സംജാതമാകുമ്പോൾ ബൻജമിൻഫ്രാൻക്ലിൻെറ ജീവിതവും കലയും നവീനശാസ്ത്രതത്വങ്ങളും അതിലേയ്ക്കു് മതിയായ പരിഹാരം നിർദ്ദേശിച്ചുകൊള്ളും. അദ്ദേഹത്തിൻെറ 'ആത്മകഥാകഥനം' വായിക്കുവാൻ ഇടവരുന്ന ആർക്കും സുദീർഘമായ ഒരു ജീവിതം ഉചിതമായ അർത്ഥത്തോടെ നയിക്കുവാനുള്ള ഉപരിചിന്തനങ്ങൾസംബന്ധിച്ചു് അദ്ദേഹത്തിൻെറ അഭിപ്രായങ്ങളോടു് തീർച്ചയായും ഒരു യോജിപ്പു് ഉണ്ടാകുകതന്നെചെയ്യും.

# 'ബൻജമിൻ ഫ്റാൻക്ലിൻ'

(ആത്മകഥാകഥനം)

എന്റെ രചന—മിസിസ് ഡൂഗ്ഗുഡിന്റെ കത്തുകൾ—എന്റെ സഹോദരനും എനിക്കും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ—(ഞങ്ങൾ ഇരുവരുടേയും വികാരപരമായ മനോഭാവം) അവയ്ക്കു് പൊതുവേയുള്ള കാരണം—അദ്ദേഹത്തിന്റെ വാൎത്താപത്രിക—അദ്ദേഹം അനുഭവിച്ച ബന്ധനം—എന്റെ പരീക്ഷ—അസംബ്ളിവക സമ്മതിദാനാവകാശലബ്ധി—അദ്ദേഹം അതിനെ ഒഴികഴിവിൽ കഴിച്ചവിധം—അക്കാൎയ്യംകൊണ്ടു് എനിക്കുലഭിച്ച സ്വാതന്ത്ര്യം—മററു അച്ചടിശാലക്കാരുമായി ഉദ്യോഗം ലഭിക്കുവാൻ ഞാൻ നടത്തിയശ്രമം—ആ ജ്യേഷ്ഠൻ ഉണ്ടാക്കിയ പ്രതിബന്ധം—അച്ഛന്റെ അടുത്തു് ഇരുവരും നടത്തിയ നിരന്തരമായ സ്വഭാഗസാധൂകരണവാദങ്ങൾ—ഒടുവിലത്തേതായ ഞങ്ങളുടെവേർപാടു്—ബോസ്റ്റൺ വിടുന്നതിലേയ്ക്കുള്ള എന്റെ പ്രേരണകൾ—ഒരു ദൃഢനിശ്ചയത്തിൽ എത്തിയവിധം—ഞാൻ അദ്ദേഹത്തെവിട്ടു് ന്യൂയോൎക്കിലേയ്ക്കു് തിരിച്ചതു്—മാംസഭോജനത്തിനു തിരിച്ചെത്തിയതു്—അവിടെനിന്നും പെൻസിൻവാനിയാ യാത്രയും അതുസംബന്ധിച്ച ഉൾക്കടലിലെ സംഭവങ്ങളും—ആംബേയിൽവച്ചു്—റോഡു്—ഡോക്ടർ ബ്രൗണിനെ കാണുന്നതു്—അദ്ദേഹത്തിന്റെ സ്വഭാവം—അദ്ദേഹത്തിന്റെ മഹത്തായ പ്രവൎത്തനം—ബർളിങ്ങ്ററനിൽ—ആ ഗുണവതിയായ സ്ത്രീ—ആററിൽ—ഫിലഡൽഫിയായിൽ ഞാൻ എത്തുന്നതു്. ആദ്യത്തെ ഭക്ഷണവും നിദ്രയും—പട്ടണം വിട്ടതു് — ഉദ്യോഗം — വസതി—അനന്തരകാലത്തു് എന്റെ പത്നിയായ മാന്ന്യയെ ആദ്യം പരിചയപ്പെടുന്നതു്—ജേറാൽഫിനോടുകൂടി—കീമറോടുകൂടി—അവരുടെ സ്വഭാവങ്ങൾ—ഒസ്ബോൺ—വാട്സൺ—ഗവർണർ എന്നെ പ്രത്യേകം മനസ്സിലാക്കുന്നതു്—സന്ദർഭവും വിധവും—അദ്ദേഹത്തിന്റെ സ്വഭാവം—എന്നെ മേലോട്ടു കൊണ്ടുവരാനുള്ള ആത്മാൎത്ഥമായശ്രമം—ബോസ്റ്റണിലേയ്ക്കുള്ള എന്റെ തിരിച്ചുവരവു്—യാത്രയും അപകടങ്ങളും—സ്വീകരണം—നിൎദ്ദേശത്തെ അച്ഛൻ ഇഷ്ടമല്ലാതെ

കരുതുന്നതു്—ഞാൻ ന്യൂയോക്കിലേയ്ക്കും ഫിലഡൽഫിയായിലേയ്ക്കും മടങ്ങുന്നതു്—ഗവണ്ണർ ബർണററ്—ജേകോളിൻസ്സ്—വെർണനുള്ള പണം—ഗവണ്ണരുടെ ചതി—കോളിൻസിനു ഉദ്യോഗമില്ലാതെ എൻെറ കടം അവശേഷിപ്പിച്ചു് ബാർബഡോസ്സിനു് പോകുന്നതു്—റാൽഫും ഞാനും ഇംഗ്ലണ്ടിലേക്കു്—ഗവണ്ണരുടെ കത്തുകളെപ്പററിയുള്ള നിരാശ—അദ്ദേഹത്തിൻെറ സുഹൃത്തായ കേൾണൽഫ്രഞ്ച്—കോറൺവാല്ലിസ്സിൻെറ കത്തുകൾ—ക്യാബിൻ, ഡെൽഹാം, ഹാമിൽട്ടൺ, ഇംഗ്ലണ്ടിൽ വന്നുചേരുന്നതു്—ഉദ്യോഗലാഭം—റാൽഫിനുദ്യോഗമില്ല—അയാൾ എനിക്കൊരു ഭാരം—ഇംഗ്ലണ്ടിലെ ചെറുസാഹസപരാക്രമങ്ങൾ—ഒരു ലഘുലേഖരചിച്ചു് നൂറുകോപ്പി അച്ചടിച്ചതു്—പദാതികൾ—ലിയൺസ്സ്—ഡോക്ടർ പെംബർട്ടൺ—എൻെറ കഠിനയത്നം—എന്നിട്ടും റാൽഫ് നിമിത്തം നിർധനൻ—എൻെറ വാടകവീട്ടുടമസ്ഥ—ആ സ്ത്രീയുടെ സ്വഭാവം—വിശേയ്ററ്—വില്ക്കസ്സ്—സിബ്ബർ—കളി—കടംവാങ്ങിയ പുസ്തകങ്ങൾ—കേട്ട മതപ്രാസംഗികന്മാർ—ഡിഡേയ്മൻ—വാട്സിൻെറ മധുവജ്ജനത്തിൽ—ഭൃതിയിളക്കം—മനുഷ്യരുമായുള്ള പെരുമാററവും സ്വാധീനശക്തിയും—ഡെൽഹാമിൻെറ പ്രേരണയനുസരിച്ചു് അയാളോടൊന്നിച്ചു ഫിലഡൽഫിയായിലേയ്ക്കു മടങ്ങി അയാളുടെ ഗുമസ്തനായതു്—ഞങ്ങളുടെ യാത്രയും സ്ഥലത്തെത്തിച്ചേർന്നതും—എൻെറ ദൃഢനിശ്ചയം—ലേഖനരചനയിൽ—എൻെറ സുഖക്കേടു്—അയാളുടെ മരണം—ഡീ. ആറിനെ കണ്ടെത്തൽ—വിവാഹം—കീമറിനോടുകൂടി വീണ്ടും ജോലിക്കുസ്ഥതം—കരാറുകൾ—അയാളെന്നെ ദുരുപയോഗപ്പെടുത്തിയതു്—എൻെറ ന്യായമായ കോപം—ഡിക്കോവിനെപ്പററിയുള്ള പ്രസ്താവം—ബർളിങ്ടണിലുള്ള എൻെറ സ്നേഹിതന്മാർ—പങ്കാളിത്വത്തിൽ ഏർപ്പെടുന്നതിനു് എച്ച്മെറിഡിത്തുമായുള്ള ഉടമ്പടി—അങ്ങനെ ചെയ്യുക—അസംബ്ളിയുമായുള്ള വിജയം—ഹാമിൽട്ടൻെറ സൗഹാർദ്ദം—സിവെല്ലിൻെറ ചരിത്രം—ഗസററ്—കടലാസ്സ് പണം—വെബ്ബ്—നിരന്തരമായ രചന—ബ്രിയിൻെറനാൽ—ഗോഡ്ഫ്രേ—അദ്ദേഹത്തിൻെറ സ്വഭാവം—ഞങ്ങൾക്കെതിരായുള്ള കേസ്സ്—കോൾമൻ, ഗ്രേസ് എന്നീ സ്നേഹിതന്മാരുടെ സേവനപ്രതിജ്ഞ—ബിസിനസ്സിൻെറ തുടച്ച്—എം. കോറോലിനായിലേയ്ക്കു് പോകുന്നു—കടലാസ്സ്—ധനത്തെക്കുറിച്ചുള്ള ലേഖ—കീമറിൽനിന്നുള്ള ഗസററു്—ജൂൺറോളേണം—അതിൻെറ ആസൂത്രണം—വിവാഹംകഴിക്കൽ—പുസ്തകശാല—പ്ലാൻ നടത്തുന്നമാതിരി—അതിൻെറ പ്ലാനും പ്രയോജനവും—കഞ്ഞുങ്ങൾ—പഞ്ചാംഗം—ഞാൻ അതു് പ്രയോജനപ്പെടുത്തിയതു്—

വലിയ വ്യവസായം—നിരന്തരമായ പഠനം—നിസ്തന്ദ്രതയെപ്പററി
അച്ഛന്റെ റിമാക്ക്ം ഉപദേശവും—കറോലിനാപങ്കാളിത്തം—
ഫ്രഞ്ച്—ജമ്മൻഭാഷകളുടെ പഠിത്തം—പത്തുവഷ്ത്തിനുശേഷം
ബോസ്റ്റണിലേയ്ക്കുള്ള യാത്ര—സഹോദരന്റെ സ്നേഹം—അദ്ദേഹ
ത്തിന്റെ മരണം—അദ്ദേഹത്തിന്റെ പുത്രനായി എന്നെ അവ
ശേഷിപ്പിക്കുന്നതു്—യഥാത്ഥയോഗ്യതയുടെ കല—സന്ദഭ്ം—നഗ
രത്തിന്റെ സൂക്ഷിപ്പു ഭേദഗതിചെയ്യുന്നതു്—പോസ്റ്റാഫീസ്സ്—
സ്പോട്സ് — വുഡ് — ബ്രാഡ്ഫോർഡിന്റെ പെരുമാററം—
അസംബ്ളിക്ലാക്ക്—എന്റെ ഒരു പുത്രന്റെ മരണം—കീഴ്‌വരു
തിക്കാരനായ ജൂണ്ടോസ്സിന്റെ പദ്ധതി—കൂടെക്കൂടെ വത്തമാനപ്പ
ത്രങ്ങളിലേക്കുള്ള എഴുത്തു്—ബിസിനസ്സിൽ വിജയം—അഗ്നിക്ക
മ്പനികൾ — എൻജിനുകൾ — വീണ്ടും ബോസ്റ്റണിലേയ്ക്കു്
1743-ൽ—ഡോക്ടർ സ്പെൻസിനെ കണ്ടതു്—വയിററ്ഫീൽഡ്
—അദ്ദേഹവുമായുള്ള എന്റെ ബന്ധം—അദ്ദേഹത്തിനു് എന്നോ
ടുള്ള ഔദാര്യം—എന്റെ പ്രത്യൗദാര്യം—പള്ളിവക അഭിപ്രായ
വ്യത്യാസങ്ങൾ—എനിക്കു അവയിലുള്ളപങ്ക്—ഒരു കാളേജിനുള്ള
നിർദ്ദേശം—അപ്പോൾ കാര്യനടത്തിപ്പിനല്ല—ഒരു തത്വശാസ്ത്ര
ജനസംഘത്തിന്റെ നിർദ്ദേശവും സ്ഥാപനവും—യുദ്ധം—വൈദ്യു
തശക്തി—എനിക്കു് അതേപ്പററിയുള്ള ആദ്യത്തെ അറിവു്—
ഡീഹാം മുതലായവരുമായുള്ള ഓഹരിവ്യവസ്ഥ—സ്വസ്ഥിതി
സ്ഥാപനത്തിന്മേൽ അസംബ്ളിയിലുള്ള വഴക്കു്—അതിലേ
യ്ക്കുള്ള പദ്ധതി—വെറുംപരമാത്ഥം—അതിന്റെ വിജയം—പതി
നായിരം ആളുകളെച്ചേത്തുള്ള അഭ്യസനം—ഭാഗ്യച്ചീട്ടികൾ—പീ
രങ്കിശാലാനിമ്മിതി—പുതിയ മന്ദിരം—കൗൺസിലിൽ എന്റെ
സ്വാധീനശക്തി—വണ്ണങ്ങൾ— മാർഗ്ഗങ്ങൾ—മുദ്രാവാക്യങ്ങൾ—
മാന്യസ്ത്രീകളുടെ സൈനികക്കാവൽ—പൊതുകൗൺസിലിൽനിന്നു
മുറിക്കുന്തക്കാരെ തിരഞ്ഞെടുക്കുന്നതു്—സമാധാനനടത്തിപ്പിനുള്ള
ഏപ്പാടു്—ലോഗനു് എന്നോടുള്ള പ്രതിപത്തി—അദ്ദേഹ
ത്തിന്റെ പുസ്തകശാല—പോസ്ററുമാസ്റ്റർ ജനറലായുള്ള നിയ
മനം—തിരഞ്ഞെടുത്ത അസംബ്ളിക്കാരൻ—കാർളിയലിലും ഈ
സ്റ്റണിലും ഇൻഡ്യന്മാരുമായി ഇടപെടുന്നതിനുള്ള കമ്മിഷണർ—
പദ്ധതിയും സുസ്ഥാപിതമായ വിദ്വൽസംഘവും—അതിന്മേലുള്ള
ലഘുലേഖ—ബോസ്റ്റണിലേയ്ക്കുള്ള യാത്ര—ആൽബനിയിൽ—
കോളണികളുടെ ഐക്യം സംബന്ധിച്ച പദ്ധതി—അതിന്റെ
പകപ്പു്—അതിന്മേലുള്ള വിശേഷക്കുറിപ്പുകൾ—അതു് പരാജയ
പ്പെടുന്നതു്—എങ്ങനെ—1754-ൽ ബോസ്റ്റണിലേയ്ക്കുള്ളയാത്ര—
ഞങ്ങളുടെ അസംബ്ളിയിൽ അതേപ്പററിയുള്ള തക്കം—അക്കാര്യ

ങ്ങളിൽ എനിക്കുള്ള പങ്ക്—പുതിയ ഗവർണ്ണർ—അദ്ദേഹവുമായുള്ള തർക്കങ്ങൾ—അദ്ദേഹത്തിന്റെ സ്വഭാവവും എന്നോടുള്ള വാക്കുകളും—തെരഞ്ഞെടുക്കപ്പെട്ട 'അൽഡർമാൻ' എന്നു്, മേയക്കുതാഴ്ന്നപടിയുള്ള ഉദ്യോഗക്കാരൻ—ആശുപത്രിപദ്ധതി—എനിക്കു് അതിന്മേലുള്ള പങ്ക്—അതിന്റെ വിജയം—ഗ്രന്ഥികൾ—ഖജനാവക കമ്മിഷണർനിയമനം—അതിത്തിരാജ്യങ്ങളെപ്പരിരക്ഷിക്കാനുള്ള എന്റെ പ്രത്യേകചുമതല—മനുഷ്യരെ കൂട്ടുതൽ ചേർക്കുന്നതും കോട്ടകൾ കെട്ടുന്നതും—സൈനികനിയമം ഞാൻ രൂപീകരിക്കുന്നതു്—കേൾണൽ സ്ഥാനലബ്ധി—എന്റെ ഉദ്യോഗസ്ഥന്മാരുടെ കായികപരിശീലനം—ഉടമസ്ഥന്റെ നേർക്കു കാട്ടിയ അപരാധം—ബോസ്റ്റൺസ്ഥാനപതിമാർക്കു് നൽകിയ സഹായം—ഷേർലി മുതലായവരുമൊത്തുള്ളയാത്ര—ബ്രാഡക്കുമായുള്ള സമാഗമം—അദ്ദേഹത്തിനു ചെയ്യുന്ന സഹായം—അദ്ദേഹത്തിന്റെ സൈന്യത്തിലെ ഉദ്യോഗസ്ഥന്മാർക്കു് സഹായം—കന്നുകാലിത്തീററിസാധനങ്ങൾ ഏൽപ്പിച്ചതു്—അദ്ദേഹം എന്നോടു കാട്ടിയ സൗജന്യവും എന്നെപ്പററിയിടത്തോളം അദ്ദേഹത്തിന്റെ സ്വഭാവവും—വൈദ്യുതപരീക്ഷണങ്ങളിലുള്ള എന്റെ വിജയം—എനിക്കയയ്ക്കപ്പെട്ട കീർത്തിമുദ്ര—റോയൽസൊസൈററിപ്രസിഡൻറും പ്രസിഡൻറിന്റെ പ്രസംഗവും—ഡെന്നിയുടെ വരവും എന്നോടുള്ള പ്രതിപത്തിപ്രകാശനവും—അയാളുടെ സ്വഭാവം—സൈന്യത്തിലേയ്ക്കുള്ള എന്റെ സേവനം—ഉടമസ്ഥന്റെ നികുതിസംബന്ധിച്ച തർക്കങ്ങൾ തുടരുന്നതു്—നഗരപ്രസാധനംസംബന്ധിച്ച പദ്ധതി—എന്നെ ഇംഗ്ലണ്ടിലേയ്ക്കയയ്ക്കുന്നതു്—അതുസംബന്ധിച്ച കത്തിടപാടുകൾ—ക്യാനഡാഡിലെൻറാ മുതലായവ—എന്റെ ലഘുലേഖ—അതിന്റെ സ്വീകരണവും അനന്തരഫലവും—സേനാവിജയംസംബന്ധിച്ചു് ഞാൻ തയാറാക്കിയ പദ്ധതി—പരിചയം സിദ്ധിച്ചതും അവയ്ക്കു എന്നെസ്സംബന്ധിച്ച സേവനവും—മിസിസ് എസ്. എം. സ്മാൾ, സർജോൺ പി—മി: വുഡ്, സേർജൻറു് സ്രൂാഹാൻ എന്നിവരും മററുള്ളവരും—അവരുടെ സ്വഭാവങ്ങൾ—എഡിൻബർഗിൽനിന്നുള്ള ഡാക്ടർസ്ഥാനം—സ്കാട്ലണ്ടിലേയ്ക്കുള്ളയാത്ര—ലീസ്റ്റർപ്രഭു—മി: പ്രാററ്ഡിഗ്രേ—ജാക്സൺ—ഇംഗ്ലണ്ടിലെ സാംസ്ഥാനികസ്ഥിതികൾ—കാലവിളംബങ്ങൾ—ഹാളൻഡിലേയ്ക്കും ഫ്ളാൻഡേഴ്സിലേയ്ക്കുമുള്ള സംഭവപൂർണ്ണമായയാത്ര—മേരിലൻഡിൽനിന്നുമുള്ള ഏജൻസി—പുത്രന്റെഉദ്യോഗം—എന്റെ തിരിച്ചുവരവു്—അലവൻസും നന്ദിയും—ബോസ്റ്റണിലേയ്ക്കുള്ളയാത്ര—ജോൺപെൻ—ഗവർണ്ണർ—അദ്ദേഹത്തോടുള്ള എന്റെ പെരുമാററം—പാക്

സൺകൊലപാതകങ്ങൾ—എൻെറ ലഘുലേഖ—ലഹളക്കാർ ഫിലഡൽഫിയായിലേയ്ക്ക് യാത്രയാകുന്നതു്—ഗവൎണ്ണർ എൻെറ ഭവനത്തിൽ വിശ്രമിക്കുന്നതു്—എൻെറ സ്വഭാവം—ലഹള ക്കാരുടെനേരേ അയയ്ക്കപ്പെടുന്നതു്—അവരെ തിരിയെ അയ യ്ക്കുന്നതു്—നന്ദികേറവു്—വഴക്കുകൾ പുതുക്കുന്നതു്—ഉടമസ്ഥാ വകാശപ്രധാനമായ ഗവൺമെൻറിൻെറകീഴിൽ തുടരുന്നതിനു എതിരായുള്ള നിശ്ചയങ്ങൾ—മറെറാരു ലഘുലേഖ—ശീതള ചിന്തകൾ—വീണ്ടും ഹർജിയോടുകൂടി ഇംഗ്ലണ്ടിലേയ്ക്കു അയ യ്ക്കപ്പെട്ടതു്—അവിടത്തെ കത്തിടപാടുകൾ—എച്ച് എന്ന പ്രഭു—അദ്ദേഹത്തിൻെറ സ്വഭാവം—മസാച്യുസെററ്സിൽ ജോ ർജ്ജിയായിലെ ന്യൂജഴ്സിയിൽനിന്നുള്ള ഏജൻസികൾ— 1766-ൽ ജർമ്മനിയിലേയ്ക്കുള്ള യാത്ര—അവിടെനിന്നു സ്വീ കരിച്ച ബഹുമതികൾ — ഗോട്ടിൻജൻ നിരീക്ഷണങ്ങൾ— 1767-ൽ ഫ്രാൻസിലും മേല്പടി—അതുപോലെ 1769-ലും—അവി ടെ വിദ്വൽസംഘത്തിലെ പ്രത്യേകവിനോദസൽക്കാരങ്ങൾ—രാ ജാവിനോടും മാഡംവിക്ടോറിയാ, മിസിസ്‌ലാമാഗ്നാൻ, ഡ്യൂഡീ ചാൽനസ് മോൺഷിയർബോമൺഡ്, ലീറോയ്ഡീ അലിബാർ ഡ് നോളറവ് എന്നിവരോടും പരിചയപ്പെടുന്നതു്—മാസികഗ്ര ന്ഥങ്ങൾ നോക്കുക—ഹോളൻഡ്—എൻെറ കടലാസുകൾ വീ ണ്ടും അച്ചടിക്കുന്നതും മററു പലരെ കൂട്ടിച്ചേൎക്കുന്നതും—അനവധി ഗ്രന്ഥകാരന്മാർ എനിക്കു് പുസ്തകങ്ങൾ സമ്മാനിക്കുന്നതു്—എ ൻെറ ഗ്രന്ഥം ഫ്രഞ്ചുഭാഷയിലേയ്ക്കു് തൎജ്ജമചെയ്യപ്പെടുന്നതു്— ലൈററ്നിംഗ്കൈററു്—പലതരം കണ്ടുപിടിത്തങ്ങൾ—ആ പഠനത്തെ ഞാൻ നിർവ്വഹിക്കുന്നരീതി—ഡെൻമാൎക്കിലെ രാജാവു് എന്നെ വിരുന്നിനു ക്ഷണിക്കുന്നതു്—എൻെറ അച്ഛൻെറ പഴ ഞ്ചൊല്ലു ഓൎക്കുന്നതു്—സ്റ്റാമ്പുനിയമം—ഞാനതിനെ എതിൎക്കുന്ന തു്. ജേഷ്യൂയസ്സിൻെറ ശുപാൎശ—അതിന്മേലുള്ളഭേദഗതി—പാർല മെൻറിലെ പരീക്ഷ—അതുനിമിത്തം എനിക്കുണ്ടായ കീൎത്തി— മന്ത്രിസഭ താലോലിച്ചതു്—ചാറൽസ് ടൗൺസെൻറിൻെറ നിയ മം—അതിന്മേലുള്ള എതിൎപ്പു്—സ്റ്റവുകളും ചിമ്മിനിപ്ലേയിററുക ളും—അർമോണിക്കാസ്ഥാനപതികളുമായുള്ള പരിചയം—റഷ്യ യുടെ വിജ്ഞാപനം—പത്രങ്ങളിലെഴുത്തു്—ജർമ്മനിയിൽനിന്നുള്ള ഗ്ലാസ്സുകൾ—നോവാസ്കാട്ടിയായിൽ ഭൂദാനം—സുഖക്കേടു്—അ മേരിക്കയ്ക്കുള്ള കത്തുകൾ ഇങ്ങോട്ടു തിരിച്ചെത്തുന്നതു്—അതി ൻെറ അനന്തരഫലങ്ങൾ—ഇൻഷ്വറൻസ് ആഫീസ്—എൻെറ സ്വഭാവം—താണപടിക്കാരോടു മൎയ്യാദയായി പെരുമാറുന്നതുകൊ ണ്ടു് എനിക്കു് ഒരു നഷ്ടവും വരാനില്ല—മേൽത്തരക്കാരോടു് വിന

യാനചിതമുള്ള പെരുമാററം — നിത്യചലനമുള്ള പ്രഹസനം — ജേഴ്സീഅസംബ്ളിക്കവേണ്ടിയുള്ള എഴുത്ത് — ഹച്ചിൻസൺൻെറ കത്തുകൾ — ദേവാലയം — ചാൻസറിക്കേസ്സ് — പ്രിവികൗൺസിലിൻെറ മുമ്പിൽ ആക്ഷേപം — ഹിൽസ്ബൊറോസ്പ്രഭുവിൻെറ സ്വഭാവവും നടത്തയും — ഡാർട്ട്മൗത്ത്പ്രഭു യുദ്ധത്തെത്തടുക്കാനുള്ള കത്തിടപാടുകൾ — അമ്മേരിക്കായിലേയ്ക്കുള്ള തിരിച്ചുപോക്ക് — സെൻറു അസഫ്ഫിലേബിഷപ്പ് — കോൺഗ്രസ്സ് — അസംബ്ളി — രക്ഷാർത്ഥമുള്ള കമ്മിററി — ചിവാഡീപ്രൈസ് ബോസ്റ്റണ്ടിലേയ്ക്ക് അയയ്ക്കപ്പെട്ടു — ക്യാമ്പിലേയ്ക്കും ക്യാനഡായിലേയ്ക്കും ഹോവ്പ്രഭുവിനും ഫ്രാൻസിന്നും ഉടമ്പടി മുതലായവ.

---

റവിഫോർഡ്
സെൻറ് ആസാഫ് ബിഷപ്പിൻെറ മന്ദിരം, 1771

---

പ്രിയപ്പെട്ട പുത്രാ,

എൻെറ പൂർവ്വികരെസ്സംബന്ധിച്ച് എത്രയും ചെറിയ കഥാവാർത്തകൾ കണ്ടുകിട്ടുമ്പോഴും എനിക്കു സന്തോഷം തോന്നാറുണ്ട്. നീ എന്നോടുകൂടി ഇംഗ്ലണ്ടിൽ താമസിച്ചിരുന്നകാലത്ത് ഈ പ്രത്യേക ഉദ്ദേശത്തോടെ ഞാൻ, അവശേഷിക്കുന്ന ചില ബന്ധുക്കളോടുനടത്തിയിട്ടുള്ള അന്വേഷണങ്ങളും ഏർപ്പെട്ടിട്ടുള്ള യാത്രകളും നീ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. എൻെറ ജീവിതത്തിലെ പരിതഃസ്ഥിതികൾ നിനക്കും കേട്ടറിയുവാൻ താല്പര്യം ജനിപ്പിക്കുന്നവയായിരിക്കും എന്നു ഞാൻ കരുതുന്നു. അവയിൽ പലതും നിനക്കു ഇന്നും അപരിചിതങ്ങളാണല്ലോ. അതിനാൽ എൻെറ ഇപ്പോഴത്തെ ഗ്രാമീണവസതിയിലേയ്ക്കു് ഒഴിഞ്ഞുള്ളവാസം, ഒരാഴ്ചക്കാലത്തോളം നിർവിഘ്നമായ വിശ്രമത്തിനു് സൗകര്യം നൽകും എന്നു ആശിച്ചുകൊണ്ടു് ആ പരിതഃസ്ഥിതികളെ നിനക്കുവേണ്ടി ഇതാ എഴുതിയറിയിക്കുന്നു. ഇങ്ങനെ ഒരു സമുദ്യമത്തിനു് മററു ചില കാര്യങ്ങളും ചില പ്രേരണകളെ നൽകാതിരിക്കുന്നില്ല. ഞാൻ ജനിച്ചുവളൎന്ന ദരിദ്രവും നിസ്സാരവും ആയ നിലയിൽനിന്നു് ഇപ്പോൾ സാമാന്യം ഐശ്വര്യപൂർണ്ണവും ഏതാണ്ടു് കീർത്തിസുരഭിലവും ആയ ഒരു സ്ഥിതിയിലേയ്ക്കു് ഞാൻ എങ്ങനെ ഉയൎന്നുവെന്നും, ഇന്നത്തെ സുഖസന്തോഷസമാധാനങ്ങൾ ദൈവാനുഗ്രഹവശാൽ നേടിത്തന്ന ഏതേതുമാർഗ്ഗങ്ങളാണു് ഞാൻ അവലംബിച്ചതെന്നും ഭാവിതലമുറകൾ അറിവാൻ ആഗ്രഹിച്ചേക്കും. അവരിൽ ചിലരുടെ താൽക്കാലികസ്ഥിതികൾക്കു് എൻെറ ജീവിതാവസ്ഥകളുമായി വല്ല സാമ്യവും ഉള്ളപക്ഷം അക്കൂട്ടർ ഞാൻ തരണംചെയ്തുപോന്ന ജീവിതം ഏതാണ്ടൊന്നു അനുകരിക്കാൻ ആഗ്രഹിച്ചുവെന്നുംവരാം.

ആ 'സുഖസന്തോഷ'ങ്ങളെപ്പററി ഞാൻ ഗൗരവമായി ചിന്തിക്കുമ്പോൾ അവ ഒരു പ്രത്യേക പ്രേരണയ്ക്കു് എന്നെ വശഗനാക്കുന്നുണ്ടു്. അതായതു്, ഞാൻ ഇതേവരെ നയിച്ച ജീവിതം അതേ രീതിയിൽ ഒന്നുകൂടെ ഏററെടുക്കുവാൻ എനിക്കു എങ്ങനെയെങ്കിലും ഒരുതരം ലഭിക്കുന്നപക്ഷം ഞാൻ സസന്തോഷം അതിനു സന്നദ്ധൻതന്നെ എന്നു പറഞ്ഞു

കൊള്ളട്ടെ. അങ്ങനെ എനിക്കൊരുതരംലഭിക്കുമെങ്കിൽ ഒരു ചെറിയ സൗകര്യംമാത്രം സിദ്ധിച്ചാൽമതി. ഗ്രന്ഥകാരന്മാർ പുസ്തകങ്ങളുടെ ഒന്നാംപതിപ്പിൽ വന്നുചേരുന്ന ന്യൂനതകളെ രണ്ടാംപതിപ്പിൽ പരിഹരിക്കുവാൻ ശക്തരാകുംപോലുള്ള ഒരു സൗകര്യംമാത്രം എനിക്കു ലഭിച്ചാൽകൊള്ളാമെന്നുണ്ട്. അങ്ങനെയായാൽ കഴിഞ്ഞ ജീവിതത്തിൽ ഞാൻ വരുത്തിക്കൂട്ടിയ ചില തെററുകൾ തിരുത്തുവാനും അസുഖകരങ്ങളായ ചില സംഭവങ്ങൾ ഒഴിവാക്കുവാനും സാധിച്ചേക്കും. അഥവാ, ഈ ഒരു സൗകര്യം നിഷേധിക്കപ്പെട്ടാലും എൻെറ ജീവിതത്തിൻെറ ആരംഭഘട്ടം തൊട്ട് ഇന്നേവരെയും ഒന്നുകൂടെ ആവത്തിക്കാൻ സാധിക്കുമെങ്കിൽ എനിക്കതു് സന്തോഷകരമായിരിക്കുകയേയുള്ളൂ. എന്നാൽ അങ്ങനെ ജീവിതം ഒന്നുകൂടെ ആവത്തിക്കുക എന്നതു് കേവലം അസംഭാവ്യമായതുകൊണ്ട് അതിനോടേററവും അടുത്ത ഒരു പരിപാടിയേ സാദ്ധ്യമാകയുള്ളൂ. അതായതു്, ആ ജീവിതത്തിൻെറ ആരംഭംമുതൽ ഇന്നോളമുള്ള കാലഘട്ടം എങ്ങനെ നയിച്ചു എന്നു സൂക്ഷ്മമായി ഓക്കുകയും, ആ ഓർമ്മയ്ക്കു് ഈടു കൂട്ടുവാൻവേണ്ടി എഴുതുകയും ചെയ്യുക.

ഇത്തരം ഒരു ലേഖനവ്യവസായത്തിൽ ഏപ്പെട്ടപ്പോഴും ഒരു വൈചിത്ര്യം സംഭവിക്കാവുന്നതു് പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. വൃദ്ധന്മാക്കു് സഹജമായ ഒരു പ്രത്യേക പ്രതിപത്തി. ഈ രേഖാപ്രമാണത്തിലും നിഴലിച്ചേക്കാം—കാര്യം വിശദമാക്കട്ടെ. തങ്ങളെപ്പററിയും തങ്ങളുടെ അതീതകാലച്ചെയ്തികളെപ്പററിയും തെല്ലൊന്നു മേനിപിടിപ്പിച്ചുപറയുവാൻ വൃദ്ധജനങ്ങൾക്കുള്ള പ്രതിപത്തിതന്നെ. വാദ്ധക്യത്തോടുകാട്ടുന്ന ബഹുമാനാദരങ്ങളാൽമാത്രം എൻെറ ഈ രേഖാപ്രമാണത്തിൽ കൗതുകം കാണിക്കുന്നവരെ ഞാൻ മുഷിപ്പിക്കില്ല—അവക്കിഷ്ടമുണ്ടെങ്കിൽ വായിച്ചാൽമതിയല്ലോ—ഒടുവിലായി ഒരു സംഗതികൂടെ പറയുന്നു. അതു് എത്രമാത്രം 'അങ്ങനെയല്ല' എന്നു പറഞ്ഞാലും ആരുമേ വിശ്വസിക്കയില്ല എന്നതുകൊണ്ടു് കുററസമ്മതം എന്ന നിലയിൽത്തന്നെ തുറന്നുപറയുന്നു. എൻെറ പൊങ്ങച്ചത്തിനു കുറച്ചൊക്കെ ഈ ലേഖനങ്ങളിൽ അവിടവിടെ പ്രകാശനം നൽകിയിട്ടുണ്ട്, എന്നുള്ളതാകുന്നു അതു്. "യാതൊരു പൊങ്ങച്ചവും കൂടാതെ ഞാൻ പറയട്ടെ" എന്നുള്ള അവതാരികകളുടെ പിന്നാലെ പൊങ്ങച്ചം സൂചിപ്പിക്കുന്ന ഏതാനും വാക്കുകളില്ലാതെ ഞാൻ കണ്ടിട്ടില്ല. എന്നാൽ ഈ രചനയിൽ സ്വാന്തമായ ആ പൊങ്ങച്ചത്തിനു് ഞാൻ അല്പമായ ഒരു സ്ഥാനം നൽകിപ്പോകുന്നു. അതു് അത്തരം ഗർവ്വുള്ളവക്കും അവരുടെ ജീവിതവ്യാപാ

രങ്ങളോടു ബന്ധപ്പെടുന്നവർക്കും ഗുണകരമാവുമെന്നു ഞാൻ കരുതുന്നു. അതിനാൽ സ്വന്തം പൊങ്ങച്ചത്തിന്നു ഒരാൾ ദൈവത്തോടു നന്ദിപറയുന്നപക്ഷം ആയതു് അസംബന്ധമാകയില്ല എന്നുകൂടെ ഞാൻ കരുതുന്നുണ്ടു്

ഞാൻ പ്രസ്താവിച്ച സുഖസന്തോഷസമാധാനങ്ങൾക്കു് ജഗദീശ്വരനോടുള്ള കൃതജ്ഞതയും ഈ അവസരത്തിൽ പ്രകാശിപ്പിച്ചുകൊള്ളട്ടെ. എൻെറ ഇതുവരെയുള്ള ജീവിതത്തിൽ എനിക്കു ലഭിച്ചുപോന്ന സുഖത്തിനും സന്തോഷങ്ങൾക്കും അവിടത്തെ ദയാപൂർണ്ണമായ അനുഗ്രഹമാണു് കാരണമെന്നും, ഞാൻ അവലംബിച്ച എല്ലാമാർഗ്ഗങ്ങൾക്കും ഏകദർശകമായിനിന്നതു് അവിടത്തെ പ്രാഭവം ആണെന്നും ഞാൻ ഒന്നൊഴിയാതെ സമ്മതിച്ചു് അത്യന്തം വിനയത്തോടെ നന്ദിപ്രകാശിപ്പിച്ചുകൊള്ളുന്നു.

ഈ വിശ്വാസത്തിൻെറ ബലംകൊണ്ടു് എനിക്കു ഭാഗ്യം കൈവരുത്തിയ ദൈവപ്രീതി ഇനിയും തുടരുമെന്നു ഞാൻ ആശിക്കുമാത്രംചെയ്യുന്നു. ഗർവോടെ ഊഹിക്കാൻ എനിക്കു പാടില്ലല്ലോ—അഥവാ മററുള്ളവരെപ്പോലെ എനിക്കും ഒരാപൽഘട്ടം വരികയാണെങ്കിൽ—എൻെറ ഭാവിയെന്താണെന്നറിവാനും മനുഷ്യർക്കു കഷ്ടപ്പാടുകൾ നല്കിയനുഗ്രഹിക്കുവാനുമുള്ള വൈഭവം അദ്ദേഹത്തിൻെറ മാത്രമാണെല്ലോ—ആ ദുർദ്ദശ പൊറുത്തുനില്ക്കുവാനുള്ള കരുത്തും എനിക്കരുളുമാറാകട്ടെ.

കുടുംബംസംബന്ധിച്ച ചെറുസംഭവകഥനങ്ങൾ ശേഖരിക്കുവാൻ പ്രത്യേകതാല്പര്യം ഉള്ള എൻെറ ഒരു പിതൃസഹോദരൻ ഞങ്ങളുടെ പൂർവികരെപ്പററി പ്രത്യേകവിവരങ്ങൾ അടങ്ങിയ ചില കുറിപ്പുകൾ ഒരിക്കൽ എന്നെ ഏല്പിക്കുകയുണ്ടായി. ഈ കുറിപ്പുകളിൽനിന്നു എനിക്കു് ചില കാര്യങ്ങൾ മനസ്സിലാക്കുവാൻ സാധിച്ചു ഞങ്ങളുടെ കുടുംബം നാത്തംപ്ററൺഷയറിൽ 'എക്ടൺ' എന്ന സ്ഥലത്തായിരുന്നു മുന്നൂറുവർഷക്കാലമായി ജീവിച്ചുപോന്നതു് എന്നും, തുടന്നു് അവിടെക്കഴിഞ്ഞുകൂടിയ കാലത്തിൻെറ പരിണാമത്തെപ്പററി അദ്ദേഹത്തിന്നു് അറിഞ്ഞുകൂടെന്നും ആയിരുന്നു, കുറിപ്പുകളിൽനിന്നു വെളിപ്പെട്ടതു്. ഓരോ കുടുംബക്കാരും ചില സംഘപ്പേരുകൾ സ്വീകരിച്ചുവന്ന കൂട്ടത്തിൽ ഏതോ ഒരു വർഗ്ഗത്തിൻെറ പേരായ 'ഫ്രാൻക്ലിൻ' എന്ന നാമധേയം ഈ കുടുംബക്കാരും സ്വീകരിച്ചതായിരിക്കാം. ആ കുടുംബാംഗങ്ങൾക്കു് ആകപ്പാടെ മുപ്പതേക്കർ സ്ഥലം കരമൊഴിവായി ലഭിച്ചിരുന്നു. അതുകൊണ്ടു് ചെലവിനു മതിയാകാതെ അവർ ഇരുമ്പുവേലകൂടിചെയ്തു കഴിഞ്ഞുകൂടിവന്നു, ആ പിതൃസ

ഹോദരൻെറകാലത്തോളം ഈ 'ഇരുമ്പുവേല'യേപ്പാട്ട നിലനിന്നു. കുടുംബത്തിലെ മൂത്തപുത്രനായിരുന്ന ഈ പാരമ്പയ്യം പുലത്തിപ്പോന്നിരുന്നതു്. ആ പിതൃസഹോദരനും എൻെറ പിതാവും ഈ പതിവു് അനുവത്തിച്ചുപോന്നു. ഞാൻ എക്ടണിലുള്ള ജനനമരണക്കണക്കുപുസ്തകങ്ങളിൽ ആരാഞ്ഞപ്പോൾ 1555-ാംവഷം തൊട്ടു ഈ കുടുംബാംഗങ്ങളുടെ ജനനം, വിവാഹം, മരണം എന്നിവ രേഖപ്പെടുത്തിയിട്ടുള്ളതായി കാണ്മാൻകഴിഞ്ഞു. ആ വഷത്തിനുമുമ്പു് അവിടെ അത്തരം രേഖകൾ സൂക്ഷിക്കുന്ന പതിവേ ഇല്ലായിരിക്കാം. ഇടവകക്കാരുടെ സൂക്ഷിപ്പിലുള്ള ഈ രജിസ്റ്ററിൽനിന്നു് ഒന്നു മനസ്സിലായി. ഞാൻ അഞ്ചു തലമുറകളിലായി കനിഷ്ഠപുത്രൻെറ കനിഷ്ഠപുത്രൻ എന്ന പരിപാടി അനുസരിച്ച ഒരു സന്താനമായിരുന്നു എന്നു്. എൻെറ പിതാമഹനായ തോമസ്സ് എന്ന ആൾ 1598-ൽ ആണു് ജനിച്ചതു്. വാൎദ്ധക്യം എത്തുന്നതുവരെ അദ്ദേഹം 'എക്ട'ണിൽത്തന്നെ താമസിച്ചു സ്വന്തവേല പുലത്തിവന്നു. എന്നാൽ ആ പ്രവൎത്തനം വാൎദ്ധക്യഗ്രസ്തതനിമിത്തം അസാദ്ധ്യമായിത്തീൎന്നപ്പോൾ അദ്ദേഹം, പുത്രനായ "ജോൺ" എന്നയാൾ തൻെറ ചായമടിപ്പുപണിയിൽ ഏപ്പെട്ടു് താമസിച്ചിരുന്ന ഓക്സ്ഫോർഡ്ഷയറിലെ 'ബാൻബറി' എന്ന സ്ഥലത്തു് താമസിക്കുവാൻപോയി. ഈ ജോൺ എന്ന ആളോടുകൂടിയായിരുന്നു എൻെറ അച്ഛൻ വേലയഭ്യസിക്കുവാൻ ഏപ്പെട്ടിരുന്നതു്. അവിടെവച്ചുതന്നെ പിതാമഹൻ ചരമഗതി പ്രാപിച്ചു. അദ്ദേഹത്തെ സംസ്കരിച്ച സ്ഥലത്തുള്ള സ്മാരകശില ഞങ്ങൾ 1758-ൽ സന്ദശിച്ചു. പിതാമഹൻെറ മൂത്തപുത്രനായ തോമസ്സ് എന്ന ആൾ എക്ടണിൽ ഉള്ള ഭവനത്തിൽത്തന്നെ താമസിച്ചുപോന്നു. അദ്ദേഹം ഏകപുത്രിക്കു് ആ ഭവനം നൽകിയ ശേഷം ചരമഗതിയടഞ്ഞു. ആ പുത്രിയും അവരുടെ ഭത്താവായ "വെല്ലിങ്ബറോ"യിലെ 'ഫിഷർ' എന്ന ആളും ആ സ്വത്തു് ഇപ്പോൾ അവിടത്തെ ഒരു ജന്മിയായ മി: ഇസ്റ്റഡ് എന്നയാളിനു വിററു. എൻെറ പിതാമഹനു് തോമസ്സ്, ജോൺ, ബൻജമിൻ, ജോസയ എന്നു നാലു പുത്രന്മാർ ഉണ്ടായിരുന്നു. അവരെപ്പററി എനിക്കു ലഭിച്ചിട്ടുള്ള വിവരങ്ങൾ ഞാൻ ഓമ്മയിൽനിന്നു നിന്നെ അറിയിക്കാം. അവയ്ക്കടിസ്ഥാനമായ കുറിപ്പുകൾ ഇപ്പോൾ ഇവിടെ എൻെറവശമില്ല. അവ നഷ്ടപ്പെട്ടുപോകാത്തപക്ഷം നിനക്കു് അവയിൽനിന്നു് അനവധി പുതുവിവരങ്ങൾ ലഭിക്കുവാൻ സാധിക്കും.

തോമസ്സ് എന്നയാൾ അദ്ദേഹത്തിൻെറ പിതാവിൻെറ മേൽനോട്ടത്തിൽ ഇരിമ്പുവേലയിൽ ഏപ്പെട്ടു എന്നാൽ അദ്ദേഹം

ബുദ്ധിമാനും അവിടത്തെ ഇടവകയിലെ പ്രമുഖനായ ഒരു നേതാവിൻെറ പ്രോത്സാഹനത്താൽ പഠിപ്പിൽ പ്രാപ്തിസിദ്ധിച്ചവനും ആകയാൽ ഒരു ആധാരമെഴുത്തുകാരൻെറ തൊഴിലിൽ വൈഭവം നേടി. അദ്ദേഹം ആ ജില്ലയിൽ ഒരു എണ്ണപ്പെട്ട ആളായിത്തീൻ. നാത്താംപ്ടൺ ടൗണിലെ സകല പൊതുക്കാര്യങ്ങൾക്കും മുന്നിട്ടു നിന്ന ആളായിരുന്നു അദ്ദേഹം. ഈ ആവശ്യങ്ങളിൽ അനവധി എണ്ണം അദ്ദേഹത്തിൻെറ നാമധേയവുമായി ഘടിപ്പിക്കപ്പെട്ടിരുന്നു. അക്കാലത്തെ "ഹാലിഫാക്സ്" പ്രഭുവിൻെറ രക്ഷാധികാരത്തിൽ അദ്ദേഹത്തിനു് ഒരു സ്ഥാനവും സിദ്ധിച്ചു. അദ്ദേഹം 1702 ജാനുവരി 6-ാംതീയതി അതായതു് ഞാൻ ജനിക്കുന്നതിനു ഒരു ദിവസം കുറഞ്ഞ നാലു വഷത്തിനുമുമ്പു ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിൻെറ ജീവിതവും സ്വഭാവവും സംബന്ധിച്ച വിവരങ്ങൾ എക്ടണിലുള്ള ചില പഴമക്കാരിൽനിന്നു കേട്ടപ്പോൾ അവയ്ക്കു് എൻെറ ജീവിതസംഭവങ്ങളോടുള്ള അത്യന്തസാദൃശ്യം നിന്നെ അത്ഭുതപ്പെടുത്തിയതു് ഞാനോക്കുന്നു—അദ്ദേഹം എൻെറ ജനനദിവസംതന്നെ മരിച്ചിരുന്നുവെങ്കിൽ പുനജ്ജന്മസിദ്ധാന്തം ഒരുവക പരമാത്ഥമാണെന്നു ഊഹിക്കാൻ വഴിയുണ്ടായേനേ എന്നു നീ അന്നു് അഭിപ്രായപ്പെട്ടു.

ജോൺ എന്നയാൾ കമ്പിളിത്തുണിക്കു ചായംകയററുന്ന ജോലിയിൽ ഏർപ്പെട്ടു. ബൻജമിൻ ആകട്ടെ, പട്ടുനൂൽവസ്ത്രങ്ങളിൽ ചായമിടുന്നജോലിക്കാരനായി. അദ്ദേഹം ലണ്ടനിൽ വച്ചാണു് തൊഴിൽ അഭ്യസിച്ചതു്. അദ്ദേഹം ഒരു ബുദ്ധികുശലനായിരുന്നു. എനിക്കു് അദ്ദേഹത്തെ നല്ലപോലെ ഓമ്മിക്കാൻ സാധിക്കുന്നുണ്ടു്, എൻെറ കുട്ടിക്കാലത്തു് അദ്ദേഹം ബോസ്റ്റണിൽ അച്ഛൻെറ ഗൃഹത്തിൽവരികയും ഞങ്ങളോടുകൂടി ഏതാനുംവർഷം താമസിക്കുകയും ഉണ്ടായിട്ടുണ്ടു്. അദ്ദേഹം വളരെ വാൎദ്ധക്യമായതിനുശേഷമാണു് മരിച്ചതു്. അദ്ദേഹത്തിൻെറ പൗത്രനായ സാമുവൽഫ്രാങ്ക്ളിൻ ഇപ്പോൾ ബോസ്റ്റണിൽ താമസിക്കുന്നു. സാമുവലിൻെറ പിതാവു് സ്വന്തമായിരചിച്ച ചില കവിതകളടങ്ങിയ ഒരു കൈയ്യെഴുത്തുപ്രതി ഞാൻ കണ്ടിട്ടുണ്ടു്. സ്നേഹിതന്മാക്കായി ഓരോസന്ദർഭവശാൽ രചിച്ചകവിതകൾ ആണു് അവ. അവയുടെ ഒരു ചെറുമാതൃക ഞാൻ ചുവടേ ചേക്കുന്നുണ്ടു്. അദ്ദേഹം സ്വന്തമായിത്തന്നെ ഒരു ചുരുക്കെഴുത്തുമാതൃക കണ്ടുപിടിച്ചു എനിക്കു് പറഞ്ഞുതന്നിരുന്നു. എന്നാൽ ഞാനതു് ഒരിക്കലും പ്രയോഗത്തിൽവരുത്താതെ ഇപ്പോൾ നിശ്ശേഷം മറന്നിരിക്കുന്നു എന്നുതന്നെപറയാം. അദ്ദേഹത്തിനും അച്ഛനും തമ്മിലുള്ള

പ്രത്യേകസ്നേഹം പ്രമാണിച്ച് അദ്ദേഹത്തിൻെറ പേരുതന്നെ യാണ് എനിക്കും നൽകിവന്നതു്. അദ്ദേഹം വലിയൊരു ഈശ്വരഭക്തനും നല്ല ദേവാലയ പ്രസംഗങ്ങൾ കേൾക്കാൻ കൌതുകമുള്ളവനും ആ പ്രസംഗങ്ങളെ സ്വന്തം ചുരുക്കെഴുത്തുവിദ്യപ്രയോഗിച്ച് പകർത്തിയെടുത്തു സൂക്ഷിക്കുന്നയാളുംആയിരുന്നു. അദ്ദേഹം തൻെറനിലക്കാരിൽക്കവിഞ്ഞു ഒരു രാജ്യതന്ത്രപ്രസക്തനും ആയിരുന്നു. 1641-മുതൽ 1717 വരേയുള്ള അൻപതിൽപരം വരഷങ്ങളിലെ പൊതുക്കാര്യങ്ങൾ സംബന്ധിച്ചുള്ള അനവധി പ്രധാന ലഘുലേഖകൾ അദ്ദേഹം ശേഖരിച്ചിരുന്നു ലണ്ടനിൽ വച്ച് എനിക്ക് അടുത്തകാലത്തു് ലഭിക്കാൻ ഇടയായി. അവയിൽക്കാണുന്ന നമ്പർ മുറയ്ക്കാണെങ്കിൽ അനവധി ഭാഗങ്ങൾ കാണാനില്ലാതെയായിട്ടുണ്ടെന്നുപറയണം—പഴയ പുസ്തകങ്ങൾ വ്യാപാരംചെയ്യുന്ന ഒരാളോട്ടു കച്ചറിക്കാരൻ എന്നനിലയ്ക്കു ഞാൻ പരിചയപ്പെട്ടിരുന്നു. അയാൾ അവ എനിക്കു തരികയുണ്ടായി. അമേരിക്കയ്ക്കു പോയപ്പോൾ എൻെറ പിതൃസഹോദരൻ അവയെ ഇവിടെ ഉപേക്ഷിച്ചതായിരിക്കാം, അവയിലെ 'മാർജിൻ' സ്ഥലത്തു അദ്ദേഹം എഴുതിച്ചേർത്ത പല കുറിപ്പുകളും കാണുന്നുണ്ടു്. അദ്ദേഹത്തിൻെറ പൌത്രൻ സാമുവൽഫ്രാങ്കിളിൽ ബോസ്റ്റനിൽ ഇന്നും ജീവിച്ചിരിപ്പുണ്ടു്.

ഞങ്ങളുടെ ഈ പേരുംപെരുമയുമില്ലാത്ത ആകുടുംബം 'റിഫർമേഷൻ' എന്നു അറിയപ്പെട്ട ക്രിസ്തുമതമഹാപരിഷ്കാരഘട്ടത്തിനു മുമ്പുതന്നെ പ്രോട്ടസ്റ്റാർഡുകാരായി മേരിരാജ്ഞിയുടെ ഭരണകാലത്തിലേ കഴിഞ്ഞുകൂടിവന്നു. അവർ പോപ്പിൻെറ അധികാരശക്തികൾക്കെതിരായികാട്ടിവന്ന അഭിനിവേശംനിമിത്തം പല മതദണ്ഡനകളും സഹിക്കേണ്ടിവന്നിട്ടുണ്ടു്. അവക്ക് ഇംഗ്ലീഷ് പള്ളിക്ക് അഭിമതമായ ക്രൈസ്തവവേദഗ്രന്ഥമായിരുന്നു പ്രമാണം. ഈ വേദഗ്രന്ഥം ശത്രുക്കളുടെ ആക്രമണത്തിന് വിഷയീഭവിക്കാതിരിക്കാൻ ഒരു മടക്കുപീഠത്തിൻെറ അടിവശത്തു് ചില നാടകളോടേ ഘടിപ്പിച്ചു രഹസ്യമായി സൂക്ഷിച്ചുവന്നു. എൻെറ പ്രപിതാമഹൻെറ പിതാമഹൻ ആ വേദഗ്രന്ഥം കുടുംബാംഗങ്ങളുടെ മുമ്പിൽ വായിക്കുമ്പോൾ മടക്കുപീഠം സ്വന്തം മുട്ടിനിടയിൽ മറച്ചുവെക്കുകയും എതിർ പക്ഷവിശ്വാസികളായ സർക്കാരാളുകൾ ആരെങ്കിലും എത്തുന്നുണ്ടോ എന്നു നോക്കുവാൻ ഒരു കുട്ടിയേ നടയിൽ കാവൽനിറുത്തുകയും ആരുടെയെങ്കിലും പരിശോധനാർത്ഥമുള്ള വരവുണ്ടാകുന്നപക്ഷം, പെട്ടെന്നു പീഠംതിരിച്ച് പുസ്തകം ഒളിപ്പിക്കുകയും ചെയ്യുപതിവായിരുന്നു. ഈ സംഭവകഥനം

എനിക്കു "ബൻജമിൻ" എന്ന പിതൃവ്യൻ പറഞ്ഞുകേട്ടു ലഭിച്ചതാണു്. ചാറൽസുരണ്ടാമൻെറ ഭരണകാലത്തിൻെറ അവസാനം വരെ ഈ കുടുംബം ഇംഗ്ലീഷ്പള്ളിയുടെ മതസംബന്ധിനിയമങ്ങൾ ആദരിച്ചുവന്നു. എന്നാൽ ഈ ഘട്ടത്തിൽ നാത്താംപ്ററൺഷയറിൽ പ്രത്യേകാരാധനാരീതികളിൽ ഏൎപ്പെട്ട ചില പുരോഹിതപ്രമാണികളെ നാട്ടിൽനിന്നു ബഹിഷ്കരിച്ചപ്പോൾ ബൻജമിനും ജോസിയായും അവരുടെ പക്ഷത്തുചേരുകയും മററു കുടുംബാംഗങ്ങൾ "എപ്പിസ്കോപ്പൽ" ദേവാലയമൎയ്യാദകൾ അനുവൎത്തിക്കുകയും ചെയ്തുപോന്നു.

എൻെറ പിതാവായ ജോസിയ യുവാവായിരിക്കുമ്പോൾത്തന്നെ വിവാഹംകഴിച്ചു. അദ്ദേഹം മൂന്നുകുട്ടികളോടുകൂടിയായിരുന്ന ഭാൎയ്യയെ "ന്യൂ ഇംഗ്ലണ്ടി"ലേക്കു കൊണ്ടുപോയതു്. ഇതു് 1682-ൽ ആയിരുന്നു. അദ്ദേഹം അവലംബിച്ചുപോന്ന മതശാഖയിലെ ആരാധനക്രമങ്ങളും ചടങ്ങുകളും സൎക്കാർനിയമത്താൽ തടയപ്പെട്ടുകനിമിത്തം നിരന്തരമായ ഉപദ്രവത്തിൽനിന്നു വിമോചനംനേടുവാൻ അദ്ദേഹത്തിൻെറ പരിചയത്തിൽ ചില മാന്യവ്യക്തികൾ അമേരിക്കയ്ക്കു് തിരിക്കാൻ ഉദ്ദേശിച്ചതിൽക്കൂടെ പങ്കുകൊണ്ടതായിരുന്നു. തങ്ങളുടെ മതബോധം അനുസരിച്ചുള്ള ആരാധനാസ്വാതന്ത്ര്യം നിർവിഘ്നം പുലൎത്തിക്കൊള്ളാനുള്ള മോഹമായിരുന്നു, അവരെ ഇങ്ങനെ മാതൃഭൂമിവിടുവാൻ പ്രേരിപ്പിച്ചതു്. ആദ്യഭാൎയ്യയിൽ അദ്ദേഹത്തിനു് അവിടെവെച്ചു നാലുകുട്ടികൾക്കൂടെ ജനിച്ചു. അദ്ദേഹത്തിൻെറ രണ്ടാമത്തെ ഭാൎയ്യയിൽ പത്തുകുട്ടികൾക്കൂടെ ജാതരായി. ആകെ പതിനേഴുകുട്ടികളുടെ പിതാവായിരുന്നു, അദ്ദേഹം. പതിമ്മൂന്നുപേർ അദ്ദേഹത്തോടൊന്നിച്ചു് ഭക്ഷണത്തിനിരിക്കുന്ന കാഴ്ച ഞാൻതന്നെ കണ്ടിട്ടുണ്ടു്. ഈ പതിമ്മൂന്നുപേരും വളൎന്നു വിവാഹം ചെയ്യാൻ സംഗതിവരികയുംചെയ്തു. ഞാൻ അദ്ദേഹത്തിൻെറ സന്താനങ്ങളിൽ രണ്ടു പെൺകുട്ടികളെ ഒഴിച്ചാൽ ഒടുവിലത്തെ കുട്ടിയായിരുന്നു. എൻെറ ജനനം ന്യൂഇംഗ്ലണ്ടിലെ ബോസ്റ്റൺ നഗരത്തിൽ ആയിരുന്നു. എൻെറ അമ്മ, അച്ഛൻെറ ദ്വിതീയ പത്നി ആയിരുന്നു. ന്യൂ ഇംഗ്ലണ്ടിൽ ആദ്യകാലത്തു കുടിയേറിപ്പാൎത്തവരിൽ ഒരാളും "മഗ്നേലിയാ ക്രൈസ്റ്റി അമേരിക്കാനാ" എന്നു ക്രൈസ്തവദേവാലയ ചരിത്രത്തിൽ "ഈശ്വരഭക്തനും പണ്ഡിതനും ആയ ഇംഗ്ലീഷുകാരൻ" എന്ന പരാമൎശനത്തിനു വിധേയനുംആയ പീററർഫോൾജറുടെ പുത്രിയുമായിരുന്നു, എൻെറ മാതാവു്. മാതാവിൻെറ പിതാവായ ഫോൾജർ സന്ദൎഭാനുയുക്തങ്ങളായ ചില്ലറ കവനങ്ങൾ നിൎവ്വഹിച്ചിട്ടുണ്ടു്. അവയിൽ ഒരെണ്ണം മാത്രമേ അച്ചടിച്ചതു് ഞാൻ കണ്ടിട്ടുള്ളു. അതു 1675-ൽ രചി

ച്ചതും അക്കാലത്തെ നിലയനുസരിച്ച സാധാരണ നാടൻസമ്പ്രദായത്തിൽ നിർമ്മിക്കപ്പെട്ടതും, അക്കാലത്തെ ഗവർമ്മെൻറിനെ പരാമർശിച്ചിട്ടുള്ളതും ആകുന്നു. അതു മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം ലക്ഷ്യമാക്കി ബാപ്‌ററിസ്‌ററുകൾക്കുവേണ്ടിയും, മതപീഡനം അനുഭവിക്കുന്ന മററു ചിലക്കൂട്ടർക്കുവേണ്ടിയും രചിക്കപ്പെട്ടതും അമേരിക്കൻ ഇന്ത്യന്മാരുടെ യുദ്ധത്തെസ്പർശിച്ചതും മററു നാനാമുഖമായി നാട്ടിൽ ഏർപ്പെടുന്ന ആപത്തുകളെ അവലോകനംചെയ്യുന്നതുമാണ്. ഈ വിപത്തുകൾ ജനപീഡനഫലമായ ദൈവകോപംകൊണ്ടു വന്നുചേർന്നതാകയാൽ അവ നിവൃത്തണമെന്നുള്ളതാണ് രചയിതാവിൻെറ ഉദ്ദേശം. ആ രചനാഭാഗം മുഴുവൻ അസ്‌ഖലിതവും സുസ്പഷ്ടവും ധീരോചിതവുമായ ഭാഷയിലാകുന്നു. ആദ്യത്തെ രണ്ടു പദ്യഭാഗങ്ങളും ഞാൻ മറന്നുപോയി. അവസാനത്തെവരികൾ മാത്രം ഓർമ്മയിലുണ്ട്. ആ ആദിമപദ്യങ്ങളുടെ വിഷയം അദ്ദേഹത്തിൻെറ അധിക്ഷേപങ്ങൾ നിർമ്മലമായ ഒരു ഹൃദയത്തിൽനിന്നും സദുദ്ദേശത്തോടെ പുറപ്പെട്ടവയാണെന്നും, അദ്ദേഹംതന്നെയാണ് രചയിതാവ് എന്നും കാട്ടുന്നു. നോക്കുക:—

“അന്യക്കാക്ഷേപമായിച്ചിലതു പറവതെ-
ന്നുള്ളിനേതും നിരക്കാ;
ധന്യത്വം പിന്നെയല്ലോ; ശരിയിവനുടെപേ-
രുരുമേ ചൊല്ലിടുന്നേൻ;—
മന്നിൽ ഷെർബോൺപുരത്തിൽ ജനതയുടയ സൻ-
മിത്രമാം പീററർഫോൾജി-
റെന്നല്ലോ പേരിവന്നായതുമിവിടെയിതാ
സ്പഷ്ടമായോതിടുന്നേൻ.”

എൻെറ ജ്യേഷ്ഠസഹോദരന്മാർ എല്ലാപേരും ഓരോ വ്യാപാരങ്ങളിൽ പരിശീലനംനടത്തുവാൻ ഏർപ്പെട്ടു. എന്നെയാകട്ടെ, പിതാവ് അദ്ദേഹത്തിൻെറ സന്താനങ്ങളിൽ പത്തിലൊരുപങ്ക് ദേവാലയസേവനത്തിന്നയയ്ക്കാൻ ഉദ്ദേശിക്കയാൽ അന്നത്തെ പ്രാഥമികപാഠാലയത്തിലേയ്ക്കു് അയച്ചു. എനിക്കു് അതിബാല്യത്തിൽത്തന്നെ വായിച്ചു പഠിക്കുവാനുള്ള സന്നദ്ധതയും (അതു ശൈശവത്തിൽത്തന്നെ ഞാൻ വായിക്കാറുണ്ടായിരുന്നതുകൊണ്ടു് എപ്പോഴാണ് എനിക്കു വായിക്കാനാകാതിരുന്നതു് എന്നു് അറിഞ്ഞുകൂടാ.) ഞാൻ തീർച്ചയായും ഒരൊന്നാംതരം പണ്ഡിതനാകുമെന്നു് അച്ഛൻെറ സ്നേഹിതന്മാരുടെ അഭിപ്രായവും അദ്ദേഹത്തിനെ വിശേഷിച്ചൊന്നു പ്രോത്സാഹിപ്പിച്ചിരിക്കണം. എൻെറ പിതൃ

സഹോദരനായ ബൻജമിനും ഈ പള്ളിക്കൂടത്തിലയപ്പിനെ
അംഗീകരിച്ചു. ചുരുക്കെഴുത്തുമൂഖേന താൻ സൂക്ഷിച്ചിട്ടുണ്ടായി
രുന്ന പള്ളിപ്രസംഗഭാഗങ്ങൾ മുഴുവൻ എനിക്കു തരാമെന്നു്
പിതൃവ്യൻ സമ്മതിച്ചിരുന്നു. ഞാനദ്ദേഹത്തിന്റെ ചുരുക്കെഴുത്തു
സമ്പ്രദായം പഠിക്കാനൊരുക്കമൊണെങ്കിൽ ഞാൻ ഈ പാഠശാ
ലയിൽ ഒരു കൊല്ലം പഠിച്ചുവെന്നു തോന്നുന്നു. ആ കാലത്തിനു
ള്ളിൽ എനിക്കു് ക്ലാസ്സിൽ നടുക്കായിരുന്ന സ്ഥാനത്തിൽനിന്നു്
ഒന്നാംസ്ഥാനത്തിലേയ്ക്കുതന്നെ കയററംകിട്ടി. അനന്തരം ആ
ക്ലാസ്സിനു മുകളിലുള്ള ക്ലാസ്സിലേയ്ക്കു് എനിക്കു കയററവും ലഭിച്ചു.
ആ വർഷത്തിന്റെ അവസാനത്തിൽ മൂന്നാമത്തെ ക്ലാസ്സിലേയ്ക്കു്
എനിക്കു് കയററവും കിട്ടുമായിരുന്നു. എന്നാൽ ഇതിനിടയ്ക്കു്
എന്റെ പിതാവു് കാളേജ്‌വിദ്യാഭ്യാസം സംബന്ധിച്ച വമ്പിച്ച
ചെലവു വഹിക്കുവാൻ വളരെ അംഗങ്ങളുള്ള ഒരു കുടുംബത്തിന്റെ
അധിപനെന്നനിലയിൽ അശക്തനായ കാര്യം ചിന്തിച്ചും,
വിദ്യാഭ്യാസം നല്ലപോലെ സിദ്ധിച്ച പലർക്കും വളരെ താണതര
ത്തിലുള്ള ജീവിതമാർഗ്ഗങ്ങളേ ലഭിക്കുന്നുണ്ടായിരുന്നുള്ളൂ എന്ന
വസ്തുത ആധാരമാക്കിയും—അദ്ദേഹം പല സ്നേഹിതരോടും ഇതു
സംബന്ധിച്ചു നൽകിവന്ന സമാധാനം ഇതാണു്—അദ്ദേഹ
ത്തിന്റെ ആദ്യകാലത്തെ ഉദ്ദേശങ്ങളൊന്നുമാററി എന്നെ ഈ
പള്ളിക്കൂടത്തിൽനിന്നും മി. ജോർജ്ജ്ബ്രോൺവെൽ എന്നയാൾ
നടത്തിവന്ന മറെറാരു പാഠാലയത്തിലേയ്ക്കു് അയയ്ക്കുകയാണുണ്ടാ
യതു്. എഴുത്തും കണക്കുമായിരുന്നു ഈ പള്ളിക്കൂടത്തിലെ പ്രധാ
നവിഷയങ്ങൾ. അദ്ധ്യാപകനായ മി: ജോർജ്ജുബ്രോൺവെൽ
ശാന്തവും പ്രോത്സാഹകവുമായ മാർഗ്ഗങ്ങളിൽ അദ്ധ്യയനം ചെയ്യി
ക്കുവാൻ വളരെ സമർത്ഥനെന്നു പേരുകേട്ട ആളായിരുന്നു. അദ്ദേ
ഹത്തിനു് ശിഷ്യപ്പെട്ട ഞാൻ വളരെ എളുപ്പത്തിൽ എഴുത്തും
വായനയും വശപ്പെടുത്തി. എന്നാൽ കണക്കുസംബന്ധിച്ചിട
ത്തോളം എനിക്കു് വലിയ അഭിവൃദ്ധി ഒന്നും ഉണ്ടായിട്ടില്ല എന്നു
തന്നെ പറയാം ഇങ്ങനെ എനിക്കു് പത്തുവയസ്സു് പ്രായമായ
തോടുകൂടി ഞാൻ അച്ഛന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹത്തെ
സഹായിക്കുവാൻ വീട്ടിലേയ്ക്കുവിളിക്കപ്പെട്ടു. മെഴുകുതിരിയുണ്ടാക്കു
വാൻ മൃഗങ്ങളുടെ കൊഴുപ്പു് ഉരുക്കുന്ന ജോലിയായിരുന്നു, ഇതു്.
അതോടുകൂടെ സോപ്പിനുവേണ്ട വകകൾ തിളപ്പിക്കുകയും. ഈ
രണ്ടിനംജോലിയിലും അച്ഛനു് വിശേഷിച്ചു് അഭ്യസനമൊന്നും
സിദ്ധിച്ചിരുന്നില്ല. ഈ ജോലി അച്ഛൻ ന്യൂ ഇംഗ്ലണ്ടിൽ വന്നുചേ
ർന്നതിനുശേഷം വശത്താക്കിയതുമാത്രമായിരുന്നു. പരിചയമുണ്ടാ
യിരുന്ന ചായമിടീൽവേലയ്ക്കു് നാട്ടുകാരിൽനിന്നു് യാതൊരു

പ്രോത്സാഹനവും ലഭിക്കുകയുണ്ടായില്ല എന്നതായിരുന്നു ഇതിലേയ്ക്കുകാരണം. മെഴുകുതിരിക്കാവശ്യമുള്ള തിരിവെട്ടുക എന്ന ജോലിയിലായിരുന്നു, ഞാൻ ഏർപ്പെട്ടതു്. ഇതോടുകൂടി കച്ചവടസ്ഥലത്തു ഇരിക്കുക. വല്ലവരേയും കാണ്മാനുള്ള ആവശ്യങ്ങൾക്കു് സന്ദേശവാഹകനെന്ന നിലയിൽ പോവുക എന്നിവയൊക്കെയായിരുന്നു, എൻെറ ജോലികൾ.

എനിക്കു് ജോലി തീരെ രസകരമായില്ല. കടൽയാത്രയ്ക്കു് ഒരു പ്രത്യേക അഭിനിവേശവും തോന്നിയിരുന്നു. എന്നാൽ ഈ ആശയത്തെ പിതാവു് തീരെ അനുകൂലിക്കുകയുണ്ടായില്ലതന്നെ. എന്തായാലും ജലാശയത്തിനു സമീപത്തായിരുന്നു ഞങ്ങൾ താമസിച്ചിരുന്നതു് എന്നതുകൊണ്ടു് എനിക്കു് ജലസഞ്ചരണത്തിനോടുള്ള പ്രതിപത്തി കൂടിവന്നതേയുള്ളൂ. ഞാൻ അതിബാല്യത്തിൽത്തന്നെ നീന്തൽപഠിച്ചിരുന്നു; ബോട്ടുകളെ നിയന്ത്രിക്കാനും. മററു കുട്ടികളോടുകൂടി ബോട്ടിലോ വള്ളത്തിലോ സവാരിചെയ്യുമ്പോളൊക്കെ അമരക്കാരൻ ഞാൻതന്നെയായിരുന്നു. വിശേഷിച്ചു്, യാത്രകളിൽ വല്ല ആപൽഘട്ടവും നേരിടുമ്പോൾ, മററു സന്ദർഭങ്ങളിൽ ഞാൻ കുട്ടികളുടെ ഒരു നേതാവുതന്നെയായിരുന്നു അവരോടൊത്തു് ചില കുഴപ്പമേറിയ സന്ദർഭങ്ങൾ സൃഷ്ടിക്കുവാനും ഞാൻ സന്നദ്ധനായിട്ടുണ്ടു്. യാതൊരുവിധത്തിലും സാധൂകരിക്കുവാൻവയ്യാത്ത ഒരു കുഴപ്പംകൂടിയ ഘട്ടം ഞാൻ സൃഷ്ടിച്ചതു് ഉദാഹരിക്കട്ടേ.

ധാന്യയന്ത്രക്കളത്തോടുതൊട്ടു് ഒരു വശത്തായി ഉപ്പുവെള്ളമുള്ള ഒരു ചതുപ്പുനിലമുണ്ടായിരുന്നു. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ 'മിന്നോ'മത്സ്യങ്ങൾ ചൂണ്ടലിട്ടുപിടിക്കുവാൻ ഞങ്ങൾ മേൽപ്പറഞ്ഞ ജലാശയക്കരയിലിരിക്കാറുണ്ടു്. അങ്ങനെ കരയിൽ തെരുതെരെ കാൽപ്പാടേൽക്കുകനിമിത്തം ചെളിയും വെള്ളവുമായ ഒരു പരുവത്തിലായിരുന്നു തറയുടെസ്ഥിതി. ഞാൻ ഒരു നിർദ്ദേശം കൊണ്ടുവന്നു. ആ കരയുടെ അററത്തു് ആളുകൾക്കു് നില്ക്കത്തക്കവിധത്തിൽ കല്ലുകൊണ്ടു് ഒരു ജലാശയക്കടവു നിർമ്മിച്ചാലെന്തെന്നു്. ആ സ്ഥലത്തിനടുത്തു ഒരു കെട്ടിടം നിർമ്മിക്കുന്നതുസംബന്ധിച്ചു കുറെകല്ലുകൾ കൂട്ടിയിട്ടുണ്ടായിരുന്നതു് ഞാൻ കൂട്ടുകാരെ കാണിച്ചു. ഞങ്ങളുടെ ഉദ്ദേശസാദ്ധ്യത്തിനു ഈ കല്ലുകൾ പ്രയോജനപ്പെടുത്തണമെന്നും നിശ്ചയിച്ചു. വൈകുന്നേരം കെട്ടിടംപണിക്കാർ പോയിക്കഴിഞ്ഞപ്പോൾ ഞാൻ കൂട്ടുകളിക്കാരായ ഏതാനും ബാലന്മാരുമൊത്തു് രണ്ടും മൂന്നും കല്ലുകൾവീതം എടുത്തുകൊണ്ടുപോയി ഒരു കല്ലടകെട്ടി. അടുത്ത ദിവസം രാവിലെ കെട്ടിടംജോലിക്കാർ

എത്തിനോക്കിയപ്പോൾ ഗണ്യമായസംഖ്യയിൽ കല്ലുകൾ നഷ്ടപ്പെട്ടിരുന്നതായിക്കണ്ടു. അവയെല്ലാം ഞങ്ങളുടെ ജലാശയക്കരയിലെ നവകാശയനിർമ്മിതിക്കു ഉപയോഗിക്കപ്പെട്ട വസ്തുത അവർ മനസ്സിലാക്കി. വിവരം അവർ വേഗത്തിൽ വേണ്ടവരെ അറിയിച്ചു. ഞങ്ങളുടെ പിതാക്കന്മാർ ഞങ്ങളുടെ തെററു ചൂണ്ടിക്കാണിച്ചുതന്നു. പ്രയോജനകരമായ ഒരു കാര്യത്തിലേയ്ക്കായിരുന്നു ഞങ്ങളുടെ ഉദ്യമം എന്നു ഞാൻ അച്ഛനോടുവാദിച്ചു. എന്നാൽ സത്യസന്ധതയ്ക്കുവിപരീതമായ യാതൊരുദ്യമവും എത്രമാത്രം പ്രയോജനകരമായിരുന്നാലും വിലവയ്ക്കത്തക്കതല്ല എന്നായിന്നു എനിക്കു ലഭിച്ചമറുപടി.

എൻെറ പിതാവിനേയും അദ്ദേഹത്തിൻെറ സ്വഭാവത്തേയും പററി എന്തെങ്കിലും ചിലതു അറിവാൻ നിനക്കു് ആഗ്രഹംതോന്നാമല്ലോ. അദ്ദേഹത്തിനു് അരോഗദൃഢമായ ഒരു ശരീരമാണു് ഉണ്ടായിരുന്നതു്. പൊക്കം അധികമില്ല. എന്നാൽ അവയവങ്ങളുടെ പരസ്പരാനുയോജ്യതയും പൊതുവേയുള്ള ശരീരബലവും മികച്ചതായിരുന്നു. അദ്ദേഹം ബുദ്ധികുശലനും ചിത്രമെഴുത്തു്, സംഗീതം എന്നിവയിൽ അഭിരുചിയുള്ള ആളും ആയിരുന്നു. സംഗീതത്തോടുള്ള അഭിരുചിമാത്രമല്ല പാടത്തക്കവിധത്തിൽ അദ്ദേഹത്തിൻെറ ശബ്ദം മാധുര്യമുള്ളതും ആയിരുന്നു. അദ്ദേഹത്തിൻെറ വീണയിന്മേൽ സങ്കീർത്തനഗാനങ്ങൾ. വിശ്രമാവസരങ്ങളിൽ അദ്ദേഹം ആലപിക്കുന്നതു് ആക്കും ആനന്ദം നൽകും. അദ്ദേഹത്തിനു് യാന്ത്രികോപകരണങ്ങൾ പെരുമാറാനുള്ള ഒരു വൈഭവവും ഉണ്ടായിരുന്നു. എന്നാൽ വിവേചനശക്തിയും ബുദ്ധിശക്തിയുംകൊണ്ടു് ഓരോ കാര്യങ്ങൾ നിർണ്ണയിക്കുന്നതിലാണു് അദ്ദേഹത്തിൻെറ സാമർത്ഥ്യം അത്യധികം പ്രശംസനീയമായിരുന്നതു്. വ്യക്തികളെയോ പൊതുജനങ്ങളെയോ സംബന്ധിച്ച സാധാരണകാര്യങ്ങളിൽ വരുംവരായ്കകൾ നിർണ്ണയിച്ചു മാർഗ്ഗോപദേശം ചെയ്യാനും അഭിപ്രായപ്രകടനങ്ങൾ നടത്തുവാനും അദ്ദേഹം വിദഗ്ദ്ധനായിരുന്നു. എന്നാൽ പൊതുക്കാര്യപ്രസക്തിയോടെ അദ്ദേഹം വളരെയൊന്നും പ്രവർത്തിച്ചിരുന്നില്ല. താൻ പുലർത്തിപ്പോരേണ്ട കുടുംബാംഗങ്ങളുടെ സംഖ്യയും പരിതഃസ്ഥിതികളുടെ പ്രാതികൂല്യവും അദ്ദേഹത്തെ പൊതുക്കാര്യവിഷയകമായി പ്രവർത്തിക്കുവാൻ സമ്മതിച്ചിരുന്നില്ല എന്നു തന്നെ പറയാം. എന്നാൽ ജനനേതാക്കന്മാരായവർ ആ നഗരിസംബന്ധിച്ച അനവധികാര്യങ്ങളിൽ അഥവാ ദേവാലയത്തെപ്പററിയുള്ള സംഗതികളിൽ അദ്ദേഹത്തിൻെറ തീരുമാനങ്ങൾക്കും ഉപദേശങ്ങൾക്കും ഗണ്യമായ വില കല്പിച്ചുപോന്നിരുന്നു. അതുപോലെതന്നെ വ്യക്തികൾക്കു്

വിഷമം നേരിടുന്ന പല ഘട്ടങ്ങളിലും അദ്ദേഹത്തിൻെറ ഉപദേശങ്ങൾ കാര്യമായി സ്വീകരിച്ചുപോന്നു. ഏതെങ്കിലും സംഗതികളെപ്പററി വഴക്കോ തക്കമോ ഇരുകക്ഷികൾ തമ്മിൽ ഉണ്ടായാൽ അതിലേയ്ക്കു് ഒരു മദ്ധ്യസ്ഥനായും അദ്ദേഹം ഗണിക്കപ്പെട്ടുവന്നു. ഭക്ഷണസന്ദർഭങ്ങളിൽ അദ്ദേഹത്തോടുകൂടി അയൽപക്കക്കാരോ സ്നേഹിതന്മാരോ ഉണ്ടായിരിക്കുകയും ഞങ്ങൾ കേൾക്കവേതന്നെ അനേകം ഗൗരവമേറിയ കാര്യങ്ങളേപ്പററി അപ്പോൾ അച്ഛൻ സംഭാഷണം നടത്തുകയും പതിവായിരുന്നു. അദ്ദേഹത്തിൻെറ സന്താനങ്ങളുടെ കാര്യബോധവും ബുദ്ധിശക്തിയും വദ്ധിക്കത്തക്ക വിധത്തിൽ പ്രയോജനകരമായിരുന്നു, ഈ സംഭാഷണങ്ങൾ. ഇത്തരം സംഭാഷണങ്ങളാൽ ന്യായമായും സ്വീകാര്യമായും ഉള്ളവ ഇന്നിന്നവയാണെന്നു ഞങ്ങൾക്കു് പലപ്പോഴും മനസ്സിലാക്കാമായിരുന്നു. സംഭാഷണങ്ങളിലെ ബുദ്ധിപരമായ പ്രവൎത്തനങ്ങളിൽ ഏർപ്പെട്ടുകനിമിത്തം ഭക്ഷണവിഭവങ്ങളെപ്പററിയുള്ള ശ്രദ്ധതന്നെ തുലോം കുറവായിരുന്നു. വിഭവങ്ങൾ ഏവയെല്ലാമാണെന്നോ അവ എങ്ങനെയെങ്ങനെയെല്ലാമാണു് പാകപ്പെടുത്തിയിട്ടുള്ളതെന്നോ താണതരത്തിലുള്ളവയോ മേൽത്തരത്തിൽപ്പെട്ടവയോ ആണെന്നോ ശ്രദ്ധിക്കുവാൻ ആരും മുതിന്നിരുന്നില്ല. ഈ പരിചയംനിമിത്തം ഭക്ഷണകാര്യങ്ങളിൽ അഥവാ ഭക്ഷണവിഭവപരിശോധനകളിൽ ഞാനും സാമാന്യം അശ്രദ്ധാലുവായിപ്പോയി. പഠിച്ചുവന്ന രീതി അതായിരുന്നല്ലോ. ഇങ്ങനെ ഭക്ഷണവിഭവങ്ങളോടുള്ള കരുതിക്കൂട്ടിയ അശ്രദ്ധനിമിത്തം ഇന്നും ഭക്ഷണംകഴിഞ്ഞു അല്പസമയത്തിനുള്ളിൽപ്പോലും വിഭവങ്ങൾ ഏവയായിരുന്നുഎന്നു് കൃത്യമായി പറയുവാൻ എനിക്കു സാധിക്കാതായിട്ടുണ്ടു്. യാത്ര ചെയ്യുന്ന അവസരങ്ങളിൽ എൻെറ കൂട്ടുകാർ ഓരോ വിഭവങ്ങളുടേയും പ്രത്യേകസ്വാദിൻെറ കാര്യത്തിൽ തല്പരരായും അവക്കു് ഇഷ്ടമില്ലാത്ത ആഹാരം കഴിക്കുന്നതുസംബന്ധിച്ചു് അത്യന്തം അതൃപ്തരായും കാണുമ്പോൾ, എനിക്കു് അത്തരം യാതൊരു സംതൃപ്തിയോ അസംതൃപ്തിയോ ഭക്ഷണവിഭവങ്ങൾ സംബന്ധിച്ചുണ്ടാകാറില്ല എന്നതു് കേവലം ഒരു പരമാൎത്ഥമാകുന്നു.

എൻെറ മാതാവും പിതാവിനെപ്പോലെ നല്ല ശരീരബലമുള്ള ആളായിരുന്നു. തൻെറ പത്തുമക്കൾക്കും മുലപ്പാൽ നൽകിപ്പോന്നതു് അമ്മതന്നെയായിരുന്നു. എൻെറ പിതാവാകട്ടെ, മാതാവാകട്ടെ മരണഘട്ടത്തിലൊഴികെ വല്ല സുഖക്കേടിലുംപെട്ടു് കിടപ്പിലായ ഏതെങ്കിലും ദിവസം ഞാൻ ഓക്കുന്നില്ല. പിതാവു 89-ാമത്തെ വയസ്സിലും മാതാവു് 85-ാമത്തെ വയസ്സിലും ഇഹലോക

വാസം അവസാനിപ്പിച്ചു. അവർ ഇരുവരും ബോസ്റ്റൺനഗരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു. അവിടെ ഏതാനുംവർഷംമുമ്പ് ഞാൻ മാർബിൾകല്ലുകൊണ്ട് താഴെകാണുന്ന രേഖാശില്പത്തോടുകൂടിയ ഒരു സ്മാരകശില സ്ഥാപിക്കുകയുണ്ടായി:—

"ജോസിനാ ഫ്രാൻക്ലിൻ, പത്നി അബിയായും
ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

അവരിരുവരും വിവാഹബന്ധത്തിൽ ഏർപ്പെട്ട്
പരസ്പരപ്രേമത്തോടെ
വർഷം അമ്പത്തിയഞ്ചു കഴിച്ചുകൂട്ടി.

യാതൊരു ഭൂസ്വത്തുടമയും ആദായക്കൂട്ടതലുള്ള
ഉദ്യോഗങ്ങളും കൂടാതെ,
നിരന്തരമായ അദ്ധ്വാനശീലവും
നിസ്തന്ദ്രതയുംകൊണ്ടുമാത്രം
ജഗദീശ്വരാനുഗ്രഹത്തോടെ
അവർ വലിയ ഒരു കുടുംബത്തെ
സസുഖം പോററിവളർത്തി,
പതിമ്മൂന്നു സന്താനങ്ങളേയും ഏഴു പൗത്രരേയും
ശ്രേയസ്കരമായി സംരക്ഷിച്ചു."

ഈ ഉദാഹരണത്തിൽനിന്ന് വായനക്കാരേ,
നിങ്ങളുടെ ഏതൊരു തൊഴിലിലും
നിസ്തന്ദ്രതയുള്ളപക്ഷം പ്രോത്സാഹനം
സുനിശ്ചിതമെന്നു കരുതുക.
ദൈവശക്തിയെ ഒരിക്കലും അവിശ്വസിക്കേണ്ട.

എൻെറ പിതാവ് ഈശ്വരഭക്തനും
പ്രായോഗികമതിമാനും.
അമ്മയോ ബുദ്ധിശാലിനിയും ഗുണവതിയും.

ഇവരുടെ ഏററവും ഇളയപുത്രൻ
മാതൃപിതൃസ്മരണസന്തോഷപരവശനായി
ഈ ശില സ്ഥാപിച്ചുകൊള്ളുന്നു.

ജോസിയാഫ്രാൻക്ലിൻ—ജനനം 1665-ൽ,
,, മരണം 1744-ൽ 89–ാംവയസ്സിൽ.
അബിയാഫ്രാൻക്ലിൻ—ജനനം 1667-ൽ,
,, മരണം 1752-ൽ 85–ാംവയസ്സിൽ.

എൻെറ ഈ അപ്രകൃതകഥനംകൊണ്ടു് എനിക്കു് വാൎദ്ധക്യം എത്തി എന്നുതെളിയുന്നു. ഞാൻ കുറെക്കൂടെ ചിട്ടയായി എഴുതി വന്നിരുന്നു. എന്നാൽ പൊതുവേയുള്ള നൃത്തശാലയിൽ എത്തുമ്പോളെന്നപോലെ വെറുതേ വീട്ടിലിരിക്കുമ്പോഠം ആരും ആഡംബരപ്രധാനമായി വസ്ത്രധാരണം നിർവ്വഹിക്കാറില്ലല്ലോ.

ആട്ടെ, പറഞ്ഞുവന്നകഥ തുടരുകതന്നെ. മുമ്പു പ്രസ്താവിച്ച വിധം ഞാൻ അച്ഛൻെറ വ്യവസായത്തിൽ ഒരു സഹകാരിയായി രണ്ടുവർഷം കഴിഞ്ഞു; അതായതു് എനിക്കു് വയസ്സ് പന്ത്രണ്ടാകുന്നതുവരെ. എൻെറ ജ്യേഷ്ഠസഹോദരനായ ജോൺ എന്നയാഠം ഈ വ്യവസായത്തിൽ ഏൎപ്പെട്ടിരുന്നുവെങ്കിലും വിവാഹംകഴിഞ്ഞു് വധുവോടൊന്നിച്ചു് റോഡ്-ദ്വീപിലേയ്ക്കു താമസംമാററിയതിനാൽ ആ കുറവുമുഴുവൻ ഞാൻതന്നെ നികത്തണം എന്നുവന്നുകൂടി. ഒരു മെഴുകുതിരിനിൎമ്മാതാവായിത്തീരാൻ ഞാൻ നിർബന്ധിതനായി. എന്നാൽ ഈ വ്യവസായത്തോടു എനിക്കുതോന്നിയ നീരസം തുടരുകയാൽ അച്ഛൻ, മറെറാരുപുത്രനായ ജോസിയാ ചെയ്തതുപോലെ കപ്പൽസഞ്ചാരിയായി ഞാൻ കടന്നുകളയുമെന്നു കുണ്ഠിതപ്പെടുകയും അതിനാൽ തക്കതായ മറെറാരുജോലിയിൽ എന്നെ ഏൎപ്പെടുത്തണമെന്നു് ഉദ്ദേശിക്കുകയുംചെയ്തു. ഞാൻ വിട്ടുപോകാതിരിക്കുവാൻ അച്ഛൻതന്നെ എന്നെ പലപ്പോഴും സായാഹ്നസവാരികളിൽകൂടെ കൊണ്ടുപോവുകയും, മരക്കഷണങ്ങളുടെ കൂട്ടിച്ചേൎപ്പുകാർ, ഇഷ്ടികപടുക്കുന്നവർ, മരപ്പണിക്കാർ, ലോഹവേലക്കാർ മുതലായവരെ കാട്ടിത്തരികയും അവരെപ്പോലെ കടലിലല്ലാതെ കരകളിൽ വേലയെടുത്തു കാലക്ഷേപംകഴിക്കുവാൻ എനിക്കും ഒരു ബുദ്ധിതോന്നുവാൻ വേണ്ടവിധം ശ്രമിക്കുകയുംചെയ്തുപോന്നു. നല്ല ഒന്നാംതരം ജോലിക്കാർ അവരുടെ ഉപകരണങ്ങഠം വേലയ്ക്കുവേണ്ടി പെരുമാറുന്നതു് എനിക്കു് ഏററവും രസകരമായ ഒരു കാഴ്ചയായിരുന്നിട്ടുണ്ടു്. വേലക്കാരെക്കിട്ടാതെയാകുമ്പോഴോ എന്തെങ്കിലും പരീക്ഷണങ്ങഠം നടത്തുന്നതിനുള്ള അഭിലാഷം നിറവേററാൻ വേണ്ട യന്ത്രങ്ങഠം നിൎമ്മിക്കേണ്ടിവരുമ്പോഴോ ഇത്തരം സാമഗ്രികഠംകൊണ്ടു് അന്യർ പെരുമാറുന്നതു കണ്ടുപഠിച്ചതു് പ്രയോജനകരമായിരുന്നിട്ടുണ്ടു്. ഒടുവിൽ പിതാവു് എന്നെ ഒരു പേനാക്കത്തിക്കച്ചവടക്കാരനായിരിക്കാൻ വേണ്ട ഏൎപ്പാടുകഠംചെയ്തു. എൻെറ പിതൃവ്യനായ ബഞ്ചമിൻെറ പുത്രൻ സാമുവൽ എന്നയാഠം ഉരുക്കുസാമാനക്കച്ചവടത്തിൽ പരിചിതനായി ലണ്ടനിൽ കഴിഞ്ഞുകൂടുകയായിരുന്നു. ആ സഹോദരൻ അക്കാലത്തു് ബോസ്റ്റൺനഗരിയിൽ താമസിക്കാൻ വന്നുചേൎന്നി

രുന്നു. എന്നെ ആ സഹോദരനോടുകൂടികഴിഞ്ഞു വ്യാപാരഗതികൾ മനസ്സിലാക്കുവാനാണു് പിതാവു നിയോഗിച്ചതു്. ഇതിലേയ്ക്കു് ആ സഹോദരൻ പ്രത്യേകം ഒരു ഫീസ്സ് ആവശ്യപ്പെടുകയും അതു പിതാവിന്നു് രസിക്കാതെവരികയും ചെയ്കയാൽ എന്നെ വീണ്ടും വീട്ടിലേയ്ക്കുതന്നെ കൂട്ടിക്കൊണ്ടുപോയി.

ശൈശവകാലംതൊട്ടേ എനിക്കു് പുസ്തകവായനയോടു ഒരു പ്രത്യേക പ്രതിപത്തിതോന്നിയിരുന്നു. എനിക്കു് ഏതെങ്കിലും വിധത്തിൽ എത്ര ചെറുസംഖ്യ ലഭിച്ചിരുന്നാലും ഞാൻ അതു് പുസ്തകങ്ങൾവാങ്ങുവാൻ വിനിയോഗിച്ചുപോന്നു. തീൎത്ഥയാത്രികന്റെ പുരോഗതി(പിലിഗ്രിംസ് പ്രോഗ്രസ്സ്) എന്ന ഗ്രന്ഥമാണു് ആദ്യമായി ഞാൻ വാങ്ങിയതു്. തുടൎന്നു് ജോൺ ബനിയന്റെ കൃതികൾ ചെറുശേഖരണരൂപത്തിൽ ലഭിച്ചവ ഞാൻ വാങ്ങി. അവയെ ഞാൻ പിന്നീടു് ആർ. ബർട്ടൺ എന്ന ഗ്രന്ഥകാരന്റെ ചരിത്രസംബന്ധികളായ ഗ്രന്ഥങ്ങൾ വാങ്ങാൻ പണത്തിനുവേണ്ടി വിററു. ആ ഗ്രന്ഥങ്ങൾ ചെറുതരം ചാപ്മൻ പുസ്തകങ്ങളായിരുന്നു. ആകപ്പാടേ നാൽപ്പതോ അൻപതോ എണ്ണം. വില വളരെകുറവും. എന്റെ അച്ഛന്റെ ചെറുതായ പുസ്തകശാലയിൽ ഉണ്ടായിരുന്നവ മതസംബന്ധമായ അഭിപ്രായഭിന്നതകളും വാദപ്രതിവാദങ്ങളും അടങ്ങിയ ഏതാനും ഗ്രന്ഥങ്ങളായിരുന്നു. അവയിൽ മിക്കതും ഞാൻ വായിച്ചുതീൎത്തു. ഞാൻ ദേവാലയം സംബന്ധിച്ച ജീവിതത്തിൽ ഏൎപ്പെടുന്നില്ല എന്നുവന്ന സ്ഥിതിക്കു എനിക്കു വായിക്കുവാൻ ആ പുസ്തകശേഖരണത്തിൽ മററു യാതൊരു ഗ്രന്ഥവും ഇല്ലല്ലോ എന്നകാൎയ്യം സങ്കടകരമായിരുന്നു. പ്ലൂട്ടാൎക്കിന്റെ ജീവചരിത്രങ്ങൾ എനിക്കു വായിക്കാൻ ലഭിച്ചു. അവ വായിക്കുവാൻ ചെലവാക്കിയ സമയം വളരെ പ്രയോജനകരമായി എന്നുതന്നെ ഇന്നും ഞാൻ കരുതുന്നു. ആസൂത്രണങ്ങൾസംബന്ധിച്ച ഉപന്യാസം എന്നപേരിൽ ഡീഫോയുടെ ഒരു കൃതി ലഭിച്ചതും ഞാൻ വായിച്ചു. 'നന്മചെയ്യാനുള്ള പ്രസംഗം' എന്ന പേരിൽ ഡാക്ടർ മാഥരുടെ ഒരു ഗ്രന്ഥവും ഞാൻ വായിക്കുകയുണ്ടായി. എന്റെ ഭാവിജീവിതം സംബന്ധിച്ച ചില പരിപാടികൾ ആസൂത്രണംചെയ്യാൻ ഈ പുസ്തകം പ്രയോജകീഭവിച്ചു.

ഇങ്ങനെ എനിക്കു പുസ്തകങ്ങളോടു തോന്നിയ പ്രതിപത്തി മനസ്സിലാക്കിയ അച്ഛൻ എന്നെ ഒരു അച്ചടിശാലക്കാരനാക്കുവാൻ തീരുമാനിച്ചു. ജെയിംസ് എന്ന എന്റെ സഹോദരനു് ഈ തൊഴിലായിരുന്നു ജീവിതമാൎഗ്ഗം. 1717-ൽ എന്റെ സഹോ

ദരൻ ഇംഗ്ലണ്ടിൽനിന്ന ബോസ്റ്റണിൽ ഒരു അച്ചടിശാല സ്ഥാപിക്കുവാൻഎത്തി. അതു് അച്ഛൻ ഏൎപ്പെടുത്തിയ അച്ചടിയന്ത്രത്തെക്കാൾ എത്രയോ നല്ലതായിരുന്ന എന്ന എനിക്കുതോന്നി. എന്നാലും കപ്പൽയാത്രസംബന്ധിച്ച കൊതി അന്നും എന്നെ വിട്ടിരുന്നില്ല. ഈ സംഗതി മനസ്സിലാക്കിയ അച്ഛൻ എന്നെ കടലിലേയ്ക്കു വിടാതിരിക്കുവാൻ ജ്യേഷ്ഠസഹോദരനോടുകൂടി ജോലിയിൽ ഏൎപ്പെടണമെന്നുതന്നെ ആജ്ഞാപിച്ചു. അല്പകാലത്തേയ്ക്കു് ഈ അഭിപ്രായത്തോടു ഞാൻ അത്രയോജിച്ചില്ലഎങ്കിലും ഒടുവിൽ കീഴടങ്ങി. കേവലം പന്ത്രണ്ടുവയസ്സാണു് അന്നു് എനിക്കു്. എന്നാലും ആ പ്രവൎത്തനംസംബന്ധിച്ചു് എഴുതിക്കൊടുക്കേണ്ട രേഖകളിൽ ഒപ്പുവെച്ചു. എനിക്കു് ഇരുപത്തിയൊന്നുവയസ്സാകുന്നതുവരെ ജ്യേഷ്ഠൻെറ മേൽനോട്ടത്തിൽ അച്ചടിക്കാൎയ്യങ്ങളിൽ ഏൎപ്പെട്ടുകൊള്ളാമെന്നായിരുന്നു, വ്യവസ്ഥ. ഇതിൽ ഒടുവിലത്തെവൎഷത്തിൽ മാത്രമാണു് ദിവസശ്ശമ്പളക്കാരൻെറകൂലിക്കു് എനിക്കു അൎഹത സിദ്ധിക്കുന്നതു്. ഇങ്ങനെ ഏൎപ്പെട്ട ഞാൻ അല്പകാലത്തിനുള്ളിൽ അച്ചടിവേലയിൽ ഗണ്യമായ പരിചയം സമ്പാദിച്ചു. ജ്യേഷ്ഠനു എന്നെക്കൊണ്ടു് വളരെ പ്രയോജനവുമുണ്ടായി. ഇക്കാലത്തു എനിക്കു് കൂടുതൽ പുസ്തകങ്ങൾ വായിക്കുവാൻ ലഭിച്ചു. പുസ്തകക്കച്ചവടക്കാരുടെകീഴിൽ വേലയഭ്യസിക്കുന്ന ചില ആളുകളുടെ പരിചയംമുഖേന പുതിയ പുസ്തകങ്ങൾ കടംവാങ്ങി വായിക്കാൻ സാധിച്ചു. യാതൊരു കേടുംപററാതെ അതേരീതിയിൽതന്നെ ഉടൻ തിരിച്ചുകൊടുക്കുകയും ചെയ്തുപോന്നു. പലപ്പോഴും പുസ്തകങ്ങൾ പിറേറന്നു രാവിലേ തിരിച്ചുകൊടുക്കേണ്ടവയായതുകൊണ്ടു് സന്ധ്യമുതൽ പുലരുന്നതുവരെ ഞാൻ വായനയിൽ ഏൎപ്പെട്ട ദിവസങ്ങളും അപൂൎവ്വമല്ലായിരുന്നു.

ഇങ്ങനെകഴിയവേ, മി: മാത്ത്യൂആഡംസ് എന്നു പേരായി ബുദ്ധിമാനായ ഒരു കച്ചവടക്കാരനുമായി ഞാൻ പരിചയപ്പെട്ടു. ധാരാളംപുസ്തകങ്ങൾശേഖരിച്ചിട്ടുള്ള അദ്ദേഹം ഞങ്ങളുടെ അച്ചടിശാലയിൽ ഇടവിടാതെ വന്നുകൊണ്ടിരുന്നു. ഞങ്ങൾതമ്മിൽ പരിചയപ്പെട്ടതോടെ ആ വ്യാപാരി എന്നെ അദ്ദേഹത്തിൻെറ പുസ്തകശാലയിലേയ്ക്കു് ക്ഷണിക്കുകയും എൻെറ അഭിമതം അനുസരിച്ചുള്ള പുസ്തകങ്ങൾ എടുത്തു വായിച്ചുകൊള്ളാൻ സൗകൎയ്യം തരികയും ചെയ്തു. അക്കാലത്തു് എനിക്കു കവിതയോടാണു് ഒരു പ്രത്യേക പ്രതിപത്തി തോന്നിയതു്. ഇടയ്ക്കിടെ ചില ചെറുകവനങ്ങൾ രചിക്കുവാനും കൗതുകംതോന്നിയിരുന്നു. എൻെറ ഈ പദ്യരചന ആദായകരമായ ഒരു മാൎഗ്ഗമായേക്കും എന്നുകരുതി ജ്യേഷ്ഠനും

എന്നെ പ്രോത്സാഹിപ്പിച്ചുവന്നു. സന്ദർഭോചിതങ്ങളായ ചില നാടോടിപ്പാട്ടുകൾ എഴുതുവാനായിരുന്നു അദ്ദേഹം ചെലുത്തിയ പ്രേരണ. ക്യാപ്റ്ററൻ 'വത്തിലേക്ക്' അദ്ദേഹത്തിൻെറ രണ്ടു പുത്രിമാരോടുകൂടി കപ്പൽമുങ്ങി ജീവഹാനിയ്ക്കിടയായതു് ആസ്പദമാക്കി 'ദീപസ്തംഭത്തിലെ ദുഃഖാവസായിസംഭവം' എന്നൊരു ഗാനമായിരുന്നു അത്തരം കവനങ്ങളിൽ ഒന്നു്. മററൊന്നാകട്ടെ, 'ടീച്ച്' എന്നു പേരായ കടൽക്കള്ളനെ പിടികൂടിയതു് സംബന്ധിച്ചും. ഇവയെല്ലാം വളരെ മോശപ്പെട്ട കവിതകളായിരുന്നു. ഇവ അച്ചടിപ്പിച്ചു ജ്യേഷ്ഠൻ ടൗണിൽ കൊണ്ടുപോയി വിററഴിച്ചുവരാൻ എന്നെത്തന്നെ നിയോഗിച്ചു. ഇവയിൽ ആദ്യകൃതി അത്ഭുതകരമായവിധം വിററുതീൎന്നു. അതിലെ സംഭവം ആയിടെ നടന്നതായിരുന്നു എന്നതാവാം ഇതിലേയ്ക്കുള്ള ഹേതു. അന്നു ബഹുജനങ്ങൾ ആ സംഭവത്തെ അത്ര ഖേദത്തോടെ വീക്ഷിച്ചിരുന്നു. ഇങ്ങനെ എൻെറ ഒരു കൃതി അത്ര എളുപ്പം വിററഴിഞ്ഞതു എനിക്കു് പ്രത്യേകമായ ഒരു ദുരഭിമാനത്തിന്നു് വകതന്നു. എന്നാൽ അച്ഛൻ ഈ പദ്യങ്ങൾ കണ്ടു് എന്നേ വളരെ ആക്ഷേപിക്കുകയും കഴിയുംവിധം നിരുത്സാഹപ്പെടുത്തുകയുംചെയ്തു. പദ്യമെഴുത്തുകാരെല്ലാം പൊതുവേ ദരിദ്രരായിരിക്കും എന്നുകൂടെ അച്ഛൻ പറഞ്ഞു. ഇങ്ങനെ ഞാൻ ഒരു കവിയാകാതെ കഴിഞ്ഞു. എന്നാൽ ഗദ്യരചന എനിക്കു വളരെ പ്രയോജനപ്പെട്ടിട്ടുള്ളതുകൊണ്ടും എൻെറ പുരോഗതിയ്ക്കു് അതൊരു പ്രധാനകാരണമായിട്ടുള്ളതുകൊണ്ടും ഞാൻ ഗദ്യരചന എങ്ങനെ വശത്താക്കി എന്ന വിവരങ്ങൾ ചുവടേ വെളിവാക്കിക്കൊള്ളാം.

ആ നഗരിയിൽ എന്നെപ്പോലെതന്നെ പുസ്തകവായനയിൽ അതീവതല്പരനായ മറെറാരുബാലനും ഉണ്ടായിരുന്നു. ജോൺ കോളിൻസ് എന്ന ആ കുട്ടിയും ഞാനും ആത്മസുഹൃത്തുക്കളായിരുന്നു. ഞങ്ങൾ പലപ്പോഴും പല കാൎയ്യങ്ങളെപ്പററിയും തമ്മിൽ തൎക്കിച്ചിട്ടുണ്ടു്. രണ്ടുപേരും പുത്തൻവാദമുഖങ്ങൾ അവതരിപ്പിക്കുവാൻ വളരെ ശ്രമിച്ചിട്ടുമുണ്ടു്. ഇത്തരം വാദപ്രതിവാദസ്വഭാവം ഏറിയക്രമം പരസ്പരകലഹത്തിലായിരിക്കും അവസാനിക്കുക. എനിക്കു ഇങ്ങനെ പുതിയ വാദമുഖങ്ങൾ സൃഷ്ടിക്കുവാനുള്ള ശക്തി മതംസംബന്ധിച്ച വാദപ്രതിവാദങ്ങൾ അടങ്ങിയതും അച്ഛൻ സൂക്ഷിച്ചിരുന്നതും ആയ ഗ്രന്ഥശേഖരവുമായി പരിചയപ്പെട്ടതു നിമിത്തം സിദ്ധിച്ചതായിരിക്കാം. വക്കീലന്മാർ, സൎവ്വകലാശാലാ പണ്ഡിതന്മാർ എന്നിവരെക്കഴിഞ്ഞാൽ വാദപ്രതിവാദംകൊണ്ടു മുഷിയാത്തവർ ഇല്ലെന്നുതന്നെ പറയാം.

ഒരിക്കൽ ഞാനും കോളിൻസും ഒരു വാദവിഷയംസംബന്ധിച്ച് ഭിന്നാഭിപ്രായക്കാരായി. സ്ത്രീജനങ്ങളെ പുരുഷന്മാക്കൊപ്പം വിദ്യാഭ്യാസം ചെയ്യിക്കുന്നത് ആശാസ്യമാണോ എന്നും അവക്ക് അത്രയൊക്കെ ബുദ്ധിവൈഭവം ഉണ്ടോ എന്നുമായിരുന്നു വാദവിഷയം. സ്ത്രീകൾക്കു വിദ്യാഭ്യാസം നൽകുന്നതു ശരിയല്ലെന്നും അവക്ക് സ്വാഭാവികമായിത്തന്നെ പുരുഷന്മാക്കൊപ്പം ബുദ്ധിശക്തിയില്ലാ എന്നുമായിരുന്നു, കോളിൻസിൻെറ അഭിപ്രായം. ഞാനാകട്ടെ, വാദത്തിനുവേണ്ടിത്തന്നെ എന്നുപറയാം, സ്നേഹിതൻെറ അഭിപ്രായത്തിനു വിരുദ്ധമായും നിലകൊണ്ടു. കോളിൻസ് സ്വാഭാവികമായിത്തന്നെ ഒരു വാചാലനും വാക്പ്രയോഗത്തിൽ ബഹുനിപുണനും, കാൎയ്യകാരണബന്ധത്തിൻെറ ബലത്തെക്കാൾ വാക്പ്രകാശനത്തിൻെറ വൈഭവംകൊണ്ട് എതിരാളിയെ തോല്പിക്കത്തക്ക സമൎത്ഥനും ആയിരുന്നു. ഞങ്ങൾ വാദപ്രതിവാദവിഷയത്തെപ്പററി യാതൊരു തീരുമാനത്തിലും എത്തിച്ചേരാതെ അങ്ങനെ പിരിഞ്ഞിട്ട് ഏതാനുംനാൾ തമ്മിൽ കാണുകയുണ്ടായില്ല. ഇതിനിടയ്ക്കു വാദമുഖങ്ങളെ കടലാസിലാക്കി അവയുടെ നല്ലൊരുപ്രതി ഞാൻ കോളിൻസിനു അയച്ചുകൊടുത്തു. അയാൾ അതിനു മറുപടി തന്നു. അതിനു മറുപടി ഞാനും നൽകി. മൂന്നുനാലുവട്ടം എഴുത്തുകുത്തുകൾ ആയി. അങ്ങനെ കഴിയവേ ഞങ്ങളുടെ ഈ കത്തിടപാടുകൾ അച്ഛൻ കാണുന്നതിനിടവന്നു. അദ്ദേഹം എൻെറ കത്തുകൾ വായിച്ചു. എൻെറ പ്രതിയോഗിയെ അപേക്ഷിച്ച് അക്ഷരത്തെററില്ലായ്മയും കാൎയ്യപ്രസക്തിയും എൻെറരചനയിൽ കൂടുതലായി കാണുന്നുണ്ടെന്നും, എന്നാൽ പദപ്രയോഗങ്ങളുടെ സൗന്ദൎയ്യം, പ്രതിപാദനരീതി, ആശയങ്ങളുടെ സരളമായ ആവിഷ്കരണസ്വഭാവം എന്നിവയിൽ എൻെറ രചന അല്പം താണതാണെന്നും ചൂണ്ടിക്കാണിച്ചു. അച്ഛൻ പറഞ്ഞ ന്യൂനതകൾ എനിക്കും ബോദ്ധ്യപ്പെട്ടു അന്നുതൊട്ട് ഗദ്യരചനയിൽ ഞാൻ കൂടുതൽ ശ്രദ്ധിക്കുകയും അഭിവൃദ്ധിയിലെത്തുവാൻ നിരന്തരം യത്നിക്കുകയും ചെയ്തുപോന്നു.

ഏകദേശം ഇക്കാലത്ത് 'സ്പെക്ടേററർ' എന്ന കാലികപ്രസിദ്ധീകരണത്തിൻെറ ഒരു പ്രതി എനിക്കു കാണുവാൻ സാധിച്ചു. അതു് മൂന്നാമത്തെ ലക്കമായിരുന്നു. അത്തരത്തിലുള്ള ഒരു പത്രവും ഞാൻ അതിനുമുമ്പ് കണ്ടിരുന്നില്ല. ഞാൻ ഒരു 'സ്പെക്ടേററർ' വാങ്ങി ആവൎത്തിച്ചുവായിച്ചു. ആ വായന അത്യന്തം ആഹ്ലാദകരമായി. അതിലെ ഗദ്യരീതി ഒന്നാംതരമായിരുന്നതിനാൽ ആ രചനാകൗശലം അനുകരിച്ചാൽ കൊള്ളാമെന്ന് എനിക്കുതോന്നി.

ഈ ഉദ്ദേശത്തോടെ ഞാൻ സ്പെക്ടേറ്റർലക്കങ്ങൾ എടുത്ത് ഓരോ വാക്യത്തിലുമുള്ള പ്രധാനാശയം കുറിച്ചെടുത്ത് ഏതാനും നാൾ അവ സൂക്ഷിച്ചശേഷം എന്റെ സ്വന്തം വാക്കുകളിൽ ആ ആശയങ്ങളെ പൂരിപ്പിച്ച് എഴുതി. അനന്തരം മൂലഗ്രന്ഥഭാഗമായ സ്പെക്ടേറ്റർവാക്യങ്ങളുമായി താരതമ്യപ്പെടുത്തിനോക്കി. ചില ഭാഗങ്ങളിൽ വന്നുചേർന്ന അപൂർണ്ണതകളും തെറ്റുകളും ഞാൻ ശരിപ്പെടുത്തി. ഇങ്ങനെ ശരിക്കു മാറ്റിയെഴുതുന്നതിന് എന്റെ സ്വാധീനത്തിൽ കുറേയധികം വാക്കുകളുണ്ടായിരിക്കണമെന്ന് എനിക്കു ബോദ്ധ്യപ്പെട്ടു. മുമ്പു പരിചയിച്ച പദ്യമെഴുത്തുരീതി തുടർന്നിരുന്നുവെങ്കിൽ അത്തരം ധാരാളം പദങ്ങൾ സ്വാധീനമാക്കാനും സന്ദർഭാനുഗുണമായ ശബ്ദങ്ങൾ പ്രത്യേകം തിരഞ്ഞെടുത്തു പ്രയോഗിക്കുവാനും എനിക്കു സാധിക്കുമായിരുന്നു. അതിനാൽ ഈ ഘട്ടത്തിൽ ഞാൻ പദ്യമെഴുത്തുതന്നെ ഒന്നുകൂടെ പരിശീലിക്കാമെന്നുകരുതി "സ്പെക്ടേറ്ററിലെ" ചില കഥകൾ തിരഞ്ഞെടുത്ത് അവയെ പദ്യത്തിലാക്കി പരിചയിച്ചുപോന്നു. ആ പദ്യഭാഗങ്ങൾ വീണ്ടും ഗദ്യത്തിൽ വിപരിണാമം വരുത്തിനോക്കി. ചിലപ്പോൾ മേൽപ്പറഞ്ഞ കുറിപ്പുവാക്യങ്ങൾ എല്ലാംകൂടെ ക്രമംതെറ്റിക്കലർത്തുകയും ഏതാനും ആഴ്ചകൾക്കുശേഷം ക്രമീകരിച്ചെഴുതുകയുംചെയ്തു. ഇത് ആശയങ്ങളേയും ചിന്തകളേയും ചില മുറകൾ അനുസരിച്ച് അടുക്കി രചിക്കുവാൻ പഠിപ്പിച്ചു. എന്റെ ഈ രചനാഭ്യസനഫലങ്ങൾ മൂലഗ്രന്ഥവാക്യങ്ങളോട് യോജിക്കുന്നുണ്ടോ എന്നു പരിശോധിച്ച് വൈകല്യങ്ങളെല്ലാം ഞാൻതന്നെ പരിഹരിച്ചു. ചില ചില്ലറ അംശങ്ങളിൽ ആസൂത്രണവും ഭാഷയും മെച്ചപ്പെട്ടതാകുന്നുണ്ട് എന്ന് എനിക്കുതന്നെ തോന്നി. ഇതുനിമിത്തം ഈ അഭ്യസനം തുടർന്നുപോകുന്നപക്ഷം എനിക്ക് ഒരു നല്ല ഇംഗ്ലീഷ് ഗദ്യകാരനാകാമെന്നുള്ള വിശ്വാസവും ജനിച്ചു. ഈ നില കിട്ടുകയെന്നതായിരുന്നു എന്റെ ഏറ്റവും വലിയ ആഗ്രഹവും. ഈ അഭ്യസനങ്ങൾക്കും പുസ്തകവായനയ്ക്കും ഞാൻ വിനിയോഗിച്ചുപോന്ന സമയം രാത്രിയിലെ മണിക്കൂറുകൾ ആയിരുന്നു. രാവിലെ മറ്റുജോലികൾ ആരംഭിക്കുന്നതിനുമുമ്പിലും, ഞായറാഴ്ചദിവസങ്ങളിൽ അച്ചടിശാലയിൽ ഞാൻ ഏകാകിയായി കഴിയുമ്പോഴും ഇതുതന്നെയായിരുന്നു ജോലി. അച്ഛനോടുകൂടി താമസിക്കുമ്പോൾ, നിർബ്ബന്ധപൂർവ്വം നടത്തിവന്ന ദേവാലയാരാധനകളിൽ പങ്കുകൊള്ളുക എന്ന ചടങ്ങ് ഞായറാഴ്ചതോറും അനുവർത്തിച്ചുപോന്നുവെങ്കിലും, അത് സ്വന്തം ചുമതലയായി എന്നും കരുതിയിരുന്നുവെങ്കിലും ആ കൃത്യത്തിൽ ഞാൻ അത്ര ശ്രദ്ധാലുവായിരുന്നില്ല.

എനിക്കു ഏകദേശം വയസ്സു പതിനാറായപ്പോൾ, ട്രിൺയ എന്നൊരാൾ എഴുതിയ 'സസ്യാഹാരപ്രാധാന്യം' കാട്ടുന്ന ഒരുപുസ്തകംവായിക്കുവാൻ ഇടയായി. ആ വായനനിമിത്തം സസ്യാഹാരം മാത്രം കഴിക്കുവാൻ എനിക്കൊരു പ്രതിപത്തിതോന്നി. ജ്യേഷ്ഠൻ അന്നുവിവാഹംകഴിച്ചുകുടുംബജീവിതം ആരംഭിച്ചിട്ടില്ലായിരുന്നു. അതിനാൽ അദ്ദേഹവും കീഴിൽ പരിശീലനംനടത്തുന്നവരും അടുത്തൊരു വീട്ടിലാണു് ആഹാരം കഴിച്ചുപോന്നതു്. അവിടെ ഞാൻ മാത്രം മാംസംതൊടുകയില്ല എന്നുവന്നതു് വലിയ അസൗകര്യങ്ങളുണ്ടാക്കി എല്ലാപേരുംകൂടെ എന്നെ അധിക്ഷേപിക്കുകയായി. ട്രിയൺ അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിച്ചിരുന്നതുപോലെ സസ്യാഹാരങ്ങൾ പാകപ്പെടുത്തുവാൻ ഞാനും ഒന്നു ശ്രമിച്ചു. ഉരുളൻകിഴങ്ങു പാകപ്പെടുത്തുക, അരിവേകിച്ചെടുക്കുക, ബദ്ധപ്പെട്ടു് പായസപ്പരുവത്തിലുള്ള ഭക്ഷ്യസാധനം ഉണ്ടാക്കുക എന്നിവയിൽ തെല്ലൊരു പരിചയം സമ്പാദിച്ചു ജ്യേഷ്ഠൻ എൻെറ ഭക്ഷണകാര്യങ്ങൾക്കു് ആ വീട്ടിൽ കൊടുത്തുവന്ന തുകയിൽ പകുതിഭാഗംമാത്രം എൻെറ കൈയിലേൽപ്പിക്കുന്നപക്ഷം ഞാൻ സ്വയം ഭക്ഷണം പാകപ്പെടുത്തിക്കൊള്ളാമെന്നു് അദ്ദേഹത്തെ അറിയിച്ചു. ജ്യേഷ്ഠൻ അതു സമ്മതിച്ചു. അദ്ദേഹം തന്നതിൽ പകുതിഭാഗം ഞാൻ ലാഭിച്ചു. ജ്യേഷ്ഠനും കൂടെയുള്ളവരും അച്ചടിശാലവിട്ടു് ആഹാരം കഴിക്കുവാൻ പോകുമ്പോൾ ഞാൻ അവിടെയിരുന്നു് അല്പം ബിസ്കറേറാ റൊട്ടിക്കഷണമോ പയറുവർഗ്ഗങ്ങൾ പാകപ്പെടുത്തിയതോമാത്രംതിന്നു തെല്ലു പച്ചവെള്ളവും കുടിച്ചു അവർ തിരിയെ വന്നുചേരുന്നതുവരെ എൻെറ സ്വന്തം വായനയിലും രചനയിലും ഏർപ്പെട്ടുക പതിവായിരുന്നു. ഭക്ഷണപാനീയങ്ങളിൽ മിതത്വം പരിപാലിക്കുന്നതു ചിന്താശക്തിയുടേയും ബുദ്ധിശക്തിയുടേയും പ്രവർത്തനങ്ങൾക്കു് കൂടുതൽ സഹായകരമാകുമല്ലോ.

ഇക്കാലത്തായിരുന്നു ഗണിതശാസ്ത്രം സംബന്ധിച്ചുള്ള എൻെറ അജ്ഞത ലജ്ജാകരമായി എനിക്കു് തോന്നിയതു്. പള്ളിക്കൂടത്തിലായിരുന്നപ്പോൾ രണ്ടുതവണ കണക്കുശാസ്ത്രപഠനത്തിനു ഞാൻ ശ്രമിച്ചുവെങ്കിലും പരാജയപ്പെടുകയാണുണ്ടായതു്. എന്നാൽ ഇപ്പോൾ കോക്കറുടെ കണക്കബുക്കു് എന്ന പുസ്തകം വാങ്ങി സ്വന്തമായിത്തന്നെ അതു മുഴുവനും വായിച്ചുപഠിച്ചു. കപ്പലോട്ടംസംബന്ധിച്ചു് സെല്ലർ, ഷേർമി എന്നിവരെഴുതിയ ഗ്രന്ഥങ്ങളും ഞാൻ വാങ്ങിവായിച്ചു. അവയിലുണ്ടായിരുന്ന അല്പമാത്രമായ ക്ഷേത്രഗണിതഭാഗങ്ങൾ ഞാൻ മനസ്സിലാക്കി. എന്നാൽ ആ ശാസ്ത്രത്തിൽ ഞാൻ പിന്നീടും പുരോഗമിക്കുകയുണ്ടായില്ല.

ഏകദേശം ഇക്കാലത്തു്. മനുഷ്യബോധനം അഥവാ വസ്തുതാഗ്രഹണം എന്ന ലോക്കിൻെറ കൃതിയും, മെസേഴ്സ് ഡ്യൂ പോർട്ട്റായൽ എന്നിവരുടെ 'ചിന്തനകല' എന്ന ഗ്രന്ഥവും ഞാൻ വായിക്കുകയുണ്ടായി.

ഇംഗ്ലീഷ് ഭാഷാപരമായ അഭിവൃദ്ധി നേടണമെന്നു് ഉദ്ദേശിച്ചുകഴിയുന്ന എനിക്കു് ഗ്രീൻവുഡിൻെറ ഇംഗ്ലീഷുവ്യാകരണം എന്ന ഗ്രന്ഥം കിട്ടി. ആ ഗ്രന്ഥത്തിൻെറ അവസാനത്തിലെ രണ്ടദ്ധ്യായങ്ങൾ സാഹിത്യഭാഗം, തക്ശാസ്ത്രാംശം എന്ന രണ്ടു വിഷയങ്ങളെപ്പററിയാണു്. ഇവയിൽ തക്ശാസ്ത്രാംശം സോക്രട്ടീസ്സിൻെറ പദ്ധതിയനുസരിച്ചുള്ള വാദപ്രതിവാദത്തിൻെറ മാതൃക കാട്ടുന്നതായിരുന്നു. ഇതു വായിച്ചുകഴിഞ്ഞതോടെ ഞാൻ ക്സെനോഫോൺ-ൻെറ "സോക്രട്ടീസ്സ് സ്മരണകൾ" എന്ന ഗ്രന്ഥത്തിലെ വാദപ്രതിവാദഭാഗങ്ങൾ വായിച്ചു മനസ്സിലാക്കി. ആ ഭാഗങ്ങൾ അത്യന്തം മനോഹരങ്ങളായതിനാൽ ഞാൻ അവയെ അനുകരിക്കുകയും അത്യധികം സ്വപ്രത്യയത്തോടെ ഉടനടി മറുവാദം പുറപ്പെടുവിക്കുന്നസമ്പ്രദായത്തെ ഉപേക്ഷിക്കുകയും ഒരുസംശയാലുവായ അന്വേഷകൻെറ വിനീതനിലമാത്രം സ്വീകരിക്കുകയുംചെയ്തു. ഷാഫ്ററ്ബറി, കോളിൻസ് എന്നീഗ്രന്ഥകാരകൃതികൾവായിച്ചു് നമ്മുടെ മതസംബന്ധികളായ സിദ്ധാന്തങ്ങളെപ്പററി ഞാൻ മുമ്പുതന്നെ ഒരുസംശയാലുവായിത്തീന്നിരുന്നു. ഈ പദ്ധതി എന്നെസ്സംബന്ധിച്ചിടത്തോളം ഏററവും ഭദ്രവും എതിരാളികൾക്കു് വളരെ കുഴപ്പമുണ്ടാക്കുന്നതും ആയിരുന്നു അതിനാൽ ഈ പദ്ധതിയിൽ എനിക്കൊരു പ്രത്യേക ആഹ്ലാദംതോന്നി. അതു നിരന്തരം അഭ്യസിച്ചു സിദ്ധമാക്കി. കൂടുതൽ പാണ്ഡിത്യമുള്ളവരെപ്പോലും ആകഷിക്കുവാനും അവർ അറിയാതെതന്നെ വാദപ്രതിവാദങ്ങളിൽ എതിർഭാഗം സമ്മതിച്ചുകൊടുക്കുകയും വിമുക്തിനേടാൻ വയ്യാത്ത വൈഷമ്യങ്ങളിൽ ചെന്നുചാടിപ്പോകുകയുംചെയ്യുന്ന വാദപദ്ധതികൾ രൂപീകരിക്കുവാനും ഇതുകൊണ്ടു് എളുപ്പംസാധിച്ചിട്ടുണ്ടു്. ഈ പദ്ധതി ഞാൻ ഏതാനുംവഷംകഴിഞ്ഞശേഷമായിരുന്നു, വിട്ടതു്. വിട്ടുവെങ്കിലും വാദപ്രതിവാദകായ്യങ്ങളിൽ എതിരാളിയെമടക്കുന്ന ഒരു വിനയം ഞാൻ ഈപദ്ധതിമുഖേന സ്വായത്തമാക്കി വാദപ്രതിവാദങ്ങളിൽ എൻെറ പക്ഷത്തിന്നു് വിജയം സുനിശ്ചിതമെന്നുഭാവിക്കുന്ന "തീച്ചയായും", "നിസ്സംശയമായും" മുതലായപദപ്രയോഗങ്ങൾ ഞാൻ വിട്ടു. ഏതെങ്കിലും ഒരുകാര്യത്തെപ്പററിയാകുമ്പോൾ "എന്നാണെൻെറ ബോധം", "എന്നു ഞാൻ കരുതുന്നു", "അങ്ങനെയായിരിക്കുമെന്നാണു് എൻെറഉദ്ദേശം", "എനിക്കു് തെററുപററിയിട്ടില്ലെങ്കിൽ ആവിധമായിരിക്കും" എന്നുതുടങ്ങിയവാക്കു

കൾമാത്രമേ ഞാൻ ഉപയോഗിക്കാറുണ്ടായിരുന്നുള്ളു. ഈരീതി എൻെറ അഭിപ്രായങ്ങൾ സ്ഥാപിക്കുവാൻ ശ്രമിക്കുമ്പോഴും മററുള്ളവരെ എൻെറ അഭിപ്രായം സ്വീകരിക്കുന്നതിലേയ്ക്കു് ആകർഷിക്കുവാൻ ഉദ്യമിക്കുമ്പോഴും. വളരെ വിജയകരമായിരുന്നിട്ടുണ്ടു്. സംഭാഷണരീതിയിലുള്ള വാദപ്രതിവാദത്തിൻെറ പ്രധാനമായ ഉദ്ദേശം, മററൊരാൾക്കു ഒരുകാര്യം മനസ്സിലാക്കിക്കൊടുക്കുകയോ, മററുള്ളവരിൽനിന്നു സംഗതികൾ മനസ്സിലാക്കുകയോ ആണല്ലോ. അഥവാ അന്യരെസന്തോഷിപ്പിക്കുവാനും നമ്മുടെ അഭിപ്രായഗതിയിലേയ്ക്കു് അവരെ വശീകരിക്കാനുമായിരിക്കും. യോഗ്യന്മാരും ബുദ്ധിമാന്മാരുംആയ ആളുകൾ അറുത്തുമുറിച്ചു് തീർത്തുപറഞ്ഞു് ശ്രോതാക്കൾക്കു് മനസ്സിലാകാത്തതും ആസ്വാദ്യമല്ലാത്തതും ആയരീതിയിലല്ല ഓരോന്നുസ്ഥാപിക്കുന്നതു്. നിങ്ങൾ സ്വന്തംഅഭിപ്രായം സ്ഥാപിക്കുന്നതിന്നു് ഏകപക്ഷീയവും വിട്ടുവീഴ്ച ചെയ്യാത്തതുമായരീതി സ്വീകരിച്ചാൽ എതിർപക്ഷത്തുനിന്നും വലിയ വിരുദ്ധാഭിപ്രായങ്ങളും നിങ്ങളുടെ വാദമുഖങ്ങളോടു് കൊടിയൊരു അശ്രദ്ധയും ജനിക്കാൻ ഇടയുണ്ടു്. എന്നാൽ മററുള്ളവരുടെ പക്കൽനിന്നു വിജ്ഞാനംസമ്പാദിക്കണം എന്നുനിങ്ങൾക്കു് കരുതലുള്ളപക്ഷം സ്വാഭിപ്രായത്തെസിദ്ധവല്കരിച്ചു സംസാരിക്കരുതു്. അങ്ങിനെചെയ്താൽ വിവേകികളായ ആളുകൾ നിങ്ങളേയും നിങ്ങളുടെതെററിനേയും അങ്ങിനെതന്നെവിട്ടേച്ചുപോവാനിടയുണ്ടു്. വാശിപിടിച്ച വാദപ്രതിവാദംകൊണ്ടു് ഒരാളേയും പ്രീതിപ്പെടുത്തുവാനോ ബോദ്ധ്യപ്പെടുത്തുവാനോ സാദ്ധ്യമല്ല. അലക്സാൻഡർപോപ്പു് എന്ന കവിപുംഗവൻ ബുദ്ധിപൂർവ്വകമായി പറയുന്നതു നോക്കുക:—

"പഠിപ്പിച്ചീടേണ്ടുംവിധമതു കഥിക്കാ,മൊരുവ,ന-
പ്പഠിത്തംകൊണ്ടല്ലാ പരമറിവതെന്നാകണമെതും
തുടന്നജ്ഞേയതപംപെട്ടമെവയുമൊന്നോർമ്മ പുതുതായ്
കടത്തിട്ടേയുള്ളെന്നതുവിധമൊരുത്തന്നരുളണം"

എന്നുമാത്രമല്ല, അദ്ദേഹം പറയുന്നു:—

"നമുക്കു തീർച്ചയുള്ളതേതു മല്പമൊക്കെശങ്കകൊ-
ണ്ടമത്തി വേണമാരൊടും കഥിക്കവേണ്ടതോക്കണം"

ഈ വരികളെ അദ്ദേഹം മററൊരിടത്തു പ്രസ്താവിച്ച ആശയത്തോടു സംയോജിപ്പിക്കേണ്ടിയിരുന്നു. ആ ആശയം ഇതാ:—

"വണക്കമേറിലില്ല താനവന്നു ബുദ്ധിശൂന്യമാം."

ജ്യേഷ്ഠൻ 1720–ലോ 21–ലോ ഒരു വത്തമാനപ്പത്രം പ്രസിദ്ധീകരിക്കാൻ ഉദ്യമിച്ചു. അമ്മേരിക്കയിലെ വാത്താപത്രങ്ങളിൽ അന്നിതു രണ്ടാമത്തെ പ്രകാശനമായിരുന്നു അതിൻെറപേരു' 'ന്യൂ ഇംഗ്ലണ്ട് കറൻട്ട്" എന്നായിരുന്നു. 'ബോസ്റ്റൺ ന്യൂസ് ലെററർ' എന്നായിരുന്ന ആദ്യപത്രത്തിൻെറ നാമധേയം. അക്കാലത്തെ അമ്മേരിക്കയ്ക്കു് ഒരൊററപത്രമേ ആവശ്യമുള്ളൂഎന്നും, അതിനാൽ രണ്ടാമതൊരുപത്രത്തിന്നു വിജയം കൈവരാൻ വിഷമമാണെന്നും ജ്യേഷ്ഠനെ പരിചയക്കാരും സ്നേഹിതന്മാരുമായ പലരും ഉപദേശിച്ചു. ഇതാ, ഇന്നു് (1771-ൽ) അവിടെ ഇരുപത്തിയഞ്ചുപത്രങ്ങൾക്കു് മേൽ ഉണ്ടു്. ഏതായാലും ജ്യേഷ്ഠൻ പത്രം തുടങ്ങുവാൻതന്നെ നിശ്ചയിച്ചു. അച്ചുനിരത്തുക, അച്ചടിക്കുക എന്നീ ജോലികൾ നടത്തുവാൻ ഞാനുംകൂടി, കൂടാതെ, പത്രമെല്ലാം അച്ചടിച്ചെടുത്തു തെരുവുകളിൽ കൊണ്ടുപോയി വില്പനനടത്തുക എന്നതും എൻെറ ജോലിയായിത്തീൎന്നു.

ജ്യേഷ്ഠനു് ബുദ്ധികൗശലമുള്ള ഏതാനും സ്നേഹിതന്മാരുണ്ടായിരുന്നു. അവർ പത്രത്തിന്നു അപ്പപ്പോൾ വല്ലതും എഴുതി വിനോദിക്കുക ഒരുപതിവായി. അവരുടെ ലേഖനങ്ങൾനിമിത്തം പത്രത്തിനു് ആവശ്യക്കാർ നാൾക്കുനാൾ വൎദ്ധിച്ചു. ഈ ലേഖകന്മാർ കൂടെക്കൂടെ പത്രമാഫീസ്സിൽ വന്നെത്തുകയും പതിവായി. അവരുടെ സംഭാഷണങ്ങളും പൊതുജനങ്ങളുടെ അഭിനന്ദനരീതികളെപ്പററിയ വിവരണങ്ങളും കേട്ടുകേട്ടു് അവരെപ്പോലെ ചില ലേഖനങ്ങൾ രചിക്കുവാൻ സാധിക്കുമോ എന്നു പരീക്ഷിക്കുന്നതിന്നു ഞാൻ തീൎച്ചയാക്കി. എന്നാൽ ഞാനൊരുകുട്ടി. ഞാനാണു് ലേഖനകത്താവു് എന്നറിഞ്ഞാൽ ജ്യേഷ്ഠൻ പത്രത്തിൽ പ്രസിദ്ധപ്പെടുത്താൻ തടസ്സം പുറപ്പെടുവിക്കും എന്നു എനിക്കറിയാം. അതിനാൽ ഞാനൊരുവിദ്യ പ്രയോഗിച്ചു. ഊരും പേരും വയ്ക്കാതെ ഒരു ലേഖനം എഴുതി അച്ചടിശാലയിലെ വാതിലിന്നിടയിൽക്കൂടെ ഉള്ളോട്ടു രാത്രി ആരുമറിയാതെ കൊണ്ടുപോയി ഇടുമായിരുന്നു. നേരംവെളുക്കുമ്പോൾ മററു ലേഖനങ്ങളുടെ കൂട്ടത്തിൽ എൻെറരചനകളും പത്രമാഫീസ്സുജോലിക്കാർ ജ്യേഷ്ഠൻെറ സ്നേഹിതന്മാരടങ്ങിയ പത്രാധിപസമിതിയെ ഏൽപ്പിക്കും. അവർ അതുവായിച്ചു ചില അഭിനന്ദനങ്ങളോടെ ഞാൻ കേൾക്കവേതന്നെ അച്ചടിക്കുവാൻ ഏൽപ്പിച്ചുവന്നു. എൻെറ ലേഖനം സംബന്ധിച്ച അഭിനന്ദനങ്ങൾ കേൾക്കുക എനിക്കു് അത്യന്തം സന്തോഷകരമായി. ഈ ലേഖനങ്ങളുടെ കത്താവിനെപ്പററി ഊഹാപോഹംചെയ്യുമ്പോൾ അവർ ഭാഷാസ്വാധീനവും സ്വഭാവശുദ്ധിയുമുള്ള ഏതോ

ആളായിരിക്കാം എന്നല്ലാതെ എന്നെ സംശയിക്കുകയുണ്ടായില്ല. ആ അഭിപ്രായക്കാർ അങ്ങനെ ധരിച്ചതു് എന്തോ എൻെറഭാഗ്യം കൊണ്ടായിരുന്നു; അവ അത്രക്ഷേമമായിരുന്നില്ല എന്നാണു് ഞാനിന്നു കരുതുന്നതു്.

ഇങ്ങനെയുള്ള പ്രോത്സാഹനം ലഭിച്ചതോടുകൂടി അനവധി ലേഖനങ്ങൾ ഞാൻ മുൻപുപറഞ്ഞവിധം രചിച്ചു് അജ്ഞാതനാമാവായി അച്ചുക്കൂടത്തിൽ എത്തിച്ചുപോന്നു. അത്തരം ലേഖനരചനയ്ക്കും അയച്ചുകൊടുപ്പിനും എനിക്കു് കഴിവുണ്ടായിരുന്നേടത്തോളം ആയതു് നിർവഹിച്ചു. രഹസ്യമായിത്തന്നെ എല്ലാം സൂക്ഷിക്കുകയും ചെയ്തു. പിന്നെ ഞാനതു വെളിപ്പെടുത്തി-എന്നെ ജ്യേഷ്ഠൻെറ സുഹൃത്തുക്കളും പരിചയക്കാരും അല്പംകൂടുതലായി ഗണിക്കാൻ തുടങ്ങി. ഞാൻ അഹങ്കരിച്ചുപോയേക്കുമെന്നുള്ള ധാരണയാലായിരിക്കാം, അതു് ജ്യേഷ്ഠന്നു് അത്രരസിക്കാതെവന്നു. ഇക്കാലത്തു് ഞങ്ങൾതമ്മിലുള്ള അകൽച്ചയ്ക്കു് ഇതൊരു കാരണമായിത്തീർന്നിരിക്കാം. ജ്യേഷ്ഠനാണെങ്കിലും അച്ചടിശാലയിലെ ജോലിക്കാര്യത്തെപ്പററി ഓക്കുമ്പോൾ അദ്ദേഹം യജമാനൻ എന്നമട്ടിലാണു് എന്നെ വീക്ഷിച്ചതു്. മററുള്ളവർ സേവനം നിവ്വഹിക്കുംപോലെതന്നെ എന്നെയും അദ്ദേഹം കണക്കാക്കി. എന്നാൽ എന്നെ അദ്ദേഹം അല്പമൊന്നു തരംതാഴ്ത്തുന്നു എന്നൊരു തോന്നൽ എനിക്കുംഉണ്ടായി. ഒരു ജ്യേഷ്ഠനിൽനിന്നു് അത്തരം ഒരു പെരുമാററമല്ല ഞാൻ ആശിച്ചിരുന്നതു്. ഞങ്ങൾതമ്മിൽ ഇങ്ങനെയുണ്ടായ ചെറുകലഹങ്ങൾ പലപ്പോഴും അച്ഛൻെറ ശ്രദ്ധയിൽകൊണ്ടുവരപ്പെട്ടിരുന്നു. അപ്പോഴൊക്കെ എൻെറഭാഗത്തു ന്യായംകൂടുതലുള്ളതുകൊണ്ടോ കാര്യകാരണബന്ധം വിശദമാക്കിസ്സംസാരിക്കാൻ എനിക്കു കൂടുതലായി സാധിച്ചിരുന്നതുകൊണ്ടോ, എന്തോ, അച്ഛൻെറ വിധിയെഴുത്തുകൾ എനിക്കുതന്നെ അനുകൂലമായിട്ടായിരുന്നു. എന്നാൽ ജ്യേഷ്ഠൻ കോപാവിഷ്ടനാവുകയും എന്നെ ചിലപ്പോഴൊക്കെ തല്ലുകയുംകൂടെച്ചെയ്യുകയാൽ ഞാൻ വല്ലാതെകുഴങ്ങി. എൻെറ തൊഴിലഭ്യസനം വളരെ ഉപദ്രവകരമെന്നുകരുതി അതെത്രയുംവേഗത്തിൽ അവസാനിപ്പിച്ചാൽക്കൊള്ളാമെന്നുള്ള ഉദ്ദേശത്തിൽ കഴിയവേ യദൃച്ഛയാ ഇതിലേയ്ക്കു് ഒരു കാരണവും വന്നുചേന്നു

ഞങ്ങളുടെ പത്രത്തിലെ ഏതോ ഒരു ലേഖനം എന്തോ രാജ്യകാര്യംസംബന്ധിച്ചായിരുന്നു. അന്നത്തെ ഭരണക്കൂടത്തിനു ഈ ലേഖനം വളരെ നീരസമുണ്ടാക്കി. ജ്യേഷ്ഠനെ മുറയ്ക്കു് പിടികൂടുകയും ലേഖനത്തിനു സമാധാനം ചോദിക്കുകയുംചെയ്തു. ലേഖനകത്താവിൻെറ നാമധേയം അധികാരികൾ ആവശ്യപ്പെട്ടപ്പോൾ

പറയുവാൻ ജ്യേഷ്ഠൻ വിസമ്മതിക്കനിമിത്തം അദ്ദേഹം ഈ ലേഖനം സംബന്ധിച്ച് ഒരു മാസം ജയിൽവാസം അനുഭവിക്കേണ്ടതായും വന്നു. എന്നേയും അധികാരികൾപിടിക്കൂടി കൗൺസിലിനുമുമ്പിൽ ഹാജരാക്കി. എന്നിൽനിന്നും അവക്ക് തൃപ്തികരമായ യാതൊരറിവും സിദ്ധിച്ചില്ല. എന്നെ അവർ പുച്ഛരസത്തോടെ കുറപ്പെട്ടത്തി യജമാനൻെറ രഹസ്യങ്ങൾ സൂക്ഷിക്കേണ്ട ചുമതലയുള്ള ഒരു തൊഴിൽ പരിശീലനക്കാരൻ എന്ന നിലയിൽ വിട്ടയച്ചതേയുള്ളൂ.

ജ്യേഷ്ഠൻെറ ജയിൽവാസം സംബന്ധിച്ച് എനിക്കു ന്യായമായ കോപവും കുണ്ഠിതവുംഉണ്ടായി. ഞങ്ങൾതമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ എന്തായാലും അദ്ദേഹത്തിൻെറ ശിക്ഷ കുറേ അന്യായമായിരുന്നു. ആ ശിക്ഷയനുഭവിച്ചകാലത്തിനിടയ്ക്ക് പത്രത്തിൻെറ കാര്യനിർവ്വഹണം ഞാൻതന്നെ ഏറെറടുത്തുപോന്നു. ആ ഘട്ടത്തിൽ ഭരണാധികാരികളെ ന്യായമായും നിർദ്ദയമായും വിമർശിക്കുവാൻ ഞാൻ മടിച്ചില്ല. മററുള്ളവരെല്ലാം ഈ ഭരണക്രൂടോപദ്രവം ഞാൻ ഉണ്ടാക്കിവെച്ചതിനെപ്പററി കുററം പറഞ്ഞതേയുള്ളുവെങ്കിലും ജ്യേഷ്ഠൻ അവയെ ദയാപുരസ്സരം സഹിച്ചതേയുള്ളൂ. അധികാരികൾ ജ്യേഷ്ഠനെ ജയിലിൽനിന്നു മോചിപ്പിച്ചുവെങ്കിലും 'ജെയിംസ് ഫ്രാൻക്ലിൻ' (ജ്യേഷ്ഠൻ) ന്യൂ ഇംഗ്ലണ്ട് കറൻറ് എന്ന പത്രം പ്രസിദ്ധപ്പെടുത്തുവാനുള്ള അനുവാദം നിഷേധിച്ചിരിക്കുന്നു എന്നവർ ഉത്തരവിട്ടു.

കാര്യങ്ങൾ ഇങ്ങനെയായ സ്ഥിതിക്ക് അടുത്തതായി എന്താണുവേണ്ടതു് എന്നതിനെപ്പററി അച്ചടിശാലയാഫീസ്സിൽവച്ച് ജ്യേഷ്ഠൻ സ്നേഹിതന്മാരുമായി വേണ്ട ആലോചനനടത്തി. പത്രത്തിൻെറ പേരുമാററി അച്ചുക്കൂടത്തിൽനിന്നു വേറൊരുപത്രംതുടങ്ങണം എന്നു ചിലർ അഭിപ്രായപ്പെട്ടു. എന്നാൽ അക്കാര്യത്തിൽ ചില അസൗകര്യങ്ങളെല്ലാമുണ്ടായതിനാൽ തൽക്കാലത്തേക്കു് പത്രമച്ചടിപ്പുകാരൻ ഞാനായിരിക്കണമെന്നുള്ള ഒരു നിർദ്ദേശമുണ്ടായി. ഇങ്ങനെ വരുമ്പോൾ ഞാൻ അദ്ദേഹത്തിൻെറ കീഴിൽ തൊഴിൽ പഠിക്കുന്ന കാരണത്തിന്മേൽ ചുമതല അദ്ദേഹത്തിൻേറതാകുമെന്നു കരുതി ഞാൻ മുമ്പു് എഴുതിക്കൊടുത്തിരുന്ന ഉടമ്പടി റദ്ദ്ചെയ്തിരിക്കുന്നു എന്നു ജ്യേഷ്ഠൻ എഴുതിത്തന്നു. ആയതു ഞാൻ സൂക്ഷിച്ചു കൊള്ളണമെന്നും അദ്ദേഹത്തിനു് എൻെറ സേവനം ലഭിക്കേണ്ട ആവശ്യത്തിലേയ്ക്കു് ഞാൻ പുതിയ ഒരുടമ്പടി എഴുതണമെന്നും തീരുമാനിക്കപ്പെട്ടു. ഈ രണ്ടാമത്തെഉടമ്പടി ഒരു രഹസ്യമായിരിക്കണമെന്നുമായിരുന്നു, നിർദ്ദേശം. ഇതു് ഒരു ക്ഷുദ്രമായ ഏർപ്പാടുതന്നെ. ഏതായാലും മേൽപ്പറഞ്ഞവിധത്തിലുള്ള ചില മാററ

ങ്ങളും മറിച്ചിലുകളും കഴിഞ്ഞു് പ്രമാണക്കൈമാററങ്ങൾക്കുശേഷം എന്റെ പേരിൽത്തന്നെ പത്രം ഏതാനുംമാസം മുറയ്ക്കു് നടന്നു വന്നു.

ഒടുവിൽ ജ്യേഷ്ഠനും എനിക്കും തമ്മിൽ ചില പുതിയ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായി. ഞാനോ എന്റെ സ്വാതന്ത്ര്യം ഒന്നു സ്ഥാപിക്കുവാനും ഉദ്യമിച്ചു. പുതിയ ഉടമ്പടി അദ്ദേഹം വെട്ടത്തുകാണിക്കുകയില്ല എന്ന വിചാരത്തിൽ ആയിരുന്നു ഞാൻ ഇങ്ങനെ ചെയ്തതു്. ഇങ്ങനെയൊരുതക്കം ഞാനുപയോഗപ്പെടുത്തിയതു് അത്ര ഭംഗിയായില്ല എന്നുതന്നെപറയാം. ആ സ്ഥിതിക്കു് എന്റെ ജീവിതത്തിലെ ഒന്നാമത്തെ തെററു് ഇതുതന്നെയായിരുന്നു എന്നു ഞാൻ കരുതുന്നു. എന്നാൽ അതിന്മേലുള്ള മര്യാദകേടു് എന്നെ സംബന്ധിച്ചു് അത്ര ഗൗരവമുള്ളതായി ഞാൻ കരുതിയില്ല. ജ്യേഷ്ഠന്റെ കഠിനകോപംനിമിത്തം ഞാൻ ഏൽക്കേണ്ടിവന്ന പ്രഹരങ്ങളെപ്പററി എനിക്കുള്ള കഠിനമായ താപനൈരാശ്യങ്ങൾ എന്നെ മുൻപറഞ്ഞതിലേയ്ക്കു് പ്രേരിപ്പിച്ചുഎന്നേ ഉള്ളൂ. എന്നാൽ ജ്യേഷ്ഠൻ മററുകാര്യങ്ങളിൽ അത്ര ചീത്തയായിരുന്നില്ല. ഒരുപക്ഷേ ഞാൻ ധിക്കാരംപ്രവൎത്തിച്ചിരിക്കാം.

ഞാൻ തീൎച്ചയായും ജ്യേഷ്ഠനെ വിട്ടുപോകുംഎന്നു കണ്ടപ്പോൾ ആ നഗരിയിലെ മററു യാതൊരു അച്ചടിശാലയിലും എനിക്കു യാതൊരു ജോലിയും കിട്ടാതിരിക്കത്തക്കവിധം ജ്യേഷ്ഠൻ ഒരുപ്രചരണവേലനടത്തി. ഞാൻ എവിടെ എത്തിയാലും ആരുമേ എനിക്കൊരു ജോലിതരാതെയായി. അങ്ങനെ ഞാൻ വിഷമിച്ചപ്പോൾ അച്ചടിശാലകൾ ഉള്ളതും സമീപസ്ഥവുംആയ ന്യൂയോൎക്കു് പട്ടണത്തിലേയ്ക്കുപോയി ഒരു പരീക്ഷണം നടത്തിയാൽ എന്തെന്നു എനിക്കു തോന്നി. ബോസ്റ്റൺ വിടുന്നതിനു വേറേ കാരണവും ഉണ്ടായിരുന്നു. ഭരണാധികാരികളുടെ ദൃഷ്ടിയിൽ ഞാൻ അല്പം അതിർവിട്ടവനായി ഗണിക്കപ്പെട്ടുപോന്നല്ലോ. പഴയപത്രലേഖനക്കേസ്സുസംബന്ധിച്ചു് ഉള്ള തീരുമാനപ്പടി നോക്കുന്നപക്ഷം, ഞാൻ ആ നഗരിയിൽ കൂടുതലായി താമസിച്ചാൽ എളുപ്പത്തിൽ വല്ല ഏടാകൂടങ്ങളിലും ചെന്നുചാടിപ്പോകുമെന്നും ഞാൻ ഭയപ്പെട്ടു. കൂടാതെ, മതസംബന്ധമായി ഞാൻ നടത്തിയിട്ടുള്ള വാദപ്രതിവാദങ്ങളും സ്വാതന്ത്ര്യചിന്തനങ്ങളും എന്നെ ഒരു അവിശ്വാസിയോ നിരീശ്വരമതക്കാരനോ ആയി സജ്ജനങ്ങളുടെ ദൃഷ്ടിയിൽ തോന്നിപ്പിച്ചിട്ടുണ്ടു് എന്നുംകൂടി ഞാൻ സംശയിച്ചു. എന്നാൽ ഇക്കാലത്തു് അച്ഛൻ ജ്യേഷ്ഠന്റെപക്ഷത്തായിരുന്നു. ഞാൻ പരസ്യമായി ബോസ്റ്റൻ വിട്ടുപോകുന്നപക്ഷം ആ ഉദ്യമം തടയപ്പെട്ടുപോകും.

ഈ സന്ദർഭത്തിൽ കോളിൻസ് എന്ന എൻെറ പഴയ സ്നേഹിതൻ കാര്യങ്ങഠം മനസ്സിലാക്കി എന്നെ സഹായിക്കാൻ മുന്നോട്ടുവന്നു. ന്യൂയാക്കിലേയ്ക്ക പോകുന്നുണ്ടായിരുന്ന ഒരു ചെറുകപ്പലിലെ കപ്പിത്താനെ കോളിൻസിനു പരിചയമുണ്ടായിരുന്നു. ഞാൻ ഈ യുവാവിൻെറ ഒരു പരിചയക്കാരനാണെന്നും, ഒരു കുഞ്ഞുള്ള ഒരു ദുമ്മാർഗ്ഗചാരിണിസ്ത്രീയെ ഏതുവിധവും എന്നെക്കൊണ്ടു് വിവാഹംകഴിപ്പിക്കാൻ അവളുടെ ചില പ്രതിപത്തിക്കാർ എന്നെ നിർബ്ബന്ധിക്കുന്നുവെന്നും, രഹസ്യമായി എനിക്കു ബോസ്റ്റൺനഗരിയെ എത്രയുംവേഗത്തിൽ വിടേണ്ടിയിരിക്കുന്നുവെന്നും അതിനാൽ രഹസ്യമായി എന്നെ ന്യൂയാക്കിൽ എത്തിക്കണമെന്നും കോളിൻസ് ക്യാപ്ററനോടു ഗ്രഢമായി അപേക്ഷിച്ചു് സമ്മതവുംവാങ്ങി. അല്പമൊരു സംഖ്യ കൈയിൽകരുതാൻ ഞാൻ എൻെറകൈവശമുണ്ടായിരുന്ന പുസ്തകങ്ങളെല്ലാം വിററുപെറുക്കിക്കിട്ടിയ നാണയവുംകൊണ്ടു് ചെറുകപ്പൽപററി. കപ്പൽത്തട്ടിൽഎത്തിയ ഞങ്ങഠം യാത്രതുടൻ് കാററു് അനുകൂലമാകനിമിത്തം മൂന്നുദിവസത്തിനുള്ളിൽ ന്യൂയോക്കിൽചെന്നുചേൎന്നു. വീട്ടിൽനിന്നു മുന്നൂറോളംമൈൽ അകലെയുള്ള ഒരു സ്ഥലം. എനിക്കന്നു പ്രായം പതിനേഴവയസ്സു്. ആ മഹാനഗരിയിൽ ആരോടെങ്കിലും പരിചയമോ, പരിചിതരുടെ ഏതെങ്കിലും ശുപാശിക്കത്തോ് ആക്കെങ്കിലും കൊടുക്കാനുള്ള കരുതലോ കൂടാതെ കൈയിൽ പണവുംകാണാതെ ഞാൻ ആ വിദേശനഗരിയിൽ ചെന്നുചേൎന്നു.

കപ്പൽയാത്രനടത്തുവാൻ എനിക്കു മുമ്പുതോന്നിയിരുന്ന ആഗ്രഹമെല്ലാം പാടേനശിച്ചു. അല്ലാത്തപക്ഷം ഈ ഘട്ടത്തിൽ എനിക്കു് അങ്ങനെചെയ്യാമായിരുന്നു. എന്നാൽ വേറൊരുതൊഴിൽ വശമാക്കിയിരുന്നതുകൊണ്ടും ആ തൊഴിലിൽ എനിക്കു ഒരുവിധം വൈദശ്ധ്യമുണ്ടായിരുന്നതുകൊണ്ടും ഞാൻ ആ സ്ഥലത്തുള്ള അച്ചടിശാലക്കാരനായ മി: വില്യംബ്രാഡ്ഫോർഡ് എന്ന വൃദ്ധൻെറ അടുത്തെത്തി, അദ്ദേഹം എന്തെങ്കിലും ജോലി നൽകുന്നപക്ഷം ആയതിൽ ഏപ്പെട്ടാം എന്നു് അറിയിച്ചു. പെനു്സിൽവാനിയായിൽ അദ്ദേഹം ആദ്യത്തെ അച്ചടിയന്ത്രശാലക്കാരനായിരുന്നു. എന്നാൽ, ജോർജ്ജുകീത്തു് എന്നയാളുമായുണ്ടായ ശണ്ഠനിമിത്തം അവിടംവിട്ടു പോന്നു് ന്യൂയോക്കിൽ ആ വൃദ്ധൻ കഴിയുകയായിരുന്നു. അദ്ദേഹത്തോടു ചോദിച്ചതിൽ എനിക്കു തരത്തക്ക ജോലിയൊന്നും അവിടെയില്ലെന്നും അദ്ദേഹത്തിൻെറ പുത്രനായ അച്ചടിശാലക്കാരൻെറ (ഫിലഡൽഫിയായിൽ) പ്രധാനജോലിക്കാരനായ അകവിലാറോസ്സ്എന്നയാഠം ആയിടെ മരിച്ചുപോയിഎന്നും ഞാൻ ആ പുത്രനെക്കാണുന്നപക്ഷം ഒഴിവുള്ള ജോലിയിൽ എന്നെ നിയമിക്കുമെ

ന്നും വൃദ്ധൻ പറഞ്ഞു. 'ഫിലഡാൽഫിയാ' എന്ന സ്ഥലത്തേക്ക് ന്യൂയോക്കിൽനിന്ന് നൂറുമൈലോളം ദൂരമുണ്ട്. ഏതായലും 'ആംബോയ്' എന്ന സ്ഥലത്തെത്തുവാൻ ഒരു ബോട്ടിൽകയറി ഞാൻ തിരിച്ചു.

ഉൾക്കടൽ കടക്കുന്നതിനിടയ്ക്കു് ബോട്ടിലെ പഴയ കപ്പൽപ്പായ് അതികഠിനമായിവീശിയ ഒരു കൊടുങ്കാററിൽപെട്ടു നഷ്ടമായി. ഞങ്ങളെ കാററിൻെറ പ്രതികൂലത ലോങ്ദ്വീപിലെത്തിച്ചു. യാത്രക്കിടയ്ക്കു്, ഞങ്ങളുടെകൂട്ടത്തിലുണ്ടായിരുന്ന മദ്യപനായ ഒരു ഡച്ചുകാരൻ ബോട്ടിൽനിന്നു വെള്ളത്തിൽവീണുപോയി. ഞാൻ പെട്ടെന്നു വെള്ളത്തിൽച്ചാടി അയാളെ ബോട്ടിലേയ്ക്കുതന്നെ വലിച്ചിട്ടു. വെള്ളത്തിൽ മുങ്ങുകനിമിത്തം ലക്കില്ലായ്മയ്ക്കു് കുറവുസിദ്ധിച്ച ഡച്ചുകാരൻ പോക്കററിലുണ്ടായിരുന്ന ഒരു പുസ്തകം ഉണക്കിക്കൊടുക്കുവാൻ എന്നെ ഏൽപ്പിച്ചു. എന്നിട്ട് അയാൾ ഉറങ്ങുകയായി. പുസ്തകം ഏതെന്നല്ലേ? എനിക്ക് ഏററവും അഭികാമ്യമായി മുൻകാലത്തു് തോന്നിയിരുന്ന പിൽഗ്രിംസ്പ്രോഗ്രസ്സ് എന്ന ഗ്രന്ഥംതന്നെ. ഡച്ചുഭാഷയിലേക്ക് വിവത്തനംചെയ്യപ്പെട്ട ആ പുസ്തകം നല്ലമേനിക്കടലാസ്സിൽ ഭംഗിയായി മുദ്രണം ചെയ്യപ്പെട്ടതും ഇംഗ്ലീഷ്ഭാഷയിൽ ഞാൻ അതേവരെ അത്തരം ഒരു ഗ്രന്ഥം കണ്ടിട്ടില്ലാത്തവിധം മനോഹരമായി ബയൻറുചെയ്യപ്പെട്ടതും ആയിരുന്നു. ആ ഗ്രന്ഥം യൂറോപ്പിലെ അനവധി ഭാഷകളിലേയ്ക്കു് വിവത്തനംചെയ്യപ്പെട്ടതും ക്രൈസ്തവവേദഗ്രന്ഥംകഴിഞ്ഞാൽ അത്രയേറെ ബഹുജനപാരായണത്തിനു് വിഷയീഭവിച്ചതുമായിരുന്നു. ഗ്രന്ഥകാരനായ ജോൺബന്നിയൻ കഥാകഥനത്തേയും സംഭാഷണരീതിയേയും ഇടംപ്രഥമമായി ഇണക്കിച്ചേത്ത ഒരു എഴുത്തുകാരനായിരുന്നു. വായനക്കാക്ക് ഏററവും രസകരമായവിധത്തിലായിരുന്നു, അദ്ദേഹത്തിൻെറ രചനാകൗശലം. ആ ഗ്രന്ഥം വായിക്കുന്നവർ പ്രതിപാദനരീതിയുടെ വൈഭവംകൊണ്ടു് സംഭാഷണങ്ങളിൽ സ്വയംപങ്കെടുക്കുന്നതുപോലെയുള്ള ഒരു അനുഭവത്തിൽപെടുന്നവരാകും. ഡീഫോ എന്ന ഗ്രന്ഥകാരൻ ഈ രീതിയെ അദ്ദേഹത്തിൻെറ 'റോബിൻസൺക്രൂസോ' 'മോൾപ്ലാൻഡേഴ്സ്' 'റിലിജിയസ് കോർട്ഷിപ്പ്ഫാമിലി' ഇൻസ്റ്റ്രക്ടർ എന്നുതുടങ്ങിയ ഗ്രന്ഥങ്ങളിൽ അനുകരിച്ചു വിജയം നേടിയതായി ഞാൻ കണ്ടിട്ടുണ്ട്. 'പാമിലാ' മുതലായ കൃതിയിൽ റിച്ചേഡ്സണും ഇതുപോലെതന്നെയായിരുന്നല്ലോ.

ഞങ്ങൾ ദ്വീപിനുസമീപം എത്തിയപ്പോൾ കരയ്ക്കിറങ്ങുവാൻ ഒരു സൗകര്യവും ഇല്ലാത്തവിധത്തിൽ പാറക്കെട്ടായ സമുദ്രതീരത്തു്

തിരമാലകളടിച്ചുള്ളപത കുന്നുകുന്നായി കാണപ്പെട്ടു. അതിനാൽ സമുദ്രത്തിൽതന്നെ നങ്കൂരമുറപ്പിച്ചു. കരയിൽ എവിടെയാണു് ഇറങ്ങുവാൻ സൗകര്യം എന്നു അങ്ങുമിങ്ങും ഒന്നുപരിശോധിച്ചു. ചില ആളുകൾ കരയിൽവന്നുനിന്നു. ഞങ്ങളോടു വിളിച്ചുപറഞ്ഞു; പക രംഞങ്ങളും. എന്നാൽകാററു കുറെക്കൂടുതലായി വീശുകയാലും തിരമാലകളുടെ സംഘട്ടനശബ്ദം ഘോരമാവുകയാലും പരസ്പരം എന്തെങ്കിലും മനസ്സിലാകത്തക്കവിധം ശ്രവണസൗകര്യംലഭിക്കുകയുണ്ടായില്ല. കാര്യം മനസ്സിലാവാത്തതുകൊണ്ടോ സഹായിക്കൽ അസാദ്ധ്യമായതുകൊണ്ടോ ഒടുവിൽ അവർ പോയി. രാത്രിയുടെ ആരംഭവുമായി. കാററിനു ഒരു ശമനംവരുന്നതുവരെ ഞങ്ങൾ ആ ബോട്ടിൽത്തന്നെ കഴിഞ്ഞുകൂട്ടുക എന്നുതീച്ച്യയാക്കി. ഇതിനിടയിൽ ബോട്ടുമാനേജരും ഞാനും ഉറങ്ങുവാൻ ആരംഭമായി. ആസകലം നനഞ്ഞിരുന്ന ഡച്ചുകാരനും ഞാനും ബോട്ടുമാനേജരുംകൂടെ ആ ജലവാഹനത്തിന്റെ അടിത്തട്ടിൽ ഒരു ഭാഗത്തങ്ങനെകിടന്നു. തിരമാലകളുടെ ആഘാതം തുടന്നിരുന്നതിനാൽ ഞങ്ങൾ കിടന്നഭാഗത്തു് വെള്ളത്തുള്ളികൾ ഇടവിടാതെ പതിക്കുകനിമിത്തം ദേഹമാസകലം നനഞ്ഞങ്ങനെ ഞങ്ങൾ വിഷമിച്ചു. രാത്രിമുഴവൻ അങ്ങനെകഴിച്ചുകൂട്ടി. പ്രഭാതമായതോടെ കാറെറാന്നു ശമിച്ചു. ആംബായിൽ എത്തുന്നതിനായിരുന്നു അടുത്തഉദ്യമം. വൈകുന്നതിനുമുമ്പു ആസ്ഥലത്തു്എത്തണമെന്നു കരുതി. മുപ്പതു മണിക്കൂർ നേരമാണു് ഞങ്ങൾ ആ ബോട്ടിൽകഴിച്ചുകൂട്ടിയതു്, ഭക്ഷണവും പാനീയവുമില്ലാതെ. ഏതാണ്ടൊരുകുപ്പി കലങ്ങിയ 'റം' പാനീയം മാത്രമായിരുന്നു വിശപ്പിനും ദാഹത്തിനുംസിദ്ധിച്ച ഏകപരിഹാരം. ചുററും ഉപ്പുവെള്ളമേഉള്ളൂഎന്നതിനാൽ നല്ല പച്ചവെള്ളംപോലും കിട്ടിയില്ല. അന്നു വൈകുന്നേരം ഒരുപനിപിടിപെട്ടു ഞാൻ കിടപ്പിലായി. പനിയ്ക്കൊരുപരിഹാരമാർഗ്ഗം പച്ചവെള്ളം തുടരെ സേവിക്കുകയാണു് എന്നു ഞാൻ എവിടെയോ വായിച്ചു മനസ്സിലാക്കിയിരുന്നു. ആ ഔഷധംതന്നെ സേവിച്ചു. രാത്രി കലശലായൊന്നു വിയത്തു. അങ്ങനെ പനി വിട്ടുമാറി. പിറേറദിവസംരാവിലെ കടത്തുബോട്ടു് കടന്നു് നോക്കിയപ്പോൾ ബർലിങ്ടണിലേയ്ക്കു് അമ്പതുമൈൽ ഉണ്ടെന്നുകണ്ടു. ഫിലഡൽഫിയായിലേയ്ക്കു് ബോട്ടുമാർഗ്ഗം എത്തണമെങ്കിൽ ബർലിങ്ടൺവഴിവേണം. കാൽനടയായിത്തന്നെ ബർലിങ്ടണിൽ എത്തുകയെന്നു നിശ്ചയിച്ചു.

അന്നുമുഴവൻ കലശലായമഴ. നനഞ്ഞുകുഴഞ്ഞു് ഉച്ചയായതോടുകൂടി സാമാന്യത്തിലധികം ക്ഷീണിക്കുകയുംചെയ്തു. അതിനാൽ ഒരുപാവപ്പെട്ട വിശ്രമശാലയിൽകയറി അന്നുമുഴവൻ അവി

ടെകഴിഞ്ഞുകൂടി. വീട്ടം നാട്ടം വിട്ടുപോരേണ്ടായിരുന്ന എന്നു തോന്നി. എൻെറ അപ്പോഴത്തെ ആകൃതിയും പ്രകൃതിയും വേഷവും കണ്ടാൽ ഏതോഭവനത്തിൽ നിന്നു ഒളിച്ചോടിപ്പോകുന്ന വല്ല ഭൃത്യനും ആയിരിക്കുമെന്നേ ആരും ധരിക്കുകയുള്ളു. എന്തായാലും ഞാൻ യാത്രതുടൎന്നു; പിറേറദിവസം രാവിലെ. ബർലിങ്ടണിൽ എത്തുവാൻ എട്ടോ പത്തോമൈൽ ദൂരമുള്ള ഒരുസ്ഥലത്തു് ഡാക്ടർ ബ്രൗൺഎന്നൊരാളിൻെറ മേൽനോട്ടത്തിൽഉള്ള ഒരു വിശ്രമശാലയിൽ ഞാൻ കയറി. അവിടെനിന്നു ഞാൻ അല്പമായ ലഘുഭക്ഷണംകഴിക്കവേ സത്രശാലാധിപനും ഞാനുമായി സംഭാഷണം നടന്നു. ഞാനേതാണ്ട വായിച്ചിട്ടുള്ളകൂട്ടത്തിലാണെന്ന് അദ്ദേഹം മനസ്സിലാക്കി എന്നോട്ട സൗഹാർദ്ദവും കൂട്ടുകെട്ടും അദ്ദേഹം അനുവൎത്തിച്ചു. ഡാക്ടർബ്രൗണിൻെറ ജീവിതകാലമത്രയും ഞങ്ങൾ പിന്നീട്ട സ്നേഹിതന്മാരായിരുന്നു. ബ്രൗൺ ഒരു സഞ്ചാരകുതുകിയായ ഡാക്ടരായിരുന്നു. യൂറോപ്പിൽ ആകട്ടെ ഇംഗ്ലണ്ടിലാകട്ടെ അദ്ദേഹംഅറിയാത്ത ഒരൊററനഗരിയും ഇല്ല. ഓരോന്നിനെപ്പററിയും സൂക്ഷ്മമായി വൎണ്ണിക്കുകയുംചെയ്യും. അദ്ദേഹം ഒരു സാഹിത്യകാരനും കൗശലശാലിയും ആയിരുന്നുഎങ്കിലും ഒരു നിരീശ്വരവാദിയുടെമട്ടുകാരനാണു്. കോട്ടൺ എന്നയാൾ ലാററിൻകവിയായ വേർജിലിൻെറ കൃതിയെ വിഡംബനംചെയ്തു് എഴുതിയപോലെ ഈ ഡാക്ടർബ്രൗൺ ക്രൈസ്തവവേദഗ്രന്ഥത്തെ അപഹാസ്യമായി അനുകരിച്ചു ചിലകവിതകൾ എഴുതിയിരുന്നു. അതു പ്രസിദ്ധംചെയ്തിരുന്നുവെങ്കിൽ ദുർബ്ബലചിത്തരെ വഴിപിഴപ്പിക്കുമിയിരുന്നു, ദൈവവശാൽ അതു് അച്ചടിക്കപ്പെട്ടിട്ടില്ല.

അന്നുരാത്രി ഞാൻ ഡാക്ടരുടെ വീട്ടിൽകഴിച്ചുകൂട്ടി. അടുത്ത ദിവസം രാവിലെ ബർളിങ്ടണിൽ എത്തി എങ്കിലും; ഞാൻ ചെന്നുചേരുന്നതിനു് അല്പംമുമ്പായിട്ടുതന്നെ പോകാനുണ്ടായിരുന്ന ബോട്ടുകളെല്ലാം പോയിഎന്നറിഞ്ഞു കുണ്ഠിതപ്പെട്ടു. ചൊവ്വാഴ്ചയ്ക്കു മുമ്പു് മറെറാരു യാനപാത്രവും പോകാൻ ഉണ്ടായിരിക്കുകയില്ല എന്നും അറിഞ്ഞു. ഞാൻ എത്തിയദിവസം ശനിയാഴ്ചയായിരുന്നു. മററുമാൎഗ്ഗമില്ലാതെ, ഞാൻ, നഗരിയിലെ ഒരുവൃദ്ധസ്ത്രീയുടെ ഭവനത്തിൽഎത്തി. ആഹാരത്തിനു അവരുടെപക്കൽനിന്നു ഇഞ്ചിറൊട്ടിവാങ്ങിത്തിന്നു. യാത്രയ്ക്കു് അവരുടെ നിൎദ്ദേശംചോദിച്ചു. പോകുവാൻതക്കവാഹനം കിട്ടുന്നതുവരെ അവരുടെവീട്ടിൽ കഴിഞ്ഞുകൊള്ളാൻ വൃദ്ധ എന്നെക്ഷണിച്ചു. നടന്നുനടന്നു ക്ഷീണിച്ചഞാൻ ആ ക്ഷണം സ്വീകരിച്ചു. ഞാൻ ഒരു അച്ചടിശാലാജോലിക്കാരനെന്നു മനസ്സിലായപ്പോൾ ആ സ്ഥലത്തുതന്നെ എൻെറജോലിതുട

രാമല്ലോഎന്നു് വൃദ്ധ അഭിപ്രായപ്പെട്ടു. അച്ചടിസംബന്ധിച്ച വേണ്ടഉപകരണങ്ങളെപ്പററി അവൾക്കു് ഒരു ബോധവുമുണ്ടായിരുന്നില്ല. അതിഥിസൽക്കാരത്തിൽ വൃദ്ധ ഒട്ടുംകുറഞ്ഞതയാളായിരുന്നില്ല. വളരെ സന്മനസ്സോടെ അവർ എനിക്കു്ഗോമാംസം സല്ക്കരിച്ചു. പകരമായി അതിലേയ്ക്കു് ഒരുപാത്രം മധുരപാനീയം മാത്രമേ അവർ കൈക്കൊണ്ടുള്ളു. ചൊവ്വാഴ്ചവരെ അവിടെ ഇങ്ങനെകഴിക്കാമെന്നുതന്നെ ഞാൻ നിശ്ചയിച്ചു. എന്നാൽ വൈകുന്നേരത്തെ നടത്തത്തിന്നു പുറത്തിറങ്ങി ആററുതീരത്തോടെ പോകുമ്പോഠം ഫിലഡൽഫിയായിലേയ്ക്കു് പോകുന്ന ഒരു ബോട്ടുണ്ടെന്നറിഞ്ഞു. ഏതാനും ആളുകളും പോകാൻതയ്യാറായിട്ടുണ്ടായിരുന്നു. ഞാൻ അവരുമൊത്തു ബോട്ടിൽകയറി. കാററുതീരെ ഇല്ലാതിരുന്നതിനാൽ ഞങ്ങഠം ഓരോരുത്തരും തുഴ കൈയിലെടുത്തു. അർദ്ധരാത്രിയായിട്ടും നഗരിയെ സമീപിക്കുന്നലക്ഷണമൊന്നും കണ്ടില്ല. ആ സ്ഥലം കഴിഞ്ഞിരിക്കുമെന്നായി, ചിലർ. അതുകൊണ്ടു കൂട്ടതലായി തുഴയേണ്ട ആവശ്യമില്ലെന്നു അവർ അഭിപ്രായപ്പെട്ടു. മററുചിലൎക്കു് എവിടെയാണു് എന്നുതന്നെ അറിഞ്ഞുകൂടായിരുന്നു. ഏതായാലും കരയ്ക്കിറങ്ങുകതന്നെഎന്നു തീർച്ചയാക്കി. ഒരുഠംക്കടലിൻെറ വക്കായിരുന്നുഅവിടം. അടുത്തു ചിലവേലികഠംകാണപ്പെട്ടതിൻെറ ചില അംശങ്ങഠം പൊളിച്ചെടുത്തു് ആ ഒക്ടോബർമാസത്തിലെ തണുപ്പിൽനിന്നു ഞങ്ങഠംരക്ഷനേടി. നേരം പ്രഭാതമാകുംവരെ ഞങ്ങഠം അവിടെത്തന്നെ കഴിച്ചുകൂട്ടി. ആ സ്ഥലം ഫിലഡൽഫിയായ്ക്കും അല്പംമേലേയുള്ള 'ക്രൂപ്പേഴ്സ്' ആററുവള'വാണെന്നു ചിലൎക്കുമനസ്സിലായി. നദിയുടെ വളവുകഴിഞ്ഞശേഷം രാവിലെ ഒൻപതുമണിയോടുകൂടി തെരുവിലെ ബോട്ടുകടവുഭാഗത്തു് ഞങ്ങഠം ചെന്നുചേൎന്നു.

ഈ വിവരണങ്ങളെല്ലാം ഞാൻ എൻെറ യാത്രസംബന്ധിച്ച എഴുതുന്നതു്, ഞാൻ ആ നഗരിയിൽ ആദ്യമേ പ്രവേശിച്ചതു് ഏതുതരത്തിലായിരുന്നുവെന്നും അനന്തരം അവിടെ ഒരു നിലസമ്പാദിച്ചതു എങ്ങനെയായിരുന്നുവെന്നും നി താരതമ്യപ്പെടുത്തട്ടെ എന്ന ഉദ്ദേശത്തിലാണു്. ബോട്ടുയാത്രകഴിഞ്ഞു കരയ്ക്കെത്തിയ എൻെറ വേഷം അച്ചടിശാലാ വേലക്കാരൻേറതായിരുന്നു. എൻെറ നല്ല വസ്ത്രങ്ങളെല്ലാം ജലമാൎഗ്ഗേണ അയയ്ക്കപ്പെട്ടിട്ടുള്ളതു വന്നുചേൎന്നില്ല. യാത്രനിമിത്തം വേഷമെല്ലാം വളരെ വൃത്തികേടായി. ചിലഷർട്ടും കാലുറയും പാക്കററുകളിൽ തിരുകിയിരുന്നു. അവിടെയെങ്ങാനും ഒരൊററമനുഷ്യനേയും എനിക്കറിഞ്ഞുകൂടാ. താമസത്തിനുള്ള സ്ഥലത്തിൻെറ കാര്യവും തഥൈവ. യാത്രചെയ്കയും തുഴയുകയും വിശ്രമമില്ലാതിരിക്കുകയുംനിമിത്തം ഞാൻ നന്നേക്ഷീണിച്ചിരുന്നു.

വിശപ്പോ; കലശൽ. കൈവശമുണ്ടായിരുന്ന പണമോ ഒരൊററ ഡച്ചുഡോളറും ഏതാനും ചെമ്പുതുട്ടുകളുംമാത്രം. അല്ല, ആ ചെമ്പുതുട്ടുകൾ ഞാൻ യാത്രചെയ്ത ബോട്ടിലെ മാനേജക്കു കൂലിവകയായിക്കൊടുത്തിരുന്നു. കൈയിൽ പൈസാകുറവായാൽ ചിലപ്പോൾ നാം കൂടുതൽ ഔദാര്യമുള്ളവരായിത്തീരുന്നു. ഞാൻ കൂടെത്തുഴയുകയായിരുന്നതിനാൽ ബോട്ടുകൂലി ആവശ്യമില്ലെന്നു മനേജർ ശഠിച്ചു എങ്കിലും ഞാനതു കൊടുത്തേ അടങ്ങിയുള്ളൂ, എൻെറ കൈവശം കാശില്ലെന്നു അന്യർ ധരിച്ചാലോ എന്നുള്ളപേടിയാൽ.

ഞാൻ തെരുവിന്നു മേലേ അങ്ങനെനടന്നു. അവിടത്തെ ചന്തക്കെട്ടിടത്തിന്നു് സമീപത്തായി റൊട്ടിയുമായിപ്പോകുന്ന ഒരു കുട്ടിയെക്കണ്ടു. ഞാൻ പലപ്പോഴും റൊട്ടിമാത്രം ഭക്ഷണമായി കഴിഞ്ഞിട്ടുണ്ടു്. ബാലൻെറ കൈവശമുള്ള റൊട്ടി എവിടെനിന്നായിരുന്നുവെന്നു ചോദിച്ചു. അവൻ പറഞ്ഞതനുസരിച്ചു് ഒരു റൊട്ടിക്കടയിൽചെന്നെത്തി. ബോസ്റ്റണിൽ ഉള്ളപോലെയായിരിക്കും എന്നു കരുതി ബിസ്കറവേണം എന്നു ഞാൻ ആവശ്യപ്പെട്ടു. എന്നാൽ ഫിലഡൽഫിയായിൽ ബിസ്കറുണ്ടാക്കിയിരുന്നില്ല. ഇതു കേട്ടു ഞാൻ മൂന്നുപെനിക്കുള്ള റൊട്ടിക്കഷ്ണം ആവശ്യപ്പെട്ടതിൽ അങ്ങനെ ഒരിനം അവിടെ ഇല്ലെന്നു മനസ്സിലാക്കി. ഒടുവിൽ റൊട്ടിയുടെ സംഖ്യയോ സ്വഭാവമോ ഒന്നും മനസ്സിലാക്കാൻ നില്ക്കാതെ എന്തെങ്കിലും ഇനത്തിൽ മൂന്നുപെനിക്കു് ഭക്ഷണസാധനം തരുവാൻമാത്രം ആവശ്യപ്പെട്ടു. ഉരുണ്ടു വലുതായ മൂന്നു റൊട്ടികളാണു് എനിക്കു കിട്ടിയതു്. ഇതു കണ്ടപ്പോൾ ഞാൻ ആശ്ചര്യഭരിതനായി. എന്നാൽ പാക്കററിൽ റൊട്ടിക്കഷണങ്ങൾ സൂക്ഷിക്കാൻ സ്ഥലമില്ലാതിരുന്നതുകൊണ്ടു് രണ്ടെണ്ണം രണ്ടു കക്ഷത്തുമായി പൊതിഞ്ഞു സൂക്ഷിച്ചു് ഒന്നുമാത്രംതിന്നു നടകൊണ്ടു. അനന്തരകാലത്തു് എൻെറ പ്രേമഭാജനമായ സ്ത്രീയുടെ പിതാവു്, മി: റീഡ്എന്നയാളിൻെറ ഭവനത്തിനു മുമ്പിലൂടേ ഞാൻ റൊട്ടിക്കഷണം ചവച്ചുകൊണ്ടു നടന്ന നട ഇപ്പോഴും ഓക്കുന്നു. അതല്ല, രസം, മി: റീഡിൻെറ പുത്രി നടയിൽനിന്നുകൊണ്ടു് എന്നെ നോക്കുന്നുമുണ്ടായിരുന്നു. ഞാനൊരു വൃത്തികെട്ട അപഹാസ്യമായ ഒരു സത്വമെന്നു് അവൾ ധരിച്ചിട്ടുണ്ടായിരിക്കും. അനന്തരം ഞാൻ തിരിഞ്ഞു് ചെസ്റ്റ്നട്ട്തെരുവിലും വാൾനട്ട്തെരുവിൻെറ ഒരു ഭാഗത്തുംഎത്തി. ഇതിന്നിടയ്ക്കു് റൊട്ടി കടിച്ചുതിന്നുന്നുണ്ടായിരുന്നു. ഇങ്ങനെ ചുററിത്തിരിഞ്ഞു് വീണ്ടും ഞാൻ യാത്രചെയ്ത ബോട്ടുനിന്നതിനടുത്തു് ചന്തത്തെരുവിലുംഎത്തി. നദീജലം കുടിക്കുവാൻ ആയിരുന്നു എത്തിയതു്. ഞാൻ കയറിയ ബോട്ടിൽ ഉണ്ടായിരുന്ന

നിസ്സഹായയായ ഒരു സ്ത്രീക്കും അവരുടെ രണ്ടു കുട്ടികൾക്കും ബാക്കിയുള്ള രണ്ടു റൊട്ടിയുംകൊടുത്തു.

ഇങ്ങനെ ഒരു പുതുജീവൻ ഉണ്ടായതോടെ ഞാൻ വീണ്ടും തെരുവിനു മേലേയായി നടന്നു. ആ പന്ഥാവിൽ യോഗ്യമായി വസ്ത്രധാരണം നിർവ്വഹിച്ച അനേകം ആളുകൾ നടക്കുന്നുണ്ടായിരുന്നു. അവരെല്ലാം ഒരേ വഴി പോകുന്നവരായിക്കണ്ടു. ഞാനും അവരോടൊത്തുപോയി ചന്തയ്ക്കടുത്തു് ക്വെക്കർ എന്ന ക്രൈസ്തവസംഘത്തിൻെറ സങ്കേതസ്ഥലത്തുചെന്നെത്തി. ഞാൻ അവരുടെ കൂട്ടത്തിൽചെന്നിരുന്നു. ചുററുമൊന്നുനോക്കി എങ്കിലും യാതൊന്നും കേൾപ്പാനില്ലാതെ അങ്ങനെ നിദ്രാലുതയിൽ വിഷമിച്ചും. ദേഹക്ലേശംകൊണ്ടും വിശ്രമമില്ലായ്മയാലും തലേദിവസം രാത്രി ഉറക്കമില്ലയ്കയാലും ഞാൻ അങ്ങനെ ഇരുന്നുറങ്ങിപ്പോയി. അവരുടെ സമ്മേളനം അവസാനിച്ചിട്ടും ഞാൻ ഇരുന്നുറങ്ങുകയായിരുന്നു. അവരിൽ ഒരാൾവന്നു എന്നെ പയ്യെയൊന്നു തട്ടിയുണർത്തി. ഫിലഡൽഫിയായിൽ ഞാൻ ആദ്യമായി എത്തിയതോ വിശ്രമിച്ചതോ ആയ ഭവനം ഇതായിരുന്നു.

വീണ്ടും നദിക്കഭിമുഖമായി ഞാൻ നടന്നു. ആളുകളുടെ മുഖങ്ങളുംനോക്കി അങ്ങനെ പോകുമ്പോൾ ചെറുപ്പക്കാരനായ ഒരു "ക്വെക്കറെ"ക്കണ്ടു" അപരിചിതക്കു് താമസിക്കുവാൻ ഏതെങ്കിലും ഭവനം കാണിച്ചുതരണേ എന്നപേക്ഷിച്ചു. "മൂന്നു കപ്പലോട്ടക്കാർ"എന്ന അടയാളസ്ഥലത്തിനടുത്തു ഞങ്ങൾ എത്തിയിരുന്നു. "ഇതാ ഇവിടം അത്തരം അപരിചിതക്കു് വാസസ്ഥലമായി കരുതാവുന്നതാണു്. അത്ര നല്ല പേരുള്ള ഒരു വസതിയല്ല. എന്നോടുകൂടെവരാമെങ്കിൽ ഞാൻ നിങ്ങൾക്കു കുറേക്കൂടെ നല്ല ഒരു വസതി പരിചയപ്പെടുത്തിത്തരാം" എന്നു അയാൾ പറഞ്ഞു. വാട്ടർസ്ട്രീററിലെ ക്രൂക്കഡ്ബില്ലററ് എന്നസ്ഥലത്തേയ്ക്കു് അയാൾ എന്നെ കൂട്ടിക്കൊണ്ടുപോയി. ഇവിടെ എനിക്കു ഉച്ചയ്ക്കുള്ള ഭക്ഷണം ലഭിച്ചു. ഞാൻ ആഹാരം കഴിച്ചുകൊണ്ടിരിക്കെ, എൻെറ ഉള്ളുകള്ളികളറിയാൻ പലതരം മുട്ടുചോദ്യങ്ങളും ചിലർ എന്നോടു ചോദിച്ചു. എൻെറ പ്രായവും പൊതുവേയുള്ള നോട്ടവും അനുസരിച്ചുനോക്കുമ്പോൾ ഞാൻ എവിടെനിന്നോ എങ്ങോട്ടോ ഒളിച്ചോടിപ്പോകുന്ന ഒരു ചെറുപ്പക്കാരനാണെന്നു് അവർ ധരിച്ചിരിക്കാം.

ഭക്ഷണം കഴിഞ്ഞതോടെ എൻെറ ഉറക്കം വീണ്ടും എത്തി. അവർ എനിക്കൊരു കിടക്ക ചൂണ്ടിക്കാട്ടി. ഞാൻ നിദ്രയ്ക്കു വേണ്ടി ധരിച്ചിരുന്ന വസ്ത്രങ്ങൾക്കു് ഒരു മാററവും വരുത്താതെ

തന്നെ ഉറങ്ങുവാൻ ആരംഭിച്ചു. വൈകിട്ടു ആറുമണിവരെ ഞാൻ ആ കിടപ്പിൽകിടന്നുറങ്ങി. അനന്തരം അത്താഴത്തിനു വിളിക്കപ്പെട്ടു. അതു കഴിഞ്ഞു വീണ്ടും ഉറക്കമായി അടുത്തദിവസം പ്രഭാതത്തിൽ എന്റെ വേഷം തീരെ മോശമായിരുന്നു. എന്നാൽ ആ സമയത്താണു്, ഞാൻ ആൻഡ്രൂസ്ബ്രാഡ്ഫോർഡ് എന്ന അച്ചടിശാലക്കാരനെ കാണ്മാൻ പോയതു്. അവിടത്തെ വ്യാപാരകേന്ദ്രത്തിൽ മാനേജരുടെ പിതാവിനെയാണു ഞാൻ കണ്ടതു്. അദ്ദേഹത്തെ ഞാൻ ന്യൂയോക്കിൽവെച്ചു കണ്ടിട്ടുണ്ടായിരുന്നല്ലോ. വൃദ്ധൻ ന്യൂയോക്കിൽനിന്നു കുതിരസ്സവാരിയായി ഫിലഡൽഫിയായിൽ എന്നെക്കാൾ നേരത്തേ എത്തിയിരുന്നു. അദ്ദേഹം എന്നെ പുത്രനു പരിചയപ്പെടുത്തി. പുത്രനാകട്ടെ വേണ്ട സൗജന്യത്തോടെ പെരുമാറുകയും എനിക്കു് പ്രഭാതലഘുഭക്ഷണം നൽകയുംചെയ്തു. എന്നാൽ ജോലിക്കാര്യം സംബന്ധിച്ചു് ആതിഥേയന്റെ മറുപടി അത്ര സന്തോഷകരമായിരുന്നില്ല. ആ ശാലാധിപനു് വേറൊരാളെ ലഭിച്ചുവെന്നും, ആ സ്ഥലത്തുതന്നെ ഏതാനുംനാൾ മുമ്പു് ഒരു അച്ചടിശാല 'കീമർ' എന്നൊരാൾ തുറന്നിട്ടുണ്ടെന്നും ഒരു പക്ഷേ അയാൾ എന്നെ ഉദ്യോഗത്തിൽ നിയമിച്ചേക്കുമെന്നും ബ്രാഡ്ഫോർഡ് അറിയിച്ചു. അങ്ങനെ നിയമിക്കാത്തപക്ഷം ബ്രാഡ്ഫോർഡിന്റെ ഗൃഹത്തിൽ എനിക്കു താമസിക്കാമെന്നും പറഞ്ഞു. അങ്ങനെയായാൽ തല്ക്കാലം ചില്ലറ ജോലികൾ എനിക്കു് നൽകാമെന്നും താമസിയാതെ പൂർണ്ണമായ ഏതെങ്കിലും ഒരു ജോലിയിൽ ഏർപ്പെടുത്താമെന്നും ബ്രാഡ്ഫോർഡ് സമ്മതിച്ചു.

പുതിയ അച്ചടിശാലക്കാരന്റെ അടുത്തു് എന്നെ പരിചയപ്പെടുത്തുവാൻ ബ്രാഡ്ഫോർഡിന്റെ പിതാവുതന്നെ എന്നോടുകൂടി പുറപ്പെട്ടു. ഞങ്ങൾ ആ ശാലാധിപനെ കണ്ടപ്പോൾ ബ്രാഡ്ഫോർഡു് ഇങ്ങനെ പറഞ്ഞു:—"സ്നേഹിതാ, അച്ചടിക്കാര്യങ്ങൾ നല്ലപോലെ പരിചയിച്ച ഒരു ചെറുപ്പക്കാരനുമായിട്ടാണു് ഞാനിപ്പോൾ വന്നിരിക്കുന്നതു്. നിങ്ങൾക്കു് അങ്ങനെയൊരു ജോലിക്കാരൻ വേണമായിരിക്കാം." ഇതുകേട്ടു് പുതിയ യജമാനൻ എന്നോടു് ചില ചോദ്യങ്ങൾ ചോദിച്ചു. അക്ഷരങ്ങൾ നിരത്താനുള്ള തട്ടം എന്റെ കൈവശംതന്നു് അക്ഷരരചന പരിശോധിച്ചു. സംതൃപ്തനായിട്ടായിരിക്കാം ആ മനുഷ്യൻ തല്ക്കാലം ചെയ്യേണ്ട വേലയൊന്നുമില്ലെങ്കിലും എന്നെ താമസിയാതെ ഉദ്യോഗത്തിൽ നിയമിച്ചുകൊള്ളാമെന്നു സമ്മതിച്ചു. ഇതിനുശേഷം എന്റെ അഭ്യുദയകാംക്ഷിയും അന്നോളം അപരിചിതനും ആയ ബ്രാഡ്ഫോർഡിനെ ആ സ്ഥലത്തെ ഏതോ പൗരനായിരിക്കും എന്നു ഗണിച്ചു്

മുദ്രണശാലാധിപൻ തൻെറ അപ്പോഴത്തെ നിലയും കൈയേററി ട്ടുള്ള ചുമതലകളും വിസ്തരിച്ചു ധരിപ്പിച്ചു. ബ്രാഡ്ഫോർഡാകട്ടെ, ആ സ്ഥലത്തെ മറെറാരു അച്ചടിശാലാധിപൻെറ പിതാവെന്ന കാര്യംവെളിപ്പെട്ടത്താതെ, ആ നഗരിയിലുള്ള അച്ചടിയുടെ ഗണ്യമായഭാഗം തനിക്കുതന്നെ ലഭിക്കണമെന്നും മററും കീമർ പറയുന്നതുകേട്ട് സൂത്രത്തിൽ ചില ചോദ്യങ്ങൾ കീമറോടു ചോദിക്കുകയും, അയാൾ ഏതു താല്പര്യം അടിസ്ഥാനമാക്കിയാണ് പ്രവ ർത്തിക്കുന്നതു എന്നും മററും മനസ്സിലാക്കിവെയ്ക്കുയുംചെയ്തു. ഇരുവരുടേയും വർത്തമാനങ്ങൾ ശ്രദ്ധിച്ചുകേട്ടുകൊണ്ടിരുന്ന ഞാനാകട്ടെ, അവരിൽ ഒരാൾ സൂത്രശാലിയും മറെറാരാൾ ലോകപരിചയം കുറഞ്ഞ ഒരു ആരംഭപ്രസക്തനും ആണെന്നു മനസ്സിലാക്കി. ബ്രാഡ്ഫോർഡ് അന്നുതന്നെ എന്നെ കീമറെ ഏൽപ്പിച്ചു സ്ഥലംവിട്ടു. ആ വയസ്സൻ ഇന്നാരുടെ ഇന്നാളാണെന്നു ഞാൻ പറഞ്ഞു മനസ്സിലാക്കിയ കീമർ അത്ഭുതപ്പെട്ടുപോയി.

കീമറുടെവശം ഒരു ജീർണ്ണിച്ച അച്ചുക്കൂടം, ചെറിയ തേഞ്ഞ ഏതാനും ഇംഗ്ലീഷുടൈപ്പുകൾ എന്നിവ മാത്രമേ ഉണ്ടായിരുന്നുള്ളു. അവയെക്കൊണ്ടായിരുന്നു, ശാലാധിപൻ നിത്യോപയോഗം നടത്തിവന്നതും. അക്കാലത്തു് ആദ്ദേഹം രചിച്ച ഒരു ശോകഗീതി, 'അകപിലാറോസ്സ്' എന്നു മുമ്പു പ്രസ്താവിച്ച ബുദ്ധിമാനും സൽസ്വഭാവിയുമായ ഒരു യുവാവിൻെറ അകാലനിര്യാണം സംബന്ധിച്ച ശോകഗീതി, അക്ഷരംനിരത്തി അച്ചിടുകയായിരുന്നു. എന്നാൽ ഈ പദ്യഭാഗം കവി എഴുതിവെച്ചതിനുശേഷം അച്ചിടുകയല്ലചെയ്തതു്. പിന്നെയോ? അച്ചുനിരത്തുന്നതിനോടുകൂടിത്തന്നെ രചന നിർവ്വഹിക്കുകയായിരുന്നു. അതിനാൽ രണ്ടു ടൈപ്പുതട്ടങ്ങൾ അല്ലാതെ ആ കവിതയ്ക്കു് മററു കൈയെഴുത്തുപ്രതി ഉണ്ടായിരുന്നില്ല ശോകഗീതിയാകട്ടെ, എല്ലാം അക്ഷരങ്ങളുംകൊണ്ടേനിരത്തിത്തീരുകയുള്ളുതാനും. അദ്ദേഹത്തെ ഇക്കാര്യത്തിൽ സഹായിക്കുവാനും ആരുമുണ്ടായിരുന്നില്ല. അദ്ദേഹത്തിനുതന്നെ യാതൊരു അറിവും രൂപവുമില്ലായിരുന്ന അച്ചുക്കൂടം ഒന്നു നേരേയാക്കാൻ ഞാൻ ശ്രമിച്ചു. അതായതു് പ്രവൃത്തിക്ഷമതയിൽ എത്തിക്കുവാൻ. ഏതാനും ദിവസംകൊണ്ടു ശോകഗീതി പൂർത്തിയാകുവാൻ നിർദ്ദേശിച്ചുശേഷം ഞാൻ ബ്രാഡ്ഫോർഡിൻെറ ഭവനത്തിലേയ്ക്കുപോയി. അവിടെ എനിക്കു് ഏതാനും ദിവസത്തെ ജോലികിട്ടി, ഊണും താമസവുമായി അങ്ങനെ കഴിച്ചു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ പഴയ ശോകഗീതി അച്ചിടുവാൻ കീമർ എനിക്കു് ആളയച്ചു. അപ്പോൾ മുമ്പിലത്തെക്കാൾ രണ്ടു 'കേസ്സു

റകഠംക്രൂടെ ആ ശാലാധിപൻ തയ്യാറാക്കിയിരുന്നു. ശോകഗീതി ക്രൂടാതെ ഒരു ലഘുലേഖയും അച്ചടിക്കേണ്ടിയിരുന്നു.

ബ്രാഡ്ഫോർഡാകട്ടെ, കീമറാകട്ടെ അവരുടെ തൊഴിലായ അച്ചടിയിൽ അത്യല്പമായ പരിചയം സിദ്ധിച്ചവരേആയിരുന്നുള്ളൂ. ബ്രാഡ്ഫോർഡ് വിദ്യാഭ്യാസം സിദ്ധിച്ചവനായിരുന്നില്ല. കീമർ ഒരു കവിക്രൂടെ ആയതിനാൽ അല്പം വൈദഗ്ദ്ധ്യം സമ്പാദിച്ച ആളായിരുന്നു. അദ്ദേഹത്തിന് അച്ചുനിരത്താൻ അറിയാമെന്നല്ലാതെ അച്ചടിവിദ്യയെപ്പററി യാതൊരു ബോധവും ഉണ്ടായിരുന്നില്ല. അദ്ദേഹം ഒരു ഫ്രെഞ്ചുദീർഘദർശിയായിരുന്നു, എങ്കിലും ഫ്രെഞ്ചുകാരുടെ സത്യസന്ധമായ ആഭ്യന്തരവിപ്ലവം അനുസരിച്ച് പ്രവർത്തിക്കുവാൻ കഴിവില്ലാത്തവനായിരുന്നു. ഇക്കാലത്ത് അദ്ദേഹം ഏതെങ്കിലും ഒരു പ്രത്യേകമതവിഭാഗം സ്വീകരിക്കാതെ സന്ദർഭം പോലെ ഓരോ രീതി കൈക്കൊണ്ടു. അദ്ദേഹത്തിനു ലോകപരിചയം കഷ്ടിയായിരുന്നു. കള്ളപ്പണികഠം ധാരാളം അറിയാം താനും. അവിടെ ജോലിയെടുക്കുന്ന കാലത്ത് ബ്രാഡ്ഫോർഡിൻെറ ഭവനത്തിൽ ഞാൻ താമസിക്കുന്നത് ഇദ്ദേഹത്തിന് രസിച്ചില്ല. കീമർക്ക് ഒരു പ്രത്യേക ഭവനമുണ്ടായിരുന്നുവെങ്കിലും അവിടെ വീട്ടുസാമഗ്രികഠം കുറവായിരുന്നു. അതിനാൽ എന്നെ അവിടെ താമസിപ്പിക്കാൻ ക്ഷണിച്ചില്ല. എന്നാൽ അദ്ദേഹത്തിൻെറ ഭവനത്തിൻെറ ഉടമസ്ഥനായ മി: റീഡിൻെറ ഗൃഹത്തിൽ താമസിച്ചുകൊഠംവാൻ വേണ്ട സൗകര്യം ഉണ്ടാക്കിത്തന്നു. ഈ ദിവസങ്ങഠംക്കുള്ളിൽ, ഞാൻ മുമ്പു കടൽമാർഗ്ഗം അയച്ചിട്ടുണ്ടായിരുന്ന പെട്ടിയും വസ്ത്രങ്ങളുമൊക്കെ വന്നുചേർന്നിരുന്നു. അതിനാൽ പണ്ട് ആദ്യമായി കണ്ടപ്പോഠം റൊട്ടിയുംകടിച്ചു നടന്നിരുന്ന ഞാൻ മാന്യമായ നിലയിൽ കഞ്ചുകാദികഠംധരിച്ച് റീഡിൻെറ പുത്രിയുടെ ബഹുമതിക്കു പാത്രീഭവിച്ചു.

ഇക്കാലത്ത് ഞാൻ ആ നഗരിയിലെ ചില യുവജനങ്ങളുമായി പരിചയപ്പെട്ടു. പുസ്തകവായനയിൽ പ്രത്യേകപ്രതിപത്തിയുണ്ടായിരുന്ന അവരുമായി ക്രൂട്ടുകെട്ടിൽ ഏർപ്പെട്ട് സായാഹ്നങ്ങഠം വളരെ സന്തോഷപുരസ്സരം കഴിച്ചുക്രൂട്ടി. എൻെറ വ്യവസായശീലംകൊണ്ടും മിതവ്യയശീലംകൊണ്ടും കുറച്ചു പണവും സമ്പാദിക്കുവാൻ കഴിഞ്ഞു. ഇങ്ങനെ ഇഷ്ടംപോലെ സുഖമായി കഴിഞ്ഞുക്രൂടുകയാൽ ബോസ്റ്റൺനഗരിയെത്തന്നെ മറന്നു. അവിടെയുള്ള ആരുംതന്നെ എന്നെ അറിയേണ്ടാഎന്നും കരുതി. എൻെറ സ്നേഹിതനായ കോളിൻസിനുമാത്രമേ, ഞാൻ ഇന്നിടത്താണു താമസമെന്നു അറിയാമായിരുന്നുള്ളൂ. വസ്തുത മററാരെയും അറിയിക്കരു

തെന്നു ഞാൻ ആ സ്നേഹിതനെയും അറിയിച്ചു. എന്നാൽ ഞാൻ ഉദ്ദേശിച്ചതിലും മുൻപായിത്തന്നെ ആ നഗരിയിൽ ചെന്നെത്തുവാൻ ഒരു കാരണമുണ്ടായി. 'റോബർട്ടു്ഹോംസ്' എന്ന പേരിൽ എനിക്കൊരു സോദരീഭർത്താവുണ്ടായിരുന്നു. ബോസ്റ്റണും ഡിലാവെയറും തമ്മിൽ കച്ചവടംസംബന്ധിച്ചു് ഓടിക്കൊണ്ടിരുന്ന ഒരു ചെറുബോട്ടിൻെറ കപ്പിത്താനായിരുന്ന 'ഹോംസ്.' ഫിലഡൽഫിയായിൽനിന്നും നാൽപ്പതുമൈലോളം താഴത്തായ "ന്യൂക്യാസിൽ" എന്ന സ്ഥലത്തായിരുന്നു ക്യാപ്ററൻെറ താമസം. അദ്ദേഹം എങ്ങനെയോ എന്നെപ്പററി കേൾക്കുകയും എനിക്കു് ഒരു കത്തയയ്ക്കുകയും ചെയ്തു. കത്തിലെ സാരം എന്നെ ബോസ്റ്റണിലുള്ള അഭ്യുദയകാംക്ഷികൾ കാണ്മാൻ ആഗ്രഹിക്കുന്നുവെന്നും അവരാരും അറിയാതെ ഞാൻ പൊയ്ക്കളഞ്ഞതു് മര്യാദയായില്ലെന്നും, തിരിയെ അവിടെച്ചെല്ലുന്നപക്ഷം എനിക്കു് ഹിതമായ ജോലിയും താമസസ്ഥലവും അവർ ഏർപ്പെടുത്തിത്തരുമെന്നുംമററും ആയിരുന്നു. സ്യാലൻെറകത്തിനു ഞാൻ തക്ക ഒരു മറുപടി കൊടുത്തു. അദ്ദേഹം വിചാരിക്കുംപോലെ ഞാൻ തെററുകാരനല്ലെന്നും ബോസ്റ്റൺ വിട്ടു പോരാൻ വന്നുചേന്ന പരിതഃസ്ഥിതികൾ ആവിധമായിരുന്നു എന്നും ആ കത്തിൽ വിവരിച്ചിരുന്നു.

ആ സംസ്ഥാനത്തിലെ ഗവർണ്ണരായ സർ വില്യംകീത്തു് അക്കാലത്തു് ന്യൂക്യാസിലിൽ ആയിരുന്നു. എൻെറ കത്തു ചെന്നു ചേന്നപ്പോൾ ക്യാപ്ററൻഹോംസ് ഗവർണ്ണരോടുകൂടിയുണ്ടായിരുന്നു. ഹോംസ് കത്തു് ഗവർണ്ണരെ കാണിക്കുകയും എന്നെപ്പററി അദ്ദേഹത്തോടു സംസാരിക്കുകയുംചെയ്തു. എൻെറ പ്രായത്തെപ്പററിപറഞ്ഞു് കത്തു കൈയിൽ കൊടുത്തപ്പോൾ ആ ലേഖനം വായിച്ച ഗവർണ്ണർ അത്ഭുതപ്പെട്ടുവത്രേ ഞാൻ എന്തോ ചില മിടുക്കുകളുള്ള ഒരു യുവാവാണെന്നും എന്നെ ന്യായമായവിധം പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ഗവർണ്ണർ അഭിപ്രായപ്പെട്ടു. ഫിലഡൽഫിയയിലെ അച്ചടിശാലക്കാർ മോശക്കാരാണെന്നും, ഞാൻ അവിടെ ഒരു മുദ്രണാലയം സ്ഥാപിക്കുന്നപക്ഷം അതു വിജയകരമാകുമെന്നും, എനിക്കു വേണ്ട അച്ചടിവേലകൾ സമ്പാദിച്ചു തരാമെന്നും തന്നാലാവുന്ന സകല സഹായങ്ങളും ചെയ്തുതരാമെന്നും ഗവർണ്ണർ പ്രസ്താവിച്ചുവത്രേ. ഇതൊക്കെ ബോസ്റ്റണിൽ എത്തിയശേഷം സോദരീഭർത്താവു് പറഞ്ഞിട്ടായിരുന്നു ഞാൻ അറിഞ്ഞതു്. ഒരുദിവസം കീമറും ഞാനും ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ ഗവർണ്ണരദ്ദേഹവുംകൂടെ ന്യൂക്യാസിലിലുള്ള കേണൽ ഫ്രെഞ്ചു് എന്ന ആളും മോടിയിൽ വസ്ത്രധാരണംചെയ്തു് തെരുവീഥിയിൽ

നിന്നു് ജോലിസ്ഥലത്തേയ്ക്കു് കയറിവരുന്നതു ജനാലവഴിയായി ഞങ്ങൾ കണ്ടു.

കീമർ അവിടെനിന്നു ബദ്ധപ്പെട്ടു പാഞ്ഞു. ഗവർണ്ണർ തന്നെ കാണ്മാനെത്തിയതെന്നായിരുന്നു കീമറുടെ വിചാരം. എന്നാൽ ആഗതൻ എന്നെപ്പററി അന്വേഷിക്കുകയും എനിക്കു അതേവരെ അനുഭവപ്പെട്ടിട്ടില്ലാത്ത ആദരബഹുമാനങ്ങളോടും സ്നേഹത്തോടും കൂടി എന്നെ പരിചയപ്പെടുവാൻ ആഗ്രഹിക്കുന്നതായി പറയുകയും ചെയ്തു. ഞാൻ ആ സ്ഥലത്തു ചെന്നു ചേർന്ന ദിവസം തന്നെ ചെന്നു കാണാത്തതിൽ സൗജന്യപൂർവ്വം എന്നെ അദ്ദേഹം കുററപ്പെടുത്തി. അദ്ദേഹം സ്നേഹിതൻ മി: ഫ്റഞ്ചുമായി അടുത്തുള്ള ഒരു പാനീയശാലയിലെ ഒന്നാംതരം വയിൻ ആസ്വദിക്കുവാൻ പോകുകയായിരുന്നു. ആ സൽക്കാരം സ്വീകരിക്കാൻ ഗവർണ്ണർ എന്നേയും ക്ഷണിച്ചു. ഇതുകേട്ട ഞാൻ അത്ഭുതപരവശനായി. എന്തായാലും ഞാൻ ഗവർണ്ണറുടെ ക്ഷണനം സ്വീകരിച്ചു. മൂന്നാംതെരുവിന്റെ ഒരു കോണിലുള്ള പാനീയശാലയിലേയ്ക്കു ഞങ്ങൾ കടന്നു. ഞങ്ങൾ വയിൻകഴിച്ചുകൊണ്ടിരിക്കെ, ഞാൻ അച്ചടിവേല ആരംഭിക്കേണ്ടതിനെപ്പററി ഗവർണ്ണർ നിർദ്ദേശിച്ചു. വിജയത്തിന്റെ സാദ്ധ്യതകൾ ഇന്നവിധമെല്ലാമുണ്ടാകുമെന്നു് അദ്ദേഹം സമർത്ഥിച്ചു. രണ്ടു ഗവമ്മെൻറുകളുടെ പ്രത്യേകസഹായം ലഭിക്കുമെന്നു് കേണൽ ഫ്റഞ്ചു് അഭിപ്രായപ്പെട്ടു.

ഇതിലേയ്ക്കു് കേണൽഫ്റഞ്ചും അദ്ദേഹത്തിന്റെ സ്നേഹിതൻ ഗവർണ്ണറും തങ്ങളുടെ കഴിവുകളെല്ലാം പ്രയോഗിക്കുമെന്നു് വാഗ്ദാനവും ചെയ്തു. അച്ഛൻ ഇങ്ങനെയുള്ള ഒരുദ്യമത്തിൽ എന്നെ സഹായിച്ചില്ലെങ്കിലോഎന്നു ഞാൻ ഒരു സംശയം പുറപ്പെടുവിച്ചു. ഇതുകേട്ടു് സർ വില്യം പ്രസ്താവിച്ചതു് അദ്ദേഹം എന്റെ പിതാവിന്നു് ഒരു കത്തുതരാമെന്നും അച്ചടിശാല തുടങ്ങുന്നതുകൊണ്ടുള്ള ഗുണങ്ങളെ അതിൽ പ്രതിപാദിക്കാമെന്നും അങ്ങനെ അച്ഛന്റെ സമ്മതം വാങ്ങിക്കൊള്ളാമെന്നും ആയിരുന്നു. കാര്യങ്ങൾ ഇങ്ങനെയായസ്ഥിതിക്കു് അടുത്ത കപ്പലിൽത്തന്നെ ഞാൻ ബോസ്റ്റണിലേയ്ക്കു് തിരിക്കണമെന്നു് അവർ അഭിപ്രായപ്പെട്ടു. അച്ഛനു് ഗവർണ്ണർ തരാമെന്നു ഏററകത്തുമായി ഞാൻ പോകാൻ തീരുമാനിച്ചു. സംഗതികളെല്ലാം രഹസ്യമായിരിക്കണമെന്നുള്ള പരസ്പരനിശ്ചയത്തിൽ ഞങ്ങൾ അന്നു പിരിഞ്ഞു. ഞാൻ കീമറുമായുള്ള ജോലി തുടന്നു. ഗവർണ്ണറാകട്ടെ, ചിലപ്പോഴൊക്കെ അദ്ദേഹവുമൊത്തു് ഞാൻ ഭക്ഷണം കഴിക്കുന്നതിനു ചില ക്ഷണങ്ങൾ നടത്തി. ഇതൊരു വലിയ ബഹുമതിയായിട്ടു ഞാൻ കരുതി.

അദ്ദേഹമാകട്ടെ എന്നോടു വളരെ സ്നേഹമര്യാദകളോടുകൂടെയാണു് സംഭാഷണം നടത്തിവന്നതു്.

1724 ഏപ്രിൽമാസത്തിന്റെ അവസാനത്തോടുകൂടി ഒരു ചെറുകപ്പൽ ബോസ്റ്റണിലേക്കു് പോകുന്നുണ്ടായിരുന്നു. ഞാൻ കീമറോടു യാത്രചോദിച്ചു് എന്റെ സ്നേഹിതന്മാരെ കാണ്മാൻ നാട്ടിലേക്കു പോകുന്നതായി അറിയിച്ചു. ഗവർണ്ണരദ്ദേഹം എനിക്കു് സമുചിതമായ ഒരു കത്തു തന്നു. എന്നെപ്പററി സ്തുതിപരമായി അച്ഛൻ അറിവാൻ വളരെയൊക്കെ എഴുതിയശേഷം, എന്റെ ഭാവിവിജയത്തിന്നു വളരെ പററിയതാണു് ഫിലഡൽഫിയയിൽ അച്ചടിപ്രവൎത്തനം എന്റെ ചുമതലയിൽ ആരംഭിക്കുന്നതു് എന്നു കത്തിൽ പ്രസ്താവിച്ചിരുന്നു. അതിലേക്കു് ശക്തിയായി ശുപാൎശി ചെയ്തിരുന്നു. ഉൾക്കടലിന്നു താഴത്തേക്കുപോകുന്ന മദ്ധ്യേ കപ്പൽ ഒരു മണൽത്തിട്ടിൽ ഒന്നുതട്ടികുറേശ്ശ ചോൎന്നുതുടങ്ങി. കടൽക്കാററു വിചാരിച്ചതിലധികം ഘോരമായിരുന്നു. ഞങ്ങളിൽ ചിലർ കപ്പലിൽ കയറിയ വെള്ളം കോരിക്കളയുന്ന ജോലിയിലും ഏൎപ്പെടേണ്ടതായിവന്നു. എന്തായാലും ഞങ്ങൾ ഒരുവിധം സുഖമായിത്തന്നെ ചെന്നുചേൎന്നു. രണ്ടാഴ്ചയ്ക്കകം ബോസ്റ്റൺനഗരിയിൽ ഞങ്ങൾ എത്തി. ഞാൻ ഏഴുമാസക്കാലമായി ബോസ്റ്റൺ വിട്ടിട്ടു്. എന്റെ സ്നേഹിതന്മാർ എന്നെപ്പററി ഇതിനിടയ്ക്കു് യാതൊന്നും തന്നെ അറിഞ്ഞിട്ടില്ല. സ്യാലനായ ഹോംസു് ഇതിനിടയ്ക്കു് അവിടെയെങ്ങും എത്തുകയുണ്ടായുമില്ല. ഒരിക്കലും ഉദ്ദേശിച്ചിരിക്കാത്തവിധം ഞാനവിടെ എത്തിയതിൽ വീട്ടിലുള്ളവരെല്ലാം ആശ്ചര്യപ്പെട്ടു; എന്റെ ജ്യേഷ്ഠനൊഴിച്ചു മററുള്ളവരെല്ലാം എന്നെ കാണ്മാനും സൽക്കരിക്കാനും സന്തുഷ്ടരായിരുന്നു. ജ്യേഷ്ഠനെ കാണ്മാൻ ഞാൻ അദ്ദേഹത്തിന്റെ അച്ചടിശാലയിലേയ്ക്കു കടന്നു. അദ്ദേഹത്തിന്റെകൂടെ ജോലിനോക്കിവന്ന കാലത്തിലെന്നതിനെക്കാൾ ഞാൻ എത്രയോ ഭംഗിയായി വസ്ത്രധാരണം ചെയ്തിരുന്നു. ആപാദചൂഡം നല്ല മാന്യതയിലുള്ള ഉടുപ്പുകളാണു് ഞാൻ ധരിച്ചിരുന്നതു്. ഒരു വാച്ചും ഉണ്ടു്. പാക്കററിലാകട്ടെ അഞ്ചുപവനോളംവരുന്ന സംഖ്യയിൽ വെള്ളിനാണയങ്ങളും. എന്നെ അദ്ദേഹം അത്ര വലിയ ആൎജ്ജവത്തോടെയല്ല സ്വീകരിച്ചതു്. ആപാദമസ്തകം ഒന്നു നോക്കി. അത്രതന്നെ. അദ്ദേഹത്തിന്റെ ജോലി തുടരുകയായി.

ആ അച്ചടിശാലാജോലിക്കാരൊക്കെ ഞാൻ അതേവരെ എവിടെയായിരുന്നു എന്നറിവാൻ അത്യധികം ആകാംക്ഷയുള്ളവരായി. ഞാൻ പോയിരുന്ന സ്ഥലങ്ങൾ എങ്ങനെയുള്ളവയായിരുന്നു എന്നോ എനിക്കു് അവിടങ്ങളിലെ താമസം എങ്ങനെ രസി

ച്ചിരുന്നുവെന്നോ അറിവാൻ അവർ വലിയ കൗതുകം പ്രകടിപ്പിച്ചു. ഞാനാകട്ടെ, ആ നാട്ടിനെപ്പററി അങ്ങേഅററം പ്രശംസിച്ചു സംസാരിച്ചു. വളരെ വേഗത്തിൽ ആ സ്ഥലത്തേയ്ക്കു് ഉടനേ മടങ്ങുന്നുണ്ടെന്നും അവരെ അറിയിച്ചു. അവിടെ ഏതുതരത്തിലുള്ള നാണയങ്ങളാണുണ്ടായിരുന്നതു് എന്നു് അവരിൽ ഒരാൾ ചോദിച്ചപ്പോൾ ഞാൻ കൈ നിറയെ കുറെ വെള്ളിനാണയം കീശയിൽനിന്നെടുത്തു് അവർ കണ്ടിട്ടില്ലാത്ത എന്തെങ്കിലും അത്ഭുതവസ്തു പ്രദശിപ്പിക്കുന്നതുപോലെ മുമ്പിൽ നിരത്തി. ബോസ്റ്റണിൽ നോട്ടുകളായിരുന്നു പ്രചാരം. അതു കഴിഞ്ഞു ഞാൻ എൻെറ വാച്ചു് അവരെ കാട്ടി. ഒടുവിൽ ജ്യേഷ്ഠനു് തീരെ സുഖകരമല്ലാത്ത ഒരു കാഴ്ചയെന്ന നിലയിൽ അവരിൽ ഓരോരുത്തക്കും ലഘുപാനീയത്തിനുള്ള വകയായി എട്ടു നാണയംവീതം സംഭാവന ചെയ്തു. അവിടെനിന്നു പിരിഞ്ഞു—എൻെറ ഈ സന്ദശനം ജ്യേഷ്ഠനെ വല്ലാതെ വിഷമിപ്പിച്ചിരിക്കണം എന്തെന്നാൽ അല്പ ദിവസം കഴിഞ്ഞു ജ്യേഷ്ഠനെ എന്നോടൊന്നു രാജിപ്പെടുത്തണമെന്നു കരുതി ഞങ്ങൾ തമ്മിൽ വീണ്ടും സ്നേഹമായിരിക്കണമെന്നു് അമ്മ അഭിപ്രായപ്പെട്ടപ്പോൾ, വിശേഷിച്ചു് ഞങ്ങൾ മേലാൽ ഏകോദരസഹോദരർ എന്ന നിലയിൽ അഭിപ്രായവ്യത്യാസങ്ങളെല്ലാം മാററി കഴിഞ്ഞുകൂടണം എന്നു നിർബന്ധിച്ചപ്പോൾ, ജ്യേഷ്ഠൻ പറഞ്ഞതു്, ഞാൻ അദ്ദേഹത്തെ ജോലിക്കാരുടെ മുമ്പിൽ വെച്ചുതന്നെ അവമാനിച്ചു എന്നും അതു് ഒരു കാലത്തും മറക്കത്തക്കതല്ലെന്നും ക്ഷന്തവ്യമല്ല എന്നും മററും കഠിനമായ വിധത്തിലായിരുന്നു. അത്ര വലിയ തെററിദ്ധാരണയായിരുന്നു ജ്യേഷ്ഠനുണ്ടായിരുന്നതു്.

ഗവർണ്ണർ തന്നയച്ച കത്തു് അച്ഛൻെറ കൈയിൽ ഏല്പിച്ചു. ആ കത്തു് എന്തോ ആശ്ചയ്യഭരിതമെന്നു തോന്നിക്കുന്നവിധത്തിൽ അച്ഛൻ വായിച്ചുനോക്കി. ഏതാനും നാളത്തേയ്ക്കു് കത്തിനെപ്പററി ഒന്നുമേ പറഞ്ഞില്ല. ക്യാപ്ററൻ ഹോംസ് വന്നുചേന്നപ്പോൾ അച്ഛൻ ആ കത്തു് കാണിച്ചു. ക്യാപ്ററനു് കീത്തിനെപ്പററി അറിയാമോ എന്നു ചോദിച്ചു. അദ്ദേഹം എങ്ങനെയുള്ള ആളാണെന്നു് അറിയണമെന്നും ആവശ്യപ്പെട്ടു. ഏതായാലും ആ ഗവർണ്ണർക്കു് അത്ര വളരെ ബുദ്ധിശക്തിയുണ്ടായിരിക്കാൻ ഇടയില്ലെന്നായിരുന്നു അച്ഛൻെറ അഭിപ്രായം. കാരണം, ഒരു പ്രായപൂത്തിയെത്തിയ മനുഷ്യൻെറ നിലയിലാകാൻ ഇനിയും രണ്ടുമൂന്നുവഷങ്ങൾകൂടെ വേണ്ടിയിരിക്കുന്ന ഒരു ചെറുപ്പക്കാരനെ സ്വന്തമായി ഒരു അച്ചടിശാല നടത്തിക്കുവാൻ ഏപ്പാടുചെയ്യുന്നതിനു മടിക്കാത്ത ആളായിരുന്നല്ലോ, ഗവർണ്ണർ. ഹോംസാകട്ടെ ആ പദ്ധതി

യെപ്പററി വളരെ അനുകൂലമായി അച്ഛനോടു സംസാരിച്ചു. എന്നാൽ ഒരിക്കലും ഞാനതിനു പ്രാപ്തനല്ല എന്നും അതുകൊണ്ടു് ആ ഉദ്യമം ശരിപ്പെടുകയില്ല എന്നുംതന്നെയായിരുന്നു അച്ഛൻെറ നിർബ്ബന്ധം. അങ്ങനെ ആ അഭിപ്രായത്തെ അദ്ദേഹം കൾശനമായി നിരാകരിച്ചു. ഇതോടുകൂടി അച്ഛൻ ഗവർണ്ണർക്കു് ഒരു മറുപടിക്കത്തുമെഴുതി എനിക്കു് അദ്ദേഹം നൽകിയ സ്നേഹവാത്സല്യങ്ങൾക്കു് നന്ദിപറഞ്ഞും, എന്നാൽ പുതിയ പ്രവർത്തനത്തിൽ എന്നെ സഹായിക്കുന്ന കാര്യം സാദ്ധ്യമല്ലെന്നു കാട്ടിയും അതിപ്രധാനമായ ഒരു അച്ചടിശാലനടത്തിപ്പു് ഉദ്യമത്തിൽ ഏറ്റെപ്പെടുത്തത്തക്കവിധം വെറും യുവാവായ ഞാൻ പ്രാപ്തിയുള്ളവനല്ലെന്നു സമർത്ഥിച്ചും, ആ പുതിയ പദ്ധതി ധാരാളം പണച്ചെലവുള്ളതാണെന്നു വിശേഷിച്ചു പരാമർശിച്ചും ആയിരുന്നു, കത്തു്.

എൻെറ സ്നേഹിതനും കൂട്ടുകാരനും ആയിരുന്ന കോളിൻസ്, അക്കാലത്തു പോസ്റ്റാഫീസിലെ ഒരു ഗുമസ്തനായിരുന്നു. ഞാൻ പറഞ്ഞു കേൾപ്പിച്ച പുതിയ നാടിനെപ്പററി അയാൾക്കു് അത്ര വളരെ സന്തോഷം തോന്നി, അങ്ങോട്ടു പോകണമെന്നു തീരുമാനിച്ചു. അച്ഛൻെറ തീരുമാനം അറിഞ്ഞതിനുശേഷം മാത്രമേ ഞാൻ തിരിക്കുകയുണ്ടാകൂ എന്നുകണ്ടു് കോളിൻസ് കരമാർഗ്ഗമായി പുറപ്പെട്ടു് 'റോഡൈലൻഡു്' ദ്വീപിൽ എത്തി. അയാളുടെ ചില പുസ്തകങ്ങൾ (കണക്കുശാസ്ത്രം പ്രകൃതിതത്വശാസ്ത്രം എന്നിവയെപ്പററിയുള്ള ചില പുസ്തകങ്ങൾ) എൻെറ പുസ്തകങ്ങളോടൊത്തു കൊണ്ടുചെല്ലാൻ ശട്ടംകെട്ടി; ന്യൂയോർക്കിൽവെച്ചു സന്ധിക്കാമെന്നും പറഞ്ഞു.

സർ വില്യമിൻെറ പുതുനിർദ്ദേശങ്ങളും പദ്ധതിയും അച്ഛൻ അംഗീകരിച്ചില്ല എങ്കിലും ഗവർണ്ണരെപ്പോലെയുള്ള ഒരാളിൻെറ അഭിനന്ദനത്തിനു പാത്രീഭവിക്കത്തക്ക സ്വഭാവവിശേഷം ഞാൻ പുലർത്തിവന്നു എന്ന കാര്യത്തിൽ വളരെ സന്തോഷിച്ചു. ചുരുങ്ങിയ കാലത്തിനുള്ളിൽ ഇത്ര അഭിനന്ദനീയമായ നിലയിലെത്തുവാൻ ഞാൻ കാട്ടിയ പരിശ്രമശീലവും സൂക്ഷ്മസ്വഭാവവും അദ്ദേഹത്തിൻെറ പ്രശംസയ്ക്കു കാരണമായിത്തീർന്നതും അച്ഛനെ വളരെ സന്തോഷിപ്പിച്ചു. എന്നാൽ ജ്യേഷ്ഠനും ഞാനുംതമ്മിൽ സന്ധിയുണ്ടാകുന്ന കാര്യം സാദ്ധ്യമല്ലെന്നുകണ്ടു് ഫിലഡൽഫിയായിലേയ്ക്കു തന്നെ പൊയ്ക്കൊള്ളുവാൻ എനിക്കു് അദ്ദേഹം അനുവാദം നൽകി. അവിടെയുള്ള ജനങ്ങളോടു് വളരെ മര്യാദയിലും ബഹുമാനത്തിലും കഴിഞ്ഞുകൂടണമെന്നു് ഉപദേശിക്കുകയും ചെയ്തു.

പൊതുജനങ്ങളുടെ മതിപ്പിന് പാത്രീഭവിക്കത്തക്കവിധം ഞാൻ യത്നിക്കണമെന്നും അച്ഛൻ അഭിപ്രായപ്പെട്ടു. അന്യാപഹാസത്തിലും അന്യന്റെ കുറവുകൾകണ്ടു് അധിക്ഷേപിക്കുന്നതിലും ആസക്തനാകരുതെന്നും അദ്ദേഹം പ്രത്യേകം ചൂണ്ടിക്കാണിച്ചു. എനിക്കു് ആവക കാര്യങ്ങളിൽ അല്പം വാസനയുണ്ടായിരുന്നുവെന്നാണു് അച്ഛന്റെ അഭിപ്രായം. അചഞ്ചലമായ പരിശ്രമശീലവും ബുദ്ധിപൂർവകമായ മിതവ്യയശീലവുംകൊണ്ടു് ഇരുപത്തിയൊന്നുവയസ്സുതികയുന്നതോടുകൂടി എനിക്കു് പ്രത്യേകം ഒരു പ്രവൎത്തനത്തിൽ ഏൎപ്പെടത്തക്കവിധം പണം സമ്പാദിക്കാൻ സാധിക്കും എന്നുകൂടെ അച്ഛൻ പറഞ്ഞു. അങ്ങനെ സാധിക്കുന്ന പക്ഷം അതോടുകൂടി അച്ഛന്റെ സഹായം ലഭിക്കുമെന്നു സമാധാനപ്പെട്ടു കൊള്ളണമെന്നും എന്നെ അറിയിച്ചു. അച്ഛന്റെയും അമ്മയുടേയും സ്നേഹത്തിന്റെ ലക്ഷ്യങ്ങളായ ഏതാനും ചില വിശിഷ്ട പദാൎത്ഥങ്ങളോടും അവരുടെ പ്രത്യേകവാത്സല്യദ്യോതകങ്ങളായ വാക്കുകളോടുംകൂടി ഞാൻ വീണ്ടും ന്യൂയോൎക്കിലേയ്ക്കു കപ്പൽകയറി. അവരുടെ അനുഗ്രഹാശിസ്സുകൾ യാത്രപുറപ്പെടുംമുമ്പു് എനിക്കു് വേണ്ടപോലെ ലഭിച്ചു.

ജലവാഹനം റോഡ്ദ്വീപിലുള്ള 'ന്യൂപോൎട്ടു' എന്ന സ്ഥലത്തെത്തി വിശ്രമിക്കവേ, ഞാൻ എന്റെ മറെറാരു ജ്യേഷ്ഠനായ ജോണിനെ കാണ്മാൻപോയി. അദ്ദേഹം വിവാഹംകഴിഞ്ഞു് ഏതാനുംകാലമായി അവിടെ താമസിക്കുകയായിരുന്നു. ആ ജ്യേഷ്ഠൻ എന്നോടു സ്നേഹപൂർവം കുശലപ്രശ്നങ്ങൾ ചോദിച്ചു് എന്നെ സ്വീകരിച്ചു. അദ്ദേഹത്തിനു് എന്നോടു വലിയ സ്നേഹമാണുണ്ടായിരുന്നതു്. അദ്ദേഹത്തിന്റെ ഒരു സ്നേഹിതനായ വെർനൺ എന്നയാൾ, പെനിസിൽവാനിയായിൽ മുപ്പത്തിയഞ്ചു പവൻ വരുന്ന ഒരു തുക കൊടുക്കാനുണ്ടായിരുന്നു. ആ തുക വാങ്ങി സൂക്ഷിച്ചുകൊള്ളണമെന്നും ജ്യേഷ്ഠൻ ആവശ്യപ്പെടുമ്പോൾ വേണ്ടപോലെ ചെയ്യണമെന്നും എന്നോടു പറഞ്ഞു. അതനുസരിച്ചു് ആവക പണം പററുന്ന ഒരു രസീതും എന്നെ ഏല്പിച്ചു. ഇതു് അനന്തരകാലത്തു് എനിക്കു ചില ചില്ലറ ഉപദ്രവങ്ങൾ ഉണ്ടാക്കാതിരുന്നില്ല.

ന്യൂപ്പോൎട്ടിൽനിന്നും ധാരാളം യാത്രക്കാർ ന്യൂയോൎക്കിലേയ്ക്കു കയറി. അക്കൂട്ടത്തിൽ രണ്ടു ചെറുപ്പക്കാരികളായ സ്ത്രീകളും ഉണ്ടായിരുന്നു. കൂട്ടത്തിൽ അല്പം പ്രായക്കൂടുതലുള്ള ഒരു മാന്യസ്ത്രീയും ചില ഭൃത്യകളോടുകൂടി കാണപ്പെട്ടു. ഞാൻ ആ സ്ത്രീയ്ക്കു് എന്തോ തുച്ഛമായ ചില സഹായങ്ങൾ ചെയ്യുകയാൽ അവൎക്കെ

ന്നോടു പ്രതിപത്തിതോന്നി. ഞാനും മുൻപറഞ്ഞ രണ്ടു ചെറുപ്പക്കാരികളും തമ്മിലുള്ള പരിചയം ദിനംപ്രതി വർദ്ധിക്കുന്നതായി അവർ ശ്രദ്ധിച്ചു മനസ്സിലാക്കി യുവതിമാർ ഇരുവരും എന്നോടു കൂടുതൽ സ്നേഹം ഭാവിക്കുന്നതു് അവർ സൂക്ഷിച്ചു. എന്നെ അവർ പ്രത്യേകമായി വിളിച്ചു മററുള്ളവർ കേൾക്കാതെ ഇങ്ങനെ പറഞ്ഞു:—"ചെറുപ്പക്കാരാ! നിങ്ങളോടെനിക്കു പ്രത്യേകം ഒരു സ്നേഹം തോന്നുന്നതുകൊണ്ടു് പറയുകയാണു്. നിങ്ങളോടുകൂടി വേറെ സ്നേഹിതന്മാർ ആരുമില്ലല്ലോ. നിങ്ങൾക്കു് വലിയ ലോകപരിചയമെന്നുമില്ലതാനും. ചെറുപ്പക്കാർചെന്നു ചാടിപ്പോകുന്ന വലകളെപ്പററിയും നിങ്ങൾക്കു വിവരമില്ല. അതുകൊണ്ടു പറയുകയാണു്. ആ രണ്ടു യുവതിമാരേയും സൂക്ഷിച്ചുകൊൾക. അവർ ഇരുവരും ചീത്തസ്വഭാവക്കാരാണു്. അവരുടെ സകല പ്രവൃത്തികളും ഞാൻ ഉററുനോക്കുകയായിരുന്നു. പ്രത്യേകം സൂക്ഷിച്ചുകൊള്ളാത്തപക്ഷം, അവർ നിങ്ങളെ വല്ല ആപത്തിലും കൊണ്ടുചെന്നു ചാടിക്കും. അവരെ നിങ്ങൾക്കു് മുമ്പു പരിചയമില്ലല്ലോ. ഞാൻ സ്നേഹപൂർവ്വം നിങ്ങളോടു് ഉപദേശിക്കുന്നു, നിങ്ങളുടെ ശ്രേയസ്സു കരുതുന്നപക്ഷം അവരോടു യാതൊരാഭിമുഖ്യവും അരുതെന്നു തന്നെ" ഈ ഉപദേശകർത്രി പറഞ്ഞതുപോലെ യുവതികളെപ്പററി അത്രയൊന്നും അനാശാസ്യമായി ഞാൻ കണ്ടിരുന്നില്ല. എങ്കിലും ചില കാര്യങ്ങൾ തൻെറ ശ്രദ്ധയിൽപ്പെട്ടിരുന്നതു് അവർ ചൂണ്ടിക്കാണിച്ചു. എന്നാൽ അവർ പറഞ്ഞതു് അല്പം കഴിഞ്ഞപ്പോൾ എനിക്കും അതു ബോദ്ധ്യപ്പെട്ടു. ആ സ്ത്രീയുടെ ദയാപൂർവ്വകമായ ഉപദേശത്തിനു് ഞാൻ നന്ദിപറഞ്ഞു. ആ ഉപദേശമനുസരിച്ചു് പ്രവർത്തിച്ചുകൊള്ളാമെന്നും സമ്മതിച്ചു. ഞങ്ങൾ ന്യൂയോർക്കിൽ ചെന്നുചേർന്നപ്പോൾ യുവതിമാർ ഇന്നിടത്താണു താമസിക്കുന്നതെന്നു പറഞ്ഞു് എന്നെ അവരുടെ വസതിയിലേയ്ക്കു ക്ഷണിച്ചു. എന്നാൽ ഞാനവരുടെ ക്ഷണം സ്വീകരിക്കുകയുണ്ടായില്ല. അങ്ങനെ ഞാൻ നിരാകരിച്ചതു് നന്നായിതാനും. എന്തെന്നല്ലേ? ഞങ്ങൾ അവിടെ എത്തിയ പിറേറദിവസം ഒരു വെള്ളിസ്പൂണും മററു ചില സാധനങ്ങളും നഷ്ടപ്പെട്ടതായി കപ്പിത്താൻ ഒരു ആവലാതികൊടുത്തു ഈ സ്ത്രീകളെ സംശയമുണ്ടായിരുന്നതുകൊണ്ടു് അവരുടെ വസതിയിൽ ഒരന്വേഷണം നടത്തിക്കുകയും സാധനങ്ങൾ കണ്ടെടുക്കുകയും ശിക്ഷിക്കുകയും ചെയ്തു. കപ്പൽ യാത്രയിൽ വഴിക്കുള്ള ഒരു പാറയിൽ തട്ടാതെ അപകടത്തിൽ നിന്നു ഞങ്ങൾ രക്ഷപ്പെട്ടിരുന്നു. അതിനെക്കാൾ വലിയ രക്ഷയായിരുന്നു ഈ യുവതിമാരുടെ വലയിൽ ഞാൻ അകപ്പെടാതിരുന്നതു് എന്നു് അപ്പോൾ മനസ്സിലായി.

ന്യൂയാക്കിൽചെന്നുചേൎന്ന ഞാൻ സ്നേഹിതനായ കോളിൻസി നെ കണ്ടു. അയാൾ അവിടെ ഏതാനും ദിവസങ്ങൾക്കു മുൻപു തന്നെ എത്തിയിട്ടുണ്ടായിരുന്നു. ഞങ്ങളിരുവരും കുട്ടിക്കാലം തൊട്ടേ ആത്മസുഹൃത്തുകളും പുസ്തകങ്ങൾ ഒന്നിച്ചുവായിച്ചു പോന്നവരും ആയിരുന്നു. കോളിൻസ് കണക്കുശാസ്ത്രത്തിൽ ബഹുസമൎത്ഥനായിരുന്നു. ആ വിജ്ഞാനത്തിൽ അയാൾ എന്നെ ക്കാൾ എത്രയോ മുന്നണിയിൽ എത്തിയവനാണ്. ഞാൻ ബോസ്റ്റണിൽആയിരുന്നകാലത്ത് വിശ്രമാവസരങ്ങളിൽ ഗണ്യമായ ഭാഗം ഞാൻ അയാളോടുകൂടിത്തന്നെയാണ് കഴിച്ചുകൂട്ടിയിരുന്നത്. അയാളോ പ്രായോഗികബുദ്ധിമാനും നിസ്തന്ദ്രനും ആയ ഒരു ചെറു യുവാവും ആയിരുന്നു നാട്ടിലുണ്ടായിരുന്ന പല പുരോഹിതന്മാരും മററുമാന്യന്മാരും അയാളെ ബഹുമാനിച്ചുപോന്നു. ജീവിതത്തിൽ അയാൾക്ക് ഗണ്യമായ വിജയംസിദ്ധിക്കുമെന്നും തോന്നി; എന്നാൽ ഞങ്ങൾ തമ്മിൽപ്പിരിഞ്ഞു കുറേനാളായപ്പോൾ കോളിൻസ് ബ്രാൻറിയുപയോഗിച്ചുതുടങ്ങിയിരുന്നു. ന്യൂയാക്കിൽ അയാൾ എത്തിയ നാൾതൊട്ട് എല്ലാദിവസവും മദ്യപാനത്തിൽ ഏൎപ്പെട്ടിരുന്നുവെന്ന് എനിക്കു മനസ്സിലായി. കുടിതുടൎന്ന് അയാളുടെ പെരുമാററങ്ങളും സഭ്യമല്ലാതെവന്നു. ചൂതുകളിയിലും തെല്ലൊരു പരിചയം നേടി, അങ്ങനേയും ദ്രവ്യം നഷ്ടപ്പെടുത്തി. അതിനാൽ അയാളുമായുള്ള താമസം ഞാൻ നിൎത്തിവയ്ക്കുകയും, അയാളുടെ ചെലവിനങ്ങളിൽ പണം കൊടുത്തുതീൎക്കുകയും വേണ്ടിവന്നു ഫിലഡൽഫിയായിൽ ഇതെനിക്ക് വളരെ അസൗകൎയ്യപ്രദമായിരുന്നു.

അന്നത്തെ ന്യൂയോൎക്ക്ഗവൎണർ ബിഷപ്പ്ബേൎണററിൻെറ പുത്രനായ ബേൎണററ് ആയിരുന്നു. കപ്പലിലുണ്ടായിരുന്ന ഒരു യാത്രക്കാരൻയുവാവിൻെറ പക്കൽ അനവധി പുസ്തകങ്ങൾ ഉണ്ടായിരുന്നുവെന്ന് ക്യാപ്ററൻ, ഗവൎണ്ണരെ ധരിപ്പിച്ചു. ആ ഭരണാധികാരിക്ക് എന്നെ കാണണമെന്നുതോന്നി. ഞാൻ ഗവൎണ്ണരെക്കാണ്മാൻപോയി. കോളിൻസിനെക്കൂടെ കൊണ്ടുപോകുമായിരുന്നു. പക്ഷേ, അയാൾക്ക് അപ്പോൾ അത്ര വെളിവില്ലാതെ കുടിച്ചിരുന്നു. ഗവൎണ്ണർ വളരെ സ്നേഹമൎയ്യാദകളോടെയാണ് എന്നോടുപെരുമാറിയത്. അദ്ദേഹത്തിൻെറ വകയായ ഒരു വലിയ പുസ്തകശാല എന്നെ കാണിച്ചു. പുസ്തകങ്ങളെയും ഗ്രന്ഥകാരന്മാരെയുംപററി ഞങ്ങൾ ഏറെനേരം സംസാരിച്ചു. ഒരു പാവപ്പെട്ട ബാലനായ എന്നെപ്പോലുള്ള ഒരാളിന് ഒരു ഗവൎണ്ണരിൽനിന്നു ലഭിച്ച രണ്ടാമത്തെ ബഹുമതിയായിരുന്നു ഇത്.

ഞങ്ങൾ ഫിലഡൽഫിയയ്ക്കു യാത്രചെയ്തു, വഴിമദ്ധ്യേ 'വേർണൻ' എന്നയാളിൽനിന്നു വാങ്ങിക്കൊള്ളാൻ ജ്യേഷ്ഠൻ അധികാരപ്പെടുത്തിയപണം ഞാൻ വാങ്ങി. ആ പണം ഇല്ലായിരുന്നുവെങ്കിൽ ഞങ്ങളുടെ യാത്ര തുടരാൻ കഴിയുമായിരുന്നില്ല. കോളിൻസിനു ഏതെങ്കിലും ബാങ്കിൽ ജോലികിട്ടണമെന്നായിരുന്നു ആഗ്രഹം. എന്നാൽ അയാളുടെ ശ്വാസോച്ഛ്വാസത്തിൽനിന്നുതന്നെ അയാളൊരുമദ്യപനാണെന്നു അധികാരസ്ഥർ മനസ്സിലാക്കുകയാലോ മറേറാ ജോലിയ്ക്കു ചെന്നെത്തിയ ഒരിടത്തും ആരും ഉദ്യോഗംകൊടുത്തില്ല. അയാൾ എന്നോടുകൂടിത്തന്നെ താമസിച്ചു. അയാൾക്കു ചില ശുപാർശിക്കത്തുകൾ ഉണ്ടായിരുന്നു, ഭംഗിയായിപെരുമാറാൻ അറിയുംതാനും—ഒന്നും ഫലപ്പെട്ടില്ല. എൻെറ ചെലവിൽ താമസംമാത്രമല്ല, വേർണൻ ഏൽപ്പിച്ച പണം എൻെറ കൈവശം ഉണ്ടെന്നുകണ്ടു അതിൽനിന്നു ചെറുതുകകൾ കൂടെക്കൂടെ കടം പററുകയും ആയി. തനിക്കുദ്യോഗംകിട്ടിയാൽ ഉടൻ തന്നുകൊള്ളാമെന്നായിരുന്നു വ്യവസ്ഥ. ഉദ്യോഗമോ? ഒന്നുംകിട്ടിയതുമില്ല. അയാളുടെകൈയിൽ ഗണ്യമായ ഒരു തുകയും അകപ്പെട്ടു. എൻെറ കാര്യം വിഷമത്തിലുമായി.

കോളിൻസിൻെറ മദ്യപാനാസക്തി തുടൎന്നു. ഇതേപ്പററി ഞങ്ങൾ തമ്മിൽ ചില ശണ്ഠകളും ഉണ്ടാകാതിരുന്നില്ല. കുടിച്ചുതലയ്ക്കു ലക്കില്ലാതാകുമ്പോൾ അയാൾ പലപ്പോഴും കലഹശീലനാകാറുണ്ടു. ഒരിക്കൽ ഡിലാവയറിലേയ്ക്കുള്ള ഒരു ബോട്ടിൽ ഞങ്ങൾ ചില ചെറുപ്പക്കാർ കയറി. എല്ലാപേരും തുഴയണമെന്നുണ്ടായിരുന്നു. കോളിൻസ്മാത്രം തുഴയുകയില്ല. "ഞാൻ വീട്ടിലേയ്ക്കാണെങ്കിൽതുഴയാം" എന്നയാൾ. "ഇല്ല, ഞങ്ങൾ നിങ്ങളെക്കൂടെ തുഴഞ്ഞുകൊണ്ടുപോവുകയില്ല" എന്നു ഞാൻ പറഞ്ഞു. "നിങ്ങടെഇഷ്ടംപോലെ" എന്നു മററുള്ളവർ അഭിപ്രായപ്പെട്ടു. "നിങ്ങൾ ഒന്നുകിൽതുഴയണം; അല്ലെങ്കിൽ ഈ വെള്ളത്തിലങ്ങനെകിടക്കണം" എന്നു കോളിൻസ്. "ആട്ടെ നമുക്കു തുഴയാം." അതു അത്ര വലിയ കാര്യമോ? എന്നു മററുള്ളവർപറഞ്ഞു. എന്നാൽ കോളിൻസിൻെറ ദുഃസ്വഭാവംകൊണ്ടു ഞാൻ മുഷിഞ്ഞിരുന്നു. അതിനാൽ ഞാൻ തുഴയാനേപോയില്ല. ഞാൻ തുഴകൈയിലെടുക്കണമെന്നും അല്ലാത്തപക്ഷം കോളിൻസ് എന്നെ വെള്ളത്തിൽ തള്ളിയിടുമെന്നും കോപിഷ്ഠനായി ശപഥംചെയ്തു. ഈ വാക്കുകളോടെ അയാൾ അടുത്തെത്തി അടിക്കാൻ ആരംഭിക്കെ ഞാൻ അയാളെ വെള്ളത്തിലേയ്ക്കു് ഒരൊററത്തള്ളൽ. അയാൾക്കു നീന്താൻ നല്ലപോലെ വശമുണ്ടെന്നു എനിക്കറിയാമായിരുന്നു. അതിനാൽ

വെള്ളത്തിൽ അയാൾ വീണതിനെപ്പററി അത്ര വളരെ ഗൗനിക്കുക യുണ്ടായില്ല. അയാൾ പെട്ടെന്നു ബോട്ടിലേയ്ക്കു കയറാതിരിക്കാൻ ഞങ്ങൾ വേഗത്തിൽ തുഴഞ്ഞു. അയാൾ നീന്തി പെട്ടെന്നു് അടുത്തെത്തി. തുഴയാമെന്നു സമ്മതമുണ്ടെങ്കിൽമാത്രമേ ഞങ്ങൾ അയാളെ ബോട്ടിൽ കയററുകയുള്ളു എന്നു ശഠിച്ചു. "ഇല്ല, തുഴയുകയില്ല" എന്നു കോളിൻസും. പെട്ടെന്നു തുഴ ഇരുവശത്തും ബലമായി വലിച്ചു് ഞങ്ങൾ ബോട്ടുകൊണ്ടുപോയി. എന്തുവന്നിരുന്നാലും അയാൾ തുഴയുകയില്ല എന്നും വെള്ളത്തിൽത്തന്നെ അങ്ങനെ കിടന്നു ചത്താലും ശരിയെന്നും കോളിൻസ്സ് ശഠിച്ചു. ഒടുവിൽ അയാൾ അങ്ങനെ നീന്തിനീന്തി വിഷമിക്കുന്നതുകണ്ടു ഞങ്ങൾതന്നെ ബോട്ടു നിർത്തി അതിനുള്ളിലേയ്ക്കു് തൂക്കിയെടുത്തിട്ടു. ഞങ്ങൾതമ്മിൽ അതിൽപ്പിന്നെ സൗഹാർദ്ദപൂർവ്വമായിട്ടുള്ള യാതൊരു സംഭാഷണവും നടത്തിയിട്ടില്ല. ബാർബഡോസ്സ് എന്ന സ്ഥലത്തു ജോലിയിലിരുന്ന ഒരുമാന്യനു് ഒരു വീട്ടുവാദ്ധ്യാരെ ആവശ്യമുണ്ടെന്നു് ഒരു വെസ്റ്റിൻഡ്യൻ അന്വേഷിച്ചു് കോളിൻസിനെ അതിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയിപോലും. അയാൾ എന്നോടു യാത്രപറയുമ്പോൾ എൻെറ പക്കൽനിന്നു വാങ്ങിയിട്ടുണ്ടായിരുന്ന പണം ഏതെങ്കിലും ഇനത്തിൽ ആദ്യമായി ലഭിക്കുന്ന തുകയിൽനിന്നു അയച്ചുതരാമെന്നു വാഗ്ദാനം ചെയ്തിരുന്നു എന്നാൽ അയാളെപ്പററി ഞാൻ പിന്നെ കേട്ടിട്ടേ ഇല്ല.

വെർണൺ ഏല്പിച്ച പണം അങ്ങനെ പാഴാക്കിയതായിരുന്നു എൻെറജീവിതത്തിലെ ഏററവും വലിയ ഒരുതെററു് പ്രധാനമായ എന്തെങ്കിലും പ്രവൃത്തനത്തിൽ പരിപൂർണ്ണമായ ചുമതല കൈക്കൊൾവാൻ ഞാൻ അപ്രാപ്തനാണെന്നു് അച്ഛൻ അഭിപ്രായപ്പെട്ടതു് വെറുതേ അല്ല എന്നു ഞാൻ അന്നു മനസ്സിലാക്കി. എന്നാൽ സർ വില്യം അച്ഛൻെറ കത്തു വായിച്ചുനോക്കിയപ്പോൾ എൻെറ പിതാവു് കുറേയൊക്കെ ദീർഘസൂത്രക്കാരനാണെന്നും അത്ര വളരെ ആലോചനയും ബുദ്ധിശക്തിയുമൊന്നും ഇക്കാര്യത്തിൽ ആവശ്യമില്ല എന്നും പറഞ്ഞു ഓരോരുത്തരുടേയും കഴിവുകൾക്കും കഴിവുകേടുകൾക്കും തമ്മിൽ വ്യത്യാസമുണ്ടു് എന്നും വിവേകശക്തി എന്നതു് പ്രായംകൊണ്ടുമാത്രം ഉണ്ടാകുന്നതല്ലെന്നും ചെറുപ്പക്കാരൻ അവിവേകിയായിക്കൊള്ളണമെന്നില്ലെന്നുമായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. അദ്ദേഹം എന്നോടു് പറഞ്ഞു. "നിങ്ങളുടെ അച്ഛൻ ആ അച്ചടിശാലാപ്രവൃത്തനത്തിൽ നിങ്ങളെ ഏല്പ്പെടുത്താത്തപക്ഷം, ഞാനക്കാര്യം കൈയ്യേല്ക്കാം. ആട്ടേ; ഒരു മുദ്രണാലയം തുടങ്ങുവാൻ ആവശ്യമുള്ള സാധനസാമഗ്രികളുടെ ഒരു ലിസ്റ്റു് എന്നെ ഏല്പിക്കുക. ഇംഗ്ലണ്ടിൽനിന്നല്ലേ വരുത്തേ

ണ്ടതു്? അവയ്ക്കു് ഞാൻ വേണ്ട ഏർപ്പാടുചെയ്യാം നിങ്ങളുടെ കൈവശം പണം വന്നുചേരുമ്പോൾ എന്നെ ഏല്പിച്ചാൽ മതി." ഈ വാക്കുകൾ ആരു കേട്ടാലും വിശ്വസിക്കുന്നവയും വളരെ സ്നേഹപൂർവ്വം പുറപ്പെടുവിച്ചവയെന്നു കരുതപ്പെടാവുന്ന വയും ആയിരുന്നു. അദ്ദേഹം പറഞ്ഞതിൽ യാതൊന്നുംതന്നെ സംശയിക്കത്തക്കതായി ഉണ്ടെന്നു് എനിക്കു് തോന്നിയതേഇല്ല. "ഇവിടെ ഒരു നല്ല അച്ചുക്കൂടക്കാരൻ ഉണ്ടായിരിക്കണമെന്നതു ഞാൻ തീരുമാനിച്ചുകഴിഞ്ഞു. നിങ്ങൾ അതിലേയ്ക്കു വളരെ പററിയആളുമാണു്" എന്നൊരു ഗവർണ്ണർപറയുന്നു! ഞാനെങ്ങനെ അവിശ്വസിക്കാനാണു്? ഏതായാലും ഇങ്ങനെയുള്ള പുതിയഉദ്യമത്തെപ്പററി ഞാൻ ആരോടും ഒന്നുംപറയാതെ രഹസ്യമായി സൂക്ഷിച്ചുവന്നു. വിവരങ്ങൾ വെളിയിലെങ്ങാൻ അറിയിച്ചിരുന്നുവെങ്കിൽ ഈ ഗവർണ്ണർ വാഗ്ദാനംചെയ്യുന്നതിൽ ധാരാളിയും ഒന്നുമേ നടപ്പിൽ വരുത്താതിരിക്കുന്നവനും ആണെന്നു് ഏതെങ്കിലും സ്നേഹിതന്മാർ പറഞ്ഞുതന്നേനെ. എന്നാൽ ഞാൻ അങ്ങോട്ടു് ശർഭ്യർത്ഥനയും നടത്താതെ ഇങ്ങോട്ടു വലിയേ പറഞ്ഞകാര്യം ഞാനെങ്ങനെ അവിശ്വസിക്കാനാണു്? "ലോകത്തിലുള്ള ഏററവും ഉത്തമരായ മനുഷ്യരിൽ ഒരാളാണു ഗവർണ്ണരെന്നായിരുന്നു എൻെറവിശ്വാസം."

ഗവർണ്ണർ ആവശ്യപ്പെട്ടപോലെ ഞാൻ മുദ്രണാലയത്തിനു് ആവശ്യമുള്ള സാധനസാമഗ്രികളുടെ ഒരു പട്ടിക അദ്ദേഹത്തെ ഏല്പിച്ചു. അതിനുള്ള വിലയെല്ലാംകൂടെ എൻെറ കണക്കനുസരിച്ചു ഉദ്ദേശം നൂറുപവൻവരും. അദ്ദേഹം ലിസ്ററുകണ്ടു സന്തോഷിച്ചു. ഞാൻതന്നെ ഇംഗ്ലണ്ടിൽപോയി നല്ല സാധനങ്ങൾ പ്രത്യേകം തിരഞ്ഞെടുത്തു വാങ്ങിപ്പോരികയല്ലേ നല്ലതു്? എന്നു് എന്നോടു ചോദിച്ചു. അദ്ദേഹം പറയുകയാണു്:—"നിങ്ങൾ അവിടെയാണെങ്കിൽ അനവധിപേരുമായി പരിചയപ്പെടാം; പുസ്തകക്കച്ചവടമോ കടലാസ്സു മഷി പേന മുതലായവയുടെ വാണിജ്യമോ സംബന്ധിച്ചു് അനന്തരകാലത്തേയ്ക്കു് ആവശ്യമുള്ള എഴുത്തുകുത്തുകൾക്കും അങ്ങനെ ഇംഗ്ലണ്ടിലുണ്ടായിരിക്കുക നല്ലതാണു്." ഇതു് തീർച്ചയായും കൂടുതൽ ഗുണപ്രദമായിരിക്കുമെന്നു തന്നെ എനിക്കുംതോന്നി അനന്തരം അദ്ദേഹം പറയുന്നു:— "എന്നാൽപ്പിന്നെ 'അന്നിസ്സ്'കപ്പൽമാർഗ്ഗം തിരിക്കുവാൻ വേണ്ട ഒരുക്കങ്ങൾ ആകട്ടെ." 'അന്നിസ്സ്' എന്ന കപ്പൽ വർഷത്തിലൊരിക്കലാണു് ഫിലഡൽഫിയായിൽനിന്നു ലണ്ടനിലേയ്ക്കു് തിരിക്കുന്നതു്. ആ കപ്പൽ തിരിക്കുവാൻ ഏതാനും മാസങ്ങൾ കഴിയുകയുംവേണം. അതിനാൽ ഞാൻ കിമറുമായുള്ള വ്യവസായപ്രവൃത്ത

നങ്ങളിൽത്തന്നെ ഏപ്പെട്ടു. ഈ സമയമൊക്കെ, കോളിൻസ് എന്നെപ്പററിച്ചുകൊണ്ടുപോയ പണത്തെപ്പററി ചിന്തിച്ചു കുണ്ഠിതപ്പെടാറുണ്ടു്. വെർണൺ എപ്പോഴാണു് പണം ആവശ്യപ്പെടുന്നതെന്നു് എനിക്കു് അറിഞ്ഞുകൂടാ. ദൈവാധീനംകൊണ്ടു് ഏതാനും വഷത്തേയ്ക്കു് അങ്ങനെ ഒരുശല്യം ഉണ്ടായതുമില്ല.

ഞാൻ ബോസ്റ്റണിൽനിന്നു ആദ്യമായി യാത്രചെയ്തപ്പോൾ ബ്ളോക്ക്ദ്വീപുകളിൽ അല്പം ദൂരത്തായി കാററുകിട്ടാതെ കപ്പൽ നിന്നു. അപ്പോൾ യാത്രക്കാരായ ആളുകൾ സ്രാവുമത്സ്യങ്ങളെ വലയിട്ടു പിടിക്കുന്ന പണിയിൽ ഏപ്പെട്ടു. ഈ കാര്യം ഞാൻ പറയാൻ വിട്ടുപോയി. അക്കാലംവരെ ഞാൻ ജീവികളുടെ മാംസം ഭക്ഷിക്കയില്ല എന്ന വ്രതം പരിപാലിച്ചുവന്നു. ററ്റിയൺ ഗ്രന്ഥകാരന്റൊപ്പം, ഞാനും മത്സ്യവേട്ട എന്നതു് ഒരുവക കൊലപാതകം എന്നുതന്നെ ഗണിച്ചുപോന്നു. അതു ആലോചിക്കുന്ന പക്ഷം ഏതാണ്ടു പരമാത്ഥവും ആയിരുന്നു. എന്നാൽ ആദ്യകാലങ്ങളിൽ ഞാൻ മത്സ്യാഹാരത്തോടു പ്രതിപത്തിയുള്ളവനായിരുന്നു. പൊരിച്ചമീൻ എനിക്കു് നന്നേ രുചിച്ചിരുന്നു. മാംസവജ്ജനം എന്നുള്ളതത്വവും മത്സ്യത്തോടുള്ള അഭിരുചിയും തമ്മിൽ ഞാനൊന്നു താരതമ്യപ്പെടുത്തിനോക്കി. മത്സ്യങ്ങളെ കീറിനോക്കുമ്പോൾ അവയുടെ വയററിൽ ചെറുമത്സ്യങ്ങൾ കണ്ടുവന്നതു് എനിക്കൊരു പുതിയ യുക്തി തോന്നിച്ചു. ഞാൻ വിചാരിച്ചു:—"എടോ മത്സ്യങ്ങളേ, നിങ്ങളിൽ വലിയവ, ചെറിയവയെ മിഴുങ്ങുന്നില്ലേ? അതുകൊണ്ടു് ഞങ്ങൾക്കു് നിങ്ങളെ തിന്നാതിരിക്കാൻ ഒരു കാരണവും ഇല്ല." ഇങ്ങനെ ഞാൻ സ്രാവുമത്സ്യം ഉപയോഗിക്കാൻ തുടങ്ങി. പിന്നെ സസ്യാഹാരം വല്ലപ്പോഴും മാത്രമായി. മനുഷ്യക്കു് വേണമെന്നു തോന്നുന്നതിനെല്ലാം തക്ക കാരണമോ യുക്തിയോ കണ്ടുപിടിക്കാൻ ഒരു വാസനഉണ്ടല്ലോ.

കീമറും ഞാനും ഒരുവിധം പരിചിതരായി. ഞങ്ങൾ പരസ്പരം ഇണങ്ങി. അങ്ങനെ ജോലിയിൽ ഏപ്പെട്ടു. ഞാൻ പ്രത്യേകമായി ഒരു വ്യവസായം തുടങ്ങാൻ പോകുന്ന കഥയൊന്നുംതന്നെ കീമർക്കു് അറിഞ്ഞുകൂടായിരുന്നു. അയാൾ ആ പഴയ താല്പര്യങ്ങൾക്കുവേണ്ടി വാദപ്രതിവാദങ്ങളിൽപ്പോലും ഏപ്പെട്ടു. ഞങ്ങൾ തമ്മിൽ പല കാര്യങ്ങളെപ്പററിയും പലപ്പോഴും വാദവും പ്രതിവാദവും നടന്നു. ഞാൻ എനിക്കു സുപരിചിതമായ സോക്രട്ടീസു് പദ്ധതിയനുസരിച്ചു് വാദപ്രതിവാദങ്ങൾ നടത്തി അയാളുടെ ബുദ്ധിശക്തിക്കു് ഉന്മേഷം ഉണ്ടാക്കിവന്നു. അതായതു് വാദപ്രതി

വാദങ്ങളിൽ സന്ദർഭത്തോടു ബന്ധമില്ലാത്ത എന്തെങ്കിലും ഒരു സംഗതി പ്രസ്താവിച്ച് ക്രമേണ സന്ദർഭത്തിലേക്കു വന്നുചേരുക എന്ന രീതി ഇതു കൂട്ടുകാരനെ വൈഷമ്യത്തിലേയ്ക്കും പരസ്പര വിരുദ്ധതയിലേയ്ക്കും കൊണ്ടുചാടിച്ചു. ഇങ്ങനെ ചോദ്യങ്ങൾ തുടരെത്തുടരെയായപ്പോൾ ഉത്തരം പറയുന്നതു് അയാളുടെ തോൽവിയെ ക്ഷണിച്ചുവരുത്തുകയായിരിക്കും എന്നു കരുതി ചോദ്യങ്ങളൊന്നിനും ഉത്തരം നൽകാതെയോ, നൽകുന്നതിനുമുമ്പ് എന്തിനാണ് അതു ചോദിക്കുന്നതു്, ഇതു ചോദിക്കുന്നതു്? എന്നു സംശയം പുറപ്പെടുവിക്കുകയോ ആയി. ഏതായാലും, വാദപ്രതിവാദവിഷയത്തിൽ എനിക്ക് വല്ലാത്ത ഒരു സാമർത്ഥ്യം ഉണ്ടെന്ന വസ്തുത കീമർ സമ്മതിച്ചു. ഇങ്ങനെ അദ്ദേഹം എന്റെ വാദപ്രതിവാദവൈഭവം അഭിനന്ദിച്ചതോടുകൂടി ഗൗരവമേറിയ ഒരു പുതിയ മതസിദ്ധാന്തസ്ഥാപനത്തിൽ ഞാൻകൂടെ പങ്കെടുക്കണമെന്നു ക്ഷണിച്ചു. ഇതിൽ കീമർ സ്വന്തസിദ്ധാന്തങ്ങളെ നിർദ്ദേശിച്ചു പ്രചരിപ്പിക്കണമെന്നും ഞാൻ അതിന്റെ എതിരാളികളെയൊക്കെ വാദത്തിൽ തോല്പിക്കണമെന്നുമാണ് നിശ്ചയിക്കപ്പെട്ടതു്. ഇങ്ങനെ ഏറ്റെപ്പെട്ടപ്പോൾ എന്റെ തത്വങ്ങൾക്ക് വിരുദ്ധമായ ചില അംശങ്ങൾ കണ്ടു് അവയോടു ഞാൻ വിയോജിച്ചു. എന്റെ ചില തത്വങ്ങൾകൂടെ ഇതിനിടയ്ക്ക് പ്രചരിപ്പിച്ചു

കീമർ ധാരാളമായി താടിമീശ വളർത്തിവന്നിരുന്നു. "നിങ്ങൾ താടിമീശയുടെ യാതൊരു മുക്കും മൂലയും അലങ്കോലപ്പെടുത്തരുതു്" എന്നു മോസസ്സിന്റെ ഒരു നിയമമുണ്ടായിരുന്നതു് അനുസരിച്ചായിരുന്നു ഈയൊരു പുതുമ. അതുപോലെതന്നെ ഏഴാംദിവസത്തെ 'സാബ'ത്താചരണവും. ഈ രണ്ടു കാര്യങ്ങളും കീമറെസംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാൻവയ്യാത്തവയായിരുന്നു. ഞാനിതു രണ്ടും ഒരുപോലെ വെറുത്തു. മാംസാഹാരം കീമർ ഉപേക്ഷിക്കമെങ്കിൽ ഞാൻ ഇവ സ്വീകരിക്കാമെന്ന് ഒട്ടൊക്കെ സമ്മതിച്ചു. ഇതുകേട്ട് കീമർ പറയുകയാണ്:—"സസ്യാഹാരത്തിൽമാത്രം കഴിഞ്ഞുകൂടുവാൻ എന്റെ ശരീരസ്ഥിതി അനുവദിക്കുകയില്ല". "ഒന്നുമില്ല; ശരീരസ്ഥിതി സസ്യാഹാരംകൊണ്ടു അഭിവൃദ്ധിപ്പെടുകയേയുള്ളൂ" എന്നു ഞാൻ വാദിച്ചു. അദ്ദേഹം ഒരു ഭക്ഷണപ്രിയനും ധാരാളം എന്തെങ്കിലും കഴിക്കുന്നവനും ആയിരുന്നു. അങ്ങനെയുള്ള ആളിനെ ഞാൻ ഒരു അർദ്ധഭക്ഷണക്കാരനാക്കി. ഞാൻകൂടെ അടുത്തുണ്ടായിരിക്കുമെങ്കിൽ അങ്ങനെ ആകട്ടെ എന്നായി കീമർ. ഞങ്ങൾ ഇങ്ങനെ മൂന്നുമാസം പരീക്ഷിച്ചുനോക്കി. മൂന്നുമാസവും മാംസം, മത്സ്യം, മുട്ട എന്നിവ ഒഴിച്ചുള്ള ഭക്ഷണം

തയ്യാറാക്കിത്തരുവാൻ ഞങ്ങൾ ഒരു വൃദ്ധസ്ത്രീയെ പ്രത്യേകം ഏൎപ്പാടുചെയ്തിരുന്നു. ഓരോ ആഴ്ചയിലും എട്ടു പെൻസുവീതമേ ഈ ഭക്ഷണത്തിനു ചെലവാകയുമുള്ളു. കൂടാതെ ഞാൻ ചില ഉപവാസങ്ങളും അനുഷ്ഠിച്ചുവന്നു. ഇങ്ങനെയൊക്കെ ഞാൻ സന്തുഷ്ടനായി കഴിഞ്ഞു. എങ്കിലും കീമക്കു് ഈ ആഹാരനിയന്ത്രണം തീരെ പററിയില്ല. ആ ഭക്ഷണപ്രിയനു് ഈജിപ്തിലെ മത്സ്യഭക്ഷ്യങ്ങളും, പൊരിച്ച പന്നിയും തിന്നാൻ മുരയായി. സഹിമുട്ടി ഒരിക്കൽ അദ്ദേഹം എന്നേയും മററു രണ്ടു സ്ത്രീകളേയും മാംസത്തോടുകൂടിയ ഒരു ഭക്ഷണത്തിനു ക്ഷണിച്ചു. ഞങ്ങൾ ചെന്നുചേരുന്നതിനുമുമ്പുതന്നെ ഭക്ഷണക്കൊതിമുഴുത്ത കീമർ ഞങ്ങളുടെ പങ്കുംകൂടെ ശാപ്പിട്ടുകഴിഞ്ഞിരുന്നു!

ഇക്കാലത്തു് ഞാൻ മിസ് റീഡുമായി വിവാഹബന്ധത്തിൽ ഏൎപ്പെടുന്നതിൻെറ പ്രാരംഭച്ചടങ്ങായ പ്രേമാനുനയത്തിൽ മുഴുകിയിരുന്നു. എനിക്കു് ആ യുവതിയോടു് വലിയ സ്നേഹബഹുമാനങ്ങൾ തോന്നി. ഇങ്ങോട്ടും അപ്രകാരംതന്നെയായിരുന്നു എന്നു കരുതുവാൻ ന്യായങ്ങൾ ഉണ്ടു്. എന്നാൽ ഞാൻ ദീൎഘമായ ഒരു യാത്ര ഉദ്ദേശിച്ചു, പോകാൻ കരുതുകയാലും ഞങ്ങൾ ഇരുവൎക്കും കേവലം ചെറുപ്പമായതിനാലും—കഷ്ടിച്ചു പത്തൊൻപതു വയസ്സു് പ്രായം—മിസ് റീഡിൻെറ മാതാവു് ഞങ്ങളുടെ ഈ സ്നേഹപരിപാലനത്തെ അത്ര അനുകൂലിച്ചില്ല. ഞാൻ ഇംഗ്ലണ്ടിൽ പോയിട്ടു് തിരിയെ എത്തി ഏതെങ്കിലും പ്രവൎത്തനത്തിൽ ഏൎപ്പെട്ടതിനുശേഷം ആ സ്നേഹം തുടൎന്നുകൊള്ളാമെന്നായിരിക്കാം, അവർ കരുതിയതു്. എൻെറ ഭാവിപരിപാടികളിൽ അത്രത്തോളം ഒരു വിശ്വാസമേ അവൎക്കു് തോന്നിയുള്ളൂ.

ഇക്കാലത്തു് എൻെറ പ്രധാനപരിചയക്കാർ ചാറൽസ് ഒസ്ബോൺ, ജോസഫ് വാട്സൺ, ജെയിംസ് റാൽഫ് എന്ന മൂന്നുപേരായിരുന്നു. ഇവരെല്ലാപേരും പുസ്തകവായനയിൽ വളരെ ശ്രദ്ധാലുക്കളും ആയിരുന്നു. ആദ്യത്തെ രണ്ടുപേരും അവിടത്തെ പേരുകേട്ട ഒരു ആധാരമെഴുത്തുസംഘത്തിൻെറ അഥവാ സാമാനങ്ങൾ മാററിക്കൊടുക്കുന്നതിൽ ഏൎപ്പെട്ട സ്ഥാപനത്തിൻെറ ഗുമസ്തന്മാരായിരുന്നു, ചാറൽസ് ബ്രോഗ്ഡൺ എന്ന ടൗണിൽ. മൂന്നാമത്തെയാൾ ഒരു കച്ചവടക്കാരൻെറ കണക്കെഴുത്തുകാരനും. ഇവരിൽ വാട്സൻ ഈശ്വരഭക്തനും ആലോചനാശക്തിയുള്ളവനും ആയ ചെറുപ്പക്കാരനായിരുന്നു. അയാളുടെ സത്യസന്ധതയും പ്രശംസനീയമായിരുന്നു. മററു രണ്ടുപേരും അത്രതന്നെ തത്വങ്ങൾ പരിപാലിക്കുന്നവരായിരുന്നില്ല. പ്രത്യേകിച്ചു് മതം സംബ

ന്ധിച്ചു്. റാൽഫിനെ കോളിൻസിനെപ്പോലെ തന്നെ സംശയാലു വാക്കുന്നതിൽ എനിക്കൊരു പങ്കുണ്ടായിരുന്നു. ഇവർ ഇരുവരും എന്നെ കുറേയധികം വിഷമിപ്പിച്ചു. ഒസ്ബോണാകട്ടെ, ബുദ്ധിമാനും സത്യസന്ധനും ആത്മാർത്ഥതയുള്ളവനും ആയിരുന്നു. അയാൾ സ്നേഹിതന്മാരോട്ട് വളരെ സൗഹാർദ്ദമുള്ളവനാണു്. എന്നാൽ സാഹിത്യകാര്യങ്ങളിൽ അയാൾ എപ്പോഴും ഒരു വിമർശനകുതുകിയത്രേ. റാൽഫ് ബുദ്ധികൗശലമുള്ളവനും മര്യാദകാണിക്കുന്നതിൽ ബഹുസമർത്ഥനും നല്ല വാഗ്മിയും ആയിരുന്നു. അയാളെക്കാൾ സമർത്ഥനായ ഒരു വാക്പ്രയോഗപടുവിനെ ഞാൻ കണ്ടിട്ടില്ല എന്നുതന്നെ പറയാം. അവർ ഇരുവരും കവിതയെപ്പററിയുള്ള അഭിനന്ദനത്തിൽ സമർത്ഥരായിരുന്നു. ചെറുതരം കവിതയെഴുത്തിൽ അവർ ചില പരിശീലനങ്ങൾ നടത്തി. ഞായറാഴ്ചദിവസങ്ങളിൽ ഞങ്ങൾ അനവധി സന്തോഷകരങ്ങളായ യാത്രകൾ നടത്തിയിട്ടുണ്ടു്. സ്കൂപിയിൽക്കിൽ എന്ന സ്ഥലത്തേയ്ക്കായിരുന്നു ഞങ്ങളുടെ യാത്ര. അവിടെ ഞങ്ങൾ വായനയിലും വായിക്കുന്ന ഭാഗത്തെപ്പററിയുള്ള ഉപരിചിന്തനത്തിലും സമയം നയിച്ചു.

റാൽഫ് കവനം സംബന്ധിച്ച പഠനങ്ങളിൽ പ്രത്യേകം ആസക്തനായിരുന്നു. അയാൾ അതിൽ അതിപ്രസിദ്ധനാകുമെന്നു കാര്യത്തിൽ സംശയിച്ചതേയില്ല. കവിതയെഴുത്തുമുഖേന അയാളുടെ ഉപജീവനമാർഗ്ഗവും നേടാമെന്നു് ഉദ്ദേശിച്ചു. കവിതയിലെ ആദ്യപരിചയക്കാർ അനവധി തെററുകൾ വരുത്തുമെന്നുള്ളതു് സാധാരണയാണല്ലോ. ഒസ്ബോണാകട്ടെ, അയാളെ കവിതയെഴുത്തിൽനിന്നു പിൻതിരിപ്പിക്കുവാൻ ശ്രമിച്ചു. റാൽഫിനു് കവിതയെഴുതുവാനുള്ള വാസന തീരെയില്ല എന്നു അയാളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു, അയാൾ വേറേ വല്ല തൊഴിലിലുംവേണം ഏർപ്പെടാൻ എന്നു് അറിയിച്ചു, വാണിജ്യമാർഗ്ഗത്തിൽ പ്രവർത്തിക്കുവാൻ ഉപദേശിച്ചു. മൂലധനം ഒന്നുമില്ലെങ്കിലും പരിശ്രമശീലവും കൃത്യനിഷ്ഠയുംകൊണ്ടു് മററുള്ളവർക്കുവേണ്ടി വാണിജ്യപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന ഒരാളായിത്തീരാമെന്നു പറഞ്ഞു; അങ്ങനെ ക്രമേണ സ്വന്തമായ വാണിജ്യനില സ്വീകരിക്കുവാൻ സാധിക്കുമെന്നും. ഞാനാകട്ടെ, കവിതയെഴുതുന്നതു് ഒരാളിനു ഭാഷാനിശ്ചയം വരുത്താൻ കൊള്ളാം എന്നതിൽപ്പരമായൊന്നും കരുതിയില്ല.

അങ്ങനെയിരിക്കെ ഞങ്ങൾ ഓരോരുത്തരും അടുത്ത തവണ ഒന്നിച്ചുകൂടുമ്പോൾ ഞങ്ങളുടെതന്നെ സ്വന്തമായ കാവ്യരചനകൾ തയ്യാറാക്കണമെന്നു നിശ്ചയിച്ചു. ഓരോരുത്തരുടേയും പഠിപ്പും

പരിചയവും അനുസരിച്ച് കവിതാഭാഗങ്ങൾ വിമർശിക്കണമെന്നും ഞങ്ങൾ പരസ്പരം സമ്മതിച്ചു. ഇങ്ങനെ നിശ്ചയിച്ചതിൽ കവിതയിലെ ഭാഷയ്ക്കും ഉപയോഗിക്കുന്ന പദങ്ങളുടെ ഔചിത്യത്തിന്നുമായിരുന്നു മുൻഗണനന എന്നും നിശ്ചയിക്കപ്പെട്ടു. അല്ലാതെ ആശയഗൗരവത്തിനോ സങ്കല്പശക്തികൾക്കോ അല്ല പ്രാധാന്യം കൊടുത്തതു്. ഒരു ദേവതയുടെ അവതരണത്തെക്കുറിച്ചുള്ള പതിനെട്ടാമത്തെ സങ്കീർത്തനം കവിതയിലാക്കുക എന്നതായിരുന്നു നിശ്ചയം. ഞങ്ങളുടെ സമാഗമദിവസം അടുത്തുവന്നതോടുകൂടി റാൽഫ് എന്നെ പ്രത്യേകം വിളിച്ചു് അയാൾ എഴുതിയ കവിതാഭാഗം വായിച്ചുകേൾപ്പിച്ചു. എനിക്കു് ജോലിക്കൂടുതലുണ്ടായിരുന്നുവെന്നും അതിനാൽ ഉദ്ദേശിച്ചപോലെ എഴുതുവാൻ സാധിച്ചില്ലെന്നും ഞാൻ അയാളെ അറിയിച്ചു. അയാൾ എഴുതിയ കവിതാഭാഗത്തെപ്പററി എന്നോടു അഭിപ്രായം ചോദിക്കയാൽ ഞാൻ അതു അഭിനന്ദിച്ചുപറഞ്ഞു. ഇതുകേട്ടു റാൽഫ് പറഞ്ഞു:— "നോക്കിക്കൊള്ളു. ഒസ്ബോൺ ഇതു നന്നായിരിക്കുന്നുവെന്നു് ഒരിക്കലും സമ്മതിക്കയില്ല. കേവലം അസൂയകൊണ്ടു് അയാൾ അനവധി കുററങ്ങൾ കണ്ടുപിടിക്കും. അയാൾക്കു് നിങ്ങളോടു് അത്ര അസൂയയില്ല. അതുകൊണ്ടു് ഞാനൊരു കാര്യം പറയാം. ഇതു് നിങ്ങളെഴുതിയതാണെന്നുപറഞ്ഞു വായിക്കണം. അങ്ങനെയാകുമ്പോൾ ഒസ്ബോൺ എന്തഭിപ്രായമാണു് പുറപ്പെടുവിക്കുന്നതെന്നറിയാമല്ലോ." ഞാനിതു സമ്മതിച്ചു. പെട്ടെന്നു ഞാൻ ആ കവിതാഭാഗം എന്റെ കൈയക്ഷരത്തിൽത്തന്നെ പകർത്തിയെടുക്കുകയും ചെയ്തു.

മുൻനിശ്ചയമനുസരിച്ചു ഞങ്ങൾ ഒന്നിച്ചുകൂടി. ആദ്യമായി വാട്സൺന്റെ രചനാഭാഗം വായിച്ചു അതിൽ ചില ഭാഗങ്ങൾ മനോഹരങ്ങളായിരുന്നു. എന്നാൽ ന്യൂനതകളും ഒട്ടും കുറവായിരുന്നില്ല. രണ്ടാമതു്, ഒസ്ബോൺ രചിച്ചതു് വായിക്കപ്പെട്ടു. അതു കുറേക്കൂടെ നന്നായിരുന്നു. റാൽഫ് നിഷ്പക്ഷമായി അഭിപ്രായം പറഞ്ഞു. എന്നാൽ അയാൾ ചില തെററുകൾ ചൂണ്ടിക്കാണിക്കാതിരുന്നില്ല. അതിലെ മനോഹരാംശങ്ങളെ വളരെ അഭിനന്ദിച്ചു. റാൽഫ് ഒന്നും എഴുതാൻ സാധിച്ചില്ലെന്നു നടിച്ചു. ഞാൻ പിൻവാങ്ങാൻ നോക്കി. എനിക്കു് ഇക്കാര്യത്തിൽ മാപ്പു തരണമെന്നപേക്ഷിച്ചു. തിരുത്തി ശരിപ്പെടുത്തുവാൻ വേണ്ട സമയം കിട്ടിയില്ല എന്നും അറിയിച്ചു. എന്നാൽ അവിടെ യാതൊരു ഒഴികഴിവുകൾക്കും സ്ഥാനമില്ല. ഞാനെന്റെ കവിതാഭാഗം വായിച്ചേ തീരു എന്നു മററുള്ളവർ നിർബന്ധിച്ചു. അതിനാൽ എഴുതിക്കൊണ്ടുപോയിരുന്നതു വായിച്ചു. ആവർത്തിച്ചു

വായിച്ചു. വാട്സണും ഒസ്ബോണും തങ്ങളുടെ മത്സരം നിറുത്തി. ഇരുവരും അതിനെ അഭിനന്ദിച്ചതേയുള്ളു. റാൽഫ് മാത്രമാണ് അതിനെപ്പററി എന്തെങ്കിലും വിമർശിച്ചതു്. അയാൾ ചില ഭേദഗതികളും നിർദ്ദേശിച്ചു. എന്നാൽ എഴുതിയ ഭാഗത്തെ സാധൂകരിക്കാൻ ശ്രമിച്ചു. ഒസ്ബോൺ എന്നും റാൽഫിന്നു് എതിരാണല്ലോ. അന്നും റാൽഫ് കവിതയെഴുതും എന്നല്ലാതെ വിമർശിക്കുവാനൊന്നും സമർത്ഥനല്ല എന്നുതന്നെ പറഞ്ഞു. അതിനാൽ അയാൾ വാദമുഖങ്ങളെല്ലാം അവസാനിപ്പിച്ചു. അവരിരുവരുമായി വീട്ടിലേക്കു് പോയപ്പോൾ എൻെറ കവിതയാണെന്നു അയാൾ ധരിച്ച ആ പദ്യഭാഗത്തെക്കുറിച്ചു് വളരെ അഭിനന്ദിച്ചു പ്രസ്താവിച്ചു. എന്നേസംബന്ധിച്ച പ്രശംസയാകാത്തവിധത്തിലായിരുന്നു, അഭിനന്ദനം. അയാൾ പറയുകയാണത്രേ:—"ഫ്രാൻക്ലിൻ ഇത്രയും നന്നായി കവിത രചിക്കുമെന്നു ആരുതന്നെ വിചാരിച്ചു! ചിത്രീകരണവൈഭവവും വികാരപ്രബലതയും ഉജ്ജ്വലതയും! അയാൾ മൂലഗ്രന്ഥഭാഗത്തെപ്പോലും കടത്തിവെച്ചില്ലേ എന്നാണെൻെറ സംശയം. അയാൾ സാധാരണയായി വർത്തമാനം പറയുമ്പോൾ ഒരു മെച്ചവും വാക്കുകൾക്കില്ല. ഓരോ വാക്കിൻെറ പ്രയോഗത്തിലും വളരെ ശങ്കിക്കുന്നുണ്ടാകും; ചിലപ്പോൾ അബദ്ധങ്ങളും തട്ടിവിടും. എന്നാൽ എൻെറ ദൈവമേ! ഇതു എത്ര മനോഹരമായിട്ടുണ്ടു്!" പിന്നെ ഒന്നിച്ചുകൂടിയപ്പോൾ ഞങ്ങൾ കാട്ടിയ സൂത്രപ്പണി റാൽഫ് വെളിപ്പെടുത്തുകയും ഒസ്ബോണെ ഞങ്ങൾ ഒട്ടേറെ കളിയാക്കുകയും ചെയ്തു.

ഈ ഇടപാടു കഴിഞ്ഞപ്പോൾ ഒരു കവിയായിത്തീർന്നേ അടങ്ങൂ എന്ന നിർബന്ധം റാൽഫിന്നുണ്ടായി. അയാളെ അതിൽ നിന്നു ഒഴിക്കുവാൻ ഞാൻ കഴിയുന്നതും ശ്രമിച്ചുനോക്കി. അയാൾ കവിതയെഴുത്തുതന്നെയായി. ഒടുവിൽ പോപ്പാണെന്നു തോന്നുന്നു, അയാളുടെ ഈ സുഖക്കേടിനു ചികിത്സിച്ചതു്. അതിനുശേഷം ഒരുവിധം നല്ല ഒരു ഗദ്യമെഴുത്തുകാരനായി. അയാളെപ്പററി കൂടുതലായി മേൽപ്രസ്താവിക്കാം. മററു രണ്ടുപേരേയുംപററി പ്രസ്താവിക്കാൻ ഇനി സന്ദർഭം പക്ഷേ ലഭിച്ചില്ലെന്നു വരാം. വാട്സൺ എൻെറ പരിചയ്യയേററുതന്നെ മൃതിയടഞ്ഞു, ഏതാനുംവഷം കഴിഞ്ഞു് വളരെ ശോകകരമായ വിധത്തിൽ. ഞങ്ങളുടെ കൂട്ടത്തിൽ ഒന്നാമൻ അയാൾതന്നെയായിരുന്നു ഒസ്ബോൺ വെസ്റ്റിൻഡീസ്സിലേക്കു പോയി. അവിടെ അയാൾ പേരുകേട്ട ഒരു വക്കീലായി ധാരാളം പണവും സമ്പാദിച്ചു. എന്നാൽ ചെറുപ്പത്തിൽ തന്നെ മരിച്ചുപോയി. ഞങ്ങൾ ഇരുവരുമായി ഒരു കരാറിൽ

ഏല്പെട്ടിരുന്നു. ആദ്യം മരിക്കുന്നയാൾ ആ പരലോകത്തെപ്പററി വേണ്ട വത്തമാനം അവശേഷിക്കുന്ന സ്നേഹിതനെ അറിയിക്കണെമെന്നു്. എന്നാൽ ഒസ്ബോൺ ഈ വാഗ്ദാനം ഇതേവരെ പാലിച്ചിട്ടില്ല.

നമ്മുടെ ഗവർണ്ണർക്കു് എൻെറ കൂട്ടുകെട്ടു് വളരെ സന്തോഷപ്രദമായി തോന്നത്തക്കവിധമാണു് അദ്ദേഹം പ്രവത്തിച്ചതു്. അദ്ദേഹം എന്നെ കൂടെക്കൂടെ ഭവനത്തിലേക്കു് ക്ഷണിക്കും. അദ്ദേഹം എന്നെ മുൻപു പറയപ്പെട്ട അച്ചടിശാലാപ്രവത്തനത്തിൽ ഏല്പെട്ടുത്തുമെന്നു് ഉറപ്പിച്ചു പറഞ്ഞു. അദ്ദേഹത്തിൻെറ വകയായി ഇംഗ്ലണ്ടിലെ സ്നേഹിതന്മാക്കു് ഏതാനും ശുപാശിക്കത്തുകൾ തരാമെന്നും, അച്ചുക്കൂടവും അച്ചക്ഷരങ്ങളും കടലാസ്സു മുതലായവയും വാങ്ങുവാനുള്ള പണത്തിനു് പ്രത്യേകം ഉത്തരവാദിത്വമുള്ള കത്തുകൾ ഏല്പിക്കാമെന്നും ഏററു. ഈ കത്തുകളെല്ലാം അദ്ദേഹത്തിനെക്കണ്ടു വാങ്ങിക്കൊണ്ടുപോകാൻ എന്നെ പലപ്പോഴും അദ്ദേഹം പ്രേരിപ്പിക്കയും ഉണ്ടായി. ചെല്ലുമ്പോഴൊക്കെ അവ തയാറായിട്ടില്ലെന്നും താമസിയാതെ എത്തിക്കാമെന്നുമായിരുന്നു, മറുപടികൾ. അങ്ങനെ അദ്ദേഹം തുടന്നുതേയുള്ളു. കപ്പലാകട്ടെ പോകുവാനുള്ള ദിവസങ്ങൾ മാറിമാറി നിശ്ചയിക്കപ്പെട്ടു് ദിവസം നിണ്ടു. എന്നാൽ പെട്ടെന്നു കേൾക്കുന്നു കപ്പൽ നീങ്ങാനുള്ള തീയതി അവസാനമായി തീച്ചപ്പെട്ടുവെന്നു്. ഇതുകേട്ടു് ഞാൻ ഗവർണ്ണരുടെ മേൽപ്പറയപ്പെട്ട കത്തുകൾ വാങ്ങുവാൻ അദ്ദേഹത്തിൻെറ സെക്രട്ടറിയായ ഡാക്ടർ ബാർഡു് എന്നയാളെ ചെന്നുകണ്ടു. അദ്ദേഹം വെളിയിൽവന്നു്, ഗവർണ്ണർ വലിയ ജോലിത്തിരക്കിൽ ആണ്ടുപോയിരിക്കുന്നുവെന്നും, അതുകൊണ്ടു് ഒരക്ഷരം എഴുതുവാൻപോലും അദ്ദേഹത്തിനു സമയം കിട്ടുന്നില്ല എന്നും, കപ്പൽ നീങ്ങുന്നതിനുമുമ്പു് അദ്ദേഹം ന്യൂകാസിലിൽ എത്തുമെന്നും അവിടെവച്ചു എല്ലാത്തരം കത്തുകളും എന്നെ ഏല്പിക്കാനാണു് കരുതുന്നതെന്നും ഉള്ള വിവരങ്ങൾ അറിയിച്ചു.

റാൽഫു് എന്ന സ്നേഹിതൻ വിവാഹംകഴിഞ്ഞു് ഇക്കാലത്തു് ഒരു കുഞ്ഞുള്ളവനായിരുന്നു. എങ്കിലും, യാത്രയിൽ എന്നോടുകൂടെ വരാമെന്നു തീർച്ചയാക്കി. അയാൾ ഏതോ ചില ഏഴുത്തുകുത്തുകൾ നടത്തി മേൽ ലാഭം എടുക്കത്തക്കവിധം സാമാനങ്ങൾ കച്ചവടക്കാക്കു് എത്തിച്ചുകൊടുക്കുന്ന ഒരു പ്രവത്തനത്തിൽ ഏല്പെടാനാണുദ്ദേശിച്ചതു്. എന്നാൽ സൂക്ഷ്മം അന്വേഷിച്ചപ്പോൾ അയാൾ എന്തുകാരണത്താലോ ഭായ്യവീട്ടുകാരുമായി പിണങ്ങി തൻെറ പത്നിയെ അവളുടെ മാതാപിതാക്കന്മാരെ ഏൽപ്പിച്ചു്

തിരിയെ വരാതിരിക്കുവാനുള്ള ഒരു ശ്രമമാണു് അയാളുടെ അന്തർഗ്ഗതം എന്നെനിക്കു് മനസ്സിലായി. ഞാൻ എൻെറ സ്നേഹിതന്മാരോടൊക്കെ യാത്രപറഞ്ഞു് മിസ്സ് റീഡിനോടു് ചില വാഗ്ദാനങ്ങളും നടത്തി കപ്പലിൽ ഫിലഡൽഫിയ വിട്ടു. കപ്പൽ ന്യൂക്യാസിലിൽ നങ്കൂരമുറപ്പിച്ചു. ഗവൎണ്ണർ അവിടെയുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞയച്ചതനുസരിച്ചു സെക്രട്ടറി ഓടി എൻെറ അടുത്തെത്തി ഏററവും മൎയ്യാദയിലും ക്ഷമാപണരീതിയിലും പ്രസ്താവിച്ചതു്, അതിപ്രധാനമായ ഏതാനും ജോലിത്തിരക്കുകൾകൊണ്ടു ഗവൎണ്ണൎക്കു് അപ്പോൾ എന്നെ കാണ്മാൻ തീരെ സമയമില്ലെന്നും, എന്നാൽ മുമ്പുപറയപ്പെട്ട കത്തുകൾ കപ്പൽമാൎഗ്ഗം എത്തിച്ചുകൊള്ളാമെന്നും, സുഖസന്തോഷപൂൎണ്ണമായ ഒരു കപ്പൽയാത്ര എനിക്കു് അദ്ദേഹം ആശംസിക്കുന്നുവെന്നും ഏററവും ചുരുങ്ങിയ കാലത്തിനുള്ളിൽ ഞാൻ തിരിച്ചെത്തുന്നതു് കാണ്മാൻ ആശിക്കുന്നുവെന്നും ആയിരുന്നു അല്പമൊരു ആശങ്കയോടെയാണെങ്കിലും പ്രതികൂലമായ യാതൊരു സംശയവുംകൂടാതെ ഞാൻ കപ്പലിൽ എത്തി.

ഫിലഡൽഫിയായിലെ ഒരു പ്രസിദ്ധവക്കീലായ മി: ആൻഡ്രൂഹാമിൽട്ടൺ അദ്ദേഹത്തിൻെറ പുത്രനുമൊന്നിച്ചു് ഈ കപ്പലിൽത്തന്നെ യാത്രയ്ക്കുണ്ടായിരുന്നു. ഒരു ചില്ലറക്കച്ചവടക്കാരനായ മി: ഡെൻഹാമും മേരിലൻഡിലെ ഇരുമ്പുവേലയധികൃതരായ ഒണിയൻ, റസ്സൽ എന്നിവരും കപ്പൽത്തട്ടിലെ സുഖകരമായ പീഠങ്ങളിൽ സ്ഥാനംപിടിച്ചിരുന്നു. അതിനാൽ റാൽഫും ഞാനും ആവിയന്ത്രത്തിന്നടുത്തുള്ള ഒരു സ്ഥലത്താണു ഇരുന്നതു്. ആരും തന്നെ ഞങ്ങളെ അറിഞ്ഞുകൂടായിരുന്നതിനാൽ ഞങ്ങൾ വെറും സാധാരണക്കാരായി ഗണിക്കപ്പെട്ടു. എന്നാൽ മി: ഹാമിൽട്ടണും അദ്ദേഹത്തിൻെറ പുത്രനും ന്യൂക്യാസിലിൽനിന്നു ഫിലഡൽഫിയായിലേക്കു് മടങ്ങി. വക്കീലദ്ദേഹം, പിടിച്ചടക്കപ്പെട്ട ഒരു കപ്പലിൻെറ വിമോചനത്തിനുവേണ്ടി വാദിക്കുവാൻ വലിയൊരു ഫീസ്സിന്മേൽ തിരിച്ചുവിളിക്കപ്പെട്ടു. ഞങ്ങൾ കപ്പൽകയറുന്നതിനുമുമ്പു് കേണൽ ഫ്രഞ്ചു് എന്നയാളും കപ്പൽത്തട്ടിൽ എത്തി. അദ്ദേഹം എന്നോടു് വളരെ സ്നേഹബഹുമാനങ്ങൾ കാട്ടി. എന്നെ കുറേക്കൂടെ കാൎയ്യമായിട്ടു കരുതി. റാൽഫിനേയും എന്നേയും കപ്പൽമുറിയിലേയ്ക്കു ക്ഷണിച്ചു. അവിടെ വേണ്ട സ്ഥലം ഉണ്ടായിരുന്നതുകൊണ്ടു ഞങ്ങൾ അവിടെത്തന്നെ ചെന്നിരുന്നു.

കേണൽ ഫ്റഞ്ചു്, ഗവൎണ്ണരുടെ കത്തുകൾ കൊണ്ടുപോന്നിരിക്കുമെന്ന ധാരണയിൽ, ഞാൻ, കപ്പിത്താനോടു എനിക്കു് ലഭിക്കേണ്ട ആ കത്തുകളെപ്പററി അദ്ദേഹത്തോടു ചോദിച്ചു.

അവയെല്ലാംകൂടെ ഒരു സഞ്ചിയിലാകത്തു വച്ചിരിക്കയാണെന്നും അപ്പോൾ അവ എടുക്കുവാൻ ഒരു സൗകര്യവുമില്ലെന്നും ഇംഗ്ല ണ്ടിൽ ചെന്നെത്തുന്നതിനുമുമ്പ് അവ നോക്കിയെടുക്കാമെന്നും അദ്ദേഹം പറഞ്ഞു. ഇതു കേട്ടു ഞാൻ സംതൃപ്തനായി. ഞങ്ങ ളുടെ യാത്ര തുടൎന്നു. കപ്പൽത്തട്ടിൽ ഞങ്ങൾക്കു വലിയ സൗഹാ ർദ്ദത്തോടുകൂടിയ സഹയാത്രക്കാർ ഉണ്ടായിരുന്നതിനാൽ സുഖ മായിത്തന്നെ ഞങ്ങൾ കഴിഞ്ഞുകൂടി. വിശേഷിച്ച് മി: ഹാമിൽ ട്ടനുവേണ്ടി ഒരുക്കിയ വിഭവങ്ങൾ ഉണ്ടായിരുന്നതുകൊണ്ട്. ഇക്കൂട്ടത്തിൽ മി: ഡെൻഹാമുമായി പരിചയപ്പെട്ടു. ആ മനുഷ്യനുമായുള്ള സൌഹാൎദ്ദം ഞാൻ ജീവിതം മുഴുവൻ പുല ൎത്തിവന്നു. ഇങ്ങനെയുള്ള സ്നേഹിതരുടെ സാന്നിദ്ധ്യംകൊണ്ടുള്ള സന്തോഷം ഒഴിച്ചുനോക്കിയാൽ, യാത്രാദിവസങ്ങളിലെ പ്രതികൂ ല്യശീതോഷ്ണാവസ്ഥനിമിത്തം യാത്ര സുഖകരമായിരുന്നില്ല.

ഞങ്ങൾ ഇംഗ്ലീഷ് ചാനലിൽ എത്തിയപ്പോൾ കപ്പിത്താൻ വാഗ്ദാനംഅനുസരിച്ച് ഗവൎണ്ണരുടെകത്തുകൾ കണ്ടുപിടിക്കുവാൻ സഞ്ചി എന്നെ ഏല്പിച്ചു. എന്റെ മേൽവിലാസത്തിൽ യാതൊരു കത്തും അതിൽ കാണുകയുണ്ടായില്ല. കൈയെഴുത്തു നോക്കി, എന്നെ ഏല്പിക്കാനുള്ള കത്തുകളായിരിക്കും എന്നു കരുതി ഞാൻ അഞ്ചെട്ടുകത്തുകൾ തിരഞ്ഞെടുത്തു. അവയിൽ ഒന്നു രാജകീയമുദ്ര ണാലയക്കാരനായ ബാസ്കററ് എന്നയാളിനും മററൊന്ന് ഒരു സ്റ്റേ ഷനറിവില്പനക്കാരനും ആയിരുന്നു. 1724 ഡിസംബർ 24-ാനു- ഞങ്ങൾ ലണ്ടനിൽ എത്തി. സ്റ്റേഷനറി വില്പനക്കാരനെക്കണ്ടു അദ്ദേഹത്തിനുള്ളകത്തു ഞാൻ കൊടുത്തു. ഗവൎണ്ണർ കീത്തിന്റെ കത്തെന്നുപറഞ്ഞുകൊണ്ടാണ് ഞാൻകൊടുത്തതു്. ഗവർണ്ണർ കീത്തോ? അങ്ങനെ ഒരാളിനെ എനിക്കു അറിഞ്ഞേകൂടാ." എന്ന വാക്കുകളോടെ അയാൾ കത്തു തുറന്നു. "ഓഹോ! ഇതു് റിഡിൽസ്ഡന്റെ കത്താണ്. അയാളൊരുശുദ്ധതെമ്മാടിയാ ണെന്നുഞാൻ ഈയിടെ മനസ്സിലാക്കി. അയാളുമായിട്ടു് എനിക്കു് ഒരു ബന്ധവും ഇല്ല എന്നുതന്നെയല്ലാ അയാളുടെ വക യാതൊരു കത്തു വാങ്ങാനും ഞാൻ തയ്യാറുമില്ല." ഈ വാക്കുകളോടെ കത്തു് എന്റെ കൈയിൽത്തന്നെഏല്പിച്ചശേഷം അയാൾ കടന്നുകളഞ്ഞു. എന്നെ ഏല്പിച്ചിട്ടുണ്ടായിരുന്ന കത്തുകളൊന്നുംതന്നെ ഗവർണ്ണർ എഴുതിയതല്ല എന്നറിഞ്ഞപ്പോൾ എനിക്കു് അത്യധികമായ ആശ്ച ൎയ്യമാണു് തോന്നിയതു്. ഈ തോന്നലോടുകൂടി ഞാൻ കഴിഞ്ഞ ചില മാസങ്ങളിലെ അനുഭവങ്ങൾ താരതമ്യപ്പെടുത്തി നോക്കിയ പ്പോൾ ഗവൎണ്ണരുടെ ആത്മാൎത്ഥതയില്ലായ്മ എനിക്കു ബോദ്ധ്യ

പ്പെട്ടു. സ്നേഹിതനായ ഡെൻഹാമിനെക്കണ്ടു കാര്യങ്ങളെല്ലാം അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം കീത്തിൻെറ സ്വഭാവവിശേഷത്തെപ്പററി എന്നോടുപറഞ്ഞു. ആ ഗവർണ്ണർ എനിക്കുവേണ്ടി ഒരൊററ കത്തെങ്കിലും എഴുതിയിരിക്കുവാൻ ഇടയില്ലെന്നു ഞാൻ മനസ്സിലാക്കി. അയാളെ അറിയാവുന്ന ആക്കുംതന്നെ അയാളിൽനിന്നു യാതൊരുസഹായവും പ്രതീക്ഷിക്കാവുന്നതല്ലെന്നും എനിക്കു സാമാനങ്ങൾ വാങ്ങുവാൻ പണത്തിനുവേണ്ടിത്തന്ന ഉറപ്പുപത്രത്തിന്നു ഒരത്ഥവുമില്ലെന്നും വിസ്തരിച്ചുപറഞ്ഞു് മി: ഡെൻഹാം ഒട്ടേറെ ചിരിച്ചു. ഗവർണ്ണരുടെ കത്തനുസരിച്ചു് ആരുംതന്നെ യാതൊരു സാധാധനവും തരികയും ഇല്ലായിരുന്നു. ഈ നിലയിൽ നിസ്സഹായനായ ഞാൻ എന്താണു് ചെയ്യേണ്ടതെന്നു് മി. ഡെൻഹാമിനോടു ചോദിച്ചപ്പോൾ എൻെറ പ്രത്യേകമാർഗ്ഗത്തിൽ വല്ല ഉദ്യോഗവും അവിടെയെങ്ങാൻ കിട്ടുമോ എന്നു ശ്രമിക്കുവാനാണു് അദ്ദേഹം ഉപദേശിച്ചതു്. അദ്ദേഹം പറഞ്ഞു:—"ഇവിടെയുള്ള അച്ചടിശാലക്കാരുടെ കഥ ആലോചിച്ചാൽ നിങ്ങൾക്കൊരു ജോലി കിട്ടാൻ എളുപ്പമുണ്ടു്. പിന്നെ അമേരിക്കയിലേയ്ക്കു് തിരിക്കുമ്പോൾ കൂടുതൽ സൗകര്യങ്ങളോടെ ഒരു അച്ചടിശാലയും സ്ഥാപിക്കാം."

ഞങ്ങൾ ഇരുവരും എന്നല്ല, സ്റ്റേഷനറിസാമാനമുതലാളിയും റീഡിൻസ്ഡൺ എന്നയാൾ ഒരു പിഴച്ച മനുഷ്യനാണെന്നു മനസ്സിലാക്കി. അയാൾ മിസ് റീഡിൻെറ പിതാവിനെ പറഞ്ഞുപററിച്ചു് വലിയൊരു നഷ്ടംവരുത്തിയ ആളാണു്. എന്നെ ഏല്പിച്ച കത്തു് ആധാരമാക്കിനോക്കുമ്പോൾ ഹാമിൽട്ടന്നെതിരായി എന്തോ ഒരു രഹസ്യപദ്ധതി രൂപീകരിക്കപ്പെട്ടിരുന്നു എന്നു് ഊഹിക്കാം. കീത്തു് ഈ പദ്ധതിയിൽ റിഡിൻസ്ഡന്നോടുകൂടി പ്രത്യേകം പങ്കുകാരനായിരിക്കാം. ഹാമിൽട്ടൻെറ സ്നേഹിതനായ ഡെൻഹാം ഈ രഹസ്യപദ്ധതി ഒന്നു വെളിവാക്കണം എന്നു കരുതി. അധികം താമസിയാതെ ഹാമിൽട്ടൺ ഇംഗ്ലണ്ടിൽ എത്തിയപ്പോൾ കീത്തിനോടും റിഡിൻസ്ഡനോടുമുള്ള കോപംകൊണ്ടും ഡെൻഹാമിനോടുള്ള പ്രതിപത്തിനിമിത്തവും ഞാൻ അദ്ദേഹത്തെ കണ്ടു് കത്തു് കയ്യിൽ കൊടുത്തു. അദ്ദേഹം ഹൃദയപൂർവ്വം നന്ദിപറയുകയും അറിയിച്ച വത്തമാനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുകയും അക്കാലംതൊട്ടു് എൻെറ ഒരു സ്നേഹിതനായിരിക്കുകയും അനന്തരകാലത്തു് പല സന്ദർഭങ്ങളിലും എന്നെ സഹായിക്കുകയും ചെയ്തു.

എന്നാൽ ആ ഗവർണ്ണർ ഇങ്ങനെയൊരു ഉപദ്രവകരവും വഞ്ചനാത്മകവും ആയ പെരുമാററം ഒരു പാവപ്പെട്ട, ലോകപരി

ചയമൊന്നും സിദ്ധിക്കാത്ത സാധുക്കുട്ടിയായ എന്നോടു നിവ്വഹി ച്ചതു് എന്തിനായിരുന്നു? അഥവാ, അതു് അയാളുടെ പതിവായിരു ന്നിരിക്കാം. അയാാം എല്ലാപേരേയും സന്തോഷിപ്പിക്കാൻ ആഗ്ര ഹിക്കുന്നവനായിരുന്നു. എന്നാൽ അതനുസരിച്ചു ചെയ്യാൻ എന്തെ ങ്കിലും കൈയിൽ വേണ്ടേ? അതുകൊണ്ടു് അന്യക്കു് ആശകാംക്കു വഴികൊടുക്കുകമാത്രംചെയ്തു. ഈ ഒരു ദോഷം ഒഴിച്ചാൽ ഗവ ണ്ണർ കീത്തു് ബുദ്ധിമാനും, നല്ല ഭംഗിയായി എഴുതുവാൻ കഴിവുള്ള വനും ജനങ്ങളെ ഭരിക്കുവാൻ ശേഷിയുള്ളവനും ആയിരുന്നു. അദ്ദേ ഹത്തിൻെറ ഭരണാതിത്തിയിലുള്ളവരുടെ അഭിപ്രായങ്ങളെ അനാദ രിക്കുന്നവനാണെങ്കിലും സമത്ഥനായിരുന്നു ആ സംസ്ഥാനത്തി ലെ പല നല്ല നിയമങ്ങളും ഈ ഗവണ്ണരുടെ ഭരണകാലത്തു് ഏപ്പെടുത്തപ്പെട്ടവയാണു്.

റാൽഫും ഞാനും ഒരിക്കലും വേർപിരിയാത്ത കൂട്ടുകാരായി രുന്നു. 'ലിററിൽ ബ്രിട്ടൻ' എന്ന സ്ഥലത്തു് ഞങ്ങാം ഇരുവരും താമസിച്ചു. ആഴ്ചയിൽ മൂന്നു ഷില്ലിങ്ങ് ആറുപെൻസ് ആയിരുന്നു, ഞങ്ങളുടെ ചെലവു്. അന്നു മാറ്റുമുണ്ടായിരുന്നതിൽ ഏററവും കൂട്ട തൽ തുക. അയാാം അവിടെ ചില ബന്ധുക്കളെയെല്ലാം കണ്ടുപി ടിക്കുകയുണ്ടായി. എന്നാൽ അവരെല്ലാം കേവലം നിർദ്ധനരാ യിരുന്നതിനാൽ അയാാംക്കു് എന്തെങ്കിലും സഹായം ചെയ്തുകൊ ടുക്കുവാൻ അവക്കു് സാധിച്ചിരുന്നില്ല ലണ്ടനിൽ കഴിഞ്ഞുകൂട ണമെന്നും നാട്ടിലേയ്ക്കു് മടങ്ങേണ്ട എന്നുമായിരുന്നു അയാളുടെ മനോഗതം. എന്നാൽ അതനുസരിച്ചു വേണ്ട പണം കൈവശം ഉണ്ടായിരുന്നോ? അതുമില്ല. അയാാംക്കു് എങ്ങനെയെങ്കിലും ഉരുക്കൂട്ടിക്കൊണ്ടുവരാമായിരുന്ന പണം കപ്പൽക്കൂലിയിൽ ചെലവും ആയി. എൻെറ കൈവശം പതിനഞ്ചു സവണ്ണനാണയം ഉണ്ടാ യിരുന്നു. അയാാം കൂടെക്കൂടെ എൻെറ കൈയിൽനിന്നു പണം കടംവങ്ങും. വെളിയിൽ എവിടെയെങ്കിലും എന്തെങ്കിലും ജോലി കിട്ടുമോ എന്നു കൂടെക്കൂടെ അന്വേഷിക്കുകയും ചെയ്തു ആദ്യമായി നാടകാഭിനയസംഘത്തിൽ ചേരാമോ എന്നു നോക്കി. താൻ ഒരു അഭിനയവിദഗ്ദ്ധനാണെന്നു് അയാാംക്കു് ഒരു മതിപ്പു് ഉണ്ടായി രുന്നു എന്നാൽ നടനായി സ്വീകരിക്കണമെന്നു് അയാാം നട ത്തിയ അഭ്യത്ഥന കേട്ട വിൽക്സ്, ആ തൊഴിലിനെപ്പററി ചിന്തിക്കുകയേ വേണ്ട എന്നു് ഉപദേശിച്ചു. അയാാംക്കു് അതിൽ വിജയം സിദ്ധിക്കുകയില്ലായിരുന്നു. അനന്തരം അയാാം പേററർ നോസ്റ്റർറോയിൽ ഒരു പ്രസിദ്ധീകരണശാലാധിപനായ റാബർട്ട് സിനോട്ടു് സ്പെക്ടേററെപ്പോലുള്ള ഒരു ആഴ്ചപ്പതിപ്പു് തൻെറ

ലേഖനവ്യവസായംകൊണ്ടു് പ്രസിദ്ധപ്പെട്ടുത്താമോ എന്നു ചോദിച്ചു. റോബർട്ട്സ് ഈ നിർദ്ദേശം അംഗീകരിച്ചില്ല. ഇതും ഇങ്ങനെയായപ്പോൾ റാൽഫ് ഒരു കൂലിയെഴുത്തുകാരനായി വക്കീലന്മാക്കും സാമാനക്കച്ചവടക്കാക്കും ഓരോന്നു എഴുതിക്കൊണ്ട അങ്ങനെ കഴിഞ്ഞുകൂടി.

എനിയ്ക്കാകട്ടെ അധികം താമസിയാതെ അവിടത്തെ ഒരു പ്രസിദ്ധമുദ്രാലയമായ പാമർസ്ഥാപനത്തിൽ ഒരു ജോലികിട്ടി. ഇതു് ബാർത്തോൽമ്യൂക്ലോസ്സിൽ ആയിരുന്നു. ആ ജോലിയിൽ ഞാൻ ഏകദേശം ഒരു വർഷം കഴിച്ചുകൂട്ടി. അക്കാലത്തു് ഞാൻ ഒരുവിധം പരിശ്രമശാലിയായിരുന്നു. എന്നാൽ റാൽഫിനോടൊന്നിച്ചു് എൻെറ ആദായത്തിലെ ഗണ്യമായ ഭാഗം ഞാൻ ചെലവു ചെയ്യുകയാണുണ്ടായതു്. നാടകം കാണുക, മററു വിനോദങ്ങളിൽ പങ്കുകൊള്ളുക എന്നിങ്ങനെ പണം തുമ്പില്ലാതെ ചെലവു ചെയ്തുപോന്നു. ഇങ്ങനെ എൻെറ കൈവശമുള്ള നാണയമെല്ലാം ഞങ്ങൾ ഇരുവരുമായി ചെലവാക്കി. റാൽഫ്, ഭാര്യയേയും കുട്ടിയേയും നിശ്ശേഷം മറന്നു. മിസ്സ് റീഡിനെപ്പററിയുള്ള സ്മരണകളും എന്നിൽ നിന്നു കുറേശ്ശെ അകന്നു. ആകെപ്പാടെ ആ യുവതിക്കു് ഞാൻ ഒരൊററ കത്തേ അയച്ചിരുന്നുള്ളു. അതിൽത്തന്നെയും പ്രസ്താവിച്ചിരുന്നതു്, അത്ര വേഗത്തിലൊന്നും ഞാൻ തിരിയെ എത്തുകയില്ല എന്നായിരുന്നു. ജീവിതത്തിലെ ഒരു വലിയതെററായിരുന്നു ഇതെന്നു സമ്മതിച്ചുകൊള്ളട്ടെ. ഇനിയും ഒന്നുകൂടെ ആ യുവപ്രായം കിട്ടിയിരുന്നെങ്കിൽ ഞാൻ ഈ തെററു തിരുത്തിയേനേ. മേൽപ്പറഞ്ഞവിധം വലിയ ചെലവിനങ്ങൾ വന്നുചേർന്നതിനാൽ യാത്രക്കൂലിക്കു് ആവശ്യമുള്ള പണംപോലും 'കപ്പലി'യായി എന്നു തന്നെ പറയാം.

പാമർമുദ്രാലയത്തിൽ ഞാൻ വൊളാസ്റ്റൺ എന്നയാളിൻെറ "പ്രകൃതിയുടെ മതം" എന്ന ഗ്രന്ഥത്തിൻെറ രണ്ടാംപതിപ്പിന്നു് അച്ചുനിരത്തുകയായിരുന്നു. ഗ്രന്ഥകാരൻെറ ചില വാദമുഖങ്ങൾ എനിക്കു് സ്വീകാര്യമായി തോന്നിയില്ല. അത്തരം സംഗതികളെപ്പററി എനിക്കു് വിശേഷിച്ചു പറവാനുള്ളതു് എന്ന നിലയിൽ തത്വശാസ്ത്രസംബന്ധിയായ ഒരു പ്രബന്ധം ഞാൻ രചിച്ചു. "സ്വാതന്ത്ര്യം, ആവശ്യം, സന്തോഷം വേദന" എന്നിവയെപ്പററിയുള്ള ഉപരിചിന്തനങ്ങളായിരുന്നു, അതു്. അതിനെ ഞാൻ സ്നേഹിതൻ റാൽഫിനെക്കൊണ്ടു പകർത്തിച്ചു. ആ ഗ്രന്ഥത്തിൻെറ ഏതാനും പ്രതി ഞാൻ അച്ചടിപ്പിച്ചു. ഇതു നിമിത്തം ഞാൻ എന്തോ വൈഭവങ്ങളുള്ള ഒരു യുവാവാണെന്നു് പാമർ ഗണിക്കുവാൻ ഇട

യായി. എൻെറ ലഘുലേഖയിലുള്ള പല അംശങ്ങളെപ്പററിയും അദ്ദേഹത്തിനു് എതിരഭിപ്രായങ്ങൾ ഉണ്ടായിരുന്നു എന്നതു ശരിതന്നെ. ഈ ലഘുലേഖ അടിച്ചിറക്കിയതു് എൻെറ ജീവിതത്തിലെ മറെറാരു തെററായിരുന്നു. ഞാൻ ലിററിൽബ്രിട്ടനിൽ കഴിഞ്ഞുകൂടിയ കാലത്തു് 'വിൽകോക്സ്' എന്നു പേരുള്ള ഒരുവനുമായി പരിചയപ്പെട്ടു. ഒരു പുസ്തകക്കച്ചവടക്കാരനായ വിൽകോക്സിൻെറ കട മുദ്രണാലയത്തിന്നു അടുത്തായിരുന്നു. അയാൾ അനവധി പഴയഗ്രന്ഥങ്ങൾ സൂക്ഷിച്ചിരുന്നു. അക്കാലത്തു സഞ്ചരണപ്രധാനങ്ങളായ പുസ്തകശാലകൾ ഉണ്ടായിരുന്നില്ല. അതിനാൽ അവിടെനിന്നും പുസ്തകങ്ങൾ എടുക്കാനും വായിച്ചശേഷം തിരിയെ കൊടുക്കുവാനും ആ കച്ചവടക്കാരനുമായി ഞാൻ വ്യവസ്ഥകൾ ചെയ്തു. ഇതൊരുവലിയ സൗകൎയ്യമായിത്തീൎന്നു. അതു് ഞാൻ പരമാവധി പ്രയോജനപ്പെടുത്തി.

ഞാൻ മുമ്പു പ്രസ്താവിച്ച ലഘുലേഖ, "മനുഷ്യൻെറ തീൎപ്പുകളുടെ അൎത്ഥശൂന്യത" എന്നൊരുഗ്രന്ഥം രചിച്ചയാളും ഒരു ശസ്ത്രക്രിയാവിദഗ്ദ്ധനും ആയ ലിയൺസ് എന്നു പേരുള്ള ഒരു മാന്യൻെറ ദൃഷ്ടിയിൽപ്പെട്ടു. ഞങ്ങൾതമ്മിൽ പരിചയപ്പെടുവാൻ ഇതൊരു കാരണവുമായി. അദ്ദേഹം എൻെറ കാൎയ്യത്തിൽ ഗണ്യമായി ശ്രദ്ധിച്ചു. അദ്ദേഹത്തിനിഷ്ടമുള്ള പ്രത്യേകവിഷയങ്ങളെപ്പററി സംസാരിക്കുവാൻ എന്നെ പലപ്പോഴും ക്ഷണിക്കുകയുംപതിവായി. അദ്ദേഹം എന്നെ ഹോൺസ്, എന്നു പേരായ ഒരു പഴയ പാനീയശാലയിലേയ്ക്കു് കൂട്ടിക്കൊണ്ടുപോവും. ഇതു് ലെയിൻ എന്ന സ്ഥലത്തു ചീപ്സൈഡിലായിരുന്നു. "തേനീച്ചകളുടെ കെട്ടുകഥ" എന്ന ഗ്രന്ഥത്തിൻെറ കൎത്താവായ ഡാക്ടർ മാൻഡിവെൽ എന്നയാളുമായി എന്നെ പരിചയപ്പെടുത്തി. അദ്ദേഹം അവിടെ ഒരു സുഹൃത്സംഘം രൂപീകരിച്ചിരുന്നു. സംഘത്തിൻെറ ജീവൻ അദ്ദേഹംതന്നെ. വിനോദരസികനും വൎത്തമാനത്താൽ അന്യരെ രസിപ്പിക്കുന്നവനും ആയ ഒരു സുഹൃത്തായിരുന്നു ആ മാന്യൻ. ലിയൺസ്തന്നെ ഡാക്ടർ പെമ്പർട്ടൺ എന്നയാളിനെ ബോസ്റ്റൺൻെറ കോഫീഹൗസിൽവെച്ചു പരിചയപ്പെടുത്തി. ഇദ്ദേഹം എന്നെ സർ ഐസക്ന്യൂട്ടനുമായി പരിചയപ്പെടുത്താൻ സന്ദർഭമുണ്ടാക്കാമെന്നു പറഞ്ഞിരുന്നു. ഇക്കാൎയ്യം ഞാൻ വളരെ ആഗ്രഹിച്ചതായിരുന്നെങ്കിലും നടന്നില്ല.

കൗതുകകരങ്ങളായ ഏതാനുംസാധനങ്ങൾ ഞാൻ കൊണ്ടുപോയിരുന്നു; കൂട്ടത്തിൽ ഒരു ചെറുപണസ്സഞ്ചി,അഗ്നിനിവാരകലോഹം കൊണ്ടുണ്ടാക്കപ്പെട്ട ഒരു വിചിത്രസാധനം, എൻെറപക്കൽ ഉണ്ടാ

യിരുന്നു. സർഹാൻസ്സ്ലോയേൻ ഇങ്ങനെ ഒരു സാധനം എൻെറ കൈവശംഉണ്ടെന്നു അറിയുകയും ബ്ളൂംസ്ബറിസ്ക്വയറിലുള്ള തൻെറ ഭവനത്തിലേയ്ക്കു് എന്നെ ക്ഷണിക്കുകയും അവിടെ അദ്ദേഹം ശേഖരിച്ചിട്ടുള്ള അനവധിവിചിത്രസാധനങ്ങളെ എന്നെ കാണിക്കുകയുംചെയ്തു. അവയുടെ കൂട്ടത്തിൽ എൻെറ ഈ ചെറു സഞ്ചിയും വേണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. തക്കതായപ്രതിഫലംതന്നു് അദ്ദേഹം അതുവാങ്ങി.

ഞാൻ താമസിച്ചിരുന്ന ഗൃഹത്തിനു് അടുത്തുതന്നെ ഒരു പീടികനടത്തിയിരുന്ന തൊപ്പിതുന്നൽതൊഴിലായ ഒരുയുവതിയും താമസിച്ചിരുന്നു. നല്ല കുടുംബത്തിൽപ്പെട്ടവളും, യോഗ്യയും രസകരമായ സംഭാഷണവൈഭവമുള്ളവളും ആയ ആ യുവതിയെ റാൽഫ് ചില സായാഹ്നങ്ങളിൽ നാടകങ്ങൾ വായിച്ചു കേൾപ്പിക്കും. അവരിരുവരും വലിയ കൂട്ടുകാരായി മറെറാരു വസതിയിലേയ്ക്കുമാറി. കുറച്ചുകാലം അവർ ഒന്നിച്ചുതന്നെ കഴിഞ്ഞു എന്നാൽ ഒരു കുഞ്ഞുള്ള ആ യുവ ിക്കും റാൽഫിനും വേണ്ട ചെലവുകൾക്കു് ചുരുങ്ങിയ ആദായംകൊണ്ടുമാത്രം സാധിക്കയില്ലെന്നായി. അതിനാൽ അയാൾ ലണ്ടനിൽനിന്നു പോവുകതന്നെ എന്നു നിശ്ചയിച്ചു. കണക്കും, കണക്കുസൂക്ഷിപ്പുകളും അയാൾക്കു നല്ലപോലെ അറിയാം; കൈയക്ഷരം വളരെ നല്ലതും. ഈ നിലയ്ക്കു് നാട്ടുപള്ളിക്കൂടങ്ങളിലെങ്ങാനും ഒരു വാദ്ധ്യാരായിട്ടു പോകാമെന്നു് റാൽഫ് കരുതി. ഇതു് അയാളുടെനിലയ്ക്കു് പററിയ ഒരു ജോലി അല്ലായിരുന്നു എന്നയാൾ കരുതി. ഭാവിയിൽ കുറേക്കൂടെ നല്ല നില ലഭിക്കുമെന്നുള്ള വിശ്വാസമുണ്ടാകനിമിത്തം അയാൾ തല്ക്കാലം സ്വന്തംപേരുമാററി. എൻെറ പേരു് സ്വീകരിക്കുന്നു എന്ന വിവരം എഴുതിയറിയിച്ചു. ബെർക്ഷയറിൽ പത്തുപന്ത്രണ്ടു കുട്ടികളെ പഠിപ്പിക്കുവാൻ ആഴ്ചയിൽ ആറുപെൻസ് വേതനവും പററിക്കഴിഞ്ഞുകൂട്ടുന്നകാലത്തു് എനിക്കൊരു കത്തയച്ചു. മിസിസ്ററി എന്ന ആയുവതിയെ എൻെറ മേൽനോട്ടത്തിൽ ഏററുകൊള്ളണമെന്നു ആഗ്രഹംപുറപ്പെടുവിച്ചിരുന്നു. ഇന്ന സ്ഥലത്തുള്ള സ്കൂൾമാസ്റ്റർ മി: ഫ്രാൻക്ളിനു എന്നു് അയാളുടെ മേൽവിലാസവും കുറിച്ചിരുന്നു

അയാൾ കൂടെക്കൂടെ എനിക്കു് കത്തുകളയയ്ക്കാറുണ്ടു്. ആയിടെ ആ സ്നേഹിതൻ രചിക്കുന്നുണ്ടായിരുന്ന ഒരു വിപുലപദ്യപുരാണകൃതി ഓരോ ഭാഗമായി ഞാൻ വായിച്ചു വല്ല തെററുമുണ്ടെങ്കിൽ തിരുത്തിഅയച്ചുകൊടുക്കുവാൻ എനിക്കയച്ചുതന്നിരുന്നു. ഞാൻ അയാൾ ആവശ്യപ്പെട്ടപോലെ അവ വായിച്ചു ചിലനിസ്സാരഭേദഗതികളോടെ തിരിയെ അയച്ചുപോന്നു. എന്നാൽ അയാളുടെ

പദ്യരചനയെ ഞാൻ അത്ര പ്രോത്സാഹിപ്പിച്ചില്ല, എന്നു മാത്രമല്ല മിക്കവാറും അതിൽനിന്നു പിന്മാറണമെന്നു ബലമായി ഉപദേശിക്കുകയുംചെയ്തു. യങ്ങ്, എന്നയാളിൻെറ പരിഹാസകവനങ്ങളിൽ ഒന്നു ആയിടെയാണു് പ്രസിദ്ധപ്പെടുത്തിയതു്. അതിലെ പല ഭാഗങ്ങളും ഞാൻ പകർത്തിയെടുത്തു് സ്നേഹിതനു അയച്ചുകൊടുത്തു. ജീവിതംവിജയമാക്കുവാൻ പദ്യമെഴുത്തു് തീരെ സഹായിക്കുകയില്ല എന്നതത്വത്തിന്മേലാണു് ആ പരിഹാസകവനം. എന്നാൽ ഇങ്ങനെ അയച്ചുകൊടുത്തതുകൊണ്ടൊന്നും യാതൊരു ഫലവും ഉണ്ടായില്ല. ഓരോദിവസവും റാൽഫിൻെറ കവിതയുടെ ഓരോഭാഗം വീണ്ടും വന്നുകൊണ്ടിരുന്നു. ഇതിനിടയ്ക്കു് മിസിസ്ററി റാൽഫുമായി പരിചയിച്ചതു് ആസ്പദമാക്കി അവളുടെ അഭ്യുദയകാംക്ഷികൾ ഉപേക്ഷിച്ചതിനാൽ കച്ചവടം തുലഞ്ഞു് നിസ്സഹായതയിൽപ്പെട്ടവാൻ ഇടയായി. പലപ്പോഴും എൻെറ അടുത്തു ആളെ പറഞ്ഞയച്ചു ചില്ലറ തുകകൾ കടമായിപററിപ്പോന്നിരുന്നു. ഞാനിങ്ങനെ ആ സ്ത്രീയുടെ കൂട്ടുകെട്ടിൽ ഭ്രമിച്ചു. മതസംബന്ധമായ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായിരുന്ന ഞാൻ ചില കൂടുതൽ പരിചയങ്ങൾക്കൊക്കെ ഉദ്യമിച്ചു. (ജീവിതത്തിലെ മറെറാരു തെററു്) ഇതു് ആ സ്ത്രീ കോപഭാവത്തോടെ കണക്കാക്കി വിവരങ്ങൾ റാൽഫിനെ ധരിപ്പിച്ചു. ഇങ്ങിനെ റാൽഫും ഞാനും തമ്മിൽ രസക്ഷയത്തിനിടയായി. അയാൾ ആയിടെ ലണ്ടനിൽ എത്തി. എന്നോടു് അയാൾക്കുണ്ടായിരുന്ന കടപ്പാടുകടുകളെല്ലാം ഇതോടെ അവസാനിച്ചു എന്നു പറഞ്ഞു. അയാൾക്കു് ഞാൻ പലപ്പോഴും പണം കടംകൊടുത്തിരുന്നതും കടമായല്ലാതെ സഹായിച്ചിരുന്നതും എല്ലാം വെള്ളത്തിലായി. ഒരുപ്രകാരത്തിൽ നോക്കുമ്പോൾ ഇതു നഷ്ടമെന്നു കരുതാനില്ലായിരുന്നു. ഒന്നാമതു്, അയാൾ വിചാരിച്ചാലും ആവക പണം തിരിയെത്തരാൻ സാധിക്കുകയില്ലായിരുന്നു. രണ്ടാമതു് അയാളുമായുള്ള സ്നേഹബന്ധം എനിക്കൊരു കൂടുതൽ ഭാരവുമായിരുന്നു. ആയിടെ കുറച്ചു പണം മുൻകൂറായി കിട്ടുന്നതിനും കുറേക്കൂടെ നല്ല ജോലി ലഭിക്കുന്നതിനുമായി ഞാൻ പാമേഴ്സ്സ്ഥാപനം വിട്ടു് ഇൻഫീൽഡ്സിൽ ലിങ്കനുസമീപം 'വാട്സ്സ്' എന്ന വലിയ മുദ്രണാലയത്തിലെ ഒരു ജോലിയിൽ ഏപ്പെട്ടു. ലണ്ടനിൽ ഞാൻ പിന്നെ കഴിഞ്ഞുകൂടിയ കാലമത്രയും ഇവിടെത്തന്നെയായിരുന്നു, ജോലിചെയ്തതു്.

ഞാൻ ഈ മുദ്രണാലയത്തിൽ ജോലിയിൽ ഏപ്പെട്ടതുമുതൽ അച്ചുക്കൂടത്തിൽക്കൂടെ വേലചെയ്യാൻ തുടങ്ങി. അമേരിക്കയിൽ വച്ചു ഞാൻ നിർവഹിച്ചിരുന്ന ശാരീരികവ്യായാമം വിട്ടുകളയരുതു്

എന്ന ഉദ്ദേശത്തിൽ, അവിടെ അക്ഷരരചന മാത്രമല്ല, അച്ചുക്കൂടത്തിലെ കട്ടത്ത വേലയും ചെയ്തുപോന്നിരുന്നു. ഈ ജോലിയിൽകൂടെ ഏപ്പെട്ടകാലത്തും ഞാൻ വെള്ളമേ കുടിക്കുകയുള്ളൂ എന്ന നിർബന്ധക്കാരനായിരുന്നു. മററു ജോലിക്കാരെല്ലാം—ഉദ്ദേശം അമ്പതുപേർ, ബീയർ ഉപയോഗിക്കുന്നകാര്യത്തിൽ അടിക്കടി ഏപ്പെട്ടുന്നവരായിരുന്നു. ഒരു സന്ദർഭത്തിൽ കുറേഅധികം അച്ചക്ഷരങ്ങൾ നിരത്തിയിരുന്ന രണ്ടു പലകകൾ ഞാൻ രണ്ടുകൈയിലുമായി കൊണ്ടുപോയി. മററുള്ളവർ രണ്ടുകൈകൊണ്ടും പിടിച്ചു ഒരൊററപ്പലകമാത്രമേ കൊണ്ടുപോകുവാൻ ശക്തരായിരുന്നുള്ളൂ. ഇതുപോലുള്ള മററനേകം ചെറുസംഭവങ്ങൾകൊണ്ടും അവരുടെ ഭാഷയിൽ 'പച്ചവെള്ളക്കാരൻ അമേരിക്ക'നായ ഞാൻ നല്ല ശക്തിയേറിയ ബീയർ ഉപയോഗിക്കുന്ന അവരെക്കാൾ കൂടുതൽ ബലമുള്ളവനായി കാണപ്പെട്ടിരുന്നു. ജോലിക്കാരിൽ ആരെങ്കിലും ആവശ്യപ്പെട്ടപ്പോൾ ഉടനേ ബീയർ കൊണ്ടെത്തിക്കുവാൻ ഒരു ചെറുപയ്യനെത്തന്നെ മുദ്രണയന്ത്രഭാഗത്തിന്നടുത്തു നിറുത്തിയിരുന്നു. അച്ചുക്കൂടത്തിലുണ്ടായിരുന്ന എന്റെ കൂട്ടുകാരിൽ ഒരാളിന്റെ ബീയർകുടിരീതി കേൾക്കണ്ടേ? പ്രഭാതാഹാരത്തിനുമുമ്പു് ഒരു ഇരുപതു് ഔൺസ്സു് ബീയർ, പിന്നെ പ്രാതൽനേരത്തു്, പ്രഭാതാഹാരത്തിനും മദ്ധ്യാഹ്നഭക്ഷണത്തിനുംഇടയ്ക്കൊരിക്കൽ, മദ്ധ്യാഹ്നഭക്ഷണത്തോടെ, സന്ധ്യയ്ക്കു്, അതിനുശേഷം രാത്രി വിശ്രമസന്ദർഭത്തിൽ. ഇങ്ങനെ ഓരോ തവണയും ഇരുപതു് ഔൺസ്സു് എന്നിവിധത്തിലായിരുന്നു. ഇതൊരു ജുഗുപ്സാവഹമായ നടപടിയാണു് എന്നു ഞാൻ കരുതി. എന്നാൽ അയാളുടെ വിചാരം, കഠിനമായ അദ്ധ്വാനത്തിന്നുപരിഹാരമായി ബീയർസേവയും വേണമെന്നായിരുന്നു. ബീയർസേവനിമിത്തമുള്ള ശരീരബലം, വെള്ളത്തിൽ അലിയിച്ചുചേർത്തിട്ടുള്ള ബാർളിമാവിന്റെ കണക്കനുസരിച്ചായിരിക്കുമെന്നും, ഒരു പെനിക്കുള്ള റൊട്ടി വാങ്ങിത്തിന്നാൽ ആ ബീയറിലുള്ളതിനെക്കാൾ ബാർളിമാവിന്റെ ഫലംചെയ്യുമെന്നും ഞാൻ അയാളോടു പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. ബാർളിമാവുകൊണ്ടുള്ള റൊട്ടിയും വെറുംവെള്ളവും ഉപയോഗിക്കുന്നപക്ഷം ബീയറിനെക്കാൾ ഗുണമുണ്ടെന്നും ഞാൻ വാദിച്ചു. എന്നാൽ ഇതുകൊണ്ടൊന്നും അയാൾ ബീയർ നിറുത്തിയില്ല. ശനിയാഴ്ചതോറും ആ മനുഷ്യൻ നാലോ അഞ്ചോ ഷില്ലിംങ്ങ്, ബുദ്ധികലക്കുന്ന ആ ബീയറിനുമാത്രം ചെലവുചെയ്തിരുന്നു. എനിക്കു് അങ്ങനെ ഒരു ചെലവേ ഉണ്ടായിരുന്നില്ല. പാവപ്പെട്ട പിശാചുക്കൾ ഇങ്ങനെയാണു് ധനപരമായി എപ്പോഴും താണുപോകുന്നതു്.

സ്ഥാപനമുടമസ്ഥനായ വാട്ട്സ് എന്നെ അച്ചുനിരത്തുമുറ യിലേക്കു മാററുകനിമിത്തം ഞാൻ അച്ചടിവകുപ്പിൽനിന്നു മാ അവിടെ അച്ചുനിരത്തുകാർ കുടിക്കു് വരിസംഖ്യയെന്ന നിലയ്ക്കു ഞാനും അഞ്ചുഷില്ലിംങ്ങ് കൊടുക്കണമെന്നു് ആവശ്യപ്പെട്ടു. താഴെ വച്ചുകൊടുത്തിട്ടുള്ളതുകൊണ്ടു് ഇതു കൂടുതലായ ഒരു തുകയാണെന്നു ഞാൻ ശഠിച്ചു. സ്ഥാപനമുടമസ്ഥനും ഈ അഭിപ്രായം ശരിവച്ചു കൊടുക്കുന്ന കാര്യം അദ്ദേഹവും തടുത്തു. ഞാൻ ഒന്നുരണ്ടാഴ്ച ചെറുത്തുനില്ക്കുകയും ഒരുവക സമുദായഭ്രഷ്ടൻെറ നിലയിൽ ഗണിക്കപ്പെടുകയുംചെയ്തു. ഇതൊന്നുമല്ല, അവർ എന്നോടു കാട്ടിയ ചില്ലറ ഉപദ്രവങ്ങൾ. ഞാൻ പ്രത്യേകം അച്ചുനിരത്തിവെച്ച വയെ ഒന്നിച്ചു ചേർത്തുകളക, അച്ചുനിരത്തി സൂക്ഷിക്കുന്നവയുടെ പുറം അക്കങ്ങൾ മാററിമറിക്കുക, കൈയെഴുത്തുകോപ്പി കീറുക എന്നുതുടങ്ങിയ നിരവധി ഉപദ്രവങ്ങൾ. ഞാൻ അല്പനേരമെ ങ്ങാനും മുറിവിട്ടു പോകുന്നപക്ഷം ഇതായിരുന്നു, അനുഭവം. എന്നിട്ടു പറയുന്നതോ? ശരിയായ ഒരു ആരംഭച്ചെലവു ചെയ്യാത്ത വരോടു് പ്രാർത്ഥനാലയത്തിലെ ഭൂതപിശാചുക്കൾ ചെയ്യുന്ന ശല്യ ങ്ങളാണു് ഇവയെന്നു്. ഏതായാലും സ്ഥാപനാധികാരിയുടെ പ്രത്യേകസഹായം ഉണ്ടായിരുന്നിട്ടും അവരോടു എതിർത്തുനില്ക്കുക അസാദ്ധ്യംതന്നെയായി. ഒടുവിൽ ആവക വരി കൊടുക്കുകതന്നെ ചെയ്തു. ഒന്നിച്ചു കഴിഞ്ഞുകൂടേണ്ടവരുമായി പിണങ്ങി നാളുകൾ കഴിക്കുന്നതു വെറും ബുദ്ധിശൂന്യതയാണെന്നു ഞാൻ മനസ്സിലാക്കി.

ഇക്കാലംകൊണ്ടു ഞാൻ മററുവേലക്കാരോടൊപ്പം ജോലി സ്ഥിരതയിലും ഉറപ്പിലും എത്തി. മാത്രമല്ല അക്കൂട്ടരുടെമേൽ ഗണ്യമായ സ്വാധീനശക്തി ചെലുത്താൻ എനിക്കു് സാധിക്കു കയും ചെയ്തു. അവരുടെ മുദ്രണാലയനിയമങ്ങളിൽ ചില വ്യത്യാ സങ്ങളൊക്കെ വരുത്തണമെന്നു ഞാൻ നിർദ്ദേശിച്ചു. എന്നെ കണ്ടുപഠിച്ചായിരിക്കണം, അവരിൽ ചിലർ പ്രഭാതഭക്ഷണത്തോടു ചേർത്ത ബീയർപാനം നിറുത്തി. പകരം റൊട്ടിയും വെണ്ണയും അടുത്തൊരുവീട്ടിൽനിന്നു അവക്കു് കൊണ്ടുവരപ്പെട്ടു. ചൂടുവെള്ള ത്തിൽ കുരുമുളകംശം റൊട്ടിയോടുകൂടിച്ചേർത്തതും ബീയറിൻെറ വിലയ്ക്കു കുറേക്കൂടെ വെണ്ണ കലർത്തിയതുമായ ഒരു പാനീയമാണു് അവർ പിന്നെക്കഴിച്ചുപോന്നതു്. ഇതു കുറേക്കൂടെ സുഖകരവും വ്യയക്കുറവുള്ളതുമായി അവക്കു ബോദ്ധ്യപ്പെട്ടു. അവരുടെ ബുദ്ധി ശക്തിക്കു് ഈ ആഹാരംനിമിത്തം നല്ല തെളിവും വന്നുചേർന്നു. ദിവസം മുഴുവനും ബീയറിൽത്തന്നെ കഴിച്ചുകൂട്ടുന്ന കുടിയന്മാർ ഉടനേ മദ്യശാലകളിൽ പണംകൊടുക്കാതെ കടക്കാരായി ബീയർ

കിട്ടുന്നതിനു എന്നോടു ശുപാൾകളുംകൊണ്ടുട്ടുത്തു. അവരുടെ വെളിച്ചം, എന്നു പറയുന്ന ബീർ ലഭിക്കാതെ വലഞ്ഞിട്ടു് ഞാൻ ശനിയാഴ്ച രാത്രി അവരുടെ കൂലികൊടുക്കുന്ന മേശപ്പുറത്തു നോക്കി വന്നു. ചിലപ്പോൾ അവരുടെ കണക്കിൽ ഒരാഴ്ചയ്ക്കു് മുപ്പതു ഷില്ലിങ്ങ്വരെ പിരിക്കേണ്ടതായിക്കണ്ടുപോന്നു. ഇതും ഞാൻ ഒരുവക വിനോദരസത്തിൽ സംസാരിക്കുന്നതും എനിക്കു് ജനസംഘത്തിൽ ഒരു നിലയുണ്ടാക്കിത്തന്നു. എന്റെ ശുഷ്കാന്തി എന്നെ അച്ചടിശാലാധിപന്റെ ദൃഷ്ടിയിൽ ആശാസ്യമായ നിലയിൽ എത്തിച്ചു. അച്ചുനിരത്തുന്ന വിഷയത്തിൽ എനിക്കുണ്ടായിരുന്ന അസാധാരണമായ വേഗംനിമിത്തം അച്ചുക്കൂടത്തിൽ ധൃതിപിടിച്ച വേലയെല്ലാം എന്നെ ചുമതലക്കാരനാക്കി. ഇതിലേയ്ക്കുള്ള ആദായം ഗണ്യവുമായി. ഇങ്ങനെ ഞാൻ വളരെ ഭംഗിയിൽ കഴിഞ്ഞു.

ലിററിൽബ്രിട്ടനിലുള്ള എന്റെ താമസസ്ഥലം വളരെ ദൂരത്തായിപ്പോവുകയാൽ റോമാപ്രാർത്ഥനാലയത്തിന്നു എതിരേ 'ഡ്യൂക്ക'തെരുവിൽ മറെറാരുവസതി കണ്ടുപിടിച്ചു. അതു പിൻവശത്തേയ്ക്കു ഇരുനിലയുള്ള കെട്ടിടമായിരുന്നു. ഒരു ഇററലിദേശീയമായ സാമാനസംഭരണശാലയായിരുന്നു, അതു്. വിധവയായ ഒരു മാന്യസ്ത്രീയാണു് ഭവനത്തിന്റെ ചുമതല വഹിച്ചുപോന്നതു്. അവൾക്കൊരു പുത്രിയും ഒരു ഭൃത്യയും ഉണ്ടായിരുന്നു. സാമാനസംഭരണശാലയിൽ ഒരു ജോലിക്കാരൻ സൂക്ഷിപ്പിനും ഉണ്ടായിരുന്നു. എന്നാൽ അയാൾ വേറൊരിടത്തു താമസിച്ചുവന്നു ഞാൻ മുമ്പു താമസിച്ചിരുന്ന വീട്ടിൽ എന്റെ സ്വഭാവത്തെപ്പററി വേണ്ടപോലെ തിരക്കിയ ശേഷമായിരുന്നു വീട്ടുടമസ്ഥ എനിക്കു് താമസിക്കാൻ അനുവാദംനൽകിയതു്, ആഴ്ചതോറും മൂന്നുഷില്ലിംങ്ങ് ആറു് പെൻസ് എന്ന കണക്കിൽ. വളരെ ലാഭമാണു് എനിക്കെന്നും വീട്ടിനു് ഒരാൾ രക്ഷയ്ക്കുണ്ടായിരിക്കുക എന്നതു മാത്രമാണു് അവർ ഗണിക്കുന്നതെന്നും എന്നോടു പറഞ്ഞു. ആ സ്ത്രീ സാമാന്യം വൃദ്ധയായ ഒരു വിധവയായിരുന്നു. ഒരു പ്രൊട്ടസ്റ്റാൻറു് പുരോഹിതന്റെ പുത്രി. എന്നാൽ ഭർത്താവിന്റെ അഭിമതം അനുസരിച്ചു് കത്തോലിക്കാവകുപ്പിലേയ്ക്കു് മാറി, ഭർത്താവിനെപ്പററിയുള്ള സ്മരണ അവർ വളരെ ബഹുമതിപൂർവ്വം പുലർത്തി. യോഗ്യന്മാരായ ജനങ്ങളുമായി ധാരാളം സഹവാസം സിദ്ധിച്ച ഒരു മാന്യയെന്നു കരുതാൻ വേണ്ട ന്യായമുണ്ടു്. ചാറൽസ്'രണ്ടാമന്റെ കാലംതൊട്ടുള്ള അനവധി ചെറുസംഭവകഥകൾ അവൾക്കു് പറഞ്ഞുകേൾപ്പിക്കാൻ ഉണ്ടായിരുന്നു. ഇപ്പോൾ അവർ 'ഗൗട്ടു്' എന്ന രോഗത്തിന്റെ ആക്രമണത്താൽ മുട്ടിൽ നീരുവന്നു അങ്ങനെ സങ്കടപ്പെട്ടുകനിമി

ത്തം വെളിയിലൊന്നും ഇറങ്ങാറില്ല. അതിനാൽ അവക്ക് മററുള്ള വരുമായുള്ള സാഹചര്യങ്ങൾ കുറവായിരുന്നു. അവരുടെ സാന്നിദ്ധ്യം എനിക്ക് വളരെ രസകരമായി. അതിനാൽ ഏതു വിധത്തിലും വൈകുന്നേരം അവരുടെ വത്തമാനങ്ങൾ കേൾപ്പാൻ ഞാൻ എത്തും. ഞങ്ങൾക്ക് അത്താഴത്തിനു ഒരുവക ചെറു മത്സ്യം പാകപ്പെടുത്തിയതു് മാത്രമായിരുന്നു. വളരെ കുറച്ചു മാത്രം റൊട്ടിയും വെണ്ണയും ഒരോരുത്തക്കും പത്തുഔൺസ് ബീയറും. എന്നാൽ യഥാത്ഥത്തിലുള്ള രസം അവരുടെ സംഭാഷണത്തിലായിരുന്നു. ഞാൻ ദിനചര്യയിൽ സമയനിഷ്ഠ കാണിക്കുകയും വീട്ടിൽ യാതൊരുപദ്രവവും ഉണ്ടാക്കാതെ കഴിയുകയും ചെയ്തുവന്നതിനാൽ അവക്ക് എന്നെക്കൂടാതെ കഴിയുന്നതു് അത്ര സമ്മതമായില്ല. ഒരാഴ്ച രണ്ടുഷില്ലിങ്ങ് മാത്രം ചെലവാക്കിയാൽ മതി എന്നുള്ള കാരണത്താൽ മറെറാരു സ്ഥലത്തേയ്ക്കു് മാറാൻ ഉദ്ദേശിക്കുന്ന വിവരം അവരെ അറിയിച്ചപ്പോൾ ഞാൻ മേലാൽ ഒന്നരഷില്ലിങ്ങ് മാത്രം കൊടുത്താൻ മതി എന്നുപോലും അവർ സമ്മതിച്ചു. ഞാൻ ലണ്ടനിൽ താമസിച്ചകാലമത്രയും ഈ തുക മാത്രമേ കൊടുത്തിരുന്നുള്ളു.

അ വീട്ടുടമസ്ഥയുടെ ഭവനത്തിൽ തട്ടുംപുറത്തായി എഴപതോളം വയസ്സുള്ള ഒരു കന്യാസ്ത്രീ താമസിക്കുന്നുണ്ടായിരുന്നു. ഏററവും ഒതുങ്ങിയ വിധത്തിൽ ജീവിക്കുന്ന ആ വൃദ്ധകന്യകയെപ്പററി വീട്ടുടമസ്ഥ എന്നോടു പറയുകയുണ്ടായി. കന്യാസ്ത്രീ ഒരു റോമൻകത്തോലിക്കമതക്കാരിയായിരുന്നു. ചെറുപ്പത്തിലേതന്നെ അവർ കന്യാമഠത്തിലേയ്ക്കു് വിദൂരദേശത്തേയ്ക്കു് അയയ്ക്കപ്പെട്ടു. ഒരു പരിപൂണ്ണകന്യാസ്ത്രീയാകണമെന്ന ലക്ഷ്യത്തിൽ അവർ ഒരു കന്യകാലയത്തിൽ പ്രവേശിച്ചു. എന്നാൽ അവക്ക് നാടത്ര പിടിക്കാത്തതിനാൽ ഇംഗ്ലണ്ടിലേക്കു തിരിച്ചു. ഇംഗ്ലണ്ടിലാകട്ടെ, കന്യാസ്ത്രീമഠങ്ങളും ഇല്ല. അതിനാൽ അവർ ഒരു യഥാത്ഥ കന്യാസ്ത്രീയുടെ ജീവിതരീതി അവലംബിച്ചു സ്വയം കഴിയുകയാണു്. ആ പരിതഃസ്ഥിതികളിൽ ഒരു കന്യാസ്ത്രീയുടെ ഉത്തരവാദിത്വബോധം അവർ പുലത്തിവന്നു. അവരുടെ ഭൂസ്വത്തു് ധാമ്മികകാര്യങ്ങൾക്കായി വിനിയോഗിച്ചു. അവർ ആണ്ടിനാൽ പന്ത്രണ്ടുപവൻ മാത്രമേ ചെലവിനു് എടുത്തു സൂക്ഷിച്ചിരുന്നുള്ളു. വെറും ധാന്യം വേകിച്ചുള്ളതിലെ വെള്ളമാണു് അവക്ക് ആഹാരം. അവർ അനേകവഷങ്ങളായി അവിടെത്തന്നെ കഴിച്ചുകൂട്ടുകയാണു്. താഴെഭവനത്തിൻെറ കൈവശാനുഭവക്കാരായ കത്തോലിക്കർ അവരെ അവിടെ വെറുതേ താമസിക്കുവാൻ അനുവദിച്ചി

രിക്കുകയാണ്. അവർ അവിടെ ഉണ്ടായിരിക്കുന്നതു് ഒരു അനുഗ്രഹമെന്ന നിലയിൽത്തന്നെ അവർ കരുതുന്നുണ്ടു്. ദിവസവും 'കുമ്പസാരംകഴിപ്പിക്കാൻ' ഒരു പുരോഹിതൻ അവിടെ എത്തും. ഒരു കുററമേററു പറയിക്കുന്ന പുരോഹിതന്നു് വേണ്ടജോലിയുണ്ടാക്കിക്കൊടുക്കാൻ അവക്കു് എങ്ങനെയാണു സാധിക്കുന്നതെന്നു് വീട്ടുടമസ്ഥ അവരോടു് ചോദിക്കുകയുണ്ടായിട്ടുണ്ടു്. ഹോ, കഥയില്ലാത്ത ചിന്തകളെ ഉപേക്ഷിക്കുക എന്നതു കേവലം അസാദ്ധ്യമാണെന്നായിരുന്നു, അവരുടെ മറുപടി. ഒരു ദിവസം അവരെ സന്ദർശിക്കാൻ എനിക്കനുവാദംകിട്ടി. അവർ പ്രസന്നതയും വളരെ മര്യാദയുമുള്ളവരായി കാണപ്പെട്ടു. എന്നോടു വളരെ സന്തോഷത്തിൽ സംഭാഷണംചെയ്കയുണ്ടായി. അവർ ഇരുന്നിരുന്ന മുറി വളരെ വൃത്തിയായി സൂക്ഷിക്കപ്പെട്ടിരുന്നു എന്നാൽ ഇരിക്കുവാൻ പായ് മാത്രമാണു് അവിടെ ഉണ്ടായിരുന്നതു്. ഒരു കുരിശുകൊണ്ടു് അലങ്കരിക്കപ്പെട്ടു് ഏതാനും പുസ്തകങ്ങളോടുകൂടിയ ഒരു മേശയും. എനിക്കു് ഇരിക്കാൻ അവർ ഒരു സ്ററൂൾ നീക്കിയിട്ടുതന്നു. സെൻറു വെറോണിക്കായുടെ ഒരു പടം എനിക്കു തന്നു. രക്തംചിന്തുന്ന മുഖത്തോടുകൂടിയ ക്രിസ്തുഭഗവാൻെറ പടമുള്ള ഒരു കൈലേസ്സും. അവർ അത്ര രക്തപ്രസാദമില്ലാത്ത മുഖത്തോടെയാണു് കാണപ്പെട്ടതെങ്കിലും തീരെ അനാരോഗ്യവതിയായിരുന്നില്ല. ശൂന്യമായ ഏതൊരാദായമായിക്കൊള്ളട്ടെ, ജീവിതവും ആരോഗ്യവും പുലത്താൻ ആയതുമതിയാകും.

വാട്സിൻെറ മുദ്രണാലയത്തിൽ എനിക്കു് ബുദ്ധിമാനായ ഒരു ചെറുപ്പക്കാരൻെറ പരിചയം സിദ്ധിക്കുവാൻ ഇടയായി. വിഗേററ് എന്നായിരുന്നു, അയാളുടെ പേർ. സമ്പന്നരായ ബന്ധുക്കളുണ്ടായിരുന്നതിനാൽ മുദ്രണാലയത്തിലെ മററു വേലക്കാരെക്കാൾ അയാൾ വിദ്യാഭ്യാസംചെയ്തിരുന്നു. അയാൾക്കു ലാററിൻഭാഷ ഒരുവിധം അറിയാം. ഫ്രഞ്ചുഭാഷ സംസാരിക്കാനും നിശ്ചയമുണ്ടായിരുന്നു. പുസ്തകവായനയിൽ പ്രത്യേകം അഭിരുചി സിദ്ധിച്ചമനുഷ്യൻ അയാളെയും അയാളുടെ ഒരു സ്നേഹിതനേയും നീന്തൽ പഠിപ്പിച്ചതു് ഞാനായിരുന്നു. ദിവസം രണ്ടു പ്രാവശ്യം ഇതുസംബന്ധിച്ചു ഞങ്ങൾ ആററിലേയ്ക്കുപോവും. രണ്ടുപേരും ഭംഗിയായി നീന്തുവാൻ സാമത്ഥ്യം സമ്പാദിച്ചു. ജലമാൎഗ്ഗത്തിലൂടെ ചെൽസിയായിലെ കാളേജും ഡോൺസാൽട്ടറോസ്സിൻെറ വിചിത്രതകളും കാണുവാൻ നാട്ടുംപുറത്തുനിന്നു എത്തിയിരുന്ന ഏതാനും മാന്യന്മാരെ എനിക്കു ഇവർ പരിചയപ്പെടുത്തിത്തന്നു. തിരിയെ വരുമ്പോൾ ആ കൂട്ടുകാരുടെ അപേക്ഷയനുസരിച്ചു ഞാൻ വെള്ളത്തിൽചാടി ചെൽസിയാതൊട്ടു് ബ്ളാക്ക്ഫ്റിയേഴ്സുവരെ നീ

ന്തി. വെള്ളത്തിനുമേലും ഉള്ളിലും പല പ്രകടനങ്ങൾകാട്ടി. ഇതു് അവർക്കൊക്കെ വളരെ ആശ്ചര്യത്തിനും സന്തോഷത്തിനും കാരണമാകാതിരുന്നില്ല.

ഇങ്ങനെ ജലത്തിൽ പല തരത്തിലുള്ള നീന്തലുകളും വ്യായാമവും ഞാൻ കുട്ടിക്കാലംമുതൽക്കേ പരിചയിച്ചു് അതിൽ പ്രത്യേകം ആഹ്ലാദിക്കുന്നവനായിരുന്നു. 'തെവനേറാ'വിന്റെ വിവിധ ചലനരീതികളും നിൽപുകളും സ്വന്തമായ മററു പല രീതികളോടു കൂടി ഞാൻ അഭ്യസിച്ചുപോന്നിരുന്നു; പ്രയോജനകരവും സുഗമവും കാണ്മാൻ കൗതുകകരവും ആയ ഓരോ രീതികൾ. ഇവയെല്ലാം ഈ സന്ദർഭത്തിൽ ഞാൻ ആ കൂട്ടുകാർക്കു കാണിച്ചുകൊടുത്തു അവരെല്ലാം അവയെ വളരെയൊക്കെ അഭിനന്ദിച്ചു പറഞ്ഞു. വിഗേററു് ഇതുകണ്ടു എന്നോടു കൂടുതൽ സ്നേഹമുള്ളവനായി. ഈ നീന്തൽകലാപ്രദർശനത്തിന്നായി യൂറോപ്പു് ഒട്ടുക്കു് ഒന്നു സഞ്ചരിക്കണമെന്നു് അയാൾ നിർദ്ദേശിക്കയുംചെയ്തു. എനിക്കും അതത്ര വിസമ്മതമായിരുന്നില്ല. എന്നാൽ ഇതേപ്പററി എന്റെ മാന്യസുഹൃത്തായ മി: ഡെൻഹാമിനോടു് ചോദിച്ചതിൽ പെൻസിൽവേനിയായ്ക്കു് മടങ്ങുക എന്ന കാര്യമാണു് അദ്ദേഹം ആയിടെ ആലോചിക്കുന്നതെന്നും, ഞാനും അങ്ങനെ ചെയ്യുന്നതാണു് നന്നെന്നും പറഞ്ഞു എന്നെ ആ ഉദ്യമത്തിൽനിന്നു പിന്മാററി.

അദ്ദേഹത്തിന്റെ സ്വഭാവത്തിലുള്ള ഒരു മേന്മ ഇവിടെ രേഖപ്പെടുത്താതെ തരമില്ല. അദ്ദേഹം ആദ്യകാലത്തു് ബ്രിസ്റ്റലിൽ പ്രവർത്തനം നടത്തുകയായിരുന്നു. എന്നാൽ അനവധി ആളുകൾക്കു് കടക്കാരനായി നിർവ്വാഹമില്ലാതെ അമ്മേരിക്കയിലേക്കു് തിരിച്ചു. അവിടെ വളരെ ബുദ്ധിപൂർവ്വകമായ പ്രവർത്തനത്താൽ ഒരു കച്ചവടക്കാരന്റെനിലയിൽ വിജയംപ്രാപിച്ചു ധാരാളം പണം സമ്പാദിച്ചു. അദ്ദേഹം ഒരു ധനവാന്റെ നിലയിലാണു തിരിയെ ഇംഗ്ലണ്ടിലേക്കു്, ഞാൻ കയറിയ കപ്പലിൽ തിരിച്ചതു്. ഇംഗ്ലണ്ടിൽ എത്തിയശേഷമാകട്ടെ, അദ്ദേഹം പഴയഉത്തമർണ്ണന്മാരെയെല്ലാം വിളിച്ചു ഒരു സദ്യകൊടുത്തു. ഓരോരുത്തരുടേയും ഭോജനപാത്രങ്ങളുടെ അടിയിൽ അവരവർക്കു് ചെല്ലാനുള്ള തുക പലിശസഹിതം മടക്കിക്കൊടുക്കുന്ന ബാങ്കുചെക്കുകൾവെച്ചിരുന്നു. ഒരു സദ്യയുണ്ടായിരിക്കും എന്നല്ലാതെ, ഇങ്ങനെ തങ്ങളുടെ പണം കൂടെ പററുവാനാണു അധമർണ്ണൻ ക്ഷണിക്കുകയുണ്ടായതു് എന്നു് അവരിൽ ആരുമേ കരുതിയിരുന്നില്ല.

അദ്ദേഹം ഫിലഡൽഫിയായിലേയ്ക്കു് മടങ്ങുകയാണെന്നു എന്നോടു പറഞ്ഞു. അവിടെ ഒരു വാണിജ്യപ്രവർത്തനം തുടങ്ങ

ന്നതിനു് കുറെ സാമാനങ്ങൾ ശേഖരിച്ചുകൊണ്ടുപോകാനും അദ്ദേഹം ഉദ്ദേശിച്ചു. അദ്ദേഹത്തിൻെറ ഒരു ഗുമസ്തനും വരവുചെലവു കണക്കുകൾ സൂക്ഷിപ്പുകാരനും ആയി ഞാൻ കൂടെച്ചെല്ലാമോ എന്നു് എന്നോടു ചോദിച്ചു. അതിലേക്കു് ആവശ്യമായ അറിവെല്ലാം എനിക്കു് നൽകാമെന്നും പറഞ്ഞു. കച്ചവടം സംബന്ധിച്ച പ്രവൎത്തനങ്ങളുടെ സ്വഭാവം മനസ്സിലാകുന്നതോടെ എന്നെ വെസ്റ്റിൻഡീസിലേക്കു് ധാന്യമാവും മററു ചരക്കുകളും കയററിഅയയ്ക്കുന്ന കപ്പലിൽ അത്തരം സാമാനങ്ങളുടെ കയററവും ഇറക്കവും മററും സംബന്ധിച്ച മേൽനോട്ടക്കാരനായി അയയ്ക്കാമെന്നും നിർദ്ദേശിച്ചു. മററുള്ളവരിൽനിന്നു് ആദായകരമായ കമ്മിഷൻ വാങ്ങിത്തരാമെന്നും സമ്മതിച്ചു. ഞാൻ കാൎയ്യങ്ങളെല്ലാം ഭംഗിയായി നോക്കുമെങ്കിൽ എനിക്കു് വളരെ നല്ല ആദായവും പ്രത്യേക സ്ഥാനവും ലഭിക്കത്തക്കവിധത്തിൽ വേണ്ട സഹായം ചെയ്തുതരാമെന്നും ഏററു. ഈ നിർദ്ദേശങ്ങൾ എനിക്കു് സർവ്വഥാ സ്വീകാൎയ്യങ്ങളായി. ഞാൻ ലണ്ടൻവാസംകൊണ്ടു മുഷിഞ്ഞു. പെൻസിൽവാനിയായിൽ ഞാൻ കഴിച്ചുകൂട്ടിയ സുഖകരങ്ങളായ മാസങ്ങൾ എൻെറ ഓൎമ്മയിൽഎത്തി. ഒന്നുകൂടെ അവിടെ എത്തുവാൻ എനിക്കാഗ്രഹമുണ്ടായി. അതിനാൽ പ്രതിവൎഷം പെൻസിൽവാനിയാ നാണയനിരക്കനുസരിച്ചു അൻപതു പവൻ എന്ന വേതനത്തിന്മേൽ, ഭാവിമേന്മകൾ ഉദ്ദേശിച്ചു് ഒരു കമ്പോസിസ്റ്റരെന്ന നിലയിൽ എനിക്കു കിട്ടിക്കൊണ്ടിരുന്ന കൂടുതൽവേതനം കരുതാതെ ലണ്ടൻ വിടാമെന്നുതന്നെ നിശ്ചയിച്ചു.

ഈ ഘട്ടത്തിൽ ഞാൻ മുദ്രണാലയം സംബന്ധിച്ച ജോലി കൈവിട്ടിരുന്നു. പകരം, മി: ഡെൻഹാമിനോടുകൂടിയുള്ള പ്രവൎത്തനങ്ങൾ കൈയേററു്, ഓരോ സാധനങ്ങൾ കച്ചവടക്കാരിൽനിന്നു വാങ്ങുക, അവയെ ഭദ്രമായി കെട്ടിപ്പൊതിഞ്ഞു് അയയ്ക്കുക, ഓരോ കാൎയ്യം പ്രമാണിച്ചു പലരേയും കാണ്മാൻപോവുക, സാധനങ്ങൾ ഓരോ സ്ഥലത്തുനിന്നും മാററുന്നതിനു വേലക്കാരെ ഏൎപ്പെടുത്തുക എന്നിങ്ങനെയുള്ള ജോലികളിൽ ഏൎപ്പെട്ടു. എല്ലാം കപ്പൽത്തട്ടിൽ മുറയ്ക്കു് എത്തിച്ചുകഴിഞ്ഞാൽ ഏതാനുംനാൾ എനിക്കു് വിശ്രമിക്കാം. ഈ കാലത്തു് ഒരിക്കൽ 'സർവില്യം വിന്ഥാം' എന്നു പേരായ ഒരു പ്രഭു എനിക്കു ചെല്ലാൻ ആളയച്ചു. ആശ്ചൎയ്യം തോന്നിയെങ്കിലും ഞാൻ അദ്ദേഹത്തെ കാണ്മാൻ പോയി. ചെൽസിനോടു് ബ്ളാക്ഫ്റെയേഴ്സ്വരെ ഞാൻ നീന്തുകയുണ്ടായി എന്നു അദ്ദേഹം കേട്ടിരുന്നു. വിഗേററിനേയും മറെറാരു ചെറുപ്പക്കാരനെയും ഏതാനുംമണിക്കൂറുകൾമാത്രംകൊണ്ടു് നീന്താൻ

പഠിപ്പിച്ചു എന്നും അദ്ദേഹംകേട്ടു. അദ്ദേഹത്തിനു് ദൂരദേശയാത്രയ്ക്കു് അയയ്ക്കുവാൻ രണ്ടു പുത്രന്മാരുണ്ടായിരുന്നു. അവരെ കപ്പൽ സഞ്ചാരത്തിന്നയയ്ക്കുംമുമ്പു് നീന്തൽ പഠിപ്പിക്കണമെന്നു് ആ പിതാവു് നിശ്ചയിച്ചു. ഞാനവരെ നീന്തുവാൻ പഠിപ്പിക്കുമെങ്കിൽ എനിക്കു് നല്ലൊരു തുക സമ്മാനിക്കാമെന്നു് അദ്ദേഹം പറഞ്ഞു. അവർ നഗരിയിലേയ്ക്കു എത്തിയിരുന്നില്ല. എന്റെ അവിടത്തെ താമസം അനിശ്ചിതവും ആയിരുന്നു. അതിനാൽ ഈ അഭ്യസനത്തിൽ ഞാൻ ചുമതലയേൽക്കുകയുണ്ടായില്ല. എന്നാൽ ഈ ക്ഷണത്തിൽ ഒന്നു മനസ്സിലാക്കി. ഞാൻ ഇംഗ്ലണ്ടിൽത്തന്നെ കഴിഞ്ഞുകൂടുന്നപക്ഷം ഒരു നീന്തലഭ്യസനശാല തുറന്നാൽ എനിക്കു ധാരാളം പണംകിട്ടും എന്നതുതന്നെ. മുമ്പു പറഞ്ഞ നിർദ്ദേശം ഉടൻതന്നെ ഞാൻ സ്വീകരിച്ചിരുന്നുവെങ്കിൽ അമേരിക്കയിലേയ്ക്കു അത്രവേഗം മടങ്ങാൻ സാധിക്കുകയുമില്ലായിരുന്നു. അനേകവർഷങ്ങൾക്കുശേഷം, ഈരണ്ടു പുത്രന്മാരിൽ ഒരാളുമായിട്ടു നമുക്കു ചില പ്രധാന സംഗതികളിൽ (ആ പുത്രൻ ഇഗ്രിമണ്ടിലെ പ്രഭു എന്ന നിലയിലായപ്പോൾ) ബന്ധപ്പെടേണ്ടിവന്നതു് വഴിയേ പ്രസ്താവിച്ചുകൊള്ളാം.

ഇങ്ങനെ ഞാൻ പതിനെട്ടുമാസത്തോളം ലണ്ടനിൽ കഴിച്ചുകൂട്ടി. ഈ കാലത്തിൽ മിക്കവാറുംഭാഗം ഞാൻ കഠിനമായ അദ്ധ്വാനംചെയ്തുതന്നെയാണു് ജീവിച്ചതു്. ആദായത്തിൽനിന്നു മിതമായ ഒരംശം മാത്രമേ ചെലവുചെയ്തിരുന്നുള്ളു. അഥവാ കൂടുതൽ വല്ലതും ചെലവായെങ്കിൽ അതു് പുസ്തകങ്ങൾ വാങ്ങുവാനും നാടകം കാണുവാനുംമാത്രം. എന്റെ സ്നേഹിതനായ റാൽഫ് എന്നെ ദരിദ്രനാക്കിയിരുന്നു. അയാൾ എനിക്കു് ഇരുപത്തേഴപവൻവരെ തരാനുണ്ടു്. അതിനി ഒരു കാലത്തും കിട്ടുമെന്നും തോന്നുന്നില്ല. എന്റെ വളരെ തുച്ഛമായ മിച്ചവുമായി നോക്കുമ്പോൾ അതൊരു വലിയ തുകതന്നെ. എന്തെല്ലാമായാലും എനിക്കയാളോടു് സ്നേഹമേ തോന്നുന്നുള്ളു. അയാൾക്കു ഇണങ്ങത്തക്കവിധത്തിലുള്ള അനവധി സൽഗുണങ്ങൾ ഉണ്ടല്ലോ. എന്റെ സമ്പാദ്യത്തിൽ എനിക്കു് യാതൊരു പുരോഗതിയും സിദ്ധിച്ചില്ല. എന്നാൽ ചില വിശിഷ്ടമിത്രങ്ങൾ ലഭിച്ചു. അവരുമായുള്ള സംഭാഷണം എനിക്കു വളരെ ഗുണമാവുകയും ഞാൻ ധാരാളം പുസ്തകങ്ങൾ വായിക്കുകയുംചെയ്തു.

1726 ജൂലായി 26-ാംനു- ഞങ്ങൾ ഗ്രേവ്സൻറു എന്ന സ്ഥലത്തുനിന്നു കപ്പൽ കയറി. യാത്രയിലുള്ള സംഭവങ്ങൾ സംബന്ധിച്ചു് ഞാൻ എഴുതി സൂക്ഷിച്ചിട്ടുള്ള 'ഡയറി'നോക്കുക. ആ കുറിപ്പുപുസ്തകത്തിൽ കാണുന്നതിൽ അതിപ്രധാനമായ അംശം,

രേന്നു ഞാൻ എൻെറ ഭാവി ശോഭനമായി രൂപീകരിക്കുവാൻ നിശ്ചയിച്ചിരുന്ന പദ്ധതികളായിരിക്കും. ഞാൻ അത്ര ചെറുപ്പമായിരുന്നകാലത്തു നിണ്ണയിച്ച ആ പദ്ധതികൾതന്നെയാണു് ഈ വാൎദ്ധക്യത്തിലും അനുവൎത്തിച്ചുപോരുന്നതു്.

ഒക്ടോബർ 11-ാംനു ഞങ്ങൾ ഫിലഡൽഫിയായിൽഎത്തി. ചില ചില്ലറ മാററങ്ങൾ അവിടെ സംഭവിച്ചിരുന്നു. ഗവൎണ്ണർ കീത്തു മാറിപ്പോയി. പകരം മേജർ ഗോർഡൻ ആയിരുന്നു. കീത്തു് ഒരു സാധാരണ പൗരനെപ്പോലെ തെരുവീഥികളിൽ സഞ്ചരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്. എന്നെക്കാണ്മാൻ അദ്ദേഹത്തിനു് എന്തോ ലജ്ജയോ സങ്കോചമോ ഉണ്ടാകാറുണ്ടു്. അദ്ദേഹത്തെക്കാണുന്നകാൎയ്യത്തിൽ എൻെറ കഥയും അതുതന്നെ. മിസ് റഡിൻെറ അവസ്ഥയല്ലേ? തിരിച്ചെത്തുവാൻ കാലതാമസം നേരിട്ടുമെന്നു ഞാൻതന്നെ എഴുതിയിരുന്നതുകണ്ടു ചില അഭ്യുദയകാംക്ഷികളുടെ ആഗ്രഹമനുസരിച്ചു് അവൾ റോജേഴ്സ് എന്നൊരാളിന്നു വിവാഹം കഴിച്ചു കൊടുക്കപ്പെട്ടു. അയാൾ പാത്രനിൎമ്മാണത്തിൽ അസാധാരണ പാടവം ഉള്ള ആളായിരുന്നു. എന്നാൽ വധുവിനു് വരനോടു് അനുരാഗം തീരെ ഇല്ലായിരുന്നു. അയാളുമായി സഹശയനത്തിന്നുതന്നെ അവൾ തയ്യാറായില്ല. അയാളുടെ പേരു് സ്വന്തം പേരോടുകൂടി ഘടിപ്പിക്കുകയില്ലെന്നും അവൾ ശഠിച്ചു. ജോലിക്കാൎയ്യത്തിൽ മിടുക്കുള്ളവനെങ്കിലും അയാൾ കാശിനു കൊള്ളരുതാത്തവൻ ആയിരുന്നു. അയാൾ അവിടെ ഒരു ധടക്കാരനായി 1727-ൽ വെസ്റ്റിൻഡീസിലേക്കു കടന്നുകളഞ്ഞു. അയാൾക്കു വേറേയും ഒരു ഭാൎയ്യയുണ്ടായിരുന്നു എന്നറിഞ്ഞത്രേ മിസ്റീഡു് അയാളെ കൈയ്യൊള്ളാത്തതു്. ഏതായാലും ആ മനുഷ്യൻെറ കഥ വെസ്റ്റിൻഡീസിൽ കഴിഞ്ഞു. കീമർക്കു് നല്ല ഒരു ഭവനമുണ്ടായി. പുതിയ അച്ചക്ഷരങ്ങൾ, ധാരാളം കടലാസ്സുതുടങ്ങിയ സാധനങ്ങളും കച്ചവടത്തിനുള്ള ഒരു സംഭരണശാലയും അയാൾക്കുണ്ടായി. ധാരാളം പ്രവൎത്തനസൗകൎയ്യങ്ങൾ ഇങ്ങനെ സിദ്ധിച്ചുവെങ്കിലും സമൎത്ഥരായ ജോലിക്കാരുടെ കുറവു് ഗണ്യമായിരുന്നു.

വാട്ടർസ്റ്റ്രീററിൽ മി: ഡെൽഹാം ഒരു സംഭരണശാലതുറന്നു. അവിടെ ഞങ്ങൾ സാധനസാമഗ്രഹികൾനിരത്തി. ഞാൻ അവകൊണ്ടുള്ള പ്രവൎത്തനത്തിൽ പ്രത്യേകം ജാഗരൂകനായി. കണക്കുകളെല്ലാംപഠിച്ചു് അല്പകാലത്തിനുള്ളിൽ വില്പനനടത്തുന്ന വൈഭവം നേടി. ഞങ്ങളിരുവരും ഒന്നിച്ചുതന്നേയായിരുന്നു താമസിച്ചതും ഭക്ഷണകാൎയ്യങ്ങൾ നടത്തിയതും. എന്നോടു് അദ്ദേഹത്തിന്നു് ആത്മാൎത്ഥമായ സ്നേഹമുണ്ടായിരുന്നതിനാൽ ഒരു പിതാവിനെപ്പോലെതന്നെ

എനിയ്ക്കദ്ദേഹം ഒരു ഉപദേഷ്ടാവായി. എനിക്ക് അദ്ദേഹത്തോട്ട വളരെ സ്നേഹബഹുമാനങ്ങൾതോന്നി. ഞങ്ങൾ അങ്ങനെ വളരെ സുഖസന്തോഷങ്ങളോടെ കഴിഞ്ഞേതനേ. എന്നാൽ 1727 ഫെബ്രുവരിയിൽ ഞാൻ ഇരുപത്തിയൊന്നാമത്തെ വയസ്സ് തരണംചെയ്ത കാലത്ത് ഞങ്ങൾ ഇരുവരും സുഖക്കേടിൽവീണുപോയി. എനിക്ക് 'പ്ലൂറിസി'എന്ന രോഗമായിരുന്നു. ഞാൻ വളരെ വിഷമിച്ചു. ആ സുഖക്കേടിൽനിന്നു വിമുക്തനായി എഴുന്നേൽക്കാൻ പററുമോ എന്നുപോലും സംശയിച്ചു. എന്നാൽ സുഖക്കേട്ട് ഒരുവിധം ഭേദപ്പെട്ടപ്പോൾ അതേവരെച്ചെയ്തുപോന്ന കഠിനമായ മാനസികാദ്ധ്വാനംതുടരുന്നതു വിഷമമായിത്തോന്നി. മി. ഡെൻഹാമിൻെറ രോഗം എന്തായിരുന്നുവെന്നു എനിക്കിപ്പോൾ അത്ര ഓർമ്മയില്ല. എന്തോ അദ്ദേഹം ദീർഘകാലത്തേയ്ക്ക് ശയ്യാവലംബിയായശേഷം അന്തരിച്ചുപോയി എന്നേ പറയേണ്ടു. നിയമപ്രകാരം മരണശാസനംഎന്നു കരുതപ്പെടാൻ വയ്യാത്ത എന്തോ രേഖാപ്രമാണത്തിൽ അദ്ദേഹം എനിക്കും ഏതാണ്ടൊരു തുക നീക്കിവച്ചിരുന്നു,അദ്ദേഹത്തിനു എന്നോട്ട തോന്നിയ ദയാസ്നേഹങ്ങളുടെ ഒരു അടയാളമെന്നനിലയിൽ. ഇങ്ങനെ അദ്ദേഹം എന്നെ വിസ്തൃതമായ ലോകത്തേക്കു ഉപേക്ഷിച്ചു. സംഭരണശാല ക്രമപ്രകാരം അവകാശികൾക്കുസിദ്ധിച്ചു; ഞാനോ ജോലിയില്ലാത്തവനായി പിൻതിരിയുകയും.

എൻെറ സോദരീഭർത്താവായ ഹോംസ് ഇക്കാലത്ത് ഫിലഡൽഫിയായിൽഉണ്ടായിരുന്നു. ഞാൻ എൻെറ പഴയ അച്ചടിശാലജോലിതന്നെ തുടരണമെന്നു അദ്ദേഹം ഉപദേശിച്ചു. ആ സന്ദർഭത്തിൽത്തന്നെ പഴയ അച്ചടിശാലക്കാരൻ, 'കീമർ' പ്രതിവർഷം ഗണ്യമായ ഒരു വേതനത്തുക തരാമെന്നുള്ള കരാറിൽ എന്നെ പ്രത്യേകം ആകർഷിക്കുകയുംചെയ്തു. അദ്ദേഹത്തിൻെറ അച്ചടിശാലയുടെ ഭരണം ഞാൻ കൈയേല്ക്കണമെന്നായി അങ്ങിനെയായാൽ സ്റ്റേഷണറിശാലയ്ക്ക് കീമരുടെ കൂടുതൽ മേൽനോട്ടം ലഭിക്കുമല്ലോഎന്നഭിപ്രായപ്പെട്ടു. ഞാൻ ലണ്ടനിലായിരുന്നപ്പോൾ ഈ കീമറിനെപ്പററി സ്നേഹിതന്മാരിൽനിന്നും ഭാര്യയിൽനിന്നും ചിലതൊക്കെ കേട്ടിട്ടുണ്ടായിരുന്നതിനാൽ ആൾ അത്ര നല്ലവനല്ലെന്നറിഞ്ഞു എനിക്കു ഏതെങ്കിലും കച്ചവടക്കാരുടെ ഗുമസ്തനായിക്കഴിയുവാനായിരുന്നുഇഷ്ടം. ഒന്നുമേ സൗകര്യത്തിൽകിട്ടിയില്ല. അതിനാൽ കീമറോട്ടുകൂടിയുള്ള ജോലിതന്നെ കൈയേൽക്കാമെന്നു ഒടുവിൽ തീരുമാനിച്ചു. അദ്ദേഹത്തിൻെറ അച്ചടിശാലയിൽ അപ്പോൾ ഉണ്ടായിരുന്നവരെപ്പററിപ്പറയട്ടെ: ഹ്യൂമെരിഡിത്ത് എന്നുപേരായി വെയിൽസുകുടുംബക്കാരനും പെൻസിൽവാനിയാ

ദേശക്കാരനും ആയ മുപ്പതോളംവയസ്സുള്ള ഒരു ചെറുപ്പക്കാരൻ. അയാം നാട്ടുജോലികൾമാത്രം ശീലിച്ചുപോന്നവനായിരുന്നു സത്യസന്ധൻ, കാര്യബോധമുള്ളവൻ. കാര്യങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കുന്നയാൾ. പുസ്തകവായനയിലും അയാൾക്ക് പ്രതിപത്തിയുണ്ട്. എന്നാലോ കുടിഒഴിക്കവയ്യ. അടുത്തതു് സ്റ്റീഫൻപോട്സ്; പൂർണ്ണപ്രായത്തിലെത്തിയ ഒരു നാടൻ. ആദ്യംപറഞ്ഞയാളെപ്പോലെ ഏതു ജോലിക്കും സമർത്ഥൻ, എന്നാൽ അസാധാരണമായ ബുദ്ധിവൈഭവമുള്ളയാൾ. വിനോദവും നേരമ്പോക്കും കൂട്ടം. മടിയാണു് എല്ലാററിലും കൂടുതൽ. ഇവരെ കീമർ അവിടെ നിയമിച്ചിരുന്നതോ നാമമാത്രമായ വേതനത്തിന്മേലായിരുന്നു. മുമ്മൂന്നുമാസംകൂടുമ്പോൾ അവരുടെ വേതനത്തിൽ ഒരുഷില്ലിംഗ് കൂട്ടിക്കൊടുക്കും; അതുതന്നേയും അവരുടെജോലിയിൽ മുറയ്ക്കു് അഭിവൃദ്ധിയുണ്ടെന്നു കാട്ടുന്നപക്ഷം. ഇങ്ങനെ അടുത്ത ഒരു ഭാവിയിൽ കൂടാവുന്നവേതനത്തുകയായിരിക്കണം ഇവരെ ആ സ്ഥാപനത്തിലേയ്ക്കു് ആകർഷിച്ചിരിക്കുന്നതു്. ഇവരിൽ മെരിഡിത്തു് അച്ചടിസംബന്ധിച്ച 'വേലക്കാര'നാണു്. പോട്സ് ആകട്ടെ പുസ്തകംബയൻറുചെയ്യുന്നവകുപ്പിൽ. ഇവർ ഇരുവരേയും കീമർതന്നെ വേലപഠിപ്പിച്ചുകൊള്ളാമെന്നാണു് കരാർ. ഈ പഠിപ്പിപ്പുകാരന്നാകട്ടെ, അച്ചടിരീതികളോ ബുക്ക്ബയൻറിംഗോ ഒരു നിശ്ചയവുമില്ലാതാനും. അടുത്തയാൾ 'ജോൺ' എന്ന പേരായ ഒരു ഐർലൻഡുകാരൻ. യാതൊരു പ്രത്യേകജോലികളും പരിചയമില്ലാത്ത ഒരുവെറിയൻ. ഒരു കപ്പലിലെകപ്പിത്താൻമുഖേനയാണു് ജോണിൻെറ സേവനം കീമർക്കുലഭിച്ചതു്. ഇയാളെയും അച്ചുകൂടക്കാരനാക്കിവിടണമെന്നകരാറിൽ. ഓക്സ്ഫോർഡിലെ വൈദഗ്ദ്ധ്യംനേടിയ ജോർജ്ജ്വെബ്ബ് എന്ന അടുത്തയാൾ അച്ചുനിരത്തുവിദഗ്ദ്ധനായി നിയമിക്കപ്പെട്ടിരുന്നു. അയാളെപ്പററി അടുത്തുതന്നെ അല്പംപ്രസ്താവിക്കാം. ഡേവിഡ്ഹാരി എന്നൊരുനാട്ടുപയ്യൻ ജോലിപരിശീലനക്കാരൻ എന്ന നിലയിൽ അടുത്തയാളും.

ഓക്സ്ഫോർഡിൽ കലാഭ്യസനംനടത്തിയ ഒരാളിനെ കൂലിയ്ക്കെടുത്തവേലക്കാരനായി കാണുകഎന്നതു് വിചിത്രംതന്നെ. അയാൾക്ക് പതിനെട്ടുവയസ്സിൽകൂടുതൽ പ്രായം കാണുകയില്ല. അയാൾ പറഞ്ഞതനുസരിച്ച് ഇത്രയും മനസ്സിലാക്കാൻ സാധിച്ചു. ജനനസ്ഥലം ഗ്ലോസ്റ്റർ. അവിടെ ഒരു പ്രാഥമികപാഠശാലയിൽ ആദ്യകാലത്തെ വിദ്യാഭ്യാസം നിർവ്വഹിച്ചു. അവിടത്തെ കുട്ടികൾ ചില നാടകാഭിനയങ്ങൾ നടത്തിയകൂട്ടത്തിൽ ഇയാൾ കുറെ മിടുക്കനായിരുന്നു. അവിടത്തെ ബുദ്ധിശാലിസംഘത്തിൽ അയാൾ ഒരം

ഗമായിരുന്നു. ഗദ്യമായോ പദ്യമായോ അക്കാലത്തു് ചിലതെല്ലാം അയാൾ രചിച്ചതു് ഗ്ലോസ്റ്ററിലെ ചില പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അങ്ങനെ അവിടെനിന്നും അയാൾ ഓക്സ്ഫോർഡു്സർവ്വകലാശാലയിലേയ്ക്കു് അയയ്ക്കപ്പെട്ടു. അവിടെ ഒരുവർഷത്തോളം കഴിച്ചുകൂട്ടി. സകലതിനും മേലേയാണു് ലണ്ടൻസന്ദർശനം എന്നു കരുതി അയാൾ ഒരു നാടകാഭിനയക്കാരനായി. നാലുമാസത്തിലൊരിക്കൽ ഇതിലേയ്ക്കു് അയാൾക്കു് പതിനഞ്ചുഗിനിവേതനംലഭിച്ചുപോന്നു. ആ നിലയിൽ വന്നുചേൎന്ന കടങ്ങൾ വീട്ടുന്നതിനുപകരം അയാൾ ഒളിച്ചോടി. ഓക്സ്ഫോർഡു്ഗൗൺ ചില കാട്ടുമുൾച്ചെടികളുടെ ഇടയിലേയ്ക്കെറിഞ്ഞു. നേരേ ലണ്ടനിൽ എത്തി. അയാളെ ഉപദേശിക്കുവാൻ സ്നേഹിതന്മാർ ആരുമില്ലാതെ വൃത്തികെട്ട ചില ആളുകളുടെ കൂട്ടുകെട്ടിൽപ്പെട്ടു. കൈവശമുണ്ടായിരുന്ന ഗിനിയെല്ലാം ചെലവുചെയ്തുതീൎത്തു. നാടകാഭിനയക്കാരുടെ അടുത്തു് അയാളെ പരിചയപ്പെടുത്തിക്കൊടുക്കുവാൻ ഒരു മനുഷ്യനേയുംകണ്ടില്ല. ആവശ്യങ്ങൾ ഒന്നിനൊന്നുവൎദ്ധിച്ചു. ഒടുവിൽ സ്വന്തംഉടുപ്പുപോലും വിൽക്കേണ്ടിവന്നു. ആഹാരകാര്യങ്ങൾ നടക്കണ്ടേ? അനന്തരം തെരുവീഥികളിലൂടെ വിശപ്പേറി അയാൾ നടക്കവേ അമേരിക്കയിൽ എന്തെങ്കിലും സേവനത്തിനു് തയ്യാറുള്ളവൎക്കു് ഉടനേതന്നെ തക്ക ജോലിയും വേണ്ട പ്രോത്സാഹനവും നൽകുന്നതാണു് എന്നൊരു നോട്ടീസ്സു് അയാളുടെ കൈവശം ചെന്നുചേൎന്നു. അയാൾ ആ നോട്ടീസ്സിലെ മേൽവിലാസക്കാരുടെ അടുത്തെത്തി അന്നുതന്നെ ഉടമ്പടിയിൽ ഒപ്പുവച്ചു് കപ്പൽകയറി. ഏതെങ്കിലും പരിചയക്കാരാകട്ടെ, വല്ല പരിചയക്കാൎക്കും കത്തുകളാകട്ടെ, ഇല്ലാതെ യാതൊന്നും മുന്നോട്ടുനോക്കാതെ അയാൾ അമേരിക്കയിൽഎത്തി. അയാൾ ഊൎജ്ജസ്വലതയുള്ളവനും വിനോദപരമായി സംഭാഷണംചെയ്യുവാൻ സമൎത്ഥനും സൽസ്വഭാവിയും ഒരു നല്ല കുടുംബക്കാരനും ആയിരുന്നുവെങ്കിലും കേവലം മടിയനും ചിന്താശൂന്യനും തീരെ ബുദ്ധിയും സമീക്ഷാസ്വഭാവമില്ലാത്തവനുമായ ഒരു ചെറുപ്പക്കാരനായിരുന്നു.

ഐറിഷ്കാരനായ ജോൺ അധികം താമസിയാതെ കടന്നുകളഞ്ഞു. മററുള്ളവരുമായി ഞാൻ കഴിഞ്ഞുകൂടി. അവരെല്ലാപേരും എന്നോടു ബഹുമാനംകാണിച്ചു കീമർക്കു യാതൊന്നുംതന്നെ അവൎക്കു് പറഞ്ഞുകൊടുക്കാനില്ലായിരുന്നു എന്നതു് ഇതിലേയ്ക്കു് ഒരു കാരണമായിരിക്കണം. ഇവർ എന്നിൽനിന്നു് ദിവസംതോറും ഓരോന്നു മനസ്സിലാക്കിവന്നു. ശനിയാഴ്ചകളിൽ ഞങ്ങൾക്കു് യാതൊരുജോലിയും ഉണ്ടായിരുന്നില്ല. അതു് കീമർക്കു്

സാംബത്തുദിവസമായിരുന്നു. ഇങ്ങനെ എനിക്കു രണ്ടുദിവസം വായിക്കാൻലഭിച്ചു. കാലം ചെല്ലുന്തോറും ആ നഗരിയിലുള്ള ബുദ്ധിശാലികളായ മനുഷ്യരുമായി എനിക്കു സമ്പക്കംകൂടിവന്നു. കീമർ തന്നേയും വളരെ മര്യാദയിലും പുറമേ വലിയ സ്നേഹഭാവത്തിലുമാണു് കഴിഞ്ഞുവന്നതു്. വെർതൻെറപക്കൽനിന്നു ഞാൻ പററിയതുകയെന്നകടമല്ലാതെ മറെറാന്നുംതന്നെ എൻെറ മനസ്സിനെ ക്ലേശപ്പെടുത്തിയില്ല. പാവപ്പെട്ട മിതവ്യയശീലക്കാരനായ എനിക്കു് ആ തുക ഇതേവരെ സമ്പാദിക്കുവാൻ സാധിച്ചിട്ടില്ല. ഏതായാലും അദ്ദേഹം എന്തു ദയവുകരുതിയാണോ എന്നോടു് ഇതുവരേയും ആ തുക ആവശ്യപ്പെട്ടില്ല.

ആ മുദ്രണാലയത്തിൽ പലതരത്തിലുള്ള അച്ചക്ഷരങ്ങളുടെ ആവശ്യംനേരിട്ടു. അമ്മേരിക്കയിൽ അക്കാലത്തു് അച്ചടിയക്ഷരം വാക്കുക എന്ന ഏപ്പാടില്ലായിരുന്നു. ലണ്ടനിൽ ജെയിംസ്സ്ഥാപനക്കാർ അച്ചക്ഷരംവാത്തെടുക്കുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ ആ നിമ്മിതിരീതിയെപ്പററി അന്നു അത്ര ശ്രദ്ധിക്കുകയുണ്ടായില്ല. എന്തായാലും ഒരു മാതൃക കണ്ടുപിടിക്കുകതന്നെ എന്നുനിശ്ചയിച്ചു. ഞങ്ങൾക്കുണ്ടായിരുന്ന അച്ചാണികളെ ഒരുവശത്തുക്രമ്മയുള്ള ഉരുക്കുപകരണങ്ങളാക്കി ഈയംകൊണ്ടുള്ള പൊള്ളയായസ്ഥലത്തു് അടിച്ചുചേത്തു് സകലകുറവുകളും പരിഹരിച്ചു. സന്ദർഭാനുസൃതമായി ഞാൻ ചിലടൈപ്പുകളെല്ലാം കൊത്തിയുണ്ടാക്കി. ഞാൻതന്നെ മഷിയുംഉണ്ടാക്കി. സംഭരണശാലക്കാരനും നിമ്മിതികത്താവും എന്നുവേണ്ട എല്ലാം ഞാൻതന്നെയായി. എല്ലാവിധത്തിലുമുള്ളവേലകളിൽ ഏപ്പെട്ടആൾ!

എന്നാൽ ഞാനിങ്ങനെ പലവിധത്തിലും ഉപയോഗപ്പെട്ടവെങ്കിലും എൻെറ സേവനങ്ങൾ ദിവസംചെല്ലുന്തോറും അപ്രധാനങ്ങളായിവന്നു; വിശേഷിച്ചു്, മററുള്ളവക്കു് അച്ചടിസംബന്ധിച്ച ഓരോ അംശങ്ങൾ മനസ്സിലായിവരുന്നതോടെ. കീമർ എൻെറ രണ്ടാമത്തെ ചാതുമ്മാസ്യവേതനം നൽകിയപ്പോൾ ആ തുക കുറെ കൂടിയതാണെന്നും, അദ്ദേഹത്തിനു വഹിക്കാവുന്നതല്ലെന്നും ഒന്നുസൂചിപ്പിച്ചു. തുകയൊന്നുകുറയ്ക്കാൻ ഞാൻ സമ്മതിക്കണമെന്നായിരുന്നു അഭിപ്രായം. തുടന്നു് അദ്ദേഹം എന്നോടുകാട്ടിവന്ന വലിയ ബഹുമതികളും മര്യാദയും ഒന്നുകുറഞ്ഞു. അദ്ദേഹം യജമാനനാണെന്നുള്ളഭാവംകാട്ടി. ചിലപ്പോഴൊക്കെ ചില കുററപ്പെടുത്തലുകളും! എന്നുവേണ്ട ഒരുശണ്ഠയ്ക്കുള്ളതരവുപൊത്തങ്ങനെകഴിഞ്ഞു. ഞാനാകട്ടെ അല്പംക്ഷമയോടുകൂടി എല്ലാംസഹിച്ചു. അദ്ദേഹത്തിൻെറ ധനപരങ്ങളായ ബുദ്ധിമുട്ടുകളായിരിക്കാം അതിലേയ്ക്കു് കാരണമെന്നു

കരുതി. ഇങ്ങനെകഴിയവേ, ഒരു നിസ്സാരകാരണത്താൽ ഞങ്ങൾ പരസ്പരം ഭിന്നിച്ചു. അടുത്തുള്ളകോടതിവളപ്പിൽ എന്തോ ഒരു വലിയശബ്ദംകേട്ടു് ഞാൻ ജനാലയിൽക്കൂടെ തല വെളിയിലോട്ടിട്ടു് ഒന്നുനോക്കിപ്പോയി. കീമർ ആ സന്ദർഭത്തിൽ റോഡിൽനിൽക്കയായിരുന്നു. അദ്ദേഹം മുകളിലേക്കു എന്റെ നേരേനോക്കി, എന്റെപേരു ഉറക്കെവിളിച്ചുകൊണ്ടു് കോപസ്വരത്തിൽ ജോലിയിൽ ശ്രദ്ധിക്കുവാൻ ശാസിച്ചു. എന്നുവേണ്ട, പൊതുവേ മററുള്ളവർ കേൾക്കത്തക്കവിധത്തിൽ ആക്ഷേപകരമായി അതുമിതുംപറഞ്ഞു. അതുകൊണ്ടും അരിശംതീരാതെ പെട്ടെന്നു് മുദ്രണാലയത്തിലേയ്ക്കുകയറിവന്നു ശരിക്കുള്ള ഒരുശണ്ഠയ്ക്കുവട്ടമിട്ടു. റോഡിൽ നിന്നിരുന്നആളുകളൊക്കെ എന്നെ അധിക്ഷേപിക്കുന്നതുകേട്ടു. വീണ്ടും ഒരുശണ്ഠയ്ക്കൊരുങ്ങിയപ്പോൾ ഞാനും വിട്ടില്ല. അങ്ങോട്ടുമിങ്ങോട്ടും ഉറക്കെശണ്ഠയായി. അദ്ദേഹം എനിക്കു നാലുമാസത്തെ മുന്നറിവു നൽകിയിരിക്കുന്നു, അത്ര നീണ്ട ഒരവധിതരേണ്ടബാദ്ധ്യതയില്ലെങ്കിലും എന്നുപറഞ്ഞു. അത്തരം സൌജന്യമൊന്നും ആവശ്യമില്ലെന്നും ഉടൻതന്നെ പോകാൻതയ്യാറാണെന്നും ഞാൻ ചുട്ടമറുപടികൊടുത്തു. ഞാനെന്റെ തൊപ്പിയുംഎടുത്തു് ഉടനേ അവിടംവിട്ടുമാറി. ഞാനവിടെ വച്ചിട്ടുണ്ടായിരുന്ന ഏതാനും സാധനങ്ങൾ താമസസ്ഥലത്തു് എത്തിച്ചുതരണമെന്നു മെറിഡിത്തിനോടു പറഞ്ഞശേഷം ഞാൻ തൽക്ഷണം അവിടെനിന്നു പോയി.

പറഞ്ഞതനുസരിച്ചു് മെറിഡിത്തു് വൈകുന്നേരം എത്തി. എന്റെ കാര്യങ്ങളെപ്പററി ഞങ്ങൾ അപ്പോൾ സംസാരിച്ചു. അയാൾക്കു് എന്നോടു വലിയകാര്യമായിരുന്നു. അയാൾ അച്ചുക്കൂടത്തിൽ ഉണ്ടായിരിക്കുകയും ഞാൻ വിട്ടുപോകയുംചെയ്യുക എന്നതു് അയാൾക്കു തീരെ സമ്മതമുള്ള ഒരു കാര്യമായില്ല. ഞാൻ സ്വദേശത്തേക്കു് പോവുകയാണെന്നുകേട്ടപ്പോൾ എന്നെ ആ ഉദ്യമത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ അയാൾ വളരെശ്രമിച്ചു കീമർ അയാളുടെ അച്ചടിശാലകൊണ്ടും വീട്ടാൻ സാധിക്കാത്തവിധം കടത്തിൽമുഴുകിയിരിക്കയാണെന്നും, അയാളുടെ ഉത്തമർണ്ണന്മാർ കുറേശ്ശെ ഇളകിയിട്ടുണ്ടെന്നും, കച്ചവടസ്ഥാപനം കുഴപ്പത്തിലാണു നടക്കുന്നതെന്നും, തൽക്കാലം മുട്ടുതീർക്കാൻ ലാഭമൊന്നുമില്ലാതെ കച്ചവടംനടത്തുകയാണെന്നും, ശരിയായ കണക്കുകൾ ഒന്നുമേ സൂക്ഷിച്ചിട്ടില്ല എന്നും ഈ സ്ഥിതിക്കു് അയാൾ താമസിയാതെ പൊളിയാൻ ഇടയുള്ളതുകൊണ്ടു് എനിക്കു് ലാഭകരമായവിധത്തിൽ ഒരു ഒഴിവുണ്ടാകാൻപോകുന്നുഎന്നും മററും അയാൾ വാദിച്ചു. അങ്ങനെയായാലും ആ പ്രവൃത്തനം ഏറെറടുക്കുവാൻ എന്റെകൈവശം പണമി

ല്ലല്ലോ എന്നു ഞാൻ പറഞ്ഞു. ഇതുകേട്ട് അയാൾ അയാളുടെ പിതാവിന് എന്നെപ്പററി വലിയ മതിപ്പാണെന്നും, അവരിരുവരും തമ്മിൽ നടത്തിയ ഒരു സംഭാഷണത്തിൽനിന്ന് അയാൾക്ക് മനസ്സിലാക്കാൻ സാധിച്ചതു് മെരിഡിത്തും ഞാനുമായുള്ള പ്രവൎത്തനത്തിനുവേണ്ട തുക മുൻകൂറായിത്തരുവാൻ അദ്ദേഹം സന്നദ്ധനാണെന്നും ആയിരുന്നു. തുടൎന്നയാൾപറഞ്ഞു:—കീമറുമായിട്ടുള്ള ഉടമ്പടി അനുസരിച്ചു എൻെറ സേവനകാലം വരുന്ന വസന്തകാലത്തോടെ അവസാനിക്കും. ആ കാലത്തിനുള്ളിൽ നമുക്കു ലണ്ടനിൽ നിന്ന് ആവശ്യമുള്ള അച്ചക്ഷരങ്ങളും മുദ്രണയന്ത്രവും വരുത്തിക്കൊള്ളാം. ഞാൻ തനിയേ അതിലേക്കു തക്കപ്രാപ്തിയുള്ളവനല്ല എന്നെനിക്കറിയാം. എങ്കിലും താങ്കളുടെ വിദഗ്ദ്ധസഹായമുണ്ടല്ലോ. ലാഭം നമുക്ക് പങ്കിട്ടെടുക്കുകയുംചെയ്യാം.”

അയാളുടെ നിൎദ്ദേശം സ്വീകാൎയ്യമായതിനാൽ അങ്ങനെയാകട്ടെഎന്നുതന്നെ ഞാൻ സമ്മതിച്ചു. അയാളുടെപിതാവു് അപ്പോൾ ടൗണിൽ ഉണ്ടായിരുന്നതിനാൽ പുത്രൻെറ അഭിപ്രായം കൈക്കൊള്ളുകയുംചെയ്തു. ആ പിതാവു് ഇങ്ങനെ സമ്മതിക്കാനുണ്ടായ മറെറാരുകാരണം എനിക്ക് അദ്ദേഹത്തിൻെറ മകൻെറമേൽ ഉണ്ടായിരുന്ന സ്വാധീനശക്തിപ്രയോഗിച്ചു് അയാളെ നിന്ദ്യമായ മദ്യപാനാസക്തിയിൽനിന്നു നിശ്ശേഷം പിൻതിരിപ്പിച്ചുകൊള്ളുമെന്നബോധവും ആയിരുന്നു. ഞാൻ മെരിഡിത്തിൻെറ പിതാവിൻെറപക്കൽ ഒരുമുദ്രണാലയം തുടങ്ങുന്നതിന് ആവശ്യമുള്ള സാധനങ്ങളുടെ ഒരു ലിസ്റ്റ് ഏല്പിച്ചു. അതു മുറയ്ക്കു ഒരു കച്ചവടക്കാരനെ അദ്ദേഹം കാണിച്ചു. സാമാനങ്ങൾ വന്നുചേരുന്നതുവരെ കാൎയ്യങ്ങൾ എല്ലാം രഹസ്യമാക്കിവച്ചു. അതുവരെയുള്ളകാലത്തു് ഞാൻ മറേറതെങ്കിലും മുദ്രണാലയത്തിൽ വേലചെയ്യണമെന്നും തീരുമാനിച്ചു. എന്നാൽ ഒരിടത്തും ഒരു ഒഴിവുംകണ്ടില്ല. അങ്ങനെ ഏതാനുംനാൾ ജോലിയൊന്നുമില്ലാതെതന്നെ കഴിച്ചുകൂട്ടി. ഇതിനിടെ, കീമർക്ക് ഒരു പ്രത്യേകതരംജോലി നിൎവ്വഹിച്ചുകൊടുക്കണമെന്നൊരാവശ്യംനേരിട്ടു; ന്യൂജെഴ്സിലെ ആവശ്യംപ്രമാണിച്ചു കുറേ നോട്ടുകൾ അച്ചിട്ടുകൊടുക്കേണ്ട ആവശ്യം. ഇതിലേയ്ക്കു് പലവിധത്തിലുള്ള വെട്ടുകളും അച്ചടിഅക്ഷരങ്ങളുംകൂടാതെകഴികയില്ല. ആ വേലയിൽ എനിക്കു നല്ല പരിചയം ഉണ്ടുതാനും. പക്ഷേ ഈ വേല ബ്രിഡ്ഫോർഡ്അച്ചുകൂടക്കാർ ഏറെറടുത്തെങ്കിലോ എന്നു കീമർ ഭയപ്പെട്ടു. അതിനാൽ ആ ജോലി തൻെറ അച്ചുകൂടത്തിൽനിന്നുതന്നെ ചെയ്തുകൊടുക്കാമെന്നുള്ള കരുതലിൽ കീമർ വളരെ മൎയ്യാദയിലും സ്നേഹത്തിലും എനിക്കു ഒരു കത്തു് കൊടുത്ത

യച്ചു. പഴയ സ്നേഹിതന്മാർ എന്തായാലും പഴയ സ്നേഹിതന്മാർ തന്നെ എന്നും പെട്ടെന്നു കോപംകൊണ്ടുപറഞ്ഞുപോകുന്ന ഏതാനംവാക്കുകൾനിമിത്തം ആ ബന്ധംഉലയാൻ പാടില്ലെന്നും ഞാൻ അദ്ദേഹത്തിന്റെ അച്ചുക്കൂടത്തിൽ ജോലിയ്ക്കു് എത്തണമെന്നും ആയിരുന്നു കത്തു്. അതനുസരിച്ചു ഞാൻ ജോലിക്കുപോകണമെന്നുതന്നെ മെരിഡിത്തും നിർബന്ധിച്ചു എന്നോടുകൂടിജോലിചെയ്താൽ അയാൾക്കു് കൂടുതലായി വല്ലതും മനസ്സിലാക്കാമെന്ന ഉദ്ദേശവുംഉണ്ടായിരുന്നു. ഏതായാലും ഞാൻ കത്തനുസരിച്ചു ജോലിസ്ഥലത്തു്ചെന്നുചേൎന്നു. ന്യൂജെഴ്സിലെപണി കീമൎക്കു കിട്ടി. ചെമ്പുതകിടുകൊണ്ടുള്ള ഒരു അച്ചടിയന്ത്രം ഇദംപ്രഥമമായി ആ നാട്ടിൽ ഞാൻ നിൎമ്മിച്ചു. പലവിധം അലങ്കാരങ്ങളുള്ള അച്ചക്ഷരങ്ങളും ചെക്കുകൾക്കുള്ള ലതാവിതാനാദികളും അക്ഷരങ്ങളിൽ വാൎത്തെടുത്തു. കീമറും ഞാനുമായി ബർളിംഗ്ടനിൽപോയി. അവിടെവച്ചു് നോട്ടടി, സ്ഥാപനക്കാരുടെ ആവശ്യം അനുസരിച്ചു നിൎവ്വഹിച്ചുകൊടുത്തു. കീമർക്കു് കടത്തിൽ ആകെ മുങ്ങാതെകഴിക്കാവുന്നവിധം ധാരാളം പണവും ലഭിച്ചു.

ബർളിംഗ്ടണിൽ ഞാൻ അനവധി പ്രധാനപ്പെട്ട ആളുകളുമായി പരിചയംനേടി. അവരിൽ അധികംപേരും അസംബ്ളി നിയമിച്ചവരും, നിയമപ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ളതല്ലാതെ ഒരൊററ ചെക്കോ നോട്ടോപോലും കൂടുതലായി അച്ചടിക്കാതെയിരിക്കാൻ ഏൎപ്പെടുത്തിയ പ്രത്യേകകമ്മിററിയിൽപെട്ടവരും ആയിരുന്നു. അതിനാൽ അവരിൽ ഓരോരുത്തരും മുറമുറയായി ഞങ്ങളുടെ മേൽനോട്ടംവഹിച്ചുവന്നു. ഒരാൾപോയി മറെറാരാൾ വന്നുചേരുമ്പോൾ ഒന്നുരണ്ടു പുതിയ ആളുകളേയും പരിചയത്തിന്നു കൂട്ടിക്കൊണ്ടുവരും. പുസ്തകവായനകൊണ്ടു് എന്റെ മനസ്സ് കൂടുതൽ വികസിതമായിരുന്നതിനാൽ എന്റെ സംഭാഷണം കീമറുമായുള്ളവൎത്തമാനത്തേക്കാൾ കൂടുതൽ വിലമതിക്കപ്പെട്ടു. ഈ പുതിയപരിചയക്കാരിൽ ചിലർ എന്നെ അവരുടെ ഭവനങ്ങളിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയി, അവരുടെ സ്നേഹിതന്മാരിൽ പലൎക്കും എന്നെ പരിചയപ്പെടുത്തി. എന്നോടു് എല്ലാപേരും വളരെ സ്നേഹമൎയ്യാദകളോടെയാണു് പെരുമാറിയതു്. കീമർ, യജമാനൻതന്നെയായിരുന്നുവെങ്കിലും അദ്ദേഹത്തെ ആരും അത്ര സാരമാക്കിയിരുന്നില്ല. വാസ്തവത്തിൽ അയാൾ ഒരു പഴയ മനോഭാവക്കാരനായിരുന്നു. പൊതുജീവിതരീതികളെക്കുറിച്ചു് അറിവില്ലാത്തയാൾ. പൊതുവേ സ്ഥിരീകരിക്കപ്പെടുന്ന അഭിപ്രായങ്ങളെ എതിൎക്കുന്നവ. അമിതമായ അഭിപ്രായഗതികളോടുകൂടിയ ആൾ. മതകാൎയ്യങ്ങൾസംബന്ധിച്ചു് വലിയ തീക്ഷ്ണതയുള്ള ഒരു കള്ളസ്സമ്പ്രദായക്കാരൻ.

ഏകദേശം മൂന്നുമാസക്കാലം ഞങ്ങൾ അവിടെ കഴിച്ചുകൂട്ടി. ആ കാലംകൊണ്ടു് എനിക്കുലഭിച്ച സ്നേഹിതന്മാർ ജഡ്ജി അല്ലൻ, സാമുവൽബസ്റ്റിൽ എന്ന സംസ്ഥാനസെക്രട്ടറി, ഐസക് പീയേഴ്സൺ, ജോസഫ്ക്രപ്പർ എന്നു തുടങ്ങിയ ചില ഇരുമ്പു വേലസമത്ഥന്മാർ, ചില അസംബ്ളിഅംഗങ്ങൾ, സർവ്വേയർ ജനറലായ ഐസക്ഡിക്കോ എന്നിവരായിരുന്നു. ഇവരിൽ 'ഐസക്ഡിക്കോ' ബുദ്ധിമാനായ ഒരു സമത്ഥവൃദ്ധനായിരുന്നു. ബാല്യകാലത്തു് മൺപാത്രനിമ്മാണശാലയിൽ ചക്രംതിരിക്കൽപ്പണിയാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. വളരെപ്രായമായതിനു ശേഷം എഴുത്തും വായനയും അഭ്യസിച്ചു പിന്നീടു് സർവ്വേചെയ്യുന്നവരുടെ ചങ്ങല വലിച്ചുകൊണ്ടു പോവുകയായി ജോലി. അവരിൽനിന്നാണു് സർവേസംബന്ധിച്ച തത്വങ്ങൾ അദ്ദേഹം മനസ്സിലാക്കിയതു്. പരിശ്രമശീലം ഒന്നുമാത്രംകൊണ്ടു് ഇപ്പോൾ ഒരുനല്ലനിലയിൽ എത്തി. അദ്ദേഹം എന്നോടുപറഞ്ഞു:—"അധികം നാൾകഴിയുംമുമ്പു് നിങ്ങൾ കൂട്ടുകാരനെ പണിയിലുള്ളവൈദഗ്ധ്യം കൊണ്ടുതോല്പിച്ചു് ഫിലഡൽഫിയായിൽ സ്വന്തമായിത്തന്നെ ഒരു മുദ്രണാലയംസ്ഥാപിച്ചു് ധനികനാകും." ഞാൻ അവിടെയാകട്ടെ മറെറവിടെങ്കിലുമാകട്ടെ ഒരു അച്ചടിശാല സ്ഥാപിക്കാനുദ്ദേശിക്കുന്നതിനെപ്പററി ഈ മനുഷ്യനു യാതൊരറിവും ലഭിച്ചിരിക്കാനിടയില്ല. മേൽപ്പറയപ്പെട്ട സ്നേഹിതന്മാരെല്ലാം എനിക്കു് അനന്തരകാലത്തു് വളരെ സഹായംചെയ്തുതന്നിട്ടുള്ളവരാണു്. ഞാൻ എന്തെങ്കിലും കാര്യമായി അവരെ സമീപിച്ചാൽ വേണ്ട ഒത്താശകൾചെയ്തുതരാറുണ്ടു്. അവരുടെ ജീവാവസാനംവരെ ഓരോരുത്തക്കും എന്നോടുതോന്നിയ സ്നേഹൌദാര്യങ്ങൾ അത്ര വിലമതിക്കത്തക്കവയായിരുന്നു.

ഞാനിങ്ങനെ പൊതുജനങ്ങളോടുബന്ധിക്കുന്നവിധമുള്ള പ്രവത്തനംനടത്തിയതു വിവരിക്കുന്നതിനുമുമ്പു് എൻെറ ജീവിതതത്വങ്ങളും സദാചാരബോധവും ഏതുവിധത്തിലായിരുന്നു എന്നും അവ എങ്ങനെയാണു് എൻെറ ഭാവിജീവിതത്തെ സ്പശിച്ചതെന്നും പ്രസ്താവിക്കേണ്ടആവശ്യമുണ്ടു്. എൻെറ മാതാപിതാക്കന്മാർ ബാല്യത്തിൽത്തന്നെ മതസംബന്ധമായ വിജ്ഞാനം എനിക്കു നൽകിയിരുന്നു. ഞാൻ ഈശ്വരഭക്തിയോടെ കഴിച്ചുകൂട്ടുവാൻവേണ്ട അഭ്യസനവും നൽകുകയുണ്ടായി. എന്നാൽ എനിക്കു് പതിനഞ്ചുവയസ്സാകുന്നതിനുമുമ്പുതന്നെ ഏതാനുംചില പ്രധാനപ്പെട്ട മതകാര്യങ്ങളെപ്പററി ചില സംശയങ്ങളൊക്കെത്തോന്നി. പല ഗ്രന്ഥങ്ങളിലും അവയെപ്പററി പലപ്രകാരത്തിൽ പ്രസ്താവിച്ചിട്ടുള്ളതായിക്കണ്ടു. എനിക്കു് "വെളിപാടു്" എന്ന വേദഗ്രന്ഥഭാഗത്തെപ്പററിത്തന്നെ

സംശയംതോന്നി. വേദപ്രാമാണ്യനിഷേധികളുടെ വാദങ്ങളെഖണ്ഡിക്കുന്ന ചില പുസ്തകങ്ങൾതന്നെ എൻെറകൈവശംഎത്തി. അവ 'ബോയിൽ' എന്നയാളിൻെറ പ്രസംഗങ്ങളുടെ സാരസംഗ്രഹഭാഗങ്ങളത്രേ. അവ എന്നിൽ ഉണ്ടാക്കിയപ്രത്യാഘാതം ആ ഗ്രന്ഥകാരൻ ഉദ്ദേശിച്ചതിനും നേരേ വിപരീതമായി വേദപ്രാമാണ്യനിഷേധികളുടെ വാദമുഖങ്ങൾഖണ്ഡിക്കാൻവേണ്ടി ഉദ്ധരിച്ചവ ഏററവും ശക്തിയുള്ളതായിട്ടത്രേ എനിക്കുതോന്നിയതു്. നിരാകരണവാദങ്ങളെക്കാൾ ശക്തിയുള്ളവയായിട്ടു്. അന്നുതൊട്ടു് ഞാൻ വേദപ്രാമാണ്യത്തിൽ വിശ്വസിക്കാത്തവനായി. എൻെറ വാദങ്ങൾ അഥവാ അതിലേയ്ക്കുള്ള യുക്തികൾ കോളിൻസ്, റാൽഫ്തുടങ്ങിയവരെ തലതിരിച്ചു. ഇവരിൽ ഓരോ ആളും അനന്തരകാലത്തു് എന്നോടു് വളരെ നന്ദികേടായിട്ടാണു് പ്രവത്തിച്ചതു്. അവർ മനസ്സാക്ഷിയുടെ ഉറുത്തലിനെപ്പററി തീരെ വകവച്ചിരുന്നില്ല. കൂടാതെ മററൊരു സ്വതന്ത്രചിന്തകനെന്നു് അഭിമാനിച്ചുപോന്ന കീത്തു് എന്നോടുകാട്ടിയ സ്വഭാവം, ഞാൻ വെർണനോടുകാണിച്ച അനീതി മിസ്സ്റീഡിനോടു ഞാൻ കാട്ടിയ കടുംകൈ എന്നിവയെപ്പററി ചിന്തിച്ചപ്പോൾ ഈ സിദ്ധാന്തം യഥാർത്ഥമായിരിക്കാമെങ്കിലും വളരെ പ്രയോജനകരമൊന്നുമല്ല എന്നെനിക്കുതോന്നി. ലണ്ടനിൽ വച്ചു ഞാൻ പ്രചരിപ്പിച്ച ലഘുലേഖയിലെ മുദ്രാവാക്യം ഡ്രൈഡൻ എന്ന കവിയുടെ താഴെക്കാണുന്ന വരികളായിരുന്നു:—

"ഇരിപ്പതെല്ലാമുണ്മ; മറിച്ചായ്കാണുവതല്പന്ധൻ
ശരിക്കു ചങ്ങലതൻ മുൻകണ്ണികളൊരുവശമേ കാണ്മോൻ,
ചരാചരങ്ങളെ നിഖിലവുമൊരുപോൽനിരപ്പിൽനിത്തീട്ടു-
ന്നൊരത്തുലാസ്സിൻമേലുത്തരമവനെങ്ങനെയറിയുന്നു?"

ദൈവത്തിൽ ഉള്ളതായി നാം കരുതുന്ന അനന്തമായ ബുദ്ധിശക്തി, നന്മ, പ്രാഭവം എന്നിവ ആസ്പദമാക്കി ചിന്തിക്കുമ്പോൾ ഈ ലോകത്തു യാതൊന്നും തെററായിസംഭവിക്കുന്നില്ലഎന്നും, നന്മയെന്നും തിന്മയെന്നും പറയുന്നതു് അത്ഥരഹിതങ്ങളായ വ്യത്യാസങ്ങളാണെന്നും കരുതേണ്ടിവരും. എന്നാൽ നന്മയും തിന്മയും ഒന്നുമില്ല എന്നതു് ഞാൻ മുമ്പുകരുതിയിരുന്നപോലെ ശരിയായ ഒരു ആശയമല്ല എന്നു ഇന്നു ബോധപ്പെടുന്ന അക്കാലത്തെ എൻെറ യുക്തിവാദത്തിൽ എവിടെയോ ഒരബദ്ധംപിണഞ്ഞിട്ടുണ്ടാവണം.

സത്യം, ആത്മാത്ഥത, ആജ്ജവം എന്നിവ മനുഷ്യരുമായുള്ള പലതരം ഇടപാടുകളിൽ അതിപ്രധാനമായിട്ടുള്ളവയാണു് എന്നു

എനിക്കു ബോദ്ധ്യമായി. ജീവിതസൗഖ്യത്തിന്നു ഇവ അത്യന്താപേക്ഷിതങ്ങളും ആകുന്നു. ജീവിതമൊട്ടുക്കു് ഇവയെ പ്രമാണമാക്കിക്കരുതിമാത്രമേ ഞാൻ ജീവിക്കുകയുള്ളു എന്നു ദൃഢനിശ്ചയങ്ങൾ ഞാനന്നു് എഴുതി സൂക്ഷിച്ചു. വേദത്തിലെ വെളിപാടുകൾക്കല്ല ഞാൻ ഗണനനൽകിയിരുന്നതു്. ചില പ്രവൃത്തികളെല്ലാം "അരുതു്" എന്നു വേദത്തിൽ വിലക്കപ്പെട്ടിട്ടുള്ളതുകൊണ്ടുമാത്രം നിഷിദ്ധങ്ങളെന്നോ, സ്വീകാര്യങ്ങളെന്നു വിധിക്കപ്പെട്ടിട്ടുള്ളവ അക്കാരണത്താൽ മാത്രം സ്വീകാര്യങ്ങളെന്നോ വരുന്നില്ല. എന്നാലും നിഷേധിക്കപ്പെട്ട കാര്യങ്ങളിൽ മനുഷ്യാഭ്യുദയത്തിന്നു ഹാനികരമായ എന്തെങ്കിലുമുണ്ടായിരിക്കാം; വിധിക്കപ്പെട്ടവയിൽ അഭ്യുദയത്തിന്നു് അനുകൂലമായ വല്ലതുമുണ്ടായിരിക്കാം. ഇതായിരുന്നു എൻെറനിലപാടു്. ഈശ്വരൻെറ കാരുണ്യംകൊണ്ടോ, ഏതോ ദിവ്യരക്ഷാപുരുഷൻെറ ദയകൊണ്ടോ, അതോ യദൃച്ഛയാ വന്നുചേരുന്ന സംഭവങ്ങളുടെ ആനുകൂല്യംകൊണ്ടോ, ഇവയെല്ലാം ഒന്നിച്ചുചേർന്നതുകൊണ്ടോ എന്തോ മുൻപറഞ്ഞ ബോധം ആപൽക്കരമായ യൗവ്വനം തരണംചെയ്യുവാൻ എന്നെ സഹായിച്ചു. അങ്ങിനെ എൻെറ മതബോധക്കുറവുനിമിത്തവും അച്ഛൻ മുതലായവരുടെ ഉപദേശത്തിന് സാധിക്കാത്തതുനിമിത്തവും വന്നുചേരുമായിരുന്ന യുവകാലവിപത്തുകളിൽനിന്നു ഞാൻ രക്ഷനേടി. മനഃപൂർവ്വമായിട്ടുള്ള യാതൊരു സദാചാരലംഘനങ്ങളിലും ഞാൻ ഏർപ്പെട്ടിരുന്നില്ല. 'മനഃപൂർവ്വം' എന്നു ഞാൻ പറയുന്നതിനു് അർത്ഥമുണ്ടു്. എൻെറ ലോകപരിചയക്കുറവും യൗവ്വനവും ഇടപെട്ടവരുടെ വഞ്ചകസ്വഭാവവുംനിമിത്തം എനിക്കും ചില തെററുകൾ പററിയിട്ടുണ്ടു്. ഇങ്ങിനെ ജീവിതാരംഭത്തിൽത്തന്നെ എൻെറ സ്വഭാവം ഒരുവിധം നിർദ്ദോഷമായിരുന്നു. അതിനെ ഞാൻ വിലവച്ചുപോന്നു എന്നുമാത്രമല്ല മുറയ്ക്കു പരിപാലിക്കുവാൻ തീർച്ചപ്പെടുത്തുകയുംചെയ്തു.

ഞങ്ങൾ ഫിലഡൽഫിയായിലേയ്ക്കു തിരിച്ചെത്തി അധികം കഴിയുന്നതിനുമുമ്പുതന്നെ ലണ്ടനിൽനിന്നു് ആവശ്യപ്പെട്ടിരുന്ന പുതിയ അച്ചക്ഷരങ്ങൾ വന്നുചേർന്നു. കിമറുമായി കാര്യങ്ങളെല്ലാം ഒതുക്കി അദ്ദേഹത്തിൻെറ സമ്മതത്തോടുകൂടിത്തന്നെ ഞാൻ അവിടം വിട്ടുമാറി. ചന്തയ്ക്കു സമീപം ഞങ്ങൾ ഒരു കെട്ടിടം വാടകയ്ക്കെടുത്തു. ആണ്ടിനാൽ ഇരുപത്തിനാലു പൗണ്ടു് എന്ന റേറനുസരിച്ചായിരുന്നു കെട്ടിടവാടക. എങ്കിലും ആ തുക കൊടുക്കാൻ ഞങ്ങൾക്കു് കഴിവില്ലാതിരുന്നതിനാൽ ഒരു ഗ്ലാസ്സുവേലക്കാരന്നും അയാളുടെ കുടുംബത്തിന്നും ആ ഭവനത്തിൻെറ ഒരുഭാഗം

കൊടുത്തു് അവരിൽനിന്നു ഒരു വാടകത്തുക പററി. ഒരു പ്രത്യുപകാരമെന്ന നിലയ്ക്കു് അവരോടുകൂടിത്തന്നെ ഞങ്ങൾ പണം കൊടുത്തു ഭക്ഷണംകഴിച്ചുവന്നു. ഞങ്ങൾ അക്ഷരങ്ങളെല്ലാം ഓരോ തട്ടുകളിലാക്കി. അച്ചുക്കൂടം കഷ്ടിച്ചു വേലയ്ക്കാരംഭിച്ചതേയുള്ളു. അതിനുമുമ്പു് എൻെറ ഒരു പരിചയക്കാരനായ ജോർജ്ജ്ഹൗസ് എന്നൊരാൾ ഒരു നാട്ടുംപുറത്തുകാരനെ ഞങ്ങളുടെഅടുത്തു കൊണ്ടുവന്നു. ഈ പുതിയ ആൾ എന്തോ അച്ചടിക്കാൻ ഒരു മുദ്രണാലയം തേടിനടക്കയായിരുന്നു. ആ സന്ദർഭത്തിൽ ഞങ്ങളുടെ കൈവശമുണ്ടായിരുന്ന തുക മുഴവൻ അച്ചുക്കൂടത്തിലെ സാമഗ്രികൾക്കായി ചെലവുചെയ്തുപോന്നതിനാൽ പുതിയ ആളുടെപക്കൽനിന്നും പ്രതിഫലമായി കിട്ടിയ അഞ്ചുഷില്ലിങ്ങ് അന്നത്തെനിലയ്ക്കു് വലിയ ഒരു ആദായമായിക്കരുതി. അതിനുശേഷം എനിക്കു സമ്പാദിക്കുവാൻകഴിഞ്ഞ ക്രൗൺകണക്കുള്ള നാണയങ്ങൾ ലഭിച്ചപ്പോഴും ഇത്രവളരെ സന്തോഷം തോന്നുകയുണ്ടായില്ല എന്നുപറഞ്ഞുകൊള്ളട്ടെ. ഈ ജോർജ്ജിനോടു തോന്നിയ നന്ദിനിമിത്തം, ഞാൻ ചെയ്യുകയില്ലായിരുന്ന അനവധി സഹായം പല വേലയാരംഭക്കാർക്കും ചെയ്തുകൊടുക്കുകയുണ്ടായിട്ടുണ്ടു്.

എത്ര വലിയ നന്മയിലും അശുഭങ്ങൾ കാണുന്ന ആളുകൾ ലോകത്തുണ്ടല്ലോ. അത്തരത്തിലുള്ള ഒരാൾ അക്കാലത്തു് ഫിലഡൽഫിയായിൽ ജീവിച്ചിരുന്നു. ഒരു പ്രായമായആൾ. കണ്ടാൽ ആരുമേ മതിക്കത്തക്കവിധം ബുദ്ധിപൂർവ്വകമായ നോട്ടവും വേണ്ട ഗൗരവവും ഉള്ള ഒരാൾ. സാമുവൽമിക്കിൾ എന്നായിരുന്നു ആളിൻെറ പേരു്. എനിക്കു യാതൊരു പരിചയവുമില്ലാത്ത ഇദ്ദേഹം ഒരുദിവസം ഞങ്ങളുടെ അച്ചുക്കൂടത്തിൽ കയറിവന്നു്, ആയിടെ പുതിയതായി ഒരു അച്ചടിശാല ആരംഭിച്ചിരിക്കുന്നതു് ഞാനാണോ എന്നു ചോദിച്ചു. അതേ എന്നു ഞാൻ ഉത്തരംപറഞ്ഞു. ഇതുകേട്ടു് ആഗതൻ വളരെ വ്യസനിച്ചു. ഫിലഡൽഫിയാ മിക്കവാറും ക്ഷാമംകൊണ്ടു് അധഃപതിക്കുന്ന ഒരു നാടാണെന്നും, ആളുകൾ മിക്കവാറും പാപ്പരാണെന്നും പുറമേ കാണുന്ന മേളങ്ങളൊന്നും വിശ്വസിക്കത്തക്കതല്ല എന്നും, പുതിയ കെട്ടിടങ്ങളും കവിഞ്ഞ വാടകയുമൊന്നുംതന്നെ വിശ്വസിക്കത്തക്കവയല്ല എന്നും, അവയെല്ലാം അധികം താമസിയാതെ നമ്മെ നാശത്തിലേയ്ക്കു് എത്തിക്കുന്നു എന്നതിൻെറ സൂചനകളാണെന്നും അയാൾ അഭിപ്രായപ്പെട്ടു. ഏതാനും ആളുകൾക്കു പററിയിട്ടുള്ള ചില അപകടങ്ങളെപ്പററി ആ മനുഷ്യൻ എന്നോടു വിസ്തരിച്ചുപറഞ്ഞു. ഈ വർത്തമാനം എന്നെ വല്ലാതൊന്നു സങ്കടപ്പെടുത്തി. ഇതു

വല്ലതും ഞാൻ നേരത്തേ അറിഞ്ഞിരുന്നുവെങ്കിൽ ഇവിടെ ഇങ്ങനെയുള്ള പ്രവൃത്തനത്തിന്നു മുതിരുകയില്ലായിരുന്നു എന്നുപോലും എനിക്കു തോന്നിപ്പോയി. എന്നാൽ ഈ കുററംപറച്ചിൽകാരനോ ഈ നശിച്ചുകൊണ്ടിരുന്ന നാട്ടിൽത്തന്നെയാണു് കഴിഞ്ഞുകൂട്ടുവാൻ ഇഷ്ടപ്പെട്ടതു്. അതു മാത്രമോ? അയാൾ താമസിക്കാൻ ഉദ്ദേശിക്കുന്നേയില്ല എന്നു പറഞ്ഞ ഈ നാട്ടിൽ ഒടുവിൽ ഒരു വീടും പുരയിടവും വാങ്ങാൻ, ഈ മനുഷ്യൻ ആക്ഷേപിച്ചുപോന്ന കാലത്തു് കൊടുക്കേണ്ടിയിരുന്നതിൽ അഞ്ചുഗുണം വിലയാണു്, ഒടുവിൽ വാങ്ങിയപ്പോൾ കൊടുത്തതു് എന്ന പരമാത്ഥവും വ്യക്തമാക്കിക്കൊള്ളട്ടെ

ഈ വഗ്ഗത്തിനു മുമ്പിലത്തെ ശരല്ക്കാലത്തെക്കഥ പറയാം. ഞങ്ങൾ ഏതാനുംപേർ ചേന്നു്, പരസ്പരം അഭിവൃദ്ധി ഉദ്ദേശിച്ചു് ഒരു സംഘം ഏപ്പെടുത്തുകയുണ്ടായി. വെള്ളിയാഴ്ചതോറും വൈകുന്നേരം കൂടാറുണ്ടായിരുന്ന ഈ സംഘത്തിൻെറ പേരു് 'ജൂണ്ടോ' എന്നായിരുന്നു. സംഘനിയമങ്ങൾ എഴുതിയുണ്ടാക്കിയതും ഞാൻ തന്നെയാണു്. ഓരോ അംഗവും മുറവച്ചു്, സദാചാരം, രാജ്യകാര്യം, പ്രകൃതിശാസ്ത്രം, തത്വശാസ്ത്രം എന്നിവയിൽ ഏതെങ്കിലും ഒന്നിനെസ്സംബന്ധിച്ച സാമാന്യം ഗൗരവമുള്ള ഏതെങ്കിലും വിഷയത്തെപ്പററി ഒരു വാദപ്രതിവാദം ആരംഭിക്കണമെന്നും, മൂന്നു മാസം കൂടുമ്പോൾ ഓരോരുത്തരും സ്വന്തമായിത്തന്നെ ഓരോ ഉപന്യാസം എഴുതി വായിക്കണമെന്നും, ഈ വാദപ്രതിവാദങ്ങൾ ഒരു അദ്ധ്യക്ഷൻെറ മേൽനോട്ടത്തിലാണു് നടക്കേണ്ടതു് എന്നും, വിജിഗീഷയും വാശിയും മത്സരവുംകൊണ്ടു് വാദവിഷയത്തോടു ബന്ധിക്കാത്ത അഭിപ്രായങ്ങൾ പുറപ്പെടുവിക്കരുതെന്നുംമററുമായിരുന്നു, നിയമങ്ങൾ.

ഈ സംഘത്തിൽ ആദ്യമായി ചേന്ന അംഗങ്ങൾ: ജോസഫ് ബ്രിയൻറ്നാൽ എന്ന പേരായി ആധാരങ്ങൾ പകത്തിയെഴുത്തുകാരനായ ഒരു മാന്യനായിരുന്നു. സൽസ്വഭാവം സൗഹാദ്ദം, എന്നിവ ധാരാളമുള്ള ഒരു മദ്ധ്യവയസ്കനായിരുന്നു, ജോസഫ്. അദ്ദേഹം കവിതയുടെ ഒരു വലിയ അഭിനന്ദകനും കൈയിൽ കിട്ടുന്ന ഏതു കവിതയും വായിക്കുന്നയാളും, ഭേദപ്പെട്ട രചനയ്ക്കു് സമത്ഥനും ആയിരുന്നു. അനവധി ചെറുവിദ്യകളിൽ പരിചിതനും ഭംഗിയായി സംഭാഷണംചെയ്യാൻ സമത്ഥനുമായിരുന്നു.

അടുത്തതു് തോമസ്ഗാഡ്ഫ്രേ എന്ന ആൾ. സ്വയമായി കണക്കുശാസ്ത്രത്തിൽ വേണ്ട പരിചയം സമ്പാദിച്ചു് സ്വന്തരീതിയിൽ ഒരു വലിയ ആളായ മനുഷ്യൻ; ഇക്കാലത്തു് 'ഹാഡ്ലി'

യുടെ ക്വാഡ്റൻറ് എന്നു പറയപ്പെടുന്ന കണ്ടുപിടിത്തത്തിൻെറ കത്താവ്. എന്നാൽ അദ്ദേഹം സംഭാഷണകാര്യത്തിൽ അത്ര വിദഗ്ദ്ധനല്ല കണക്കശാസ്ത്രജ്ഞന്മാരിൽ പൊതുവേ കാണുന്ന ഒരു വ്യത്യസ്തത. പറയുന്ന സകലതിലും സാവ്വത്രികമായ ഒരു കണിശം പുലത്തുന്നയാൾ. ഏതുതരത്തിലുള്ള വത്തമാനത്തിലും ഉപദ്രവകരമായവിധം നിസ്സാരസംഗതികൾ തരം തിരിച്ചു പറയുകയോ നിരാകരിക്കുകയോ ചെയ്യുന്ന മനുഷ്യൻ.

നിക്കലെസ് സ്കൾ ആയിരുന്നു, അടുത്ത അംഗം. അദ്ദേഹം ഒരു സവ്വയർ ആയിരുന്നു. താമസിയാതെ സവേയർജനറൽ എന്ന ഉദ്യോഗത്തിലെത്തിയ ആൾ. ഗ്രന്ഥപാരായണത്തിൽ അതിപ്രസക്തനും ചില്ലറ കവിതകൾ എഴുതുന്നയാളും.

വില്യം പാഴ്സൺസ്, ചെരുപ്പുകുത്തിത്തൊഴിലിൽ ആദ്യകാലങ്ങളിൽ പരിചയം സമ്പാദിച്ച് കണക്കശാസ്ത്രത്തിൽ വേണ്ട പരിചയം നേടിയ മാന്യൻ. ജ്യോതിശ്ശാസ്ത്രത്തിൽ പ്രാവീണ്യം സമ്പാദിക്കാൻ ഉദ്ദേശമുണ്ടായിരുന്നു എങ്കിലും, ഒടുവിൽ ആ ശാസ്ത്രത്തോടു പുച്ഛരസംതോന്നിയആൾ. അദ്ദേഹവും സവേയർ ജനറൽ ഉദ്യോഗക്കാരനായി.

വില്യം മോഗ്രിഡ്ജ്, മരപ്പണിവിദഗ്ദ്ധനും ഒന്നാംതരം കായികകമ്മകുശലനും ധാരാളം സാമാന്യബുദ്ധിയുള്ള ആളും.

ഹ്യൂമെരിഡിത്ത്, സ്റ്റീഫൻപോട്സ്, ജോജ്ജ്വെബ്ബ് എന്നിവരെപ്പററി ഇതിനുമുമ്പുതന്നെ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടല്ലോ.

റോബർട്ട്ഗ്രേസ്സ് എന്നപേരിൽ സാമാന്യം സ്വത്തുള്ള ഒരു ചെറുപ്പക്കാരനാണു അടുത്തത്. വിനോദരസത്തിൽ സംഭാഷണംനടത്താൻ സമത്ഥൻ; ശ്ലേഷപ്രധാനമായ വാക്പ്രയോഗങ്ങളിൽ രസിക്കുന്നയാൾ.

അക്കാലത്തു ഒരു കച്ചവടക്കാരൻെറ ഗുമസ്തനായിരുന്ന വില്യം കോൾമാനാണു, അടുത്ത അംഗം. കോൾമാനു പ്രായം എന്നോളമേ ആയിരുന്നുള്ളു. ഏററവും ശാന്തനും കുശാഗ്രബുദ്ധിയും സഹൃദയപൂണ്ണമായ ഹൃദയത്തോടുകൂടിയവനും ആയിരുന്നു, കോൾമാൻ. എൻെറ പരിചയത്തിൽപ്പെട്ടിടത്തോളം സദാചാരബോധത്തിൽ ഇത്ര മികച്ച ആൾ ഇല്ല എന്നുതന്നെ പറയാം. കോൾമാൻ അനന്തരകാലത്തു് അതിപ്രസിദ്ധനായ ഒരു വണിക്ക്

ശ്രേഷ്ഠനായി. സാംസ്ഥാനികജഡ്ജിയെന്ന സ്ഥാനത്തിലും അദ്ദേഹം വളരെ ശോഭിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ മരണംവരെ ഞങ്ങൾ തമ്മിലുള്ള സ്നേഹം അഭംഗുരമായി തുടൻവന്നു. നാല്പതു വൎഷത്തിനുമേൽ; ഏകദേശം ഇത്രയുംകാലം സംഘവും തുടൻവന്നു. തത്വശാസ്ത്രം, സദാചാരബോധശാസ്ത്രം, രാജ്യതന്ത്രം എന്നിവയുക്കു ഈ സംഘം ഒരു നല്ല ചൎച്ചാകേന്ദ്രവും ആയിരുന്നു. ഞങ്ങൾ സംഘത്തിൽ സമൎപ്പിക്കുന്ന പ്രധാന പ്രശ്നങ്ങളെപ്പററിയുള്ള ചൎച്ചകൾ തലേആഴ്ചയിൽത്തന്നെ നിൎവ്വഹിച്ചു. അതാതു പ്രശ്നങ്ങൾ സംബന്ധിച്ച് വേണ്ട ഒരുക്കങ്ങളോടെ വാദപ്രതിവാദങ്ങൾ നിൎവ്വഹിച്ചുപോന്നു. പ്രമേയപരിധിയുക്കുപ്പുറമായി ഈൎഷ്യയോടെ യാതൊന്നുംതന്നെ സംസാരിക്കാൻ പാടില്ലാത്തവിധമായിരുന്നു വാദപ്രതിവാദങ്ങളുടെ സ്വഭാവം. ഇതുകൊണ്ടാണു് സംഘം ഏറെക്കാലം നിലനിന്നതു്. അതിനെപ്പററി സന്ദൎഭാനുസൃതമായി മേൽ പ്രസ്താവിച്ചുകൊള്ളാം.

സംഘത്തെപ്പററി ഇപ്പോൾ പ്രസ്താവിക്കാൻ ഹേതുവായതു് ഞങ്ങൾക്കു് വേണ്ടവിധം പ്രവൎത്തനംനടത്തുവാൻ ഈ സംഘം വേണ്ടസഹായം ചെയ്യുകയുണ്ടായി എന്നു കാണിക്കുവാനാകുന്നു. 'ബ്രിയൻറ്നാൽ' എന്നയാൾ 'ക്വാക്കറെ'ന്മാരുടെ ചരിത്രം നാല്പതു ഷീററു് അച്ചടിപ്പിക്കുവാൻ ഞങ്ങൾക്കു് ജോലിയുണ്ടാക്കിത്തന്നു. ബാക്കിഭാഗം കീമറുടെഅച്ചുക്കൂടത്തിലാണു് നിൎവ്വഹിക്കപ്പെട്ടതു്. നാല്പതുഷീററിൻെറ അച്ചടിയിൽ ഞങ്ങൾ ക്രമാധികമായി പാടുപെടേണ്ടിവന്നു. അതിനുള്ള കൂലിയും വളരെ കുറവുതന്നെ. ഫോളിയോസൈസ്സിൽ ചെറിയ അക്ഷരത്തിൽ വേണ്ടവിധത്തിലുള്ള നോട്ടുകളോടുകൂടിയായിരുന്നു അതു്. അച്ചടിസംബന്ധിച്ചു് മെരിഡിത്ത്തന്നെയാണു വേലചെയ്തിരുന്നതു്. ഞാൻ ദിവസം ഒരു ഷീററു എന്ന നിലയിൽ അക്ഷരങ്ങൾ നിരത്തിപ്പോന്നു. ഓരോ രാത്രിയിലും മിക്കവാറുംപതിനൊന്നുമണിയാകുന്നതുവരെവേലചെയ്യും. അപ്പോഴേക്കേ ടൈപ്പുകൾ അഴിച്ചുക്രമപ്പെടുത്തൽ കഴിയുകയുള്ളൂ. ഇതിന്നിടയിൽ ഞങ്ങളുടെ മററുചില സ്നേഹിതന്മാർ അയച്ചുകൊണ്ടിരുന്ന ചില്ലറജോലികളും ചെയ്തുതീൎക്കുവാൻ ഉണ്ടാവും. എന്നാൽ മുൻപു പറഞ്ഞ ഫോളിയോജോലി ദിവസം ഒരുപുറം തീൎക്കണം എന്നുള്ളതു് എനിക്കു നിൎബ്ബന്ധമായിരുന്നു. ഒരുദിവസം രാത്രി ഞാൻ എൻെറ വേലചെയ്തുതീൎത്തു എന്നു ധരിച്ചിരിക്കവേ, എന്തോ യദൃച്ഛയാ ആ ഫാറം പൊട്ടിപ്പോകുന്നതിനു ഇടയായി. ഇതുനിമിത്തം അക്ഷരങ്ങളുടെ നിരത്തെല്ലാംവിട്ടു കുഴപ്പത്തിലായി. ഞാനാകട്ടെ അപ്പോൾത്തന്നെ അതെല്ലാം അഴിച്ചുപിരിച്ചു വീണ്ടും ആ

വേല ആദ്യംതൊട്ടുതുടങ്ങി രാത്രി കിടക്കാൻപോകുംമുൻപു് പൂത്തിയാക്കി. ഇങ്ങനെയുള്ള നിസ്തന്ദ്രതാസ്വഭാവം അയൽപക്കക്കാർ കണ്ടു ഞങ്ങളേ അഭിനന്ദിക്കുവാൻ ഇടയായി. കച്ചവടക്കാർ നിത്യവും മേളിക്കുന്ന ഒരു വിഹാരമന്ദിരത്തിൽ ഞങ്ങളുടെ അച്ചുക്കൂടത്തെപ്പററി പ്രസ്താവിക്കാൻ ഇടവരികയും കീമറുടേയും ബ്രാഡ്ഫോർഡിൻേറയും രണ്ടച്ചുക്കൂടങ്ങൾ പ്രത്യേകം ഉള്ളതുകൊണ്ടു് ഞങ്ങളുടെസ്ഥാപനം പൊളിഞ്ഞുപോകാൻ ഇടയുണ്ടെന്നു ചിലർ അഭിപ്രായപ്പെട്ടതിൽ, നീയും ഞാനും സ്കോട്ട്ലണ്ടിൽ സെൻറ് ആൻഡ്രൂസ് എന്ന സ്ഥലത്തുവച്ചു് കണ്ട ആ ദിക്കുകാരനായ ഡാക്ടർ ബെയിഡ് എന്നയാൾ നേരേമറിച്ചുള്ളൊരഭിപ്രായമാണുപുറപ്പെടുവിച്ചതു്. ഡാക്ടർ ബെയിഡ് അന്നു പറഞ്ഞതു് ഇങ്ങനെയായിരുന്നു:—"ആ ഫ്രാൻക്ലിൻെറ നിസ്തന്ദ്രതയും പരിശ്രമശീലവും ഞാനിന്നേവരെ അത്തരം വേലക്കാരിൽ കണ്ടിട്ടുള്ളതിൽവെച്ചു് ഏററവും മേൽത്തരമാകുന്നു. ഞാൻ ക്ലബ്ബിൽനിന്നു മടങ്ങിപ്പോകുന്ന സന്ദർഭങ്ങളിലൊക്കെ അയാൾ ജോലിചെയ്യുന്നതായിട്ടാണു് കണ്ടിട്ടുള്ളതു്. അയാളുടെ അയൽക്കാർ ഉണർന്നെഴുന്നേൽക്കുന്നതിനുമുമ്പു തന്നെ ഫ്രാൻക്ലിൻ ഉണർന്നുകഴിഞ്ഞിരിക്കും."

ഈ അഭിപ്രായം മററുള്ളവരേയും എൻെറ വേലസംബന്ധിച്ചുള്ള അഭിനന്ദനത്തിലേയ്ക്കു് നയിച്ചു. അതിനാൽ ഒരു കച്ചവടക്കാരനിൽനിന്നു കടലാസ്സു് മുതലായവ തന്നുകൊള്ളാംഎന്ന സഹായവാഗ്ദാനം ഞങ്ങൾക്കു് ലഭിക്കുകയുണ്ടായെങ്കിലും, അത്തരംവസ്തുക്കൾ കച്ചവടംചെയ്യുന്നതിൽ ഏർപ്പെടണം എന്നു് അന്നു ഞങ്ങൾ കരുതിയില്ല.

ഈ പരിശ്രമശീലത്തെപ്പററി ഞാനിപ്പോൾ അത്ര വലിയ കാര്യമായിപറയുന്നതു്, എന്നെപ്പററിയുള്ള പ്രശംസയാണു് എന്നു വരികിലും ഇതു് വായിക്കാൻ ഇടവരുന്ന ഭാവിതലമുറക്കാർ ആ സ്വഭാവവിശേഷത്തിൻെറ മഹിമനിമിത്തം എനിക്കു സിദ്ധിച്ച മേന്മ മനസ്സിലാക്കി പ്രവത്തിക്കുമല്ലോ എന്നു കരുതിയാണു്.

കീമറുടെ അച്ചുക്കൂടത്തിൽ ജോലികിട്ടുവാൻ ചില കടങ്ങൾ കൊടുത്ത ഒരു സ്ത്രീമിത്രത്തെനേടിയ ജോർജ്ജുവെബ്ബ് എന്നയാൾ ഒരു ജോലിക്കാരനായിക്കൊള്ളാമെന്നുള്ള കരാറിൽ ഞങ്ങളുടെ അടുത്തെത്തി. എന്നാൽ അയാൾക്കു് ഉടനേ ജോലികൊടുക്കുവാൻ ഞങ്ങൾക്കു് സാധിച്ചില്ല. താമസിയാതെ ഒരു പത്രംതുടങ്ങുന്നുണ്ടു് എന്നും അതിൽ അയാൾക്കു ജോലികൊടുത്തുകൊള്ളാമെന്നും ഉള്ള ഒരു രഹസ്യം ഞാൻ വെബ്ബിനോടുപറഞ്ഞു. എൻെറ വിജയം

ഈ പത്രംനടത്തിപ്പിനെ ആശ്രയിച്ചാണിരിക്കുന്നതെന്നും അയാളെഅറിയിച്ചു. അക്കാലത്തു് ബ്രാഡ്ഫോർ പ്രസിദ്ധപ്പെടുത്തുന്ന പത്രം അത്ര പരിപൂർണ്ണമല്ലെന്നും അതിൻെറ കാര്യനിർവ്വഹണം സമുചിതമായി നടക്കുന്നില്ലെന്നും എനിക്കു അറിയാമായിരുന്നു. എന്നിട്ടുപോലും അതു് അയാൾക്കു് ആദായകരമായിരുന്നു. അതിനാൽ ഒരു നല്ലപത്രം നന്നായരീതിയിൽ നടത്തിയാൽ അതു് ആദായകരമായിരിക്കുകയേഉള്ളു എന്നെനിക്കുതോന്നി. ഈ പത്രംനടത്തിപ്പ്എന്ന ഉദ്ദേശം ആരേയും അറിയിക്കരുതെന്നു ഞാൻ വെബ്ബിനോട്ടു് പ്രത്യേകം പറയുകയുംചെയ്തു. എന്നാൽ അയാൾ അതു് ഉടൻതന്നെ കീമറെ അറിയിച്ചു. കീമറാകട്ടെ, ഈ മാർഗ്ഗത്തിൽ എന്നെക്കാൾ മുൻകൈയെടുക്കണമെന്ന ഉദ്ദേശത്തിൽ ഉടനെ ഒരു പത്രം തുടങ്ങുന്ന വിവരം പ്രസിദ്ധപ്പെടുത്തി. ഈ പത്രം സംബന്ധിച്ചു വെബ്ബിനെ ജോലിക്കെടുക്കുകയുംചെയ്തു. എനിക്കിതു് വലിയ മുഷിവിന്നിടയാക്കി. ആ പത്രംകൂടെ ഉണ്ടായിരിക്കവേ മറെറാരു പുതിയ പത്രംകൂടെ തുടങ്ങുന്നതു് വിജയകരമാകാൻ വിഷമമമെന്നു് എനിക്കുതോന്നി. അതിനാൽ ഞാൻ ബ്രാഡ്ഫോർഡിൻെറ പത്രത്തിൽ വിനോദപരമായുള്ള ചില ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നതേയുള്ളു. 'ബിസിബാഡി' എന്ന പേരുവച്ചാണു് ഞാൻ എഴുതിപ്പോന്നതു്. ഈ ലേഖനപരമ്പരയെ കുറെ നാളത്തേക്കു് ബ്രിയൻെറ്നാൽ തുടൎന്നുവന്നു. ഇങ്ങനെ ആ പത്രത്തിൻെറ നേൎക്കു് പൊതുജനങ്ങളുടെ ദൃഷ്ടിപതിഞ്ഞു. കീമറുടെ നിൎദ്ദേശങ്ങളെ ഞങ്ങൾ അല്പമായൊന്നു അപഹസിച്ചു. ഇങ്ങനെ അവയെ പൊതുജനങ്ങൾ ഗണിക്കാതെയായി. എന്തായാലും കീമർ പത്രം തുടങ്ങി. അതു ഏകദേശം ഒൻപതു മാസത്തോളം നിലനിന്നു. തൊണ്ണൂറോളം വരിക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളു. കീമർ അതു നിസ്സാരമെന്ന നിലയിൽ എന്നെ ഏല്പിച്ചു. ഞാൻ അതിനെ ഏതാനുംകാലം മുന്നോട്ടു കൊണ്ടുപോകാമെന്നു കരുതി ഏറെറടുത്തു. അതു് ഏതാനും വർഷങ്ങൾക്കകം എനിക്കു് വളരെ ലാഭകരമായിരിക്കുകയുംചെയ്തു.

ഞങ്ങളുടെ ഓഹരിചേൎന്നുള്ള പ്രവൎത്തനങ്ങൾ തുടൎന്നുവന്നുവെങ്കിലും ഞാൻ ഏകവചനത്തിൽതന്നെ ഇതെല്ലാം പ്രസ്താവിക്കുന്നു. കാരണം, ആ പ്രവൎത്തനത്തിൻെറ കാൎയ്യനിൎവ്വഹണം മുഴുവൻ എൻെറ ചുമതലയിലായിരുന്നു. മെറിഡിത്തു് ഒരു കമ്പോസിസിററർ ആയിരുന്നില്ല. അയാൾ പ്രസ്സ സംബന്ധിച്ച ജോലിക്കാരനായിരുന്നതേയുള്ളു. പലപ്പോഴും അയാൾക്കു് തലയ്ക്കു നല്ല വെളിവും ഇല്ലായിരുന്നു. ഞാൻ അയാളുമായി കൂട്ടുകെട്ടിൽ കഴിയു

ന്നതു് എൻെറ സ്നേഹിതന്മാക്കു് തീരെ ഇഷ്ടമില്ലാതെ അവർ സങ്കടപ്പെട്ടു. എന്നാൽ ഞാൻ ആവുന്നതും സഹിച്ചു് ഒരുവിധം ഒത്തുപോയി.

ഞങ്ങളുടെ പത്രത്തിൻെറ ആദ്യലക്കങ്ങൾതന്നെ, അതേവരെ ആ സംസ്ഥാനത്തുണ്ടായിരുന്നവയിൽനിന്നു വ്യത്യസ്തമായ രീതിയിൽ പുറപ്പെട്ടു. അക്ഷരങ്ങൾ വൃത്തിയുള്ളവ. ഭംഗിയായ അച്ചടി. അക്കാലത്തു് ഗവർണ്ണർ ബേർണററും മെസാച്ചുസററ്സ് അസംബ്ളിയും തമ്മിൽ നടന്നുപോന്ന വാദപ്രതിവാദങ്ങളെപ്പററി ഞാൻ എഴുതിപ്പോന്ന ചുണയുള്ള ചില വിമർശനങ്ങൾ പൊതുജനങ്ങളിൽ കാര്യബോധമുള്ളവരെ കൂടുതലായി ആകർഷിച്ചു. പത്രത്തിൻെറ മാനേജർ ആളുകളുടെ അഭിനന്ദനത്തിനു പാത്രീഭവിച്ചു. ഏതാനും ആഴ്ചകൾക്കുള്ളിൽ അവരെല്ലാം ഞങ്ങളുടെ വരിക്കാരായും തീൎന്നു.

അവരെത്തുടൎന്നു മററനവധിപേരും ഞങ്ങളുടെ വരിക്കാരായി. ഇതിനു കാരണം എനിക്കു് എന്തോകൈ കുത്തിക്കുറിക്കുവാൻ സാധിച്ചതും എന്തെങ്കിലും എഴുതാൻ അറിയാവുന്ന ഒരു മാനേജരാണു് പത്രത്തിനുള്ളതു് എന്ന ജനബോദ്ധ്യവും ആയിരുന്നു. ബ്രിഡ്ഫോർഡു് വോട്ടച്ചടിക്കുക, നിയമങ്ങൾ മുദ്രണംചെയ്യുക, മററു ചില പൊതുജനാവശ്യങ്ങൾ അനുസരിച്ചുള്ള അച്ചടി നടത്തുക എന്നിവയിൽ ഏപ്പെട്ടുപോന്നു. നിയമസഭയുടെ വകയായി ഗവർണക്കു് നൽകിയ ഒരു മംഗളപത്രം ബ്രാഡ്ഫോർഡിൻെറ പ്രസ്സിലാണു് അച്ചിട്ടതു്. കടലാസ്സിൻെറ മേന്മക്കുറവും അച്ചടിയുടെ അപൂർണ്ണതയും നിമിത്തം അതു മോശമായിരുന്നു. എന്നാൽ അതേ മംഗളപത്രംതന്നെ ഏതാനും പ്രതികൾ ഞങ്ങൾ അച്ചിട്ടു് സഭാംഗങ്ങൾക്കു് നൽകി. രണ്ടിനുംതമ്മിലുള്ള വ്യത്യാസം അവക്കു് ബോദ്ധ്യപ്പെട്ടു. സഭയിൽ ഞങ്ങൾക്കുണ്ടായിരുന്ന ചില സ്നേഹിതന്മാരുടെ നില ഇതുനിമിത്തം പ്രബലമായി. അടുത്തവഷത്തിൽ നിയമസഭസംബന്ധിച്ച അച്ചടിമുഴുവൻ ഞങ്ങളെ ഏൽപ്പിക്കണമെന്നു് അവർ വോട്ടെടുത്തു പാസ്സാക്കി.

നിയമസഭയിലെ എൻെറ സ്നേഹിതന്മാരിൽ മി: ഹാമിൽട്ടൻെറ നാമധേയം എനിക്കു മറക്കാവുന്നതല്ല. അദ്ദേഹത്തെപ്പററി ഞാൻ ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹം ഇംഗ്ലണ്ടിൽനിന്നുമടങ്ങിയെത്തി അമ്മേരിക്കൻ നിയമസഭയിലെ അംഗമായതാണു്. ആ സഭയിൽ എനിക്കുവേണ്ടി താല്പര്യപ്പെടുകയും അതുപോലെ മററനേകം സന്ദർഭങ്ങളിൽ അദ്ദേഹം വേണ്ടസഹായം മരണാന്ത്യത്തോളം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ടു്.

ഏകദേശം ഇക്കാലത്തു് മി: വെർനൺ, ഞാനദ്ദേഹത്തിനു കൊടുക്കാനുണ്ടായിരുന്ന തുകയെപ്പററി എന്നെ ഓർമ്മിപ്പിച്ചു. അതു് എന്നാൽ അത്ര വലിയ നിർബ്ബന്ധരൂപത്തിലല്ലായിരുന്നു. അദ്ദേഹത്തിൻെറ കത്തിന്നു ഞാൻ നന്ദിപൂർവ്വം ഒരുമറുപടികൊടുത്തു്, അല്പംകൂടെ ക്ഷമിക്കുവാൻ അപേക്ഷിച്ചു. എൻെറ കൈവശം പണംവന്നുചേൎന്നപ്പോൾ ഞാൻ അദ്ദേഹത്തിനു ചെല്ലാനുള്ള തുക പലിശയോടെകൊടുത്തു് അങ്ങനെ എനിക്കു പററിയതെററിനു ഒരുവിധം പരിഹാരംനേടി.

എന്നാൽ അതാ മറെറാരു വൈഷമ്യം. ഞങ്ങളുടെകൂടെയുണ്ടായിരുന്ന മെരിഡിത്തിൻെറ പിതാവു മുദ്രണാലയത്തിൻെറ ആവശ്യത്തിലേയ്ക്കുള്ളപണംതന്നുകൊള്ളാമെന്നു ഏററിരുന്നതാണല്ലോ. അദ്ദേഹം നൂറുപവൻമാത്രമേ രൊക്കം തരികയുണ്ടായുള്ളു. ഞങ്ങൾ സാധനങ്ങൾ വാങ്ങിയവകയിൽ കച്ചവടക്കാൎക്കു് നൂറുപവൻ കൂടെ കൊടുക്കേണ്ടതായിട്ടുണ്ടായിരുന്നു. കച്ചവടക്കാർ ക്ഷമാശൂന്യരായി, ഞങ്ങൾ എല്ലാവരുടേയും പേരിൽ കേസ്സുകൊടുത്തു. ഞങ്ങൾ ചില ജാമ്യങ്ങളെല്ലാംകൊടുത്തു നിന്നുനോക്കി. എന്നാൽ അവധിയ്ക്കുള്ളിൽ പണം കൊടുത്തു തീൎക്കാത്തപക്ഷം ഞങ്ങളുടെ മുദ്രണാലയം പകുതിവിലയ്ക്കു് ജപ്തിചെയ്തുകൊണ്ടുപോകുമായിരുന്നു

ഈ ആപത്തിൽ രണ്ടു യഥാൎത്ഥസ്നേഹിതന്മാർ വെവ്വേറെ എൻെറ അടുത്തെത്തി. അവരുടെ സഹായം ഞാൻ ഒരിക്കലും മറക്കുന്നതോ, മറക്കാൻപാടുള്ളതോ അല്ല എന്നു് എപ്പോഴും സമ്മതിക്കും. അവർ ഇരുവരും തമ്മിൽ അറിഞ്ഞിട്ടേഇല്ല. ഞാനാകട്ടെ അവരുടെ അടുത്തു് യാതൊരഭ്യൎത്ഥനയ്ക്കും പോയിട്ടുമില്ല അവർ എത്തിയതിൻെറ ഉദ്ദേശം, ആവശ്യമുള്ളപണം മുഴവൻ അവർ നൽകാമെന്നും ഞാൻ എൻെറ പരിപൂൎണ്ണചുമതലയിൽ അച്ചുക്കൂടം നടത്തണമെന്നും പറയുവാൻ ആയിരുന്നു. മെരിഡിത്തിനെപ്പോലെയുള്ള ഒരു മദ്യപനും ചൂതുകളിക്കാരനും ആയ ആളിനോടു് എനിക്കുള്ള കൂട്ടുകെട്ടു് വിട്ടേയ്ക്കണമെന്നും അവർ ഉപദേശിച്ചു. വില്യംകോൾമാൻ എന്നും റോബർട്ടു്ഗ്രേസ് എന്നും ഉള്ള ഈ മാന്യമിത്രങ്ങളുടെ നിൎദ്ദേശം ഞാൻ കേട്ടു. എനിക്കു പെട്ടെന്നു ഓഹരിബന്ധത്തിൽനിന്നു വിട്ടുവാൻ പാടില്ല എന്നും ഞങ്ങളുടെ ഉടമ്പടി അനുസരിച്ചുള്ള വ്യവസ്ഥകൾ മെരിഡിത്ത് പാലിക്കുന്നുണ്ടോ എന്നറിയണമെന്നും, അവർചെയ്ത സഹായത്തിനു് ഞാൻ അവരോടു വളരെ കടപ്പെട്ടവനാണു് എന്നും, ആ സഹായം അവർ തുടരുന്നപക്ഷം എനിക്കുംതുടരുവാനേ നിവൃത്തിയുള്ളു എന്നും, എന്നാൽ ആ വ്യവസ്ഥയനുസരിച്ചു് അവർ പ്രവൎത്തിക്കാതെ ഈ ഓഹരിയേ

പ്പാട്ട് പൊളിയുന്നപക്ഷം ഞാൻ ഒററയായി പ്രവൎത്തനത്തിൽ ഏൎപ്പെട്ടുവാൻ എൻെറ സ്നേഹിതന്മാരുടെ സഹായങ്ങൾ സ്വീകരിക്കാമെന്നും അവരോട്ട് പറഞ്ഞു.

ഇങ്ങനെ അക്കാൎയ്യം ഏതാനുംനാൾ ഒരു കുഴഞ്ഞനിലയിലായി. ഇതുകണ്ട് ഞാൻ പങ്കുകാരനോട്ട പറഞ്ഞു:—"നമ്മുടെ അച്ചുക്കൂടകാൎയ്യത്തിൽ നിങ്ങൾ വഹിക്കുന്ന പങ്കുകണ്ട് പിതാവിന്നു അത്ര തൃപ്തിയില്ലായിരിക്കും പക്ഷേ നിങ്ങൾ മാത്രമാണ് അച്ചുക്കൂടഅധികാരിയായിരുന്നെങ്കിൽ മുൻകൂർ ഇറക്കമായിരുന്ന തുക ഞാൻകൂടെച്ചേൎന്നതുകൊണ്ട് പക്ഷേ അദ്ദേഹം ഇറക്കാൻ മടിക്കുകയായിരിക്കും. അതു അങ്ങനെയാണെങ്കിൽ വിവരം എന്നെ അറിയിക്കുക. ഞാൻ ഉടനേ ഇതിൽ നിന്നു പിന്മാറി പ്രവൎത്തനം മുഴുവൻ നിങ്ങൾക്കുതന്നെ വിട്ടുതരാം. ഇതു കേട്ട മെരിഡിത്ത് പറഞ്ഞു:—"അങ്ങനെയല്ല, എൻെറ പിതാവ് കേവലം നിരാശനായിരിക്കുകയാണ്. അദ്ദേഹത്തിൻെറ കഴിവും ചുരുക്കംതന്നെ. അദ്ദേഹത്തെ കൂട്ടതലായി ഉപദ്രവത്തിലാക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ ഈ മുദ്രണാലയപ്രവൎത്തനം എനിക്കു പററിയതല്ല. ഞാൻ ഒരു കൃഷിക്കാരനായാണു വളൎന്നതു്. ഇതാ, ഈ മുപ്പതാമത്തെ വയസ്സിൽ ടൗണിലെത്തി ഒരു പുതിയ വ്യവസായം മനസ്സിലാക്കുവാൻ ഞാൻ ഉദ്യമിക്കുകയാണ്. ഞങ്ങൾ വെയിൽസുകാരായ അധികം പേരും വടക്കേകൊറോലിനായ്ക്ക് തിരിക്കുന്നു. അവിടെത്തന്നെ കുടിയേറിപ്പാൎക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. അവിടെ ഭൂമിയുടെ വില താരതമ്യേന കുറവാണ്. ഞാൻ ഈ കുടിയേറിപ്പാൎപ്പുകാരോടൊന്നിച്ച് അവിടെയെത്തി എൻെറ പഴയ തൊഴിൽതന്നെ നോക്കാമെന്നുദ്ദേശിക്കുന്നു. നിങ്ങൾക്കു വേണ്ട സഹായത്തിനു സ്നേഹിതന്മാരുണ്ടാകും. കമ്പനി സംബന്ധിച്ച കടത്തുക നിങ്ങളുടെ ചുമതലയിൽ ഏററു്, അച്ഛൻ മുൻകൂറായി തന്നിട്ടുള്ള നൂറുപവനും അദ്ദേഹത്തിനു തിരിയെ കൊടുക്കുക. എനിക്കു കിട്ടാനുള്ള ചില്ലറ കടങ്ങളുടെ തുകകൾ എനിക്കും തരിക. എനിക്കു് ഒരു മുപ്പതു പവനും കുതിരപ്പുറത്തിടാനുള്ള കാപ്പുകളും മാത്രം തന്നാൽമതിയാകും. ഇതാ ഈ ഓഹരിയേൎപ്പാടിൽനിന്നു ഞാൻ പിന്മാറാം. പ്രവൎത്തനം സംബന്ധിച്ച സകല അധികാരവും ചുമതലയും നിങ്ങൾതന്നെ ഏററുകൊള്ളുക."

മെരിഡിത്തിൻെറ ഈ നിൎദ്ദേശം ഞാൻ അംഗീകരിച്ചു. മുറയ്ക്ക് രേഖാപ്രമാണമാക്കി ഇരുകൂട്ടരും ഒപ്പുവെച്ചു രജിസ്റ്റർചെയ്തു. മെരിഡിത്ത് ആവശ്യപ്പെട്ടവിധമെല്ലാം ഞാൻ കൊടുത്തു. അയാൾ

ഉടനേതന്നെ കൊറോലിനായ്ക്കും തിരിച്ചു. അവിടെനിന്നു അയാൾ രണ്ടു സുദീർഘമായ കത്തുകൾ അയച്ചു. ആ നാട്ട് അവിടത്തെ ശീതോഷ്ണസ്ഥിതി, മണ്ണ്, കൃഷി, വേട്ട എന്നിവയ്ക്കുള്ള സൗകര്യങ്ങൾ എന്നീക്കാര്യങ്ങളെപ്പററി വിശദമായി പ്രസ്താവിച്ചിരുന്നു. ആ കത്തുകൾ ആസ്പദമാക്കി ഞാൻ പത്രത്തിൽ ലേഖനങ്ങളെഴുതി. ഇവ വായിച്ചു പൊതുജനങ്ങൾ വളരെ സംതൃപ്തരായി.

മെരിഡിത്തു വിട്ടുപോയപ്പോൾ ഞാൻ മുമ്പു പറയപ്പെട്ട സ്നേഹിതന്മാരുടെ അടുത്തെത്തി. അവരിൽ ഒരാളോടും പക്ഷപാതമൊന്നും കാട്ടാതെ രണ്ടുപേരിൽനിന്നും അൎദ്ധഭാഗം വീതമുള്ള തുകയേ പററിയുള്ളു. ഇങ്ങനെ കമ്പനിവക കടമെല്ലാം വീട്ടിയ ശേഷം എൻെറ പേരിൽത്തന്നെ ആ മുദ്രണാലയം നടത്തിവന്നു. ആ പ്രവൎത്തനം സംബന്ധിച്ച ഓഹരിയേപ്പാട്ടു നിറുത്തി എന്നും, എൻെറ പരിപൂൎണ്ണചുമതലയിൽത്തന്നെ സ്ഥാപനം നടത്തിവരുന്നുഎന്നും ഉള്ള വിവരവും പരസ്യപ്പെടുത്തി. ഇതു് 1729-ലായിരുന്നു

ഏകദേശം ഇക്കാലത്തു് ജനങ്ങളുടെ ഒരു അഭിപ്രായം 'കടലാസ്സ്പണം' വൎദ്ധിപ്പിക്കണം എന്നായിരുന്നു. ആ സംസ്ഥാനത്തു് ആകെ പതിനയ്യായിരം പവനുള്ള കടലാസ്സ്നാണയവിനിമയമേ ഉണ്ടായിരുന്നുള്ളു. അതുതന്നേയും വേഗത്തിൽ മുങ്ങുന്ന പതനത്തിലായിരുന്നു. കൃഷീവലരായ വല്ല കടലാസ്സ്നാണയപ്രചരണത്തെയും പണക്കാർ എതിൎത്തു. അവർ കടലാസ്സുനാണയപ്രചരണത്തിന്നു് കേവലം എതിരായിരുന്നു, പണം കടംകൊടുക്കുന്നവരുടെ താല്പൎയ്യങ്ങൾക്കു് ഇതു് വിഘാതകമാകും എന്ന പേരിൽ. ന്യൂ ഇംഗ്ലണ്ടിൻെറ സ്ഥിതിയെ ഇതിലേയ്ക്കു് ഉദാഹരണമായി അവർ കാണിച്ചു. ഞങ്ങൾ ഇക്കാൎയ്യത്തെപ്പററി ജൂൺഡോസംഘത്തിൽ വച്ചു് വേണ്ടപോലെ ചൎച്ചചെയ്തു. അതിൽ കടലാസ്സുപണത്തിൻെറവൎദ്ധനവു് ആവശ്യമാണെന്നുള്ള പക്ഷക്കാരനായിരുന്നു ഞാൻ. 1723-ൽ അടിച്ച ചെറിയ തുക പല ഗുണങ്ങളും ചെയ്തിട്ടുണ്ടെന്നു് ഞാൻ ചൂണ്ടിക്കാണിച്ചു. കച്ചവടം വൎദ്ധിപ്പിച്ചു, ഉദ്യോഗസംഖ്യ കൂട്ടി, സംസ്ഥാനത്തുള്ള നിവാസികൾ ഗണ്യമായ സംഖ്യയിലായി, എല്ലാ പഴയ ഭവനങ്ങളിലും താമസക്കാരുണ്ടായി അനവധി കെട്ടിടങ്ങൾ പുതുതായി നിൎമ്മിക്കപ്പെട്ടു. ഫിലഡൽഫിയായിലെ തെരുവുകളിൽ ഞാൻ ആദ്യമായി പ്രവേശിച്ചു റൊട്ടിയും കടിച്ചുതിന്നുകൊണ്ടു് നടന്നപ്പോൾ വാൾനട്ടു് തെരുവിലെ പല ഭവനങ്ങളും ഒഴിഞ്ഞതാണെന്നു കാണപ്പെട്ടതെന്നും, അവയുടെ ഭിത്തികളിൽ വാടകയ്ക്കു് കൊടുക്കപ്പെടും എന്ന നോട്ടീസ്സോടുകൂടിയായിരുന്നു അവ

യുടെ നില എന്നും ചെസ്റ്റ്നട്ടുതെരുവിലുംമററും ഇതേകഥതന്നെ ആയിരുന്നെന്നും ഞാൻ വിശദീകരിച്ചു. അക്കാലത്തു നഗരിയിലെ നിവാസികൾ ഓരോരുത്തരായി സ്ഥലം വിട്ടുകഴിഞ്ഞിരുന്നു.

ഇങ്ങനെ ഞങ്ങൾ നടത്തിയ ചർച്ചകൾ ഈ വിഷയത്തെപ്പററി സമഗ്രമായിച്ചിന്തിക്കുന്നതിനു് എനിക്കു് സന്ദർഭം ഉണ്ടാക്കി. കടലാസ്സുനാണയത്തിൻെറ സ്വഭാവവും ആവശ്യവും എന്നൊരു പേരു വയ്ക്കാത്ത ലഘുലേഖ ഞാൻ അച്ചിട്ടു് പ്രസിദ്ധപ്പെടുത്തി. ആ ലഘുലേഖ പൊതുജനങ്ങൾ വേണ്ടപോലെ സ്വീകരിച്ചു. എന്നാൽ പണക്കാർക്കു് ഇതു അത്ര രുചികരമായില്ല. കൂടുതൽ പണത്തിനുള്ള നിലവിളിയെ അതു വർദ്ധിപ്പിക്കുകയേ ഉള്ളു എന്നായിരുന്നു, അവരുടെ എതിരഭിപ്രായത്തിന്നു കാരണം. എന്നാൽ കാര്യകാരണബന്ധം കാണിച്ചു് എൻെറ ലഘുലേഖയെ എതിർത്തെഴുതുവാൻ അവർക്കു് ആരെയും ലഭിച്ചില്ല. അതിനാൽ അവരുടെ എതിരഭിപ്രായം ക്രമേണ ശക്തിഹീനമായി. നിയമസഭയിൽ എൻെറ അഭിപ്രായത്തിനു തന്നെ ഭൂരിപക്ഷം ലഭിച്ചു. എൻെറ സേവനം ഇപ്രകാരം നാണയം കൂടുതൽ അടിക്കുവാൻ പ്രേരകമായി എന്നതു് ആസ്പദമാക്കി ആ നാണയം അച്ചടിക്കുവാനുള്ള ചുമതല ഒരു പ്രതിഫലം എന്ന നിലയിൽ എനിക്കുതന്നെ നൽകുകയുണ്ടായി. ഇതു് എനിക്കു് ലാഭകരമായ ഒരു വേലയും വലിയൊരു സഹായവും ആയിത്തീർന്നു. സാഹിത്യകൗശലംകൊണ്ടു സിദ്ധിച്ച ഒരു ഗുണമായിരുന്നു, ഇതു്.

ഈ നാണയപ്രചരണത്തിൻെറ പ്രയോജനം ക്രമേണ അനുഭവത്തിൽനിന്നു കൂടുതൽ കൂടുതലായി ബോദ്ധ്യപ്പെട്ടു. അതിനാൽ അതിനെതിരായി പിന്നെ അധികം ശബ്ദം ഉയർന്നില്ല. ആ നാണയസംഖ്യ അമ്പത്തയ്യായിരം പവൻ എന്ന തുകവരെ എത്തി. 1739-ൽ എൺപതിനായിരം പവനായി. ഇങ്ങനെതുടങ്ങി യുദ്ധകാലഘട്ടത്തിൽ നൂററിഅൻപതിനായിരം എന്ന കണക്കിലായി. കച്ചവടം, കെട്ടിടങ്ങൾ, സംസ്ഥാനനിവാസികൾ എന്നീ ഇനങ്ങളിൽ ഗണ്യമായ അഭിവൃദ്ധി ഉണ്ടായി, എന്നാൽ ഇങ്ങനെയുള്ള തുക ദോഷകരമായിപ്പരിണമിക്കാതിരിക്കണമെങ്കിൽ അതിലേയ്ക്കു് ഒരു അതിരുണ്ടായിരിക്കണം എന്നു ഞാൻ സമ്മതിക്കുന്നു.

എൻെറ സ്നേഹിതനായ ഹാമ്ലിട്ടൺമുഖേന ന്യൂക്യാസിൽ കടലാസ്സുപണം അച്ചടിക്കുവാനുള്ള അവകാശം എനിക്കു് സിദ്ധിച്ചു. ഇതു മറെറാരു ലാഭകരമായ വ്യവസായമായി ഞാൻ ഗണിച്ച

ത്തുഷ്ടങ്ങളായ പരിതഃസ്ഥിതികളിൽ ഇത്തരം ചെറിയ സഹായങ്ങൾ വലുതായിത്തോന്നുക സാധാരണമാണല്ലോ. മേൽപ്പറഞ്ഞവ വലിയതോതിലുള്ള പ്രോത്സാഹനങ്ങളായിരുന്നതിനാൽ എനിക്കു വളരെ പ്രയോജനപ്പെട്ടകണ്ടായി. ആ ഗവമ്മെൻറിൻെറ വോട്ടുപത്രങ്ങളും നിയമങ്ങളും അച്ചടിക്കുന്നതിനുള്ള മറെറാരവകാശവും എനിക്ക ലഭിച്ചു. ഞാൻ ഈ പ്രവത്തനത്തിൽ ഏപ്പെട്ടിരുന്നേടത്തോളംകാലം എനിക്കതു പ്രയോജനകരംതന്നെയായിരുന്നു.

ഇക്കാലത്തു ഞാൻ ഒരു ചെറിയ സ്റ്റേഷനറിക്കട തുറന്നു. ഈ കടയിൽ സകലവിധസാധനങ്ങളും ഉണ്ടായിരുന്നു—അതേവരെ അച്ചടിസംബന്ധിച്ച് ഏററവും ശരിയായിട്ടുള്ളവ എന്നു ഞങ്ങൾക്കു തോന്നിയതെല്ലാം. ഈ ശേഖരണത്തിൽ പ്രിയൻററ് നാൽ എന്ന എൻെറ സ്നേഹിതൻെറ സഹായവും ലഭിച്ചു. അതുപോലെതന്നെ കടലാസ്സ്, തുകൽവിരി, ചാപ്പ്മെൻെറപുസ്തകങ്ങൾ മുതലായവയും ഉണ്ടായിരുന്നു. ഞാൻ ലണ്ടനിൽവച്ചു പരിചയമായ ജോലിചെയ്യാൻ ബഹുമിടുക്കുള്ള "വൈററ്മാഷ്" എന്നൊരാൾ ഞങ്ങളുടെ പ്രവത്തനശാലയിൽ വന്നുചേന്നു. നിരന്തരമായി അയാൾ ഞങ്ങളോട്ടുകൂടി പരിശ്രമിച്ചു. പുറമേ 'അകപ്പിലാറോസ്' എന്നയാളിൻെറ പുത്രനെ പ്രാരംഭജോലിക്കാരനായി നിയമിച്ചു.

അച്ചുക്കൂടംസംബന്ധിച്ചു എനിക്കു വന്നുചേന്നകടം വീട്ടുവാൻ ഞാൻ വേണ്ട മാഗ്ഗങ്ങൾ സ്വീകരിച്ചു. ഒരു വാണിജ്യപ്രവത്തകൻ അഥവാ വ്യവസായസ്ഥാപനക്കാരൻ എന്ന നിലയിൽ എൻെറ അന്തസ്സും സൽസ്വഭാവവും പരിപാലിക്കുക എന്നതായിരുന്നു എൻെറ പ്രധാന ലക്ഷ്യം. ഞാൻ വ്യവസായശീലനും മിതവ്യയക്കാരനുമാണ് എന്ന് അഭിപ്രായമുണ്ടാക്കാൻ മാത്രമല്ല, നേരമറിച്ചുള്ള അഭിപ്രായങ്ങൾക്ക ഇടകൊടുക്കാതെ കഴിക്കാനും സൂക്ഷിച്ചു. എൻെറ വസ്ത്രധാരണം, ആഡംബരരഹിതമായിരുന്നു. ഒരുവക അലസന്മാരുടെ സങ്കേതത്തിലൊന്നുംതന്നെ ആക്കും എന്നെ കാണ്മാൻ സാധിക്കുകയില്ലായിരുന്നു. മത്സ്യംപിടിക്കാനോ, കുററിക്കാട്ടുകളിൽ വെടിവയ്ക്കാനോ ഞാൻ പോയില്ല. എൻെറ ജോലിയിൽനിന്നും ഏതെങ്കിലും എന്നെ ദ്രഷിപ്പിക്കുന്നതു് ഒരു പുസ്തകം മാത്രമായിരിക്കും. ഞാൻ ഒരിക്കലും എൻെറ ജോലികൾക്കപ്പുറം പോകുന്നില്ല എന്നു കാട്ടുവാൻ, ഞങ്ങൾക്കാവശ്യമുള്ള കടലാസ് വാങ്ങുന്നവയെ കൈവണ്ടിയിൽ കയററി വീട്ടിലേയ്ക്ക് തള്ളിക്കൊണ്ടുപോവുക സാധാരണയായി. ഇതൊക്കെക്കണ്ടു് ആളുകൾ എന്നെ നിസ്തന്ദ്രനും അഭിവൃദ്ധിയിൽ എത്തുന്നവനുമായ ഒരു

ചെറുപ്പക്കാരനെന്നു കരുതി. കച്ചവടക്കാരെല്ലാം ഞാനൊരു പതിവുകാരനായിരിക്കണമെന്നു് ആഗ്രഹിച്ചു. പുസ്തകവ്യാപാരികൾ എനിക്കു പുസ്തകങ്ങൾ നൽകുവാൻ ആശിച്ചു. ഇങ്ങനെ ഞാൻ മുറയ്ക്കു കാര്യങ്ങൾ നടത്തുകയായി. ഇതിനിടെ, കീമറുടെ ധനസ്ഥിതിയും പ്രവർത്തനവും ക്രമേണ അധഃപതിച്ചുതുടങ്ങി. ഒടുവിൽ കടക്കാരെ തൃപ്തിപ്പെടുത്തുവാൻ അയാൾ മുദ്രണാലയംതന്നെ വിററു. അദ്ദേഹം ബാർബഡോസിൽ എത്തി ഏതാനുംകാലം ഒരു ദരിദ്രൻെറ പരിതഃസ്ഥിതികളിൽ കഴിഞ്ഞുകൂടി.

ഞാൻ ഇതേവരെ ഗോഡ്ഫ്രേയോടുകൂടെയാണു് കഴിഞ്ഞുകൂടിയതു്. അയാൾ ഭാര്യയോടും കുട്ടികളോടുംകൂടി ആ ഭവനത്തിൻെറ ഒരുവശത്തു് താമസിച്ചിരുന്നു. കടയുടെ ഒരുവശം അയാളുടെ ഗ്ലാസ്സ്സാമാനങ്ങളുടെ വിൽപ്പനയ്ക്കായി വിനിയോഗിക്കപ്പെട്ടിരുന്നു. അയാൾ എപ്പോഴും കണക്കുശാസ്ത്രത്തിൽ പ്രത്യേകതാല്പര്യമുള്ളവനായി കാണപ്പെട്ടു. സ്വന്തം പ്രവർത്തനത്തിൽ അത്ര ജാഗ്രതയുള്ളവനായിരുന്നില്ല. മിസിസ്സ് ഗോഡ്ഫ്രേയാകട്ടെ അവരുടെ ബന്ധുക്കളിൽ ഒരാളിൻെറ പുത്രിയെ എനിക്കൊരു വധുവാക്കാൻ ചില ശ്രമങ്ങൾ നടത്തി. ഞങ്ങൾ ഇരുവരേയും പലപ്പോഴും ഒരുമിച്ചുകാണുവാൻ ഇടയാക്കി. യോഗ്യതയുള്ള ഒരു ചെറുയുവതി എന്നനിലയിൽ ഞാൻ പ്രേമാരംഭപ്രകടനങ്ങളും കഴിച്ചു. പഴമക്കാരായ ബന്ധുക്കൾ, ഞങ്ങൾ ഇരുവരേയും ഒന്നിപ്പിക്കാൻ ചില വിരുന്നുകൾ കഴിക്കുകയും രാത്രികാലത്തുതന്നെ ഞങ്ങൾ ഇരുവരേയും ഏകാകികളാക്കി വിടുകയുംചെയ്തുപോന്നു. വിവാഹനിശ്ചയത്തിനുള്ള കാലം അടുത്തു. എന്നാൽ ആ പാണിഗ്രഹണംസംബന്ധിച്ചു് എനിക്കൊരു കരാറുണ്ടായിരുന്നു; ഞാൻ കൊടുത്തുതീർക്കേണ്ടതായി അവശേഷിക്കുന്ന കടം ഭാര്യവീട്ടുകാർ വീട്ടണമെന്നു്. വിവരം ഞാൻ മിസിസ്സ് ഗോഡ്ഫ്രേയേയും അറിയിച്ചു. തുക ഏകദേശം നൂറുപവനോളം വരും. ആ തുക തരുവാൻ പെൺവീട്ടുകാരുടെ കൈവശം പണമില്ലെന്നായി. അങ്ങനെയാണെങ്കിൽ അവരുടെ വസ്തുവകകൾ ഏതെങ്കിലും ബാങ്കിൽ പണയംവച്ചു പണമെടുക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടു. അതിലേക്കു് അവർക്കു് വിരോധമില്ലായിരുന്നു. എന്നാൽ എൻെറ പ്രവർത്തനം അച്ചുക്കൂടം സംബന്ധിച്ചതാണു്. അതത്ര വിജയകരമാകുമെന്നു തീർച്ചയാക്കാൻവയ്യ. എസ്സ്കീമറും ഡീഹെൻറിയും പരീക്ഷിച്ചുനോക്കിപരാജയമടഞ്ഞ തൊഴിലാണതു്. അതുതന്നെയായിരിക്കും എൻേറയും ഗതി എന്നവർ കരുതി. അതിനാൽ ആ വധുവുമായുള്ള ബന്ധമേ വിട്ടു.

ഇങ്ങനെ പണം തരാതിരിക്കാൻ വധൂഗൃഹക്കാർ മടിച്ചതു് അവരുടെ യഥാത്ഥമായ അഭിപ്രായവ്യത്യാസത്താലാണോ, അതോ വരങ്ങളിരുവരും പരിചയമായ സ്ഥിതിക്കു് ആ സ്നേഹബന്ധംപ്രമാവളിച്ചു വിവാഹം നടന്നുകൊള്ളും എന്ന കൗശലത്താലാണോയെന്നു പത്തുപറയാൻ വയ്യ. ഞങ്ങൾ തമ്മിൽത്തന്നെ രഹസ്യമായി ദാമ്പത്യബന്ധത്തിൽ ഉൾപ്പെട്ടമെങ്കിൽപിന്നെ അവക്കു ചുമതലയൊന്നുമില്ലല്ലോ എന്നു് അവർ വിചാരിച്ചുമിരിക്കാം. എന്നാൽ ഞാനിപ്പറഞ്ഞതിൽ രണ്ടാമത്തേതായിരിക്കണം അതിനു കാരണം. അതിന്മേൽ ഞാനൊരു രസക്ഷയംനിമിത്തം പിന്നെ ആ ഭവനത്തിൽ പോയിട്ടേ ഇല്ല. മിസിസ്സ് ഗോഡ്ഫ്രേയാകട്ടെ ആ വധൂഗൃഹക്കാരുടെ കുറേക്കൂടെ അനുകൂലങ്ങളായ ആലോചനകളെപ്പററി എന്നെ അറിയിച്ചു. എനിക്കു് വീണ്ടും അക്കായ്യത്തെപ്പററി ചിന്തിക്കുവാൻ ഈ അറിയിപ്പു് പ്രത്യേകം കാരണമായി എന്നാൽ ആ കുടുംബവുമായി ഞാൻ യാതൊരുകാരണവശാലും ഒരു ബന്ധത്തിനു് ഉദ്ദേശിക്കുന്നില്ല എന്നു തീത്തുപറഞ്ഞു. ഇതു് ഗോഡ്ഫ്രേ ദമ്പതികൾക്കു് രസിച്ചില്ല. ഞങ്ങൾ തമ്മിൽ വലിയ അഭിപ്രായവ്യത്യാസമായി അവർ ആ ഭവനം വിട്ടുമാറി. ആ വീടിൻെറ മുഴുവൻ വാടകയും ഞാൻതന്നെ കൊടുത്തുതീക്കണമെന്നായി. ഏതായാലും ഇനിയും മററാരേയുംതന്നെ വാടകപ്പുകിനു താമസിപ്പിക്കുന്നതല്ല എന്നു ഞാനും തീച്ചയാക്കി.

എന്നാൽ ഇക്കായ്യം എൻെറ ചിന്തകളെ വിവാഹത്തിലേക്കു് നയിച്ചു. ഈ വിചാരത്തോടെ ഞാൻ ചുററുമൊന്നു നോക്കി. എൻെറ പരിചിതസംഖ്യയൊന്നു വദ്ധിച്ചു. മററു പല സ്ഥലങ്ങളിലും എനിക്കു് സ്നേഹിതന്മാരും പരിചയക്കാരും ഉണ്ടായി. എന്നാൽ ഒരു അച്ചടിശാലക്കാരൻെറ നില വളരെ തുഛമെന്നാണല്ലോ സാധാരണ ധാരണ. എനിക്കുതക്ക ഒരു ഭായ്യയും പണവും ഒന്നിച്ചുകിട്ടുക സാദ്ധ്യമല്ലായിരിക്കും. പണം കിട്ടണമെങ്കിൽ ഭായ്യയുടെ യോഗ്യതയിൽ ചില അപരിപൂണ്ണതകൾ സഹിക്കണം. ഇങ്ങനെയായി, സ്ഥിതി. ഇതിനിടയ്ക്കു് ആക്രമേ നിയന്ത്രിക്കാനാകാത്ത യൗവ്വനത്തിലെ ഉൽക്കടവികാരങ്ങൾ എന്നെ, അത്ര തന്നെ സ്വഭാവശുദ്ധിയില്ലാത്ത ചില സ്ത്രീജനങ്ങളുമായുള്ള കൂട്ടുകെട്ടിനും പ്രേരിപ്പിച്ചിട്ടുണ്ടു്. അവ സംബന്ധിച്ചുള്ള ചെലവുകൾ, പലതരം അസൗകയ്യങ്ങൾ, ശാരിരികങ്ങളായ ചില സുഖമില്ലായ്മകൾ എന്നിവയെല്ലാം ഞാൻ ദൈവാധീനതയാൽ തരണംചെയ്തു. ഇങ്ങനെ കഴിയവേ, മിസ്റ്റീഡിൻെറ കുടുംബാംഗങ്ങളുമായി മുമ്പേ ലുണ്ടായിരുന്നപരിചയം ഒന്നുപുതുക്കി ഞാൻ പഴയ ഒരു സ്നേഹി

തൻ എന്നനിലയിൽ ഇടപെട്ടു. അവക്കെല്ലാപേക്ഷം ഞാൻ ആദ്യമായി ഫിലഡൽഫിയായിൽ എത്തിയകാലത്തുതന്നെ എന്നോട് വലിയകാര്യമായിരുന്നു. എന്നെ പലപ്പോഴും അവരുടെ വസതിയിലേക്ക് ക്ഷണിക്കുകയും അവരുടെ കുടുംബകാര്യങ്ങളെപ്പററി എന്നോടുംകൂടെ ആലോചിക്കുകയും ചെയ്യാറുണ്ടായിരുന്നു. ആ ഭവനത്തിലെയുവതിയായ മിസ്ററിഡിൻെറ കഥ ഇപ്പോൾ കഷ്ടമായിരുന്നു. പൊതുവേ നിരാശാഭരിതയും അത്യപൂർവ്വമായിമാത്രംപ്രസന്നയും ആയ മിസ്റീഡിൻെറ ഭാഗ്യഹീനതയിൽ എനിക്ക് വലിയ സഹതാപംതോന്നി ഞാൻ ലണ്ടനിലായിരുന്നകാലത്ത് കാട്ടിയ അവിവേകവും അസ്ഥിരതയുംആണ് ആ സ്ത്രീയുടെനില ഇത്രകഷ്ടത്തിലാകുവാൻ കാരണമെന്നു ഞാൻ മനസ്സിലാക്കി. അങ്ങനെയല്ല, താൻതന്നേയാണ് കാരണക്കാരിഎന്ന് അവളുടെ അമ്മപറയുമായിരുന്നു. ഞാൻ ഫിലഡൽഫിയാവിട്ടുപോകുന്നതിനുമുമ്പുതന്നെ ഞങ്ങളുടെ വിവാഹംകഴിപ്പിക്കാതിരിക്കാനും മറെറാരു വരൻവന്നുചേന്നപ്പോൾ അയാൾക്കധീനയാകാൻ മകളെ കൂടുതൽ ഉപദേശിച്ചതും ആ അമ്മതന്നെയായിരുന്നല്ലോ. ഞങ്ങൾതമ്മിലുള്ള സ്നേഹം പണ്ടത്തെപ്പോലെതന്നെയായി. എന്നാൽ അതിനെ വിവാഹബന്ധം കൊണ്ടുറപ്പിക്കുവാൻ ചില നിയമതടസ്സങ്ങളുണ്ടായിരുന്നു. സ്ത്രീയുടെ ഭർത്താവ് ഇംഗ്ലണ്ടിൽ ജീവിച്ചിരിക്കെ അതേസ്ത്രീയ്ക്ക് വീണ്ടും ഒരുവിവാഹം സാധുവാകുന്നതല്ലല്ലോ. എന്നാൽ ഇംഗ്ലണ്ടും അമേരിക്കയുംതമ്മിലുള്ള ദൂരംകൊണ്ട് ഇതനുസാരമാക്കേണ്ടതില്ല എന്നുമാത്രമല്ല, ആ ആദ്യഭർത്താവിൻെറ മരണത്തെപ്പററി ഏതോ അറിവുസിദ്ധിച്ചിരുന്നു എങ്കിലും അതത്ര തീർച്ചയുമല്ല. അയാൾ അവശേഷിപ്പിച്ചുള്ള കടം അടുത്തതായി ആ സ്ഥാനത്ത് എത്തുന്നയാൾ വീട്ടേണ്ടതായുംഇരിക്കും. എന്നാൽ ഈ വിഷമങ്ങളെല്ലാം നിസ്സാരമായിക്കരുതി 1730 സെപ്റ്റംബർ ഒന്നാംതീയതി ഞങ്ങൾ വിവാഹബദ്ധരായി. ഞങ്ങൾ ഭയപ്പെട്ടയാതൊരസൗകര്യങ്ങളും പിന്നീടുണ്ടായില്ല. മിസ്റീഡ് ഒരു സ്നേഹവതിയും വിശ്വസ്തയും ആയ പത്നിയായിരുന്നു. എൻെറ സ്നേഹിതരിക്കിടയിൽ ആ പത്നിയുടെ സാന്നിദ്ധ്യം വളരെ പ്രയോജനകരമായ സഹായമായി ഞങ്ങൾ ഇരുവരും ക്രമേണ അഭിവൃദ്ധിപ്രാപിച്ചു. ഓരോ ആളും പരസ്പരം സന്തുഷ്ടിനൽകുവാൻ പ്രത്യേകം ജാഗ്രതയോടെ ദിനരാത്രങ്ങൾകഴിച്ചു. ഞാൻ വരുത്തിവച്ചതെററു ഒരു വിധത്തിൽ ഇങ്ങനെ പരിഹരിച്ചു.

ഏകദേശം ഇക്കാലത്ത് ഞങ്ങളുടെ ക്ലബ്ബുസാമാനങ്ങൾ സത്രത്തിൽനിന്നുമാററി മി: ഗ്രേസ്എന്നയാളിൻെറ ഒരു ചെറുമുറിയിൽവച്ചിരുന്നു. ഇതോടുകൂടി ഞാൻ ഒരു പ്രത്യേകനിർദ്ദേശം

അംഗങ്ങളുടെ മുൻപാകെസമപ്പിച്ചു. ഞങ്ങളുടെ പുസ്തകങ്ങൾ ചച്ചാസന്ദർഭങ്ങളിൽ കൂടെക്കൂടെ നോക്കേണ്ടവയായിട്ടുണ്ടായിരുന്നു. അവയെല്ലാം ഈ മുറിയിൽത്തന്നെ സംഭരിക്കുമെങ്കിൽ സന്ദർഭോചിതമായി അവ നോക്കുന്നതിനു കൂടുതൽ സൗകര്യപ്പെടുമല്ലോ. എല്ലാ അംഗങ്ങളുടേയും പുസ്തകങ്ങൾ ഒരിടത്തു് ശേഖരിക്കുന്നപക്ഷം, ഓരോരുത്തരുടേയും സ്വന്തമെന്നപോലെ മററുപുസ്തകങ്ങളും ഉപയോഗിക്കുവാൻസാധിക്കും. ഇതു് ഏററവും ഗുണപ്രദമായിരിക്കുകയുംചെയ്യും. എൻെറ ഈ നിർദ്ദേശം മററുള്ളവക്കും സ്വീകാര്യമായിത്തോന്നി, അവരും അതു്അംഗീകരിച്ചു. ഇങ്ങനെ ആ മുറിയുടെ ഒരുഭാഗത്തു് എല്ലാഅംഗങ്ങളുടേയും ഗ്രന്ഥങ്ങൾനിരത്തി. അവയുടെസംഖ്യ ഞങ്ങൾ ഉദ്ദേശിച്ചതുപോലെ അത്രവലുതായിരുന്നില്ല. അവ വളരെ ഉപകാരപ്രദമായിരുന്നുവെങ്കിലും, വേണ്ടപോലെ സൂക്ഷ്മമില്ലാതിരുന്നതിനാൽ ചില അസൗകര്യങ്ങളെല്ലാം ഉണ്ടായി. ഇങ്ങനെ ഒടുവിൽ ആ ഗ്രന്ഥശേഖരം ഒരുകൊല്ലത്തിനുശേഷം പ്രത്യേകംപ്രത്യേകം വേർതിരിക്കപ്പെടുകയും ഓരോരുത്തരും അവരുടെപുസ്തകങ്ങളെ വീട്ടിലേക്കുകൊണ്ടുപോവുകയുംചെയ്തു.

ഇതു കഴിഞ്ഞതപ്പാൾ വരിസംഖ്യാപുസ്തകശാല എന്നൊരു പുതിയ പൊതുജനോപകാരപ്രദമായ പദ്ധതി ആരംഭിക്കുവാൻ ഞാൻ ശ്രമിച്ചു. ഇതിലേയ്ക്കുള്ള നിർദ്ദേശങ്ങളും നിയമങ്ങളുംഎഴുതി ഉണ്ടാക്കി ആധാരമെഴുത്തുകാരനായ 'ബ്രോക്ഡൻ' എന്നയാളുമായി ആലോചിച്ചു് ആ നിയമങ്ങൾ ഉചിതമായരൂപത്തിൽ തയാർചെയ്തു. 'ജൂൺഡോ' അംഗങ്ങളുടെ സഹായത്തോടെ 40 ഷില്ലിങ്ങ്വരി എന്നനിലയിൽ 50 മെമ്പറന്മാരെ ഞങ്ങൾ സമ്പാദിച്ചു. കൊല്ലംതോറും പത്തുഷില്ലിങ്ങ് എന്നനിലയിൽ അൻപതുവഷത്തേയ്ക്കുള്ള കാലാവധിയോടുകൂടിയ ഒരു കമ്പനിആയിരുന്നു അതു്. അനന്തരകാലത്തു് ഞങ്ങൾക്കു് കമ്പനിനടത്തിപ്പിനുള്ള അധികാരവുംലഭിച്ചു. അംഗങ്ങളുടെ സംഖ്യനൂറായി. വടക്കേഅമ്മേരിക്കയിലെ വരിസംഖ്യാലൈബ്രറികളുടെ ചുവടു് ഇങ്ങനെയാണു്ആരംഭിക്കപ്പെട്ടതു്. അതു് ഒരുവലിയ സ്ഥാപനം എന്നനിലയിൽ മുറയ്ക്കു് അഭിവൃദ്ധിപ്പെടാൻ തുടങ്ങി. ഈ ഗ്രന്ഥശാലകൾനിമിത്തം അമ്മേരിക്കക്കാരുടെ പൊതുവേയുള്ള സംഭാഷണരീതികൾ അഭിവൃദ്ധിപ്പെട്ടു. സാധാരണയുള്ള കച്ചവടക്കാരും കൃഷിക്കാരും നാനാരാജ്യങ്ങളിൽനിന്നു എത്തിയവരാണെങ്കിലും പരസ്പരം കൂടുതൽ അടുപ്പത്തിനും തങ്ങളുടെ അധികാരാവകാശങ്ങൾക്കുവേണ്ടി തക്കഅധികാരസ്ഥാനങ്ങളെ അറിയിക്കുന്നതിനാവശ്യമുള്ള ഭാഷാസ്വാധീനം സമ്പാദിക്കുന്നതിനും ഇതുനിമിത്തം സാധിച്ചു.

ഈ ഗ്രന്ഥത്തിൻെറ, ആദ്യഭാഗത്തു വെളിപ്പെടുത്തിയ ഉദ്ദേശം അനുസരിച്ച് ഇതേവരെയുള്ള ഭാഗം രചിച്ചു. നിസ്സാരങ്ങളായ കുടുംബകഥകളും ചെറുസംഭവങ്ങളും ഇതിൽ വർണ്ണിക്കാനിടയായിട്ടുണ്ട്. തുടൎന്നു മേൽക്കാണുന്ന ഭാഗങ്ങൾ ഏതാനും വൎഷങ്ങൾക്കു ശേഷം രചിച്ചതും താഴെ കാണിക്കുന്ന കത്തുകളിലെ താല്പര്യം അനുസരിച്ച് പൊതുജനങ്ങൾക്കു ഉപകാരപ്രദമാകണമെന്ന രീതിയിൽ വിന്യസിക്കുന്നതും ആകുന്നു. പൊതുവിപ്ലവംസംബന്ധിച്ച കാര്യങ്ങളാൽ ഇടയ്ക്കു വിഘരിത്തിവന്നുപോയതാകുന്നു.

മി: ഏബൽജെയിംസിൻെറ കത്ത്.

എൻെറ ജീവിതത്തിലെ ചില കുറിപ്പുകളോടെ
(പാരീസ്സിൽവച്ച് ലഭിച്ചതു്)

പ്രിയപ്പെട്ട, ബഹുമാന്യനായ സുഹൃത്തേ,

എനിക്കു പലപ്പോഴും ഒരാഗ്രഹമുണ്ടായിട്ടുണ്ട്, താങ്കൾക്ക് ഒരു കത്തയയ്ക്കണമെന്നു്. എന്നാൽ ആ കത്തു് ബ്രിട്ടീഷുകാരുടെ കൈവശം ചെന്നുചേരുകയോ, ഏതെങ്കിലും അച്ചടിക്കാർ അതു പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാൻ ഇടവരുന്നപക്ഷം താങ്കൾക്ക് തോന്നാവുന്ന വല്ലായ്മയും എൻെറ പേരിലുണ്ടാകാവുന്ന ആക്ഷേപവും ഭയപ്പെട്ടുമാത്രം ഞാൻ അങ്ങനെ എഴുതാതിരുന്നിട്ടുള്ളതാകുന്നു.

അത്യന്തം കൗതുകകരമായ വിധത്തിൽ എൻെറ കൈയിൽ താങ്കളുടെ വക കൈയക്ഷരത്തിൽ ഇരുപത്തിമൂന്നോളം ഷീററുകൾ, താങ്കളുടെ ജനനം, മാതാപിതാക്കന്മാർ, ആദ്യത്തെ വിദ്യാഭ്യാസം എന്നിവയെക്കുറിച്ചുള്ള വിവരണരൂപത്തിൽ ലഭിച്ചപ്പോൾ അതു ഇതേവരെ പൂൎത്തിയാക്കീട്ടില്ലെങ്കിൽ, കാലതാമസംവരുത്താതെ താങ്കൾതന്നെ മുഴുപ്പിക്കണമെന്നു എനിക്കു തോന്നി. ഇതേവരേ കണ്ട ഭാഗം പുത്രൻെറ അറിവിലേയ്ക്കു് എഴുതിയതും 1730-ാംവൎഷം കൊണ്ടു് അവസാനിക്കുന്നതും ആണെല്ലോ. ആ എഴുത്തു ഭാഗങ്ങളോടു കൂടിത്തന്നെ ചില കുറിപ്പുകളും ഉണ്ടായിരുന്നവ ഇതോടൊന്നിച്ചു് അയയ്ക്കുന്നു. ആ ലേഖനപരമ്പര തുടൎന്നിട്ടില്ലെങ്കിൽ ഇനിയും കാലതാമസം വരുത്താൻ പാടില്ലാത്തതാകുന്നു. ജീവിതം ആരുടേ കാൎയ്യത്തിലായാലും, പുരോഹിതന്മാർ പറയുംപോലെ അനിശ്ചിതമാണല്ലോ. എന്നുമാത്രമല്ല, ദയാലുവും മനുഷ്യസ്നേഹിയും പരോപകാരനിരതനുമായ ബൻഫ്രാൻക്ലിൻ, മേൽ പറയ

പ്പെട്ട തരത്തിലുള്ള രചന ഉൾപ്പെടുന്ന ഒരു ഗ്രന്ഥം ഭാവിതലമുറകൾക്കു സമ്മാനിക്കാത്ത പക്ഷം ലോകരെന്താണ് പറയുക? ഏതാനും ചില വായനക്കാർക്കു മാത്രമല്ല അനേകലക്ഷം ആളുകൾക്കു വിജ്ഞാനവും വിനോദവും ഒരേസമയത്തു് നൽകുന്ന ഒരു ഗ്രന്ഥം അദ്ദേഹം രചിച്ചില്ലെങ്കിൽ കഥ എന്തായിരിക്കും? ഇത്തരത്തിൽപ്പെടുന്ന ഏതെങ്കിലും രചനയ്ക്കു് യുവാക്കന്മാരുടെ മനസ്സിൽ ചെലുത്താവുന്ന സ്വാധീനശക്തി വളരെ വലുതാകുന്നു. അതു് ഇത്രയും വ്യക്തമായി നമ്മുടെ പൊതുമിത്രപ്രസിദ്ധീകരണത്തിലെന്നപോലെ ഞാൻ മററെങ്ങും കണ്ടിട്ടുമില്ല. ഈ എഴുത്തുകാരനെപ്പോലെ പരോപകാരപ്രദവും സന്തോഷപൂർണ്ണവും ആയ ഒരു ജീവിതം നടത്തുവാൻ ഇതു് ബുദ്ധിപൂർവ്വകമായിത്തന്നെ യുവാക്കന്മാരോടു ഉപദേശിക്കും. താങ്കളുടെ ജീവചരിതം പ്രസിദ്ധീകരിക്കുന്നപക്ഷം അതു താങ്കളുടെ യൗവ്വനാരംഭകാലത്തെ നിസ്തന്ദ്രതയും മിതവ്യയശീലവും കൈക്കൊള്ളുന്നതിനു യുവാക്കന്മാരെ പ്രേരിപ്പിക്കും. അവക്കു് ഇത്തരത്തിലുള്ള ഗ്രന്ഥം എത്രവലിയ അനുഗ്രഹമായിട്ടാണിരിക്കുക. നിസ്തന്ദ്രതയും എന്തെങ്കിലും പ്രവത്തനത്തോടുള്ള അതിരററ ജാഗ്രതയും, മിതവ്യയശീലവും സ്വഭാവശാന്തതയും ഇങ്ങനെ ഏകീകരിച്ച ഒരൊററ ജീവിതമോ ഏതാനംപേരുടെ ജീവിതം തന്നേയുമോ ഞാൻ കണ്ടിട്ടില്ല അതിനുള്ള പ്രേരകശക്തി അത്രത്തോളം മഹത്താകുന്നു. ഈ ഗ്രന്ഥത്തിനു മററുഗുണങ്ങളൊന്നും ഇല്ലെന്നല്ല ഞാൻ പറയുന്നതു്. എന്നാൽ ഈ ഗ്രന്ഥത്തിൻെറ പ്രധാനഗുണം മുൻപറഞ്ഞതായിരിക്കും. ആ വിഷയത്തിൽ ഇതിനോടു തുല്യമായ ഗ്രന്ഥം വേറേ ഉണ്ടായിരിക്കുകയില്ല.

ഈ കത്തും കത്തിനോടൊന്നിച്ചു് അയച്ചിട്ടുള്ള കുറിപ്പുകളും ഞാൻ ഒരു സ്നേഹിതനെ കാണിച്ചപ്പോൾ അദ്ദേഹത്തിൽനിന്നു ലഭിച്ച മറുപടി ചുവടേ ചേക്കുന്നു:—

"മി: ബഞ്ചമിൻവാഘൻ"

പാരീസ്, ജാനുവരി 31/1783.

എൻെറ ഏററവും പ്രിയപ്പെട്ട സർ,

താങ്കളുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെക്കുറിക്കുന്ന വിജ്ഞാപനസംപുടങ്ങൾ വായിക്കാനിടയായപ്പോൾ അതു പൂർത്തിയാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണെന്നതിനു

എനിക്കു തോന്നുന്ന കാരണങ്ങളെപ്പററി ഒരു കത്തയയ്ക്കാമെന്നു പറഞ്ഞിരുന്നല്ലോ. ഈ കത്ത് ഇതിനുമുമ്പു എഴുതേണ്ടതായിരുന്നു. എന്നാൽ പല വിധത്തിലുള്ള സംഗതികൾ തടസ്സമായി നിന്നു. ഇങ്ങനെയൊരു കത്തിനെ അത്ര വളരെ ആശയോടെ പ്രതിക്ഷിക്കേണ്ടതാണെന്നു ഞാൻ കരുതുന്നുമില്ല. ഇപ്പോൾ എനിയ്ക്കല്പം വിശ്രമസുഖമായതുകൊണ്ട് ഞാൻ ഈ കത്ത് രചിക്കുന്നതാണ്; കുറഞ്ഞപക്ഷം എനിക്ക് പ്രത്യേകമൊരു കൗതുകവും വിജ്ഞാനവും ലഭിക്കുന്നതിനാൽ. എന്നാൽ ഞാൻ ഉപയോഗിക്കുന്ന വാക്കുകൾ താങ്കളുടെ നിലയ്ക്കുള്ള ഒരാളിനെ വൈരസ്യപ്പെടുത്തുമെന്നുള്ളതിനാൽ താങ്കളെപ്പോലെ ഇത്ര നല്ലവനും മഹാനും ആയ മറെറാരാളിന്നു ഞാൻ എങ്ങനെയായിരിക്കും എഴുതുക ആ രീതിയിലാണ് എഴുതുന്നത്. അത്തരം ഒരാളിനെ ഞാൻ ഇങ്ങനെ അറിയിക്കും. സർ, ഞാൻ താങ്കളുടെ ജീവിതചരിതത്തെ താഴെ ക്കാണിക്കുന്ന കാരണങ്ങളാൽ സമാദരിക്കുന്നു:—താങ്കളുടെ ജീവിതം അത്രമേൽ വൈശിഷ്ട്യമുള്ളതാകകൊണ്ട് സ്വജീവചരിത്രം താങ്കൾ രചിച്ചില്ലെങ്കിൽപ്പോലും മറെറാരെങ്കിലും അതു രചിക്കുന്നതായിരിക്കും. എന്നാൽ മറെറാരാൾ ആ രചനയ്ക്കൊരുങ്ങുമ്പോൾ താങ്കൾ ചെയ്കയാൽ സംഭവിക്കാവുന്ന നന്മയ്ക്കുപകരം പലതുകൊണ്ടും പല ന്യൂനതകളും തകരാറുകളും ആണ് ഉണ്ടാവുക. മാത്രമല്ല, താങ്കൾ താങ്കളുടെ ജീവചരിത്രം രചിക്കുന്ന പക്ഷം, താങ്കളുടെ നാട്ടിന്റെ ആഭ്യന്തരസ്ഥിതിഗതികൾ അതിൽ നല്ലപോലെ പ്രതിഫലിക്കാൻ ഇടയുണ്ടല്ലോ. അങ്ങനെയുള്ള പ്രതിഫലനം കാണുമ്പോൾ വിദേശീയർക്ക് അവിടെ പുതുതായി കുടിയേറിപ്പാർക്കാൻ ഇഷ്ടംതോന്നും. അങ്ങനെ വിദേശീയർ താങ്കളുടെ സ്വദേശം സംബന്ധിച്ച അറിവുകൾ ലഭിക്കുവാൻ ആകാംക്ഷാപരവശരായിരിക്കുന്നതു് ആലോചിക്കുമ്പോഴും, താങ്കളുടെ കീർത്തിവിശേഷത്തെപ്പററി ചിന്തിക്കുമ്പോഴും, താങ്കളുടെ സ്വന്തം ജീവചരിത്രത്താൽ ഉണ്ടാകാവുന്നിടത്തോളം ഒരു പ്രചരണം മറെറാന്നുകൊണ്ടും തന്നെ സാധിക്കാവുന്നതാണെന്നു ഞാൻ കരുതുന്നില്ല. താങ്കളുടെ അനുഭവത്തിൽ എന്തെല്ലാം സംഭവിച്ചുവോ, അവയാകമാനം ഒരു ഉന്നതേച്ഛയുള്ള ജനസമുദായത്തിന്റെ പരിതഃസ്ഥിതികളും ജീവിതരീതികളും ഇടകലർന്നിരിക്കാവുന്നതായ സ്ഥിതിക്ക് സീസറുടേയും ററാസിററസ്സിന്റേയും ആത്മകഥാകഥനങ്ങൾ, മനുഷ്യസ്വഭാവമോ മനുഷ്യസമുദായസ്ഥിതിയോ മനസ്സിലാക്കുവാൻ കൂടുതൽപ്രയോജനകരങ്ങളായിരിക്കും എന്നൊരു അഭിപ്രായത്തിനും ഇടയില്ല. എന്നാൽ, സർ, ഇവ കേവലം അപ്രധാനങ്ങളായ കാരണങ്ങളേ ആകുന്നുള്ളൂ, ഭാവികാലത്തിലെ മഹാന്മാരുടെ സ്വഭാവരൂപീകരണ

ത്തിന്നും ജനങ്ങളുടെ കുടുംബജീവിതത്തിലും പൊതുജീവിതത്തിലും നന്മയും ശുദ്ധിയും വളൎത്തുന്നതിന്നും താങ്കളുടെ ആത്മകഥയ്ക്കു് വലിയ കഴിവുണ്ടാകും. അങ്ങയുടെ ആത്മകഥയും "ഉൽകൃഷ്ടജീവിതകല" എന്ന കൃതിയും സ്വയം വിദ്യാഭ്യസനത്തിനു സഹായിക്കും. വിദ്യാലയങ്ങളിലുള്ളവയോ മററുതരത്തിൽ ഉള്ളവയോ ആയ വിദ്യാഭ്യാസം ശരിയായ തത്വങ്ങളിന്മേലല്ല ആരംഭിക്കുന്നതു്. അവ അബദ്ധമായ ഒരു ലക്ഷ്യത്തിലേക്കു് കൈചൂണ്ടുന്ന അബദ്ധമായ ഉപകരണങ്ങളേ ആകുന്നുള്ളൂ. എന്നാൽ താങ്കളുടെ ഉപകരണം ഏററവും ലഘുവും താങ്കളുടെ ലക്ഷ്യം എത്രയോ ശരിയായിട്ടുള്ളതും ആണു്. രക്ഷാകൎത്താക്കന്മാരും യുവാക്കന്മാരും ജീവിതത്തിൽ ഒരു സമുചിതമായ മാൎഗ്ഗം സ്വീകരിക്കുവാൻ കാണാതെ വിഷമിക്കുമ്പോൾ ആ മാൎഗ്ഗം സാധാരണമനുഷ്യൻെറ സാധാരണശക്തിയിൽ തന്നേയാകുന്നു എന്നു താങ്കളുടെ ഗ്രന്ഥം വ്യക്തമാക്കും. ഒരാൾക്കു് ജീവിതത്തിൻെറ അവസാനഘട്ടമടുക്കാറാകുമ്പോൾ ആ ജീവിതത്തെ നിയന്ത്രിക്കേണ്ട ശക്തികളെപ്പററിയുള്ള ബോധം ഉണ്ടാകുന്നതുകൊണ്ടു കാര്യമില്ല. നാം യൗവ്വനാരംഭത്തിലാകുന്നു നമ്മുടെ പ്രധാനപതിവുകൾ ഇന്നിന്നവയായിരിക്കണമെന്നതിലേയ്ക്കു് പദ്ധതികൾ തയാറാക്കേണ്ടതു് തൊഴിൽ, ജീവിതമാൎഗ്ഗങ്ങൾ വിവാഹം എന്നിവയ്ക്കുവേണ്ടി നാം കക്ഷിപിടിക്കുന്നതു് യൗവ്വനാരംഭത്തിലാണല്ലോ. ഇങ്ങനെ യൗവ്വനകാലത്തിലാണു് ജീവിതത്തിനു ഒരു തിരിവുണ്ടാകുന്നതു്. അടുത്ത തലമുറയ്ക്കുള്ള വിദ്യാഭ്യാസംപോലും യൗവ്വനത്തിൽ നിൎവ്വഹിക്കുന്നതാകുന്നു. വ്യക്തിപരമായും പൊതുജനസംബന്ധിയായും ഉള്ള സ്വഭാവരൂപീകരണവും യൗവ്വനകാലത്തുതന്നെ സാധിക്കണം. യൗവ്വനത്തിൽനിന്നു വാൎദ്ധക്യത്തിലേയ്ക്കുള്ള തിരിവിൻെറ മട്ടും യൗവ്വനകാലത്തു തന്നെ നിശ്ചയിക്കപ്പെടുന്നു. യൗവ്വനത്തിൽത്തന്നേയാണു് ജീവിതം ഭംഗിയേറിയ വിധം ആരംഭിക്കേണ്ടതു്. പ്രധാനകാര്യങ്ങളെപ്പററി കക്ഷിയിലേർപ്പെടുന്നതും യൗവ്വനത്തിലത്രേ, വേണ്ടതു്. താങ്കളുടെ സ്വന്തം ജീവചരിത്രം സ്വയം വിദ്യാഭ്യാസത്തെ മാത്രമല്ല പഠിപ്പിക്കുന്നതു്. പിന്നെയോ, ബുദ്ധിമാനായ ഒരാളിൻെറ വിദ്യാഭ്യസത്തെയാകുന്നു. ഏററവും ബുദ്ധിശാലിയായ ആൾക്കുടി താങ്കളുടെ ജീവിതത്തിൽ നിന്നു പലതും പഠിക്കും. അയാൾക്കു് താങ്കളുടെ ജീവിതചരിതത്തിൽനിന്നു ഒരു പ്രത്യേകതേജസ്സും അഭിവൃദ്ധിമാൎഗ്ഗവും ലഭിക്കും. അതിനാൽ സ്വഭാവദൗൎബ്ബല്യം ഉള്ളവൎക്കു് അപ്രകാരമുള്ള ഒരു സഹായം ലഭിക്കാതെ പോകുന്നതു് കഷ്ടമല്ലേ? വിശേഷിച്ചു് മനുഷ്യവൎഗ്ഗം ഓരോ മഹാബദ്ധങ്ങളിൽ ചെന്നു ചാടുന്ന ഇക്കാലത്തും ജീതിതാന്ധകാരത്തിൽ യാതൊരു സഹായവുംകാണാതെ അവർ

തപ്പിത്തടഞ്ഞുപോകുമ്പോൾ. അതിനാൽ സർ, ലോകത്തു് പുത്രന്മാരെന്നോ പിതാക്കളെന്നോ ഉള്ള നിലകളിൽ എന്തെല്ലാമാണു് ജനങ്ങൾ പ്രവൎത്തിക്കേണ്ടതെന്നു ലോകത്തെ ഒന്നറിയിക്കുക. ബുദ്ധിമാന്മാരെ താങ്കളെപ്പോലെയാകുന്നതിനു ക്ഷണിക്കുക. മററുള്ളവരെ താങ്കളേപ്പോലെ ബുദ്ധിമാന്മാരാകുവാനും, മനുഷ്യവൎഗ്ഗത്തിനു് ക്രൂരന്മാരായ രാജ്യതന്ത്രജ്ഞന്മാരും, യോദ്ധൃവീരന്മാരും എങ്ങനെയാണു് ശല്യമായിത്തീരുന്നതു് എന്നും, വിഖ്യാതന്മാരെന്നു പറയപ്പെട്ടുന്നവർ അവരുടെ പരിചിതൎക്കു് എത്ര അസംബന്ധമയമായിട്ടാണു വൎത്തിക്കുന്നതെന്നും, ആലോചിക്കുമ്പോൾ, സമാധാനപരങ്ങളായ രീതികൾ കാണുന്നതു് ഉപദേശകരമാവും; മഹത്വവും സാധാരണ ഗാർഹികജീവിതവും ഒത്തുപോകുന്ന കാഴ്ച ഒരു പാഠമായിത്തീരും.

താങ്കൾ ജീവിതത്തിൽനിന്നു വെറും നിസ്സാരങ്ങളെന്നു തോന്നാവുന്ന ചെറുസംഭവങ്ങൾ ഉദ്ധരിച്ചുകാട്ടുമ്പോൾ അവയ്ക്കു ഗണ്യമായ ഉപയോഗപ്രദത്വം കാണുന്നുണ്ടു്. ലോകത്തെ സാധാരണകാൎയ്യങ്ങളിൽ എത്രമാത്രം ബുദ്ധിശാലികളായിരിക്കേണ്ടതാണു മനുഷ്യരെന്നു് മനസ്സിലാക്കാം. ഇങ്ങനെ മനസ്സിലാക്കുന്നതു് ജീവിതത്തിനുതന്നെ ഒരുവക താക്കോലാകും. എന്നുമാത്രമല്ല, എല്ലാ മനുഷ്യൎക്കും അത്യന്താപേക്ഷിതമെന്നു വിവരിച്ചിട്ടുള്ള അനവധി കാൎയ്യങ്ങളെ ഇതു വിശദമാക്കുന്നു. ദീർഘവീക്ഷണശക്തിയോടെ ബുദ്ധിമാന്മാരാകുന്നതിനു് മനുഷ്യൎക്കു് ഒരു തക്കം ലഭിക്കുകയും ചെയ്യും. ഒരാളിന്റെ ജീവിതാനുഭവങ്ങളോട്ടു് ഏററവും അടുത്തതാണു്, രസകരമായ രൂപംകൊടുത്തു മറെറാരാളിന്റെ അനുഭവങ്ങൾ പ്രത്യക്ഷത്തിൽ അറിയുകയെന്നതു്. ഇതു് താങ്കളുടെ തൂലികയിൽനിന്നു തീൎച്ചയായും പ്രതീക്ഷിക്കാവുന്നതും ആകുന്നു. താങ്കളുടെ ജീവിതകാൎയ്യങ്ങൾക്കും, കാൎയ്യനിൎവ്വഹണരീതികൾക്കും അന്യരെ ബലാൽ ആകൎഷിക്കത്തക്ക ഒരു ലാഘവവും പ്രാധാന്യവും കാണുന്നു. അവയെ താങ്കൾ രാജ്യതന്ത്രത്തിലോ തത്വശാസ്ത്രത്തിലോ, താങ്കൾ നടത്തുന്ന വാദപ്രതിവാദങ്ങളിൽ ഉപയോഗിക്കുന്ന രീതിയിൽത്തന്നെ പുതുമയോടെ വൎണ്ണിക്കുന്നു. മനുഷ്യന്റെ ജീവിതംപോലെ പരീക്ഷണങ്ങൾക്കുപററുന്ന മറെറാന്നില്ലല്ലോ.

"ചില ആളുകൾ സൽഗുണാന്വിതരാണു്. എന്നാൽ അതു സൽഗുണങ്ങളെപ്പററി അന്ധമായ ഒരു ബോധത്താൽമാത്രം മററു ചിലരാകട്ടെ, ഒരുവക വിചിത്രമായ വിധത്തിൽ കാൎയ്യംപരിഗണനം ചെയ്യുന്നു. വേറേ ചിലരാകട്ടെ ചീത്തഉദ്ദേശങ്ങളോട്ടുക്രൂടി കൗശലപൂൎവ്വം പ്രവൎത്തിക്കുന്നു. എന്നാൽ താങ്കളാകട്ടെ, ബുദ്ധിപൂൎവ്വകവും

പ്രായോഗികവും നന്മയുള്ളതുമായതിനെമാത്രമേ കൈകാര്യംചെയ്യു ന്നുള്ളു. താങ്കളെപ്പററി താങ്കൾനടത്തുന്ന കാര്യവിവരങ്ങൾ ആശ്ര യിച്ചുനോക്കുമ്പോൾ താങ്കൾ താങ്കളുടെ ഏററവുമെളിയ കുടുംബ ത്തിലെ ജനനത്താൽ അഭിമാനക്കുറവുള്ളവനായി കാണപ്പെടുന്നില്ല. സന്തോഷസുഖാദികൾക്കോ, സ്വഭാവമഹിമയ്ക്കോ മഹത്വത്തിന്നോ ഉൽകൃഷ്ടകുടുംബജാതത്വം ആവശ്യകമായി താങ്കൾ കരുതുന്നില്ല. യാതൊരു ലക്ഷ്യപ്രാപ്തിയും തക്കമാർഗ്ഗങ്ങളെ അവലംബിച്ചല്ലാതെ ഇല്ല. താങ്കളും യഥാർത്ഥത്തിൽ ബഹുമാന്യനായി. ഇപ്രകാരം ഒരു ബഹുമാന്യമായ അവസ്ഥ അസാധാരണമാണ്. എങ്കിലും അതിലേയ്ക്ക് അവലംബിച്ച മാർഗ്ഗങ്ങൾ ബുദ്ധിശക്തിയും, യഥാർത്ഥ സൽസ്വഭാവവും സച്ചിന്തകളും അനുവർത്തിച്ചുവന്ന പതിവുകളും ആകുന്നു. മററൊരു വസ്തുതയാകട്ടെ, ലോകരംഗത്തു് ഓരോരുത്തരും അവനവന്റെ അവസരംവരുന്നതുകാത്തു് അതിനുവേണ്ട ഒരുക്കങ്ങ ളോടെ പ്രതീക്ഷിച്ചുനിൽക്കണമെന്ന പാഠമാകുന്നു. നമ്മുടെ ആശാ വേശങ്ങൾ വർത്തമാനക്ഷണത്തെമാത്രം മുൻനിർത്തി പ്രവർത്തിക്കുക നിമിത്തം, തെല്ല കഴിഞ്ഞാൽമാത്രമേ നമുക്കു പ്രവേശിക്കേണ്ട സന്ദർഭം വരുന്നുള്ളു എന്നവസ്തുത നാം മനസ്സിലാക്കുന്നില്ല. അതി നാൽ മനുഷ്യർ അവരുടെ ജീവിതത്തെ ഒട്ടാകെക്കണ്ടു് തദനുരൂപ മായിട്ടുവേണം സ്വഭാവരൂപീകരണം നിർവ്വഹിക്കുക. താങ്കളുടെ ജീവിതമാർഗ്ഗമുല്യമതലകൾ, താങ്കളുടെ ജീവിതത്തിൽതന്നെ പ്രയോ ഗിച്ചുനോക്കിയവയും അതിന്റെ കടന്നുപോകുന്ന ക്ഷണങ്ങൾ സംതൃപ്തിയും സന്തോഷാപ്തിയുംകൊണ്ടു പ്രത്യേകം സജീവമാക്ക പ്പെട്ടവയും ആകുന്നു. ബുദ്ധിശൂന്യമായ ക്ഷമകേടുകൊണ്ടോ പശ്ചാ ത്താപംകൊണ്ടോ ലേശംപോലും അവ പീഡിതങ്ങളായിട്ടില്ല. സ്വഭാവയോഗ്യതയെ പ്രധാനമാക്കുന്നവർക്കു് അത്തരത്തിലുള്ള നടത്ത ഏററവും എളുപ്പമാകുന്നു. ക്ഷമ പ്രത്യേകസ്വഭാവമായ പല മഹാന്മാരുടേയും ഉദാഹരണങ്ങൾകൊണ്ടും ഈ എളുപ്പം അവർക്കു സിദ്ധിക്കുന്നു. താങ്കൾക്കു കത്തയച്ച ആൾ താങ്കളുടെ മിതവ്യയശീലത്തേയും നിസ്തന്ദ്രതയേയും, ശാന്തതയെയും മററു സകല യുവാക്കൾക്കും മാതൃകയെന്നനിലയിൽ പുകഴ്ത്തുകയു ണ്ടായി. എന്നാൽ താങ്കളുടെ വിനയസങ്കോചങ്ങളെയും, ഒന്നി നോടും സ്വാർത്ഥപരമായ താല്പര്യം കാട്ടാത്ത സ്വഭാവത്തെയും അത്രതന്നെ ആ ലേഖകൻ മനസ്സിലാക്കിയിട്ടുണ്ടോയെന്നു സംശയ മാണു്. ഈ വിശിഷ്ടഗുണങ്ങൾ ഇല്ലാത്തപക്ഷം, താങ്കളുടെ അഭി വൃദ്ധിക്കുവേണ്ടി താങ്കൾ ഇത്രമാത്രം പ്രതീക്ഷിച്ചിരിക്കുമോയെന്നു സംശയമാണു്. താങ്കളുടെ തൊഴിലും പരിതഃസ്ഥിതികളും ഇത്ര സുഖകരമായിത്തീരുമോ എന്നതും സംശയാസ്പദമാണു്. കീർത്തി

യുടെ ക്ഷുദ്രതയേയും മനോനിയന്ത്രണത്തിൻെറ പ്രാധാന്യത്തേയും ചൂണ്ടിക്കാണിക്കുന്ന പ്രധാന പാഠങ്ങളാണു് ഇവ ഈ ലേഖകൻ താങ്കളുടെ കീത്തിക്കുള്ള സ്വഭാവം മനസ്സിലാക്കിയിരുന്നുവെങ്കിൽ പറയുമായിരുന്നു:—“താങ്കളുടെ മുൻപുള്ള രചനകളും പദ്ധതികളും ജീവചരിത്രത്തിലേയ്ക്കും അതുപോലെ ജീവചരിത്രം അവയിലേക്കും ശ്രദ്ധയാകർഷിക്കും. ഇതു് വൈവിദ്ധ്യമുള്ള ഒരു സ്വഭാവത്തിന്മേൽ എത്തുന്ന ഒരു പ്രത്യേകഗുണമാകുന്നു. അതിനുള്ള കുറേക്കൂടെ കൂട്ടതലായ പ്രവത്തനത്തിന്നു് സൗകര്യം നൽകുന്നുണ്ടു്. പല ആളുകളും തങ്ങളുടെ മാനസികാഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ അറിയാതെ കുഴങ്ങുകയാണല്ലോ. പ്രത്യേകമായി അവസാനംപറയാനുള്ള ഒരു കാര്യംകൂടി:—താങ്കളുടെ ജീവിതത്തെ കേവലം ഒരു ജീവചരിത്രമായിഗണിച്ചാലും ചില മെച്ചങ്ങളുണ്ടാകും. ഇത്തരത്തിലുള്ള രചനാരീതി ഇപ്പോൾ അത്ര പ്രചാരത്തിലില്ല. എങ്കിലും ഇതു് വളരെ പ്രയോജനകരമാകുന്നു. താങ്കളുടെ ഈ രചനാമാതൃക പ്രത്യേകിച്ചു ജനസേവനത്തിന്നു ഉതകുന്നതുമാകുന്നു. മററനേകം മഹാപാപികളുടെ ജീവചരിത്രങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ അത്തരം ഗ്രന്ഥങ്ങൾ ശുദ്ധപൊള്ളയായ സാഹിത്യസംരംഭങ്ങളായി മാത്രമേ ഗണിക്കപ്പെടുകയുള്ളൂ. താങ്കളുടെ ഈ രചനാരീതി അതുമാതിരിയുള്ള മററനേകം രചയിതാക്കളെ ഈ വഴിക്കു കൊണ്ടുവരുമെങ്കിൽ, അതുപോലെതന്നെ ഇത്തരം രചനയ്ക്കു് മററുള്ളവരേയും പ്രേരിപ്പിക്കുമെങ്കിൽ അതു് പ്ളൂട്ടാക്കിൻെറ ജീവചരിത്രങ്ങളെല്ലാം ഒന്നിച്ചുചേത്തപോലെ അത്ര അനർഘമായിരിക്കുന്നതാണു്. ഒരൊററയാളിനുമാത്രം ഈ ലോകത്തു യോജിക്കുന്ന സ്വഭാവവിശേഷത്തെ സ്തുതിയില്ലാതെ വർണ്ണിച്ചുകാട്ടാൻ വിഷമിച്ചു് ഞാൻ അല്ലയോ പ്രിയപ്പെട്ട ഡാക്ടർഫ്രാൻക്ലിൻ, താങ്കളുടെനേക്കു് സ്വന്തമായ ഒരൊററക്കാര്യംമാത്രം അടിയറവച്ചുകൊണ്ടു ഈ കത്തു് അവസാനിപ്പിച്ചേക്കാം. താങ്കൾ, ലോകത്തെ താങ്കളുടെ സ്വഭാവമാഹാത്മ്യത്തിൻെറ ഓരോ വശങ്ങളിലേയ്ക്കു് പ്രത്യാനയിച്ചുകാണ്മാൻ ഞാൻ അത്യധികം ആഗ്രഹിക്കുന്നു. ആ വിധം ചെയ്യാത്തപക്ഷം, മററുചിലർ അവയെ വേഷംമാററി ദുഷിപ്പിച്ചുകാണിക്കാൻ വഴിയുണ്ടു്. താങ്കളുടെ ഗണനീയമായ പ്രായവും, സ്വഭാവവൈശിഷ്ട്യം ചൂണ്ടിക്കാട്ടുന്ന താക്കീതുകളും, ചിന്തയുടെ ഏററവും പ്രത്യേകതയുള്ള രീതികളും ആലോചനാവിഷയമാകുമ്പോൾ, താങ്കൾക്കല്ലാതെ മററാക്കുംതന്നെ താങ്കളുടെ ജീവിതത്തിലെ പരമാത്ഥങ്ങളെ വേണ്ടുംവിധം വിവരിക്കാൻ സാധിക്കയില്ലെന്നു ബോധപ്പെട്ടും. ഇവ ഏതൊന്നിനുംപുറമേ, ഈ കാലഘട്ടത്തിലെ അതിതീവ്രമായവിപ്ലവം സ്വാഭാവികമായിത്തന്നെ

അതിൻെറ ഉത്ഭവകേന്ദ്രമായ ആളിൻെറനേക്ക് നമ്മെ തിരിച്ചു വിടുന്നു. മഹത്തായ പല തത്വങ്ങളും അതിൽ അടങ്ങിയിട്ടുണ്ടെന്നിരിക്കെ വിശേഷിച്ചും അതിലേയ്ക്കു സ്വാധീനശക്തി ചെലുത്തിയവരുടെനേക്കും ശ്രദ്ധതിരിയും. താങ്കളുടെ സ്വഭാവവിശേഷം തന്നെ ഒരു സൂക്ഷ്മവിശകലനത്തിനു പാത്രീഭവിക്കും. ആ സ്വഭാവവിശേഷം പ്രത്യേകബഹുമതിയെ ശാശ്വതമായി അർഹിക്കുന്നതാകുന്നു.

മനുഷ്യസന്തോഷസുഖാനുഭവങ്ങളുടെ കൂട്ടതലായ അഭിവൃദ്ധിയ്ക്കു് മനുഷ്യർ ഇപ്പോഴും അസത്തായോ നിന്ദ്യമായോഉള്ള നില പുലർത്തുന്നവരല്ലെന്നും സമുചിതമായ നിയന്ത്രണം അവരുടെ സ്വഭാവവൈകല്യങ്ങളെ ഗണ്യമായി കുറയ്ക്കുമെന്നും, മനുഷ്യവർഗ്ഗത്തിലെ ചില വ്യക്തികളിൽ അത്യുത്തമസ്വഭാവമുള്ളവരുണ്ടെന്നും ഞാൻ എപ്പോഴും ഒരു അഭിപ്രായം കൈക്കൊണ്ടിരിക്കുകയാകുന്നു. ഇക്കാരണങ്ങളാൽ, സർ, താങ്കളുടെ ഈ ആത്മകഥാകഥനം എത്രയുംവേഗത്തിൽ തുടരുക. താങ്കൾ ഏററവും നല്ലയാളായ സ്ഥിതിക്കു് ആ നല്ല ആൾഎന്ന നില സ്ഥാപിക്കുക. താങ്കൾ ശാന്തനായതുകൊണ്ടു് മററുള്ളവരേയും പ്രശാന്തരാക്കുക. എല്ലാത്തിനും മേലേയായി, ശൈശവംതൊട്ടു് താങ്കൾ ന്യായത്തെസ്നേഹിക്കുകയും, സ്വാതന്ത്ര്യത്തേയും രഞ്ജനയേയും പ്രത്യേകപ്രതിപത്തിയോടെ കാണുകയും ചെയ്യുന്ന ഒരാളാണെന്നുസ്ഥാപിക്കുക താങ്കളുടെ പതിനേഴവഷത്തെ ജീവിതത്തിൽ പ്രവർത്തിച്ചുവന്നതുപോലെതന്നേയാണു് അനന്തരകാലത്തും എന്നവസ്തുത തെളിയിക്കുക. ഇംഗ്ലീഷുകാർ താങ്കളെ ബഹുമാനിക്കുകമാത്രമല്ല, സ്നേഹിക്കുകയും ചെയ്യുന്നവരാകട്ടെ. അവർ താങ്കളുടെ രാജ്യത്തുള്ള വ്യക്തികളെപ്പററി സമുചിതമായ ബോധമുള്ളവരായിത്തീരുമ്പോൾ താങ്കളുടെ രാജ്യത്തെപ്പററി പ്രശംസാവഹമായിത്തന്നെ ചിന്തിക്കും. ഇങ്ങനെ താങ്കളുടെ രാജ്യത്തുള്ളവർ ഇംഗ്ലീഷ്കാരെപ്പററിയും ശരിയായി മനസ്സിലാക്കുമ്പോൾ ഇംഗ്ലണ്ടിനെപ്പററിയും അവക്കുള്ളമതിപ്പു് സമുചിതമായിത്തീരും. താങ്കളുടെ അഭിപ്രായങ്ങളും വീക്ഷണഗതികളും കേവലം ഇംഗ്ലണ്ടുകൊണ്ടു് അവസാനിക്കേണ്ടതില്ല. ഇംഗ്ലീഷ്ഭാഷ മാതൃഭാഷയാക്കിയവരെപ്പററി മാത്രവുമല്ല, ഗണനവേണ്ടതു്. പ്രകൃതിയിലേയും രാജ്യതന്ത്രത്തിലേയും അനവധി തത്വങ്ങൾ സുസ്ഥാപിതങ്ങളാക്കിയശേഷം ലോകം ഒട്ടുക്കുള്ളമനുഷ്യവർഗ്ഗത്തിൻെറതന്നെ ഉദ്ഗതിക്കായി താങ്കളുടെ കഴിവുകളെ വിനിയോഗിക്കുക. പ്രസ്തുതജീവചരിത്രം വായിക്കുവാൻ എനിക്കു് ഭാഗധേയംസിദ്ധിച്ചിട്ടില്ല; ആ ചരിത്രത്തിൽ പ്രതിഫലിക്കുന്ന പ്രധാനവ്യക്തിയെമാത്രം എനിക്കു അറിയാമെന്നേഉള്ളു. എന്നതിനാൽ

ഞാനിഎഴുതുന്നതു ഒരുവക അപകടകരമായ നിലയിയാണു് എന്നാലും ഞാൻ പ്രസ്താവനാവിഷയമാക്കുന്ന ജീവചരിത്രവും അതിൻെറ രചനയും എൻെറ ഏററവും പ്രധാനപ്പെട്ട പ്രത്യാശകളെ പരിപൂൎണ്ണസാഫല്യത്തിൽ എത്തിക്കുമെന്നു് എനിക്കു് വിശ്വാസമുണ്ടു്, വിശേഷിച്ചു് ഞാൻ ഈ കത്തിൽപ്രസ്താവിക്കുന്ന വസ്തുതകളെപ്പരിഗണിച്ചാണു് ആ രചനയെങ്കിൽ. താങ്കളുടെ ഒരു അഭിനന്ദകനായ ഞാൻ പ്രത്യാശിക്കുന്നതുപോലെ ജീവചരിത്രം അത്രയും വിജയപ്രദമായില്ലെങ്കിൽപ്പോലും അതു് മനുഷ്യഹൃദയങ്ങളെ വശീകരിക്കത്തക്ക ചെറുസംഭവങ്ങൾ അനവധി വിവരിക്കുകയും, നിഷ്കന്മഷമായ ആഹ്ലാദം വായനക്കാൎക്കു് നൽകുകയും ചെയ്യും. ദുഃഖപൂൎണ്ണവും വേദനാകുലവുമായ ഈ ജീവിതത്തിൽ അതുതന്നെ ഒരു വലിയ കാൎയ്യമാണല്ലോ. ഇങ്ങനെ ഞാൻ ഈ കത്തുകൊണ്ടു ഉദ്ദേശിക്കുന്ന പ്രത്യേകഭാഗങ്ങളിൽ താങ്കളുടെ വിലയേറിയ ശ്രദ്ധപതിയുമെന്നു പരിപൂൎണ്ണമായി വിശ്വസിച്ചുകൊണ്ടു്,

താങ്കളുടെ വിനീതവിധേയൻ,

ബൻജമിൻ വാഘാൻ (ഒപ്പു്.)

---

## എൻെറ ജീവിതരചന.

---

1784-ൽ പാരീസ്സിനടുത്തു്
പാസ്സിയിൽവെച്ചു് ആരംഭിച്ചതു്.

മേൽക്കാണിച്ചകത്തുകൾ എനിക്കു കിട്ടിയിട്ടു് അല്പകാലമായി. എന്നാൽ അവയിലെ അപേക്ഷയനുസരിച്ചു പ്രവൎത്തിക്കുവാൻ കാൎയ്യാന്തരത്തിരക്കുമൂലം എനിക്കു ഇതേവരെ സാധിച്ചില്ലെന്നേഉള്ളു. ഞാൻ സ്വന്തം നാട്ടിലായിരുന്നെങ്കിൽ ആവശ്യമുള്ള രേഖകളും റിക്കാർഡുകളുംനോക്കി ഈ ജീവചരിത്രം കുറേക്കൂടെ ഭംഗിയായി എഴുതാമായിരുന്നു ആ രേഖകൾ എൻെറ ഓൎമ്മയെ സഹായിക്കുകയും, തീയതികൾ ശരിക്കുകുറിക്കുവാൻ ഇട നൽകുകയും ചെയ്യുമായിരുന്നു. എന്നാൽ എപ്പോഴാണു് നാട്ടിലേയ്ക്കു മടങ്ങുന്നതു് എന്ന കാൎയ്യം തീൎച്ചയില്ലാത്തതുകൊണ്ടും ഇപ്പോൾ അല്പവിശ്രമം ലഭിച്ചിരിക്കുന്നതുകൊണ്ടും, എനിക്കു സാധിക്കാവുന്നിടത്തോളം കാൎയ്യങ്ങൾ ഓൎമ്മ ആസ്പദമാക്കിത്തന്നെ കുറിക്കാം എന്നുകരുതുന്നു. തിരിയെ നാട്ടിൽച്ചെന്നുചേരാൻ ഭാഗ്യമുണ്ടെങ്കിൽ വല്ലതും തിരുത്തേണ്ട ആവശ്യംനേരിട്ടാൽ അങ്ങനെ ആകാമല്ലോ.

ഇതേവരെ എഴുതിയ ഭാഗത്തിൻെറ ഒരുപ്രതിയും ഇപ്പോൾ കൈവശമില്ല. ഫിലഡൽഫിയായിലെ പൊതുജനഗ്രന്ഥശാല സ്ഥാപിച്ചതു് സംബന്ധിച്ച വിവരങ്ങൾ പ്രസ്താവിച്ചുകഴിഞ്ഞുവോ എന്നു നല്ല നിശ്ചയമില്ല. ആ ഗ്രന്ഥശാല ഏററവും നിസ്സാരമായ ആരംഭംകഴിഞ്ഞു് ഇപ്പോൾ വളരെഗണ്യമായ നിലയിൽ എത്തിയിരിക്കയാണല്ലോ. ആ പൊതുജനസ്ഥാപനംസംബന്ധിച്ചഏർപ്പാടുകൾ 1730-ൽആണു നിർവ്വഹിച്ചതു്. അതിനോടു് ഏകദേശം അടുത്തുള്ളകാലം ഓർമ്മിച്ചു, പക്ഷേ ആവർത്തനമായേക്കാവുന്ന അക്കാര്യങ്ങൾതൊട്ടു ആരംഭിക്കാം:—

ഞാൻ പെൻസിൽവാനിയായിൽ സ്ഥിരതാമസമാക്കിയകാലത്തു്, ബോസ്റ്റൻനഗരിക്കു്തെക്കുള്ള ഏതെങ്കിലും അധിനിവേശകേന്ദ്രങ്ങളിൽ ഒരു നല്ലപുസ്തകക്കച്ചവടക്കാരൻെറ വ്യാപാരശാല ഉണ്ടായിരുന്നില്ല. ന്യൂയോർക്കിലും ഫിലാഡൽഫിയായിലും ഉള്ള അന്നത്തെ അച്ചടിശാലക്കാർ വെറുംകടലാസ്സുകച്ചവടക്കാരേആയിരുന്നുള്ളു. അവർ വിററുവന്നതു് കടലാസ്സുകളും, പഞ്ചാംഗങ്ങൾ, നാടോടിപ്പാട്ടുകൾ എന്നിവയും ഏതാനുംചില സ്കൂൾപുസ്തകങ്ങളും മാത്രമായിരുന്നു. ഗ്രന്ഥപാരായണത്തോടു് പ്രത്യേകം പ്രതിപത്തിതോന്നിയവർ അക്കാലത്തു് നല്ല പുസ്തകങ്ങൾലഭിക്കുവാൻ ഇംഗ്ലണ്ടിലേക്കു് തന്നെ എഴുതിഅയയ്ക്കണമായിരുന്നു. ഞങ്ങളുടെ ജൺഡോസംഘത്തിലെ അംഗങ്ങൾ ഇങ്ങനെ കുറെ പുസ്തകങ്ങൾ വരുത്തിയിട്ടുണ്ടായിരുന്നു. ഞങ്ങളുടെസംഘം, സത്രത്തിൽനിന്നു പ്രത്യേകം ഒരു സ്ഥലത്തേയ്ക്കു് സമ്മേളനത്തിനു കൂടിയതോടുകൂടി അംഗങ്ങളെല്ലാപേരും അവരവരുടെ പുസ്തകങ്ങൾ ആ സമ്മേളനസ്ഥലത്തു് ഒരു അലമാരയിൽ കൊണ്ടുചെന്നു സൂക്ഷിക്കണംഎന്നൊരു നിർദ്ദേശം ഞാൻ സമർപ്പിച്ചു. സംഘം നടക്കുന്ന സന്ദർഭത്തിൽ എന്തെങ്കിലുംസംശയം നേരിടുന്നെങ്കിൽ നോക്കി തീർച്ചപ്പെടുത്തുവാനും വീട്ടിൽപുസ്തകങ്ങൾകൊണ്ടുപോയി വായിക്കണമെന്നുള്ളവർക്കു് അങ്ങനെചെയ്യുവാനും ആയിരുന്നു ഈ വ്യവസ്ഥചെയ്തതു്. ഇങ്ങനെ കുറേനാൾകഴിഞ്ഞു.

ഗ്രന്ഥങ്ങൾ സ്വരൂപിച്ചു ഒരു സ്ഥലത്തു് സൂക്ഷിച്ചുപോന്ന രീതികൊണ്ടുള്ളഗുണം മനസ്സിലാക്കി പുസ്തകങ്ങൾകൊണ്ടുള്ള ഉപയോഗം പൊതുജനങ്ങൾക്കെല്ലാം സിദ്ധിക്കണം എന്ന ഉദ്ദേശത്തിൽ ഒരു പൊതുവരിസംഖ്യകൊണ്ടുള്ള ഗ്രന്ഥാലയം സ്ഥാപിക്കുവാൻ ഞാൻ ആഗ്രഹിച്ചു. ഈ ഉദ്ദേശത്തോടെ ഞാൻ ആ പുസ്തകശാലയുടെ നടത്തിപ്പിനുതകുന്ന ചില കരടുനിയമങ്ങൾ ഉണ്ടാക്കി

മി: ചാറൽസ് ബ്രോക്ഡൺ എന്ന പ്രമാണമെഴുത്തുകാരൻെറ സഹായം സമ്പാദിച്ചു. വരിസംഖ്യക്കാർ സമ്മതിച്ചു ഒപ്പുവയ്ക്കാവുന്നവിധത്തിലുള്ള വ്യവസ്ഥകളെല്ലാം ഉണ്ടാക്കി. ഓരോ അംഗവും പുതുപുസ്തകങ്ങൾ വാങ്ങുന്നതിലേയ്ക്ക് ഒരു തുക സംഭാവനചെയ്യണമെന്നും പ്രതിവഷം വരിസംഖ്യയിനത്തിൽ ഒരു തുക അടച്ചുകൊള്ളണമെന്നും ആയിരുന്നു, വ്യവസ്ഥകൾ. അക്കാലത്തു ഫിലഡൽഫിയായിൽ വളരെ ചുരുക്കംആളുകൾക്കേ പുസ്തകവായനയിൽ കൗതുകമുണ്ടായിരുന്നുള്ളൂ. അഥവാ, കൂടുതൽ കൗതുകക്കാർ ആരെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ അവർ കേവലം നിർദ്ധനരും, അതിനാൽ ഞാൻ രാപ്പകലില്ലാതെ യത്നിച്ചുവെങ്കിലും അൻപതുപേരിൽ കൂടുതൽ ആളുകളെ വരിസംഖ്യക്കാരായി ചേക്കാൻ സാധിച്ചില്ല. ഇവർതന്നേയും അധികവും ചെറുപ്പക്കാരായ കച്ചവടക്കാരായിരുന്നു. അവർ പുതുപ്പുസ്തകങ്ങൾ വാങ്ങുന്നതിലേയ്ക്ക് നാൽപ്പതു ഷില്ലിങ്ങും പ്രതിവർഷമുള്ള വരിസംഖ്യയായി പത്തുഷില്ലിങ്ങും തരാമെന്നു സമ്മതിച്ചു. ഈ ചെറിയ മൂലധനത്തോടുകൂടി ഞങ്ങൾ ഗ്രന്ഥശാല തുടങ്ങി. മുറയ്ക്കു പുസ്തകങ്ങളും വരുത്തി. വരിസംഖ്യക്കാക്ക് വായിക്കാൻ പുസ്തകം കടംകൊടുക്കുവാൻ ഒരു പ്രത്യേകദിവസം നിശ്ചയിക്കപ്പെട്ടു. കൊണ്ടുപോകുന്ന ഗ്രന്ഥങ്ങൾ തിരിച്ചു കൊടുക്കാത്തപക്ഷം അവയുടെ വിലയിൽ ഇരട്ടി തന്നുകൊള്ളാം എന്നു ഓരോരുത്തരുടെയും വാഗ്ദാനപത്രികകൾ വാങ്ങിവച്ചു. ഈ സ്ഥാപനം അധികകാലം കഴിയുന്നതിനുമുമ്പുതന്നെ അതിൻെറ പ്രയോജനം തെളിയിച്ചു മററു നഗരികളിലുള്ളവരും ഇത്തരം ഗ്രന്ഥശാലകൾ ആരംഭിച്ചു. മററു സംസ്ഥാനങ്ങളിലും ഈ സമ്പ്രദായം അനുകരിക്കപ്പെട്ടു. പൊതുസംഭാവനകൾകൊണ്ടു ഗ്രന്ഥശാലകൾ പോഷിച്ചു. പുസ്തകവായന എന്നതു് ഒരു പരിഷ്കൃതാചാരമായി. ഞങ്ങളുടെ ആളുകൾക്കു് പഠിപ്പില്ലാതെ മററൊരുതരം വിശ്രമവിഹാരവും ഇല്ലാതിരുന്നതുനിമിത്തം ആ സ്ഥാനത്തു പുസ്തകവായന അംഗീകരിക്കപ്പെട്ടു. ഏതാനും വർഷങ്ങൾക്കുള്ളിൽ മററുരാജ്യങ്ങളിൽ ഇതേനിലയിലുള്ള ജനങ്ങളെഅപേക്ഷിച്ചു് ഫിലഡൽഫിയാനിവാസികൾ വിജ്ഞാനസമ്പാദനത്തിൽ ഗണ്യമായ പുരോഗതി പ്രാപിക്കുകയുംചെയ്തു.

ഗ്രന്ഥശാലാസ്ഥാപനം സംബന്ധിച്ച ഉടമ്പടിയും വ്യവസ്ഥകളും ഒപ്പിട്ടുവിക്കുന്നതിനു അല്പം മുമ്പു്, ഓരോ വ്യവസ്ഥയും അംഗങ്ങളേയും അവരുടെ പിൻതുടച്ചക്കാരേയും ബാധിക്കുന്നതും അമ്പതുവർഷത്തേയ്ക്കു് കാലാവധിയുള്ളതും ആണെന്നകാരണം ആസ്പദമാക്കി പ്രമാണമെഴുത്തുകാരനായ മി: ബ്രോക്ഡൺ ഞങ്ങ

ളോട്ട് ഇങ്ങനെ പറഞ്ഞു:—“നിങ്ങളെല്ലാം ഇപ്പോൾ ചെറുപ്പക്കാരാണ്. എന്നാൽ ഈ പ്രമാണത്തിലെ വ്യവസ്ഥയായ അമ്പതു വർഷം കഴിഞ്ഞതു് കാണ്മാൻ ആരെങ്കിലും ജീവിച്ചിരിക്കുമോ എന്ന കാര്യം സംശയമാണ്.” പക്ഷേ, അന്നുണ്ടായിരുന്ന ചെറുപ്പക്കാരിൽ ചിലരെല്ലാം ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. എന്നാൽ അന്നത്തെ വ്യവസ്ഥകൾ അടങ്ങിയ പ്രമാണം, ഏതാനുംകാലം കഴിഞ്ഞു്, കമ്പനിയെ മറെറാരു സ്ഥാപനത്തോട് ലയിപ്പിച്ചു ശാശ്വതമാക്കിയപ്പോൾ കേവലം നിരർത്ഥകമായിപ്പോയി.

ഈ ഗ്രന്ഥാലയസ്ഥാപനത്തിനുവേണ്ട വരിസംഖ്യ പിരിക്കുവാൻ ഞാൻ ഇറങ്ങിയപ്പോൾ ഉണ്ടായ തടസ്സങ്ങളും മനസ്സില്ലായ്മകളും കണ്ടു്, പൊതുക്കാര്യപ്രസക്തിയോടെ ഇറങ്ങുന്നവർക്ക് വന്നുചേരുന്ന വൈഷമ്യങ്ങൾ എനിക്കു മനസ്സിലായി. അയൽക്കാരോ സ്വദേശീയരോആയ ആളുകളുടെ സഹായത്തിൽ പൊതുജനനന്മ ഉദ്ദേശിച്ചായാലുംശരി ഒരാൾ മുന്നിട്ടു നടത്തുന്ന സേവനംനിമിത്തം മററുള്ളവരെ അപേക്ഷിച്ചു് ഈ സേവനക്കാരനു കുറച്ചൊരു കീർത്തി കൂടുതലായി സിദ്ധിക്കുമല്ലോ. ഇങ്ങനെ സംഭവിക്കാതിരിക്കുവാൻ വരിസംഖ്യപ്പിരിവുകാര്യത്തിൽ എൻെറ ചില സ്നേഹിതന്മാരെ ഏൾപ്പെടുത്തി ഞാൻ മിക്കവാറും അജ്ഞാതനായിത്തന്നെ കഴിഞ്ഞു. അവരുടെ അഭിപ്രായം അനുസരിച്ചു് വിജ്ഞാനസമ്പാദനത്തിൽ പ്രതിപത്തിയുള്ളവരെന്നു് പറയുന്നവരുടെ അടുത്തു മാത്രമാണ് ഞാൻ പൊയ്ക്കൊണ്ടിരുന്നതു്. ഇങ്ങനെ ഇക്കാര്യം കുറേക്കൂടെ മൃദുവായി മുന്നോട്ടുപോയി. ഇത്തരം സന്ദർഭങ്ങളിൽ ഞാൻ ഈവിധത്തിൽത്തന്നെയാണ് പ്രവർത്തിച്ചുവന്നതു്. ആ രീതി അനുവർത്തിക്കണമെന്നു മററുള്ളവരോടുശുപാർശചെയ്യാനും ഞാൻ ആഗ്രഹിക്കുന്നു. അല്പകാലത്തേയ്ക്കു നമ്മുടെ അന്തസ്സു നഷ്ടപ്പെട്ടും എന്നൊരു തോന്നൽ ഉണ്ടായിരിക്കാം. എന്നാൽ ആ നഷ്ടം കുറച്ചുനാൾക്കുള്ളിൽ പരിഹരിക്കപ്പെട്ടുപോകും. ഇതുകൊണ്ടു സിദ്ധിക്കാവുന്ന മേന്മയ്ക്കു് ആരാണത്തവാദി എന്നു ചോദിച്ചാൽ നിങ്ങളെക്കാൾ അന്തസ്സുപുലർത്തണമെന്നു കൂടുതൽ ആഗ്രഹിക്കുന്നയാൾ അതിന്നവകാശിയായിക്കൊള്ളട്ടെ ഇങ്ങനെ വരുമ്പോൾ അസൂയാലുക്കൾപോലും നിങ്ങളുടെനേർക്ക് ന്യായംനടത്തുവാൻ നിർബ്ബന്ധിതരാകും. മാന്യതയെ അർഹിക്കുന്നവർക്കുതന്നെ കൊടുക്കുവാൻ ഇടയുമുണ്ടാകും.

ഈ പുസ്തകശാലയേപ്പാട് നിരന്തരമായ പഠനംനിമിത്തം വേണ്ടുവോളം അഭിവൃദ്ധിക്കു കാരണമായി. പ്രതിദിവസം ഒന്നോ

രണ്ടോ മണിക്കൂർ ഞാൻ പുസ്തകവായനയ്ക്കായിത്തന്നെ മാററിവച്ചു പോന്നു. ഇങ്ങനെ ഒരു കാലത്തു പിതാവു് എന്നെ ഏല്പിപ്പുത്തുവാൻ നിശ്ചയിച്ചിരുന്ന ഉപരിവിദ്യാഭ്യാസം എനിക്കു് ലഭിക്കുവാൻ സാധിച്ചു. അക്കാലത്തു എനിക്കുണ്ടായിരുന്ന എന്തെങ്കിലും ഒരു വിനോദം, വായനമാത്രമായിരുന്നു. ഞാൻ പാനീയശാലകളിലോ, കളിസ്ഥലങ്ങളിലോ, വിവിധകലാപ്രകടനസ്ഥലങ്ങളിലോ, പോകാറേ ഇല്ലായിരുന്നു. ആവശ്യമുള്ളിടത്തോളം പരിശ്രമശീലം ഞാനെൻെറ അച്ചടിശാലാപ്രവത്തനത്തിലും അവലംബിച്ചു പോന്നു. ഞാൻ അച്ചടിശാലയോടാണല്ലോ കടപ്പെട്ടിരുന്നതു്. അടുത്തഭാവിയിൽ വിദ്യാഭ്യാസം ചെയ്യിക്കുവാൻ പ്രായമായ ചില അംഗങ്ങളുള്ള ഒരു കുടുംബം എനിക്കുണ്ടായിരുന്നു. ഞാൻ അച്ചടിശാല സ്ഥാപിക്കുംമുമ്പുതന്നെ ആ വ്യവസായത്തിനു ഇറങ്ങിയ രണ്ടുപേരോടു് എനിക്കു മത്സരിക്കേണ്ടതായിവന്നു. എൻെറ പരിതഃസ്ഥിതികൾ പ്രതിദിവസം ലഘുതരങ്ങളായി. എൻെറ ആദ്യകാലത്തേ ഉള്ള ശീലമായ മിതവ്യയപ്രതിപത്തി തുടൻ. ബാല്യകാലത്തിൽ അച്ഛൻ കൂടെക്കൂടെ പറഞ്ഞുപോന്ന ഒരു വാക്യം—സോളമൻ ചക്രവത്തിയുടെ ഒരു പഴഞ്ചൊല്ലു്,—എനിക്കു വേണ്ടവിധമുള്ള വിജ്ഞാനം നൽകിവന്നിരുന്നു. അതായതു് "നിങ്ങൾ നോക്കിക്കൊള്ളണം; സ്വന്തം തൊഴിലിൽ നല്ലപരിശ്രമശാലിയായ ഒരുവൻ നീചന്മാരുടെയല്ല, രാജാക്കന്മാരുടെ മുമ്പിലാണു് നില്ക്കുക എന്നു ഓമ്മിക്കണം" എന്നു്.

ഈ പഴഞ്ചൊല്ലു് കേൾക്കുന്ന കാലംതൊട്ടുതന്നെ പണവും സ്ഥാനമഹിമയും നേടുന്നതിനു പരിശ്രമശീലംതന്നെ ഒരു മാൎഗ്ഗമായി ഞാൻ സ്വീകരിച്ചുപോന്നിരുന്നു. ഈ ശീലം എനിക്കു വേണ്ട പ്രോത്സാഹനം നൽകിയതനുസരിച്ചു് ഒരു രാജാവിൻെറ മുമ്പിൽ അല്ല, അഞ്ചു രാജാക്കന്മാരുടെ മുമ്പിൽ, നിൽക്കാൻമാത്രവുമല്ല ഡെൻമാക്കിലെ രാജാവിനോടുകൂടി ഒരു വിരുന്നുസംബന്ധിച്ചു ഇരിക്കുവാൻപോലും എനിക്കു സാധിച്ചു.

ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ടു്. "അഭിവൃദ്ധിയിലെത്താൻ ഉദ്ദേശിക്കുന്നയാൾ ഭാൎയ്യയോടു ചോദിക്കണം" എന്നിങ്ങനെ? പരിശ്രമശീലത്തിലും മിതവ്യയസ്വഭാവത്തിലും പ്രത്യേക വൈഭവമുള്ള ഒരു ഭാൎയ്യ എനിക്കുണ്ടായിരുന്നു എന്നതു് ഭാഗ്യംതന്നെ. അവൾ എൻെറ മുദ്രണാലയപ്രവത്തനങ്ങളിൽ എന്നോടു് സന്തോഷപൂവ്വം സഹകരിച്ചു. ലഘുലേഖകൾ മടക്കുക, കുത്തിക്കുക എന്നിവ അവൾതന്നെയാണു് ചെയ്തുപോന്നതു്. ഇതിനിടയ്ക്കു് കച്ചവട

ശാലയും അവർ പ്രത്യേകമേൽനോട്ടത്തിൽ സൂക്ഷിച്ചു. കടലാസ്സു നിർമ്മിക്കുന്നവക്കുവേണ്ടി ചണംനാരുകൾ, തുണികൾ എന്നിവ വാങ്ങിശ്ശേഖരിക്കുന്നതും അവർതന്നെയായിരുന്നു. ഞങ്ങൾ അലസരായ ഒരുവക ഭൃത്യരെവെച്ചുകൊണ്ടിരുന്നില്ല. ഞങ്ങളുടെ ഭക്ഷണരീതിതന്നെ വളരെ ലഘുവും ആഡംബരരഹിതവും ആയിരുന്നു. വീട്ടുസാമാനങ്ങളും ഏററവും കുറഞ്ഞവിലയ്ക്കുള്ളവയേ ആയിരുന്നുള്ളൂ. എന്തെന്നാൽ വളരെക്കാലത്തേയ്ക്കു് എൻെറ പ്രഭാതഭക്ഷണം റൊട്ടിയും പാലുമായിരുന്നു. തേയിലയില്ലായിരുന്നു. എൻെറ ഭക്ഷണം രണ്ടു പെൻസിനുള്ള വെറും മൺപാത്രത്തിൽവച്ചാണു് ഞാൻ കഴിച്ചുപോന്നതു്. ഉപയോഗിച്ചുപോന്നതോ തകരക്കരണ്ടി. എന്നാൽ ഭവനങ്ങളിൽ ആഡംബരപ്രാധാന്യം എങ്ങനെ കടന്നുകയറുന്നു എന്നു നോക്കുക. ഞാൻ ഒരുദിവസം പ്രഭാതഭക്ഷണം കഴിക്കാൻ എത്തിയപ്പോൾ ഒരു ചൈനപ്പാത്രത്തിൽ വെള്ളിക്കരണ്ടിയോടുകൂടെ ആയതു് ഒരുക്കപ്പെട്ടിരിക്കുന്നു! അവ എൻെറ അറിവുകൂടാതെ ഭാര്യതന്നെ വാങ്ങിവച്ചതായിരുന്നു. അതിലേയ്ക്കു അവർ ഇരുപത്തിമൂന്നു ഷില്ലിങ്ങു് ചെലവാക്കി. ഈ വലിയ ചെലവുചെയ്തതിൽ അവർക്കുണ്ടായിരുന്ന ഒരൊററ സമാധാനം, അവളുടെ ഭർത്താവിനു ചൈനാപ്പാത്രത്തിലും വെള്ളിക്കരണ്ടിയിലും കഴിക്കത്തക്ക അന്തസ്സുണ്ടെന്നു് അവർക്കു തോന്നി എന്നുള്ളതായിരുന്നു. ചൈനാപ്പാത്രങ്ങൾ ആദ്യമായിട്ടായിരുന്നു അക്കാലത്തു് അമേരിക്കയിൽ എത്തിയിരുന്നതു്; വിശേഷിച്ചു ഞങ്ങളുടെ ഭവനത്തിൽ. എന്നാൽ ഏതാനും വർഷം കഴിഞ്ഞപ്പോൾ ഞങ്ങളുടെ നില സാമാന്യം ഭേദപ്പെട്ടതോടുകൂടി അനവധി, ശതാധികം പവൻ വിലയ്ക്കുള്ള ഭോജനപാനീയപാത്രങ്ങൾ വാങ്ങുകയുണ്ടായിട്ടുണ്ടു്.

മതവിശ്വാസംസംബന്ധിച്ചിടത്തോളം ഞാൻ 'പ്രസ്സ്ബിറേറിയൻ' എന്ന ശാഖയിൽപ്പെട്ടവനായിരുന്നു. "ദൈവത്തിൻെറ ശാശ്വതനിയമങ്ങൾ" "തെരഞ്ഞെടുപ്പു്" "പാപപങ്കിലത്വം" മുതലായ ചില സിദ്ധാന്തങ്ങൾ ഈ ക്രൈസ്തവമാർഗ്ഗത്തിലെ പ്രത്യേകതകളാകുന്നു. ഇവ കേവലം ദുർഗ്രഹങ്ങളും സംശയകലുഷങ്ങളും ആകയാൽ ഈ മതസിദ്ധാന്താനുസൃതങ്ങളായ പ്രാർത്ഥനാരാധനാദികളിൽ ഞാൻ പങ്കെടുക്കാറേ ഇല്ലായിരുന്നു. ഞായറാഴ്ചയാണു് എൻെറ ഗ്രന്ഥപാരായണദിവസം. മതസംബന്ധമായ തത്വങ്ങൾ ഇല്ലാതെയല്ല ഞാൻ കഴിഞ്ഞുകൂടിയതു്. ദൈവം ഉണ്ടെന്നുള്ള കാര്യത്തിൽ എനിക്കൊരിക്കലും അവിശ്വാസം തോന്നിയിരുന്നില്ല. ദൈവംതന്നേയാണു് ലോകം സൃഷ്ടിച്ചതു് എന്നും, അവിടുന്നുതന്നേയാണു ലോകം രക്ഷിച്ചുപോരുന്നതു് എന്നും, അവിട

ത്തേയ്ക്കു് ഏററവും രസിക്കുന്ന ജീവിതരീതി അന്യോപകാരംചെയ്തു കഴിയുകയാണു് എന്നും, നമ്മുടെ ആത്മാക്കൾ ഒരിക്കലും മരിക്കുന്നില്ല എന്നും, സകലവിധത്തിലുമുള്ള കുററങ്ങൾക്കും ശിക്ഷയുണ്ടെന്നും, പുണ്യകൃത്യങ്ങൾക്കുതക്ക പ്രതിഫലം ലഭിക്കുമെന്നുംതന്നേയായിരുന്നു എന്റെ വിശ്വാസം. ഈ വിശ്വാസങ്ങൾതന്നേയാണു് ഏതൊരു മതത്തിൻേറയും മൂലതത്വങ്ങൾ എന്നും എനിക്കറിയാം. അതിനാൽ അന്യമതങ്ങളെയെല്ലാം അതതിന്റെ സ്ഥാനത്തു് ഞാൻ ബഹുമാനത്തോടെ കരുതിവന്നു. ഓരോ മതശാഖയും മററു പല സിദ്ധാന്തങ്ങളുംകൂടെക്കലർന്നു്, പ്രത്യേകം ദൈവികാനുഗ്രഹം ഉണ്ടാക്കുകയോ, സദാചാരനിയമങ്ങളെ കൂടുതൽ ഉറപ്പിക്കുകയോ ചെയ്യാതെ കക്ഷിപ്പിരിവിനും ശണ്ഠകൾക്കും മാത്രം പ്രേരിപ്പിക്കുന്നതായി കാണുകനിമിത്തം, അവയോടു് അത്രയ്ക്കുള്ള ബഹുമാനം മാത്രമേ എനിക്കു തോന്നിയിരുന്നുള്ളൂ എന്നുതന്നെ പറയാം. എത്ര ചീത്തതന്നെയായാലും അതിനും ചില നല്ല വശങ്ങൾ കാണും എന്ന തത്വം അനുസരിച്ചു് അന്യസിദ്ധാന്തങ്ങളെ പരിശോധിക്കുവാനോ അവസംബന്ധിച്ചു് വല്ല വാദപ്രതിവാദങ്ങളും നടത്തുവാനോ ഞാൻ മുതിർന്നിരുന്നില്ല. ഓരോരുത്തർക്കും അവരവരുടെ മതസിദ്ധാന്തങ്ങളെപ്പററി ആശങ്കതോന്നിക്കുവാനും ഇടയാക്കിയില്ല. സംസ്ഥാനനിവാസികളുടെ സംഖ്യ മുറയ്ക്കു വർദ്ധിച്ചു് ഓരോ സ്ഥലത്തും വിവിധമാർഗ്ഗപ്രധാനങ്ങളായ നിരവധി ദേവാലയങ്ങളും പ്രാർത്ഥനാമന്ദിരങ്ങളും ഉണ്ടായപ്പോൾ അവയ്ക്കു് എന്നാൽ സാധിക്കാവുന്ന, എത്ര തുച്ഛങ്ങളാണെങ്കിലും സംഭാവനകളും ഞാൻ നൽകിയിരുന്നു.

പൊതുവേയുള്ള ആരാധനസ്ഥലങ്ങളിൽ ഞാൻ അപൂർവ്വമായേ പോകാറുണ്ടായിരുന്നുള്ളു. അത്തരം ആരാധനകൾ സമുചിതമായി നടത്തപ്പെടുന്നപക്ഷം അവ ആവശ്യകങ്ങൾ എന്നുതന്നെയാണു് എന്റെ അഭിപ്രായം. ഫിലഡൽഫിയയിലെ ഏക പ്രസ്സ്ബിററീരിയൻ പുരോഹിതന്റെ ജോലിക്കു വേണ്ട വേതനം വരിസംഖ്യയായി കൊടുത്തുവന്നതിൽ ഞാനും പങ്കുവഹിച്ചിരുന്നു. ആ പുരോഹിതൻ ഒരു സ്നേഹിതന്റെ നിലയിൽ ചിലപ്പോൾ എന്റെ വാസസ്ഥലത്തു് എത്തുകയുണ്ടായിട്ടുണ്ടു്. അദ്ദേഹത്തിന്റെ മതച്ചടങ്ങുനിർവ്വഹണങ്ങളിൽ ഞാൻ സന്നിഹിതനാകാതിരുന്നതിനെപ്പററി എന്നെ കുററപ്പെടുത്തി. നാലോ അഞ്ചോ ഞായറാഴ്ചകൂടുമ്പോൾ ഒരിക്കൽ ഞാൻ പോകാറും ഉണ്ടായിരുന്നു. അദ്ദേഹം ഒരു നല്ല പുരോഹിതനായിരുന്നുവെങ്കിൽ, എനിക്കു് വായനയ്ക്കു മാററിവയ്ക്കുന്ന ദിവസമാണു് ഞായറാഴ്ച എങ്കിലും ഞാൻ തുടർന്നുപോകുമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ വർത്തമാന

ങ്ങളും വാദപ്രതിവാദങ്ങളും വാശിയേറിയവിധം ഏകപക്ഷീയങ്ങളും പ്രസ്സ്ബിററീരിയൻസിദ്ധാന്തങ്ങളെ മാത്രം ശ്രേഷ്ഠമെന്നു കാട്ടുന്ന വിധത്തിലുള്ളവയും ആയിരുന്നു. അവ എനിക്കു കേവലം വിരസങ്ങളും ബാലിശങ്ങളും ആയിത്തോന്നി. പ്രസ്സ്ബിററീരിയൻസിദ്ധാന്തക്കാരനാക്കാനല്ലാതെ ഒരു നല്ല പൌരനാക്കിവിടത്തക്കവണ്ണം അദ്ദേഹത്തിന്റെ വാചാലതയിൽ സന്മാർഗ്ഗസിദ്ധാന്തങ്ങളോ തത്വങ്ങളോ ഉണ്ടായിരുന്നില്ല.

ഒടുവിൽ അദ്ദേഹം ക്രൈസ്തവവേദഗ്രന്ഥത്തിലെ 'ഫിലിപ്പയിൻസ്" എന്ന അദ്ധ്യായത്തിലെ ഒരു വാക്യം ഉദ്ധരിച്ചു. അതായതു്,—

"അവസാനമായി, സഹോദരരേ! ഏതേതെല്ലാം വസ്തുക്കളാണോ യഥാർത്ഥങ്ങളും, സത്യസന്ധതയുള്ളവയും, ന്യായാനുസൃതങ്ങളും, പരിശുദ്ധങ്ങളും, മനോഹരങ്ങളും, കേൾവിക്കു നന്മയുണ്ടാക്കുന്നവയും, വല്ലവിധത്തിലുള്ള സ്വഭാവമാഹാത്മ്യമോ പ്രശസ്തിയോ ഉള്ളവയുമായി അറിയപ്പെടുന്നതു് അവയെപ്പററി ചിന്തിക്കുവിൻ."

ഇപ്രകാരമുള്ള ഗ്രന്ഥഭാഗം ആസ്പദമാക്കിയ ഒരു ദേവാലയപ്രസംഗത്തിൽ സദാചാരകാര്യങ്ങളെപ്പററി ഒരു പരാമർശം ഉണ്ടായിരിക്കുമെന്നു ഞാൻ കരുതി. എന്നാൽ പുരോഹിതൻ അഞ്ചു കാര്യങ്ങൾ മാത്രമാണു് പ്രത്യേകം ഊന്നിപ്പറഞ്ഞതു്. (1) സാബത്തുദിവസത്തിൽ പരിശുദ്ധി ആചരിക്കുക. (2) വേദഗ്രന്ഥപാരായണത്തിൽ പ്രത്യേക പരിശ്രമശീലം കാട്ടുക. (3) പൊതുആരാധനസ്ഥലത്തു സന്നിഹിതനാവുക. (4) ആത്മീയതേജസ്സിന്റെ ബഹിഃപ്രകാശനപരമായ ചടങ്ങിൽ പങ്കുകൊള്ളുക. (5) ദൈവത്തിന്റെ പ്രതിനിധികളായ പുരോഹിതന്മാരോടു പ്രത്യേകം ബഹുമാനാദരങ്ങൾ കാട്ടുക എന്നിവയത്രേ.

പുരോഹിതന്റെ ഈ തത്വങ്ങളെല്ലാം ആദരണീയങ്ങൾ തന്നെയായിരിക്കാം. എന്നാൽ വേദവാക്യത്തിന്റെ വിസ്തൃതവിവരണങ്ങളിൽനിന്നു ഞാൻ കേൾക്കാമെന്നുദ്ദേശിച്ചതു് ഇവയല്ലായിരുന്നു. മറേറതൊരു പുരോഹിതനിൽനിന്നും അക്കാര്യങ്ങൾ കേൾക്കാൻ സാധിക്കാതെ ഞാൻ നിരാശപ്പെട്ടു; മുഷിഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ; ഇതിനുശേഷം കേൾക്കാൻ പോയിട്ടേ ഇല്ല. ഏതാനും വർഷങ്ങൾക്കുമുമ്പു് ഞാൻതന്നെ രചിച്ച ഒരു ചെറുപ്രാർത്ഥനാഗീതം ഉണ്ടായിരുന്നു. ഇതു് എന്റെ സ്വന്തആവശ്യംപ്രമാണിച്ചും ആയിരുന്നു. "വിശ്വാസാനുശാസനങ്ങളും മതനിയമങ്ങളും" എന്നായിരുന്നു, അതിന്റെ പേർ ഈ പ്രാർത്ഥന

മാത്രം ഉപയോഗിക്കുക എന്ന പതിവു ഞാൻ കൈക്കൊണ്ടു. പൊതുവേയുള്ള ആരാധനാസ്ഥലങ്ങളിൽ ഇതിനുശേഷം പോയിട്ടേഇല്ല. ഈ സ്വഭാവത്തെ പക്ഷേ നിങ്ങൾ കുററപ്പെടുത്തുമായിരിക്കാം. എന്നാൽ അതു ക്ഷമിക്കണമെന്നു അപേക്ഷിക്കാൻ നില്ക്കാതെ അക്കാൎയ്യത്തെപ്പററി പരാമൎശനമേ വേണ്ട എന്നുവെക്കുന്നു. എൻെറ ഇപ്പോഴത്തെ ഉദ്ദേശം എൻെറ ഉദ്ദേശം ഏതാനും പരമാൎത്ഥങ്ങൾ കഥിക്കുകഎന്നല്ലാതെ അവയെപ്പൊന്നുംവേണ്ടി ക്ഷമാപണങ്ങൾ നടത്തുക എന്നതല്ലല്ലോ.

ഏകദേശം ഇക്കാലത്തായിരുന്നു, ഞാൻ സദാചാരപരമായ ഒരു സമ്പൂൎണ്ണതയിൽ എത്തുന്നതിലേയ്ക്കു സുധീരവും തീക്ഷ്ണവും ആയ ഒരു ആചരണപദ്ധതി കൈക്കൊണ്ടതു്. ഒരിക്കലും ഒരു തെററും കാട്ടാതെ വേണം ജീവിക്കേണ്ടതു് എന്നു ഞാൻ ആഗ്രഹിച്ചു. സ്വാഭാവികമായ ഒരു ആസക്തി—അഥവാ പതിവു്—അല്ലെങ്കിൽ കൂട്ടുകെട്ടുകൊണ്ടുള്ള പ്രവൎത്തനപ്രേരണ എന്നിവയേതും നിശ്ശേഷം ജയിക്കുവാൻ ഞാൻ തീരുമാനിച്ചു. ഏതാണുശരി, എന്താണുതെററു് എന്നു എനിക്കു് അറിയാമായിരുന്നു; അഥവാ അറിയാമെന്ന ഒരു ബോധമുണ്ടായിരുന്നു. അതിനാൽ ശരിയായിട്ടുള്ളതു്മാത്രം ചെയ്യുകയും തെററായതു് ചെയ്യാതിരിക്കയുമാണു്വേണ്ടതു് എന്നു ഞാൻ തീരുമാനിച്ചു. എന്നാൽ ഇതു് സാധാരണയായി നാം കരുതുന്നതിൽനിന്നു എത്രയോ വിഷമമേറിയ ഒരു കാൎയ്യമാണു്. എന്തെന്നാൽ തെറെറന്നു തോന്നുന്ന ഒന്നു തടയുന്നതിൽ മുഴുകിയിരിക്കുമ്പോൾ വേറേ ചില തെററുകൾ പിണയുന്നു. പതിവുകൾ മാററാൻ വിഷമമാണു്. വാസന വിവേകത്തെ ജയിക്കുന്നു. ഇങ്ങനെയൊക്കെയാകയാൽ ഞാൻ ഒരുകാൎയ്യം തീൎച്ചപ്പെടുത്തി. സദാചാരബോധം ഒന്നുകൊണ്ടുമാത്രം തെററുകളെ മാററിനിൎത്താവുന്നതല്ല. പിന്നെയോ ചീത്തപ്പതിവുകളെ വേരോടെ അറുക്കണം. പുതിയ പുതിയ പതിവുകളെ നാം അഭ്യസിച്ചു സിദ്ധമാക്കണം. വിശ്വാസ്യമായ സ്വഭാവസ്ഥിരത വേണമെങ്കിൽ ഇതാദ്യംചെയ്യണം. ഈ ഉദ്ദേശസാദ്ധ്യത്തിനു് ഞാൻ താഴെക്കാണുന്ന ഒരു പുതിയ പദ്ധതി സ്വീകരിച്ചു.

സദാചാരപരങ്ങളായ സ്വഭാവമഹിമകൾ ഗണനീയങ്ങളായി നിരവധി ഉണ്ടല്ലോ. ഇവ എൻെറ പുസ്തകവായനയിൽനിന്നു മനസ്സിലായിടത്തോളം ഓരോ ഗ്രന്ഥകാരന്മാർ ഓരോ വിധത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഒരൊററ പ്രധാനാശയത്തിന്മേൽ അനവധി മാനുഷികഗുണങ്ങൾ പ്രതിഷ്ഠിതങ്ങളായിക്കാണാം. ഉദാഹരണത്തിനു് 'മിതത്വം' ചിലരുടെ അഭിപ്രായത്തിൽ ഇതു് തിന്നുന്ന

തിനേയും കുടിക്കുന്നതിനേയും പ്രധാനമായി സ്പർശിക്കുന്നു. മററു ചിലരാകട്ടെ 'മിതത്വം' എന്ന ആശയത്തിൽ നാം അനുഭവിക്കുന്ന സകല സുഖസന്തോഷങ്ങളേയും ഉൾപ്പെടുത്തുന്നു. ശാരീരികങ്ങളോ മാനസികങ്ങളോ ആയ ഉൽക്കടവികാരങ്ങളേയും അത്യാഗ്രഹം ഉന്നതേച്ഛ എന്നിവയേയും ഉൾപ്പെടുത്തുന്നു. ഞാനാകട്ടെ അനേകം ഗുണങ്ങളെ ഒരു വാക്കിൽ ഒതുക്കാതെ വാക്കുകളുടെ സംഖ്യ വദ്ധിപ്പിച്ച് ഓരോന്നിലും ഉൾപ്പെടുത്തിയ ആശയങ്ങളുടെ സംഖ്യ ചുരുക്കി. ഇങ്ങനെ പതിമ്മൂന്നു ഗുണങ്ങളെ അംഗീകരിച്ചു. അവ:—

1. മിതത്വം. മന്ദതയിൽ എത്തിക്കുന്നവിധം ഭക്ഷിക്കരുത്. ലക്കില്ലാതാവുന്നത്ര കുടിക്കരുത്.

2. നിശ്ശബ്ദത. മററുള്ളവക്കോ നിങ്ങൾക്കോ ഗുണകരമായിട്ടല്ലാതെ ഒന്നും സംസാരിക്കരുത്. നിസ്സാരമായ സംഭാഷണങ്ങൾ വജ്ജിക്കുക.

3. മുറ. നിങ്ങളുടെ എല്ലാ വസ്തുവകകളും സാധനങ്ങളും അവയുടെ സ്ഥാനത്തു സൂക്ഷിക്കുക. നിങ്ങളുടെ പ്രവത്തനം ഓരോന്നും അതാതിൻെറ സമയത്തു നടക്കട്ടെ.

4 ദൃഢനിശ്ചയം. നിങ്ങൾക്ക് ചെയ്യേണ്ടതു് ചെയ്യുതീക്കുകതന്നെചെയ്യും എന്നു ദൃഢമായി നിശ്ചയിക്കുക. ഇങ്ങനെ നിശ്ചയിക്കുന്നതു് തെററിപ്പോകാതെ പ്രവൃത്തിയിൽ കൊണ്ടുവരിക.

5. മിതവ്യയശീലം. മററുള്ളവക്കോ നിങ്ങൾക്കോ നന്മയ്ക്കായിട്ടല്ലാതെ ഒന്നും ചെലവാക്കാതിരിക്ക. യാതൊന്നുമേ നഷ്ടപ്പെടുത്തരുത്.

6. നിസ്തന്ദ്രത. സമയം പാഴിൽ കളയരുതു്. പ്രയോജനകരമായ എന്തെങ്കിലും വ്യവസായത്തിൽ എപ്പോഴും ഏപ്പെട്ടിരിക്കുക. ആവശ്യകമല്ലാത്ത പ്രവത്തനം വിട്ടുകളയുക.

7. ആത്മാത്ഥത. ഉപദ്രവകരമായ ചതി ഒരിക്കലും അരുതു്. നിഷ്പാപവും ന്യായ്യവും ആയവിധം ചിന്തിക്കുക. സംസാരിക്കുന്നെങ്കിൽ അങ്ങനെമാത്രം സംസാരിക്കുക.

8. ന്യായം. ഉപദ്രവം ഉണ്ടാക്കിവച്ച് അന്യൎക്ക് തിന്മ ചെയ്യരുത്. നിങ്ങളുടെ ചുമതലയുള്ള അന്യോപകാരം ചെയ്യാതിരിക്കരുത്.

9. സംതൃപ്തി. ഏതൊന്നും അങ്ങേ അററം എന്ന നില അരുത്. എന്തെങ്കിലും ഉപദ്രവം തട്ടുമ്പോൾ കോപിക്കുക എന്ന ശീലത്തിൽനിന്നു ഉചിതമെന്നു തോന്നുന്നത്ര പിൻമാറുക.

10. ശുചിത്വം. ശരീരം, വസ്ത്രങ്ങൾ, പതിവുകൾ എന്നിവ സംബന്ധിച്ച ശുചിത്വക്കേടുകൾ ഒരിക്കലും ക്ഷമിക്കാതിരിക്കുക.

11. ശാന്തത. നിസ്സാരകാൎയ്യങ്ങളിൽ ക്ഷോഭിക്കരുത്. സാധാരണയുള്ളവയോ ഒഴിച്ചുകൂടാൻ പാടില്ലാത്തവയോ ആയ യദൃച്ഛാസംഭവങ്ങളിൽ ഇളകിപ്പോകരുത്.

12. ചാരിത്രശുദ്ധി. സുഖാനുഭവം ആരോഗ്യവൎദ്ധനവിന്നു മാത്രമായിരിക്കട്ടെ. അതല്ലാതെ നിരുത്സാഹതയ്ക്കോ ദുർബ്ബലതയ്ക്കോ ആയിപ്പാടില്ല.

13. വിനയം. യേശുക്രിസ്തുവിന്റേയും സോക്രട്ടീസ്സിന്റേയും അനുകരിക്കുക.

എന്റെ ഉദ്ദേശം മേൽപറയപ്പെട്ട എല്ലാ സൽഗ്ഗുണങ്ങളും പതിവാക്കിവയ്ക്കുക എന്നതായതിനാൽ എല്ലാംകൂടെ ഒന്നിച്ച സ്വാധിനമാക്കി ശ്രദ്ധയെ വികീൎണ്ണമാക്കുന്നതിനേക്കാൾ ഭേദം, ഒരു സമയത്ത് ഇവയിൽ ഒരെണ്ണംവീതം സ്വാധീനമാക്കുകയായിരിക്കും എന്നു നിശ്ചയിച്ചു. അത് സ്വാധീനമാക്കിയശേഷം അടുത്ത ഗുണത്തിലേക്ക് പ്രവേശിക്കാം എന്നരീതി. ഇങ്ങനെ പതിമ്മൂന്നുഗ്ഗുണങ്ങളും പരിപൂൎണ്ണസ്വാധീനതയിൽ കൊണ്ടുവരിക. സ്വാധീനമാക്കിക്കഴിഞ്ഞ ചില ഗുണങ്ങൾ മററുള്ളവയെ വശത്താക്കുവാൻ സഹായിക്കുമല്ലോ. ഈ രീതി ആസ്പദമാക്കിയത്രേ അവയ്ക്കു പ്രഥമ ദ്വിതീയ തൃതീയാദിസ്ഥാനങ്ങൾ കല്പിക്കപ്പെട്ടിരിക്കുന്നത്. ആദ്യ

ത്തെഗ്ഗുണമായ മിതത്വം, ഇതിനു പ്രഥമസ്ഥാനം നൽകാൻ കാരണം, അക്ഷോഭ്യവും അതിവ്യക്തവുമായവിധം ഹൃദയം പരിപാലിക്കുക എന്ന വസ്തുത ആധാരമാക്കിയാകുന്നു നിരന്തരമായ പ്രവൃത്തിക്ഷമത സൂക്ഷിക്കേണ്ടതും, പഴയപഴയ പതിവുകൾക്കെതിരായി പുലർത്തേണ്ടതും തുടരെത്തുടരെയുള്ള നിരവധി ആകർഷണങ്ങൾക്ക് വിധേയമാകുന്നതും ആണല്ലോ ഹൃദയം ഈ ഹൃദയത്തിൻെറ നിയന്ത്രണം സ്വാധീനമാക്കിപ്പരിപാലിക്കാമെങ്കിൽ 'നിശ്ശബ്ദത' എന്നഗുണം താനേവന്നുകൊള്ളും. ഇങ്ങനെ മാനസികഗുണങ്ങൾ കൈവശപ്പെടുത്തുന്നതോടുകൂടി എൻെറ ലക്ഷ്യം വിജ്ഞാനസമ്പാദനവുംകൂടെയായിരുന്നതിനാൽ, സംഭാഷണങ്ങളിൽ ശ്രോതാവായിരിക്കുകയാണ് വക്താവായിരിക്കുന്നതിനേക്കാൾ നല്ലതു് എന്ന തത്വമനുസരിച്ച് ഒരുവക നിസ്സാരരുമായുള്ള കൂട്ടുകെട്ടിൽ നേരമ്പോക്കുപറയുക, കളിയാക്കുക എന്നീ വ്യാപാരങ്ങളിൽനിന്നു ഞാൻ പിന്തിരിഞ്ഞു. ഇങ്ങനെ നിശ്ശബ്ദതയ്ക്ക് രണ്ടാമത്തെ സ്ഥാനം കല്പിച്ചു. 'നിശ്ശബ്ദത' എന്ന ഈ തത്വവും അടുത്തതായ "ക്രമപരിപാലന"വും എൻെറ പദ്ധതികൾക്കും പഠിപ്പിനും വളരെ ഉപകാരപ്രദമായിരിക്കും എന്നു ഞാൻ കണ്ടു. അടുത്ത സ്വഭാവഗുണമായ 'ദൃഢനിശ്ചയം' എന്നതു് ഒരിക്കൽ കൈക്കൊണ്ടുപോയാൽ തുടർന്നുള്ള സകല ഗുണങ്ങളും സ്വാധീനമാക്കാൻ അതുതന്നെ സഹായിക്കും. അടുത്തതായ മിതവ്യയശീലവും നിസ്തന്ദ്രതയും എൻെറ അവശേഷിക്കുന്ന കടം വീട്ടാൻ സഹായിക്കും എന്നു മാത്രമല്ല, ദാരിദ്ര്യവിമുക്തമായ ഒരു നല്ല നിലയിലേയ്ക്ക് എന്നെ എത്തിക്കുകയുംചെയ്യും. 'പിഥാഗറസ്സ്' എന്ന തത്വജ്ഞാനിയുടെ മഹനീയോപദേശം അനുസരിച്ച് ആത്മപരിശോധനയും ആവശ്യമാകും. ആ പരിശോധനയ്ക്ക് ഇങ്ങനെ ഞാൻ ഒരു പദ്ധതി രൂപീകരിച്ചു.

ഞാൻ ഒരു ചെറിയ നോട്ടുബുക്കുണ്ടാക്കി അതിലെ ഓരോ പുറവും ഓരോ സൽസ്വഭാവത്തിനുവിട്ടു. ചുവന്ന മഷികൊണ്ടു ഓരോ പുറവും നെടുകെ റൂളിട്ടു ഓരോന്നും ആഴ്ചയിലെ ഓരോ ദിവസം കാട്ടുന്നവിധം. ഏഴുകാളത്തിൽ ദിവസങ്ങളുടെ പേരുകൾ. അതിനുശേഷം ഈ റൂളുകൾക്കെതിരായി പതിമ്മൂന്നുകാളം വരുന്ന റൂളുകൾ. ഓരോ കാളത്തിലും അതാതു സ്വഭാവത്തിൻെറ പേരും. ഏതെങ്കിലും ദിവസം ഈ പറയുന്ന ഏതെങ്കിലും സ്വഭാവത്തിനു ഹാനിതട്ടിപ്പോയെങ്കിൽ അതു ഒരു കറുത്ത പുള്ളികൊണ്ടു് അടയാളപ്പെടുത്തുകയുംചെയ്തു.

പുറങ്ങളുടെ രൂപം.

മിതത്വം.

മന്ദതഭവിക്കുംവരെ ഭക്ഷിക്കരുതു്. തുള്ളിച്ചാടുന്ന നിലവരെ കുടിക്കരുതു്.

| | ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|---|
| മിതത്വം | | | | | | | |
| നിശ്ശബ്ദത | * | * | | * | | * | |
| മുറ | * | * | | | * | * | * |
| ദൃഢനിശ്ചയം | | * | | | | * | |
| മിതവ്യയശീലം | | * | | | | * | |
| നിസ്തന്ദ്രത | | | * | | | | |
| ആത്മാൎത്ഥത | | | | | | | |
| ന്യായം | | | | | | | |
| സംതൃപ്തി | | | | | | | |
| ശുചിത്വം | | | | | | | |
| ശാന്തത | | | | | | | |
| ചാരിത്രശുദ്ധി | | | | | | | |
| വിനയം | | | | | | | |

മേൽ കാണിച്ച ഓരോ സൽസ്വഭാവവും സ്വാധീനമാക്കുന്ന കാൎയ്യത്തിൽ ഒരാഴ്ച അതികഠിനമായ ശ്രദ്ധതന്നെ ഞാൻ സ്വീകരിച്ചു. ഇങ്ങനെ ആദ്യത്തെ ആഴ്ചയിൽ ഏററവും വലിയ ആകാംക്ഷ പതിഞ്ഞതു് 'മിതത്വ'ത്തിന്നെതിരായുള്ള അത്യല്പമായ വിലംഘനം പോലും വരാൻ പാടില്ല എന്നതിലായിരുന്നു. മററു സ്വഭാവാംശങ്ങളെ ഓരോ സന്ദൎഭത്തിനനുഗുണമായി കൈക്കൊള്ളാമെന്നും കരുതി. ഓരോ ദിവസവും വൈകുന്നേരം ഞാൻ വരുത്തുന്ന തെററു

കളും അടയാളപ്പെടുത്തി. ഇങ്ങനെ ആദ്യത്തെ ആഴ്ചയിൽ മിതത്വം എന്നു അടയാളപ്പെടുത്തിയകാളം യാതൊരു കറുത്ത പുള്ളിയുമില്ലാതെ സൂക്ഷിക്കാറായാൽ ആ സ്വഭാവവിശേഷം എന്നിൽ ബലപ്പെട്ടു എന്നു് എനിക്കു കരുതാമല്ലോ. അതിനു എതിരായുള്ള സ്വഭാവം കേവലം ദുർബ്ബലമായുംതീരും. അതിനുശേഷം അടുത്ത സ്വഭാവം. അടുത്ത ആഴ്ച ആ സ്വഭാവത്തിൻെറ കാളത്തിലും കറുത്ത പുള്ളികളില്ലെങ്കിൽ രണ്ടുകാളം പരിശുദ്ധമായി എന്നു കരുതും. ഇങ്ങനെ ആദ്യം മുതൽ അവസാനംവരെ പതിമ്മൂന്നു കാളങ്ങളും കറുത്ത പുള്ളികളില്ലാത്തതായിത്തീരുവാൻ പതിമ്മൂന്നു ആഴ്ചവട്ടം വേണ്ടിവന്നു. ഒരു വർഷത്തിൽ ഇങ്ങനെ നാലുപരിപാടികൾ. സ്വന്തം തോട്ടത്തിൽ പാഴ്ച്ചെടികൾ ധാരാളമായി വളൎന്നുനിൽക്കുന്നവ കാണുന്ന ഉടമസ്ഥൻ ഒരു ദിവസംകൊണ്ടല്ലല്ലോ അവ മുഴുവൻ പറിച്ചുകറവുന്നതു്. ഓരോ ദിവസവും തോട്ടത്തിൻെറ ഓരോ ഭാഗത്തിരുന്നു ശാന്തമായി ഓരോ കളയും പറിച്ചുകളയുന്നതായല്ലേ നാം കാണുക? ഇങ്ങനെ ഞാനും ഓരോ ദിവസവും എൻെറ സ്വഭാവത്തിലുള്ള ഓരോ ദൂഷ്യവശവും അകററി പതിമ്മൂന്നു ആഴ്ചക്കാലത്തെ ദൈനംദിനമുള്ള പരിശോധനയിൽ അത്തരം സ്വഭാവദൂഷ്യങ്ങളെല്ലാം നിശ്ശേഷം വിട്ടുമാറി.

എൻെറ ഈ ചെറുപുസ്തകത്തിൽ മുദ്രാവാക്യമായി സ്വീകരിച്ചിരുന്നതു്, അഡിസൻ എന്ന പണ്ഡിതൻെറ 'കേയ്റേറാ'ഗ്രന്ഥത്തിലെ,—

"ഇന്നിതേപരമാൎത്ഥം; നമുക്കു്മേലായ്ശക്തി-<br>
യൊന്നുണ്ടോ?ഉണ്ടെന്നുതാൻസ്വന്തനിൎമ്മിതികളാൽ<br>
വന്ദ്യയാംപ്രകൃതിയുംഘോഷിപ്പൂ;ശക്തിയായ-<br>
തെന്നുമേരമിപ്പതും സൽസ്വഭാവത്തിലത്രേ;<br>
ആശക്തിയേതൊന്നിന്മേലുല്ലസിക്കുന്നുനമു-<br>
ക്കാശിക്കാമതൊന്നത്രേ സാക്ഷാത്താമാനന്ദമായ്."

ഈ വരികളായിരുന്നു.

മറെറാന്നു് ബുദ്ധിയേയും സ്വഭാവമാഹാത്മ്യത്തേയുംപററി സോളമൻ പറയുന്ന ഭാഗം:—

"അവളുടെ വലതുകൈയിൽ ദിവസങ്ങളുടെ ദൈൎഘ്യം അമൎന്നുകാണുന്നു. ഇടതുകൈയിലാകട്ടെ, സമ്പത്തു്, ബഹുമതി എന്നിവയും. അവളുടെ മാൎഗ്ഗങ്ങൾ അത്യന്തം സന്തോഷകരങ്ങളും അവളുടെ ചെറുവഴികൾ ഏററം സമാധാനരൂപങ്ങളും ആകുന്നു."

സകലബുദ്ധിശക്തിയുടേയും ഉറവിടമായി ഞാൻ ദൈവത്തെ കരുതി. ആ ബുദ്ധിശക്തി ലഭിക്കുവാൻ അദ്ദേഹത്തിൻെറ കാരുണ്യമത്രേ ഞാൻ പ്രതീക്ഷിക്കേണ്ടതായിരുന്നതു്. ഇതിന്നുവേണ്ടി ഞാൻ താഴെക്കാണുന്ന പ്രാർത്ഥന നിർമ്മിച്ചു്, ദൈനന്ദിനപരിശോധനയ്ക്കുള്ള നോട്ടുബുക്കിൽ ചേർത്തു.

“പ്രഭാവവാനായ ജഗദീശ്വര, ഔദാര്യനികേതനമായപിതാവേ, കാരുണ്യസ്വരൂപനായ ദൈവമേ, എൻെറ യഥാർത്ഥമായ താല്പര്യങ്ങളെ വെളിപ്പെടുത്തുന്ന എത്രയും സത്യസന്ധതയുള്ള ആ ബുദ്ധിശക്തിയെ എന്നിൽ വർദ്ധിപ്പിക്കേണമേ. ആ ബുദ്ധിശക്തിയുടെ അനുശാസനം അനുസരിച്ചു പ്രവർത്തിക്കുവാൻ എൻെറ ദൃഢനിശ്ചയത്തെ ബലപ്പെടുത്തേണമേ. അവിടുന്നു് എൻെറമേൽ വർഷിക്കുന്ന തുടർന്ന അനുഗ്രഹങ്ങൾക്കു പകരമായി ഒരൊററപ്രതിഫലമായി അവിടുത്തെ മററുകുഞ്ഞുങ്ങളുടെ നന്മയ്ക്കുവേണ്ടി ഞാൻ ചെയ്യുന്ന സൽക്കർമ്മങ്ങളെ സ്വീകരിക്കണമേ.”

തോംസൺ എന്ന കവിയുടെ കവിതകളിൽനിന്നു ഒരു ഭാഗവും ഞാനൊരു ചെറുപ്രാർത്ഥനയായി ചൊല്ലാറുണ്ടു്:—

“വെളിച്ചവും ജീവനുമായവയ്ക്കു്
സാക്ഷാൽപിതാവായ ജഗൽപ്രഭോ, നീ,
എതൊന്നു താൻ നന്മയതിങ്ങുചൊല്ലി-
ത്തരേണമേ നിന്നുടെയുണ്മയേയും”

“ദുർഗ്ഗർവ്വു്, ദൗഷ്ട്യം, മതിഹീനതാദി-
ദൂഷിച്ചമാർഗ്ഗങ്ങളിൽനിന്നുമെന്നെ,
അകററിരക്ഷിക്കതിനീചമായ-
തപ്പാടെ ഞാൻ വിട്ടുസുഖം ഭജിക്കാൻ”

“വിജ്ഞാനവും ശാന്തിയുമായപോലെ
സാൽഗുണ്യവും ശുദ്ധിയുമെന്നിലെത്താൻ
വിഭോ! കടാക്ഷിക്കണമെൻെറയാത്മാ-
വിമ്മട്ടു രക്ഷിക്കുക സർവ്വശക്ത!”

മുറ പരിപാലിക്കുക എന്ന സ്വഭാവവിശേഷം പുലർത്തുന്നതിനു് എൻെറ കൃത്യങ്ങൾ ഓരോന്നും ഓരോന്നിനും നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയത്തുതന്നെ നിർവ്വഹിച്ചിരിക്കണമല്ലോ. അതിലേയ്ക്കു് ഒരുദിവസത്തിൻെറ ഇരുപത്തിനാലുമണിക്കൂറും ഞാൻ എങ്ങനെ വിഭജിച്ചു് അതാതുകൃത്യങ്ങൾ നടത്തിവന്നു എന്നതു് താഴെക്കാണുന്നപദ്ധതി നോക്കി നിശ്ചയിക്കാം:—

| | മണി. | |
|---|---|---|
| പ്രഭാതം.<br>ചോദ്യം:—ഇന്നു ഞാൻ എന്തു നന്മയാണു ചെയ്യേണ്ടതു്? | 5<br>6<br>7 | എഴുന്നേൽക്കുക, ശരീരം ശുചിപ്പെടുത്തൽ, ഈശ്വരഭജനം, അന്നത്തെ കൃത്യങ്ങൾക്കൊരു പ്ലാൻ തയാറാക്കുക. ആ ദൃഢനിശ്ചയം നടപ്പിൽവരുത്തുക. ഉടനേവേണ്ട പുസ്തകവായന, പ്രഭാതഭക്ഷണം. |
| | 8<br>9<br>10<br>11 | ജോലി. |
| ഉച്ച | 12<br>1 | വായന, സ്വന്തം കണക്കുകൾ നോക്കുക, ഭക്ഷണം കഴിക്കുക. |
| | 2<br>3<br>4<br>5 | ജോലി. |
| സായാഹ്നം.<br>ചോദ്യം:—ഇന്നു ഞാൻ എന്തു നന്മയാണു ചെയ്തതു്? | 6<br>7<br>8<br>9 | ഓരോ സാധനവും അതാതിൻെറ സ്ഥാനത്തു വയ്ക്കുക. രാത്രിയിലത്തെ ഭക്ഷണം. പാട്ടു് അഥവാ മററു രസകരമായ സമയയാപനം. സംഭാഷണം. അന്നത്തെ പകൽ കഴിഞ്ഞതുസംബന്ധിച്ച പരിശോധന. |
| രാത്രി. | 10<br>11<br>12<br>1<br>2<br>3<br>4 | ഉറക്കം. |

ഈ പദ്ധതിയുടെ വിജയകരമായ നിർവഹണത്തിലാണു്, അനന്തരം എൻെറ ശ്രദ്ധ ഗാഢമായിപ്പതിഞ്ഞതു്. സ്വയം പരി

ശോധനത്തിന്നു് ഇതു് അനപേക്ഷണീയമായിത്തീൎന്നുവെങ്കിലും ചിലപ്പോൾ ചില തടസ്സങ്ങൾ സംഭവിക്കാതിരുന്നിട്ടുമില്ല. ഇങ്ങനെയുള്ള ആത്മപരിശോധന കഴിഞ്ഞപ്പോഴല്ലേ അറിഞ്ഞതു്, ഞാൻ ഉദ്ദേശിച്ചതിനേക്കാൾ കൂടുതലായി ഞാൻ തെററുചെയ്യുപോന്നുവെന്നു്. എന്നാൽ അവ ക്രമേണ കുറഞ്ഞുവരുന്നതായി കണ്ട ഒരു സമാധാനം എനിക്കുണ്ടായിരുന്നുവെന്നു പറഞ്ഞുകൊള്ളട്ടേ. പഴയ തെററടയാളങ്ങൾ ചുരണ്ടി ദ്വാരങ്ങൾനിറഞ്ഞ ചെറുനോട്ടുബുക്കു് കൂടെക്കൂടെ പുതുക്കുന്ന ഉപദ്രവം ഒഴിക്കുന്നതിനു് എന്റെ പട്ടികകളും തത്വങ്ങളും ദന്തപ്പലകപോലുള്ള കടലാസ്സുകൊണ്ടു തുന്നിയ ഒരു നോട്ടുബുക്കിൽ കുറിച്ചു ഇതിലെ വരകൾ ചുവന്ന മഷികൊണ്ടും തെററുകൾ പെൻസിൽകൊണ്ടും അടയാളപ്പെടുത്തി. പെൻസിലടയാളങ്ങൾ വെള്ളംനനച്ച സ്പഞ്ചുകൊണ്ടു് തുടച്ചു വൃത്തിയാക്കാമല്ലോ. ചുവന്ന മഷികൊണ്ടുള്ള വരകൾ മായാതെ നില്ക്കുകയുംചെയ്യും. കുറേമാസങ്ങൾക്കുശേഷം ഒരു വൎഷത്തിൽ ഞാൻ ഒരു പദ്ധതിമാത്രമേ കാൎയ്യമായി നോക്കിയുള്ളു. അതിനുശേഷം അനവധി വൎഷങ്ങളിൽ ഒരു തവണയെന്ന നിലവന്നു. ഒടുവിൽ അവയെ നിശ്ശേഷം വിട്ടു. കാരണം ദൂരദേശയാത്രകളും അന്യദേശത്തുള്ള പ്രവൎത്തനങ്ങളും ആയിരുന്നു. അനേകമനേകം സംഗതികളിൽ എനിക്കപ്പോൾ പ്രവൎത്തിക്കാനുണ്ടായിരുന്നു. എന്നാൽ എന്തെല്ലാമായാലും ഞാൻ ആ ചെറുപുസ്തകം എപ്പോഴും എന്റെ പക്കൽത്തന്നെ സൂക്ഷിച്ചുപോന്നു.

'മുറ പരിപാലിക്കുക' എന്ന പദ്ധതിയാണു് എനിക്കു് വളരെ ബുദ്ധിമുട്ടുണ്ടാക്കിയതു്. സമയക്കണക്കനുസരിച്ചു് കാൎയ്യങ്ങൾ നടത്തുന്നതിനു് ഒരു അച്ചടിക്കാരനെപ്പോലെയുള്ള കീഴ്ജീവനക്കാരനു കഴിയും എന്നാൽ ഒരു യജമാനന്നു കഴിയില്ല. അയാൾക്കു് ബാഹ്യലോകവുമായി കഴിഞ്ഞുകൂടണമെന്നു മാത്രമല്ല, ഓരോ പ്രവൎത്തനംസംബന്ധിച്ചു് എത്തുന്നവരെ അതാതു് സമയമനുസരിച്ചു സ്വീകരിക്കുകയും വേണമല്ലോ. ഇതുപോലെ കടലാസ്സു് മുതലായ സാധനങ്ങൾ നിൎദ്ദിഷ്ടസ്ഥാനങ്ങളിൽ സൂക്ഷിച്ചുകൊള്ളുക എന്നതും കുറെ വിഷമമായിത്തന്നെ തോന്നി. നേരത്തേതന്നെ ഇങ്ങനെ ഒരു അടുക്കും മുറയും ഞാൻ പരിശീലിച്ചിരുന്നില്ല. നല്ല ഓൎമ്മശക്തിയുണ്ടായിരുന്നതുനിമിത്തം ഓരോ സാധനങ്ങൾ വെയ്ക്കുന്ന സ്ഥലങ്ങൾ എനിക്കു് നല്ലപോലെ ഓൎക്കാൻസാധിക്കുകയും ചെയ്യും. എന്നാൽ 'മുറപരിപാലിക്കുക' എന്ന ഈ തത്വം കുറെയേറെ ശ്രദ്ധയോടെ മാത്രമാണു് നിൎവ്വഹിക്കപ്പെടേണ്ടിയിരുന്നതു്. ഇതു സംബന്ധിച്ചു് ഞാൻ വരുത്തിക്കൂട്ടിയ തെററുകൾ എന്നെ കുറെ

യൊക്കെ കണ്ടിതപ്പെട്ടത്തുകയും ചെയ്യു. അതിനാൽ ഈ തത്വം തൽക്കാലം അനുസരിക്കാൻ വിഷമമെന്നുകണ്ടു് വിട്ടുകളഞ്ഞുഎന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഇക്കാര്യംസംബന്ധിച്ചു ഞാനൊരു തെററുകാരൻതന്നെയായിക്കൊള്ളാമെന്നു കരുതി. പണ്ടൊരാൾ ഒരു മഴവാങ്കി അതിൻെറ വായ്ത്തലപോലെ മററുഭാഗവും മിനുസപ്പെടുത്തണമെന്ന ഉദ്ദേശത്തിൽ ഒരു ഇരുമ്പുപണിക്കാരൻെറ അടുത്തെത്തി സ്വന്തആഗ്രഹം അറിയിച്ചു. ആവശ്യക്കാരൻ ചാണക്കയെറൊന്നു പിടിച്ചുകൊള്ളാമെങ്കിൽ മഴ മിനുസപ്പെടുത്താമെന്നു ഇരുമ്പുപണിക്കാരൻ സമ്മതിച്ചു. ഉടമസ്ഥൻ സമ്മതിച്ചു ഇരുമ്പുപണിക്കാരൻ മഴ ചാണക്കല്ലിന്മേൽവെച്ചു ചേർത്തുപിടിച്ചു. ഉടമസ്ഥൻ ചാണക്കയർ പിടിച്ചുവലിച്ചു ചക്രം തിരിക്കുകയായി. ഈ ഉദ്യമത്തിൽ അയാൾ കുറെ അധികം വിഷമിച്ചു. കൂടെക്കൂടെ ഇരുമ്പുപണിക്കാരനോടു് അയാൾ "പോരേ?, ശരിയായില്ലേ?" എന്നൊക്കെ ചോദിക്കുന്നുണ്ടായിരുന്നു. "പോരാ, ശരിയായില്ല" എന്നു് ഇരുമ്പുപണിക്കാരൻ ആവത്തിച്ചു ഉത്തരവും. ഒടുവിൽ കയർപിടിച്ചു വിഷമിച്ച ഉടമസ്ഥൻ അയാളുടെ മഴവുംവാങ്ങി തിരിച്ചുവത്രേ. ഏകദേശം ഇതുപോലെയാണു് ചീത്ത പതിവുകൾ നിറുത്തുവാനും പുതിയവ കൈക്കൊള്ളുവാനുമുള്ള ഉദ്യമങ്ങളും. സ്വഭാവവൈശിഷ്ട്യം യാതൊരു പോരായ്മയുംകൂടാതെ പുലർത്തിക്കൊൾക എന്നതു് കേവലം അസാദ്ധ്യംതന്നെ. നിശ്ശേഷം സമ്പൂർണ്ണമായ സ്വഭാവവിശേഷത്തോടുകൂടെ ഉണ്ടാകുന്നതു മററുള്ളവരുടെ അസൂയയും ജുഗുപ്സയും ആയിരിക്കും. അതിനാൽ നിശ്ശേഷം തെററുകളില്ലാത്ത ഒരു ജീവിതം അത്രവളരെ പ്രായോഗികമായി പുലർത്താവുന്നതല്ലെന്നുതന്നെ ഞാൻ സമാധാനപ്പെട്ടു.

പരമാർത്ഥത്തിൽ ഈ 'മുറപരിപാലിപ്പു്' എന്ന ഇനത്തിൽ ഞാൻ ഒരിക്കലും ശരിയാകാത്തവിധത്തിൽ അത്രമാത്രം അധഃപതിച്ചു എന്നു സമ്മതിക്കുന്നു. ഇപ്പോൾ ഞാനൊരു വൃദ്ധനായിരിക്കുന്ന സ്ഥിതിക്കു് ഓമ്മശക്തി വളരെ കുറവുതന്നെ. അന്നത്തെ ആ മുറ പരിപാലിച്ചു് തുടന്നു വന്നിരുന്നെങ്കിൽ നന്നായേനെ എന്നിപ്പോൾ തോന്നുന്നു. എന്നാൽ പൊതുവേ പറയുന്ന പക്ഷം, ഞാൻ സമ്പൂർണ്ണതയിൽ എത്തിയില്ല എങ്കിലും അങ്ങനെ ഒരു നില ഉണ്ടായിരിക്കണമെന്നു ശക്തിയേറിയ ആഗ്രഹമുള്ളവനായിരുന്നു. പക്ഷേ, അതിനു സാധിക്കാതെവന്നു എന്നേയുള്ളു. എന്നാലും വളരെ ശ്രമംകൊണ്ടു് ഞാൻ കഴിയുന്നതും സന്തോഷവാനും നല്ലവനും ആയിത്തീന്നിരിക്കാം. ശില്പികൾ കൊത്തിയെടുക്കുന്ന അക്ഷരം അതേപടി അനുകരിക്കുന്നവക്കു് ആ രീതി

തന്നെ ലഭിച്ചില്ലെങ്കിലും ഒരുവിധം അഭിവൃദ്ധി അക്ഷരവിന്യാസപരമായി സിദ്ധിക്കാതിരിക്കയില്ലല്ലോ.

ഒരു വസ്തുത എന്റെ അനന്തരപരമ്പരകളെ അറിയിക്കവാൻ ഞാൻ ആഗ്രഹിക്കുന്നു. മേൽ പ്രസ്താവിച്ചപ്രകാരം ഒരു പ്രത്യേകമാൎഗ്ഗം അവലംബിക്കയാലായിരുന്നു, ദൈവികാനുഗ്രഹത്തോടുകൂടി ഈ പൂൎവ്വപിതാമഹൻ നിരന്തരമായ സുഖസന്തോഷങ്ങൾ എഴുപത്തൊൻപതാമത്തെ വയസ്സുവരെ പുലത്തിപ്പോന്നതു് എന്നു് അടുത്തതലമുറകൾ അറിയട്ടെ. ഇനിയുള്ള കാലശേഷത്തിൽ എന്താണു് സംഭവിക്കുന്നതു് എന്ന കാൎയ്യം ദൈവാനുഗ്രഹത്തിന്റെ സ്വഭാവം ആശ്രയിച്ചായിരിക്കും. പക്ഷേ പ്രതികൂലമായി എന്തെങ്കിലും സംഭവിക്കുമെങ്കിൽത്തന്നെ കഴിഞ്ഞ കാലത്തു് ഞാൻ അനുഭവിച്ച സുഖസന്തോഷങ്ങളെപ്പററിയുള്ള സ്മരണമാത്രം മതി, വന്നുസംഭവിക്കാവുന്ന ഏതും സഹിക്കുവാൻ എന്നെ ധൈൎയ്യപ്പെടുത്തുന്നതിനു് എന്നെനിക്കു് ധാരാളം ആശ്വസിക്കാം. 'മിതത്വം' എന്ന ആ പ്രത്യേകശീലം ഞാൻ പരിപാലിക്കുക നിമിത്തമാണു് ഇന്നും രോഗവിഹീനമായ ഒരു ശരീരം എനിക്കുള്ളതു്. പരിശ്രമവും മിതവ്യയശീലവും ആദിമകാലങ്ങളിലുള്ള എന്റെ ലഘുജീവിതപ്രതിപത്തിയും സമ്പാദിക്കാൻ സാധിച്ച അത്യല്പമായ സ്വത്തും, പ്രയോജനകരമായ ജീവിതം നടത്തുവാനുള്ള അറിവും നിമിത്തം എനിക്കു് വിദ്വാന്മാരുടെ കൂട്ടത്തിൽപ്പോലും ഏതാണ്ടു് കീൎത്തിനേടുന്നതിനു സാധിച്ചു. ഈ എഴുത്തുകാരന്റെ ആത്മാൎത്ഥതയും ന്യായബോധവും നിമിത്തമായിരുന്നു, രാജ്യവാസികൾ ഒട്ടാകെ വേണ്ട വിശ്വാസം ഈ ആളിൽ പുലത്തിപ്പോന്നതു്. അതുപോലെതന്നേയാണു് ഈയുള്ളവനിൽ അൎപ്പിച്ചിരുന്ന എത്രയോ ബഹുമാന്യങ്ങളായ ഉദ്യോഗങ്ങളുടെ സ്വഭാവവും. ഇങ്ങനെ ഈ ഒരൊററവ്യക്തിയിൽ സൽസ്വഭാവങ്ങൾ എത്ര അപൂൎണ്ണമായ നിലയിൽ ആണെങ്കിലും സംയോജിക്കുകനിമിത്തമത്രേ ബഹുമാന്യസ്ഥാനങ്ങൾ ലഭിക്കുവാൻ ഇടയായതു്, സ്വഭാവത്തിലുള്ള ശാന്തതയും സംഭാഷണങ്ങളിൽ പൊതുവേ കാട്ടിപ്പോന്ന പ്രസന്നതയും ഈ എഴുതുന്നയാൾക്കു് സുഹൃത്തുക്കൾ ധാരാളം ലഭിക്കുവാൻ ഇടനൽകി. യുവാക്കന്മാൎക്കും ഈ എഴുത്തുകാരന്റെ സാഹചൎയ്യം മുഷിവുവരുത്തിയില്ല. ഇക്കാരണങ്ങളാൽ ഇവന്റെ പിൻഗാമികൾ ഈ സ്വഭാവം അനുകരിക്കുവാൻ ശ്രമിച്ചു് അതിന്റെ സൽഫലങ്ങൾ അനുഭവിക്കുമാറാകട്ടെ.

എന്റെ മേൽവിവരിച്ച പദ്ധതി മതവിശ്വാസത്തെ തീരെ പുറം തള്ളിയിരുന്നില്ലെങ്കിലും ഏതെങ്കിലും ഒരു വിശ്വാസിസംഘ

ടനയുടെ യാതൊരു പ്രത്യേകതത്വങ്ങളും ഉൾക്കൊള്ളുന്നതും അല്ലായിരുന്നു. ഞാൻ അവയെ മനഃപൂർവ്വമായി ഉപേക്ഷിച്ചു. എന്റെ പദ്ധതി വളരെ പ്രയോജനകരമായിരിക്കുമെന്നും ശ്രേഷ്ഠമാണെന്നും എനിക്കു് നല്ല ബോധമുണ്ടായിരുന്നതിനാലും എല്ലാമതാനുയായികൾക്കും അതു് സ്വീകാര്യമായിരിക്കും എന്നു തോന്നിയതിനാലും അതു പ്രസിദ്ധപ്പെടുത്തണമെന്നുദ്ദേശിച്ചിരുന്നതിനാലും യാതൊരു മതവിശ്വാസക്കാരേയും വേദനപ്പെടുത്തരുതെന്നു് ഞാൻ മുൻകൂട്ടി കരുതി.

ഓരോസ്വഭാവഗുണാംശത്തെപ്പററിയും ഓരോ ചെറുവ്യാഖ്യാനക്കുറിപ്പുകൾ എഴുതി അതാതുഗുണങ്ങൾ നമുക്കുണ്ടായിരുന്നാൽ സിദ്ധിക്കാവുന്നാമേന്മകൾ വിശദമാക്കുവാൻ ഞാൻ ഉദ്ദേശിച്ചു. ആ സ്വഭാവഗുണങ്ങൾക്കു് വിപരീതമായാൽ വന്നുചേരാവുന്നതിന്മകൾ ഇന്നവയാണെന്നു വിശദീകരിക്കുവാനും ഞാൻ കരുതി. ഈ പ്രത്യേകകുറിപ്പുകൾക്കു് 'സ്വഭാവമാഹാത്മ്യകല' എന്നുപേരിടാനും നിശ്ചയിച്ചു സ്വഭാവമാഹാത്മ്യം വശത്താക്കുന്നതിനുള്ളമാർഗ്ഗങ്ങൾ ഈ കുറിപ്പുകൾനിമിത്തം വിശദീകരിക്കാനും ഇതുനിമിത്തംസാധിക്കുമല്ലോ. നന്മയോടുകൂടിയിരിക്കണമെന്നു ഉപദേശിക്കുന്നതിനേക്കാൾ മാർഗ്ഗനിർദ്ദേശം കൂടുതൽ ഗുണംചെയ്യും. കേവലംഗുണപരമായ ഉപദേശം ഗുണങ്ങൾനേടാനുള്ള മാർഗ്ഗംകാട്ടുന്നില്ലല്ലോ. വെറുംഉപദേശം വാക്കിൽമാത്രം ഔദാര്യം കാണിക്കുന്നതുപോലെയത്രേ. ഭക്ഷണവും വസ്ത്രവുമില്ലാത്തവരെ നോക്കി ആ അത്യാവശ്യങ്ങൾക്കുള്ള മാർഗ്ഗംകാട്ടിക്കൊടുക്കാതെ അവക്കു് വേണ്ടതുണ്ടാകുവാൻ ഉപദേശിക്കുന്നതുകൊണ്ടുമാത്രം മതിയാകുന്നതല്ല.

എന്നാൽ ഇങ്ങനെ പ്രസിദ്ധപ്പെടുത്തുവാൻ ഞാൻ ആഗ്രഹിച്ചതല്ലാതെ കാര്യംനടന്നില്ല. ഞാൻ സന്ദർഭംകിട്ടുമ്പോഴെല്ലാം ഓരോന്നു് ഇതേപ്പററി കുറിച്ചിടുമായിരുന്നു. എന്നാൽ അവയെല്ലാം കൂടെസ്വരൂപിച്ചു പ്രസിദ്ധപ്പെടുത്തുവാൻ പൊതുക്കാര്യങ്ങളിലും പ്രത്യേകിച്ചുള്ള സ്വന്തം കാര്യങ്ങളിലും എനിക്കു ധാരാളം പ്രവർത്തിക്കാനുണ്ടായിരുന്നതിനാൽ സാധിച്ചില്ലഎന്നുതന്നെ പറയാം.

ഇങ്ങനെ ഞാൻ പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിച്ചകുറിപ്പുകൊണ്ടു് ഒരു പ്രത്യേകസിദ്ധാന്തം വിവരിക്കണമെന്നും പ്രചരിപ്പിക്കണമെന്നുമാണു് എന്റെആഗ്രഹം. എന്തെന്നാൽ, അകൃത്യങ്ങൾ നാം ചെയ്യാൻ പാടില്ല എന്നാണല്ലോ നിയമം. സന്മാർഗ്ഗശാസനങ്ങൾ തടുക്കുന്നു എന്നതുകൊണ്ടല്ല അവ നിഷിദ്ധങ്ങൾ. പിന്നെയോ, അവ മനുഷ്യസമുദായത്തിന്നു് ഉപദ്രവകരങ്ങളായിരിക്കുന്നു

എന്നതിനാൽതന്നേയാണു്. അതിനാൽ ലോകത്തു് സുഖസന്തോഷങ്ങളോടെകഴിഞ്ഞുകൂടണം എന്നുദ്ദേശിക്കുന്ന ഏവനും സന്മാൎഗ്ഗനിഷ്ഠ അപരിത്യാജ്യമാകുന്നു. ലോകത്തു അനവധിധനവാന്മാരും, രാജകുമാരന്മാരും കച്ചവടക്കാരും പ്രഭുക്കന്മാരും ഉള്ളസ്ഥിതിക്കു് അവരുടെ ഓരോകാൎയ്യങ്ങൾ നിൎവ്വഹിക്കുന്നതിനു് നല്ല മാൎഗ്ഗങ്ങളും ഉപകരണങ്ങളും ഒഴിച്ചുകൂടാത്തവയാണല്ലോ. അതിനാൽ സത്യസന്ധതയും ആൎജ്ജവശീലവുംപോലെ ഉയൎച്ചയിലെത്തുവാൻ ഒരു പാവപ്പെട്ടവനു് വേറൊന്നുംതന്നെ അവലംബമാക്കാനില്ല എന്നു പറയുവാനും ഞാൻ ഈ പ്രസിദ്ധീകരണംകൊണ്ടു ഉദ്ദേശിക്കുന്നു.

എന്റെ ഈ സൽഗ്ഗുണങ്ങളുടെ രൂപീകരണം ആദ്യകാലങ്ങളിൽ പന്ത്രണ്ടു് എന്ന സംഖ്യയിൽ കലാശിച്ചിരുന്നു. വണക്കം, എന്നഗുണം അതിൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ എന്റെ ഒരു സ്നേഹിതൻ ഒരു പ്രത്യേകവസ്തുത ചൂണ്ടിക്കാണിച്ചു. ഞാൻ സാധാരണയാളുകളുടെ ദൃഷ്ടിയിൽ ഒരു അഹംഭാവിയാണെന്നും അന്യരുമായുള്ള സംഭാഷണങ്ങളിൽ എന്റെ ഈ അഹംമതിസ്വഭാവം നിഴലിടുന്നുണ്ടു് എന്നും, ഏതെങ്കിലുംകാൎയ്യത്തെപ്പററി വാദപ്രതിവാദം നടത്തുമ്പോൾ എന്റെ ഭാഗത്തേയ്ക്കു് വിജയംഉണ്ടായാൽമാത്രം പോര, പ്രതിയോഗിയെ അധിക്ഷേപിച്ചേ ഞാൻ അടങ്ങുകയുള്ളു എന്നും, ആ സ്നേഹിതൻ അറിയിച്ചു. ഈ ഒരുദോഷം തീൎച്ചയായും നിവാരണംചെയ്യപ്പെടേണ്ടതാണെന്നു് എനിക്കു തോന്നി. അതിനാൽ വണക്കം, എന്നൊരു സ്വഭാവംകൂടെ മേൽപ്പറഞ്ഞഗുണങ്ങളോടുകൂട്ടിച്ചേൎത്തു് വിപുലമായ അൎത്ഥത്തിൽ ആ ഗുണം പ്രത്യക്ഷരംഞാൻ അനുവൎത്തിച്ചുപോന്നു.

ഈ ഗുണത്തിന്റെ യഥാൎത്ഥസ്വഭാവം അൎത്ഥവത്തായി പരിപാലിക്കുവാൻ എനിക്കു് അത്രതന്നെ സാധിച്ചിട്ടില്ല. എന്നാൽ അതിന്റെ ഏകദേശഭാവമൊക്കെ ഞാൻ ഏതാണ്ടു പരിപാലിച്ചു എന്നേഉള്ളു. മററുള്ളവൎക്കു് നേരേവിപരീതമായിത്തോന്നുന്ന അഭിപ്രായങ്ങളെ ഞാൻ ഏതാണ്ടു് സഹനശീലത്തോടു് സ്വീകരിച്ചു. എനിക്കു സ്വീകാൎയ്യമല്ലാതെ മററുള്ളവർ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങളും ഇതുപോലെതന്നെ സഹിഷ്ണുതയോടെകേട്ടുവന്നു. തീൎച്ചയായും അങ്ങനെയാണു്, നിസ്സംശയമായും ഇതാണുശരിഎന്നും മററും തീൎത്തുപറയുന്നസ്വഭാവംനിൎത്തി. "എന്നെനിക്കുതോന്നുന്നു;" "എന്നാണെന്റെഅഭിപ്രായം" എന്നിങ്ങനെഅഭിപ്രായങ്ങളെ ഒന്നു മയപ്പെടുത്തി. എന്റെ ദൃഷ്ടിയിൽതെറെറന്നുതോന്നുന്ന ഒരു അഭിപ്രായം മററുള്ളവരിൽ ആരെങ്കിലും പുറപ്പെടുവിക്കുമ്പോൾ, പെട്ടെന്നു് ഞാൻ ആ അഭിപ്രായത്തെ സാഹസശീലത്തിൽ എതി

ക്കുന്നരീതി ഒന്നുവിട്ടു. വളരെ ശാന്തമായും വിവേകപൂർവ്വമായും മാത്രം അയാളെ എതിർത്തു സംസാരിക്കുകയും, മററുചില ഘട്ടങ്ങളിൽ അയാൾപറയുന്നതു് ശരിയാകാമെങ്കിലും തൽക്കാലം അതു് അപ്രകാരമല്ലഎന്നു വിനയത്തോടു് അറിയിക്കുകയും ചെയ്യുക ഒരു പതിവാക്കി. ഇങ്ങനെ ധാർഷ്ട്യം ഉപേക്ഷിച്ചതോടെ എൻെറ സംഭാഷണങ്ങൾ കൂടുതൽ സന്തോഷപ്രദങ്ങളായി. എൻെറ അഭിപ്രായങ്ങൾ വിനയസങ്കോചങ്ങളോടെ പുറപ്പെടുവിക്കുകയാൽ എതിരാളികളും അവയെ ക്ഷമാപൂർവം കേട്ടുവന്നു. അതുപോലെ തന്നെ, എനിക്കു തെററുപററുന്നതിനെപ്പററി സങ്കടപ്പെടേണ്ടതായുംവന്നിട്ടില്ല. അഥവാ ഞാൻ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ ശരിയാണെങ്കിൽ എന്നോടു യോജിക്കുവാൻ എതിരാളികൾ സന്നദ്ധരായുമിരുന്നു.

ഈ പ്രത്യേകരീതി, ആദ്യകാലങ്ങളിൽ എൻെറ ജന്മവാസനയ്ക്കു് എതിരായിരുന്നു. എങ്കിലും ഒടുവിലൊടുവിൽ അതു് വളരെ വളരെ എളുപ്പമായിത്തീർന്നു. അതു എന്നെസ്സംബന്ധിച്ച ഒരു പതിവുതന്നെയും ആയി. കഴിഞ്ഞ അൻപതുവർഷങ്ങളായി എന്നിൽനിന്നു പ്രത്യേകനിർബ്ബന്ധത്തിലുള്ള വാശിയോടുകൂടിയ യാതൊരുവാക്പ്രകാശനവും ഉണ്ടായിട്ടില്ലതന്നെ. ഈ ഒരു പതിവിന്നു് (എൻെറ സത്യസന്ധതയോടുകൂടിയ സ്വഭാവം കഴിഞ്ഞാൽ) വിധേയനായതിനാലാണു് എൻെറ അഭിപ്രായങ്ങൾ സദേശീയക്കു് അത്ര വിലയുള്ളതായിത്തീർന്നതും പഴയ ആശയങ്ങളിൽ പുതുമവരുത്തുവാൻ ഞാൻ അഭിപ്രായപ്പെടുന്നവയൊക്കെ ആദരണീയമായി ഭവിച്ചതും, പൊതുപ്രാധാന്യമുള്ള സദസ്സുകളിൽ ഞാൻ അംഗമായിരിക്കുമ്പോൾ എൻെറ അഭിപ്രായങ്ങൾക്കു ഒരു സ്വാധീനശക്തി ഉണ്ടായതും. ഞാൻ പ്രസംഗങ്ങൾക്കു് അത്ര മിടുക്കുള്ളവനായിരുന്നില്ല. എൻെറ വാക്കുകളുടെ തിരഞ്ഞെടുപ്പും അത്ര കേമമായിരുന്നില്ല. ഭാഷയ്ക്കുള്ള ഉജ്ജ്വലതയും ശുദ്ധിയും അതുപോലെ കുറവും ആയിരുന്നു. എന്നിട്ടും എൻെറ പ്രത്യേകാഭിപ്രായങ്ങൾ അംഗീകൃതങ്ങളായിത്തന്നെ കൊണ്ടുപോകുവാൻ എനിക്കു സാധിച്ചു.

യഥാർത്ഥത്തിൽ നമുക്കു് നിയന്ത്രിക്കാൻ സാധിക്കാത്ത അത്യുൽക്കടമായ ഒരു മനോഭാവമാകുന്നു സ്വന്തം 'അഹമ്മതി.' അതിനെ കഴിയുന്നതും മറയ്ക്കുക. അതുമായി സമരംതന്നെ നടത്തുക. അതിനെ അടിച്ചു തോല്പിക്കുക. എങ്ങനെയോ അതിൻെറ തല അടിച്ചുചതയ്ക്കുക. എന്നാലും എങ്ങനെയായാലും അതു അതിൻെറ തല പൊക്കിക്കാട്ടുകതന്നെചെയ്യും. അതു് നിങ്ങൾക്കു്

ഈ ചരിത്രത്തിൽനിന്നു തന്നെ കാണാം. അതിനെ ഞാൻ പരിപൂൎണ്ണമായി ജയിച്ചാൽപ്പോലും എൻെറ വണക്കമെന്നുള്ള സ്വഭാവത്തെപ്പററിയുള്ള അഹംഭാവം തലയുയൎത്തും.

[“പാസ്സി”യിൽവച്ചു 1784-ൽ എഴുതിയതു് ഇതുവരെയാണു്.]

[ആഗസ്റ്റ്മാസം 1788-ൽ ഞാൻ സ്വന്തനാട്ടിലിരുന്നു തന്നെ ഇതെഴുതുന്നു. എന്നാൽ മുമ്പുപറഞ്ഞിരുന്നപോലെ പഴയ കടലാസ്സുകളിൽനിന്നു് ഒരു സഹായവും ലഭിക്കുവാൻ കഴിയുന്നില്ല. കഴിഞ്ഞ യുദ്ധംസംബന്ധിച്ചു് അവയിൽ പലതുംനഷ്ടപ്പെട്ടിരിക്കുന്നു. താഴെ കാണിക്കുന്നതു് മാത്രമേ കിട്ടിയുള്ളു.]

ഒരു വലിയ പദ്ധതി ഞാൻ രൂപീകരിച്ചതായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിൻെറ. രൂപവും സ്വഭാവവും ഇവിടെ കൊടുക്കാമെന്നു കരുതുന്നു. അതിന്നെപ്പററിയുണ്ടായ ആദ്യചിന്തയുടെ രൂപം താഴെക്കാണിക്കുന്ന കുറിപ്പിൽനിന്നു വ്യക്തമാകും. ഇതു് എങ്ങനെയോ അന്നത്തെ രേഖകളുടെകൂട്ടത്തിൽ ഉണ്ടായിരുന്നതാണു്.

1731 മേമാസം 19-ാംനു- ഗ്രന്ഥശാലയിൽവച്ചു ഞാൻ ചരിത്രഗ്രന്ഥങ്ങൾ വായിച്ചതിന്മേലുള്ള പൎയ്യവേക്ഷണങ്ങൾ:—

“ലോകത്തിലെ വൻകാൎയ്യങ്ങളായ യുദ്ധങ്ങൾ, വിപ്ളവങ്ങൾ തുടങ്ങിയവ ഓരോ കക്ഷിഭേദങ്ങൾ നിമിത്തം ഉണ്ടാകുന്നവയും ആ കക്ഷികൾ തന്നെ പുലൎത്തിപ്പോരുന്നവയും ആണു്.”

“ഈ കക്ഷികളുടെ വീക്ഷണകോണം അവരുടെ പൊതുവേയും താൽക്കാലികമായും ഉള്ള താല്പൎയ്യം അടിസ്ഥാനമാക്കിയാകുന്നു. അഥവാ, താല്പൎയ്യങ്ങളായി ഗണിക്കുന്നവയെ അടിസ്ഥാനമാക്കി.”

“ഈ വിവിധകക്ഷികളുടെ വിവിധവീക്ഷണകോണങ്ങളും വിവിധതാല്പൎയ്യങ്ങളുമാണു്, സകലകുഴപ്പങ്ങൾക്കും കാരണം.”

“ഒരു കക്ഷിക്കാർ ഒരു പ്രത്യേകപൊതുപദ്ധതി, പ്രവൎത്തനത്തിലെത്തിക്കുമ്പോൾ അതിൽപ്പെട്ട ഓരോ വ്യക്തിക്കും എന്തെങ്കിലും സ്വകാൎയ്യതാല്പൎയ്യം ഉണ്ടായിരിക്കുക സാധാരണയാണു്”

“ഒരു കക്ഷിക്കു് പൊതുവേയുള്ള ഏതെങ്കിലും ഒരു പ്രധാന കാൎയ്യം സാധിച്ചുകഴിയുമ്പോൾ ഓരോ വ്യക്തിയും സ്വന്തതാല്പൎയ്യം സാധിക്കുന്നതിനു കഠിനമായി യത്നിക്കുന്നു. ഇതുനിമിത്തം മററുള്ളവരുമായി അഭിപ്രായവ്യത്യാസം. സാധാരണമാകുന്നു. അങ്ങനെ

ത്ത കക്ഷിയിൽ ഭിന്നിപ്പു വന്നുചേരന്ന് കൂടുതൽ കുഴപ്പങ്ങൾക്ക് ഇടയാകുന്നു."

"വളരെ അപൂൎവ്വമായിട്ടേ പൊതുക്കാൎയ്യങ്ങളിൽ രാജ്യത്തിനു ഗുണം ചെയ്യു എന്നതു് മാത്രം ആസ്പദമാക്കി പ്രവൎത്തിക്കുന്നവരുള്ളൂ. അവരുടെ പ്രവൎത്തനം രാജ്യത്തിന് നന്മതന്നെ ഉണ്ടാക്കിയാലും അവർ സ്വന്തകാൎയ്യതാല്പൎയ്യങ്ങളെ പൊതുതാല്പൎയ്യങ്ങളുമായി കലൎത്തുന്നു. ഇതു നിമിത്തം പൊതുഗുണം എന്ന ഏകലക്ഷ്യം കരുതി ആരും പ്രവൎത്തിക്കുന്നില്ല.

"പൊതുക്കാൎയ്യങ്ങളിൽ അപൂൎവ്വം ചില ആളുകൾ മാത്രമേ മനുഷ്യസമുദായത്തിന് നന്മ ചെയ്യുന്നുള്ളൂ.

"യഥാൎത്ഥത്തിൽ സൽസ്വഭാവമുള്ളവരും നല്ലവരുംആയി എല്ലാ രാഷ്ട്രങ്ങളിലും ഉള്ളവരെ ഏകോപിപ്പിച്ച് 'സൽസ്വഭാവികളുടെ കക്ഷി' എന്നൊരു പ്രത്യേകകക്ഷി രൂപീകരിക്കേണ്ട സന്ദൎഭം ഏത്രയോ അടുത്തിരിക്കുന്നു എന്നെനിക്ക് തോന്നുന്നു. ഈ സൽസ്വഭാവകക്ഷിയിലുള്ള വ്യക്തികൾ സമുചിതങ്ങളും സത്തുക്കളും ആയ ഗുണങ്ങളാൽ ഭരിക്കപ്പെടണം. പൊതുജനങ്ങൾ സാധാരണ നിയമങ്ങൾക്ക് വിധേയരാകുന്നതിൽക്കൂടുതലായി ഈ സൽസ്വഭാവസംഘാംഗങ്ങൾ സ്വഭാവമാഹാത്മ്യപ്രധാനങ്ങളായ കാൎയ്യങ്ങളിൽ അനുസരണയുള്ളവരായിരിക്കണം."

"ഞാനിപ്പോൾ ദൃഢമായിവിശ്വസിക്കുന്നു, ഇതിലേയ്ക്കേൎപ്പെടുവാൻ ആൎക്കാണോ സന്നദ്ധതയുള്ളതു്, ആൎക്കാണോ അതിലേയ്ക്ക് വേണ്ടയോഗ്യതയുള്ളതു്, അവൎക്ക് ദൈവത്തെപ്രീതിപ്പെടുത്താനും വിജയംകൈവരിക്കാനുംസാധിക്കും."

ഈ ഒരു പദ്ധതി മനസ്സിൽതീൎച്ചപ്പെടുത്തി. വിശ്രമാവസരം കിട്ടുമ്പോൾ ഇതു് ഏറെറടുത്തുനടത്തുവാനുംനിശ്ചയിച്ചു. ഈ നിശ്ചയത്തോടെ ഞാൻ കടലാസ്സുകഷണങ്ങളിൽ ഓരോസന്ദൎഭത്തിലായി ഓരോന്ന് ഇക്കാൎയ്യത്തെപ്പററി എനിക്കുതോന്നിക്കൊണ്ടിരുന്നതു്കുറിച്ചിട്ടു. അവയിൽപലതും ഇപ്പോൾകളഞ്ഞുപോയിരിക്കുന്നു. എന്നാൽ ഉദ്ദേശിക്കപ്പെട്ട പ്രത്യേകതത്വാചരണത്തിൻെറ സാരാംശം എന്നനിലയിൽ, എല്ലാമതങ്ങളുടേയും അടിസ്ഥാനതത്വങ്ങൾ ഉൾപ്പെടുത്തി എന്നാൽ വല്ലമതാസഹിഷ്ണുക്കളായ ആചാൎയ്യന്മാരെ ക്ഷോഭിപ്പിക്കുന്ന യാതൊന്നുംതന്നെ സ്വീകരിക്കാതെ, എഴുതി ,സൂക്ഷിച്ചിരുന്ന ഒരു കടലാസ്സുകഷണംകിട്ടിയിട്ടുണ്ടു്. അതിലെ തത്വങ്ങൾ:—

"സകലചരാചരങ്ങളേയും സൃഷ്ടിച്ച ഒരുദൈവംഉണ്ടു്."

"അദ്ദേഹം സ്വപ്രഭാവത്താൽ ഈ ലോകം ഭരിക്കുന്നു."

"അദ്ദേഹത്തെ ആരാധന, പ്രാത്ഥന, നന്ദിപ്രകടനം എന്നിവകൊണ്ടു് നാം പൂജിക്കേണ്ടതാണു്."

"എന്നാൽ ദൈവത്തിനുഏറ്റവും അഭിമതമായ സേവനം മനുഷ്യസേവനം എന്നതുതന്നേയാകുന്നു."

"ആത്മാവു് അനശ്വരമാകുന്നു"

"ദൈവം സൽഗുണത്തിനുപിൻതുണയും ദുർഗ്ഗുണത്തിനുശിക്ഷയും ഒന്നുകിൽ ഈ ലോകത്തു്, അഥവാ, പരലോകത്തുവച്ചു നൽകുന്നതാണു്."

അക്കാലത്തു എന്റെ ഉദ്ദേശം മേൽപ്പറയപ്പെട്ട തത്വസംഹിതയെ അവിവാഹിതരായ ചെറുപ്പക്കാരുടെ ശ്രദ്ധയിൽ എത്തിക്കണമെന്നും അങ്ങനെ ഈ തത്വസംഹിതയ്ക്കു് പ്രാധാന്യംകൊടുക്കുന്നഅംഗങ്ങൾ ഇവ സമ്മതിച്ചാൽമാത്രംപോരാ ഞാൻ മുമ്പുപ്രസ്താവിച്ചിട്ടുള്ള പതിമൂന്നുവിധം സൽസ്വഭാവവും പതിമൂന്നാഴ്ച പരീക്ഷണംചെയ്തുനോക്കിയവരായിരിക്കണമെന്നും ഞാൻ തീരുമാനിച്ചു. അങ്ങനെയൊരു സംഘമുണ്ടെന്നുള്ളകാര്യം കുറേക്കാലത്തേയ്ക്കു് രഹസ്യമായിരിക്കണമെന്നും ഞാൻ ഉദ്ദേശിച്ചു അയോഗ്യരായ ആളുകൾ അംഗങ്ങളായിച്ചേരാൻ ഇടവരാതിരിക്കുവാനായിരുന്നു, ഈ മുൻകരുതൽ.

അങ്ങനെ അത്രവേഗം പരസ്യമാകാത്ത ഈ സംഘത്തിൽ അംഗങ്ങളായിച്ചേരുന്നവർ തങ്ങളുടെ പരിചയക്കാരിൽ ബുദ്ധികൗശലമുള്ളവരും, യോഗ്യന്മാരുംആയവരെ കണ്ടുപിടിച്ചു് ഈ പദ്ധതിയെപ്പററി അവരോടു സംസാരിക്കണം. ജീവിതത്തിൽ ഓരോരുത്തരുടെ പ്രവത്തനവും താല്പര്യവുംഅഭിവൃദ്ധിയും ഓരോവിധത്തിലായസ്ഥിതിക്കു് ഇക്കാര്യങ്ങളെപ്പററി തമ്മിൽ സംഭാഷിക്കുകയും സഹായിക്കുകയുംവേണം. ഈ സംഘത്തിന്റെ പ്രത്യേകസ്വഭാവം വെളിപ്പെടുത്തുവാൻ സ്വതന്ത്രതയും സുഗമതയുംഉള്ളവരുടെസംഘം എന്നോ മറേറാ ഈ സംഘത്തിനു പേരിടുകയുംചെയ്യാം. പൊതുവേയുള്ള പരിശീലനവും സൽഗുണങ്ങളുടെ അനുവത്തനവും കൊണ്ടു് ദൗഷ്ട്യത്തിൽനിന്നു് ഈ സംഘാംഗങ്ങൾക്കു് ഒഴിവാൻസാധിക്കും. പ്രത്യേകപരിശ്രമശീലവും മിതവ്യയസ്വഭാവവും തത്വമെന്നനിലയിൽ പരിപാലിക്കുന്നപക്ഷം യാതൊരു കടത്തിലും പെടാതിരിക്കാനുംഒക്കും. കടമാണല്ലോ മനുഷ്യരെ ബന്ധനസ്ഥരാക്കുന്നതും മററുള്ളവരോടു് ദാസ്യത്തിന്നു കാരണമുണ്ടാക്കുന്നതും.

ആ പദ്ധതിയെപ്പററി എനിക്കു് ഇപ്പോൾ ഇത്രയൊക്കെയേ ഓൎമ്മയുള്ളു. അതിനെ ഞാൻ രണ്ടുയുവാക്കന്മാരോടു് ഉപദേശിച്ചിട്ടുള്ളതായി ഓൎക്കുന്നുണ്ടു്. അവരിരുവരും ഏതാണ്ടൊരു ഉത്സാഹശീലത്തോടെ അവ അനുവൎത്തിച്ചു. എന്നാൽ അക്കാലത്തുള്ള എൻെറ ചുററുപാടുകൾ കേവലം സങ്കുചിതങ്ങളാകയാലും, എനിക്കു് എൻെറ ഐന്ദ്രജാലികപ്രവൎത്തനത്തോടുകൂടുതൽ ശ്രദ്ധകാട്ടേണ്ടിവരികയാലും കൂടുതലായുള്ള ഉപദേശങ്ങൾ മറെറാരു സന്ദൎഭത്തിലാകട്ടെ എന്നു മാററിവയ്ക്കുകയുംചെയ്തു. തുടൎന്നുണ്ടായപലതരം സ്വകാൎയ്യതാല്പൎയ്യമുള്ളവയോ പൊതുജനോപകാരപ്രദങ്ങളായവയോആയ നിരവധി കൃത്യാന്തരങ്ങൾനിമിത്തം വീണ്ടും മാററിവച്ചുമാററിവച്ചു്, ഒടുവിൽ അമ്മാതിരിയുള്ള പരിശീലനത്തെപ്പററി ഉപദേശിക്കുവാനുള്ള മാനസികവീൎയ്യംതന്നെ എന്നിലില്ലാതായി. എന്നാൽഅതൊരുപ്രായോഗികമായ പദ്ധതി എന്നുതന്നേയാണു് ഞാൻ ഇപ്പോഴും കരുതുന്നതു്. അസംഖ്യം ഒന്നാംതരം പൗരന്മാൎക്കുരൂപമെടുക്കുവാൻ ഈ പദ്ധതിക്കു കഴിയും. സംഘം ഏറെറടുക്കാൻ ഉദ്ദേശിച്ചുതതപങ്ങൾ അപ്രായോഗികങ്ങളോ അപ്രാപ്യങ്ങളോ ആയിരുന്നതുമില്ല. സാധാരണയായ സാമൎത്ഥ്യമുള്ള ഏതൊരാളിനും ശരിക്കു വേലചെയ്യുന്നപക്ഷം മഹത്തായ പല മാററങ്ങളുംവരുത്തുവാൻ സാധിക്കും. അയാൾ ഒന്നാമതു് ഒരു നല്ലപദ്ധതി രൂപീകരിക്കണം. സകല വിനോദകരങ്ങളായ നിസ്സാരപ്രവൎത്തനങ്ങളിൽനിന്നു പിന്മാറി തൻെറ അതിപ്രധാനമായകൃത്യമാണു് ഈ പദ്ധതി അനുസരിച്ചു പ്രവൎത്തിക്കുക എന്നു കരുതുകയുംവേണം.

1732-ൽ ഞാൻ ആദ്യമായി എൻെറ വകയായ പഞ്ചാംഗം പ്രസിദ്ധപ്പെടുത്തി. 'റിച്ചേഡ്സാൺഡേഴ്സ്' എന്ന പേരിലായിരുന്നു ഈ പ്രസിദ്ധീകരണം നിൎവ്വഹിച്ചതു്. ഇതു അങ്ങനെ തന്നെ ഇരുപത്തിയഞ്ചുവൎഷത്തോളം തുടൎന്നു. പാവപ്പെട്ട റിച്ചേഡിൻെറ പഞ്ചാംഗം എന്ന പേരിൽ ഇതു് പരക്കെ അറിയപ്പെട്ടുപോന്നു. അതു രസകരവും പ്രയോജനപ്രദവും ആകാൻ ഞാൻ വളരെ ശ്രമിച്ചു. അതിനാൽ വാങ്ങുവാൻ അനവധിപേർ സന്നദ്ധരായുമിരുന്നു. അതിൽനിന്നു എനിക്കു് ഗണ്യമായ ലാഭമുണ്ടായി, മിക്കവാറും പ്രതിവൎഷം പതിനായിരം എന്ന കണക്കിനു്. അതിനു് ആകെപ്പാടെ ധാരാളം പ്രചാരംഉള്ളതായും എല്ലാസംസ്ഥാനങ്ങളിലും അതിൻെറ കോപ്പി ചെല്ലുന്നതായും കണ്ടപ്പോൾ സാധാരണജനങ്ങൾക്കു് വേണ്ട വിജ്ഞാനം ഇതുമുഖേന കൂടുതലായി നൽകുവാൻ ഞാൻ ആഗ്രഹിച്ചു. സാധാരണക്കാർ വേറേ വല്ല പുസ്തകങ്ങളും വാങ്ങിയിരിക്കുകയില്ല. അതിനാൽ പഞ്ചാംഗത്തിലുണ്ടായി

രുന്ന ചില്ലറ ഒഴിഞ്ഞ ഭാഗങ്ങളിൽ ഞാൻ ഓരോ പഴഞ്ചൊല്ലുകൾ നിറച്ചു. പരിശ്രമശീലം, മിതവ്യയസ്വഭാവം എന്നിവയാണു് സമ്പത്തിനുള്ള നിദാനം എന്നപോലുള്ള ധാരാളം വാക്യങ്ങൾ ഉപയോഗിച്ചു. ദാരിദ്ര്യത്തിൽപ്പെട്ടവക്കു് സത്യസന്ധതയോടെ പെരുമാറുവാൻ സാധിക്കുകയില്ല എന്നതിനാൽ പ്രത്യേകമായ സ്വഭാവമാഹാത്മ്യത്തിനു് ഞാൻ പ്രാധാന്യം കല്പിച്ചു. അത്തരം പഴഞ്ചൊല്ലുകളുടെ മാതൃക കാണിക്കാം

"ഒഴിഞ്ഞ ചാക്കിനു് നിവന്നിരിക്കാൻ സാധിക്കയില്ല."

അനവധി കാലഘട്ടങ്ങളുടേയും രാഷ്ട്രങ്ങളുടേയും ബുദ്ധിസാമർത്ഥ്യം കാട്ടുന്ന ഈ പഴഞ്ചൊല്ലുകൾ ഞാൻ ശേഖരിച്ചു് ഒരു സംഭാഷണരൂപത്തിലാക്കി 1757-ലെ പഞ്ചാംഗത്തിൻെറ മുൻഭാഗത്തു് ചേർക്കുകയുണ്ടായി, ഒരു ലേലംവിളികേൾക്കാൻ നിൽക്കുന്ന ആളുകളോടു് ബുദ്ധിമാനായ ഒരു വൃദ്ധൻ ഉറക്കെ സംസാരിക്കുന്ന വിധത്തിൽ. ഇങ്ങനെ ചിന്നിച്ചിതറിയ ബുദ്ധിശക്തിഫലങ്ങൾ എല്ലാം ഒന്നിച്ചുചേർത്തു കൊടുക്കുകയാൽ വാങ്ങുന്നവക്കു് പ്രത്യേകം ചില സൗകര്യങ്ങൾ ഉണ്ടായിരുന്നു. ആ പഴഞ്ചൊല്ലുസമൂഹം സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടു. യൂറോപ്പിലെ എല്ലാ വർത്തമാനപ്പത്രങ്ങളിലേയ്ക്കും അതു് പകർത്തപ്പെട്ടു. ബ്രിട്ടനിൽ അതു വീണ്ടും അച്ചടിക്കപ്പെട്ടു, വീടുകളുടെ ചുവരുകളിൽ പതിക്കുന്നതിനായിട്ടു്. ഫ്രഞ്ചുഭാഷയിൽ ഇതിനു രണ്ടു തർജ്ജമകൾ ഉണ്ടായി. ഇവ അധികമായി വാങ്ങിയതു് പ്രഭുക്കന്മാരും പുരോഹിതന്മാരും ആയിരുന്നു. അവർ കുടിയാനവന്മാരുടേയും ഇടവകയിലുള്ളവരുടേയും ശ്രദ്ധയിൽപ്പെടുത്തുവാനും അവക്കു് കൊടുക്കുവാനുംആയിരുന്നു ഇവ വാങ്ങിയതു്. പെൻസിൽവേനിയയിൽ, വിദേശിച്ചരക്കുകൾക്കു ധാരാളംപണം ചെലവിട്ടുപോന്നതിനെ തടുക്കുകയാൽ അതു സാമ്പത്തികമായി നാട്ടിൽ ഉയർച്ചയുണ്ടാക്കിയതായി ചിലർ കരുതി.

വിജ്ഞാനവിതരണത്തിനു് ഞാൻ വർത്തമാനപ്പത്രത്തേയും ഒരു മാർഗ്ഗമായിസ്വീകരിച്ചു. ഇതിലേയ്ക്കു് 'സ്പെക്റ്റേറ്റർ'പത്രത്തിലെ പലഭാഗങ്ങളും ഞാൻ പകർത്തി പ്രസിദ്ധപ്പെടുത്തി. ജൂൺഡോസംഘത്തിൽ വായിക്കുവാൻ ഞാൻ തയ്യാറാക്കിയിരുന്ന ചില ലേഖനങ്ങളും പത്രത്തിൽ പ്രസിദ്ധീകരിച്ചു. ഇക്കൂട്ടത്തിൽ സാക്രട്ടീസ്സിൻെറരീതി അനുകരിച്ചുള്ള ഒരു സംഭാഷണവും ഉൾപ്പെടും. ധൂർത്തടത്തക്കാരനായ ഒരുവനു മറെറന്തെല്ലാം യോഗ്യതകൾ ഉണ്ടായിരുന്നാലും, ആയാളെ ബുദ്ധിമാനായി ഗണിക്കയില്ലെന്നു് ഒരു സംഭാഷണം ഈ ലേഖനങ്ങളിലൊന്നായിരുന്നു. ആത്മപരിത്യാ

ഗശീലത്തെപ്പററിയുള്ളതായിരുന്നു, മററൊരുലേഖനം. അതു് സൽഗുണത്തിൻെറ ആവർത്തിച്ചുള്ളപരിശീലനം ഇല്ലാത്തപക്ഷം ആ സൽഗുണത്തിനു ബലമുണ്ടായിരിക്കയില്ല എന്ന തത്വം പ്രചരിപ്പിച്ചു; ദുർഗ്ഗുണങ്ങളുടെ ആക്രമണത്തിൽനിന്നു ആ സൽഗുണം ഒഴിഞ്ഞതും ആയിരിക്കണമെന്നും.

വർത്തമാനപ്പത്രത്തിൻെറ നടത്തിപ്പിലാകട്ടെ, ഞാൻ പ്രത്യേകം ശ്രദ്ധിച്ചതു് അന്യന്മാരെപ്പററിയുള്ള അധിക്ഷേപങ്ങളും അപരാധാരോപണങ്ങളും നിശ്ശേഷം വർജ്ജിക്കുവാനായിരുന്നു. ഈ അന്യാക്ഷേപം അനന്തരകാലഘട്ടങ്ങളിൽ നമുക്കു വളരെ ദുഷ്കീർത്തിക്കു് ഇടയാക്കിയിട്ടുണ്ടു്. എന്നാലോ അധികമാളുകൾക്കും അത്തരംലേഖനങ്ങൾ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയേമതിയാകൂ. വർത്തമാനപ്പത്രങ്ങൾ സ്വാതന്ത്ര്യങ്ങളും എന്തും പ്രസിദ്ധപ്പെടുത്തുവാൻ തയ്യാറുള്ള പൊതുജനജീഹ്വകളും ആണെന്നുള്ള വാദവുമായി അടുത്തഅനവധിപേരുണ്ടു്. അവരോടു ഞാൻ പറയാറുണ്ടായിരുന്നതു് അവർ ആവശ്യപ്പെടുന്ന എന്തും ഞാൻ അച്ചടിച്ചുകൊടുക്കാമെന്നും അവ അവർതന്നെകൊണ്ടുപോയി പ്രസിദ്ധപ്പെടുത്തിക്കൊള്ളണമെന്നും, വരിക്കാർക്കു് യാതൊരുതാല്പര്യവുമില്ലാത്ത അന്യാക്ഷേപങ്ങൾകൊണ്ടു് പത്രപംക്തി നിറയ്ക്കുവാനല്ല ഞാനവരുമായി ഉടമ്പടിചെയ്തിരിക്കുന്നതെന്നും മാത്രമായിരുന്നു. വളരെയധികം അച്ചടിശാലക്കാരും ഓരോ സ്വകാര്യവൈരക്കാരായ വ്യക്തികളുടെ അഭിമതമനുസരിച്ചു് അന്യന്മാരെപ്പററി അടിസ്ഥാനരഹിതമോ അസത്യമോ ആയപ്രസ്താവനകൾ അടിച്ചിറക്കുന്നതിൻെറഫലമായി നാട്ടിൽ പലതരം കലഹങ്ങളും ശണ്ഠകളും അവയുടെ തീരുമാനത്തിനു ദ്വന്ദയുദ്ധങ്ങളുംതന്നെ വേണ്ടിവന്നുപോകുന്നുണ്ടു് സമീപസ്ഥങ്ങളായ സംസ്ഥാനങ്ങളിലെ ഗവണ്മെൻറുകളെപ്പററിത്തന്നെ അവർ കഠിനമായ ചിത്തപറച്ചിലിൽഏർപ്പെടുന്നു നമ്മുടെ രാഷ്ട്രീയസഖിത്വം സിദ്ധിച്ചവരുടെനേർക്കുതന്നെ അവർ ആഭാസമയമായ അനവധി ഗർഹ്യപ്രസ്താവനകൾനടത്തുന്നുണ്ടു്. ഇതിൻെറയൊക്കെഫലമായി അനവധിനാശങ്ങളും നഷ്ടങ്ങളും സംഭവിക്കുന്നുമുണ്ടു്. ഞാനിവിടെ ഇക്കാര്യം പറയുന്നതു് മുദ്രണകൃത്യത്തിൽ ഏർപ്പെടുന്ന ചെറുപ്പക്കാരുടെ ശ്രദ്ധയിൽപ്പെടുവാനാകുന്നു. അത്തരം ദുഷ്കീർത്തികരങ്ങളായ യാതൊരു പ്രസിദ്ധീകരണങ്ങളുംകൊണ്ടു് അവർ മുദ്രണാലയത്തിൻെറ മഹനീയതയെ നശിപ്പിക്കരുതു്. അച്ചടിച്ചുവിടുന്ന അത്തരം പ്രസ്താവനകൾ ആ അച്ചുക്കൂടക്കാരുടെതന്നെ താല്പര്യങ്ങൾക്കു് സർവ്വഥാ വിരുദ്ധമായിത്തീരാൻ ഇടയുള്ളതാകുന്നു.

1733-ൽ ഞാൻ എൻെറ മുദ്രണാലയത്തിലുണ്ടായിരുന്ന ഒരു ജോലിക്കാരനെ തെക്കേകരോലിനായിലുള്ള 'ചാൾസ്ടൺ' എന്ന

സ്ഥലത്തേയ്ക്കു യയ്ക്കുകയുണ്ടായി. അവിടെ ഒരു മുദ്രണാലയത്തിൻെറ കുറവുണ്ടായിരുന്നു. ഞാൻ ഈ ജോലിക്കാരനു് അച്ചുക്കൂടവും വേണ്ടടൈപ്പുകളുംനൽകി. ലാഭത്തിൻെറ മൂന്നിലൊരംശം എനിക്കു ലഭിക്കണമെന്നുള്ളതായിരുന്നു, ഞങ്ങളുടെ കരാർ. അതുപോലെ ചെലവിൻെറ മൂന്നിലൊരുഭാഗം ഞാനും വഹിക്കണമെന്നും. അയാൾ ഒരുവക പഠിപ്പുള്ളവനും സത്യസന്ധനുമായിരുന്നു. എന്നാൽ കണക്കുകൾ സൂക്ഷിക്കുന്നകാര്യത്തിൽ അയാൾക്കത്ര മിടുക്കു് ഉണ്ടായിരുന്നില്ല. അയാൾ ചിലപ്പോൾ എനിക്കു ചില തുകകൾ എത്തിച്ചിരുന്നുഎങ്കിലും കണക്കുകൾ ശരിയായിസൂക്ഷിക്ക പ്പെട്ടിരുന്നില്ല. ഞങ്ങളുടെ പങ്കാളിത്തത്തിൽ അത്ര തൃപ്തികരമായ ഒരു നടത്തിപ്പും എനിക്കു് അനുഭവപ്പെട്ടില്ല. അങ്ങനെയിരിക്കെ അയാൾ മരിച്ചുപോകയും അയാളുടെ സമർത്ഥയായ ഗൃഹനായിക ഭർത്താവിൻെറ പ്രവർത്തനങ്ങളുടെ ചുമതലകൾ ഏറ്റെടുക്കുകയും ചെയ്തു. ആ സ്ത്രീ ഹോളൻഡുകാരിയായിരുന്നു. ഹോളൻഡിൽ കണക്കുസൂക്ഷിപ്പുസംബന്ധിച്ചു വിദ്യാഭ്യാസത്തിൽ പെൺകുട്ടി കൾക്കു് വേണ്ട അറിവുകൊടുക്കുക പതിവുണ്ടെന്നു ഞാൻ കേട്ടി ട്ടുണ്ടു്. ആ സ്ത്രീ അച്ചുക്കൂടത്തിൻെറ അതേവരെയുള്ളസ്ഥിതിയും അപ്പോഴത്തെനിലയും എന്നെ വിശദമായി അറിയിച്ചു എന്നുമാത്ര മല്ല, പ്രതിവർഷം മൂന്നുപ്രാവശ്യം എന്നെ കണക്കുകൾ ശരിക്കു് ബോദ്ധ്യപ്പെടുത്തി വ്യവസ്ഥയനുസരിച്ചുള്ള തുകകൾ എനിക്കു് അയച്ചുതരികയുംചെയ്തിരുന്നു. ഇങ്ങനെ അവർ കുട്ടികളുടെ സംര ക്ഷണവിദ്യാഭ്യാസാദികളും ഈ അച്ചുക്കൂടത്തിലെ വരവുകൊണ്ടു തന്നെനിർവ്വഹിച്ചു. അധികംതാമസിയാതെ മുദ്രണാലയവും ഉപ കരണങ്ങളും അവയുടെവിലതന്നു് എന്നിൽനിന്നു് ആ സ്ത്രീതന്നെ വാങ്ങുകയുംചെയ്തു.

ഞാൻ ഇക്കാര്യം ഈസന്ദർഭത്തിൽ പ്രസ്താവിക്കുന്നതു് നമ്മുടെ നാട്ടിലെ പെൺകുട്ടികൾക്കും ഇപ്രകാരം 'കണക്കുസൂക്ഷിപ്പു" എന്നശാഖയിലുള്ള വിദ്യാഭ്യാസംകൂടെനൽകുന്നതു് സംഗീതത്തേ യോ നൃത്തകലയേയോ അപേക്ഷിച്ചു കൂടുതൽ പ്രയോജനകരമാ യിരിക്കും എന്നു് അറിയിക്കുവാനാണു്. അവർ പ്രായപൂർത്തിയി ലെത്തി പക്ഷേ വിധവകളായിത്തീരുന്നപക്ഷം, എന്തെങ്കിലുംവ്യവ സായത്തിൻെറമേൽനോട്ടം വഹിക്കുവാൻ പ്രാപ്തകളാകുമെങ്കിൽ അവരുടെ പുത്രനോ പുത്രന്മാരോ അത്തരം സ്ഥാപനങ്ങളുടെ മേൽ നോട്ടം വഹിക്കാറാകുന്നകാലംവരെ അവൾക്കു് സമുചിതമായവിധം ജീവിക്കാൻ സാധിക്കുമല്ലോ.

1734-ൽ ഐർലൻഡിൽനിന്നു ഒരു ചെറുപ്പക്കാരൻ പ്രസ്ബിറ്റീരിയൻപുരോഹിതൻ ഞങ്ങളുടെ കൂട്ടത്തിൽ വന്നു

ചേൻറു. ഹെമ്പ്ഹിൽ എന്നുപേരായ ആ മതപ്രവക്താവിന്ന് വിശേഷിച്ച് യാതൊരു ഒരുക്കവുംകൂടാതെ ഒന്നാംതരം മതവിഷയകസംഭാഷണങ്ങളും വാദപ്രതിവാദങ്ങളുംകൊണ്ട് ഏതൊരു സദസ്സിനെയും വശീകരിക്കത്തക്ക സാമത്ഥ്യം ഉണ്ടായിരുന്നു. അതനുസരിച്ച് അനവധിപേർ അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുവാൻ പ്രതിദിവസം വന്നുകൂടിക്കൊണ്ടിരുന്നു. അക്കൂട്ടത്തിൽ ഞാനും അദ്ദേഹത്തിൻെറ പ്രസംഗം പതിവായി ശ്രദ്ധിച്ചു കേട്ടുപോന്നു. അദ്ദേഹത്തിൻെറ പള്ളിപ്രസംഗങ്ങളിൽ പുരോഹിതസാധാരണങ്ങളായ ദൂഷിച്ച സിദ്ധാന്തഭാഗങ്ങൾ ഒന്നുമില്ലായിരുന്നു. അദ്ദേഹം പൊതുവേ ആക്കും അംഗീകരണയോഗ്യങ്ങളായ സ്വഭാവവൈശിഷ്ട്യങ്ങൾക്കായിരുന്നു, പ്രാധാന്യം കല്പിച്ചതു്. ഞങ്ങളുടെ മതസഭയിൽപ്പെട്ടവരായ യാഥാസ്ഥിതികപ്രസ്ബിററീറിയന്മാർ ഈ പുരോഹിതൻെറ സിദ്ധാന്തങ്ങളെ കൈക്കൊള്ളുകയുണ്ടായില്ല എന്നു മാത്രമല്ല, പഴയ മതച്ചട്ടങ്ങുകാരായ മതാസക്തരുടെ അഭിപ്രായത്തോടുചേൻറ് ആ പുതുപ്രാസംഗികൻെറ വാഗ്‌വിലാസങ്ങളെ തരംതാഴ്ത്തി ഗണിച്ചതേയുള്ളൂ. എന്നാൽ ഞാൻ ഈ പുരോഹിതൻെറ പക്ഷക്കാരനായിരുന്നു. അതിനാൽ അദ്ദേഹത്തിനു് അനുകൂലമായി ഒരു കക്ഷി രൂപീകരിക്കുവാൻ ഞാൻ വേണ്ട ശ്രമം ചെയ്തു. ഏതാണ്ടു വിജയപ്രതീക്ഷയോടുകൂടി അദ്ദേഹത്തിൻെറ പക്ഷത്തു ചേൻറ ഞാൻ പലരോടും എതിർവാദം നടത്തുകയും ചെയ്തു. ആ സന്ദർഭത്തിൽ പുതിയ പുരോഹിതനു് എതിരായും അനുകൂലമായും ഒട്ടേറെ ലേഖനരചനകളും നടന്നു. അദ്ദേഹത്തിനു ലേഖനപരമായ വൈഭവം കുറവായിരുന്നതിനാൽ ഈ ഘട്ടത്തിൽ ഞാൻതന്നെ ചില സഹായങ്ങൾ നൽകി. ഒന്നുരണ്ടു ലഘുലേഖകളും 1735 ഏപ്രിൽമാസത്തിലെ ഗസററിൽ ഒരു ലേഖനവും ഞാൻ തയ്യാറാക്കി. അപ്രകാരം ഓരോ കാലഘട്ടങ്ങളിലെ സംഭാഷണവിഷയമാകുന്ന കാര്യങ്ങളെപ്പററി അനന്തരകാലത്തു് ഓക്കാരിരിക്കുന്നതുപോലെ, അന്നൊക്കെ വളരെ ശ്രദ്ധയോടെ ആ ലേഖനങ്ങൾ ആളുകൾ വായിച്ചുപോന്നിരുന്നുവെങ്കിലും ഇപ്പോൾ അവ നിശ്ശേഷം വിസ്മൃതിയിൽ ആണ്ടുപോയിരിക്കുന്നു. അവയുടെ ഒറെറപ്രതിപോലും ഇപ്പോൾ അവശേഷിക്കുന്നുണ്ടോ എന്ന കാര്യം സംശയമാണു്.

മേൽപ്പറയപ്പെട്ട തീക്ഷ്ണമായ വാദപ്രതിവാദക്കാലത്തു് നിർഭാഗ്യകരമായ ഒരു സംഭവം ഉണ്ടായി. പുരോഹിതൻ പ്രസംഗിക്കാറുള്ളതിൽ ഏററവും വിശിഷ്ടമായ ഒരു പ്രത്യേകഭാഗം, ശ്രോതാക്കളിൽ ഒരാൾ മുമ്പെങ്ങോ വായിച്ചിട്ടുള്ളതായിരുന്നു എന്നും,

ഏതോ ബ്രിട്ടനിലെ പ്രസിദ്ധീകരണത്തിൽ ഡോക്ടർ ഫോസ്റ്റർ എന്നൊരാൾ എങ്ങുനിന്നോ ഉദ്ധരിച്ചതായിരുന്നു ഈ ഭാഗമെന്നും ഒരു ആരോപണം കൊണ്ടുവരികയുണ്ടായി. ഈ അപരാധാരോപണവും ഞങ്ങളുടെ കക്ഷിക്കാർക്ക് വളരെ അരോചകമായി. അവരിൽ പലരും ആ പുരോഹിതന്റെ പക്ഷത്തുനിന്നു പിന്മാറി. ഇങ്ങനെ ഞങ്ങളുടെ മതസമ്മേളനത്തിൽ വലിയൊരു അസ്വാസ്ഥ്യം ജനിച്ചു. അദ്ദേഹം മററുള്ളവരുടേതാണെങ്കിലും നല്ലനല്ല പ്രസംഗഭാഗങ്ങൾകൊണ്ടു പ്രയോജനകരമായി സംസാരിച്ചുവല്ലോ എന്ന കാരണത്താൽ ഞാനദ്ദേഹത്തിന്റെ വശത്തുതന്നെ നിന്നു. സാധാരണ പുരോഹിതന്മാരെല്ലാം കേവലം ഗർഹ്യങ്ങളായ രീതികളിൽത്തന്നെയാണ് അക്കാലത്ത് പ്രസംഗിക്കാറുണ്ടായിരുന്നതു്. ഈ പുരോഹിതൻ ഒടുവിൽ, കാര്യം ഏതാണ്ട് സമ്മതിച്ചു് എന്നോടു പറഞ്ഞു. മററുള്ളവരുടെ ഏതൊരു പ്രസംഗവും ഒരു തവണ വായിച്ചാൽമാത്രം മതി അദ്ദേഹത്തിന് അതു മുഴുവൻ ഓർമ്മിക്കാൻ സാധിക്കുമായിരുന്നുവത്രേ. ഏതായാലും ഞങ്ങളുടെ മതസഭയിൽനിന്ന് സിദ്ധിച്ച പരാജയത്തോടെ പുരോഹിതൻ നാടുവിട്ടു. ഞാനും ആ മതസഭയിൽ പിന്നെ അത്ര ജാഗ്രതയിൽ പങ്കൊന്നും വഹിച്ചതുമില്ല. അതിലെ പുരോഹിതന്മാർക്കെന്നും ഇനത്തിൽ കൊടുക്കാനുണ്ടായിരുന്ന വരിസംഖ്യമാത്രം ഞാൻ മുറയ്ക്കു ഏല്പിച്ചിരുന്നു.

1733-ൽ ഞാൻ ഒരു ഭാഷാപഠനം തുടങ്ങി ഫ്രഞ്ചു ഭാഷയിലെ ഏതൊരു പുസ്തകവും വായിച്ചാൽ മനസ്സിലാകുന്നവിധം ആ ഭാഷയിൽ പരിചയം നേടിയിരുന്നു. അതിനു ശേഷം ഇററാലിയൻഭാഷ പഠിക്കുവാൻ ശ്രമിച്ചു. അക്കാലത്തു ഫ്രഞ്ചുഭാഷ പഠിക്കുന്നുണ്ടായിരുന്ന എന്റെ ഒരു പരിചയക്കാരനും അയാളോടുകൂടെ ചതുരംഗക്കളിക്കു എന്നെ പ്രലോഭിപ്പിക്കാറുണ്ടായിരുന്നു. ഈ കളി എനിക്കു പഠിത്തത്തിനുള്ള സമയം അധികവും അപഹരിച്ചതിനാൽ ഒടുവിൽ ഈ വിനോദത്തിൽ ഞാൻ തീരെ ഏർപ്പെടുകയില്ല എന്നു നിശ്ചയിച്ചു. എന്നാൽ പിന്നെ ഒരു കരാർ ഉണ്ടായി. മേലാൽ ചതുരംഗത്തിൽ ഏർപ്പെടണമെങ്കിൽ തോൽക്കുന്നയാൾ ജയിക്കുന്ന ആളിനു കീഴ്പ്പെട്ടു് ഫ്രഞ്ചുഭാഷയിലുള്ള വ്യാകരണം സാഹിത്യഭാഗം എന്നിവ പരസ്പരം ചർച്ചചെയ്തു മനസ്സിലാക്കുകയോ മനസ്സിലാക്കിക്കൊടുക്കുകയോ വേണമെന്നായിരുന്നു, ഈ കരാർ. തോൽക്കുന്നയാൾ വ്യാകരണഭാഗമോ തർജ്ജമയോ ഒരു ശിക്ഷ എന്ന നിലയിൽ പഠിക്കുവാനും അഭ്യസിക്കുവാനുമുള്ള വ്യവസ്ഥയും ചെയ്യപ്പെട്ടു. ഞങ്ങൾ ഇരുവരും ഒരേ വിധം കളിയിൽ തോൽക്കുകയോ ജയിക്കുകയോ ചെയ്തുവന്നതി

നാൽ ഈ ഭാഷാഭ്യസനം കൂടുതൽ വിജയകരമായി. അതിനു ശേഷം കുറെ ബുദ്ധിമുട്ടെല്ലാം സഹിച്ച് ഞാൻ സ്പാനിഷ്ഭാഷയും ഏതാണ്ടഭ്യസിച്ചു. സ്പാനിഷ്ഭാഷയിലെ പുസ്തകങ്ങൾ വായിക്കുവാനും ഇങ്ങനെ ഒരു പരിചയം സമ്പാദിച്ചു.

എനിക്കു ലാററിൻവിദ്യാലയത്തിൽ ഒരൊററവർഷത്തെപ്പരിചയം മാത്രമേ ഉണ്ടായിട്ടുള്ളു എന്ന് ഇതിനുമുമ്പ് പ്രസ്താവിച്ചിരുന്നല്ലോ. അതുതന്നേയും ഞാൻ ഒരു കുട്ടിയായിരുന്നപ്പോളായിരുന്നു. അതു കഴിഞ്ഞു് പിന്നെ ആ ഭാഷയിൽ ഒട്ടും പരിചയം നേടിയില്ല. എന്നാൽ ഫ്രഞ്ചുഭാഷയുമായി ഒരു പരിചയം സിദ്ധിച്ചപ്പോൾ വിശേഷിച്ചു് ഇററാലിയൻ, സ്പാനിഷ് എന്നീ ഭാഷകൾ ഏതാണ്ട്,പരിചയപ്പെട്ടപ്പോൾ, ഒരു പുതിയ ലാററിൻ നിയമഗ്രന്ഥം എടുത്തു വായിക്കാനിടയായി. ആ പുസ്തകം ഏതാണ്ടു മനസ്സിലാകുന്നതായിത്തോന്നി. ഞാനുദ്ദേശിച്ചതിലധികം മനസ്സിലായതിനാൽ ലാററിൻഭാഷ അല്പംകൂടുതലായി പഠിക്കുവാനുള്ള ഒരു മോഹം ഉദിച്ചു. ഇററാലിയൻ, ഫ്രഞ്ച്, സ്പാനിഷ് എന്നീ ഭാഷകളുടെ പരിചയംമുഖേന ഇങ്ങനെ ലാററിൻഭാഷയിൽ പ്രവേശനം സിദ്ധിച്ച എനിക്കു് ആ ഭാഷ കൂടുതലായി ഇങ്ങനെ പഠിക്കുവാനും സാധിച്ചു.

ഈ പരിതഃസ്ഥിതികൾ അടിസ്ഥാനമാക്കി ഒരു പ്രത്യേക വസ്തുത വെളിപ്പെടുത്തേണ്ടതുണ്ട്. നാം ഭാഷാഭ്യസനം നിർവഹിക്കുന്ന പദ്ധതിയിൽ ഒരു യോജിപ്പില്ലായ്മ കാണുന്നു. ആദ്യമേ, ലാററിൻഭാഷയാണു് പഠിക്കേണ്ടതെന്നും, ആ ഭാഷയിൽ സാമാന്യപരിചയം സിദ്ധിച്ചശേഷമാണ് അതിൻെറ ശാഖകളായ മററ് ആധുനികഭാഷകൾ പഠിക്കേണ്ടതു് എന്നും ഉള്ള പതിവാണല്ലോ, ഇക്കാലത്തുള്ളതു്. എങ്കിലും നാമാരും ഗ്രീക്കുഭാഷയ്ക്കു് ഒരു സ്ഥാനം ലാററിൻ പഠിക്കുന്നതിനുമുമ്പ് നൽകുന്നില്ല ഒരു മന്ദിരത്തിൻെറ രണ്ടാമത്തെ നിലയിൽ എത്തുന്നതിന് കോണിപ്പടി ഉപയോഗിക്കാതെ എങ്ങനെയെങ്കിലും സാധിച്ചാൽ താഴോട്ടിറങ്ങുമ്പോൾ കൂടുതൽ എളുപ്പത്തിൽ സാധിക്കുമായിരിക്കും. എന്നാൽ കയറിപ്പോകുന്നതിനു ആദ്യത്തെപ്പടിമുതൽ ക്രമേണ ഉപയോഗിക്കുന്നപക്ഷം, കുറേക്കൂടെ എളുപ്പത്തിൽ രണ്ടാമത്തെ നിലയിൽ എത്തുവാൻ സാധിക്കുമല്ലോ. അതിനാൽ നമ്മുടെ യുവജനങ്ങൾക്കുള്ള വിദ്യാഭ്യാസരീതിയെ നിയന്ത്രിക്കുന്നവരോട്ട് എനിക്കിത്രയും പറയുവാനുണ്ട്:—ലാററിൻഭാഷ പഠിക്കുവാൻ ആരംഭിച്ച് അതിൽ യാതൊരു നൈപുണ്യവും സമ്പാദിക്കാതെ കലാശിപ്പിക്കു

ന്നവരുണ്ടല്ലോ. ഇങ്ങനെ അവൎക്കു് യാതൊരു പ്രയോജനവും ഇല്ലാതെ അക്കൂട്ടർ ഏതാനംവൎഷം വൃഥാ വ്യയംചെയ്യുന്നില്ലേ? അക്കൂട്ടൎക്കു് ഫ്രഞ്ചു് ഇററാലിയൻമുതലായ ആധുനികഭാഷകൾ ആദ്യമായി പഠിക്കുവാൻ ഒരു രീതി ഏൎപ്പെടുത്തുന്നപക്ഷം, അവർ ഒടുവിൽ ലാററിൻ പഠിക്കുവാൻ ഉദ്യമിക്കും. ഇങ്ങനെയായാൽ ലാററിൻനൈപുണ്യത്തിനു് സാധിച്ചില്ല എങ്കിലും അവൎക്കു് ഫ്രഞ്ചു്, ഇററാലിയൻ മുതലായ നവീനഭാഷകളിലെങ്കിലും പ്രാവീണ്യം സിദ്ധിക്കുകയില്ലേ? അനന്തരജീവിതത്തിൽ പ്രയോജനകരമായ ഒന്നോ രണ്ടോ ഭാഷ അവൎക്കു് വശത്തായതായി ഒരു മെച്ചവും ഉണ്ടാകുമല്ലോ.

ബോസ്റ്റൺനഗരിയിൽനിന്നു പത്തുവൎഷത്തോളം പിരിഞ്ഞു താമസിച്ചശേഷം ധനസ്ഥിതിസംബന്ധിച്ചു് ഒരുവിധം ഗണ്യമായ അഭിവൃദ്ധി നേടിയ ഞാൻ എൻെറ ബന്ധുക്കളെ സന്ദർശിക്കുവാൻ ആ നഗരിയിലേയ്ക്കു തിരിച്ചു തിരിയെ വരുംവഴി ഞാൻ "ന്യൂപ്പോർട്ടു" എന്ന സ്ഥലത്തിറങ്ങി ജ്യേഷ്ഠനെക്കാണ്മാൻ ആഗ്രഹിച്ചു അതേസ്ഥലത്തുതന്നെയായിരുന്നു, ആയിടെ ജ്യേഷ്ഠൻ ഒരു അച്ചുക്കൂടം സ്ഥാപിച്ചു നടത്തിവന്നതു്. ഞങ്ങൾക്കു് ആദ്യകാലത്തുണ്ടായിരുന്ന രസക്കേടു് ക്രമേണ ഇരുകൂട്ടരും മറന്നുകഴിഞ്ഞിരുന്നു ഞങ്ങൾ തമ്മിൽ കണ്ടപ്പോൾ ഇരുവരും സ്നേഹബദ്ധരായി. ജ്യേഷ്ഠൻ വാൎദ്ധക്യഗ്രസ്തനായി കാണപ്പെട്ടു. അദ്ദേഹം മരിച്ചുപോകുന്നപക്ഷം, അദ്ദേഹത്തിൻെറ പുത്രനായ പത്തുവയസ്സു പ്രായമുള്ള ഒരു ബാലനെ അച്ചടിശാലനടത്തിപ്പു് പഠിപ്പിച്ചുവിടണമെന്നു ജ്യേഷ്ഠൻ ആവശ്യപ്പെട്ടു. ആ കുട്ടിയെ ഞാൻ പള്ളിക്കൂടത്തിൽ പഠിപ്പിച്ചശേഷം അച്ചടിശാലനടത്തിപ്പിൽ പരിചിതനാക്കി. അവനു പ്രായപൂൎത്തി എത്തുംവരെ അച്ചടിശാലയിലെ കാൎയ്യങ്ങളുടെ ചുമതല അവൻെറ മാതാവുതന്നെ കൈയേററു. കുട്ടി, കാൎയ്യനിൎവ്വഹണങ്ങൾക്കു് പ്രാപ്തനായപ്പോൾ അവിടെയുള്ള പഴയ അക്ഷരങ്ങൾക്കു പകരം ഞാൻ കുറെ പുതിയ അക്ഷരങ്ങൾ കൊടുത്തു് ആ കുട്ടിക്കു് വേണ്ട സഹായം ചെയ്തു. ഇങ്ങനെയായിരുന്നു, ഞാൻ, ജ്യേഷ്ഠനു് ഒരുകാലത്തു് ഉപകാരപ്രദമായിരുന്ന സേവനം നിൎവ്വഹിക്കാതെ വിട്ടുപോയതിനുള്ള പരിഹാരമായി ഒരു സഹായം നിൎവ്വഹിച്ചുകൊടുത്തതു്.

1736-ൽ എനിക്കു് ഒരു പുത്രനഷ്ടം സംഭവിച്ചു. നാലുവയസ്സുമാത്രം പ്രായമുള്ള ഒരൊന്നാംതരം കുട്ടി. സാധാരണയായി ആക്രമണം നടത്താറുള്ള മസൂരിരോഗം മുഖേന. ഞാൻ ഈ ദാരുണമരണത്തെപ്പററി വളരെക്കാലം ദുഃഖിച്ചിട്ടുണ്ടു്. ഇപ്പോഴും ആ ദുഃഖം എൻെറ ഹൃദയം അസ്വാസ്ഥമാക്കുന്നു. ഞാനന്നു മസൂരി

യ്യെതിരായുള്ള കുത്തിവെയ്പ്പ് നേരത്തേ ആ കുട്ടിയെ സംബന്ധിച്ച് നിർവഹിച്ചില്ലല്ലോ എന്ന പശ്ചാത്താപം. ഇതു് ഞാൻ പ്രത്യേകിച്ചു പറയുന്നതു് മററു രക്ഷാകർത്താക്കന്മാരുടെ അറിവിനു വേണ്ടിയാകുന്നു. മസൂരിരോഗം അടുത്തെങ്ങാനും ആക്രമിക്കുന്ന പക്ഷം ഉടനേതന്നെ ഗോവസൂരിപ്രയോഗം ചെയ്യില്ലെങ്കിൽ ഒടുവിൽ അവൎക്ക് പശ്ചാത്തപിക്കേണ്ടിവരും. അവർ എന്നെപ്പോലെ ദുഃഖിപ്പാൻ ഇടയാകരുതല്ലോ.

ഞങ്ങളുടെ മിത്രസംഘമായ 'ജൂൺഡോ' വളരെപ്രയോജനപ്രദമായി. അതിലെ അംഗങ്ങൾക്കു് ഈ സംഘംകൊണ്ടു് വളരെ സംതൃപ്തിതോന്നിയതിനാൽ അവർ കൂടുതൽ അംഗങ്ങളെച്ചേൎക്കുവാൻ ആഗ്രഹിച്ചു. എന്നാൽ പന്ത്രണ്ടു് എന്ന സംഖ്യയിൽ കൂടരുതാത്ത അംഗങ്ങൾ പാടുള്ളൂ എന്നായിരുന്നു നിയമം. ഞങ്ങൾ ഈ സംഘത്തെ ഇങ്ങനെ ഒരു രഹസ്യസംഘമായി പരിപാലിച്ചുപോന്നതു് അയോഗ്യരായ മനുഷ്യർ ഇതിൽ വന്നുചേരാതിരിക്കുവാൻ ആയിരുന്നു. ഈ സംഖ്യയിൽ വല്ല ഭേദഗതിയും വരുത്തുന്ന കാര്യത്തിൽ ഞാൻ എതിരായിരുന്നുതാനും. എന്നാൽ ഇങ്ങനെ അംഗങ്ങളുടെ സംഖ്യ കൂട്ടുന്നതിനു പകരം, രേഖാമൂലമായി ഞാൻ ഒരു നിൎദ്ദേശം അവതരിപ്പിച്ചു. അതെന്തെന്നാൽ, ഓരോ അംഗവും പ്രത്യേകമായി ഒരു ഉപസംഘം രൂപീകരിക്കണമെന്നും അതിൽ ഓരോ പ്രധാനവിഷയങ്ങളെപ്പററിയുള്ള ചോദ്യങ്ങളുടെ സ്വഭാവം പ്രധാനസംഘത്തിൻെറ സ്വഭാവംപോലെതന്നെയായിരിക്കണമെന്നും, ഈ സംഘത്തിനു ജൂൺഡോസംഘത്തോടു യാതൊരു ബന്ധവും ഉള്ളതായി വെളിയിൽ അറിയരുതെന്നും നിശ്ചയിക്കപ്പെട്ടിരുന്നു. ഇങ്ങനെ ഒരു ഉപസംഘരൂപീകരണംകൊണ്ടു ഉദ്ദേശിക്കപ്പെട്ടിരുന്ന കൂടുതൽ ഗുണം ഇത്രമാത്രമായിരുന്നു:—ഞങ്ങളുടെ സ്ഥാപനങ്ങൾനിമിത്തം അനവധി യുവാക്കന്മാൎക്കു് കൂടുതൽ യോഗ്യതയുള്ള പൗരന്മാരായിത്തീരാം; നാട്ടുകാരുടെ ആശയങ്ങളും അഭിപ്രായങ്ങളും കൂടുതൽ അടുപ്പത്തോടെ മനസ്സിലാക്കാം; ഏതുതരം പ്രശ്നങ്ങളും പരിഹാരങ്ങളും ആണു് വേണ്ടതെന്നു ജൂൺഡോ അംഗങ്ങൾ ചൂണ്ടിക്കാണിക്കും; ഓരോ സംഘത്തിലും ഏതുതരം പ്രശ്നങ്ങളാണു് ആവിൎഭവിച്ചിട്ടുള്ളതു് എന്നു അറിവാൻ സാധിക്കും; കുറേക്കൂടെ വ്യാപകമായ ശുപാർശകൾ മുഖേന ഞങ്ങളുടെ പ്രത്യേകതാല്പൎയ്യങ്ങളെ എങ്ങനെ പുരോഗമിപ്പിക്കാൻ സാധിക്കും? പൊതുക്കാര്യങ്ങളിൽ ഞങ്ങൾക്കു് എത്രമാത്രം സ്വാധീനശക്തി ചെലുത്താനൊക്കും എന്നിവയൊക്കെയായിരുന്നു. പൊതുവേ ജൂൺഡോസംഘംമുഖേന നാട്ടിനു ഏതുതരം നന്മയൊക്കെയാണു് കൈവരുത്താവുന്നതു് എന്നുമൊക്കെത്തന്നെ.

ഈ നിർദ്ദേശം അംഗീകരിക്കപ്പെട്ടു. ഓരോ അംഗവും അയാളുടെ ചുമതലയിൽ പ്രത്യേകസംഘവും രൂപീകരിച്ചു. എന്നാൽ അവയെല്ലാം ഒരുപോലെ വിജയകരങ്ങളായില്ല. 'വയിൻ' എന്നോ 'യൂണിയൻ' എന്നോ "ബാൻഡ്" എന്നോ ഉള്ള പേരുകളിൽ അഞ്ചോ ആറോ സംഘങ്ങൾ രൂപവല്ക്കരിച്ചു. ഞങ്ങൾക്ക് അവമുഖേന കുറേ നേരമ്പോക്കും പുതിയ അറിവും വിജ്ഞാനവും ലഭിക്കാതിരുന്നില്ല. കൂടാതെ പൊതുക്കാര്യങ്ങളിൽ ഞങ്ങളുടെ അഭിപ്രായങ്ങൾ ഇന്നിന്നവയാണെന്നു അറിയിക്കുവാനുള്ള സന്ദർഭങ്ങളും ലഭിച്ചു. അതേപ്പററി വഴിയേ പ്രസ്താവിച്ചുകൊള്ളാം.

എനിക്ക് ആദ്യമായിലഭിച്ച പ്രൊമോഷൻ 1736-ൽ ജനറൽ അസംബ്ളിയിലെ ക്ലാർക്കായി നിയമിക്കപ്പെട്ടതാണു്. ആ വർഷത്തെ തെരഞ്ഞെടുപ്പിൽ എതിരാളികൾ ആരുംതന്നെയില്ലായിരുന്നു. എന്നാൽ അടുത്തവർഷത്തിൽ വീണ്ടും എന്റെ പേരു നിർദ്ദേശിക്കപ്പെട്ടപ്പോൾ പ്രരിവർഷമുള്ള അംഗങ്ങളുടെ ചുമതലയിന്മേൽ നടത്തപ്പെടുന്ന ആ തെരഞ്ഞെടുപ്പിൽ എനിക്കെതിരായി ഒരു പുതിയ അംഗം സുദീർഘമായ ഒരു പ്രസംഗംനടത്തി. എന്നിട്ടും തെരഞ്ഞെടുപ്പിൽ എനിക്കുതന്നെ വിജയം ലഭിച്ചു. ഇതു് അന്നത്തെ സ്ഥിതിക്ക് വളരെ ഉപകാരപ്രദമായിരുന്നു. എന്തെന്നാൽ ക്ലാർക്കെന്നനിലയ്ക്കുള്ള ശമ്പളത്തിനുപുറമേ അസംബ്ളിവക അച്ചടികൾ ലഭിക്കുവാൻ മെമ്പറന്മാരുടെ സഹായം നേടുന്നതിനു സാധിക്കുമല്ലോ.

ഇക്കാര്യങ്ങൾ നിമിത്തം, എനിക്കെതിരായി സംസാരിച്ച മെമ്പറോടു എനിയ്ക്കുത്ര ആഭിമുഖ്യമൊന്നും തോന്നിയിരുന്നില്ല. അയാൾ സാമാന്യം സ്വത്തും വിദ്യാഭ്യാസവുമുള്ള ഒരാളായിരുന്നു. ഇതുനിമിത്തം അയാൾക്കു് ജനപ്രതിനിധിസഭസ്സിൽ ഗണ്യമായ സ്വാധീനശക്തി ഉണ്ടായിരുന്നു. എന്നാൽ ആ മെമ്പർ എനിക്ക് എതിരായിരുന്നതു മാറുവാൻ ഞാൻ അയാളുടെ അടുത്തു് യാതൊരു സേവയ്ക്കും ശുപാർശയ്ക്കും പോവുകയുണ്ടായില്ല. നേരേമറിച്ചു സ്വതന്ത്രവും അഭിമാനയുക്തവും ആയ ഒരു നിലപാടുതന്നെ സ്വീകരിച്ചു ആ മെമ്പറുടെ വകയായ പുസ്തകശാലയിൽ ചില വിശേഷപ്പെട്ട ഗ്രന്ഥങ്ങൾ ഉണ്ടെന്നു ഞാൻ കേട്ടിരുന്നു. ആ പുസ്തകങ്ങൾ ഒന്നുവായിക്കണമെന്നു തോന്നിയ ആഗ്രഹം ഞാൻ അയാളെ അറിയിച്ചു. അതു് വായിച്ചതിനുശേഷം ഞാൻ തിരിയെക്കൊടുത്തയച്ചു. ആ പുസ്തകങ്ങൾ കടംതന്നതിനു ഞാൻ നന്ദിപറഞ്ഞയയ്ക്കുകയും ചെയ്തു. അടുത്ത ഒരു ദിവസം ഞങ്ങൾ സഭാഹാളിൽവച്ചു് കണ്ടപ്പോൾ ആ മെമ്പർ എന്നോടെന്തോസംസാരിക്കുകയും, തുട

രെയുള്ള എല്ലാസന്ദർഭങ്ങളിലും അദ്ദേഹം വേണ്ടവിധത്തിലുള്ള സഹായങ്ങൾ നിർവ്വഹിച്ചുതരികയും ചെയ്തു. ഇങ്ങനെ ഞങ്ങൾ ഇരുവരും സ്നേഹിതരായി. അദ്ദേഹത്തിൻെറ മരണംവരെ ഈ സ്നേഹനില തുടൎന്നുപോന്നു. ഇതു് ഞാൻ ഒരു പഴയതത്വത്തിനു ഉദാഹരണമെന്ന നിലയിൽ ഗണിക്കുകയുണ്ടായി. നിങ്ങൾക്കു് ഒരിക്കൽ എന്തെങ്കിലും ഒരു സഹായം ചെയ്തുതന്നയാൾ തുടൎന്നു വീണ്ടും സഹായിക്കുവാൻ മടിക്കുകയില്ല. നിങ്ങൾ എന്തെങ്കിലും സഹായം ചെയ്തുകൊടുത്തതു ഏററവനെക്കാൾ കൂടുതൽ സഹായം ചെയ്യുമെന്ന തത്വം, വിരോധപ്രധാനമായ പെരുമാററത്തെക്കാൾ എത്രയോനല്ലതും ലാഭകരവും അനുരഞ്ജനസ്വഭാവവും തന്നെയാണല്ലോ.

1737-ൽ വെർജീനിയായിലെ ഒരുകാലത്തെ ഗവർണരായ കേൾണൽ സ്പോട്സ്‌വുഡ് എന്നയാൾ അന്നത്തെ പോസ്ററുമാസ്റ്റർ ജനറൽ ആയിരുന്നു. അദ്ദേഹത്തിനു് ഫിലഡൽഫിയായിലുണ്ടായിരുന്ന ഡെപ്യൂട്ടിജനറലിൻെറ നേൎക്കു് തീരെ തൃപ്തിയില്ലാതെയായി. ഈ ഡെപ്യൂട്ടിജനറൽ കണക്കുസൂക്ഷിപ്പുസംബന്ധിച്ചു തുലോം സൂക്ഷ്മക്കുറവുള്ളവനായിരുന്നു. അതിനാൽ ആ ഉദ്യോഗസ്ഥൻ ചെയ്തുതീൎക്കേണ്ടചുമതലകൾ പോസ്ററുമാസ്റ്റർ എന്നെ ഏൽപ്പിച്ചു. ഞാൻ ഈ ഉദ്യോഗദാനം സന്തോഷത്തോടെ സ്വീകരിച്ചു എന്തെന്നാൽ ഇതിലേയ്ക്കു് ശമ്പളം കുറവായിരുന്നു എങ്കിലും എൻെറ പത്രംസംബന്ധിച്ചു വേണ്ട എഴുത്തുകുത്തുകൾക്കു് കൂടുതൽ ചില സൗകര്യങ്ങൾ ഇതുമൂലം സിദ്ധിക്കാം. പരസ്യങ്ങൾ ധാരാളമായി ലഭിക്കുക, വരിക്കാരുടെ സംഖ്യ വൎദ്ധിക്കുക എന്നിവയായിരുന്നു ഈ ഗുണങ്ങൾ. എൻെറ പണ്ടത്തെ മത്സരക്കാരനായ പ്രതിയോഗിയുടെപത്രം താരതമ്യേന പ്രചാരത്തിൽ കുറഞ്ഞു. അയാളുടെ നിരാകരണത്തിനു് ഞാൻ പകരംവീട്ടാതെതന്നെ സംതൃപ്തനായി. പോസ്റ്റ്മാസ്റ്റർ ആയിരുന്നകാലത്തു് അയാൾ അശ്വാരൂഢർവഴിക്കു് എൻെറ പത്രംകൊണ്ടുപോകുവാനനുവദിച്ചിരുന്നില്ല. ഇങ്ങനെ അയാൾ ശരിയായകണക്കുകൾ സൂക്ഷിക്കുവാൻ ശ്രദ്ധിക്കായ്കനിമിത്തം വളരെനഷ്ടംസഹിച്ചു. മററുള്ളവൎക്കുവേണ്ടി കാര്യങ്ങൾനിർവ്വഹിക്കാൻ ഒരുങ്ങുന്നചെറുപ്പക്കാരോടു് എനിക്കൊരു വസ്തുത അറിയിക്കുവാനുള്ളതു് അവർ പണം സംബന്ധിച്ചകണക്കുകൾ എപ്പോഴും ഭദ്രമായി സൂക്ഷിക്കണമെന്നും അടയ്ക്കേണ്ടതുകകൾ അതാതുസന്ദർഭങ്ങളിൽത്തന്നെ അടയ്ക്കണമെന്നും ഉള്ളതാണു്. അപ്രകാരം കണിശമായും കൃത്യനിഷ്ഠയോടും കൂടി കാര്യങ്ങൾ നിർവ്വഹിക്കുന്നതാണു് ഒരുവൻെറ ജോലിയിൽ മറേറതൊരു ശുപാൎശയെക്കാളും ഏററവും ബലവത്തരമായ ശുപാ

ശ്യയെന്നും കരുതണം. അതുപോലെതന്നെ ധനാഗമമാൎഗ്ഗങ്ങളെ കൂടുതൽ സുഗമമാക്കുന്നതും ഈ ഒരു സ്വഭാവവിശേഷത്താൽ തന്നെ വേണ്ടതാകുന്നു.

ഇക്കാലത്താണു് ഞാൻ എന്റെ ശ്രദ്ധയെ പൊതുക്കാൎയ്യോന്മുഖമായിത്തിരിച്ചതു്. ആദ്യകാലങ്ങളിൽ ചെറുതരംസംഗതികളിൽ ഞാൻ ശ്രദ്ധിച്ചു. അക്കൂട്ടത്തിൽ നഗരിയിലെപ്പാറാവു് കൃത്യവിലോപംകൂടാതെ നടത്തിക്കുന്നകാൎയ്യം പ്രാമുഖ്യം അൎഹിച്ചു. നഗരിയിലെ ഓരോപ്രത്യേകസ്ഥലവിഭാഗവും അതാതുഭാഗത്തിലുള്ളഓരോ സൂക്ഷിപ്പുകാരായ കാൺസ്റ്റബിൾമാരാൽ സൂക്ഷിക്കപ്പെട്ടുവന്നു. ഈ കാൺസ്റ്റബിൾമാരാകട്ടെ, അവരോടുകൂടെ രാത്രിയുണ്ടായിരിക്കുവാൻ ഏതാനും ഭവനസംരക്ഷകരെ കൂട്ടുപിടിച്ചിരുന്നു. ഇതിനു സാധിക്കാത്ത ഭവനസംരക്ഷകർ പ്രതിവൎഷം ആറുഷില്ലിംഗ് കൊടുക്കണമെന്നുനിശ്ചയിച്ചു. ഇതു് അവൎക്കുപകരം മററാളുകളെ ഏൎപ്പെടുത്തുവാൻ കൊടുക്കുന്നതിനെന്നാണുവെപ്പു്. എന്നാൽ ഇതു് അക്കാൎയ്യത്തിനുവേണ്ടതിലും കൂടുതലായ തുകയായിരുന്നു. അതിനാൽ നഗരസൂക്ഷിപ്പിലേൎപ്പെട്ടുന്ന കാൺസ്റ്റബിൾമാൎക്കു് ഇതൊരു കൂടുതൽ ആദായമായി. അവർ നഗരിസൂക്ഷിപ്പിനു് ഒരുവക കൊള്ളരുതാത്തവരെ കൂട്ടുപിടിച്ചുവന്നതിനാൽ ഭവനസൂക്ഷിപ്പുകാൎക്കു് ഇവരുമായി യാതൊരു സാഹചൎയ്യത്തിനും സമ്മതമില്ലായിരുന്നു. ഇതുപോലെ നഗരംചുററി പരിശോധിക്കുന്നപതിവും ഇല്ലാതായി. രാത്രികാലങ്ങൾ മിക്കവാറും മദ്യപാനത്തിൽത്തന്നെ കഴിഞ്ഞുകൂടി. ഈ സ്ഥിതികളെല്ലാംകണ്ടു് ഞാൻ ജൂൺഡോസംഘാംഗങ്ങളുടെ മുമ്പാകെ ഒരുലേഖനം എഴുതിവായിച്ചു. ഇതിൽ അതിപ്രധാനമായി ഞാൻ ചൂണ്ടിക്കാണിച്ചതു്, കേവലം അൻപതുപവന്റെ സ്വത്തുള്ള ഒരു വിധവയും എത്രയോ ആയിരംപവനുള്ള സാധനങ്ങൾ ഉള്ള സംഭരണശാലയുടെ ഉടമസ്ഥനും ഒരേസംഖ്യകൊടുക്കേണ്ടിവരുന്നതു് അന്യായമാണെന്നാണു്.

ആകെപ്പാടേ ഞാൻ കൂടുതൽ ഫലപ്രദവും പ്രയോജനകരവും ആയ ഒരു നഗരസൂക്ഷിപ്പിനുവേണ്ട നിൎദ്ദേശങ്ങൾ സമൎപ്പിച്ചു. ഈ ഒരുകാൎയ്യം നിൎവ്വഹിക്കുന്നതിനു സന്നദ്ധതയും കെല്പും ഉള്ള സൂക്ഷിപ്പുകാരെത്തന്നെ ഏൎപ്പെടുത്തുവാനും നിൎദ്ദേശിച്ചു. ഓരോ ഭവനാധിപരുടേയും സ്വത്തനുസരിച്ചുള്ള തുകമാത്രമേ കാൺസ്റ്റബിൾമാൎക്കു് കരമെന്നനിലയിൽ നൽകേണ്ടതുള്ളൂ എന്നും തീരുമാനിച്ചു. ജൂൺഡോ അംഗീകരിച്ച ഈ നിൎദ്ദേശങ്ങളെ മററുസംഘങ്ങളേയും അറിയിച്ചു. ഈ പുതുനിൎദ്ദേശങ്ങൾ പെട്ടെന്നു് നടപ്പിൽ

വന്നില്ല. എങ്കിലും, ഒരു പ്രധാനവ്യതിയാനത്തിന് ജനങ്ങളുടെ മനസ്സിനെ ഒരുക്കുക എന്നകാര്യം ഇതിനാൽ സാധിച്ചു.

ഏകദേശം ഇക്കാലത്തു് ഞാൻ ജൂൺർഡോസംഘത്തിലേയ്ക്കു് മററൊരു പ്രാധാനകാര്യം ശ്രദ്ധാവിഷയമാക്കി. ഓരോവിധത്തിലുള്ള സൂക്ഷ്മക്കുറവോ ഉപേക്ഷയോനിമിത്തം ഭവനങ്ങൾ അഗ്നിബാധിതങ്ങളാകുന്നതു് തടുക്കുന്നതിനുള്ള നിർദ്ദേശമായിരുന്നു ഇതു്. അതിനാൽ ആളുകൾ വേണ്ടമുൻകരുതലുകളോടെയിരിക്കുവാനും അഗ്നിബാധാനിവാരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ കൈക്കൊള്ളുവാനും ഇതിൽ വിവരിച്ചിരുന്നു. അഗ്നിശമനം വിജയകരമായി സാധിക്കുവാൻ തയ്യാറുള്ളവരെ കൂട്ടിച്ചേർത്തു സംഘടിപ്പിക്കുവാനും നിർദ്ദേശിക്കപ്പെട്ടു. ഉദ്ദേശം മുപ്പതാളുകൾ ഈ സംഘത്തിൽ ഉണ്ടായിരിക്കണമെന്നായിരുന്നു, നിർദ്ദേശം. ഈ മുപ്പതുപേരും മാസത്തിലൊരിക്കൽ തമ്മിൽക്കാണണമെന്നും ഞവർ തുകൽ അഥവാ തകരംകൊണ്ടുള്ള ജലവാഹികൾ തീപിടിക്കുന്ന സ്ഥലത്തു എത്തിക്കത്തക്കവിധം എപ്പോഴും സന്നദ്ധരായിരിക്കണം എന്നുമായിരുന്നു നിർദ്ദേശങ്ങൾ. മാസത്തിലൊരുതവണഅംഗങ്ങൾ പരസ്പരം സമ്മേളിച്ചു ഒരു സാമുദായികസായാഹ്നം ആചരിക്കുന്നതും അനുപേക്ഷണീയമെന്നു കരുതപ്പെട്ടു. ഈ സമ്മേളനങ്ങളിൽവച്ചു് ഉദ്ദിഷ്ടകാര്യത്തെപ്പററി ഉപരിചിന്തനങ്ങൾ നടത്തണമെന്നും ഇതോടു ബന്ധമുള്ള മററനേകം കാര്യങ്ങളെപ്പററി ചർച്ചനടത്തണമെന്നും ഒക്കെയായിരുന്നു വ്യവസ്ഥകൾ.

ഇപ്രകാരം ഒരു സ്ഥാപനംകൊണ്ടുള്ള പ്രയോജനം എളുപ്പത്തിൽ ഏവർക്കുമേ മനസ്സിലായി. ഒരുസംഘം മററൊരു സംഘരൂപീകരണത്തിനു പ്രചോദനംനല്കി. ഇങ്ങനെ ഒന്നിനുപുറമേ മററൊന്നു് എന്ന നിലയിൽ അനവധി സംഘങ്ങൾ രൂപീകരിക്കപ്പെട്ടു. എന്നുവേണ്ട അക്കാലത്തു വീടും പുരയിടങ്ങളും ഉണ്ടായിരുന്ന ഓരോരുത്തരും ഇപ്രകാരം അഗ്നിബാധാശമനത്തിനുള്ള ഓരോ സംഘങ്ങൾ രൂപീകരിച്ചു. ഇതാ ഇപ്പോൾ വഷങ്ങൾ അൻപതുകഴിഞ്ഞു. എന്നിട്ടും ഞാൻ ആദ്യമേ സ്ഥാപിച്ച 'ഐക്യ-അഗ്നിശമനസംഘം' ഇപ്പോഴും പ്രവത്തനോന്മുഖമായിത്തന്നെ കാണപ്പെടുന്നു. ഈ സംഘങ്ങളിൽ യഥാകാലം ഹാജരാകാൻ സാധിക്കാത്തവക്കു് നിശ്ചയിക്കപ്പെട്ട പിഴകൾ ഏകോപിപ്പിച്ചു അഗ്നിബാധശമനോപകരണങ്ങൾ വാങ്ങുവാൻ വിനിയോഗിച്ചു. ഇങ്ങനെ തീപിടിത്തത്തിനു് ശക്തിയേറിയ പ്രതിവിധി നേടുവാനുള്ള സംഘങ്ങൾ ലോകത്തു് മറേറതെങ്കിലും രാജ്യത്തു് ഇതേവരെ ഏൎപ്പെടുത്തപ്പെട്ടിട്ടുള്ളതായി എനിക്കറിവില്ല. ഇത്തരം സംഘങ്ങ

ളുടെ ആവിർഭാവത്തിനുശേഷം ഈ നാട്ടിൽ തീപിടിത്തം സംബന്ധിച്ചുള്ള നഷ്ടങ്ങൾ ഉണ്ടായിട്ടില്ല എന്നുതന്നെ പറയാം.

1739-ൽ ദേശസഞ്ചാരകൗതുകത്തോടെ ക്രിസ്തുമതതത്വപ്രാസംഗികനായി നാടുതോറും സഞ്ചരിക്കുന്ന റെവറൻറു വൈററ്ഫീൽഡ് എന്ന മാന്യൻ ഐർലൻറിൽനിന്നു ഞങ്ങളുടെ നാട്ടിൽ വന്നുചേൻറു. ആദ്യമാദ്യം അദ്ദേഹത്തെ ഇവിടത്തെ ചില ദേവാലയങ്ങളിൽ പ്രസംഗിക്കുവാൻ അനുവദിച്ചു. എന്നാൽ ഇവിടത്തെ പുരോഹിതവർഗ്ഗത്തിനു് അത്ര രസിക്കാത്തതിനാൽ വൈററ്ഫീൽഡിനു തുടൎന്നു് ദേവാലയപ്രസംഗമണ്ഡപങ്ങളിൽ അനുവാദം കൊടുക്കപ്പെട്ടില്ല. അതിനാൽ അദ്ദേഹം നാട്ടിലെ വെളിസ്ഥലങ്ങളിൽവച്ചുമാത്രമേ പ്രസംഗിക്കാറുള്ളു എന്ന നിലയിലായി. എന്നാൽ ക്രിസ്തുമതവിഭാഗങ്ങൾ നിരവധി ഉള്ളവയിൽപ്പെട്ട അസംഖ്യമസംഖ്യം ജനങ്ങൾ അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കേൾക്കാൻ കൂടിച്ചേൎന്ന വസ്തുത ആലോചിക്കുമ്പോൾ ഈ മതപ്രാസംഗികൻെറ വാഗ്ധാടിയുടെ സ്വഭാവമാഹാത്മ്യം എനിക്കു് ഏകദേശം ഊഹിക്കുവാൻ സാധിച്ചു. അദ്ദേഹം, ശ്രോതാക്കളെ “പകുതി മൃഗങ്ങളും പകുതി പിശാചുക്കളും” ആയിട്ടാണു് കണക്കാക്കാറുണ്ടായിരുന്നതു്. എന്നിട്ടും അദ്ദേഹത്തിൻെറ പ്രസംഗം അനേകായിരംപേരെ ഒരുപോലെ ആകർഷിച്ചു. ഈ പ്രസംഗപരമ്പര നാട്ടുകാരിൽ വരുത്തിയ മാററങ്ങൾ അസാധാരണങ്ങൾ ആയിരുന്നു. മതംസംബന്ധിച്ചു് ലേശംപോലും ചിന്തയില്ലാതെ ഉദാസീനരായി കഴിഞ്ഞുവന്നിരുന്ന പലരും തീക്ഷ്ണമായ മതബോധത്തോടുകൂടിയവരായി വൈകുന്നേരം നഗരിയിലൂടെ നടക്കുന്ന ഏവൎക്കും സങ്കീർത്തനഗാനാലാപങ്ങൾ ഓരോ ഭവനത്തിൽനിന്നും പുറമേ പ്രസരിച്ചതു് ശ്രവണഗോചരമായിരുന്നു.

എന്നാൽ മുൻപു പ്രസ്താവിക്കപ്പെട്ടപോലെ വെളിസ്ഥലങ്ങളിൽ കൂടുന്നതും പ്രസംഗം ശ്രവിക്കുന്നതും പൊതുവേ പല അസൗകര്യങ്ങൾക്കും ഹേതുവായി. അതിനാൽ പൊതുജനങ്ങൾക്കു് സമ്മേളിക്കത്തക്കവിധം ഒരു ഹാൾ പണിയിക്കേണ്ട ആവശ്യം നേരിട്ടു. അങ്ങിനെ നൂററിനീളം എഴുപതടിവീതിയിൽ ഒരു ഹാൾ നിർമ്മിക്കുവാൻ വേണ്ട കെട്ടിടത്തിൻെറ പ്ലാൻ നിശ്ചയിച്ചു് പണിവകയ്ക്കു പൊതുജനങ്ങളിൽനിന്നു സംഭാവനകൾ പിരിച്ചെടുക്കുകയായി. ഈ മന്ദിരനിർമ്മിതി എത്രയുംവേഗത്തിൽ നിർവ്വഹിക്കുവാൻ എല്ലാപേരും വളരെ ഉത്സാഹിച്ചു. ഫിലഡൽഫിയയിലെ പൊതുജനങ്ങൾക്കു് ഏതൊരു മതപ്രാസംഗികൻേറയും ഏതൊരു പ്രസംഗവും ശ്രവിക്കത്തക്കവിധത്തിൽ ഈ മന്ദിരം ഉപയോഗയോഗ്യമാക്കി,

അതിൻെറ സമുചിതമായ സൂക്ഷിപ്പിന്ന് ഒരു വിശ്വസ്തസംഘത്തെ നിയമിച്ചു. ഈ മന്ദിരത്തിലെ പ്രസംഗം ഏതെങ്കിലും ഒരു പ്രത്യേകമതവിഭാഗക്കാക്ക് എന്ന സങ്കുചിതപരിധിയിലല്ലാതെ വിശാലവും സർവ്വമതവിഭാഗക്കാക്കും ഒരുപോലെ പ്രയോജനപ്പെടുത്താവുന്നതും ആക്കിത്തീത്തു. അതിനാൽ കോൺസ്റ്റാൻഡിനോപ്പിളിൽനിന്ന് മഹമ്മദുമതത്തെപ്പററി പ്രസംഗിക്കുവാൻ ഏതെങ്കിലും പ്രത്യേക മിഷൻവേലക്കാർ എത്തിയാൽ അവക്കും ഈ ഹാൾ പ്രയോജനപ്പെടുത്തുവാൻ സാദ്ധ്യമായിരുന്നു.

മി: വൈററുഫീൽഡ് ഞങ്ങളെ വിട്ടശേഷം ജോർജിയായിലെ അധിനിവേശസ്ഥലങ്ങളിലേയ്ക്കുപോയി. ആ പുതിയ നിവാസസ്ഥലം അദ്ധ്വാനശീലരും പ്രയത്നോന്മുഖരും ആയ വ്യവസായശാലികളുടെ വാസസങ്കേതമായിരുന്നില്ല. കച്ചവടത്തിൽ പൊളിഞ്ഞവരും, മററു പ്രവൎത്തനങ്ങളിൽ പാപ്പരായവരും, ശുദ്ധമേ അലസരും പ്രയത്നവിമുഖരും ജയിലിൽനിന്നു മോചിപ്പിക്കപ്പെട്ടവരും ആയ ആളുകളായിരുന്നു, അവിടെ അധികമായി നിവസിച്ചിരുന്നതു്. അവക്കു കഠിനാദ്ധ്വാനം നടത്തി കൃഷി മുതലായ വ്യവസായങ്ങളിൽ ഏപ്പെടുവാനുള്ള കരുത്തോ മനസ്സോ ഉണ്ടായിരുന്നില്ല. തന്മൂലം അധികംപേരും ചത്തൊടുങ്ങുകയും അവരുടെ സന്താനങ്ങൾ രക്ഷാമാഗ്ഗങ്ങളൊന്നും കാണാതെ വിഷമിക്കുകയും ആയിരുന്നു. ദയനീയമായ ഈ സ്ഥിതി അവിടെ കണ്ടതോടെ വൈററുഫീൽഡിൻെറ ഹൃദയത്തിൽ അത്യന്തം കരുണതോന്നി അവിടെ കുട്ടികൾക്കായുള്ള ഒരു അനാഥശാല നിമ്മിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. കുട്ടികൾക്കു വേണ്ട സംരക്ഷണവും വിദ്യാഭ്യാസവും നൽകുവാനുള്ള ഒരു മന്ദിരം. പ്രസ്തുതാവശ്യത്തെപ്പററി ശക്തിയായ ഉൽബോധനംനല്കി ജനങ്ങളിൽനിന്നു ധാരാളം സംഭാവനകൾ സ്വീകരിച്ചു. അദ്ദേഹത്തിൻെറ പ്രസംഗങ്ങൾക്കുള്ള ശക്തി അത്ര മഹത്തായിരുന്നു. ശ്രോതാക്കളുടെ ഹൃദയവും പണവും ഒരുപോലെ സ്വാധീനപ്പെടുത്തുവാൻ അദ്ദേഹത്തിനു എളുപ്പത്തിൽ സാധിക്കും എന്നുള്ളതിന്ന് ഒരുദാഹരണം ഞാൻതന്നെയാണ്.

വൈററ്ഫീൽഡിൻെറ അഭിപ്രായം ഞാൻ സ്വീകരിക്കാതെയല്ല. എന്നാൽ ജോജ്ജിയായിൽ അക്കാലത്തു് സാധനസാമഗ്രികളും ജോലിചെയ്യുന്ന ആളുകളും വളരെ ദുർല്ലഭമായിരുന്നതിനാലും ഫിലഡൽഫിയയിൽനിന്നു വളരെത്തുക ചെലവുചെയ്തും ഇവരണ്ടും അവിടെ എത്തിച്ചുകൊടുക്കേണ്ടിയിരുന്നതിനാലും ഇവിടെത്തന്നെ അപ്രകാരം ഒരു അനാഥമന്ദിരം സ്ഥാപിച്ചു കുട്ടികളെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരണമെന്നൊരഭിപ്രായം ഞാൻ പുറപ്പെടുവിച്ചു.

ഇങ്ങനെ ഞാൻ നിർദ്ദേശിച്ചുവെങ്കിലും വൈററ്ഫീൽഡ് അദ്ദേഹത്തിൻെറ അഭിപ്രായം നിർബന്ധപൂർവ്വം നിറവേററുവാൻതന്നെ തയ്യാറായി. അദ്ദേഹം എൻെറ നിർദ്ദേശം സ്വീകരിച്ചില്ല. അക്കാരണത്താൽ ഞാൻ ഈ അനാഥമന്ദിരത്തിലേയ്ക്ക് സംഭാവനനൽകിയതുമില്ല. ആയിടെ ഞാൻ അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കാൻ പോയിരുന്നു. ബഹുജനസംഭാവന അർത്ഥിച്ചുകൊണ്ടായിരുന്നു, പ്രസംഗം. ഈ സന്ദർഭത്തിൽ എൻെറ കൈയിൽനിന്നു ഒരു ചെറുതുകപോലും വൈററ്ഫീൽഡിനു കിട്ടുകയില്ല എന്നു ഞാൻ രഹസ്യമായി ഒരു ദൃഢനിശ്ചയം ചെയ്തു. അപ്പോൾ എൻെറ പോക്കററിൽ ഒരു കൈനിറയെ ചെമ്പുതുട്ടും മൂന്നോ നാലോ ഡോളറും അഞ്ചു സ്വർണ്ണനാണയവും ഉണ്ടായിരുന്നു മേൽപ്പറഞ്ഞ ദൃഢനിശ്ചയം വൈററ്ഫീൽഡിൻെറ പ്രസംഗംകേട്ടതോടെ പറന്നുവെന്നുതന്നെ പറയാം. ചെമ്പുതുട്ടുകൾ കൊടുത്തേയ്ക്കാമെന്നു ഞാൻ കരുതി. അല്പംകൂടെ കേട്ടുകൊണ്ടിരുന്നപ്പോൾ ചെമ്പുതുട്ടു കൊടുക്കുന്നതു് മോശമെന്നു് എനിക്കു തോന്നി. കുറേക്കൂടെ ഞാൻ പ്രസംഗം ശ്രവിച്ചു. പരമാർത്ഥം പറയാമല്ലോ. സ്വർണ്ണനാണയം ഉൾപ്പെടെ പോക്കററിലുണ്ടായിരുന്ന തുകമുഴുവൻ ഞാൻ സംഭാവനചെയ്തു. ഈ പ്രസംഗം ഇങ്ങനെ നടക്കവേ, എന്നെപ്പോലെ മറെറാരാളും ജോർജിയയിലല്ല അനാഥമന്ദിരം വേണ്ടതു് എന്ന അഭിപ്രായത്തോടുകൂടി ശ്രോതാക്കളുടെ കൂട്ടത്തിലുണ്ടായിരുന്നു. പ്രസംഗം കഴിഞ്ഞു് ഒരു ധനശേഖരം ഉണ്ടായിരിക്കുമെന്നു ഊഹിച്ചു് അയാൾ കൈയിലൊരു പെനിപോലും കൂടാതെയാണു് സമ്മേളനസ്ഥലത്തു് എത്തിയതു്. എന്നാൽ വൈററ്ഫീൽഡിൻെറ വാഗ്ധോരണികേട്ടതോടുകൂടി എന്തെങ്കിലും സംഭാവന ചെയ്യേണ്ടതാണെന്നു അയാൾക്കു് തോന്നി. ഇതിലേയ്ക്കു് അടുത്തുണ്ടായിരുന്ന ഒരു സ്നേഹിതനോടു ഒരു ചെറുതുക അയാൾ കടമായി ചോദിച്ചു. ആ സ്നേഹിതനോ, യാതൊരു കാരണവശാലും യാതൊരു സംഭാവനയും ചെയ്യുകയില്ല എന്ന ദൃഢനിശ്ചയത്തോടുകൂടിയവനും ആയിരുന്നു. അയാളുടെ മറുപടി ഇങ്ങനെയായിരുന്നു:—
"സ്നേഹിത, ഹോപ്കിൻസ്, വേറേ ഏതൊരു സന്ദർഭത്തിലായിരുന്നാലും നിങ്ങൾ കടംചോദിച്ചതു് ഞാൻ തരുമായിരുന്നു. ഇപ്പോൾ നിവൃത്തിയില്ല. നിങ്ങളുടെ തല തിരിഞ്ഞുപോയി എന്നെനിക്കു തോന്നുന്നു"

വൈററ്ഫീൽഡിൻെറ ചില ശത്രുക്കൾ, അദ്ദേഹം പണം പിരിച്ചെടുക്കുന്നതു് സ്വന്തം ആവശ്യങ്ങൾക്കായിരുന്നു എന്നൊരാരോപണം കൊണ്ടുവന്നിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ പ്രസംഗങ്ങളും ആനുകാലികപ്രസിദ്ധീകരണങ്ങളും അച്ചടിച്ചുകൊടുത്തി

രുന്ന എനിക്കു് അദ്ദേഹവുമായി ധാരാളം അടുത്തു പരിചയമുള്ളതു കൊണ്ടു് അദ്ദേഹത്തിൻെറ സത്യസന്ധതയെപ്പററി ലേശംപോലും സംശയത്തിനിടയില്ല. സകല ഇടപാടുകളിലും അദ്ദേഹം സത്യസന്ധൻതന്നെയായിരുന്നു. വിശേഷിച്ചു ഞങ്ങൾതമ്മിൽ മതപരമായ യാതൊരു ബന്ധവും ഇല്ലാതിരുന്നതിനാൽ ഞാനിപ്പറയുന്നതു പക്ഷപാതപരമായ ഒരഭിപ്രായം അല്ലാതാനും. അദ്ദേഹം ചിലപ്പോഴൊക്കെ എന്നെയും അദ്ദേഹത്തിൻെറ മതാഭിപ്രായങ്ങളോടു യോജിച്ചു മാറുവാൻ പ്രേരിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഞാൻ അതൊന്നും സ്വീകരിച്ചിട്ടില്ല. ഞങ്ങൾ തമ്മിലുള്ള ബന്ധം വെറും സ്നേഹിതർ എന്നനിലയിലായിരുന്നു. ഇരുവരുടേയും ആത്മാർത്ഥത അദ്ദേഹത്തിൻെറ മരണംവരെ നിലനിന്നു.

ഞങ്ങളുടെ ബന്ധത്തിൻെറ സ്വഭാവം താഴെപ്പറയുന്നതിൽനിന്നു വിശദമാകും. ഇംഗ്ലണ്ടിൽനിന്നു് ഒരിക്കൽ അദ്ദേഹം ബോസ്റ്റണിൽ എത്തുവാൻ ഉദ്ദേശിച്ചു. നേരത്തേതന്നെ എനിക്കൊരു കത്തെഴുതി. അദ്ദേഹത്തിനു ഫിലഡൽഫിയയിൽ എത്തണമെന്നു് ആഗ്രഹമുണ്ടെന്നും എന്നാൽ പരിചയക്കാരനായ ബനിസെററു് എന്നയാൾ ജർമ്മൻട്ടൗണിലേയ്ക്കു് മാറിത്താമസിക്കുകയാണെന്നും ആ സ്ഥിതിക്കു് എവിടെയാണു കഴിഞ്ഞുകൂടേണ്ടതെന്നു് തനിക്കറിഞ്ഞുകൂടെന്നുമായിരുന്നു, കത്തു്. ഞാനിങ്ങനെ മറുപടികൊടുത്തു:— "അങ്ങേയ്ക്കെൻെറ ഭവനം അറിയാമല്ലോ. ഇവിടെയുള്ള സൗകര്യങ്ങൾകൊണ്ടു തൃപ്തിപ്പെടാമെങ്കിൽ ഇവിടെ താമസമാകാം. അതിലേയ്ക്കു് അങ്ങയെ ഹൃദയപൂർവ്വം ക്ഷണിക്കുന്നു." ഇതിലേയ്ക്കു് അദ്ദേഹം എഴുതിയ മറുകത്തിൽ ക്രിസ്തുവിൻെറ നാമധേയത്തിൽ ഞാനിങ്ങനെ സമ്മതിച്ചതിനു് എനിക്കു് തക്ക അനുഗ്രഹം ലഭിക്കുമെന്നു പ്രസ്താവിച്ചിരുന്നു. ഇതിലേയ്ക്കുള്ള എൻെറ മറുപടിയിൽ "തെററിദ്ധരിക്കരുതേ. ഞാൻ അങ്ങയെ ക്ഷണിച്ചതു് ക്രിസ്തുവിനുവേണ്ടിയല്ല, അങ്ങേയ്ക്കുതന്നെവേണ്ടിയാണു്." എന്നു എഴുതുകയുണ്ടായി ഞങ്ങൾ ഇരുവരുടേയും ഒരു സ്നേഹിതൻ ഈ മറുപടി കണ്ടപ്പോൾ, സാധാരണയായി സന്യാസിമാർ തങ്ങൾക്കു ലഭിക്കുന്ന ഏതൊരു സഹായവും സ്വർഗ്ഗലോകത്തിൽ ചുമത്തുകയാണു് പതിവു് എന്നു് അറിഞ്ഞിട്ടും ഞാനതു ഭൂമിയിൽ ചുമത്തിയല്ലോ എന്നു വിനോദരസത്തിൽ പറയുകയുണ്ടായി.

ഞാൻ മി: വൈററ്ഫീൽഡിനെ ഒടുവിലായി കണ്ടതു് ലണ്ടനിൽവച്ചായിരുന്നു. അദ്ദേഹം പഴയ അനാഥമന്ദിരക്കാര്യത്തെപ്പററി അപ്പോൾ സംസാരിച്ചു. അനാഥമന്ദിരം മാത്രമല്ല, അതോ

ട്ടക്കൂടി ഒരു കോളജും സ്ഥാപിക്കണമെന്നു് അദ്ദേഹത്തിനു് ഉദ്ദേശമുണ്ടായിരുന്നുവത്രേ.

വൈററ്ഫീൽഡു് വളരെ ഉറക്കെയും വ്യക്തമായും സംസാരിക്കാൻ കഴിവുള്ള ആളായിരുന്നു. വളരെ ദൂരത്തുനിന്നാലും കേൾക്കത്തക്കവിധം അദ്ദേഹത്തിന് അത്ര ഉറക്കെ സംസാരിക്കാൻ സാധിക്കും. എത്ര അധികംപേരു ഉണ്ടായിരുന്നാലും ശ്രോതാക്കൾ നിശ്ശബ്ദത പരിപാലിച്ചുവന്നുവെന്നതു സ്പഷ്ടമായി കേൾക്കാൻ ഒരു കാരണമായി. ഒരിക്കൽ അദ്ദേഹം കോടതിക്കോണിപ്പടിയിൽ, മിഡിൽ മാക്കററുതെരുവിൽനിന്നു സംസാരിക്കുകയായിരുന്നു. രണ്ടാംതെരുവിന്റെ പടിഞ്ഞാറേഭാഗം കുറുക്കെ കടന്നുപോകുന്നു. രണ്ടുതെരുവുകളിലും ശ്രോതാക്കൾ ധാരാളം. മാക്കററുതെരുവിന്റെ ഏററവും പുറകിലായിട്ടാണു് ഞാൻ നിന്നതു്. അദ്ദേഹത്തിന്റെ സ്വരം ആ സ്ഥലംവരെ കേൾക്കാമോ എന്നു് ഞാൻ പരിക്ഷിച്ചു. ആററിനരികേ തെരുവു് എത്തുന്ന ഭാഗത്തു് ഞാൻ നിന്നു. എന്നാൽ ഫ്രൻഡ്തെരുവിന്റെ അടുത്തെത്തുന്നതുവരെ പ്രസംഗകത്താവിന്റെ ഒച്ച ഉച്ചത്തിൽ കേൾക്കാമായിരുന്നു. അവിടെ ഞാൻ നില്ക്കുന്നിടം വ്യാസാൎദ്ധത്തിന്റെ അതിൎത്തിയാക്കി ഒരു അൎദ്ധവൃത്തം സങ്കല്പിച്ചു്, നില്ക്കാവുന്ന ഓരോ ആളിനും രണ്ടടിസ്ഥലം അനുവദിച്ചാൽ ഒരു മുപ്പതിനായിരംപേർ ശ്രോതാക്കളായിക്കാണും. അതിൽ ക്കൂടുതൽ ആളുകൾക്കു് കേൾക്കത്തക്കവിധം അദ്ദേഹത്തിനു് സംസാരിക്കാൻ സാധിക്കും. ഇരുപത്തയ്യായിരം ജനങ്ങൾക്ക കേൾക്കത്തക്കവിധം അദ്ദേഹം സംസാരിച്ചു എന്നും മററുമുള്ള പത്രറിപ്പോർട്ടുകൾ ശരിയാണെന്നു ഞാൻ അപ്പോഴാണു് വിശ്വസിച്ചതു്. പുരാതനചരിത്രങ്ങളിൽ സേനാനായകന്മാർ സകലഭടന്മാരും കേൾക്കുമാറു് അത്ര ഉച്ചത്തിൽ സംസാരിക്കാറുണ്ടായിരുന്നു എന്ന പ്രസ്താവനകളും ഇതോടെ സംശയാതീതങ്ങളായി.

നിരന്തരമായി വൈററ്ഫിൽഡിന്റെ പ്രസംഗം ഞാൻ കേൾക്കുകനിമിത്തം പുത്തനായി രചിക്കപ്പെടുന്ന മതപ്രസംഗങ്ങൾക്കും സഞ്ചാരത്തിനിടയ്ക്കു അദ്ദേഹം ചെയ്തിട്ടുള്ള പ്രസംഗങ്ങൾക്കും തമ്മിലുള്ള വ്യത്യാസം എനിക്കു് മനസ്സിലാക്കുവാൻ സാധിച്ചു. ഇവയിൽ സഞ്ചാരത്തിനിടയിലുള്ള പ്രസംഗങ്ങളിലെ വാക്പ്രകാശനരീതി നിരന്തരങ്ങളായ ആവൎത്തനങ്ങളാൽ അത്ര വളരെ പരിഷ്കൃതങ്ങളായി. അതിനാൽ ഓരോസ്വരവും, ഓരോ ബലപ്പെടുത്തലും സ്വരങ്ങളുടെ ആരോഹണാവരോഹണക്രമവും അത്ര ഭംഗിയായി നിൎവഹിക്കുവാൻ സാധിച്ചു. അതുകൊണ്ടു പ്രസംഗവിഷയത്തിൽ അത്ര ശ്രദ്ധയില്ലാതിരുന്നവൎക്കുപോലും ആ പ്രസംഗം ശ്രവിക്കുന്നതു്

അത്ര രസകരമായിത്തോന്നി, ഒരു സംഗീതഭാഗം കേട്ടാൽ എത്ര മാത്രം രസമുണ്ടാകുമോ ആവിധമുള്ള രസം ഒരു സ്ഥലത്തുതന്നെ താമസിച്ചു പ്രസംഗിക്കുന്നവക്കും യാത്രാപരിപാടികൾ നടത്തവേ പല സ്ഥലങ്ങളിലും ഇറങ്ങി പ്രസംഗിക്കുന്നവക്കും തമ്മിലുള്ള വ്യത്യാസമാകുന്നു ഇതു്. ദേശസഞ്ചാരകുതുകികളായി മതപ്രസംഗം നടത്തുന്നവക്കു് ആ പ്രസംഗം എത്രയോതവണ ആവത്തിക്കാൻ കഴിയുമല്ലോ.

ആ പാതിരിയുടെ എഴുത്തുകളും പ്രസംഗങ്ങളും അതാതുകാലത്തു് ശത്രുക്കൾക്കു് വളരെ പ്രയോജനകരമായി ദുവ്യാഖ്യാനം ചെയ്യാൻ ഇടകൊടുത്തു. അപ്രകാരം ദുവ്യാഖ്യാനത്തിനു് ഇടകൊടുക്കുന്ന അനവധി പദപ്രയോഗങ്ങളും തെററിദ്ധാരണയുണ്ടാക്കുന്ന അഭിപ്രായങ്ങളും അവയിലുണ്ടായിരുന്നു. ഓരോ വിമശകന്മാർ അദ്ദേഹത്തിൻെറ പ്രസംഗഭാഗങ്ങളെ കഠിനമായി വിമശിച്ചിട്ടുണ്ടു്. ഇതുനിമിത്തം അദ്ദേഹത്തിൻെറ അഭിനന്ദകന്മാരുടെ സംഖ്യ കുറയുകയുമുണ്ടായി. അതിനാൽ അദ്ദേഹം പ്രസംഗമല്ലാതെ ഒന്നുംതന്നെ എഴുതാതിരുന്നുവെങ്കിൽ എത്രയോ നന്നായിരിക്കുമായിരുന്നു.

എൻെറ പ്രവത്തനങ്ങളെല്ലാം ഇക്കാലംകൊണ്ടു് വികാസം പ്രാപിക്കുകയും, പരിതഃസ്ഥിതികൾ പ്രതിദിവസം അധികം സുഖകരങ്ങളാവുകയും ചെയ്തുപോന്നു. എൻെറ പത്രംനടത്തിപ്പുതന്നെ വളരെ ലാഭകരമായി. ഈ സംസ്ഥാനത്തും അയൽപക്കങ്ങളിലും നല്ലനിലയിൽ നടത്തപ്പെടുന്ന പത്രം ഇതൊന്നുമാത്രം എന്ന നിലയിലായി. "ആദ്യത്തെ നൂറുപവൻ കിട്ടാനാണു വിഷമം, അടുത്ത നൂറുകൾ ഒന്നാമത്തെ നൂറുകിട്ടിയാൽ താനേ വന്നുകൊള്ളും" എന്ന പരമാത്ഥം എനിക്കു് അനുഭവസിദ്ധമായി.

കരോലിനയിലെ പങ്കാളിത്തം വിജയകരമായതോടുകൂടി ഞാൻ മററുള്ളവരേയും ഇത്തരം ഓഹരിയിന്മേൽ പ്രവത്തനനിരതരാക്കി. കരോലിനയിൽ പ്രവത്തനത്തിനു നിശ്ചയിക്കപ്പെട്ട കരാറിന്മേൽത്തന്നെ അച്ചടിയിൽ വിദഗ്ദ്ധരായ വേലക്കാരെ ഓരോ അധിനിവേശസ്ഥലങ്ങളിലേയ്ക്കു് അയച്ചു. അവരിൽ പലരും മുദ്രണാലയപ്രവത്തനം ഭംഗിയായി നിവ്വഹിച്ചു. അഞ്ചോ ആറോ വർഷങ്ങൾക്കുള്ളിൽ അവർ സ്വന്തമായ പണം ഉണ്ടാക്കി അച്ചടിശാലകളെ എനിക്കു പണംതന്നു സ്വന്തമാക്കുകയും ഇങ്ങനെ അനവധി കുടുംബങ്ങൾ നല്ല ആദായംകൊണ്ടു് ജീവിക്കുകയുംചെയ്തു. സാധാരണയായി പങ്കുചേൎന്നുള്ള ഏപ്പാടുകൾ പരാജയം പ്രാപിക്കുകയാണു് പതിവു്. എന്നാൽ എൻെറ പ്രത്യേക ഉത്സാഹത്തിൽ

നടത്തപ്പെട്ട ഓഹരിപ്രധാനങ്ങളായ പ്രവൎത്തനങ്ങളൊന്നുംതന്നെ വഴക്കിലോ പരാജയത്തിലോ കലാശിച്ചിട്ടില്ല. ഇതിനുകാരണം പ്രവൎത്തനത്തിനുമുമ്പുതന്നെ എഴുതിയുണ്ടാക്കുന്ന കരാറുകളിലെ വ്യവസ്ഥകളുടെ സ്വഭാവമാകുന്നു. ഓഹരിക്കാരുടെ ചുമതലകളും അവൎക്കുള്ള ആദായത്തിന്റെ സ്വഭാവവും വ്യക്തമാക്കി മററു യാതൊരുവിധത്തിലും വ്യാഖ്യാനിക്കപ്പെടാൻ ഇടകൊടുക്കാതെ കരാറെഴുതുന്ന സ്വഭാവം എനിക്കുണ്ടായിരുന്നു. അതിനാൽ ഇത്തരം പങ്കാളിത്തവ്യവസ്ഥകളിൽ ഏൎപ്പെടാൻ ഉദ്ദേശിക്കുന്നവരോട് എനിക്കു പ്രത്യേകിച്ചും പറയാനുള്ളതു്, എത്രമാത്രം പരസ്പരവിശ്വാസവും സ്നേഹവും ഉണ്ടെങ്കിലും വ്യവസ്ഥകൾ രൂപീകരിക്കുന്നതിൽ വ്യക്തമായി സംഗതികൾ പ്രസ്താവിക്കാത്തപക്ഷം അല്പമായ അസൂയയോ അസുഖമോ കടന്നുകൂടി അവരുടെ പ്രവൎത്തനത്തെ തന്നെ ശിഥിലീകരിച്ചേക്കും എന്നാകുന്നു.

പെൻസിൽവാനിയായിൽ ഞാൻ സ്ഥാപനം ഉറപ്പിച്ചതിൽ സംതൃപ്തി അടയുവാൻ വേണ്ടുവോളം കാരണങ്ങൾ ഉണ്ടായിരുന്നു എന്നാൽ, എന്തായിരുന്നാലും, എനിക്കു് അസ്വാസ്ഥ്യകരമായ ഒന്നു രണ്ടുസംഗതികൾ ഉണ്ടായി അവിടെ സ്വയംരക്ഷണത്തിനുള്ള സൌകര്യങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. യുവാക്കന്മാൎക്കു പരിപൂൎണ്ണമായ വിദ്യാഭ്യാസത്തിനുള്ള മാൎഗ്ഗങ്ങളോ, സൈനികസൗകൎയ്യമോ, വല്ല കാളേജുമോ ഇല്ലായിരുന്നു. അതിനാൽ 1743-ൽ ഒരു വിദ്യാൽസംഘം തുടങ്ങുവാൻ ഞാൻ ചില നിൎദ്ദേശങ്ങൾ റെവറൻറു മി: പീറേറഴ്സ് എന്നയാളിനെ അറിയിച്ചു. അദ്ദേഹം അപ്രകാരമുള്ള ഒരു സ്ഥാപനത്തിനു മേൽനോട്ടം വഹിക്കത്തക്ക പ്രാപ്തിയുള്ളവനായിരുന്നു. എന്നാൽ അദ്ദേഹം ആ സ്ഥാനമോ ചുമതലയോ നിൎവഹിക്കുവാൻ സന്നദ്ധനായില്ല. മററാരേയുംതന്നെ ഇക്കാൎയ്യത്തിൽ കാണാഞ്ഞതിനാൽ എന്റെ പദ്ധതി തല്ക്കാലം നിദ്രാലുതയിൽത്തന്നെയായി. അടുത്തവൎഷത്തിൽ, അതായതു് 1744-ൽ ഞാൻ ഒരു തത്വശാസ്ത്രജ്ഞസംഘം സ്ഥാപിക്കുവാൻ ശക്തനായി. ഈ ആവശ്യത്തിലേയ്ക്കു് ഞാൻ രചിച്ച ലേഖനം എന്റെ മററു രചനകൾ സമാഹരിക്കുന്നതിൽ കാണാൻകഴിയും

സ്പെയിൻ വളരെ വൎഷങ്ങളായി ഗ്രേററുബ്രിട്ടനുമായി യുദ്ധത്തിൽ ഏൎപ്പെട്ടിരുന്നതുനിമിത്തം എന്നുവേണ്ട ഫ്രാൻസുമായി ഒടുവിൽ കൂട്ടുകൂടിയതുംനിമിത്തം നമുക്കു് വലിയ ആപത്തിനു ഇടയായി. നമ്മുടെ ഗവർണരുടെ നിരന്തരമായ യത്നം ഇവിടത്തെ ക്വാക്കർ അസംബ്ളിയിൽ ഒരു സൈനികനിയമം പാസ്സാക്കുവാനും

സംസ്ഥാനത്തിൻെറ സമുചിതമായ സംരക്ഷണത്തിന വേണ്ട മാർഗ്ഗങ്ങൾ രൂപീകരിക്കുവാനും ആയിരുന്നു. എന്നാൽ ഈ പ്രയത്നം കേവലം പരാജയപ്പെട്ടു. ഈ സന്ദർഭത്തിൽ എനിക്കു് എന്തു ചെയ്യാൻ സാധിക്കുമെന്നു് ഞാനൊന്നു പരീക്ഷിച്ചു. ജനങ്ങളുടെ ഒരു സന്നദ്ധസംഘരൂപീകരണമാണു് എൻെറ ആലോചനയിൽപ്പെട്ടതു്. ഈ സംഘരൂപീകരണത്തിൻെറ വിജയത്തിനുവേണ്ടി ഞാൻ 'വെറും പരമാർത്ഥം' എന്നപേരിൽ ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തി. ഈ ലഘുലേഖയിൽ അന്നത്തെ നമ്മുടെ സ്വയംരക്ഷണത്തിലുള്ള അശക്തതയേയും അപ്രകാരമുള്ള രക്ഷണത്തിനു വേണ്ട ഐക്യത്തിൻെറ ആവശ്യകതയേയുംപററി പ്രസ്താവിച്ചിരുന്നു. ഈ ഉദ്ദേശത്തോടെ താമസിയാതെ ഒരു സംഘം രൂപീകരിക്കേണ്ടതുണ്ടു് എന്നും പ്രസ്താവിക്കപ്പെട്ടിരുന്നു. ഈ ലഘുലേഖയ്ക്കു് ഹാർദ്ദമായ സ്വീകരണം ലഭിച്ചു എന്നുമാത്രമല്ല അസാധാരണമായവിധം പ്രയോജനവും ഉണ്ടായി. സംഘത്തിൻെറ രൂപീകരണത്തിനു ഞാൻതന്നെ ഏർപ്പെടണമെന്നുള്ള അഭിപ്രായംനിമിത്തം ഏതാനും സ്നേഹിതന്മാരുമായി ആലോചിച്ചു സംഘനിയമങ്ങൾ എഴുതിയുണ്ടാക്കി. മുമ്പു പ്രസ്താവിച്ച വലിയ മന്ദിരത്തിൽ വച്ചു് ബഹുജനങ്ങളുടെ ഒരു സമ്മേളനം നടത്തി. സമ്മേളനസ്ഥലം ജനനിബിഡിതമായിരുന്നു. ഞാൻ മുമ്പുപറഞ്ഞ നിയമങ്ങളുടെ അച്ചടിച്ച പ്രതി വിതരണംചെയ്തു. വിവരങ്ങൾ എല്ലാം സദസ്യരെ അറിയിച്ചു. ആ അച്ചടിക്കപ്പെട്ട നിയമങ്ങളിൽ യാതൊരു ഭേദഗതിയും വരുത്താത്തവിധത്തിൽ സംഘത്തിൽ ചേരാൻ ഉദ്ദേശിക്കുന്നവരുടെ ഒപ്പുകൾ അതാതു കടലാസ്സുകളിൽത്തന്നെ വാങ്ങി.

സംഘം പിരിഞ്ഞതോടെ എല്ലാകടലാസ്സുകളും ശേഖരിച്ചു നോക്കിയപ്പോൾ ആയിരത്തിഇരുന്നൂറിൽക്കൂടുതൽ ആളുകൾ ഒപ്പിട്ടതായിക്കണ്ടു. കൂടാതെ നാടൊട്ടുക്കു് വിതരണംചെയ്തതിൽനിന്നു് പതിനായിരത്തിൽക്കൂടുതൽ സംഘാംഗങ്ങളായി എന്നു ബോദ്ധ്യപ്പെട്ടു. ഇവരെല്ലാപേരും ആവശ്യപ്പെടുന്ന സന്ദർഭത്തിൽ വേണ്ടവിധമുള്ള ആയുധസാമഗ്രികളോടെ എത്തിക്കൊള്ളാമെന്നും സമ്മതിച്ചു. അവർ യഥാകാലം വന്നുചേർന്നു പട്ടാളമായി രൂപീകരിക്കപ്പെട്ടു. അവർതന്നെ ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തു. കായികാഭ്യാസം നിർവ്വഹിക്കുവാൻ ആഴ്ചയിൽ ഇന്നദിവസം എത്തിക്കൊള്ളാമെന്നുള്ള കരാറിൽ അവർ സൈനികങ്ങളായ മററു നിയമങ്ങളും ആദരിക്കാം എന്നു സമ്മതിച്ചു. സ്ത്രീജനങ്ങളാകട്ടെ, തങ്ങളുടെ വരിസംഖ്യകളായി പലവിധ ചിത്രീകരണങ്ങളോടുകൂടിയ പട്ടു

ക്കൊടികളും മററും ഈ പുതിയ സൈന്യത്തിന് സംഭാവന ചെയ്തു.

ഫിലഡൽഫിയയിലെ സേനാവിഭാഗത്തിൻെറ ഉപവിഭാഗത്തിലെ ഉദ്യോഗസ്ഥന്മാർ കൂടെക്കൂടെ സമ്മേളിച്ചു. അവരുടെ നായകനായി എന്നെ സ്വീകരിക്കുവാൻ തയ്യാറായി. എന്നാൽ അതിലേയ്ക്ക് യോഗ്യനല്ല എന്ന് അറിയാമായിരുന്നതിനാൽ ഞാൻ ആ ബഹുമതി കൈക്കൊണ്ടില്ല. ഞാൻ മി: ലാറൻസ് എന്ന പേരിൽ അതിലേയ്ക്കു പ്രത്യേകം സമർത്ഥനായ ഒരാഠം ഉണ്ടായിരുന്നതുകൊണ്ടു അദ്ദേഹത്തെ തിരഞ്ഞെടുക്കണമെന്നു നിർദ്ദേശിച്ചു. അതുകഴിഞ്ഞു കൂടുതൽ തോക്കുകളും പീരങ്കികളും വാങ്ങാനും സൂക്ഷിക്കുവാനും ഉതകുന്ന ഒരു സൈനിക-സാധന-സംഭരണശാല നിർമ്മിക്കുവാൻവേണ്ട പണത്തിനുവേണ്ടി ഒരു ഭാഗ്യച്ചിട്ടി തുടങ്ങി. പണം മുറയ്ക്കു ലഭിക്കുകയും ഉദ്ദേശിച്ച സൈനികോപകരണശാല വേഗം നിർമ്മിക്കപ്പെടുകയുംചെയ്തു. ബോസ്റ്റണിൽനിന്നു ഞങ്ങഠം ചില പഴയ പീരങ്കികഠം വിലയ്ക്കുവാങ്ങി. ഇതുകൊണ്ടു മതിയാകാതെ പുതുതരം വൻതോക്കുകഠം ലഭിക്കാൻ ഇംഗ്ലണ്ടിലേയ്ക്കുതന്നെ എഴുതിയയച്ചു.

ആയിടെ കേഠണൽ ലാറൻസ്, വില്യംആല്ലൻ, എബ്രഹാം ടെയിലർ, ഞാൻ എന്നു നാലുപേർ ന്യൂയോക്കിലേയ്ക്കുപോയി അവിടത്തെ ഗവർണ്ണരായ മി: ക്ലിൻറിൻെറ സഹായത്തോടെ ചില വൻതോക്കുകഠം കടമായി വാങ്ങണമെന്നു നിർദ്ദേശിക്കപ്പെട്ടു. ഞങ്ങഠം മുറയ്ക്കുചെന്നു ഞങ്ങളുടെ ഉദ്ദേശം ഗവർണ്ണരെ അറിയിച്ചു. മറുപടിക്കു താമസമേ ഉണ്ടായില്ല—തരാൻ നിവൃത്തിയില്ല എന്നുതന്നെ. എന്നാൽ അന്നാട്ടിലെ സമ്പ്രദായമനുസരിച്ചു "മദീരിയ" വീഞ്ഞോടുകൂടിയ ഒരു സല്ക്കാരം നടത്തി—ഗവർണ്ണരും ഉപദേഷ്ടാക്കളും അതിൽ പങ്കുകൊണ്ടു. ആറു പീരങ്കി കടംതരാമെന്നു ഈ വിരുന്നിൽ പങ്കെടുത്തശേഷം ഗവർണ്ണർ സമ്മതിച്ചു. തുടർന്നു നാലഞ്ചു സ്ഫടികപ്പാത്രങ്ങളിലെ മധുദ്രവ്യവും ആസ്വദിക്കാൻ ലഭിച്ചതോടെ ഗവർണ്ണരുടെ സൗജന്യം പത്തുപീരങ്കി കടംതരാമെന്നു പറയിച്ചു. തുടർന്നുള്ള വിശാലമനസ്കതയാൽ പതിനെട്ടു പീരങ്കിയോളം ഞങ്ങഠംക്ക് ലഭിച്ചു. അവ പതിനെട്ടുറാത്തൽ വീതം ഭാരമുള്ള വൻതോക്കുകളായിരുന്നു. അവ വഹിക്കാനുള്ള വണ്ടികളോടെ ഞങ്ങഠം കൊണ്ടുപോയി സൈനികസൂക്ഷിപ്പിൽ സേനാസങ്കേതത്തിൽവച്ചു. ഈ സൂക്ഷിപ്പിൽ ഏല്പ്പെട്ട ഭടന്മാരുടെ മുറയനുസരിച്ച് എനിക്കും ഒരു പങ്കുണ്ടായിരുന്നു.

ഇപ്രകാരമുള്ള പ്രവർത്തനങ്ങളിൽ ഞാൻ കാണിച്ചുവന്ന ഉത്സാഹം സംസ്ഥാനത്തിലെ ഗവർണ്ണർക്കും കൗൺസിലിനും വളരെ

രസിച്ചു. അവർ എന്നെ വിശ്വാസയോഗ്യനായി കരുതി. തുടൎന്നു രാജ്യകാൎയ്യങ്ങളിൽ പല ഗൗരവമേറിയ അംശങ്ങൾ സംബന്ധിച്ചും വിശേഷിച്ചു ഞങ്ങളുടെ സംഘവുമായി ബന്ധപ്പെടുന്ന കാൎയ്യങ്ങളെപ്പററിയും എന്നോടു് ആലോചിച്ചുപോന്നു. മതത്തിൻെറപേരിൽ ഒരു സഹായം ലഭിക്കുവാൻ ഞാൻ അവരോടു് രാജ്യമൊട്ടാകെ ഒരു ഉപവാസം നടത്താനുള്ള നിൎദ്ദേശം അറിയിച്ചു. ഈ ഉപവാസം നിമിത്തം മാനസികമായ ഒരു പരിഷ്കൃതിയും ജനങ്ങൾ ഏറെറടുക്കുന്ന കാൎയ്യങ്ങളിൽ ദൈവികാനുഗ്രഹവും സിദ്ധിക്കുമെന്നു് ഞാൻ പ്രസ്താവിച്ചു. ഭരണച്ചുമതലക്കാർ ഈ നിൎദ്ദേശം സ്വീകരിക്കുകയുണ്ടായി എങ്കിലും അപ്രകാരമൊരു വിളംബരത്തിൻെറ മാതൃക അറിഞ്ഞുകൂടാത്തതിനാൽ ആ വകുപ്പുകാൎയ്യസ്ഥൻ വിഷമിച്ചു. പ്രതിവൎഷം ഇത്തരം ഉപവാസങ്ങൾ വിളംബരംചെയ്തുപോന്ന ന്യൂഇംഗ്ലണ്ടിലെ എൻെറ വാസവും വിദ്യാഭ്യാസവും ഇക്കാൎയ്യത്തിൽ എന്നെ സഹായിച്ചു. ഞാൻ ആ വിളംബരം ആ ചാരോപചാരങ്ങളോടെ പഴയരീതിയിൽത്തന്നെ എഴുതിയുണ്ടാക്കി അതിനെ ജൎമ്മൻഭാഷയിലേയ്ക്കു് പരിഭാഷപ്പെടുത്തി. ഇതു നാടൊട്ടുക്കു് പരസ്യപ്പെടുത്തി. പുരോഹിതന്മാൎക്കു് ഞങ്ങളുടെ സൈനികകാൎയ്യസംഘത്തിലേയ്ക്കു് ഇടവകയിൽപ്പെട്ടവരുടെ കൂടുതൽ ശ്രദ്ധയെ തിരിക്കുവാൻ ഇതൊരു കാരണമായി.

ഇപ്രകാരമുള്ള കാൎയ്യങ്ങളിലൊക്കെ ഞാൻ സജീവമായി പ്രവൎത്തിച്ചുപോന്നതു് ഒരു പ്രത്യേകമതവിഭാഗത്തിൽപ്പെട്ടവരെ എനിക്കെതിരിലാക്കുമെന്നും അവരുടെ ഭൂരിപക്ഷമുള്ള അസംബ്ലിയിൽ എൻെറ താല്പൎയ്യങ്ങൾക്കു ഹാനികരമാകുമെന്നും ചില സ്നേഹിതന്മാർ കരുതി. അസംബ്ലിയിൽ ചില അഭ്യുദയകാംക്ഷികളുള്ള ഒരു സ്നേഹിതൻ, എനിക്കുശേഷം ക്ലാൎക്ക്സ്ഥാനത്തിൽ എത്തുവാൻ ഒരുക്കങ്ങൾചെയ്യുന്ന ഒരു ചെറുപ്പക്കാരൻ, എന്നെ ഇങ്ങനെ അറിയിച്ചു. അടുത്ത അസംബ്ലിയിലെ തെരഞ്ഞെടുപ്പിൽ അംഗങ്ങൾ എൻെറ സ്ഥാനം തെറിപ്പിക്കുമെന്നും, അങ്ങനെ ഒരു അവമതിക്കു് ഇടകൊടുക്കാതെ ഞാൻതന്നെ ആ സ്ഥാനം രാജികൊടുക്കുന്നതാണു് നന്നെന്നും. ഇതിലേയ്ക്കുള്ള എൻെറ ഉത്തരം, ഞാനൊരു പൊതുക്കാൎയ്യപ്രസക്തനെപ്പററി കേട്ടിട്ടുണ്ടു് എന്നും, അയാൾ ഒരിക്കലും അങ്ങോട്ടുചെന്നു ആൎക്കും ഉപദ്രവമുണ്ടാക്കുകയില്ലെന്നും വന്നുചേരുന്ന ഉപദ്രവത്തെ വെറുതേ വിടുകയില്ലെന്നും ഉള്ള അഭിപ്രായക്കാരനാണു് എന്നും അത്രേ. ഞാൻ തുടൎന്നുപറഞ്ഞു:— “എന്നെസ്സംബന്ധിച്ചാണെങ്കിൽ മേൽപ്പറഞ്ഞ നിശ്ചയത്തിൽ അല്പമൊരുവ്യത്യാസം വരുത്തും. ഞാനങ്ങോട്ടുചെന്നൊന്നു ചോദി

ക്കുകയില്ല; കിട്ടിയതു ഉപേക്ഷിക്കയില്ല; ഉദാസീനതയോടെ വലിച്ചെറിയുകയും ഇല്ല എന്നാണെൻെറ നില. എനിക്കുള്ള ഈ ജോലി മറ്റൊരാളിന്നു കൊടുക്കണമെന്നാണു് കരുതുന്നതെങ്കിൽ അവർ അങ്ങനെ ചെയ്യട്ടെ. ഞാനായിട്ടു് അതു വേണ്ടെന്നുവെച്ചു് എൻെറ എതിരാളികളോടു പകരംവീട്ടാനുള്ള അവകാശത്തെ വേണ്ടെന്നുവയ്ക്കില്ല." ചെറുപ്പക്കാരൻ ഇതിലേയ്ക്കു് മറുപടി ഒന്നുമേ പറഞ്ഞില്ല. അടുത്ത തെരഞ്ഞെടുപ്പുവന്നു. അപ്പോഴും എന്നെത്തന്നെ അവർ തെരഞ്ഞെടുത്തു. കൗൺസിലിലെ അംഗങ്ങളുമായി എനിക്കു് അടുത്തകാലത്തുണ്ടായ മൈത്രി സൈനികകാര്യങ്ങളിൽ ഗവർണ്ണരുടെ അഭിപ്രായങ്ങളെ ആദരിക്കുവാൻ ഇടയാക്കിത്തീർത്തു എന്ന കാരണം നിയമസഭാംഗങ്ങളുടെ അനിഷ്ടത്തിന്നു എന്നെ പാത്രീഭവിപ്പിച്ചിരിക്കാം ഞാൻ സ്വമനസ്സാലെ ഗവർണ്ണരേയും കൗൺസിലംഗങ്ങളേയും വിട്ടുപോരുന്നതു് അവർക്കു് സന്തോഷംതന്നെയായിരിക്കും. എന്നാൽ സൈനികകാര്യസംഘത്തോടുള്ള താല്പര്യത്താൽമാത്രം പ്രവർത്തിക്കുന്ന എന്നെ മാററണമെന്നു് അവർക്കു് അത്ര നിർബ്ബന്ധം ഇല്ലായിരുന്നു

അവരിൽ ആർക്കുംതന്നെ രാജ്യത്തിലെ ഉപരോധം തടഞ്ഞുനില്ക്കാതിരിക്കണം എന്നാഗ്രഹമില്ല. അവരെ സഹായത്തിന്നുവിളിക്കാത്തപക്ഷം, വിശേഷിച്ചു്. അവരിൽ അധികംപേരും അങ്ങോട്ടുചെന്നുള്ള ആക്രമണത്തിന്നു പ്രതികൂലികളായിരുന്നുവെങ്കിലും ആക്രമണംതടയുവാൻ തയ്യാറായിരുന്നു. ഈ വിഷയത്തെപ്പററി അനുകൂലമോ പ്രതികൂലമോ ആയ അനവധി ലഘുലേഖകൾ പ്രസിദ്ധീകരിക്കപ്പെട്ടു.

മുമ്പുപ്രസ്താവിച്ചിട്ടുള്ള അഗ്നിബാധാശമനക്കമ്പനിയുമായുള്ള ഇടപെടലിൽ എനിക്കുണ്ടായ ഒരു അനുഭവംനിമിത്തം ഞാനൊരു പാഠംപഠിച്ചിരുന്നു. സൈന്യാലയനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുവാൻവേണ്ടി കമ്പനിയുടെ മൂലധനമായ 60 ഓളം പവൻ ഭാഗ്യക്കുറിയിൽ നറുക്കെടുക്കുവാൻ ചിലവഴിക്കണമെന്നു് അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ നിയമമനുസരിച്ചു് അടുത്ത സമ്മേളനഘട്ടംവരെ പണമൊന്നും ചെലവുചെയ്യുവാൻ പാടില്ലായിരുന്നു. ഞങ്ങളുടെ സംഘത്തിൽ ആകെപ്പാടെ മുപ്പതു് അംഗങ്ങളാണുണ്ടായിരുന്നതു്. ഇവരിൽ 22 പേർ 'ക്വാക്കറ'ന്മാരായിരുന്നു. (അതായതു് ഒരു പ്രത്യേകമതശാഖക്കാർ.) ഞങ്ങൾ എട്ടുപേരും കൃത്യസമയത്തുള്ള മീററിംഗിൽ എത്തിയെങ്കിലും ചില ക്വാക്കറന്മാർ ഞങ്ങളോടു ചേരുമെന്നുകരുതിയെങ്കിലും ഞങ്ങൾക്കു് ഒരു ഭൂരിപക്ഷം കിട്ടുവാൻ ന്യായമില്ലായിരുന്നു. മി: ജെയിംസ് മോറിസ് എന്ന

ഒരേഒരാൾമാത്രമേ അവരുടെ കൂട്ടത്തിൽനിന്നു നിർദ്ദേശത്തെ എതിൎത്തു സംസാരിക്കുവാൻ എത്തിയുള്ളൂ. ഈ നിർദ്ദേശത്തിനു 'അയാളുടെ സ്നേഹിതന്മാർ' എല്ലാം എതിരാണെന്നും, അതിനാൽ സംഘത്തിനുതന്നെ ഉടവുതട്ടാൻ ഇടയുണ്ടെന്നും അയാൾ പ്രസ്താവിച്ചു. ഞങ്ങൾ വെറും ന്യൂനപക്ഷമായതുകൊണ്ടു് പക്ഷേ തോററുവെന്നു വരുമെന്നും അതിനാൽ ഭൂരിപക്ഷവിജയമനുസരിച്ചു സംഘം തുടരുകയല്ലേ ഉള്ളുവെന്നും ഞങ്ങൾ പറഞ്ഞു. ഇങ്ങനെ നിർദ്ദേശം വോട്ടിനു വിധേയമാകുന്ന സന്ദർഭം എത്തി. മററുള്ളവർ വന്നുചേരുന്നതിനു സ്വല്പം സമയവും അനുവദിക്കപ്പെട്ടു.

ഇങ്ങനെ ഞങ്ങൾ വാദപ്രതിവാദത്തിൽ ഏർപ്പെട്ടസന്ദർഭത്തിൽ ഒരാൾ വന്നു് ഏതോ രണ്ടുപേർ താഴെ എന്നെ കാത്തുനില്ക്കുന്ന വിവരം അറിയിച്ചു. ഞാൻ പോയി. അവർ മുൻപറയപ്പെട്ട കപ്പാക്കർ അംഗങ്ങളിൽ രണ്ടാളുകളായിരുന്നു. അവരുടെകൂട്ടത്തിൽ എട്ടുപേർ തല്ക്കാലം ഹാജരുണ്ടെന്നും അവർ അടുത്തുള്ള ഒരു പാനീയശാലയിലാണെന്നും ആവശ്യമുണ്ടാകുന്നപക്ഷം അവരെത്തി ഞങ്ങളോടുകൂടി വോട്ടുചെയ്യാൻ തയ്യാറാണെന്നും, എന്നാൽ അങ്ങിനെ വോട്ടുചെയ്യുന്നതു കാരണവന്മാരുടെ അപ്രീതിയ്ക്കിടവരുത്തുമെന്നതുകൊണ്ടു അത്തരം ഒരു സന്ദർഭം ഉണ്ടാക്കാതെ കഴിച്ചാൽക്കൊള്ളാം എന്നും ഉള്ള വിവരം അറിയിച്ചു. ഇങ്ങനെ ഒരു ഭൂരിപക്ഷം സ്വാധീനമാണെന്ന വിശ്വാസത്തിൽ ഞാൻ ഒരു മണിക്കൂർവരെ കാര്യങ്ങൾക്കു് താമസമുണ്ടാക്കി. ഇതു് മി: മോറിസ്സിൻെറ പക്ഷത്തിലും സ്വീകാര്യമായിരുന്നു. എന്നാൽ ആ മനുഷ്യൻ പറഞ്ഞ എതിരാളികൾ ആരുമേ എത്തിയില്ല. അയാൾ അത്ഭുതപ്പെട്ടു. ഒരു മണിക്കൂർകഴിഞ്ഞശേഷം ഞങ്ങൾ ആ നിശ്ചയം പാസ്സാക്കി. ആകെ ഇരുപത്തിരണ്ടു് കപ്പാക്കർഅംഗങ്ങൾ ഉള്ളതിൽ എട്ടുപേർ ഞങ്ങൾക്കുവേണ്ടി വോട്ടുചെയ്യാമെന്നു സമ്മതിക്കുകയും ശേഷിച്ച പതിമൂന്നുപേർ വരാതിരിക്കനിമിത്തം ഉദാസീനരാണെന്നു തെളിയുകയുംചെയ്തു. അതനുസരിച്ചു് പ്രതിരോധപ്രമേയത്തിനു എതിരായിനിന്നവർ ഇരുപത്തിരണ്ടിൽ ഒരാൾമാത്രമായിരുന്നുവെന്നു ഞാൻ കണക്കാക്കി ഇവരെല്ലാപേരും ആ സംഘത്തിലെസ്ഥിരാംഗങ്ങളും, വേണ്ടനിലയുള്ളവരും, മീററിങ്ങിൽ നിർദ്ദേശിക്കപ്പെട്ടതിനെപ്പററി വേണ്ടവിധം നോട്ടീസ്സു് കൈപ്പററിയവരും ആയിരുന്നു.

ബഹുമാനപ്പെട്ട മി: ലോഗൻ എക്കാലത്തും ആ മതവിഭാഗത്തിൽപ്പെട്ടവനായിട്ടും അദ്ദേഹത്തിനു് പ്രതിരോധപരമായ യുദ്ധത്തോടു ആനുകൂല്യമാണുള്ളതെന്നു് അറിയിച്ചു. അനവധി വാദമുഖങ്ങൾകൊണ്ടു അദ്ദേഹം അക്കാര്യം തെളിയിച്ചു. മേൽപ്പറഞ്ഞ

ആയുധസംഭരണശാലയ്ക്കു വേണ്ട ഭാഗ്യക്കുറിക്ക് അദ്ദേഹം അറുപതുപവൻ എന്റെ കൈയിൽ ഏല്പിച്ചു. ആ സേവനത്തിലേയ്ക്കു ഏതുതരം സമ്മാനങ്ങളാണു നല്കേണ്ടവ എന്നതിനു പ്രത്യേകനിർദ്ദേശങ്ങളും നല്കി. അദ്ദേഹത്തിന്റെ പഴയ യജമാനനായിരുന്ന വില്യം പെൻ എന്ന മഹാനുമായിബന്ധിക്കുന്ന ഒരു ഉപകഥയും എന്നെ പറഞ്ഞുകേൾപ്പിച്ചു. മി: ലോഗൻ ഇംഗ്ലണ്ടിൽനിന്നു് വില്യം പെൻ എന്ന മുതലാളിയുടെ സെക്രട്ടറിയെന്നനിലയിൽ തിരിച്ചസംഭവത്തെത്തുടന്നാണു് കഥ അതു് യുദ്ധകാലമായിരുന്നതിനാൽ അവരുടെ കപ്പലിനെ ശത്രുപക്ഷനൗക എന്നു സംശയിക്കപ്പെട്ട ഒരു സായുധക്കപ്പൽ പിൻതുടരുന്നതുകണ്ടു. കപ്പലിലെ കപ്പിത്താൻ എതിർത്തു് സ്വന്തംകപ്പൽ പരിരക്ഷിക്കുവാൻ തയ്യാറായി. എന്നാൽ വില്യംപെന്നിനോടും അദ്ദേഹത്തോടുകൂടെയുണ്ടായിരുന്ന ക്വാക്കറന്മാരോടും ക്യാപ്റ്റൻ അവരുടെ സഹായമൊന്നും ആവശ്യപ്പെടുന്നില്ല എന്നും, അവർ അതുകൊണ്ടു കപ്പൽമുറിയിൽ വിശ്രമിച്ചുകൊണ്ടാൽമതി എന്നും പറഞ്ഞു. ജെയിംസ്ലോഗൻ ഒഴിച്ചുള്ളവർ അങ്ങനെതന്നെചെയ്തു. അദ്ദേഹം കപ്പൽത്തട്ടിലിരുന്നു. കൈയിൽ തോക്കും ഉണ്ടു്. എന്നാൽ ശത്രുവെന്നു വിചാരിച്ചകപ്പൽ മിത്രശേഖരത്തിൽപ്പെട്ടതായിരുന്നു അതിനാൽ യുദ്ധത്തിന്റെ ആവശ്യം നേരിട്ടില്ലഎന്നവിവരം അറിയിക്കുവാൻ ലോഗൻ കപ്പൽമുറിയിലേയ്ക്കുപോയി. വില്യംപെന്നാകട്ടെ സെക്രട്ടറിയുടെ കപ്പൽത്തട്ടുകാത്തിരിപ്പിൽ കുപിതനായി. വിശേഷിച്ചു് കപ്പിത്താൻ യാതൊരു സഹായവും ആവശ്യപ്പെടാതിരുന്നപ്പോൾ. മി: ലോഗൻ മറുപടി പറഞ്ഞു:—"ഞാൻ അങ്ങയുടെ ആജ്ഞയ്ക്കു വിധേയനാണു്. എന്നിട്ടും ഞാനും താഴെ എത്തികൊള്ളണമെന്നു് അങ്ങു എന്നോടു പറഞ്ഞില്ല. ആപത്തുവല്ലതുമുണ്ടാകുന്നെങ്കിൽ ഞാൻകൂടെ കപ്പിത്താനെ സഹായിക്കണം എന്നു് അങ്ങു വിചാരിച്ചിട്ടുണ്ടാകാം."

ഞാൻ അസംബ്ളിയിൽ ഏറെക്കാലം സംബന്ധിക്കുകയുണ്ടായിട്ടുണ്ടു്. അതിലെ ഭൂരിപക്ഷം അംഗങ്ങളും ക്വാക്കറന്മാരായിരുന്നു—ക്രിസ്തുമതത്തിലെ ഒരു ഉപവിഭാഗത്തിൽപ്പെട്ടവർ. യുദ്ധത്തിനോടു പ്രതികൂലകക്ഷികളായതിനാൽ അവർ വരുത്തിവയ്ക്കുന്ന കാര്യാലോചനാസ്തംഭനം പലപ്പോഴും ഞാൻ കണ്ടറിഞ്ഞിട്ടുള്ളവനാണു്, വിശേഷിച്ചു സേനാസഞ്ചയത്തിനുവേണ്ട സഹായം ചെയ്യണമെന്നു രാജാധികാരസ്ഥാനത്തുനിന്നു് ആജ്ഞ ഉണ്ടാകുമ്പോൾ. അവർ ഗവൺമെൻറിനെ എതിർക്കാൻ തയ്യാറല്ല. ക്വാക്കറന്മാരായ കൂട്ടരുടെ തത്വങ്ങൾക്കെതിരായി പ്രവർത്തിക്കാനും ഒരുക്കമല്ല. അതിനാൽ അവർ ഓരോ സന്ദർഭത്തിലും ഓരോ ഒഴികഴിവുകൾകൊണ്ടു

കഴിഞ്ഞുകൂടി. ഒടുവിൽ അവരുടെ രീതി രാജാധികാരത്തിനുവേണ്ടി പണം അനുവദിക്കുന്നു എന്ന ഒരു വിചിത്രവിധമായിരുന്നു.

എന്നാൽ പണത്തിനുള്ള ആവശ്യം നേരിട്ടു് രാജസ്ഥാനത്തുനിന്നു് അല്ലായിരുന്നാൽ ആ വാക്'ശകലത്തിനുപകരം സൗകര്യമായ മററന്തെങ്കിലും പദപ്രയോഗം അവർ സ്വീകരിച്ചുപോന്നു. വെടിമരുന്നു കുറവായിരുന്നുവെന്നുവരട്ടെ, ന്യൂ ഇംഗ്ലണ്ടു് ഗവണ്മെൻറു് പെൻസിൽവേനിയയിൽനിന്നു് സഹായം അഭ്യർത്ഥിച്ചുവെന്നുംവരട്ടെ, ഈ ക്വാക്കറന്മാർ വെടിമരുന്നിനു പണം അനുവദിക്കാതെ ഭടന്മാരുടെ ഭക്ഷ്യസാധനങ്ങൾക്കു് എന്നയിനത്തിൽ അത്രയുംതുക അനുവദിക്കുമായിരുന്നു കൗൺസിലിൽ അല്പം കുഴപ്പം കൂടെ സൃഷ്ടിക്കുവാൻകരുതിയ ചില അംഗങ്ങൾ ഗവർണ്ണരോടുപദേശിച്ചു, ആ പണം കൈക്കൊള്ളരുതെന്നു്. അദ്ദേഹം ആവശ്യപ്പെട്ടതിനുള്ള സംഖ്യയല്ലല്ലോ അനുവദിച്ചിരിക്കുന്നതു് എന്നപേരിൽ. എന്നാൽ ഗവർണ്ണർ പറഞ്ഞതിങ്ങനെയായിരുന്നു:—"ഞാൻ ആ പണം സ്വീകരിക്കുന്നുണ്ടു്. അവർ അനുവദിച്ചഇനം എനിക്കറിയാം, ഒരുവകധാന്യത്തിനെന്നു്. വെടിമരുന്നെന്നു പറയുന്നതും ഒരു വക ധാന്യംതന്നെ."

ഈ കുഴപ്പം അറിവുള്ളതുകൊണ്ടു ഭാഗ്യക്കുറിയുടെകാര്യം പരാജയപ്പെട്ടേക്കാമെന്നു ഞാൻ ശങ്കിച്ചു. എന്നിട്ടു എൻെറ സ്നേഹിതൻ മിസ്റ്റർ സിങ്കിനോടു മുൻകൂട്ടിപ്പറഞ്ഞു:—"നമുക്കു ഒരഗ്നിയന്ത്രം വാങ്ങാനാണെന്നു നിർദ്ദേശിക്കാം, അഗ്നിയന്ത്രംവാങ്ങുന്നതിൽ ക്വാക്കറന്മാർക്കു് തടസ്സം കാണുകയില്ല"എന്നു്. ഇക്കാര്യത്തിലേയ്ക്കു് അയാൾ എന്നെയും ഞാൻ അയാളെയും തിരഞ്ഞെടുക്കുന്നപക്ഷം (നാമനിർദ്ദേശരൂപത്തിൽ) ഞങ്ങൾ അഗ്നിശമനയന്ത്രത്തിൻെറ ഭാവത്തിൽ. ഒരു വലിയ പീരങ്കിതന്നെവാങ്ങണമെന്നും തീർച്ചയാക്കി. "കൊള്ളാം, നിങ്ങൾ അസംബ്'ളിയിലെ ഏറെനാളത്തെ പരിചയംകൊണ്ടു് മിടുക്കനായിട്ടുണ്ടു്. ക്വാക്കറന്മാരുടെ ധാന്യങ്ങൾക്കു് നിങ്ങളുടെ ഈ അത്ഥഗർഭമായ അഗ്നിശമനയന്ത്രം തീർച്ചയായും കിടയായിരിക്കുകയേഉള്ളൂ" എന്നു സ്നേഹിതൻ എന്നോടു് പറഞ്ഞു.

യാതൊരുവിധത്തിലുള്ള യുദ്ധവും സാധൂകരിക്കാവുന്നതല്ല എന്നതാണു് ഞങ്ങളുടെ പൊതുവേയുള്ളതത്വമെന്നു് ക്വാക്കറന്മാർ നേരത്തേതന്നെ പ്രസിദ്ധപ്പെടുത്തിയിരുന്നതിനാലാണു് ഈ ഏടാകൂടങ്ങളെല്ലാം അവർക്കു് നേരിട്ടിരുന്നതു്. ഒരിക്കൽ പ്രസിദ്ധപ്പെടുത്തിയ ഒരു വസ്തുത പിന്നെ യാതൊരുകാരണത്താലും പിൻവലിക്കാൻ പാടുള്ളതല്ലല്ലോ. ഈ വസ്തുത 'ഡങ്കർ' എന്നുപറയപ്പെടുന്ന

മററൊരു മതോപവിഭാഗക്കാരുടെ കുറേക്കൂടെ ബുദ്ധിപൂർവ്വമായ നടത്തയെ എൻെറ ഓർമ്മയിൽ എത്തിക്കുന്നു. ഈ ഡങ്കർസംഘത്തിൻെറ സ്ഥാപകരിൽ ഒരാളായ മിഖയൽ വെൽഫെയർ എന്നയാളുമായി ഞാൻ പരിചയപ്പെട്ടു. ഗർഹ്യങ്ങളായ പല സമ്പ്രദായങ്ങളും തൻെറ സംഘക്കാർക്കുണ്ടെന്നു പലരും നിഷ്കാരണം പഴിപറയുന്നുവെന്നു അദ്ദേഹം എന്നോടു പരാതിപ്പെട്ടു. പുതിയ ഏതെങ്കിലും മതോപവിഭാഗത്തിൻെറ സ്വഭാവമേ ഇങ്ങനെയായിരിക്കും എന്നു ഞാൻ അദ്ദേഹത്തോടുപറഞ്ഞു. ഈ ഉപദ്രവത്തിൽ നിന്നു മോചനം പ്രാപിക്കണമെങ്കിൽ അവർ തങ്ങളുടെ വിശ്വാസപ്രമാണങ്ങളും നിയന്ത്രണനിയമങ്ങളും നേരത്തേതന്നെ പ്രസിദ്ധപ്പെടുത്തണം എന്നു ഞാൻ നിർദ്ദേശിച്ചു. അങ്ങനെ അവർക്കുതന്നെ അഭിപ്രായമുണ്ടെന്നും എന്നാൽ എല്ലാപേരും ഒരുപോലെ ഇക്കാര്യത്തിൽ യോജിച്ചിട്ടില്ല എന്നും അദ്ദേഹം അറിയിച്ചു. തുടന്ന് ഇങ്ങനെപറഞ്ഞു:—"ഞങ്ങൾ ഒരു സംഘമെന്നനിലയിൽ ആദ്യമേകൂടിയപ്പോൾ ഞങ്ങളുടെ ആദ്യകാലത്തെ തത്വങ്ങളിലും സിദ്ധാന്തങ്ങളിലും ചിലവയിൽ അന്നത്തെത്തെററുകൾ അനന്തരകാലത്തു ശരിയെന്നും അന്നത്തെശരികൾ അതുപോലെ തെററുകളാണെന്നും മനസ്സിലാക്കുവാനുള്ള ബുദ്ധി ദൈവം ഞങ്ങൾക്കു നൽകി. ഇതിനെത്തുടന്ന് യഥാകാലം ഞങ്ങൾക്ക് ദൈവംനൽകുന്ന വെളിച്ചം അനുസരിച്ച് കൂടുതൽ അറിവു സിദ്ധിക്കുകയും ഞങ്ങളുടെ തെററുകൾ കുറഞ്ഞുവരികയും ചെയ്യുന്നു. ഇത്തരമുള്ള ഒരു അഭിവൃദ്ധിയുടെ അങ്ങേ അററത്ത് ഞങ്ങൾ എത്തിയതായി അഭിമാനിക്കുന്നില്ല. അതുപോലെതന്നെ ആത്മീയമോ തത്വശാസ്ത്രപരമോ ആയ കാര്യങ്ങളിലും ഞങ്ങൾ ഒരു പരിപൂർണ്ണതയിലുമല്ല. ഞങ്ങൾ ഞങ്ങളുടെ ആത്മാർത്ഥതയോടുകൂടിയ വിശ്വാസപ്രമാണങ്ങളും തത്വങ്ങളും പ്രസിദ്ധപ്പെടുത്തുന്നപക്ഷം, അതിനു യാതൊരുമാററങ്ങളും വരുത്താൻ പാടില്ലല്ലോ. ഞങ്ങളുടെ അനന്തരഗാമികളും അപ്രകാരം ഒരു തത്വസമുച്ചയത്തിനെ യാതൊരുവിധത്തിലും വ്യത്യാസപ്പെടുത്തുവാനും ഉദ്ദേശിക്കുകയില്ല."

ഇങ്ങനെ തത്വങ്ങൾക്ക് ചാഞ്ചല്യംവരാം എന്നുള്ള വിനയസ്വഭാവം വളരെനല്ലതാകുന്നു. മററു മതോപവിഭാഗക്കാരെല്ലാം തങ്ങൾ കരുതുന്നതാണുശരി എന്ന് ദുരഭിമാനംകൊള്ളുന്നു. അവർ സ്വീകരിക്കുന്നതെല്ലാമാണ് തത്വങ്ങളെന്നും മററുള്ളവർപറയുന്നതൊന്നുംതന്നെ അപ്രകാരമല്ലെന്നുമാണ് അവരുടെവിചാരം. മൂടൽമഞ്ഞു വ്യാപിച്ചകാലാവസ്ഥയിൽ മുമ്പും പിമ്പും പോകുന്ന ആളുകൾ മൂടൽമഞ്ഞിനാൽ ചുററപ്പെട്ടിരിക്കുന്നുവെന്നും നടുവേകൂടിപ്പോ

കുന്ന താൻമാത്രം അതിൽനിന്നു ഒഴിഞ്ഞുനിൽക്കുന്നുവെന്നും മററുള്ള വരെപ്പോലെതന്നെ മൂടൽമഞ്ഞിൽപ്പെട്ടവൻ കരുതുന്നമട്ടിലാണ് ഈ വസ്തുത. ഈ കപ്പാക്കാരന്മാർ തങ്ങളുടെ മതതത്വങ്ങളെ ബലി കഴിക്കാൻ സമ്മതമില്ലാത്തവരാകയാൽ അസംബ്ലിസീററിനും മററുള്ള ഉദ്യോഗങ്ങൾക്കും അവർ അത്രതന്നെ ആഗ്രഹിക്കുന്നില്ല.

കാലക്രമമനുസരിച്ച് പ്രസ്താവിക്കേണ്ടിയിരുന്ന ഒരു സംഗതി വിട്ടുപോയി. 1742-ൽ ഞാൻ മുറി ചൂടുപിടിപ്പിക്കാനുള്ള ഒരു യന്ത്രം കണ്ടുപിടിച്ചു. ഈ യന്ത്രത്തിൻെറ സഹായത്തോടെ കാററു ചൂടുപിടിപ്പിക്കുവാൻ സാധിക്കുമെന്നു മനസ്സിലാക്കി. വിറകിൻെറ ആവശ്യം കുറയ്ക്കുന്ന ഈ യന്ത്രത്തിൻെറ ഒരു മാതൃക എൻെറ പഴയ ഒരുസ്നേഹിതനായ മി: റോബർട്ട് ഗ്രേസ്സിന്നു നൽകി. അദ്ദേഹത്തിൻെറവശം ഒരിരുമ്പുചൂളയുണ്ടായിരുന്നതിനാൽ എൻെറ യന്ത്രത്തിനു വേണ്ട ഇരുമ്പുതകിടുകളുണ്ടാക്കി ലാഭംനേടാൻകഴിഞ്ഞു. ഇത്തരം യന്ത്രം ധാരാളമായി പ്രചരിച്ചു. ഈ യന്ത്രവിശേഷത്തെ നാടെങ്ങും പ്രചരിപ്പിക്കുവാൻ ഞാനൊരു ലഘുലേഖ രചിച്ച് നാടെങ്ങും പ്രസിദ്ധപ്പെടുത്തി. "പുതുതായികണ്ടുപിടിച്ച പെൻസിൽ വാനിയ അടുപ്പുയന്ത്രം, ആ യന്ത്രത്തിൻെറ സ്വഭാവവും പ്രവർത്തനവിധവും, ചുവരുകളും മുറികളും ചൂടുള്ളവയാക്കാൻ പററുന്നയന്ത്രവിധാനം, ഇവ ഉപയോഗിക്കുന്നതിനു് എന്തെങ്കിലും തടസ്സം പുറപ്പെടുവിക്കുന്നവരോടുള്ള സമാധാനം." എന്നിങ്ങനെ പല തലക്കെട്ടുകളിലായി യന്ത്രത്തെപ്പററിയുള്ള പൂർണ്ണവിവരങ്ങളും കൊടുത്തിരുന്നു. ഈ ലഘുലേഖയ്ക്ക് വലിയ പ്രചാരണം സിദ്ധിച്ചു. ഗവർണ്ണർ തോമസ് ഈ ലഘുലേഖകണ്ടു സന്തുഷ്ടനായി ഈ യന്ത്രം എനിക്കുമാത്രമേ പ്രചരിപ്പിക്കുകയും വിൽക്കുകയും ചെയ്യാവൂ എന്നതിനുള്ള പ്രത്യേക സംരക്ഷണാവകാശം നൽകാമെന്നുപറയുകയും ചെയ്തു. എന്നാൽ അപ്രകാരമുള്ള ഒരു പ്രത്യേകാവകാശം ഞാൻ ആവശ്യപ്പെട്ടില്ല. നാം മററുള്ളവരുടെ പലതരം കണ്ടുപിടിത്തങ്ങളുടേയും ഗുണം അനുഭവിക്കുന്നവരാണല്ലോ. ആ സ്ഥിതിക്കു് നമ്മുടെ വകയായ എന്തെങ്കിലും കണ്ടുപിടിത്തംകൊണ്ടു മററുള്ളവർക്കും ഗുണമുണ്ടായിക്കൊള്ളട്ടേ എന്നായിരുന്നു എൻെറ അഭിപ്രായം. ആ കണ്ടുപിടിത്തം അന്യർക്ക് സ്വാതന്ത്ര്യമായും പണച്ചെലവു വഹിക്കാതേയും അനുഭവിക്കാറാകണം എന്നു് ഞാൻ ദൃഢമായി വിശ്വസിച്ചു.

ലണ്ടൻപട്ടണത്തിലെ ഒരു ഇരുമ്പുപണിക്കാരൻ എൻെറ ഈ ലഘുലേഖ ആസ്പദമാക്കി പ്രസ്തുത യന്ത്രസംവിധാനം നിർവ്വഹിച്ചു അല്പം ചിലവ്യത്യാസങ്ങൾ വരുത്തി സ്വതന്ത്രമായകണ്ടുപി

ടിത്തം എന്നനിലയിൽ പ്രചരിപ്പിച്ചു. അതിൻെറ വില്പനയിൽ ഒരു പ്രത്യേകകുത്തകയും സമ്പാദിച്ചു കുറേപ്പണം ഉണ്ടാക്കുകയുണ്ടായി. ഞാനിതുകണ്ടിട്ടും അയാൾക്കെതിരായി യാതൊരു മത്സരത്തിനും വഴക്കിനും പോയില്ല. ഇത്തരത്തിലുള്ള യാന്ത്രികക്കണ്ടുപിടിത്തങ്ങൾകൊണ്ടു വിറകിനു വലിയ ലാഭംകിട്ടി.

രാജ്യമെങ്ങും സമാധാനം സ്ഥാപിക്കപ്പെട്ടു് മേൽപ്പറയപ്പെട്ട സൈനികസംഘപ്രവൎത്തനത്തിൻെറ വേഗം ഒന്നു കുറഞ്ഞപ്പോൾ ഒരു വിദ്യാലയം സ്ഥാപിക്കുന്നതിനെപ്പററിയുള്ള എൻെറ ചിന്തകൾ പ്രവൎത്തനോന്മുഖങ്ങളായി. ആദ്യമായി ഇതുസംബന്ധിച്ചു ഞാൻ ചെയ്തതു് 'ജുൺഡോ'സംഘത്തിലുള്ളവരും അഥവാ ആ സംഘത്തിൽ ബന്ധമില്ലാത്തവരും ആയ ഏതാനും സ്നേഹിതരെ ഒന്നിച്ചുചേൎക്കുക എന്നതായിരുന്നു. അനന്തരം നിൎവ്വഹിച്ചതു് ഒരു ലഘുലേഖയുടെ പ്രചരണമായിരുന്നു. "പെൻസിൽവേനിയായിലെ യുവജനങ്ങളുടെ വിദ്യാഭ്യാസസാദ്ധ്യത സംബന്ധിച്ച ചില നിൎദ്ദേശങ്ങൾ" എന്നായിരുന്നു, ലഘുലേഖയുടെ നാമധേയം. ഇതു ഞാൻ നാടെങ്ങുമുള്ള പൗരന്മാൎക്കു വിലകൂടാതെതന്നെ കൊടുത്തു. ഈ ലഘുലേഖ വായിച്ചു് അപ്രകാരമുള്ള ഒരു സ്ഥാപനം വേണ്ടതുതന്നെ എന്നു വായനക്കാൎക്കു ബോദ്ധ്യപ്പെട്ടതോടെ, ഞാൻതന്നെ അത്തരം സ്ഥാപനത്തിനു് ആവശ്യമുള്ളപണംപിരിക്കാനും ഇറങ്ങി. ഉദ്ദേശം അയ്യായിരംപവൻവരുന്ന ഒരു തുകയാണു്, പ്രതിവൎഷം അഞ്ചു തവണകളിലായി വരിസംഖ്യ എന്നനിലയിൽ പിരിഞ്ഞതു്.

ഉദ്ദേശിച്ചിരുന്ന പദ്ധതി ഉടൻതന്നെ വിജയകരമാക്കുന്നതിനു വേണ്ടി ഇരുപത്തിനാലുപേരടങ്ങിയ ഒരുവിശ്വസ്തസംഘം സ്ഥാപിച്ചു. ആ സംഘം പ്രവൎത്തനത്തിലെത്തുമ്പോൾ ഭരണം എങ്ങനെയായിരിക്കണം എന്നതിലേയ്ക്കു് അറേറാണിജനറലായ മി: ഫ്രാൻസിസ്സും ഞാനുംചേൎന്നു വേണ്ടനിയമങ്ങൾ എഴുതിയുണ്ടാക്കണമെന്നും നിശ്ചയിക്കപ്പെട്ടു. ഇതു് നിൎവ്വഹിച്ചു് അംഗങ്ങളുടെ ഒപ്പുസമ്പാദിച്ചശേഷം, തക്ക ഒരു കെട്ടിടം വാടകയ്ക്കെടുത്തു. 1749-ൽതന്നെ ഒരു വിദ്യാശാലയും ഉൽഘാടനം ചെയ്തു.

വൈദ്യാൎത്ഥികളുടെ സംഖ്യ വൎദ്ധിച്ചു അതിനാൽ വിദ്യാശാലക്കെട്ടിടം പൎയ്യാപ്തമല്ലാതായി. മുറയ്ക്കു് ഒരു പ്രത്യേകപുരയിടം വാങ്ങി അവിടെ ഒരു കെട്ടിടം നിൎമ്മിക്കുക എന്നതായി ഞങ്ങളുടെ ഉന്നം. ഈ ഉദ്ദേശത്തോടുകൂടിയിരിക്കെ വേണ്ട സൗകൎയ്യങ്ങളോടെ നിൎമ്മിക്കപ്പെട്ട ഒരു കെട്ടിടം അല്പം ചില വ്യത്യാസങ്ങൾ കൂടെ വരുത്തുന്നപക്ഷം ഞങ്ങളുടെ ഉദ്ദേശത്തിനു് ഏററവും യോജി

ച്ചവിധത്തിൽ ലഭിച്ചു. ഇതു മി: വൈററ്ഫീൽഡിൻെറ ആഹ്വാനം അനുസരിച്ചു പൊതുജനങ്ങാം കെട്ടിയുണ്ടാക്കിയതും താഴെപ്പറയുന്നവിധം ഞങ്ങാംക്കു ലഭിച്ചതും ആയിരുന്നു.

ഈ മന്ദിരത്തിലേയ്ക്കുള്ള സംഭാവന പ്രത്യേകമായുള്ള ക്രിസ്തുമതോപവിഭാഗത്തിൽ ഒന്നിലുമുള്ളവരുടെ വകയായിരുന്നില്ല. ആക്കും ഒരുപോലെമാത്രം ആവശ്യപ്പെടാവുന്നതേ ആയിരുന്നുള്ളു. അതിനാൽ മന്ദിരപരിപാലനത്തിൽ ചുമതലയുള്ളവരായ വിശ്വസ്ത പരിരക്ഷകരുടെ സംഘം എല്ലാ ഉപവിഭാഗത്തിൽപ്പെട്ടവരേയും ഉാംപ്പെടുത്തിയിരുന്നു. ഇങ്ങനെ 'ഇംഗ്ലീഷ് ദേവാലയ'ത്തിൽപ്പെട്ടവർ, പ്രെസ്ബിററീരിയൻ, ബാപ്റ്റിസ്റ്റ്, മൊറാവിയൻ എന്നീ ഉപവിഭാഗങ്ങളിൽപ്പെട്ടവരും അവയിൽ ഓരോന്നിൻേറയും പ്രാതിനിധ്യം വഹിക്കുന്നവരും ആയിരുന്നു, ഈ വിശ്വസ്ത പരിരക്ഷകർ. ഇവരിൽ ഏതെങ്കിലും സ്ഥാനം മരണംനിമിത്തം ഒഴിവാകുന്ന പക്ഷം, അടുത്തതായി പൊതുവേയുള്ള ഒരു തിരഞ്ഞെടുപ്പുകൊണ്ടു പുതിയ ആളിനെ നിയമിച്ചുവന്നു. മേൽപ്പറഞ്ഞ ഉപവിഭാഗക്കാരിൽ മൊറാവിയൻപ്രതിനിധിയായ വ്യക്തിയെ മററു പ്രതിനിധികാംക്കു അത്ര പിടിച്ചില്ല. ആ മെമ്പറുടെ മരണമുണ്ടായപ്പോാം ആ കക്ഷിയിൽനിന്നു മററാരേയും തിരഞ്ഞെടുക്കാൻ അവർ ഉദ്ദേശിച്ചില്ല. ഇവിടെ ഒരു വിഷമമുണ്ടായി. ഓരോ കക്ഷിയിൽനിന്നു് ഓരോ അംഗം എന്നു നിശ്ചയിച്ചിരിക്കെ ഒരു കക്ഷിയുടെ പ്രതിനിധിയായി ആളില്ലാതിരുന്നാൽ മറെറാരു കക്ഷിയിൽനിന്നു രണ്ടാളുകാം മെമ്പറന്മാരായിപ്പോകുമല്ലോ. അതിനാൽ ഒരു പുതിയ മെമ്പറെ തെരഞ്ഞെടുക്കുന്ന കാൎയ്യം വിഷമത്തിലായി.

ഈ മെമ്പർസ്ഥാനത്തേയ്ക്കു് പലരുടെ പേരുകളും നിർദ്ദേശിക്കപ്പെട്ടു. എന്നാൽ അവയൊന്നും മററുള്ളവക്കു് അത്ര ഹിതമായില്ല. ഒടുവിൽ ഏതോ ഒരാം ഞാൻ ഒരു പ്രത്യേക കക്ഷിയിലും അല്ല എന്ന കാരണത്താൽ എൻെറ പേർ നിർദ്ദേശിച്ചു ആ മന്ദിരം പണികഴിച്ചുകൊണ്ടിരുന്നപ്പോാം ആളുകാംക്കുണ്ടായിരുന്ന ഉത്സാഹശീലം ആയിടെ മന്ദീഭവിച്ചിരുന്നു. അതുപോലെ മന്ദിരസംരക്ഷകന്മാക്കു് ആ സ്ഥാപനം സംബന്ധിച്ച പാട്ടവും കടവും വീട്ടാൻ വേണ്ടിവരുന്ന ചില്ലറ തുകകാം പിരിച്ചെടുക്കുക എന്നതും വിഷമമായിത്തീൻ. എൻെറ നിലയാകട്ടെ, ആ വൈദഗ്ദ്ധ്യസംഘത്തിലും മന്ദിരനിമ്മാണശാഖയിലും തുല്യമായിരുന്നു. അതിനാൽ ഈ രണ്ടു ശാഖയേയും ഏകോപിപ്പിക്കുവാൻ എനിക്കു കൂടുതൽ സൗകൎയ്യം ലഭിച്ചു. മന്ദിരപരിരക്ഷകർ അതേവരെയുള്ള ചെലവിനങ്ങളിൽ കടംവരുത്തിയിരുന്നതു് വൈദഗ്ദ്ധ്യസംഘം കൊടുത്തുതീ

ക്കണമെന്നും, മന്ദിരത്തിലെ ഒരു വലിയ ഹാൾ എപ്പോഴും മതപ്രസംഗങ്ങൾക്ക് എത്തുന്നവരുടെ ആവശ്യങ്ങൾക്ക് ഒഴിച്ചിടണമെന്നും നിർദ്ദേശിക്കപ്പെട്ടു. ഈ ഹാൾ ഒഴിച്ചു കെട്ടിടത്തിന്റെ മററനവധി ഭാഗങ്ങൾ വൈദ്യശാസ്ത്രസംഘത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കപ്പെട്ടുപോന്നു. ഇങ്ങനെ മുമ്പ് സ്ഥലംതികയാതിരുന്ന ഞങ്ങൾക്ക് ഏററവും സൗകര്യപ്രദമായ മന്ദിരം ലഭിച്ചു. ഈ മാററംസംബന്ധിച്ചു വേണ്ടിവന്ന ചില്ലറ പണികൾക്ക് ജോലിക്കാരെ നിയന്ത്രിക്കുവാനും സാധനങ്ങൾ വാങ്ങുവാനും ജോലിയിൽ മേൽനോട്ടം വഹിക്കുവാനും ഉള്ള ചുമതലകൾ ഞാൻതന്നെ ഏറെറടുത്തു. ആയിടെ മി: ഡേവിഡ്ഹാൾ എന്ന പേരിൽ എനിക്കു ഒരു നല്ല കൂട്ടുകാരനെ കിട്ടിയിരുന്നു. അയാൾ എന്റെ സ്വന്തം പ്രവൎത്തനങ്ങൾ നാലുവൎഷത്തോളം നിർവഹിച്ചുപോന്നു. അയാൾ അച്ചടിശാലസംബന്ധിച്ച സകല കൃത്യങ്ങളും ഏറെറടുത്തിരുന്നു എന്നുമാത്രമല്ല, അതാതുസമയത്ത് എനിക്കു സിദ്ധിക്കേണ്ട ലാഭം എത്തിച്ചുംപോന്നിരുന്നു.

അനന്തരകാലത്ത് ഈ സംഘം ഗവൎണ്ണരുടെ അനുശാസനം അനുസരിച്ച് നിയമവിധേയമാക്കി. മൂലധനം ബ്രിട്ടനിൽനിന്നു ലഭിച്ച സംഭാവനകളോടൊത്തു വൎദ്ധിച്ചു. അനവധി ധനികന്മാരുടെ മുതലുകൾകൂടെ കൂടിച്ചേൎന്ന് സ്ഥലം, മന്ദിരസൗകൎയ്യം എന്നിവയിൽ ഗണ്യമായ നില പ്രാപിച്ചു. ഇങ്ങനെയായിരുന്നു, ഫിലഡൽഫിയയിൽ ഇപ്പോൾ കാണുന്ന സർവകലാശാലയുടെ ഉത്ഭവം. ആദ്യകാലത്തേ ഞാൻ ഈ സ്ഥാപനത്തിന്റെ വിശ്വസ്തപാലകരിൽ ഒരാളായിരുന്നു. ഇപ്പോൾ ഏകദേശം വൎഷം നാല്പതുവരും. ഇവിടെനിന്ന് വിദ്യാസമ്പാദനത്തിനു സാധിച്ച അനവധി ചെറുപ്പക്കാർ അവരുടെ അഭിവൃദ്ധമായ സാമൎത്ഥ്യത്താൽ പൊതുജനസേവനത്തിൽ വിശിഷ്ടമായ സ്ഥാനം നേടുകയുണ്ടായിട്ടുണ്ട്.

ഞാൻ മുമ്പു പറഞ്ഞതുപോലെ സ്വന്തം പ്രവൎത്തനങ്ങളിൽനിന്നു വിട്ടുനിന്നതോടെ, എനിക്ക് അന്നേവരെ ലഭിച്ചതും, ഞാൻ സൂക്ഷിച്ചുപോന്നതും ആയ ധനംകൊണ്ട് എന്റെ ജീവിതത്തിൽ ഏതാണ്ടു വിശ്രമം അനുഭവിക്കാമെന്നായി. തത്വശാസ്ത്രപരമായ വിജ്ഞാനലാഭത്തിനും വിനോദങ്ങൾക്കും ഇനിയുള്ള കാലം ചിലവഴിക്കാമെന്നുവന്നു. ഞാൻ ഡാക്ടർ സ്പെൻസ് എന്നയാളിൽനിന്നും അദ്ദേഹത്തിന്റെ നവീനശാസ്ത്രോപകരണങ്ങൾ എല്ലാംതന്നെ വിലയ്ക്കു മേടിച്ചു. അദ്ദേഹം ഇംഗ്ലണ്ടിൽനിന്ന് ഇവിടെ ചില പ്രസംഗങ്ങൾചെയ്വാൻ എത്തിയതായിരുന്നു. ഞാൻ എന്റെ വൈദ്യുതപരീക്ഷണങ്ങളിൽ പ്രത്യേകം ഉത്സാഹത്തോടെ ഏൎപ്പെട്ടു.

എന്നാൽ പൊതുജനങ്ങൾ, ഞാനിങ്ങനെ വിശ്രമത്തിൽ കഴിഞ്ഞുകൂടുന്നു എന്നുകണ്ടു് അവിടത്തെ ഗവമ്മെൻറുകാൎയ്യങ്ങളിലെല്ലാം എനിക്കു് ഒരു പങ്കു തരുവാനും ആവക ചില കൃത്യങ്ങൾ എന്നെ ഏല്പിക്കുവാനും തല്പരരായി. ഗവൎണ്ണർ എന്നെ സമാധാനസ്ഥാപനക്കമ്മിഷൻസ്ഥാനത്തു നിയമിച്ചു. നഗരിയിലെ മുനിസിപ്പലംഗങ്ങൾ എന്നെ പൊതുജനങ്ങളുടെ കൗൺസിലിൽ ഒരു അംഗമാക്കി. വളരെത്താമസിയാതെ നഗരകാൎയ്യങ്ങളിൽ പ്രാധാന്യമുള്ള ഒരു സ്ഥാനം എനിക്കു നൽകി. നഗരവാസികളുടെ പ്രതിനിധി എന്ന നിലയിൽ ഞാൻ അസംബ്ളിയിലെ ഒരു അംഗമായും നിയമിക്കപ്പെട്ടു. ഈ അസംബ്ളിമെമ്പർസ്ഥാനം എനിക്കു് ഏററവും ഇഷ്ടമുള്ളതായിരുന്നു. ഇതിനുമുമ്പു് ഞാൻ അസംബ്ളിയിൽ ഒരു ക്ലാക്കായിരുന്നപ്പോൾ അംഗങ്ങളുടെ ശുഷ്കങ്ങളായ പല വാദപ്രതിവാദങ്ങളും കേട്ടു മുഷിഞ്ഞു് അങ്ങനെ സമയം പോക്കിയിരുന്നു. എന്നാൽ ഇപ്പോൾ അവിടെ ഒരു മെമ്പർസ്ഥാനം കിട്ടിയപ്പോൾ എനിക്കു് പൊതുജനങ്ങൾക്കുവേണ്ടി എന്തെങ്കിലും നന്മചെയ്യാൻ സാധിക്കുമെന്നു തോന്നി. ഇപ്രകാരം ലഭിച്ച പലതരം കയററങ്ങൾ എൻെറ ഔന്നത്യേച്ഛയെ തൃപ്തിപ്പെടുത്തി; എനിക്കു സന്തോഷംനൽകി എന്ന കാൎയ്യം ഞാൻ സൂചിപ്പിക്കാതിരിക്കുന്നില്ല. ആ ഉന്നതേച്ഛ അങ്ങനെ വൎദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നു. എന്തെന്നാൽ എൻെറ ആദ്യകാലത്തെ നിസ്സാരനിലയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതെല്ലാം എത്രയോ വലിയ കാൎയ്യങ്ങളായിരുന്നു. ഞാൻ ഒരിക്കലും ആവശ്യപ്പെടുകയോ ഉദ്ദേശിക്കുകയോ ചെയ്യാത്ത സ്ഥാനങ്ങളിൽനിന്നും എനിക്കു വളരെ ബഹുമതി ലഭിച്ചു.

'ജസ്റ്റീസ് ആഫ് ദ പീസ്' അഥവാ 'സമാധാനരക്ഷാധിപൻ' എന്ന ഉദ്യോഗത്തിൽ പ്രവേശിക്കുവാൻ ഞാൻ ഏതാനും നാൾ കോടതികളിൽ ഹാജരായിനോക്കി. അവിടെ ന്യായാസനത്തിൽ പ്രവേശിച്ചു ചില കേസുകളും കേൾക്കുകയുണ്ടായി. എന്നാൽ സാധാരണ ചില നിയമങ്ങളെക്കാൾ കൂടുതലായി ചിലതെല്ലാം പഠിക്കേണ്ടതുണ്ടായിരുന്നു. ആ കൃത്യത്തിൽ സവിശേഷം പ്രശോഭിക്കുവാൻ ഇങ്ങനെ കൂടുതലായി നിയമസംഹിതാപരിജ്ഞാനം അപേക്ഷിതമാകയാൽ ഞാൻ ആ വൃത്തിയിൽനിന്നു പിൻവാങ്ങി. അസംബ്ളിയിലെ നിയമനിൎമ്മിതികൎത്താവിൻെറ ഗൗരവമേറിയ ചുമതലകൾ കൈയേല്ക്കുവാനുള്ളതുകൊണ്ടാണു് ഇങ്ങനെ വിട്ടുമാറുന്നതു് എന്നു ഒഴികഴിവുപറഞ്ഞു.

അടുത്തവർഷത്തിൽ കർളീലിലെ ആദിവാസികളുമായി ഒരു സമാധാനഉടമ്പടിയിൽ ഏൎപ്പെടേണ്ടിയിരുന്നു. ഇതിലേയ്ക്കു് ഗവ

ണ്ണർ അസംബ്ളിയിലേയ്ക്കു് ഒരു ദൌത്യം അയച്ചു. അസംബ്ളിയിൽനിന്നു ഏതാനും അംഗങ്ങളും ഏതാനും കൌൺസിലംഗങ്ങളും ഈ ഉടമ്പടിസംബന്ധിച്ചു് ഏത്തണമായിരുന്നു, ഈ സമാധാന ഉടമ്പടിയിലെ കമ്മിഷണന്മാർ എന്ന നിലയിൽ. അസംബ്ളിയാകട്ടെ, സ്പീക്കറായ നോറിസ്സിനേയും എന്നേയും നാമനിർദ്ദേശം ചെയ്തു. ഇങ്ങനെ ഞങ്ങൾ കർളീലിൽപ്പോയി സമാധാനഉടമ്പടിയിൽ ഏർപ്പെടുന്നവരെ കണ്ടു.

ആ ഇൻഡ്യന്മാർ മദ്യപാനത്തിൽ അത്യന്തം ആസക്തരായതുകൊണ്ടു്, വിശേഷിച്ചു മദ്യപാനത്തിൽ ഏർപ്പെട്ടാൽ അവർ പല ലഹളകൾക്കും ഒരുങ്ങുമെന്നുള്ളതുകൊണ്ടു്, ആ സ്ഥലത്തെങ്ങും മദ്യവില്പനയേ പാടില്ല എന്നു ഞങ്ങൾ ഒരു നിയമമുണ്ടാക്കി. ഇതു് ഇൻഡ്യന്മാർക്കു പിടിക്കാതെ അവർ ഒന്നടങ്കം ആവലാതിപ്പെട്ടു. ഉടമ്പടി ഒപ്പിട്ടുതീരുന്നതുവരെ അവർ അടങ്ങിയൊതുങ്ങിക്കഴിയാമെങ്കിൽ ഉടമ്പടിക്കുശേഷം വേണ്ടുവോളം മദ്യപാനത്തിൽ പങ്കുകൊള്ളുവാൻ അവരെ അനുവദിക്കാമെന്നു ഞങ്ങൾ അറിയിച്ചു. അവരതു സമ്മതിച്ചു! ഇരുഭാഗത്തേയ്ക്കും സംതൃപ്തികരമായ വിധത്തിൽ ഉടമ്പടി നിർവ്വഹിക്കപ്പെട്ടു. അനന്തരം അവർ ഉദ്ദേശിച്ച മദ്യപാനഘട്ടമായി. സമയം വൈകുന്നേരം. ഇൻഡ്യന്മാർ സ്ത്രീപുരുഷന്മാരും കുഞ്ഞുകുട്ടികളുമായി നൂററിൽപ്പരം ആളുകളുണ്ടു്. അവരെല്ലാം താൽക്കാലികങ്ങളായ നിരയും പുരയുമായ വീടുകളിലായിരുന്നു താമസം. വൈകുന്നേരമായതോടുകൂടി ഞങ്ങൾ ഒരു വലിയ ബഹളവും ശബ്ദവും കേട്ടു. കാര്യമെന്താണെന്നറിയുവാൻ ഞങ്ങൾ അങ്ങോട്ടു പോയി. അവർ അവരുടെ ഭവനനിരയുടെ അടുത്തായി തീ കൂട്ടിയിരിക്കയാണു്. എല്ലാപേരും അതിരററു കുടിച്ചിട്ടുണ്ടു്. ചിലരെല്ലാം തീക്കൊള്ളികളെടുത്തു പരസ്പരം അടിക്കുന്നു. നരകത്തിലെ ബഹളംപോലുള്ള ഒരു ക്ഷുബ്ധമായ സ്ഥിതിഭേദം. ഒരുപ്രകാരത്തിലും ആ ലഹളയ്ക്കു് ഒതുക്കം വരുത്താൻ സാധിക്കയില്ലെന്നുകണ്ടു് ഞങ്ങൾ പിൻവാങ്ങി. അർദ്ധരാത്രിസമയത്തു് അവരിൽ ചിലർ എത്തി ഞങ്ങളുടെ വിശ്രമസ്ഥലത്തുള്ള വാതിലുകളിൽ തട്ടി! കുറേക്കൂടെ കൂടുതൽ മദ്യം വേണമെന്നു് ആവശ്യപ്പെട്ടു. ഞങ്ങളതു് ശ്രദ്ധിക്കാനേ പോയില്ല.

ഞങ്ങൾക്കു് ഏതാണ്ടു് ഉപദ്രവകരമായിട്ടാണു് പ്രവർത്തിച്ചതു് എന്നു ബോധമുണ്ടായതുകൊണ്ടായിരിക്കാം, അടുത്ത ദിവസം അവരുടെ മൂന്നു കൌൺസിലംഗങ്ങളെ ഞങ്ങളുടെ അടുത്തയച്ചു് ക്ഷമാപണംചെയ്തു. അവർ തങ്ങളുടെ കുററം സമ്മതിച്ചു. എന്നാൽ ആ കുററം ആരോപിക്കപ്പെട്ടതു് മദ്യത്തിന്മേലായിരുന്നു.

അവർ പറഞ്ഞു:—"ദൈവം എല്ലാ ചരാചരങ്ങളേയും സൃഷ്ടിച്ചതു് ഓരോ ഉപയോഗം കരുതിയാണു്. അദ്ദേഹം ഇങ്ങനെ ഓരോ സാധനങ്ങൾകൊണ്ടും ഉദ്ദേശിച്ചിട്ടുള്ള പ്രയോജനം നാമും സ്വീകരിക്കേണ്ടതാകുന്നു. അതുപോലെ അദ്ദേഹം 'റം' എന്ന മദ്യദ്രവ്യം സൃഷ്ടിച്ചപ്പോൾ ഇതു് ഇൻഡ്യന്മാർക്കു പ്രയോജനപ്പെടട്ടേ എന്നു കരുതിയിരിക്കും അതു് അങ്ങനെതന്നെ വേണംതാനും." യഥാർത്ഥത്തിൽ ഈ കാട്ടുമാടന്മാരെ ഭൂമുഖത്തുനിന്നു് അടിച്ചുപറത്തി ആ സ്ഥലം മുഴുവൻ കൃഷിക്കാർക്കു് ഉപയോഗയോഗ്യമാക്കണമെന്നാണു് ദൈവത്തിൻെറ ഉദ്ദേശമെങ്കിൽ അതിലേയ്ക്കുള്ള ഒരു സാധനമായിട്ടായിരിക്കാം മദ്യം സൃഷ്ടിച്ചതു്. മുൻകാലങ്ങളിൽ സമുദ്രതീരത്തു കഴിഞ്ഞുകൂടിയ എല്ലാവരേയും ആ മദ്യം ആടിച്ചുവിരട്ടിയിട്ടുണ്ടു്.

1751-ൽ ഡാക്ടർ തോമസ് ബോൺഡ് എന്നു പേരായ ഒരു സ്നേഹിതൻ ഫിലഡൽഫിയായിൽ ഒരു ആശുപത്രി സ്ഥാപിക്കണമെന്നു ആഗ്രഹിച്ചു. വളരെ പ്രയോജനകരമായ ഒരുദ്യമം. ഇതിൽ ഞാനാണു് മുൻകയ്യെടുത്തതെന്നു ആളുകൾ തെററിദ്ധരിച്ചു. യഥാർത്ഥത്തിൽ ആശയം ആ സ്നേഹിതനിൽനിന്നാണുണ്ടായതു്. പാവപ്പെട്ട രോഗികളെ സ്വീകരിക്കുവാനും അവർക്കു വേണ്ട ശുശ്രൂഷകൾ നൽകുവാനും ഉതകുന്ന ഒരു സ്ഥാപനം. സംസ്ഥാനത്തിൽനിന്നോ വെളിയിൽനിന്നോ വരുന്ന രോഗികൾക്കു വേണ്ട സഹായം ചെയ്തുകൊടുക്കാനുള്ള ഒരു ആതുരശാല, ഈ സ്ഥാപനത്തിന്നാവശ്യമുള്ള തുക സംഭരിക്കുവാൻ അയാൾ വളരെ ജാഗരൂകനായിരുന്നു. എന്നാൽ അമ്മേരിക്കയിൽ അക്കാലത്തു് അങ്ങനെയുള്ള സംരംഭങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ആളുകൾക്കു് അത്തരം സ്ഥാപനങ്ങളുടെ പ്രയോജനമേ മനസ്സിലായിരുന്നതുമില്ല.

ഒടുവിൽ ഡോക്ടർ എൻെറ അടുത്തുവന്നു. അവിടെ അക്കാലത്തു് പൊതുവേ പ്രയോജനകരമായ യാതൊരുദ്യമവും എൻെറ സഹായംകൂടെ ഇല്ലാത്തപക്ഷം വിജയിക്കുകയില്ല എന്നു് എനിക്കൊരു പ്രത്യേക മഹത്വവും നൽകിക്കൊണ്ടായിരുന്നു ഡോക്ടരുടെ വരവു്. അയാൾ ഇങ്ങനെ പറഞ്ഞു:—ഞാൻ ഈ ആശുപത്രി സ്ഥാപനത്തിൻെറ വകയ്ക്കു് ഒരു വരിസംഖ്യാലിസ്ററുമായി സമീപിച്ചപ്പോൾ ചില ഉദാരമതികളായ പൊതുക്കാര്യപ്രസക്തർ എന്നോടു ചോദിച്ചതു്, നിങ്ങൾ ഇക്കാര്യത്തെപ്പററി ഫ്രാൻക്ലിനോടു ചോദിക്കുകയുണ്ടായോ എന്നായിരുന്നു. ഇല്ല എന്നു ഞാൻ ഉത്തരം പറയുമ്പോൾ ആട്ടെ, "എന്നാൽ ഞങ്ങൾ ഇക്കാര്യത്തെപ്പററി ആലോചിച്ചു വിവരം അറിയിക്കാം" എന്നായിരിക്കും മറു

പടികൾ. ഇതു കേട്ട ഞാൻ സ്നേഹിതൻെറ പദ്ധതിയുടെ സ്വഭാവവും പ്രവൎത്തനവിധവും ചോദിച്ചു മനസ്സിലാക്കി. അദ്ദേഹം അതിനെപ്പററി തൃപ്തികരമായ ഒരു വിവരണം നൽകി. ഉടനേ ഞാൻ അദ്ദേഹത്തിനു് എൻെറ വകയായ ഒരു സംഭാവന നൽകി എന്നു മാത്രമല്ല, മററുള്ളവരിൽനിന്നു വേണ്ട സംഖ്യ പിരിച്ചുകൊടുക്കാമെന്നും കൈയേററു. ഇക്കാൎയ്യത്തെപ്പററി ഞാൻ പത്രങ്ങളിൽ ചില ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി. ഇപ്രകാരമുള്ള ഉദ്യമങ്ങൾ ആരംഭിക്കുമ്പോളൊക്കെ ഞാൻ ചെയ്തുവന്നതു് ഇങ്ങനെയായിരുന്നു.

കുറേക്കഴിഞ്ഞപ്പോൾ ആശുപത്രിക്കുള്ള സംഭാവനകൾ ധാരാളമായി ലഭിച്ചുതുടങ്ങി. എന്നാൽ ക്രമേണ അതൊന്നു മങ്ങി. അസംബ്ളിയുടെ സഹായംകൂടാതെ ഈ ഉദ്യമം മുന്നോട്ടു പോവുകയില്ല എന്നെനിക്കു തോന്നി. അതിനാൽ അസംബ്ളിക്കു മുമ്പാകെ വിവരങ്ങൾ കാണിച്ചു് ഒരു നിവേദനം സമൎപ്പിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെട്ടു. സ്നേഹിതൻ അപ്രകാരം ചെയ്തു. ഇതു കണ്ടപ്പോൾ അസംബ്ളിയംഗങ്ങൾ രണ്ടു പക്ഷക്കാരായി. നാട്ടുംപുറത്തുള്ള മെമ്പറന്മാർ ഈ ആശുപത്രികൊണ്ടു നഗരവാസികൾക്കാണു് ഗുണം സിദ്ധിക്കുന്നതെന്നും, അതിനാൽ നഗരത്തിലെ മെമ്പറന്മാരാണു് മുൻകൈ എടുക്കേണ്ടതെന്നും ഒരഭിപ്രായം പറന്നു. പക്ഷേ ഈ പറയപ്പെട്ടുന്ന നഗരവാസികൾക്കു അപ്രകാരം ഒരു ആതുരശാലയുടെ ആവശ്യംതന്നെ തോന്നിയില്ല. എന്നാൽ പണപ്പിരിവു് എന്നുള്ളതു് കേവലം അസാദ്ധ്യമെന്നു് അവരൊക്കെ കരുതിയ ഒരു ആവശ്യത്തിലേയ്ക്കു് കേവലം വലിമേതന്നെ രണ്ടായിരം പവനോളംവരുന്ന ഒരു സംഖ്യ ധരിയിനത്തിൽ ലഭിച്ചതിനാൽ ആശുപത്രിയുടെ ആവശ്യം പൊതുജനങ്ങൾ എത്ര വലിയ തിക്ഷ്ണതയോടെ കരുതിയിരിക്കുന്നു എന്നായിരുന്നു എനിക്കു പറയാനുണ്ടായിരുന്നതു്.

ഇങ്ങനെ ലഭിച്ച പൊതുപക്ഷപാതത്തോടെ ഞാനെൻെറ പ്രത്യേക ആസൂത്രണം രൂപീകരിച്ചു. ആശുപത്രിആവശ്യക്കാർ അസംബ്ളിയിൽ സമൎപ്പിച്ച നിവേദനം അനുസരിച്ചു് രണ്ടായിരം പവൻ പിരിച്ചുണ്ടാക്കി അതിൻെറ പലിശകൊണ്ടു സ്വീക്കൎക്കു തൃപ്തികരമായ രീതിയിൽ ചികിത്സാലയം നടത്തിയാൽ ഈ സഭ രണ്ടായിരം പവൻ രണ്ടു തവണയായി സഹായധനം കൊടുക്കണം എന്നു് ഒരു പുതിയ ബിൽ ഞാൻ അവതരിപ്പിച്ചു. മുറയ്ക്കു വേണ്ട സൗകര്യങ്ങളോടുകൂടിയ ഒരു ആശുപത്രിക്കെട്ടിടം പണിതീൎന്നു. ആശുപത്രി തുടങ്ങി. സഹായധനവും കിട്ടി. ചികിത്സാമന്ദിരം ഇന്നും വേണ്ട പ്രയോജനത്തോടെ നടന്നുവരുന്നുണ്ടു്.

ഏകദേശം ഇക്കാലത്തായിരുന്നു, ബഹു: ജിൽബട്ട്ടെനൻഡ് ഒരു പുതിയ സമ്മേളനശാലക്കെട്ടിടം നിർമ്മിക്കുവാൻ ഒരു പൊതുവരി ഏർപ്പെടുത്തണമെന്ന് എന്നോട്ട് ആവശ്യപ്പെട്ടതു്. അദ്ദേഹം പ്രസ്ബിറ്റീരിയൻമതോപവിഭാഗക്കാർക്കുവേണ്ടിയായിരുന്നു ഇങ്ങനെ ഒരു പുതുമന്ദിരത്തിൻെറ ആവശ്യം കണ്ടതു്. എപ്പോഴും നാട്ടുകാരിൽനിന്നു് ഇങ്ങനെ ഓരോ ആവശ്യങ്ങൾക്കായി ഞാൻ മുന്നിട്ടുനിന്നു വരിസംഖ്യ പിരിക്കുന്നതു് അത്ര യുക്തമല്ല എന്നെനിക്കു തോന്നി. അതിനാൽ ജിൽബട്ട്ടെനൻഡിൻെറ ആ അപേക്ഷ ഞാൻ നിശ്ശേഷം നിരസിച്ചു. എന്നാൽ, ഇപ്രകാരമുള്ള പൊതുകാര്യങ്ങളിൽ ഔദാര്യത്തോടെ പ്രവർത്തിക്കുന്നവരുടെ ഒരു ലിസ്റ്റെങ്കിലും ഞാൻ നൽകണമെന്നു് ആ മാന്യൻ ആവശ്യപ്പെട്ടു. ഇത്തരം ആളുകളുടെ ഒരു ലിസ്റ്റ് എൻെറ കൈവശം ഉണ്ടായിരുന്നുവെങ്കിലും അവരെ അടിക്കടി വരിസംഖ്യ ലഭിക്കുവാൻ ബുദ്ധിമുട്ടിക്കുന്നതിനു ഞാൻ പ്രകാരാന്തരേണ കാരണമായി ഭവിക്കയില്ലെന്നും നിശ്ചയിച്ചു് അങ്ങനെ ഒരു ലിസ്റ്റും കൊടുക്കുകയുണ്ടായില്ല. ഒടുവിൽ ഇക്കാര്യത്തിൽ ഞാനെന്തെങ്കിലും ഒരു ഉപദേശം നൽകണമെന്നു് ആവശ്യപ്പെട്ടു. "അതു ചെയ്യാം" എന്നു ഞാൻ പറഞ്ഞു. "ഒന്നാമതായി എന്തെങ്കിലും വരിസംഖ്യയിനത്തിൽ തരുമെന്നു നിങ്ങൾക്കു നിശ്ചയമായും വിശ്വാസമുള്ള ആളുകളെ സമീപിക്കുക. അടുത്തതായി, തന്നേയ്ക്കാം എന്നു തോന്നുന്ന ആളുകളെ സമീപിച്ചു് നിങ്ങൾക്കു ലഭിച്ചിട്ടുള്ള സംഖ്യകൾ നൽകിയവരുടെ ലിസ്റ്റ് കാണിക്കുക. അടുത്തതായി തീർച്ചയായും കിട്ടുകയില്ല എന്നു കരുതുന്നവരെ അപേക്ഷയുമായി സമീപിക്കുക. അവരിൽ പക്ഷേ ചിലർ തരുന്നവരായിരിക്കും." എന്നിങ്ങനെ ഞാൻ ഒരു ഉപദേശവും നൽകി. അദ്ദേഹമൊന്നു ചിരിച്ചശേഷം, എൻെറ ഉപദേശത്തിനു നന്ദിപറഞ്ഞു. ആ ഉപദേശമനുസരിച്ചു പ്രവർത്തിക്കുമെന്നും എന്നെ അറിയിച്ചു. അദ്ദേഹം അനവധിപേരോട്ട് ഇക്കാര്യത്തിനുവേണ്ടി യാചിച്ചു. ഉദ്ദേശത്തിലും ഏറെക്കവിഞ്ഞ ഒരു തുകയും പിരിച്ചെടുത്തു. ഇപ്പോൾ ആർച്ച്തെരുവിൽ കാണുന്ന ആ സമ്മേളനഹാൾ ഇങ്ങനെ കെട്ടിയുണ്ടാക്കിയതാകുന്നു.

ഞങ്ങളുടെ നഗരി മനോഹരമായ മുറ അനുസരിച്ചു രൂപീകരിക്കപ്പെട്ടതാണെങ്കിലും, തെരുവുകൾ വിസ്താരമുള്ളവയും ഋജുക്കളും സമകോണരൂപത്തിൽ പരസ്പരം അഭിമുഖീകരിക്കുന്നവയും ആണെങ്കിലും റോഡുകൾ സിമൻറിട്ടു മിനുസമാക്കപ്പെട്ടിട്ടില്ലാത്തവയാകയാൽ മഴക്കാലത്തു് വണ്ടിച്ചക്രങ്ങൾനിമിത്തം വല്ലാതെ ഇളകി ചെളിയും വെള്ളവുംകൂടെക്കുഴഞ്ഞു് യാത്രികക്ക് അസൗകര്യം ഉണ്ടാ

ക്കുന്നവിധത്തിലായിരുന്നു. ഞാൻ 'ജേഴ്സീമാക്കററ്' എന്ന സ്ഥലത്തിനടുത്തു താമസിച്ച് ചന്തയിൽപ്പോകുന്ന ആളുകൾ സാമാനങ്ങളും വാങ്ങി മിക്കവാറും വെള്ളത്തിലൂടെ നീന്തിക്കടന്നുപോകുന്നതു് പലപ്പോഴും കണ്ടിട്ടുണ്ടു്. ആ ചന്തയുടെ മദ്ധ്യത്തിൽ ഒരു ഭാഗം ഇഷ്ടികപടുത്തു് ശരിപ്പെടുത്തിയിരുന്നതിനാൽ അവിടെ എത്തിപ്പോയാൽ അവർ ശരിയായ സ്ഥലത്തു ചെന്നുചേർന്നു എന്നു പറയാം. എന്നാൽ അവിടെ ചെന്നെത്തുന്നതിനിടയ്ക്കു് ഷൂസുകൾ ചെളികൊണ്ടു കട്ടിപിടിച്ചുപോകുന്നതു് അസാധാരണമല്ല. ഈ ഒരു വിഷയത്തെപ്പററി ധാരാളം വത്തമാനവും എഴുത്തുകുത്തുകളും നടക്കുകയുണ്ടായിട്ടുണ്ടു്. ഇങ്ങനെ ചന്തയ്ക്കും കല്ലിട്ടു മിനുസപ്പെടുത്തിയ കാലടിപ്പാതയ്ക്കും ഇടയ്ക്കുള്ള തെരുവുഭാഗം മിനുസമാക്കുവാൻ പ്രത്യേകം ഉത്സാഹിച്ചു. ഇതു് അടുത്തുള്ള ഭവനങ്ങളുടെ ഇരുവശങ്ങൾക്കും അടുത്തായിരുന്നു. ഇതു കുറച്ചുകാലത്തേയ്ക്കു് ചന്തയിലേയ്ക്കു് എളുപ്പമായ ഗതാഗതത്തിനു് ഉതകി. എന്നാൽ തെരുവിൻെറ മററു ഭാഗം കല്ലിട്ടു മിനുസപ്പെടുത്താത്തതുകൊണ്ടു ചെളിയിൽനിന്നും ഏതെങ്കിലും ഒരു വണ്ടി ഈ മിനുസമാക്കിയ ഭാഗത്തേയ്ക്കു് എത്തുമ്പോൾ അതു വല്ലാതൊന്നു ഇളകി അതിലെ പൊടിയും ചെളിയും ആ ഭാഗത്തു നിക്ഷേപിക്കാൻ ഇടവരികയും അധികം താമസിയാതെ അതു് വെള്ളവും ചെളിയുംകൊണ്ടു് പൊതിയപ്പെടുകയും ചെയ്യും എന്ന നിലയിലായി. അങ്ങനെയുള്ള ചെളിയും വെള്ളവും മാററുന്നതിനു് അശുദ്ധവസ്തുദൂരീകരണക്കാരും ഏൽപ്പെടുത്തപ്പെട്ടിരുന്നില്ല.

ഏതാണ്ടൊരു അന്വേഷണത്തിനുശേഷം, ഞാൻ ഒരു പാവപ്പെട്ട വ്യവസായശീലനെ കണ്ടുപിടിച്ചു. അവൻ, ആ മിനുസപ്പെടുത്തിയ ഭാഗം വൃത്തിയാക്കി സൂക്ഷിച്ചുകൊള്ളാമെന്നു കൈയേററു. ആഴ്ചയിൽ രണ്ടുതവണ ആ ഭാഗം അടിച്ചു വൃത്തിയാക്കിക്കൊള്ളാമെന്ന കരാറിൽ. അയൽപക്കക്കാരുടെ വാതിലുകളുടെ മുമ്പിൽനിന്നും ചെളിയായ ഭാഗമൊക്കെ അടിച്ചുവാരിക്കൊള്ളാമെന്നും സമ്മതിച്ചു. ഇതിലേയ്ക്കു വേണ്ടിവരുന്ന ചെറിയ ചെലവു്, ആഴ്ചയിൽ ആറു പെൻസ്കൊണ്ടു് ഉണ്ടാകാവുന്ന ഗുണത്തെപ്പററി ഞാൻ ലഘുലേഖകൾ അടിച്ചു വിതരണംചെയ്തു. അങ്ങനെയാകുമ്പോൾ ഭവനങ്ങൾ എത്ര വൃത്തിയായി സൂക്ഷിക്കപ്പെടാമെന്നുള്ളതും അതിൽ പ്രസ്താവിച്ചിരുന്നു. അതിനാൽ ആളുകളുടെ കാലിൽനിന്നുള്ള ചെളിയൊന്നുംതന്നെ അവിടെപ്പററാൻ ഇടയാക്കാതെ കടകൾക്കും ഇതുകൊണ്ടു് കൂടുതലായ ഗുണം സിദ്ധിക്കുന്ന വിവരവും അറിയിച്ചു. സാമാനങ്ങൾ വാങ്ങാൻ എത്തുന്ന

വക്ക് കൂടുതൽ സൗകര്യം സിദ്ധിക്കുമെന്നും കാററടി അധികമാകു മ്പോൾ പൊടിയൊന്നും കടയറകളിൽ പറന്നെത്താതെ കഴിക്കാ മെന്നും ഞാൻ വ്യക്തമാക്കി. ഇതിലെ ഓരോ ലഘുലേഖയും ഞാൻ ഓരോ ഭവനത്തിലും അയച്ചു. ഒന്നുരണ്ടു ദിവസം ഇതുസം ബന്ധിച്ച് എല്ലായിടത്തും ചുററിനടന്നു നോക്കി, ഈ എക്സ് പെൻസ് ചെലവു നിർവ്വഹിക്കാൻ ആർക്കെല്ലാമാണ് സന്നദ്ധതയു ള്ളതെന്ന് അറിയുവാൻ. എല്ലാ ഭവനക്കാരും ആ ചെലവു നിർവ്വ ഹിച്ചുകൊള്ളാമെന്നുതന്നെ ഏററു. നഗരിയിലെ എല്ലാ താമസ ക്കാരും ചന്തയെ ചുററിയുള്ള മിനുസപ്പെടുത്തിയ അദ്ധ്വാവിൻെറ ഭാഗം വൃത്തിയായി സൂക്ഷിക്കുന്നുവെന്നറിനാൽ ആഹ്ലാദഭരിതരായി. എല്ലാപേക്കും ഇതൊരു പ്രത്യേക സൗകര്യമായിത്തീൎന്നു. ഇതു കണ്ടപ്പോൾ തെരുവുകളെല്ലാം കല്ലിട്ടു മിനുസപ്പെടുത്തേണ്ടതിൻെറ ആശാസ്യത അവക്ക് മനസ്സിലായി. ഇതിലേയ്ക്കു് പ്രത്യേകമാ യുള്ള ഒരു കരംതന്നെ കൊടുക്കുവാനും അവർ സന്നദ്ധരായിക്കാണ പ്പെട്ടു.

അല്പകാലം കഴിഞ്ഞു നഗരിയിലെ റോഡുകൾ എല്ലാം കല്ലിട്ടു മിനുസപ്പെടുത്തുന്നതിലേയ്ക്കു് ഒരു ബില്ല അസംബ്ളിയിൽകൊണ്ടു വന്നു. ഇതു് ഞാൻ ഇംഗ്ലണ്ടിലേയ്ക്കു പോകുന്നതിനു് അല്പം മുമ്പാ ണു്. 1757-ൽ ഞാൻ പോകുന്നതുവരെ ബിൽ പാസ്സായിരുന്നതു മില്ല. കരംകൊടുപ്പുസംബന്ധിച്ചു് അല്പമൊരു വ്യത്യാസംവരുത്തി ക്കൊണ്ടായിരുന്നു ബില്ല പാസ്സായതും. എന്നാൽ റോഡുകളിൽ വിള ക്കുകൾ സ്ഥാപിക്കുക, എന്ന പരിപാടികൂടെ ഉൾപ്പെടുത്തി. ഇതു് തീച്ചയായും നല്ലൊരു പരിഷ്കാരമായിരുന്നു. കഴിഞ്ഞുപോയ മി: ജോൺ ക്ലിഫ്ററൺ ആണു് റോഡിൽ ഒരു വിളക്കു് സ്വഭവന ത്തിനു മുമ്പിൽ ആദ്യമായി സ്ഥാപിച്ചതു്. ഇതുകണ്ടപ്പോൾ നഗരി മുഴവൻ ഇങ്ങനെ വിളക്കുണ്ടായിരുന്നാൽ വളരെ പ്രയോജനമുണ്ടാ യിരിക്കുമെന്നു് നാട്ടുകാർ നിശ്ചയിച്ചു. ഇങ്ങനെ പൊതുജനോപ യോഗപ്രദമായ ഒരു പദ്ധതി ഏപ്പെടുത്തിയതിൻെറ പ്രഥമാവതാ രകത്വം എന്നിൽ വന്നുചേൻ്റു. യഥാത്ഥത്തിൽ ആ ബഹുമതിക്കു് അർഹതയുള്ളതു മി: ജോൺക്ലിഫ്ററന്നാണു്. ഞാൻ അദ്ദേഹം കാട്ടിയ വഴിയേ പോയതേയുള്ളു. വിളക്കുകളുടെ സ്വരൂപത്തിൽ ഞാനല്പമൊരു പരിഷ്കാരമുണ്ടാക്കി എന്നതാണു് ശരി. ലണ്ടനിൽ നിന്നു് അക്കാലത്തു് കിട്ടിയിരുന്ന ഗോളാകൃതിയിലുള്ള വിളക്കുക ളിൽനിന്നു ഇവ ഭിന്നങ്ങളായിരുന്നു. ലണ്ടൻവിളക്കുകൾ അസൗ കര്യപ്രദങ്ങളായിരുന്നു. അവയിൽ അടിയിൽനിന്നും കാററു കയറു വാൻ സൗകര്യമില്ലാതെ, പുക മുകളിൽക്കൂടെ പോകാതെ, സ്ഫ ടികാവരണത്തിനുള്ളിൽത്തന്നെ ചുററിപ്പററിനിന്നു് വിളക്കിൻെറ

പ്രകാശത്തെ ഗണ്യമായവിധം തടുത്തു. ദിവസവും വൈകുന്നേരം അവ തുടച്ചുമിനുസപ്പെടുത്തേണ്ടതായുംവന്നു. ഏതെങ്കിലുംവിധത്തിൽ ഒന്നു തട്ടുകയോ മുട്ടുകയോ ചെയ്താൽ വിളക്ക് ആകെപ്പാടെ പൊട്ടിപ്പോവുകയുംചെയ്യും. അതിനാൽ ഞാൻ ഒരു പുതിയ നിർദ്ദേശംകൊണ്ടുവന്നു. നാലു പരന്ന സ്ഫടികത്തട്ടുകൾകൊണ്ടു വിളക്കുകൾ മൂടിയിരിക്കണമെന്ന്. പുകയ്ക്കു് യഥേഷ്ടം വെളിയിലേയ്ക്കുപോകുവാൻ ഒരു കുഴലും ഉണ്ടായിരിക്കണം. താഴെ കാററു കയറാൻ ചില ദ്വാരങ്ങളും വേണ്ടതുണ്ടു്. ഇങ്ങനെ ഒരു പരിഷ്കാരമുണ്ടായാൽ ദീപങ്ങളിൽ പുക കൂടുതലായി പററാതിരിക്കും. മാത്രമല്ല, നേരംവെളുക്കുന്നതുവരെ കത്തിയാലും വിളക്കുകൾക്കു് പുക കൊണ്ടുള്ള മങ്ങൽ പററുകയില്ല. ഏതെങ്കിലുംവിധത്തിലുള്ള തട്ടോമുട്ടോ പററിയാലും പുറമേയുള്ള ഒരു കണ്ണാടിച്ചില്ലിനല്ലേ തകരാറു സംഭവിക്കുകയുള്ളു.

വിളക്കുകൾക്കു് ഇങ്ങനെ അടിയിലൂടെ കാററു കയറുന്നതിനുള്ള ദ്വാരങ്ങൾ ഉണ്ടായിരിക്കണമെന്നു ലണ്ടനിലുള്ളവർ കരുതാത്തതിൽ ഞാൻ ആശ്ചര്യപ്പെട്ടിട്ടുണ്ടു്. എന്നാൽ അത്തരം ദ്വാരങ്ങൾകൊണ്ടു് അവർ വേറെ ഒരാവശ്യം നിർവ്വഹിക്കുന്നു. അതായതു്, തിരിയിൽ എളുപ്പം തീ ഘടിപ്പിച്ചുകൊള്ളുവാൻ. എന്തായാലും വിളക്കുകൾകത്തി ഏതാനും സമയം കഴിയുമ്പോൾ മങ്ങൽ പററുന്നു.

ഇപ്രകാരമുള്ള അഭിവൃദ്ധിമാർഗ്ഗങ്ങളെപ്പററി പ്രസ്താവിക്കുമ്പോൾ, ഞാൻ ലണ്ടനിലായിരുന്നപ്പോൾ ഡോ: ഫോദർജിൽ എന്ന ജനോപകാരപ്രദങ്ങളായ കാര്യങ്ങളിൽ ഏർപ്പെടുന്ന സ്വഭാവത്തോടുകൂടിയ ഒരാളിനെ ഞാൻ ഒരു വസ്തുത അറിയിച്ചതു് ഓർക്കുന്നു. അതായതു് വേനൽക്കാലത്തു് തെരുവീഥികൾ വൃത്തിയായി അടിച്ചുവാരപ്പെടുന്നില്ല. അവിടെയുണ്ടാകുന്ന ചില്ലറ പൊടികൾ ദൂരത്താക്കപ്പെടുന്നുമില്ല. അതെല്ലാംകൂടെ അങ്ങനെ കൂടിക്കിടക്കുന്നതിനു ഇടകൊടുക്കുന്നതിനാൽ മഴപെയ്യുമ്പോൾ ഇവയെല്ലാം ചെളിയായിത്തീർന്നു് വണ്ടിച്ചക്രങ്ങളിൽപ്പററി കൂടുതൽ വൃത്തികേടുണ്ടാക്കുന്നു. എന്നാൽ പൊടി മുറപോലെ അടിച്ചുവാരിക്കളയാതിരിക്കുന്നതു് റോഡിൻെറ ഇരുവശത്തുമുള്ള ഭവനങ്ങളിലെ വാതിലുകളിലും ജനാലകളിലും അവ കടന്നുചെല്ലും എന്ന ഉദ്ദേശത്താൽ ആയിരിക്കാം.

അല്പസമയത്തിനുള്ളിൽ അടിച്ചുവാരൽ എന്ന വേല എത്രമാത്രം നടത്തിക്കാം എന്നു ഒരു യദൃച്ഛാസംഭവംകൊണ്ടു ഞാൻ മനസ്സിലാക്കി. ക്രേവൻതെരുവിൽ എൻെറ താമസസ്ഥലത്തിനു

ടുത്തു് ഒരുദിവസം രാവിലെ ഒരു പാവപ്പെട്ട സ്ത്രീ എത്തി ഒരു ചൂല്പകൊണ്ടു് റോഡിലെ മിനുസത്തറ ശുചിപ്പെടുത്തുന്നതു ഞാൻ കണ്ടു. അതൊരു സുഖക്കേടുകാരിയായിരുന്നു. അവിടെ അടിച്ചു വാരുവാൻ ആരാണു് ആ സ്ത്രീയെ ഏറ്റപ്പെടുത്തിയതു് എന്നു ഞാൻ ചോദിച്ചു. "ആരും ഏറ്റപ്പെടുത്തിയതല്ല യജമാനനേ, ഞാനൊരു പാവപ്പെട്ടവളാണു്. വലിയ ആളുകളുടെ ഭവനവാതിലുകൾക്കു മുമ്പിൽ ഇങ്ങനെ വല്ല ജോലിയുംചെയ്താൽ വല്ലതും കിട്ടുമല്ലോ എന്ന ഉദ്ദേശത്തിൽ ഇങ്ങനെ ചെയ്യുന്നതാണു്" എന്നായിരുന്നു സ്ത്രീയുടെ മറുപടി. 'ആ റോഡു് മുഴുവൻ ഇതുപോലെ അടിച്ചുവാരിയിട്ടു് എത്താമെങ്കിൽ പ്രതിഫലമായി സ്ത്രീക്കു് ഒരു ഷില്ലിങ്ങ് കൊടുക്കാം എന്നു ഞാൻ പറഞ്ഞു. ഇതു് കാലത്തൊൻപതുമണിക്കായിരുന്നു. പന്ത്രണ്ടുമണിയായപ്പോൾ സ്ത്രീ എത്തി ഷില്ലിങ്ങ് ചോദിച്ചു. അത്രവേഗം ആ ജോലി തീർന്നതിൽ ആശ്ചര്യപ്പെട്ടു് റോഡു മുഴുവൻ വൃത്തിയാക്കിയോ എന്നു നോക്കിവരാൻ ഭൃത്യനെ പറഞ്ഞയച്ചു. ആ സ്ത്രീ പറഞ്ഞതു് ശരിതന്നെയായിരുന്നു. പൊടിയുണ്ടായിരുന്നതു സകലതും അടിച്ചുവാരി ഓടയിലേയ്ക്കു നീക്കിയിരുന്നു. അടുത്ത മഴയിൽ ആ പൊടി സകലതും ഒഴുക്കിൽപ്പെട്ടേയ്ക്കും. ഇങ്ങനെ ആ മിനുസപ്പെട്ട തറഭാഗം വളരെ വൃത്തിയോടുകൂടിയിരിക്കുകയും ചെയ്യുമല്ലോ.

ഇങ്ങനെ ഒരു പാവപ്പെട്ട സുഖക്കേടുകാരിയായ സ്ത്രീക്കു് അത്തരം ഒരു തെരുവിനെ മൂന്നു മണിക്കൂർനേരംകൊണ്ടു തൂത്തു് വൃത്തിയാക്കാമെങ്കിൽ നല്ല ആരോഗ്യമുള്ള ഒരു വേലക്കാരനു് ഒന്നരമണിക്കൂർനേരംകൊണ്ടു് ആ പണി നിർവ്വഹിക്കാൻ സാധിക്കുമല്ലോ. അത്തരത്തിലുള്ള ഇടുങ്ങിയ തെരുവുകളിൽ നടുക്കു ഒരൊററ ഓടമാത്രമുണ്ടായിരിക്കുന്നതാണു കൂടുതൽ സൗകര്യം എന്നു ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ. ഇരുവശത്തും ഓരോ ഓടയുണ്ടായിരുന്നാൽ നടുക്കു പൊടികൂടുന്നതിനും മഴയത്തു് ആ ഇരുവശങ്ങൾക്കും ഉള്ളിൽ ചെളിയായി കെട്ടിനില്ക്കുന്നതിനും ഇടയാകും. ഇക്കാര്യങ്ങളെപ്പററി ഞാൻ ഡാക്ടരോടു നിർദ്ദേശിച്ചതു് താഴെപ്പറയുന്നവിധത്തിലായിരുന്നു:—

"ലണ്ടനിലെയും വെസ്ററുമിനിസ്റ്ററിലേയും തെരുവുകൾ പ്രയോജനകരമായവിധം ശുചിപ്പെടുത്തുന്നതിനു് ആ തെരുവുസൂക്ഷിപ്പുകാരായ ആളുകളെ വേനൽക്കാലങ്ങളിൽ പൊടിഅടിച്ചുവാരുന്നതിനു് പ്രത്യേക വ്യവസ്ഥകളിൽ ഏല്പപ്പെടുത്തണം. ആ പൊടി നീക്കംചെയ്യുന്നതുപോലെതന്നെ മഴക്കാലത്തു ചെളിയായി കാണപ്പെടുന്ന ഭാഗങ്ങളും മാറേറണ്ടതാകുന്നു. ഈ ആവശ്യങ്ങൾക്കു വേണ്ട ഉപകരണങ്ങൾ അവക്കു് നൽകുകയുംവേണം."

"വേനൽക്കാലമാസങ്ങളിൽ ഈ പൊടി കൊണ്ടുപോയി വളരെ ദൂരത്തുതന്നെ തട്ടേണ്ടതാണു്. ഇതു് റോഡിലുള്ള വാതിലുകളും ജനലുകളും തുറക്കുന്നതിനു മുമ്പുതന്നെ നിർവ്വഹിക്കപ്പെടേണ്ടതാകുന്നു."

"മഴക്കാലത്തുള്ള ചെളി വണ്ടിച്ചക്രങ്ങളോ കുതിരക്കുളമ്പുകളോചെന്നു തട്ടത്തക്കവിധമുള്ള സ്ഥലത്താകരുതു്. ഈ ചെളി ദൂരത്തു് മാററുന്നതിനു ചക്രങ്ങൾ അധികം പൊക്കമില്ലാത്തുള്ള വണ്ടികൾ നഗരശുചീകരണക്കാൎക്കു് നൽകേണ്ടതാകുന്നു. ഈ ചെളി കൊണ്ടുപോയി അവയിലുള്ള വെള്ളം വാൻപോയതിനുശേഷം മററേതെങ്കിലും ദൂരസ്ഥലത്തു് എത്തിക്കണം."

ഈ രണ്ടാമത്തെ നിർദ്ദേശം എത്രത്തോളം പ്രായോഗികമാകും എന്നെനിക്കു് തീൎത്തുപറയാൻവയ്യ. എന്നാൽ വേനൽക്കാലത്തു് മാൎഗ്ഗങ്ങൾക്കു് അഭിമുഖമായുള്ള വാതിലുകളും ജനാലകളും തുറക്കുന്നതിനു മുമ്പുതന്നെ പൊടിയെല്ലാം റോഡിൽനിന്നു മാററുക എന്നതു് അപ്രായോഗികമല്ല, ലണ്ടൻനിവാസികൾ ഉറക്കമെണീക്കുന്നതു് അധികവും വളരെ താമസിച്ചായിരിക്കുമല്ലോ.

എന്നാൽ ഇപ്രകാരമുള്ള നിസ്സാരകാൎയ്യങ്ങളെപ്പററി അത്ര ഗൗരവമേറിയവിധത്തിൽ പറയേണ്ട ആവശ്യമില്ല എന്നു ചിലർ കരുതുമായിരിക്കാം. അവരോടു ഞാൻ ചോദിക്കുന്നു, ഒരാളിന്റെ കണ്ണിലോ ഒരു ഭവനത്തിനുള്ളിലോ പൊടി പറവുക എന്നതു് അത്രവളരെ ഗൗരവമേറിയതല്ലായിരിക്കാം, എങ്കിലും, ജനനിബിഡമായ ഒരു നഗരിയിൽ ഇത്തരം പൊടിപടലത്തിന്റെ ആക്രമണം ഉണ്ടാകുന്നതു് വളരെ ഗൗരവാവഹമായ ഒരു കാൎയ്യംതന്നെയാകുന്നു. അതിനാൽ അത്രയേറെ നിസ്സാരമെന്നു പക്ഷേ തോന്നിയേക്കാവുന്ന ഇക്കാൎയ്യത്തെപ്പററി പറയുന്നതു് ഒരു അപരാധമാകയില്ലല്ലോ. മനുഷ്യസംഘത്തിന്റെ സുഖസന്തോഷങ്ങൾ, പ്രതിദിവസം സംഭവിക്കുന്ന ചില്ലറ സൗകൎയ്യങ്ങളെയാണു്, പെട്ടെന്നു വന്നുചേരുന്ന വൻഭാഗ്യങ്ങളെക്കാൾ ആശ്രയിക്കുന്നതു്. ഇങ്ങനെ നോക്കുമ്പോൾ നിങ്ങൾ ഒരു മനുഷ്യനെ തന്നെത്താൻ മുഖക്ഷൗരം നിർവ്വഹിക്കാൻ ഉപദേശിക്കുന്നതു് അയാൾക്കൊരു നൂറുപവൻ സമ്മാനമായി നൽകുന്നതിനെക്കാൾ ശ്രേഷ്ഠമാകുന്നു. പണം എന്നു പറയുന്നതു് വേഗം ചെലവായിപ്പോകുന്നതാണല്ലോ. അതുചെലവുചെയ്തു തീൎന്നുകഴിഞ്ഞാൽ ആ ചെലവിനിടയാക്കിയ ബുദ്ധിമോശത്തെപ്പററി പശ്ചാത്തപിച്ചു കഴിഞ്ഞുകൂടണം. തന്നെത്താൻ മുഖക്ഷൗരം നിർവ്വഹിക്കാൻ പഠിക്കുന്ന ആളിനു് ക്ഷുരകനെ കാത്തിരുന്നു മുഷിയേണ്ട. അവൻ സമയത്തിനു് വന്നുചേൎന്നാലും

അവൻെറ ശരീരത്തോടു അടുക്കുമ്പോഴുള്ള ദുർഗ്ഗന്ധം, നഖം മുറിച്ചു ശരിപ്പെടുത്താത്ത വിരലുകൾ, നല്ല മൂർച്ചയില്ലാത്തകത്തി എന്നിവയുടെ സാഹചര്യത്തിൽ നാം വിഷമിക്കേണ്ടതായിവരും. ഈ വിചാരങ്ങളും അഭിപ്രായങ്ങളും നിമിത്തമാണ് ഞാൻ ഇതിനുമുമ്പുള്ള ഏതാനും പുറങ്ങളിൽ ഒരു നഗരം ശുചിപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ചില സൂചനകൾ നൽകിയതു്, വിശേഷിച്ചു ഞാൻ അനവധിനാൾ പാർത്തുവന്ന ഒരു നഗരം അഥവാ നമ്മുടെ അമ്മേരിക്കയിലെ ചില നഗരങ്ങൾ.

ചില ആഫീസ്സുകളിലുള്ള ജോലികളും കണക്കുകളുമെല്ലാം ശരിപ്പെടുത്തുന്നതിലേയ്ക്കു് പോസ്ററുമാസ്റ്റർജനറൽ എന്നെ നിയമിച്ച വിവരം പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹത്തിൻെറ മരണശേഷം മി: വില്യം ഹണിർ എന്നയാളുമൊത്തു് ഇവിടത്തെ പോസ്ററുമാസ്റ്റർ ജനറൽ എന്ന ഉദ്യോഗം നിർവ്വഹിക്കണമെന്നു് ഇംഗ്ലീഷിൽ പോസ്റ്റർ സർവ്വാധിപൻെറ നിർദ്ദേശം ഉണ്ടായി. അമേരിക്കൻ പോസ്റ്റാഫീസ്സു് അതേവരെ ബ്രിട്ടനു് യാതൊരുവിധത്തിലും ആദായകരമായിത്തീർന്നിരുന്നില്ല. ജോലി ശരിക്കു നടത്തി ആദായമുണ്ടാക്കാൻ കഴിയുമെങ്കിൽ ആദായത്തിൽനിന്നു 600 പവൻ ഞങ്ങൾക്കു പ്രതിഫലമായെടുക്കാനനുവാദമുണ്ടായിരുന്നു. ഇതിലേയ്ക്കുതന്നേയും പല ഇനങ്ങളിലുമായി ചില അഭിവൃദ്ധിമാർഗ്ഗങ്ങളൊക്കെ നടപ്പാക്കേണ്ടിയിരുന്നു. ആ മാർഗ്ഗങ്ങളോ, പണച്ചെലവുകൂടാതെ സാദ്ധ്യവുമല്ല. ഇങ്ങനെ ആദ്യത്തെ നാലുവർഷത്തിൽ ആഫീസ്സുവക കാര്യങ്ങൾ സൂക്ഷ്മമായി പര്യവേക്ഷണംനടത്തിയപ്പോൾ ആഫീസ്സിൽനിന്നു ഞങ്ങൾക്കു തൊള്ളായിരംപവൻെറ കടം പിരിഞ്ഞുകിട്ടാനുണ്ടായി. അതു അധികം താമസിയാതെ വീട്ടിക്കൊൾവാനുള്ള മാർഗ്ഗങ്ങളും ഉണ്ടായി. ഐർലണ്ടിലെ പോസ്റ്റാഫീസ്സുമുഖേന കിട്ടുന്നതിലും മൂന്നുഗുണം റവന്യൂ ഇംഗ്ലണ്ടിലേയ്ക്കു ഇതുകൊണ്ടു കിട്ടി. പക്ഷേ അപ്പോഴേയ്ക്കും മന്ത്രിമാർ എന്തോ കിറുക്കുകൊണ്ടു എന്നെ പിരിച്ചുകളഞ്ഞു. അതിനെപ്പററി പറഞ്ഞുകൊള്ളാം. അത്തരം ബുദ്ധിശൂന്യമായ ഇടപാടുകൊണ്ടു് അവർക്കു് ഒരൊററ ഫാർത്തിങ്ങെങ്കിലും ലാഭത്തിലായോ? അതുമില്ല.

ഈ പോസ്റ്റാഫീസ്സുകാര്യങ്ങൾസംബന്ധിച്ചു് ഈ വർഷത്തിൽ എനിക്കു് 'ന്യൂഇംഗ്ലണ്ടു്' എന്ന സ്ഥലത്തേയ്ക്കു് പോകേണ്ടതായി വന്നു. അവിടത്തെ കേംബ്രിഡ്ജ്കാളേജുകാർ സ്വമേധയാ എനിക്കു് 'മാസ്റ്റർ അഫ് ആർട്ടു്' (എം. എ.) എന്ന ബിരുദം നൽകി. "കണക്ററിക്കട്ടിലെ" "എയിൽ" കാളേജുകാർ ഇതു

പോലുള്ള ഒരു ബഹുമതി എനിക്ക് ഇതിനുമുമ്പ് നൽകുകയുണ്ടായിട്ടുണ്ട്. ഇങ്ങനെ ജീവിതത്തിൽ യാതൊരു കോളേജിലും പഠിത്തത്തിനു പോയിട്ടില്ലാത്ത എനിക്ക് ഇത്തരം ഒരു ബഹുമാനം സിദ്ധിച്ചു. പ്രകൃതിതത്വശാസ്ത്രം സംബന്ധിച്ച് വൈദ്യുതശാഖാപരമായി എന്റെ ചില കണ്ടുപിടിത്തങ്ങൾ ആസ്പദമാക്കിയായിരുന്നു ഈ ബഹുമതി നൽകപ്പെട്ടതു്.

1754–ൽ ഫ്രാൻസുമായുള്ള യുദ്ധം ശങ്കിക്കേണ്ടതായി വന്നുകൂടി. വ്യാപാരശാഖാധിനാഥനായ പ്രഭുവിന്റെ ഉത്തരവനുസരിച്ച് പല അധിനിവേശസ്ഥാനങ്ങളിലേയും കമ്മിഷണറന്മാരുടെ ഒരു കാൺഗ്രസ്സ് ആൽബനിയിൽവച്ചു കൂടാൻ നിശ്ചയിച്ചു. കമ്മിഷണർമാരും ആറു രാഷ്ട്രങ്ങളുടെ പ്രധാനികളുമായി കൂടിയാലോചിച്ച് അവരുടേയും ഞങ്ങളുടേയും സംസ്ഥാനങ്ങളെ പരിരക്ഷിക്കുവാനുള്ള പദ്ധതികൾ ആസൂത്രണംചെയ്യപ്പെടേണ്ടിയിരുന്നു. ഇതിലേയ്ക്കുള്ള ഉത്തരവ് ഗവർണ്ണർഹാമിൽട്ടൺ വാങ്ങി ആ വിവരം അസംബ്ളിയെ അറിയിച്ചു. അതോടുകൂടി ഒരു അപേക്ഷയും ഉണ്ടായിരുന്നു. ഇൻഡ്യന്മാർക്ക് അസംബ്ളിഅംഗങ്ങൾ ശരിയായ ചില സമ്മാനങ്ങളൊക്കെ നൽകണമെന്നും സ്പീക്കറായ നോറിസ്സിനെയും എന്നേയും മി: തോമസ്പെൻ, സെക്രട്ടറിയായ പീറേറഴ്സ് എന്നിവരേയും ഇങ്ങനെ നാലാളുകൾ പെൻസിൽവാനിയായിലെ കമ്മിഷണറന്മാരായിരിക്കണമെന്നും നിർദ്ദേശങ്ങൾ ഉണ്ടായി. അസംബ്ളി ഈ നിർദ്ദേശങ്ങൾ അംഗീകരിച്ചു. സമ്മാനങ്ങൾ എന്ന ഇനത്തിൽ വേണ്ട സാധനങ്ങളും നീക്കിവച്ചു. സംസ്ഥാനങ്ങളിൽനിന്നും വേണ്ടവിധം പെരുമാറുന്നതിനു് അവക്കു ഇഷ്ടമുണ്ടായിരുന്നില്ല എങ്കിലും ജൂൺമാസത്തിന്റെ മദ്ധ്യത്തോടുകൂടി ഞങ്ങൾ ആൽബനിയിൽവച്ച് മററുള്ള കമ്മിഷണറന്മാരെ കാണുകയുണ്ടായി.

അങ്ങോട്ടുള്ള യാത്രയ്ക്കിടയ്ക്കു് ഞാൻ എല്ലാ അധിനിവേശസ്ഥലങ്ങളും ഒരൊററ ഭരണകൂടത്തിന്റെ കീഴ വരുതിയിൽനിന്നു സ്വയംരക്ഷകത്വം നിർവ്വഹിക്കുവാനും അതുപോലുള്ള മററു പ്രാധാന്യമേറിയ കാര്യങ്ങൾ നടത്തുവാനും ഒരു പദ്ധതി ആലോചിച്ചു നിശ്ചയിച്ചു. ഞങ്ങൾ ന്യൂയോക്കിലൂടെ പോവുകയായിരുന്നതിനാൽ ഞാൻ ഈ ആസൂത്രണം മി: ജെയിംസ് അലക്സാണ്ഡരേയും അദ്ദേഹത്തെപ്പോലെതന്നെ പൊതുക്കാര്യങ്ങളിൽ വേണ്ട വിജ്ഞാനം സമ്പാദിച്ചിട്ടുള്ള മി: കെൻഡീയേയും കാണിക്കുകയും അവരുടെ അംഗീകാരത്താൽ ഭദ്രമാക്കി ഈ ആസൂത്രണം കാൺഗ്രസ്സിന്റെ മുമ്പിൽ സമപ്പിക്കുകയും ചെയ്തു. മററു ചില കമ്മിഷണ

റന്മാരും ഇതേവിധം ചില ആസൂത്രണങ്ങൾ അവിടെ തയ്യാറാക്കിയിട്ടുണ്ടായിരുന്നു. ആദ്യം മറെറാരുപ്രശ്നം എടുക്കപ്പെട്ടു. അതായത് 'ഒരു യൂണിയൻ' സ്ഥാപിക്കപ്പെടണമോ എന്നുള്ളതു്. അതു വേണമെന്നുതന്നെ ഏകകണ്ഠമായി പാസ്സാക്കപ്പെട്ടു. പിന്നെ ഓരോ അധിനിവേശസ്ഥാനത്തുനിന്നും ഓരോ അംഗം എന്നനിലയിൽ ഒരു കമ്മിററി രൂപീകരിച്ചു. പല ആസൂത്രണങ്ങളെപ്പററി കൂടിയാലോചിക്കുവാനും അതേപ്പററി റിപ്പോർട്ടുചെയ്യുവാനുമായിരുന്നു, ഈ കമ്മിററി. ഇക്കൂട്ടത്തിൽ ഞാൻ സമർപ്പിച്ച പ്ലാനിനു് പ്രത്യേകാംഗീകാരം സിദ്ധിക്കുകയും അല്പംചില ഭേദഗതികളോടുകൂടി അതു് പാസ്സാക്കപ്പെടുകയും ചെയ്തു.

ഈ പ്ലാൻ അനുസരിച്ചു് പൊതുഗവൺമെൻറിനെ ഭരിക്കേണ്ടതു് ഒരു പ്രസിഡൻറു ജനറൽ ആയിരുന്നു. ഇദ്ദേഹത്തെ രാജാവുതന്നെയാണു് നിയമിച്ചുപോന്നതും പുലത്തിപ്പോന്നതും. പല കോളണികളിലേയും ജനങ്ങളുടെ പ്രതിനിധികളായി അംഗങ്ങളുള്ള ഒരു വലിയ കൗൺസിൽ തെരഞ്ഞെടുക്കപ്പെട്ടു. ഈ കൗൺസിലംഗങ്ങൾ അവരുടെ അസംബ്ലികളിൽ സമ്മേളിച്ചു. അതിന്മേലുള്ള വാദപ്രതിവാദം ദിവസവും കാൺഗ്രസ്സിൽ എത്തിക്കൊണ്ടിരുന്നു. ഇതു് ഇൻഡ്യന്മാരെപ്പററിയുള്ള കാര്യവിചാരത്തോടൊപ്പം പൊയ്ക്കൊണ്ടിരുന്നു. പല തടസ്സങ്ങളും വിഷമങ്ങളും ആദ്യമേ ഉന്നയിക്കപ്പെട്ടു. ഒടുവിൽ അവയെ എല്ലാം ഒരുവിധം തരണംചെയ്കയുണ്ടായി. ആസൂത്രണം ഐകകണ്ഠ്യേനതന്നെ സ്വീകരിക്കപ്പെട്ടു. പല സംസ്ഥാനങ്ങളിലേയും അസംബ്ലികൾക്കും വ്യാപാരസംഘങ്ങൾക്കും ഈ ആസൂത്രണത്തെ വിവരിച്ചു മനസ്സിലാക്കിക്കൊടുക്കുവാൻ വേണ്ട കോപ്പികളും തയ്യാറാക്കപ്പെട്ടു. അതിൻെറ ഫലാനുഭവം ആശ്ചര്യകരമായിരുന്നു. അസംബ്ലികൾ അതു് ഏറെറടുക്കുകയുണ്ടായില്ല. പല അധികാരാവകാശങ്ങളും വിട്ടുകൊടുക്കേണ്ടിവരുമെന്നു സഭാംഗങ്ങൾ ആക്ഷേപിച്ചു. ഇംഗ്ലണ്ടിലാകട്ടെ, അതു് കുറേക്കൂടുതൽ ജനപ്രാതിനിധ്യപ്രധാനമായി ഗണിക്കപ്പെട്ടുപോന്നു. വ്യാപാരസംഘം (ബോഡ് അഫ് ട്രെയിഡ്) അതിനെ അക്കാര്യത്താൽ അംഗീകരിക്കുകയുണ്ടായില്ല. ചക്രവത്തിയുടെ അംഗീകാരത്തിനു് ശുപാർശചെയ്കയും ഉണ്ടായില്ല. ഇക്കാര്യംതന്നെ കുറേക്കൂടെ ഭംഗിയായി നിർവഹിക്കുവാനെന്നപേരിൽ മറെറാരു പദ്ധതിയാണു് രൂപീകരിക്കപ്പെട്ടതു്. ഈ പദ്ധതിയനുസരിച്ചു് സംസ്ഥാനങ്ങളിലെ ഗവർണ്ണർമാർ അവരിൽ ഓരോരുത്തരുടേയും കൗൺസിലിലെ മെമ്പറന്മാരോടുകൂടി സമ്മേളിച്ചു് സൈന്യശേഖരംചെയ്യുക, കോട്ടകൾ കെട്ടുക മുത

ലായ കൃത്യങ്ങൾ നിവ്വഹിക്കണം. ഇതിലേയ്ക്കുള്ള ചെലവുകൾക്കായി തല്ക്കാലം ഗ്രേറ്റുബ്രിട്ടനിലെ പണം എടുക്കുകയും, പിന്നീട് അമേരിക്കയുടെമേൽ ഒരു കരം പാർലമെൻറുമുഖേന ചുമത്തി ആ പണം വീണ്ടുകൊള്ളുകയും ചെയ്യാമെന്നും നിശ്ചയിച്ചു. അതിനെ പിൻതാങ്ങുവാനുള്ള കാരണങ്ങൾ വിശദീകരിക്കുന്ന എൻെറ ആസൂത്രണം എൻെറ രാജ്യകാൎയ്യപരങ്ങളായ എഴുത്തുകുത്തുശേഖരത്തിൽ കാണാം.

അടുത്ത മഞ്ഞുകാലം ബോസ്റ്റണിലായിരുന്നു ഞാൻ വസിച്ചതു്. അപ്പോൾ ഈ രണ്ടു പദ്ധതികളെപ്പററിയും ഗവൺർ ഷേർളിയോടു് എനിക്കു സംസാരിക്കുവാൻ സൗകൎയ്യം കിട്ടി. ആ സന്ദർഭത്തിൽ ഞങ്ങൾ തമ്മിൽ നടത്തിയ സംഭാഷണവും മുൻപറഞ്ഞ എഴുത്തുകുത്തുകളുടെക്കൂട്ടത്തിൽ കാണാവുന്നതാണു്. എൻെറ പദ്ധതിക്കു് എതിരായിക്കൊണ്ടുവന്ന വാദങ്ങളുടെ സ്വഭാവം നോക്കുമ്പോൾ ആ പദ്ധതിതന്നേയാണു് രണ്ടുകൂട്ടരുടേയും ക്ഷേമത്തിനുതകുന്ന മദ്ധ്യമമാൎഗ്ഗം എന്നു ഞാൻ കരുതുന്നു. അതു സ്വീകരിക്കപ്പെട്ടിരുന്നുവെങ്കിൽ ഇരുകൂട്ടൎക്കും സന്തോഷകരമായിരിക്കും. അപ്രകാരം കോളണികൾ ഏകോപിച്ചുനിൽക്കുന്നപക്ഷം സ്വയം പ്രതിരോധത്തിനു് തക്കവിധം ശക്തങ്ങളായി ഭവിക്കുമായിരുന്നു. അങ്ങനെയാകുന്നപക്ഷം ഇംഗ്ലണ്ടിൽനിന്നു വേറെ സൈന്യങ്ങൾ ആനയിക്കേണ്ടിവരില്ല. തന്മൂലം അമേരിക്കയിൽ പുതിയ കരം ഏൎപ്പെടുത്തുകയെന്ന ആവശ്യം നേരിടുകയുമില്ല. അതുനിമിത്തമുണ്ടാകുന്ന രക്തപങ്കിലമായ സമരം ഒഴിവാക്കുകയും ചെയ്യാമായിരുന്നു. എന്നാൽ അത്തരം അബദ്ധങ്ങൾ പുതിയവയല്ല; ചരിത്രമെന്നതു് രാജ്യങ്ങളുടേയും രാജാക്കന്മാരുടേയും അബദ്ധച്ചെയ്തികളാലല്ലേ നിറഞ്ഞിരിക്കുന്നതു്!

“ജനാധിവാസസ്ഥല,മീജഗത്തൊ-
ന്നെങ്ങുംതിരിഞ്ഞീടുക, മാനുഷന്മാർ
തൻനന്മയെക്കണ്ടറിവോർ ചുരുക്കം;–
മല്ലോ,ലറിഞ്ഞിട്ടതുപോലെചെയ്യോർ”

ഭരണകൃത്യത്തിൽ ഏൎപ്പെട്ടുന്നവർ തങ്ങൾക്കു് നിരവധികൃത്യങ്ങളനുഷ്ഠിക്കാനുള്ളതുനിമിത്തം, പുതിയ പദ്ധതികൾ അംഗീകരിക്കാനും പ്രവൎത്തനത്തിൽ എത്തിക്കുവാനും വേണ്ട ആലോചനകൾ നടത്തുവാൻ അത്രവളരെ ഇഷ്ടപ്പെടുന്നില്ല. അതിനാൽ ഏററവും പ്രയോജനകരങ്ങളായ പൊതുകാൎയ്യങ്ങൾ വിവേകത്താൽ എന്നതി

നേക്കാഠം സന്ദർഭങ്ങളുടെ നിർബന്ധത്താലാകുന്നു സ്വീകരിക്കപ്പെട്ടുന്നതു്.

പെൻസൽവേനിയായിലെ ഗവർണ്ണർ അസംബ്ളിക്കു എൻെറ പുതിയ പദ്ധതിനിർദ്ദേശങ്ങഠം അയച്ചു് അതിൻെറ അംഗീകാരയോഗ്യത വിശദമാക്കി. "വേണ്ട സൂക്ഷ്മബുദ്ധിയോടും, ന്യായബോധത്തോടുംകൂടെ ആസൂത്രണംചെയ്യപ്പെട്ട ഈ പദ്ധതി, അസംബ്ളിഅംഗങ്ങളുടെ സൂക്ഷ്മമേറിയതും ഗൗരവമുള്ളതുമായ ശ്രദ്ധയ്ക്കു് അയച്ചുകൊള്ളുന്നു" എന്നു രേഖപ്പെടുത്തി. എന്നാൽ ഞാൻ ഇല്ലാതിരുന്ന ഒരു സന്ദർഭത്തിലായിരുന്നു ഒരു പ്രത്യേകമെമ്പറുടെ നിർബന്ധത്താൽ ഈ പദ്ധതി ആലോചനയ്ക്കെടുക്കുകയും യാതൊരു ശ്രദ്ധയും താല്പര്യവുംകൂടാതെ നിശ്ശേഷം അവഗണിക്കുകയും ചെയ്തതു്. ഇതു് എനിക്കു് വളരെ കുണ്ഠിതത്തിനു കാരണമാക്കി.

ഈ വർഷത്തിൽ ഞാൻ ബോസ്റ്റണിലേയ്ക്കു് പോകുന്ന യാത്രയ്ക്കിടയ്ക്കു് ന്യൂയോക്കിൽവച്ചു് അവിടെ അപ്പോഠം ഇംഗ്ലണ്ടിൽനിന്നു വന്നുചേന്ന പുതിയ ഗവർണ്ണരായ മി: മോറിസ്സിനെകണ്ടു. എനിക്കു് അദ്ദേഹത്തെ മുമ്പുതന്നെ അറിയാമായിരുന്നു. ഞങ്ങഠം തമ്മിൽ സ്നേഹിതന്മാരും ആയിരുന്നു. അദ്ദേഹം ഹാമിൽട്ടൻെറ സ്ഥാനം വഹിക്കാനുള്ള അധികാരത്തോടുകൂടിയാണു് വന്നുചേന്നതു്. ഹാമിൽട്ടൻ വാദപ്രതിവാദങ്ങളാലും വഴക്കുകളാലും വിഷമിച്ചു് ഉദ്യോഗം രാജിവയ്ക്കുകയുണ്ടായി. ഏററവും അസുഖകരമായ ഒരു ഭരണത്തിലേയ്ക്കായിരിക്കുമോ താൻ പോകുന്നതെന്നു് മി: മോറിസു് എന്നോടു ചോദിച്ചു. ഇതിനു് ഞാൻ ഇങ്ങനെ മറുപടി പറഞ്ഞു:—"ഹെയ്; അല്ല അസുഖകരമല്ല; നേരേമറിച്ചു് സുഖകരമായ ഒരു ഭരണത്തിലേയ്ക്കായിരിക്കും. എന്നാൽ ഒരു കാര്യം മാത്രം; അസംബ്ളിയുമായിട്ടു് യാതൊരു വഴക്കിനും പോകരുതു് എന്നുമാത്രം." ഇതുകേട്ടു് മി: മോറിസു് പറഞ്ഞു:—

"പ്രിയസ്നേഹിതാ, ഞാൻ വഴക്കിനൊന്നും പോകാതിരിക്കണമെന്നു നിങ്ങഠം എന്നോടുപദേശിക്കുകയാണോ? എനിക്കു വഴക്കുകളാണു് ഇഷ്ടമെന്നു നിങ്ങഠംക്കു് അറിയാമല്ലോ. എനിക്കു് ഏററവും സന്തോഷകരമായ ഒരു കാര്യമാണു് വഴക്കെന്നുള്ളതു് തന്നെ. എന്നാൽ താങ്കളുടെ ഉപദേശം ആദരിച്ചു് ഇതാ ഞാൻ വാഗ്ദത്തംചെയ്യാം, താങ്കഠം പറഞ്ഞതുപോലെ ഇരുന്നുകൊള്ളാമെന്നു്."

അദ്ദേഹം വഴക്കു് ഇഷ്ടപ്പെട്ടുന്നയാളാണെന്നു് പറഞ്ഞതിൽ അത്ഥമില്ലാതില്ല. മി: മോറിസു് ഒരു വാഗ്മിയും, തത്വതക്ശാസ്ത്ര

ങ്ങളിൽ നിഷ്ണാതനും ആയ ആളാകയാൽ വാദപ്രതിവാദപരങ്ങളായ സംഭാഷണങ്ങളിൽ വിജയംനേടുവാൻ ബഹുസമർത്ഥനായിരുന്നു. കേവലം ഒരു കുട്ടിയായിരുന്ന കാലത്തുതന്നെ ഇങ്ങനെയുള്ള വാദ പ്രതിവാദപരിചയം അദ്ദേഹത്തിനു് വീട്ടിൽവച്ചേ സിദ്ധിച്ചിരുന്നു. ഊണുകഴിഞ്ഞു് വിശ്രമിക്കുന്നസന്ദർഭങ്ങളിൽ മോറിസ്സിൻെറ പിതാവു് പുത്രരെവിളിച്ചു് വാദപ്രതിവാദംനടത്തിച്ചു രസിക്കാറുണ്ടായിരുന്നുവെന്നു് ഞാൻ കേട്ടിട്ടുണ്ടു്. ഈ ഒരഭ്യാസം അത്രനന്നായിരുന്നുവെന്നു എനിക്കു തോന്നുന്നില്ല. വാദത്തിനും പ്രതിവാദത്തിനും വഴക്കിനും തയ്യാറാകുന്നവൎക്കു് ജീവിതത്തിൽ അത്രവളരെ വിജയം സിദ്ധിച്ചുകാണാറില്ല. അവൎക്കു് ചിലപ്പോൾ വിജയം സിദ്ധിച്ചാലും പൊതുവേ അവർ ബഹുമാനിക്കപ്പെട്ടുന്നില്ല. ഏതായാലും അദ്ദേഹം ഫിലഡൽഫിയായിലേയ്ക്കു പോകുകയായിരുന്നു. ഞങ്ങൾ തമ്മിൽ പിരിഞ്ഞു.

തിരിയെവരുംവഴി അദ്ദേഹത്തെ ന്യൂയോക്കിൽവച്ചു് ഞാൻ കണ്ടു. അദ്ദേഹവും അസംബ്ലിയുമായി വലിയ വഴക്കിലായിരുന്നുവെന്നും എന്നോടു വാദാനംചെയ്തിരുന്നതിനു് വിപരീതമായി അദ്ദേഹം ഏല്പിച്ച വഴക്കുകൾവൎദ്ധിച്ചു് അദ്ദേഹത്തിൻെറ ഭരണകാലത്തത്രയും നിരന്തരമായ വാക്സമരംതന്നെയായിരുന്നുവെന്നും എനിക്കു് മനസ്സിലായി. ഈ വഴക്കുകൾ ചിലതിൽ ഞാനും ഉൾപ്പെടേണ്ടതായിവന്നിട്ടുണ്ടു്. എന്തെന്നാൽ, ഞാൻ അസംബ്ലിയിൽ തിരിയെ ചെന്നുചേൎന്നപ്പോൾ, ഗവൎണ്ണരുടെ പ്രസംഗങ്ങൾക്കും സന്ദേശങ്ങൾക്കും ഉത്തരംവറയുവാൻഏല്പിച്ച കമ്മിററികളിൽ എനിക്കും അംഗത്വം സിദ്ധിച്ചിരുന്നു. കമ്മിററികളായിരുന്നു മറുപടിനക്കലുകൾ തയാറാക്കിക്കൊണ്ടിരുന്നതു്. ഗവൎണ്ണരുടെ അഭിപ്രായങ്ങളും കമ്മിററിയുടെ മറുപടികളും എപ്പോഴും കലഹത്തിൽ ത്തന്നെയാണു് കലാശിച്ചിരുന്നതു. ചിലപ്പോൾ അവ സഭ്യം എന്ന നിലയെ അതിലംഘിച്ചിരുന്നില്ലേഎന്നും സംശയിക്കേണ്ടതുണ്ടു്. കമ്മിററിയിലെ അംഗമെന്നനിലയിൽ ഞാൻ എഴുതിയിരുന്നതു് നോക്കിയാൽ ഞങ്ങൾതമ്മിൽ കാണുമ്പോൾ കൊലപാതകംതന്നെ നടക്കയില്ലേ എന്നു തോന്നും. എന്നാൽ എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഇക്കാൎയ്യംസംബന്ധിച്ചു ഉണ്ടായിരുന്നാലും അദ്ദേഹം ഒരു നല്ലയാളായിരുന്നു. ഞങ്ങൾ പലപ്പോഴും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാറുമുണ്ടു്.

ഇങ്ങനെ പൊതുക്കാൎയ്യംസംബന്ധിച്ചു ഗവൎണ്ണരുമായി എഴുത്തുകുത്തുകളിൽ കലഹിച്ചുകൊണ്ടിരുന്നകാലത്തു്, ഒരിക്കൽ അദ്ദേഹവും ഞാനും തെരുവിൽ ഒരിടത്തുവച്ചു സന്ധിക്കുകയുണ്ടായി.

ഗവണ്ണർ പറഞ്ഞു:—"ഫ്രാൻക്ലിൻ, ഇന്നു നമുക്കു് വീട്ടിലേയ്ക്കു പോകാം. നിങ്ങൾക്കു ഇഷ്ടപ്പെടുന്ന കൂട്ടുകാർ അവിടെയുണ്ടാകും." ഈ വാക്കുകളോടെ അദ്ദേഹം എന്നെ കൈക്കുപിടിച്ചുകൊണ്ടു് ഭവനത്തിലേയ്ക്കുപോയി. അവിടെച്ചെന്നു ഉല്ലാസഭരിതമായ ഒരു പാനീയത്തിനുശേഷം, ഭക്ഷണംകഴിഞ്ഞു് സാങ്കോപാൻസായെന്ന ആളിനെ വളരെ വിലമതിക്കുന്നുവെന്നും കാരണം അയാൾക്കു് ഒരു ഭരണാധിപത്യം കൊടുക്കാമെന്നുവച്ചപ്പോൾ ആ ഭരണകൂടത്തിൽ കറുത്ത മനുഷ്യർമാത്രം ആയിരുന്നാൽമതി എന്നു പറഞ്ഞുവല്ലോ എന്നും ഉള്ള വസ്തുത ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. അങ്ങനെ കറുത്തവരെ അയാൾ ആവശ്യപ്പെടുവാൻ കാരണം, അയാൾക്കു് ഭരണാധിപൻ എന്ന നിലയിൽ അവരോടു യോജിച്ചുപോകാൻ സാധിക്കാത്തപക്ഷം അവരെ വില്ക്കാമല്ലോ എന്നതായിരുന്നു. എൻെറ അടുത്തിരുന്ന ഒരു സ്നേഹിതൻ ഇതു കേട്ടു്, "ഫ്രാൻക്ലിൻ, നിങ്ങൾ ഈ നശിച്ച കപ്പാക്കറന്മാരുമായി വശംചേൎന്നുനില്ക്കുന്നതു് എന്തിനാണു്?" എന്നു എന്നോടു ചോദിച്ചു. "അവരെ നിങ്ങൾക്കു് വില്ക്കരുതോ? മുതലാളിമാർ നിങ്ങൾക്കു് നല്ല വിലതരുമായിരുന്നല്ലോ" എന്നുംകൂടെ ആ സ്നേഹിതൻ പറകയുണ്ടായി. ഇതു കേട്ടു ഞാൻ പറഞ്ഞു:—"ഗവണ്ണർ അവരെ വേണ്ടുവോളം കറുപ്പിച്ചിട്ടില്ലല്ലോ" എന്നു്. വാസ്തവത്തിൽ അസംബ്ളിയുടെ മുഖത്തു് പാടുള്ളിടത്തോളം കരിതേയ്ക്കുവാൻ അദ്ദേഹം ശ്രമിച്ചു. എന്നാൽ അസംബ്ളിയംഗങ്ങളാകട്ടെ ആ കറുപ്പൊക്കെ തുടച്ചശേഷം, കുറേക്കൂടെ കട്ടിയുള്ള കറുപ്പു് അദ്ദേഹത്തിൻെറ മുഖത്തുതന്നെ അടിച്ചുകൊടുത്തു. ഇങ്ങനെയായപ്പോൾ അദ്ദേഹം ഒരു നീഗ്രൊ (കറുത്ത മനുഷ്യൻ) ആയിപ്പോകുമോ എന്നു് ഭയന്നു് ഹാമിൽട്ടനെപ്പോലെ ആ മത്സരയുദ്ധംവിട്ടു പിന്മാറി ഭരണത്തിൽനിന്നും ഒഴിഞ്ഞുകളയുകയാണുണ്ടായതു്.

ഈ പൊതുക്കാൎയ്യകലഹങ്ങളുടെയെല്ലാം അടിയിൽ ഒരു സംഗതി ഒളിച്ചിരിപ്പുണ്ടു്. രാജ്യരക്ഷയ്ക്കു പണം വേണ്ടിവരുമ്പോൾ ഞങ്ങളുടെ ഭരണാധികാരികൾ നികുതിചുമത്താൻ പുറപ്പെടും. പക്ഷേ തങ്ങളുടെ എസ്റ്റേറ്റുകളെ നികുതിയിൽനിന്നു ഒഴിവാക്കണമെന്നു അവർ ഗവണ്ണരോടു പറയുകയുംചെയ്യും. അത്രയും നീചസ്വഭാവമുള്ളവരായിരുന്നു നിലമുടമകൾ. ഇതിനെ അസംബ്ളിയംഗങ്ങൾ എതിൎക്കും—ഇതാണു് മത്സരത്തിനുകാരണം. ഈ ആഗ്രഹം അനുസരിച്ചുതന്നെ പ്രവൎത്തിച്ചുകൊള്ളാമെന്നു അയയ്ക്കപ്പെടുന്ന ഗവണ്ണർമാരിൽനിന്നു ആ മുതലാളിമാർ പ്രത്യേകപ്രതിജ്ഞകളും വാങ്ങാറുണ്ടായിരുന്നു ഈ ന്യായരഹിതമായ ഏൎപ്പാടിന്നു വിരുദ്ധമായിനില്ക്കുവാൻ അസംബ്ളി മൂന്നുവർഷം ശ്രമിച്ചു.

ഒട്ടക്കം വഴങ്ങി. പിന്നെ മോറിസ്സിൻെറ അനന്തരഗാമിയായ ക്യാപ്റ്റൻ ഡെന്നി, ഇക്കൂട്ടരുടെ ആഗ്രഹങ്ങൾക്ക് നേരേഎതിരിൽ നിന്നു. അക്കഥകൾ വഴിയേ.

ഞാൻ സംഭവങ്ങൾ വൎണ്ണിച്ച് കുറച്ചധികം മുന്നോട്ടുപോയി. ഗവർണർമോറിസ്സിൻെറ ഭരണകാലത്തെ ചില ഇടപാടുകളെപ്പററി ചിലതൊക്കെ പ്രസ്താവിക്കാനുണ്ട്.

അക്കാലത്ത് ഫ്രാൻസുമായി യുദ്ധം ആരംഭിച്ച് മെസാച്യുസെററ്—ഗവമ്മെൻറ്, ക്രൗൺപോയിൻറിൽ ഒരു ആക്രമണത്തിനുള്ള ആസൂത്രണം നിർവഹിക്കുകയായി. അതനുസരിച്ച് മി: ക്വിൻസിയെ പെൻസിൽവേനിയായിലേയ്ക്ക് അയച്ചു അനന്തരകാലത്ത് പോണാളിലെ ഗവർണരായ മി: പോണാളിനെ സഹായാഭ്യൎത്ഥനയ്ക്കായി ന്യൂയോൎക്കിലേയ്ക്കും അയച്ചു. ഞാൻ അസംബ്ളിയിൽ ഉണ്ടായിരുന്നതുകൊണ്ടും മി. ക്വിൻസിയുടെ സ്വന്തദേശക്കാരനാകയാലും അദ്ദേഹം എൻെറ സ്വാധീനശക്തിയും സഹായവും ഉണ്ടായിരിക്കണമെന്ന് അഭ്യൎത്ഥിച്ചു. ഞാൻ അദ്ദേഹത്തിൻെറ അൎത്ഥനകളെ ജനങ്ങളെ അറിയിച്ചു. അതു ജനസഞ്ചയത്തിനു ബോദ്ധ്യമാവുകയുംചെയ്തു. അസംബ്ളി അംഗങ്ങൾ പതിനായിരംപവൻെറ ഒരുതുക വോട്ടനുസരിച്ച് അനുവദിച്ചു. ഇവ യുദ്ധസാമഗ്രികൾ വാങ്ങുന്നതിലേയ്ക്കായിരുന്നു. എന്നാൽ അവരുടെ ഈ ബില്ലിൻെറ അംഗീകാരവും രാജാധികാരത്തിനുവേണ്ടിയുള്ള മററു ചില ബില്ലുകൾ ഉൾപ്പെടത്തിയുള്ള അംഗീകരണവും ഗവർണർ നിഷേധിച്ചു. കാരണം, ആവശ്യപ്പെട്ടേക്കാവുന്നതുകയ്ക്കുള്ളകരം ചുമത്തലിൽനിന്ന് മുതലാളിമാരുടെ തോട്ടങ്ങളെ ഒഴിവാക്കണമെന്നുള്ളതായിരുന്നു. എന്നാൽ അസംബ്ളി ന്യൂഇംഗ്ലണ്ടിനു ഗ്രാൻറ് അനുവദിക്കുവാൻ ആഗ്രഹിച്ചുവെങ്കിലും അതു ഏതുവിധത്തിലാണ് നിർവഹിക്കേണ്ടത് എന്നറിയാതെ കുഴങ്ങി ഗവർണരുടെ അനുവാദംകിട്ടുവാൻ ക്വിൻസി വളരെ ശ്രമങ്ങൾനടത്തി. എന്നാൽ ഗവർണരുടെ നിർബ്ബന്ധം അത്രകലശലായിരുന്നു.

ഈ നിലയിൽ ഗവർണരെക്കൂടാതെ കാൎയ്യനിൎവ്വഹണത്തിന് ഒരു പദ്ധതിനിർദ്ദേശിച്ചു. ലൂണ—ആഫീസ്സിലെ വിശ്വസ്താംഗങ്ങളുടെ ആജ്ഞയനുസരിച്ച് അസംബ്ളിക്കു തുക കൈവശപ്പെടുത്താവുന്നതാണല്ലോ. എന്നാൽ ആഫീസ്സിൽ അപ്പോൾ യഥാൎത്ഥത്തിൽ വലുതോ ചെറുതോ ആയ യാതൊരുതുകയും ഇല്ലായിരുന്നു. അതിനാൽ പണം ഈടാകുന്നതിനുള്ള ആജ്ഞാപനം ആണ്ടിനാൽ സഫലീകരിച്ചാൽ അതിലേയ്ക്ക് അഞ്ചുശതമാനം

പലിശ അനുവദിക്കപ്പെടേണ്ടതായും ഇരുന്നു. ഈ പണം ഈടാക്കുന്നതിനുള്ള ആജ്ഞാപനംകൊണ്ടു് വേണ്ട സാധനസാമഗ്രികൾ സാധിക്കുമായിരുന്നു. അസംബ്ളി യാതൊരുമടിയുംകൂടാതെ ആ നിർദ്ദേശം സ്വീകരിക്കുകയുണ്ടായി. അതനുസരിച്ചു് പണം കൈവശമാക്കുന്നതിനുള്ള ആജ്ഞാപനങ്ങൾ പെട്ടെന്നു മുദ്രണം ചെയ്യപ്പെട്ടു. അവയെ ഒപ്പിട്ടു് അയച്ചുകൊടുക്കുന്ന കമ്മിററിയിൽ ഞാനും ഒരംഗമായിരുന്നു. അവക്കു കൊടുക്കുവാനുള്ള പണം സംസ്ഥാനത്തിലൊട്ടുക്കു് വ്യാപിച്ചിരുന്ന കടലാസ്സുനാണയത്തിന്മേലുള്ളപലിശയും എക്സൈസ് ഇനത്തിൽനിന്നുള്ളനികുതിയും ആയിരുന്നു ഇതിൽ എക്സൈസ് ഇനത്തിലെ നികുതി ആവശ്യത്തിലുമധികമായിരുന്നതിനാൽ അവക്കു് പെട്ടെന്നുതന്നെ രൊക്കമായി ലഭിക്കുമായിരുന്നു. ഇങ്ങനെ സാധനസാമഗ്രികൾക്കു് ആവശ്യപ്പണം വിനിയോഗിക്കാമെന്നു മാത്രമല്ല, അനവധി പണമുള്ള ആളുകൾ പണം കൈവശമുള്ളതുകൊണ്ടു് അവയെ അത്തരം "ആജ്ഞാപന"ങ്ങളിൽ നിക്ഷേപിച്ചു. ഇതു അവർ കൂടുതൽ ആദായകരമായിക്കണ്ടു. ഏതു സന്ദർഭത്തിലും അതു് പണംതന്നെയായിരിക്കുമല്ലോ. അതിനാൽ അവയെല്ലാം പ്രത്യേകതാല്പര്യത്തോടെ വിലയ്ക്കു് വാങ്ങിക്കപ്പെട്ടു. ഏതാനും ആഴ്ചകൾക്കുള്ളിൽ അവരെ ആരേയുംതന്നെ കാണാതേയും ആയി. ഇങ്ങനെ ഈ പ്രധാനമായ കാര്യം പരിപൂർണ്ണതയിലെത്തി. മി: കിൻസി അസംബ്ളിയിൽ നന്ദി പ്രകടിപ്പിച്ചു. അദ്ദേഹത്തിൻെറ ദൗത്യം വിജയകരമായി ഭവിച്ചതിനാൽ അനന്തരകാലമത്രയും എന്നോടു അത്യധികമായ സൗഹാർദ്ദം പുലർത്തിപ്പോരികയും ചെയ്തു.

ബ്രിട്ടീഷ്ഗവമ്മെൻറു്, ആൽബനിയിൽവച്ചു് നിർദ്ദേശിച്ചപോലെ കോളണികളുടെ ഐക്യം അനുവദിക്കാൻ സമ്മതിക്കാതെയും, യൂനിയനു് രാജ്യരക്ഷാധികാരം കൊടുക്കാതെയുമുള്ള ഒരു നയം അനുവർത്തിച്ചു യൂനിയൻ അത്തരമൊരു നിർദ്ദേശത്താൽ സൈനികമായി വലിയൊരു ശക്തിയായിത്തീരുമെന്നും, സ്വന്തം ബലത്തെപ്പററി സ്വയം മനസ്സിലാക്കുമെന്നും മററും പല സംശയങ്ങളും അസൂയാപരങ്ങളായ തോന്നലുകളും അവർ പുലർത്തി. ആ ഗവമ്മെൻറു് ജനറൽ ബ്രാഡക്കിനെ രണ്ടു ഇംഗ്ലീഷുപട്ടാളവിഭാഗങ്ങളോടുകൂടി ഇതിലേയ്ക്കു് അയയ്ക്കുകയുണ്ടായി. ജനറൽ ബ്രാഡക്കു വെർജീനിയായിലെ അലക്സാണ്ഡ്രിയായിൽ ചെന്നിറങ്ങി. അവിടെനിന്നു് ഫ്രഡറിക്ടൗണിലേയ്ക്കു് പുറപ്പെട്ടു. മേരിലൻഡിലുള്ള ഈ ടൗണിൽ അദ്ദേഹം വാഹനങ്ങൾക്കുവേണ്ടി അല്പകാലം താമസിച്ചു. ഞങ്ങളുടെ അസംബ്ളിയാകട്ടെ, മുൻകൂട്ടി കിട്ടിയ ചില

അറിവുകൾ അനുസരിച്ച്, ബ്രാഡക്കിന് അസംബ്ലിയോടു വലിയ പ്രാതികൂല്യമാണുള്ളതെന്നു ധരിച്ച് അദ്ദേഹത്തിന്റെ വരവിൽ കാത്തുനില്ക്കാൻ എന്നോടു് ആവശ്യപ്പെട്ടു. ഇതു് അവരുടെ പ്രതിനിധിയെന്ന നിലയ്ക്കല്ല; 'പോസ്റ്റുമാസ്റ്റർ ജനറൽ' എന്ന നിലയ്ക്കുമാത്രം. അദ്ദേഹത്തിനും അനവധി സംസ്ഥാനങ്ങളിലെ ഗവർണ്ണർമാർക്കും തമ്മിലുള്ള എഴുത്തുകുത്തുകൾ വളരെ വിജയകരമായും ദ്രുതതരമായും എത്തിക്കുവാൻ വേണ്ട ഒത്താശകൾ ചെയ്യാനാണു പോകുന്നതെന്നു പുറമേ ഭാവിച്ചു. ഇതുസംബന്ധിച്ച ചെലവ് അവർതന്നെ നിർവഹിക്കാമെന്നും സമ്മതിച്ചു. യാത്രയിൽ എന്റെ പുത്രൻ എന്നോടൊന്നിച്ച് ഉണ്ടായിരുന്നു.

ജനറലിനെ ഞങ്ങൾ ഫ്രെഡറിക്ക്ടൗണിൽവച്ചു കണ്ടു. മേരിലൻഡിന്റെയും വെർജീനിയായുടേയും പിൻഭാഗങ്ങളിലൂടെ വാഹനശേഖരണത്തിനു പോയിരുന്നവർ തിരിച്ചുവരുന്നുണ്ടോ എന്ന് അദ്ദേഹം ആകാംക്ഷയോടെ കാത്തുനിൽക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തോടുകൂടി അനവധിനാൾ കഴിഞ്ഞുകൂടി. ദിവസവും ഭക്ഷണംകഴിച്ചുപോന്നതും അദ്ദേഹവുമൊന്നിച്ചായിരുന്നു. അദ്ദേഹത്തിന്റെ തെററിദ്ധാരണകൾ ദൂരീകരിക്കുവാൻ എനിക്ക് തക്ക സന്ദർഭവും ലഭിച്ചു. ഞാൻ അദ്ദേഹത്തെ വിട്ടുപിരിയാറായപ്പോൾ ഉദ്ദേശിക്കപ്പെട്ട വാഹനങ്ങൾ വന്നുചേർന്നു. ഉദ്ദേശം ഇരുപത്തിയഞ്ചു വണ്ടികൾ. അവ എല്ലാംതന്നെ ഉപയോഗയോഗ്യങ്ങളും ആയിരുന്നില്ല. ജനറലും സൈന്യത്തിലെ മററു പല ഉദ്യോഗസ്ഥന്മാരും ആശ്ചര്യഭരിതരായി. ഉദ്ദേശിക്കപ്പെട്ട ദീർഘയാത്ര നടപ്പില്ല എന്നവർ കണ്ടു. സാധനസാമഗ്രികൾ കൊണ്ടുപോകുവാൻ കുറഞ്ഞപക്ഷം നൂററിഅൻപതു് വാഹനങ്ങളെങ്കിലും വേണ്ടതാണെന്നിരിക്കെ, അപ്രകാരം ഒരു സൗകര്യവുമില്ലാത്ത ഒരു സ്ഥലത്തു് സൈന്യങ്ങളെക്കൊണ്ടിറക്കുവാൻ മന്ത്രിമാർ നിർദ്ദേശിച്ചതു് കേവലം നയവിരുദ്ധമെന്നു പ്രസ്താവിക്കുകയുംചെയ്തു.

അവർ, ഓരോ കൃഷിക്കാരനും പ്രത്യേക വാഹനങ്ങൾ ഉള്ള പെൻസിൽവേനിയായിൽ ഇറങ്ങാത്തതോർത്തു് എനിക്കു അത്ഭുതമുണ്ടായി. ജനറൽ എന്നോടു പറഞ്ഞു:—"അങ്ങനെയാണെങ്കിൽ ഇക്കാര്യങ്ങളിൽ താല്പര്യമുള്ള നിങ്ങൾ, വിശേഷിച്ച് അവിടെയൊക്കെയുള്ള പരിചയം ആസ്പദമാക്കി എനിക്ക് കുറേ വാഹനങ്ങൾ എത്തിച്ചുതരേണ്ടിയിരിക്കുന്നു" ഓരോ വണ്ടിയുടമസ്ഥനും കൊടുക്കാവുന്ന വാടക എന്തായിരിക്കുമെന്നു ഞാൻ ചോദിച്ചു. അതുസംബന്ധിച്ച മററു കരാറുകളും ഒരു കടലാസ്സിൽ കാണിച്ച് ഒപ്പിട്ടു

തരുവാൻ ഞാൻ ആവശ്യപ്പെട്ടു. ഇരുകൂട്ടരും അത്തരം ഒരു ഉടമ്പടിയിൽ ഒപ്പുവച്ചു. ഞാൻ ലങ്കാസ്റ്ററിൽ ചെന്നുചേൎന്ന ഉടൻ തന്നെ പരസ്യപ്പെടുത്തിയ ഒരു പൊതുവിജ്ഞാപനത്തിൽനിന്നു് കരാറുകളുടെ സ്വഭാവം മനസ്സിലാകും.

## പരസ്യം.

ലങ്കാസ്റ്റർ
ഏപ്രിൽ, 26, 1755.

ഓരോ വാഹനത്തിനും നന്നാലുകുതിരകൾ ഉണ്ടായിരിക്കേണ്ട നൂററിഅൻപതു വാഹനങ്ങളും, വേണ്ട കോപ്പുകളോടുകൂടിയ ആയിരത്തിഅഞ്ഞൂറു ഒററക്കുതിരകളും ചക്രവൎത്തി തിരുമനസ്സിലെ സൈന്യങ്ങൾക്കു് ഇപ്പോൾ വില്സ്ക്രീക്കിൽനിന്നു് യാത്ര തുടരുന്നതിനു് ആവശ്യമായിരിക്കുന്നതിനാലും, മേൽപ്പറയപ്പെട്ട വണ്ടികൾ, ഒററക്കുതിരകൾ എന്നിവമുഖേന ഭാരം കൊണ്ടുപോകുവാൻ അവയെ വാടകയ്ക്കായി ഏൎപ്പാടുചെയ്തു ഉടമ്പടികളിൽ ഏൎപ്പെടുന്നതിനു് സൈന്യാധിപനായ ബഹുമാനപ്പെട്ട ജനറൽ ബ്രാഡക്ക് അവൎകൾ നേരിട്ടു എന്നെ നിയോഗിച്ചിരിക്കുന്നതിനാലും ഞാൻ ഇതിനാൽ സകലപേരേയും അറിയിച്ചുകൊള്ളുന്നതു് എന്തെന്നാൽ, ഈ ആവശ്യം പ്രമാണിച്ചു് വണ്ടികളോ, കുതിരകളോ പ്രത്യേക വ്യവസ്ഥകളിൽ വാടകയ്ക്കു് എടുക്കുന്നതിനു് വേണ്ട കരാറുകൾ നടത്തുവാൻ ഞാൻ ഇന്നുതൊട്ടു അടുത്ത ബുധനാഴ്ച വൈകുന്നതുവരെ ലങ്കാസ്റ്ററിലും അടുത്ത വ്യാഴാഴ്ച രാവിലെ മുതൽ വെള്ളിയാഴ്ച വൈകുന്നതുവരെ യോൎക്കിലും സന്നിഹിതനായിരിക്കും എന്നതാകുന്നു. ഈ രണ്ടു സ്ഥലത്തുവച്ചും മേൽപ്പടി കാൎയ്യങ്ങളിൽ ഏൎപ്പെടുമ്പോഴുള്ള വ്യവസ്ഥകൾ താഴെ പറയുന്നവയാകുന്നു:—

1. നാലു നല്ല കുതിരകളും ഒരു ഡ്രൈവറും ഉള്ള വാഹനത്തിനു് പ്രതിദിവസം പതിനഞ്ചു് ഷില്ലിങ്ങും വേണ്ട കോപ്പുകളുള്ള ഒരു സമൎത്ഥമായ അശ്വത്തിനു് പ്രതിദിവസം രണ്ടു ഷില്ലിങ്ങും കോപ്പുകളില്ലാതെ എന്നാൽ ശക്തമായി കാണുന്ന കുതിര ഒന്നിനു് പ്രതിദിവസം പതിനെട്ടുപെനിയും വാടകയിനത്തിൽ കൊടുക്കപ്പെടുന്നതാകുന്നു.

2. ഇങ്ങനെയുള്ള വാടകത്തുകകൾ മേൽ പറയപ്പെട്ട വാഹനങ്ങളുടേയോ കുതിരകളുടേയോ ഉടമസ്ഥന്മാർ വില്സ്ക്രീക്കിൽ തങ്ങളുടെ വാഹനങ്ങളോ കുതിരകളോ എത്തിക്കുന്ന ദിവസംമുതൽ

അവകാശപ്പെട്ടുകൊള്ളാവുന്നതും, ഇതു വരുന്ന മേമാസം 20-ാംനുയോ അതിനു മുമ്പുമുതലോ ആയിക്കൊള്ളാവുന്നതും, അവയ്ക്ക് വില്സ്ക്രീക്കിൽ ചെന്നുചേരുന്നതിനും തിരിയെ എത്തുന്നതിനും വേണ്ടിവരുന്ന ന്യായമായ ഒരു തുക മേൽപ്പറഞ്ഞ വാടകയിനത്തിനു പുറമേ നൽകുന്നതും ആകുന്നു.

3. മേൽപ്പറഞ്ഞവിധം വാടകയായി ഏൽപ്പിക്കുന്ന വാഹനങ്ങളോ കുതിരകളോ കോപ്പുകളോ നഷ്ടപ്പെടുന്നപക്ഷം അവയുടെ വില മദ്ധ്യസ്ഥതീരുമാനം അനുസരിച്ച് എന്തുവരുമെന്നു ബോദ്ധ്യപ്പെട്ട് ആയതു് അതാതു വാഹനങ്ങളുടേയോ കുതിരകളുടേയോ കോപ്പുകളുടേയോ ഉടമസ്ഥന്മാക്ക് നൽകുന്നതാകുന്നു.

4. ഓരോ വാഹനത്തിനും കുതിരയ്ക്കും ഉള്ള വാടകത്തുകയിൽ ഏഴദിവസത്തേയ്ക്കുള്ള സംഖ്യ മുൻകൂറായി അതാതുടമസ്ഥന്മാർ പററിക്കൊള്ളേണ്ടതും ബാക്കിയുള്ളതുകകൾ ഒന്നിച്ചോ അപ്പപ്പോഴായോ ബ്രി: ജനറൽ ബ്രാഡക്കിൽനിന്നോ പട്ടാളത്തിലെ ധനവ്യയാധികാരി ഉദ്യോഗസ്ഥനിൽനിന്നോ ഉടമസ്ഥക്ക് പററിക്കൊള്ളാവുന്നതും ആകുന്നു.

5. വാഹനങ്ങളിലെ ഡ്രൈവറന്മാരോ, ഒററക്കുതിരകളേയോ വാഹനങ്ങളേയോ സൂക്ഷിക്കാൻ എത്തുന്നവരോ ആയ യാതൊരാളേയും പട്ടാളജോലികൾക്കായി ഗവമ്മെണ്ടിൽനിന്നു നിയോഗിക്കാൻ പാടില്ലാത്തതും, മററു യാതൊരുവക ജോലിയിലും ഏപ്പെടുത്താൻ വയ്യാത്തതും അവർ അവരുടെ വാഹനങ്ങളുടേയോ കുതിരകളുടേയോ സൂക്ഷിപ്പിൽമാത്രം തല്പരരായി വത്തിക്കേണ്ടതും ആകുന്നു

6. ഓട്ട്, ഇൻഡ്യൻധാന്യം മററുള്ള സസ്യലതാദികളോ വയ്ക്കോൽ തുടങ്ങിയവയോ നിർദ്ദിഷ്ടസ്ഥലത്തേയ്ക്കു് കൊണ്ടുപോകപ്പെടുന്നവ അധികംവരുന്നപക്ഷം അവ സൈന്യത്തിൻെറ ആവശ്യത്തിലേയ്ക്കു് ഗവമ്മെണ്ടുതന്നെ കൈക്കൊള്ളുന്നതും അതിലേയ്ക്കു ന്യായമായ വില ഉടമസ്ഥക്ക് നൽകുന്നതും ആകുന്നു.

നോട്ട്:—എൻെറ പുത്രനായ വില്യം ഫ്രാൻക്ലിനെ കമ്പർലൻറു് കൗണ്ടിയിൽ മേൽപ്പറയപ്പെട്ടവിധം മററുള്ളവരുമായി ഉടമ്പെട്ടുകൊള്ളുവാൻ അധികൃതനാക്കിയിരിക്കുന്നു. ബി. ഫ്രാൻക്ലിൻ

ലങ്കാസ്റ്റർ, യോർക്ക്, കംബർലൻഡ് എന്നീ
കൗണ്ടികളിലെ നിവാസികൾ അറിവാൻ.

സ്നേഹിതന്മാരേ, സ്വദേശീയരേ,

ഏതാനുംനാൾ മുമ്പ് ഫ്രഡറിക്ക് എന്ന തൽക്കാലവാസത്തിനുള്ള സങ്കേതത്തിൽ സന്ദർഭവശാൽ പോകുവാൻ ഇടയായപ്പോൾ അവിടത്തെ സേനാനായകനും മററു സൈനികഉദ്യോഗസ്ഥന്മാരും വളരെ വിഷമിക്കുന്നതായി എനിക്കു മനസ്സിലായി. അവർക്കു വേണ്ടുവോളം വാഹനങ്ങളും കുതിരകളും ലഭിക്കാനില്ലാതിരുന്നതിനാലായിരുന്നു വിഷമം നേരിട്ടതു്. ഈ പ്രദേശങ്ങളിൽ അവ ലഭിക്കുമെന്നു് അവർ കരുതിയിരുന്നു. എന്നാൽ ഞങ്ങളുടെ ഗവർണ്ണർക്കും അസംബ്ളിക്കും തമ്മിലുള്ള അഭിപ്രായവ്യത്യാസം നിമിത്തം ഗവർമ്മെണ്ടിൽനിന്നു പണം അനുവദിച്ചുകിട്ടാതെയായി. ഈ ആവശ്യത്തിലേയ്ക്കു് എന്തുമാർഗ്ഗമാണു് അവലംബിക്കേണ്ടതു് എന്നു നിശ്ചയമില്ലാതെയും ആയി.

ഈ കൗണ്ടികളിലേയ്ക്കു ആയുധത്തോടുകൂടിയ പട്ടാളക്കാരെ അയച്ചു് ആവശ്യം അനുസരിച്ചിടത്തോളം വാഹനങ്ങളേയും അശ്വങ്ങളേയും ബലാൽക്കാരമായി പിടിച്ചെടുക്കണമെന്നും, ബലാൽക്കാരമായി കുറേ ആളുകളെ കൂട്ടിക്കൊണ്ടുപോയി വണ്ടിഓടിപ്പു മുതലായ കൃത്യങ്ങളിൽ ഏർപ്പെടുത്തണമെന്നും ഒരു നിർദ്ദേശമുണ്ടായി.

ഇപ്രകാരം ബ്രിട്ടീഷുസൈന്യത്തിൻെറ ഒരു ഭയങ്കരമായ ദുർഘടയാത്ര സംഭവിക്കുന്നപക്ഷം, വിശേഷിച്ചു് അവരുടെ നിരാശാപരവശവും ക്രുദ്ധവും ആയ സ്വഭാവത്തിൻെറ ഒരു വിജൃംഭണം ഇവിടങ്ങളിൽ സംഭവിക്കുന്നപക്ഷം, അതു നാട്ടുകാർക്കു് എത്രയോ ഉപദ്രവകരമായിരിക്കുമെന്നു് ഞാൻ ഭയപ്പെട്ടു. അതിനാൽ ശാന്തവും സമാധാനപരവും രഞ്ജകവും ആയ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്നകാര്യം ഞാൻ ആലോചിച്ചു. ഈ കൗണ്ടികളിലെ ജനങ്ങൾക്കു് ഒരു ആവലാതി അസംബ്ളിയിൽ പുറപ്പെടുവിക്കാനുണ്ടായിരുന്നു എന്നു് എനിക്കറിയാം. അവർക്കു കൈകാര്യം ചെയ്യാൻ വേണ്ടുവോളം പണം കിട്ടുന്നില്ലഎന്നു്. ഇതാ നിങ്ങൾക്കു് ഗണ്യമായ ഒരു തുക സ്വീകരിക്കുവാനും അതു പങ്കിട്ടെടുക്കുവാനുമുള്ള സന്ദർഭം വന്നുചേർന്നിരിക്കുന്നു. എന്തെന്നാൽ, സുദീർഘവും വേണ്ട ഒരുക്കങ്ങളോടുകൂടിയതും ആയ ആ മഹായാത്രയിൽ സേവനം നിർവ്വഹിക്കുന്നപക്ഷം നൂററിരുപതുദിവസങ്ങളിലായി നിങ്ങൾക്കിതാ മുപ്പതിനായിരംപവൻ വരുന്ന ഒരു സംഖ്യ വെള്ളിനാണയങ്ങളും സ്വർണ്ണനാണയങ്ങളുമായി കൈക്കൽ വന്നുചേരാൻപോകുന്നു.

ആ സേവനമോ വളരെ ലഘുവും വിഷമം കുറഞ്ഞതും. സൈന്യം ഇപ്പോൾ പാളയമടിച്ചിരിക്കുന്ന സ്ഥലത്തുനിന്നു മുന്നോട്ടു നീങ്ങുകയാണു്. ഈ നീക്കം ഒരുദിവസം പന്ത്രണ്ടുമൈൽ എന്ന കണക്കിലായിരിക്കും. സൈന്യത്തിനു കൂടിയേതീരൂ എന്നുള്ള സാധനസാമഗ്രികൾ വഹിച്ചുകൊണ്ടുപോകേണ്ടിയിരിക്കുന്ന വാഹനങ്ങളും ഒററക്കുതിരകളും സൈന്യത്തോടൊന്നിച്ച് ഒരൊററദിവസം വെറും പന്ത്രണ്ടുമൈൽ സഞ്ചരിച്ചാൽ മതിയാകും. യാത്രയിലാകട്ടെ, തൽക്കാലവാസം ആവശ്യമായി കാണുമ്പോൾ ഏതെങ്കിലും സ്ഥലത്താകട്ടെ, ഈ വാഹനങ്ങൾക്കും അശ്വങ്ങൾക്കും വിശ്രമിക്കേണ്ടിവരുന്നതു് വലിയൊരു സൈന്യത്തിന്റെ ഭദ്രമായ രക്ഷയിലായിരിക്കും.

നിങ്ങൾ, ഞാൻ ആത്മാത്ഥമായി കരുതുന്നപോലെ നല്ലവരും ചക്രവത്തിതിരുമനസ്സിലെ വിശ്വസ്തരായ പ്രജകളും ആണെങ്കിൽ, ഇതാ, ഇപ്പോൾ നിങ്ങൾ ഏററവും സ്വീകാര്യമായ ഒരു സേവനത്തിൽ ഏപ്പെട്ടേണ്ടതാകുന്നു. നിങ്ങൾ ഒററയ്ക്കായിനിന്നു് ഒരു വാഹനവും ഏതാനും അശ്വങ്ങളും നൽകുവാൻ സാധിക്കുന്നവർ അങ്ങനെ ചെയ്യട്ടെ. അത്ര വിസ്തൃതകൃഷിസ്ഥലങ്ങളും തോട്ടങ്ങളും ഉള്ളവർ അവിടങ്ങളിലെ വ്യവസായനടത്തിപ്പിനു ആ വാഹനവും കുതിരകളും ഉപയോഗിക്കുന്നപക്ഷം മൂന്നോ നാലോ ആൾ ചേർന്നു ഭാഗികമായി വാഹനങ്ങളോ അശ്വങ്ങളോ അയയ്ക്കുക. ഒരാൾ വണ്ടി, മറെറാരാൾ കുതിര, ഇനിയൊരാൾ ഡ്രൈവറെ എന്നിങ്ങനെ അയച്ചാലും മതിയാകും. ഈ സേവനം നിങ്ങൾ നിങ്ങളുടെ രാജാവിനുവേണ്ടി നിർവ്വഹിക്കാത്തപക്ഷം, നിങ്ങളുടെ രാജഭക്തിതന്നെ സംശയാസ്പദമാകും. ഏതായാലും രാജകാര്യം നടക്കുകതന്നെചെയ്യും. നിങ്ങളുടെ രാജ്യങ്ങളുടെ രക്ഷയ്ക്കായി വിര്യവും ശൌര്യവുമുള്ള അനവധി പട്ടാളക്കാർ വേണ്ട ഒരുക്കങ്ങളോടെ നിൽക്കുന്നു. നിങ്ങൾ ന്യായമായി ചെയ്യാൻ സാധിക്കുന്ന ഒരു സേവനത്തിൽ ഏപ്പെടാതെ കഴിയുന്നു എന്നുവന്നാൽ കേവലം അക്രമപരങ്ങളായ മാർഗ്ഗങ്ങൾതന്നെ ആ പട്ടാളക്കാർ കൈക്കൊണ്ടു എന്നുവരുന്നതിൽ കുററംപറയാനില്ല. നിങ്ങൾക്കു് അങ്ങനെയുണ്ടാകുന്ന നഷ്ടങ്ങൾക്കും നാശങ്ങൾക്കും പരിഹാരം നേടേണ്ടതായിവരും. നിങ്ങളോടു് ആ സന്ദർഭത്തിൽ ആക്കും യാതൊരനുകമ്പയും തോന്നാതിരിക്കുന്നതും ആയേക്കും.

എനിക്കെന്താണു് ഇക്കാര്യത്തിൽ ഇത്രവളരെ താല്പര്യവും നിർബന്ധവും എന്നു നിങ്ങൾ ചോദിക്കുമായിരിക്കാം. നാട്ടിനുവേണ്ടി ഒരു നന്മചെയ്യാമല്ലോ എന്നതുമാത്രമാണു് എന്റെ ഉദ്ദേശം.

എനിക്കിതിനുള്ള പ്രതിഫലം ഈ അദ്ധ്വാനംമാത്രമാകുന്നു. ഞാൻ വിവരിച്ചപ്രകാരം വാഹനങ്ങളും അശ്വങ്ങളും ലഭിക്കാത്തപക്ഷം, പതിന്നാലുദിവസത്തിനകം ഞാൻ വിവരങ്ങൾ സേനാധിപനെ അറിയിക്കുവാൻ നിർബന്ധിതനായിത്തീരും. സർ ജോൺസെൻറു ക്ലേയർ എന്ന കുതിരപ്പടനായകൻ കുറെ പട്ടാളക്കാരുമായി ഉടൻ തന്നെ ഈ സംസ്ഥാനത്തിലേയ്ക്കു് തിരിക്കുകയും, കാര്യസാദ്ധ്യത്തിനുള്ള എല്ലാ മാർഗ്ഗങ്ങളും അവലംബിക്കുകയുംചെയ്യേക്കും. എനിക്കു് നിങ്ങളോടു് ശുദ്ധമാത്സര്യവും കറകളഞ്ഞതും ആയ സ്നേഹമുള്ളതുകൊണ്ടുപറയുന്നു.

ബി. ഫ്രാൻക്ലിൻ.

ജനറൽ ബ്രാഡക്കിൻെറ പക്കൽനിന്നു് ഞാൻ എണ്ണൂറുപവൻ മാത്രമേപററിയിരുന്നുള്ളൂ. ഇതു് വാഹനങ്ങൾക്കും കുതിരകൾക്കും കൊടുക്കേണ്ടിവരുന്ന മുൻകൂർപണം എന്ന നിലയിലുമത്രേ. എന്നാൽ ഈതുക പോരാതെവന്നതിനാൽ ഞാൻ കൈയിൽനിന്നു ഇരുന്നൂറുപവനിൽ കൂടുതലായ ഒരു സംഖ്യ ഈ ഇനത്തിൽ ചെലവുചെയ്തു. രണ്ടാഴ്ചയ്ക്കുള്ളിൽ നൂററിഅൻപതു് വാഹനങ്ങളും ഇരുനൂററിഅൻപത്തൊൻപതു് കുതിരകളും ആ പട്ടാളസേവനത്തിനു തയ്യാറാക്കി. ഏതെങ്കിലും വാഹനത്തിനോ കുതിരകൾക്കോനാശം സംഭവിക്കുന്നപക്ഷം അതിലേയ്ക്കുള്ള വിലകൊടുത്തുകൊള്ളാമെന്നു് പരസ്യപ്പെടുത്തിയിരുന്നല്ലോ. ഈ ഇനങ്ങളിൽപ്പെട്ടവയുടെ ഉടമസ്ഥന്മാർക്കു് ജനറൽ ബ്രാഡക്കിനെ നേരിട്ടറിഞ്ഞുകൂടെന്നും അദ്ദേഹത്തിൻെറ വാഗ്ദാനങ്ങളെ എങ്ങനെയാണു് വിശ്വസിക്കേണ്ടതു് എന്നു നിശ്ചയമില്ലെന്നും മററും പറയുകയാൽ അക്കാര്യങ്ങൾ ശരിയായി നിർവ്വഹിക്കുവാൻ ഞാൻതന്നെ രേഖാമൂലമായ ഉറപ്പുനൽകണമെന്നു് അവർ ആവശ്യപ്പെട്ടുകയും അതനുസരിച്ചു് ഞാൻ പ്രവർത്തിക്കുകയുംചെയ്തു.

ഞാൻ പട്ടാളസങ്കേതത്തിലായിരുന്നപ്പോൾ ഒരുദിവസം കേർണൽ ഡൺബാറിൻെറ സേനാവിഭാഗത്തിലെ ചില ഉദ്യോഗസ്ഥന്മാരുമായി ഭക്ഷണം കഴിക്കുകയായിരുന്നു. കേർണൽ ഡൺബാർ ഈ സന്ദർഭത്തിൽ എന്നോടൊരു പ്രത്യേകകാര്യം പറഞ്ഞു. അദ്ദേഹത്തിൻെറ സേനയിലെ കീഴുദ്യോഗസ്ഥന്മാർ അത്രവളരെ സമ്പന്നമായ നിലയിൽപ്പെട്ടവരല്ല എന്നും, വെറും ദീർഘദീർഘമായ അരണ്യപ്രദേശത്തുകൂടിയുള്ള യാത്രയിൽ വേണ്ട ഭക്ഷ്യസാധനങ്ങൾ ശേഖരിച്ചു സൂക്ഷിക്കുവാൻ അവർക്കു് യാതൊരു നിവൃത്തിയുമില്ലാത്തവരാണെന്നുംമററും. അവർക്കു് ഈ ദീർഘമായ യാത്രയിൽ വഴിമദ്ധ്യേവച്ചു് യാതൊന്നുംവാങ്ങി അങ്ങനെ ഉപയോഗിക്കു

വാനും സാധിക്കുകയില്ലല്ലോ എന്നും അദ്ദേഹം അല്പമൊരു നിരാശയോടെ പ്രസ്താവിച്ചു ഞാൻ ഈ ദയനീയമായ നിലഅറിഞ്ഞപ്പോൾ പരമാത്ഥം മനസ്സിലാക്കി അവക്ക് എന്തെങ്കിലും ഒരു സഹായം ചെയ്തുകൊടുക്കണമല്ലോ എന്നു മനസ്സിൽക്കരുതി. എന്റെ ഉദ്ദേശം ഇന്നതെന്നു ഞാൻ വെളിപ്പെടുത്തുകയുണ്ടായില്ല. പിറേറ ദിവസം രാവിലേതന്നെ ഞാൻ അസംബ്'ളിയിലെ കമ്മിററിക്കെഴുതി. അവക്ക് പൊതുഫണ്ടിൽനിന്നും ചെറുതായ തുകകൾ ചെലവു ചെയ്യാൻ സമ്മതമായിരുന്നു. മേൽപറയപ്പെട്ട സൈനികോദ്യോഗസ്ഥന്മാരുടെ നിസ്സഹായത ഞാൻ അവരുടെ ശ്രദ്ധയിൽപ്പെടുത്തി. ആ ഉദ്യോഗസ്ഥന്മാക്ക് ഏററവും ലഘുവായവിധത്തിലെങ്കിലും ചില വിഭവങ്ങൾ എത്തിച്ചുകൊടുക്കേണ്ടതാണെന്ന് ഞാൻ ശക്തിപൂർവ്വം പ്രസ്താവിച്ചു. പട്ടാളവിശ്രമകേന്ദ്രങ്ങളുമായി പരിചയമുള്ള എന്റെ പുത്രൻ അത്തരം സന്ദർഭങ്ങളിൽ ഉണ്ടാകാവുന്ന വിഭവക്കുറവുകളുടെ സ്വഭാവം അറിയാവുന്നവൻ ആയിരുന്നു. അവൻ ഈ വിഭവങ്ങളുടെ ഒരു ലിസ്ററു എന്നെ ഏല്പിച്ചു. ഞാനയച്ച കത്തോടുകൂടിത്തന്നെ ഈ വിഭവങ്ങളുടെലിസ്ററും കമ്മിററിഅംഗങ്ങൾക്ക് അയച്ചുകൊടുത്തു. കമ്മിററിയംഗങ്ങൾ ശ്രദ്ധാപൂർവ്വം എന്റെ കത്തു മനസ്സിലാക്കി വേണ്ടതു ചെയ്യാമെന്നേററു ജനങ്ങളുടെ വകയായ വാഹനങ്ങളും ആശ്വങ്ങളും മററും ചെന്നുചേന്നതോടെ സേനാസങ്കേതസ്ഥലത്ത് മുൻപറയപ്പെട്ട വിഭവങ്ങളും എത്തിച്ചേന്നു. അവ ഓരോന്നിലും. താഴെപ്പറയുന്ന സാധനങ്ങൾ അടങ്ങിയ ഇരുപത് കെട്ടുകളായിരുന്നു. ഓരോ കെട്ടിലും,

1) അപ്പപ്പഞ്ചസാര റാ: 6
2) മസ്കവോഡോ പഞ്ചസാര റാ: 6
3) നല്ലപച്ചറിത്തിലെ തേയില റാ: 1
4) നല്ല ബോഹേതേയില റാ: 1
5) നല്ലതരം കാപ്പിക്കുരു റാ: 6
6) ചോക്ലററ് റാ: 6
7) നല്ല വെളുത്ത ബിസ്കററ് (1-2 ഹൺഡ്രഡ്വെയിററ്)
8) കുരുമുളക് 1-2 റാത്തൽ
9) വയിൻവിനാഗർ 1 ക്വാട്ട്
10) ഗ്ലൗസ്റ്റർ വെണ്ണക്കട്ടി 1
11) 20 റാത്തൽ നല്ല വെണ്ണപ്പൊതി
12) പഴയ മെഡീരിയൻവയിൻ 2 ഡസൻ
13) ജാമായിക്കാമധുദ്രവ്യം 3 ഗ്യാലൺ

14) കട്ടകപ്പൊടിക്കുപ്പി 1
15) തുടയിറച്ചി 2
16) ഉണക്കിയ കാളനാക്ക് 1-2 ഡസൻ
17) അരി റാ: 6
18) റെയിസിൻകരു റാ: 6

ഇത്രയും സാധനങ്ങൾ അടങ്ങിയ ഇരുപതുകെട്ടുകൾ ഇരുപതു കുതിരപ്പുറത്തുകയററി ഓരോ കുതിരയും അതാതു് സൈനികഉദ്യോഗസ്ഥന്മാക്ക് പ്രത്യേക സമ്മാനം എന്ന നിലയിൽ അയച്ചുകൊടുക്കപ്പെട്ടു. അവയെല്ലാം വേണ്ട നന്ദിപ്രകടനങ്ങളോടെതന്നെ സ്വീകരിക്കപ്പെട്ടു. രണ്ടു പട്ടാളങ്ങളുടേയും കേൾണൽമാർ ഏററവും സന്തോഷപരമായവിധത്തിൽത്തന്നെ അവരുടെ അഭിവാദനങ്ങൾ എന്നെ അറിയിച്ചു. ജനറൽബ്രാഡക്കാകട്ടെ അദ്ദേഹത്തിൻെറ സേനായാത്രയുടെ ആവശ്യത്തിലേക്കുവേണ്ട വണ്ടികളും ഭാരംചുമക്കാൻ കുതിരകളും അയച്ചുകൊടുത്തതുകണ്ടു് വളരെ സന്തുഷ്ടനായി. എനിക്കു് ആവത്തിച്ചു നന്ദിപറഞ്ഞുകൊണ്ടു കത്തുകളയച്ചു. എനിക്കു് ചെലവായ തുകകളും അദ്ദേഹം എത്തിച്ചുതന്നു. അദ്ദേഹത്തിനു കുറേവിഭവങ്ങൾകൂടെ അയച്ചുകൊടുക്കണമെന്നുള്ള ഒരു ആവശ്യവും എന്നെ അറിയിച്ചു. ഞാൻ അക്കാര്യവും ഭരമേററു് വേണ്ട സാധനങ്ങൾ സംഭരിക്കുകയായിരുന്നു. അപ്പൊഴാണു് അദ്ദേഹത്തിൻെറ തോൽവിയെപ്പററി കേട്ടതു്. സാധനങ്ങൾവാങ്ങാൻ ഞാൻ സ്വന്തം കൈയിൽനിന്നു ആയിരത്തിലേറെപ്പവൻ ചിലവഴിക്കേണ്ടിവന്നു—അതിൻെറ കണക്കയച്ചു. യുദ്ധത്തിനുമുമ്പുതന്നെ ഭാഗ്യവശാൽ കണക്കു് അവിടെ കിട്ടി—ആയിരം പവൻ എനിക്കയച്ചുതരുവാൻ ധനവ്യയ—ഉദ്യോഗസ്ഥനു് അദ്ദേഹം എഴുതി. ഈ തുകകിട്ടിയതു് ഒരു വലിയ ഭാഗ്യമായിക്കരുതാം. ബാക്കി തുകകൂടെ കിട്ടാനുണ്ടായിരുന്നതു് കിട്ടിയിട്ടില്ല. അക്കാര്യം തുടരും.

ഈ സൈന്യാധിപൻ, എൻെറ അഭിപ്രായത്തിൽ, വലിയൊരു ധീരനും വല്ല യൂറോപ്യൻയുദ്ധരംഗങ്ങളിലും ഒരു പേരെടുക്കാമായിരുന്നവിധത്തിൽ സമത്ഥനും ആയിരുന്നു. എന്നാൽ അദ്ദേഹത്തിനു ചില സ്വഭാവന്യൂനതകൾ ഇല്ലാതില്ലായിരുന്നു. അതിർകവിഞ്ഞ ആത്മവിശ്വാസം. പട്ടാളത്തിൻെറ കരുത്തിനെപ്പററിയുള്ള അത്രവലിയ വിശ്വാസം. ഇവയോടുകൂടി അമേരിക്കക്കാരേയും ഇൻഡ്യന്മാരേയുംപററിയുള്ള കലശലായ പുഛരസം ഇവയായിരുന്നു, അദ്ദേഹത്തിൻെറ തകരാറുകൾ, ഇൻഡ്യന്മാരുടെഭാഷ നിശ്ചയമുള്ള ദ്വിഭാഷിയായ ക്രോഹാൻ എന്ന മാന്യൻ നൂറു ഇൻ

ഡ്യന്മാരുമൊന്നിച്ച് ജനറലിനോടുകൂടി തിരിച്ചിരുന്നു. വഴികാട്ടി എന്ന നിലയിലും സൂചകം എന്ന നിലയിലും ഈ മാന്യന്റേയും സഹഗാമികളുടേയും സേവനം ജനറൽ ബ്രാഡക്കിനു വളരെ പ്രയോജനപ്പെട്ടേനേ. എന്നാൽ അദ്ദേഹം അവരെ കേവലം നിസ്സാരരാക്കിത്തള്ളിക്കളഞ്ഞു. അവർ ഓരോരുത്തരായി ക്രമേണ അദ്ദേഹത്തെ വിട്ടുപോവുകയുംചെയ്തു.

ഒരുദിവസം അദ്ദേഹവുമായി വർത്തമാനം പറഞ്ഞുകൊണ്ടിരുന്ന സന്ദർഭത്തിൽ ജനറൽ അദ്ദേഹത്തിന്റെ ആഗാമിയായ പരിപാടികളെപ്പററി ഇങ്ങനെ എന്നോട് പ്രസ്താവിച്ചു:—"ഡ്യുകീൻ'കോട്ട പിടിച്ചടക്കിയശേഷം എനിക്ക് നയാഗരായിലേയ്ക്ക് തിരിക്കണം. അതും ആക്രമിച്ചുകീഴടക്കും. ഫ്രൊണ്ടനേക്കിലായിരിക്കും അടുത്ത പ്രയാണം. കാലാവസ്ഥ അനുകൂലിക്കുമെങ്കിൽ. അങ്ങനെ ആനുകൂല്യമുണ്ടാകുമെന്നാണെന്റെ വിശ്വാസം. എന്തെന്നാൽ ഡ്യുകീൻ പിടിക്കുവാൻ മൂന്നോ നാലോ ദിവസമേ വേണ്ടിവരികയുള്ളു. ആ സ്ഥിതിക്കു നയാഗരായിലേയ്ക്കുള്ള എന്റെ ആക്രമണത്തെ തടുക്കാൻ ഒരു ശക്തിക്കും സാദ്ധ്യമല്ല." വിസ്തൃതമായ അരണ്യപ്രദേശത്തുകൂടെ കഷ്ടിച്ചു ഗതാഗതസൗകര്യത്തിനു വെട്ടിയിട്ടുള്ള ഒരു സങ്കുചിതമാർഗ്ഗം അവലംബിച്ചു രണ്ടു സേനകളെ നയിച്ചു സുദീർഘമായ സേനാവിഭാഗത്തെ കൊണ്ടുപോകുന്ന അടവുകളെപ്പററി ഞാനൊന്നു ചിന്തിച്ചു. ഇറോക്കോദേശവിഭാഗം ആക്രമിക്കുവാൻ മുമ്പൊരവസരത്തിൽഎത്തിയ പതിനയ്യായിരം ഫ്രഞ്ചുഭടന്മാരുടെ ദയനീയപരാജയംഓർത്തും ഞാൻ ഈ ജനറലിന്റെ ഉദ്ദിഷ്ടാക്രമണങ്ങളുടെ വിജയം സംബന്ധിച്ചു സംശയാലുവായി. എന്നാലും ഞാൻ ഇങ്ങനെപറഞ്ഞതേയുള്ളു:—"അതേ; അതു ശരിതന്നെ. അതു ഡ്യുക്കീനിൽ സൗകര്യമായി ചെന്നുചേർന്നതിനുശേഷം. ധാരാളം പീരങ്കികളുള്ള ഈ സൈന്യവുമായി അവിടെ എത്തിയാൽ കോട്ടകളും വെടിപ്പുരകളുംകൊണ്ടു സുരക്ഷിതമല്ലാത്ത ആ സ്ഥലത്തെ എളുപ്പം ആക്രമിച്ചു കീഴടക്കാം. എന്നാൽ ഞാൻ ഭയപ്പെടുന്നതു് അതല്ല, താങ്കളുടെ സൈന്യവുമായുള്ള സുദീർഘമായ യാത്രയിൽ ഒളിച്ചിരുന്നു് ആക്രമിക്കാൻ വിരുതേറിയ ഇൻഡ്യന്മാർ ഉദ്ദേശം നാലുമൈൽ നീളംവരുന്ന ഈ പട്ടാളനിരയുടെ ഗതിക്കിടയ്ക്കു് എതിരാക്രമണംനടത്തി പിൻഭാഗത്തുള്ളവർ വന്നുചേരുംമുമ്പു് മുമ്പുമുമ്പുള്ളവരെ തകർത്തുതുടങ്ങിയാൽ കഥ വളരെ ദയനീയമാവുകയില്ലേഎന്നാണു് എന്റെ ഭയം."

ഇതുകേട്ടു് ജനറൽ ഒന്നു പുഞ്ചിരിയിട്ടു. എന്നിട്ടു് പറയുകയാണു്:—"ഈ അപരിഷ്കൃതരായ കാട്ടുജീവികൾ നിങ്ങളുടെ അമേ

രിക്കൻപട്ടാളക്കാക്ക് അത്ര ഭയങ്കരരായ ആക്രമണകാരികൾ ആയിരിക്കാം. എന്നാൽ നിയമിതമായ അഭ്യാസവൈഭവത്തോടുകൂടിയ ചക്രവത്തിതിരുമനസ്സിലെ പട്ടാളത്തിനെ അവക്ക് ഒരുവിധത്തിലും ഭയപ്പെടുത്തുവാൻ സാധിക്കുകയില്ല." ആട്ടെ; സൈനികകാര്യങ്ങളിൽ വിദഗ്ദ്ധനായ ഒരാളിനോട് ഇക്കാര്യത്തിൽ ഞാൻ എതിർവാദംചെയ്വാൻ തയ്യാറായില്ല. ജനറലിൻെറ യാത്ര ആരംഭിച്ചു നിർബാധംതുടന്നു. ഒൻപതുമൈൽദൂരം ശത്രുക്കളുടെ യാതൊരാക്രമണവും ഉണ്ടായില്ല. അതുകഴിഞ്ഞു് പട്ടാളക്കാക്ക് ഒരു നദി തരണം ചെയ്വാനുണ്ടായിരുന്നു. നദികടന്നു മുൻപുള്ളവർ പിൻപുള്ളവരുടെ വരവും പ്രമാണിച്ചങ്ങനെ കാത്തുനില്ക്കവേ, ഒരു തുറസ്സായ സ്ഥലത്തുവച്ച് ശത്രുക്കൾ വൃക്ഷങ്ങളുടേയും ചെടികളുടേയും മറവിൽ സൈ്വരമായി സ്ഥിതിഉറപ്പിച്ചുകൊണ്ടു പട്ടാളക്കാരെലക്ഷ്യമാക്കി മുറയ്ക്ക് വെടി തുടന്നു. ശത്രു അടുത്തെത്തിഎന്നുള്ള അറിവ് ഈ വെടിവയ്പോടുകൂടിയായിരുന്നു ജനറൽക്കു ലഭിച്ചതു്. മുമ്പേ:പായിരുന്ന സംരക്ഷകസംഘത്തിൻെറനേക്ഷണ്ടായ വെടിനിമിത്തം അതിലെ അംഗങ്ങൾ നാനാഭാഗത്തുമായി ചിതറുകയോ നഷ്ടപ്പെടുകയോചെയ്തു. ഈ സംഘാംഗങ്ങൾ ഇങ്ങനെ ഛിന്നിച്ചിതറിയപ്പോഴാണു് ജനറൽ, അവരുടെ സഹായത്തിനു മററു പട്ടാളക്കാരെ അയച്ചതു്. വാഹനങ്ങളും കുതിരകളും പട്ടാളക്കാരും എല്ലാംകൂടെ മുന്നോട്ട്. ശത്രുക്കൾക്കു് കുതിരപ്പുറത്തുള്ള പട്ടാളഉദ്യോഗസ്ഥന്മാരെ തിരിച്ചറിവാൻ എളുപ്പമായിരുന്നു. പ്രത്യേകമായ യാതൊരു ആജ്ഞാപനവും കേൾക്കാനാകാതെ പട്ടാളം തിക്കിത്തിരക്കി ഒന്നിച്ചുകൂടി. ദയനീയമായവിധം അവരിൽ പലരും വെടിയുണ്ടകൾക്ക് ഇരയായി. അവശേഷിച്ചവർ അവരുടെ ജീവനുംകൊണ്ടു് കുന്നും കുഴിയും കടന്നു് ഓടിരക്ഷപ്പെട്ടു.

വാടകവണ്ടിയുടമസ്ഥന്മാരും ഡ്രൈവറന്മാരും ഓരോ കുതിരകളുമായി എങ്ങോട്ടോ ഓടി രക്ഷപ്പെട്ടു. മററുള്ളവരും അവരെപ്പോലെതന്നെ രക്ഷനേടാൻ ബദ്ധപ്പെട്ടു പാഞ്ഞു. ഇങ്ങനെ സകലവാഹനങ്ങളും. സാധനസാമഗ്രികളും പീരങ്കികളും മററു സകല വിഭവങ്ങളും ശത്രുക്കൾക്കു ലഭിച്ചു. ജനറൽബ്രാഡക്ക് മുറിവേററ് അവശനായി. അദ്ദേഹത്തെ വലിയ വിഷമത്തോടെയായിരുന്നു കൊണ്ടുവന്നതുതന്നേയും. അദ്ദേഹത്തിൻെറ സെക്രട്ടറിയായ മി: ഷേർലി ഈ ആക്രമണത്തിൽ മൃതിഅടഞ്ഞു. എൺപത്തിആറു സൈനികോദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നതിൽ അറുപത്തിമൂന്നു പേ:രാളം കൊല്ലപ്പെടുകയോ മുറിവേൽപ്പുകൾക്ക് വിധേയരാവുകയോചെയ്തു. പട്ടാളത്തിൽ ആകെ ആയിരത്തിഒരുനൂറുപേർ

ഉണ്ടായിരുന്നതിൽ എഴുന്നൂററിപ്പതിന്നാല്യപേർ കൊല്ലപ്പെട്ടു. ഈ ആയിരത്തിരുന്നൂറുപേരാകട്ടെ ആകെ ഉണ്ടായിരുന്ന രണ്ടു പട്ടാളങ്ങളിൽനിന്നും പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. അവശേഷിച്ചവർ കേൾണൽഡൺബാറിൻെറ നേതൃത്വത്തിൽ കൂടുതൽവണ്ടികളും വിഭവങ്ങളും അശ്വങ്ങളുമായി പുറകേ യാത്രചെയ്യേത്തുവാൻ നിയോഗിക്കപ്പെട്ടിരുന്നു. ആക്രമണത്തിനു വിധേയരായി പ്രാണരക്ഷാർത്ഥം ഓടിപ്പോയവർ; അവരെ ആരും പിൻതുടരായ്കനിമിത്തം കേൾണൽഡൺബാറിൻെറ പാളയസ്ഥലത്തു് എത്തിച്ചേർന്നു. അവരിൽനിന്നു കേട്ട വർത്തമാനത്താൽ കേൾണലും അദ്ദേഹത്തിൻെറ ആളുകളും വളരെ ചകിതരായി. അദ്ദേഹം ഉടൻതന്നെ പുറപ്പെട്ടു് നഷ്ടപ്പെട്ട ബഹുമതിയെ വീണ്ടെടുത്തു് അഭിമാനമെങ്കിലും പുലർത്തേണ്ടതിനുപകരം അവിടെയുണ്ടായിരുന്ന വിഭവങ്ങളും വെടിമരുന്നുകോപ്പുകളും മററും വാരി എങ്ങെങ്കിലും എറിവാൻ പറഞ്ഞശേഷം, വാസസ്ഥാനത്തു് എത്തുവാൻ കൂടുതൽ കുതിരകളുടെ സഹായം ആവശ്യപ്പെടുകയാണു ചെയ്തതു്. ഈ സന്ദർഭത്തിൽ വെർജീനിയാ, മേരിലൻഡു്, പെൻസിൽവേനിയ എന്നിവിടങ്ങളിലെ ഗവർണർമാർ അദ്ദേഹത്തോടുകൂടിയുണ്ടായിരുന്ന ആയിരത്തോളംവരുന്ന പട്ടാളത്തിനെ അതിർത്തിദേശങ്ങളിൽ സ്ഥാപിച്ചു് അവിടത്തെ നിവാസികൾക്കു് അല്പംചില രക്ഷകൾ നൽകുവാൻ അഭ്യർത്ഥിച്ചു. എന്നാൽ ഡൺബാർ ബദ്ധപ്പെട്ടുള്ള ഓട്ടത്തിൽ, ഫിലഡൽഫിയായിൽ ചെന്നുചേരുന്നതിനെപ്പററിമാത്രമേ ഗണിച്ചുള്ളു. ആകെപ്പാടെ ഈ സംരംഭമെല്ലാം കൊണ്ടു വന്നുകൂടിയതു്, അമ്മേരിക്കക്കാരായ ഞങ്ങൾ ബ്രിട്ടീഷ് സൈനികപരാക്രമങ്ങളിൽ അതിർകടന്നു വിശ്വസിച്ചതു് കേവലം മൗഢ്യമായി എന്നുമാത്രമാകുന്നു.

അവരുടെ ആദ്യത്തെയാത്രയിൽ അവർ കരയ്ക്കിറങ്ങിയതുതൊട്ടു് അധിവാസസങ്കേതത്തിൽ എത്തിച്ചേരുന്നതുവരെ നാട്ടുവാസികളെ കൊള്ളയടിക്കുകയും പാവപ്പെട്ട അനവധി കുടുംബങ്ങളെ പട്ടിണിയാക്കുകയും അപമാനിക്കുകയും ചെയ്യുകയുണ്ടായി. അതിനാൽ ഞങ്ങൾക്കു യഥാർത്ഥത്തിൽ യാതൊരു സഹായക്കാരും വേണ്ട എന്നു കരുതുവാൻ ഈ ദുഷ്പ്രവൃത്തി മതിയായി. എന്നാൽ 1781-ൽ ഫ്രഞ്ചുകാർ റോഡു്ദ്വീപുതൊട്ടു വെർജീനിയാവരെ നടത്തിയ യാത്രകളിൽ ജനങ്ങൾ ധാരാളം അധിവസിക്കുന്ന പ്രദേശങ്ങളിൽനിന്നുപോലും ഒരൊററപ്പന്നിയോ, കോഴിക്കുഞ്ഞോ ആപ്പിൾപഴമോപോലും നഷ്ടപ്പെട്ടു എന്ന ആവലാതിക്കു ഇടയാക്കിയില്ല എന്നകാര്യവും ഈ സന്ദർഭത്തിൽ പ്രസ്താവയോഗ്യമാകുന്നു.

ക്യാപ്റ്ററർ 'ഓററം' എന്നയാൾ ജനറൽബ്രാഡക്കിൻെറ അംഗരക്ഷകനായിരുന്നു. അദ്ദേഹത്തിന്ന് അപായകരമായ മുറിവാണുപററിയതു്. അദ്ദേഹത്തെ ഗവർണർ ജനറലിനോടൊപ്പം കൊണ്ടുവന്നിരുന്നു. മരിക്കുന്നതുവരെ ആ മനുഷ്യൻ ജനറലിനോടുകൂടിയായിരുന്നു. മുറിവേററദിവസം ഒട്ടുക്കു് അയാൾക്കൊന്നുംസംസാരിക്കാൻ സാധിച്ചില്ല. പിറേറദിവസം പറഞ്ഞതു്, "ആരാണു് ഇങ്ങനെയൊരു ആക്രമണം സംഭവിക്കുമെന്നു് വിചാരിച്ചതു്" എന്നാണത്രേ—"ആട്ടേ; അവരോടു അടുത്തൊരവസരത്തിൽ പകരംവീടിക്കൊള്ളാം" എന്നായിരുന്നു, മരിക്കുമ്പോൾ അയാളുടെ സമാധാനം.

സെക്രട്ടറിയുടെ കടലാസ്സുകളും, ജനറലിൻെറ ആജ്ഞാപനങ്ങളും, വിജ്ഞാപനങ്ങളും മറെറഴുത്തുകുത്തുകളും ശത്രുക്കളുടെ കൈവശം ചെന്നുചേർന്നു. അവയിൽ അനവധിലേഖനങ്ങളെ അവർ ഫ്രഞ്ചുഭാഷയിലേയ്ക്കു തർജ്ജമചെയ്തു. ഫ്രാൻസുമായി യുദ്ധപ്രഖ്യാപനംചെയ്യുന്നതിനുമുമ്പുതന്നെ ബ്രിട്ടീഷുകാർക്കു് ഫ്രഞ്ചുകാരോടു് എത്രമാത്രം വിരോധമാണു് എന്നു ഈ കത്തുകളിൽനിന്നു തെളിയിക്കുവാൻ അവർ അവ സൂക്ഷിച്ചു. ഈ കത്തുകളുടെ കൂട്ടത്തിൽ ഞാൻ ജനറലിൻെറ സൈന്യത്തിനു ചെയ്തുകൊടുത്ത സഹായം ആസ്പദമാക്കി എന്നെ മന്ത്രിസഭയുടെ ശ്രദ്ധയിൽ എത്തിക്കുന്ന കത്തുകളും ഉണ്ടായിരുന്നു. അനന്തരകാലത്തു് ഹെർട്ട്ഫോർഡു് പ്രഭുവിൻെറ സെക്രട്ടറിയും പിന്നെ കുറേക്കാലം സ്റ്റേററ്സെക്രട്ടറി ജനറൽകോൻവേയുടെ സെക്രട്ടറിയുമായിരുന്ന ഡാവിഡ്ഹ്യൂ എന്ന ആൾ ബ്രാഡക്കു് എന്നെപ്പററി പ്രശംസാപരമായി എഴുതിയിരുന്ന കത്തുകൾ വായിച്ചിട്ടുള്ള വിവരം പറയുകയുണ്ടായി. എന്നാൽ ആ സൈനികമഹായാത്ര നിശ്ശേഷം ഒരു പരാജയമായിരുന്നതിനാൽ അതുസംബന്ധിച്ച ഏതൊരു പ്രശംസകൾകൊണ്ടും യാതൊരു ഫലവുമില്ലല്ലോ.

അദ്ദേഹത്തിൽനിന്നു ഞാൻ എന്തെങ്കിലും പ്രതിഫലം ഉദ്ദേശിച്ചുവെങ്കിൽ അതു് ഒരേഒരുകാര്യംമാത്രമായിരുന്നു. ഞങ്ങളുടെ വിലകൊടുത്തുവാങ്ങിയ ഭൃത്യന്മാരെ പട്ടാളത്തിൽ ചേർത്തിരുന്നതുകണ്ടു് ആ കൂട്ടരെ ഞങ്ങൾക്കു വിട്ടുതന്നേയ്ക്കണം എന്നുമാത്രം. അത്തരക്കാരെ വിട്ടയയ്ക്കാം എന്നു് അദ്ദേഹം സമ്മതിക്കുകയുംചെയ്തിരുന്നു. ഇങ്ങനെ എൻെറ അഭ്യർത്ഥനയനുസരിച്ചു് ചെയ്തനിമിത്തം അനവധി അടിമകൾ അവരുടെ യജമാനന്മാരുടെ സമീപം ചെന്നുചേർന്നു. എന്നാൽ ഇങ്ങനെ ഭൃത്യന്മാരെ വിട്ടുകൊടുക്കേണ്ടതാണെന്നുള്ളകല്പന ഡൺബാറിനു ലഭിച്ചപ്പോൾ അദ്ദേഹം അത്ര

തന്നെ അക്കാര്യത്തിൽ ഔദാര്യവാനായി കാണപ്പെട്ടില്ല. അയാറം പിന്മാറുകയോ പേടിച്ചോട്ടുകയോ ആവട്ടെ, ഫിലഡൽഫിയായിൽ ആയിരുന്നപ്പോഠം ഈ ഒരു കാര്യത്തിന് പ്രതിവിധി ഉണ്ടാക്കുവാൻ ഞാൻ ആവശ്യപ്പെട്ടു; ലങ്കാസ്റ്റർകൗൺടിയിലെ മൂന്നു പാവപ്പെട്ട കൃഷിക്കാരെ ഇങ്ങനെ മോചിപ്പിച്ചുവിടുന്നകാര്യം. ഇതുകേട്ട ഡൺബാർ ആ ഭൃത്യന്മാരുടെ ഉടമസ്ഥർ ആവശ്യപ്പെടട്ടേ എന്ന് ആദ്യം നിർദ്ദേശിച്ചു. അദ്ദേഹം ആയിടെ ന്യൂയാക്കിലേയ്ക്ക് പോകുന്നുണ്ട് എന്നും വഴിമദ്ധ്യേ ട്രെൻററണിൽവച്ച് ആ ഉടമസ്ഥർ അദ്ദേഹത്തെ കാണട്ടെഎന്നും പറഞ്ഞു. അതുവരെ ചെന്നുചേരാനുള്ള വഴിച്ചെലവും സഹിച്ചു ആ ഉടമസ്ഥന്മാർ ട്രെൻററണിൽഎത്തി. എന്നാൽ ഡർബാൺ പറഞ്ഞതുപോലെ പ്രവൎത്തിക്കുകയുണ്ടായില്ല.

മുമ്പൊരിക്കൽ പ്രസ്താവിച്ചവിധം വണ്ടികളും അശ്വങ്ങളും സേനായാത്രയ്ക്കിടയ്ക്കുണ്ടായ അത്യാഹിതത്താൽ നഷ്ടപ്പെട്ട വിവരം അറിഞ്ഞതോടെ അനവധി ഉടമസ്ഥന്മാർ അതുസംബന്ധിച്ച നഷ്ടപരിഹാരത്തിനു എന്നെ പിടികൂടി. ഞാനാണല്ലോ അവൎക്ക് ആ പരിഹാരം ഉദ്ദേശിച്ചു രേഖാപ്രമാണം കൊടുത്തിരുന്നതു്. ഇവരുടെ ഈ സമീപനം എനിക്ക് കേവലം ഉപദ്രവകരമായി. അവൎക്ക് ചെല്ലാനുള്ള പണം പട്ടാളംവക ധനവ്യയാധികാരിയുദ്യോഗസ്ഥൻെറ പക്കലാണെന്നും, ആ പണം ചെലവുചെയ്യുവാൻ ജനറൽ ഷേർലിയുടെ അനുവാദം വേണമെന്നും, ഞാൻ ജനറലിനെ കത്തു മുഖേന വിവരം അറിയിച്ചിട്ടുണ്ടെന്നും, അദ്ദേഹം ദൂരസ്ഥലത്തായതുകൊണ്ടു മറുപടി കിട്ടുവാൻ താമസം നേരിടുന്നതാണെന്നും ഞാൻ അവരോടു പറഞ്ഞു. എന്തെല്ലാമായിട്ടും അവർ അടങ്ങുന്നതായിക്കണ്ടില്ല. അവരിൽ ചിലർ എൻെറ പേരിൽ സിവിൽവ്യവഹാരത്തിനുമുതിൎന്നു. ഏതായാലും ഭാഗ്യവശാൽ ജനറൽ ഷേർലി എൻെറ ഈ വിഷമഘട്ടത്തിൽനിന്നു എനിക്കൊരു മോചനം നേടിത്തന്നു. ഓരോരുത്തരുടേയും നഷ്ടത്തിൻെറ ശരിയായ സ്വഭാവം മനസ്സിലാക്കുവാൻ അദ്ദേഹം ഒരു പ്രത്യേകകമ്മീഷനെ നിയമിച്ച് ഉദ്ദേശം ഇരുപതിനായിരം പവൻ എന്ന തുകയ്ക്കുള്ള നഷ്ടപരിഹാരം സാധിച്ചുകൊടുത്തു. ആ ഭീമമായ സംഖ്യ ഞാൻ കൊടുക്കണമായിരുന്നുവെങ്കിൽ അതോടെ ഞാൻ മുടിഞ്ഞേനേ!

ഈ പരാജയത്തിൻെറവാൎത്ത നാടെങ്ങും പരക്കുന്നതിനുമുമ്പു 'ബോൺഡ്' എന്നു പേരുള്ള രണ്ടു ഡാക്ടരന്മാർ 'ഡ്യൂകഷീൻ'പിടിക്കുന്നതായ സംഭവം സങ്കല്പിച്ചുകൊണ്ടു് അതിന്മേലുള്ള ആഹ്ലാദത്തിൻെറ പ്രകടനത്തിനുവേണ്ടിയുള്ള ഒരു വെടിക്കമ്പക്കെട്ടാഘോ

ഷത്തിനു ചെലവാക്കേണ്ട പണത്തിന് ഒരു വരിസംഖ്യാലിസ്ററു മായി എൻെറ അട്ടത്തെത്തി. ഞാനല്പമൊരു ഗൗരവത്തോടെ സ്ഥിതിചെയ്തു് അപ്രകാരമുള്ള ഒരു വിജയപ്രകടനം നടത്തുവാൻ നമുക്കു സന്ദർഭം വന്നുചേരുമ്പോളല്ലേ, ഇത്തരമുള്ള ശ്രമങ്ങാം ആവശ്യമുള്ളൂ എന്നവരോടു പറഞ്ഞു. അവരുടെ നിർദ്ദേശത്തോടു ഞാൻ ഉടനെ യോജിക്കാത്തതുകണ്ടു് അവർ എന്തോ ആശ്ചര്യഭരിതരെന്നപോലെ കാണപ്പെട്ടു. "ഹെന്താണതു്. കഷ്ടമേ! ആ കോട്ട ആക്രമിച്ചു കീഴ്പ്പെടുത്തുന്നതു തീച്ചയായും സംഭവിക്കും എന്നു് അങ്ങു കരുതുന്നില്ലേ?" എന്നു് ഒരാഠം എന്നോടു ചോദിച്ചു. "കോട്ട പിടിക്കുകയില്ല" എന്നു ഞാൻ പറയുന്നില്ല, പക്ഷേ യുദ്ധകാര്യം സംബന്ധിച്ച അത്തരം സംഭവങ്ങളെ അത്ര തീച്ചയാക്കിപ്പറയാമോ?" എന്നായി എൻെറ ചോദ്യം. ഞാനിങ്ങനെ സംശയിക്കാനുള്ള കാരണങ്ങളും ഞാൻ വിശദപ്പെടുത്തി. ഉടനേതന്നെ വരിസംഖ്യപ്പിരിവുശ്രമങ്ങളെല്ലാം നിറുത്തിവച്ചു. കമ്പക്കെട്ടിനുള്ള സാമാനങ്ങളെല്ലാം ഒരുക്കംചെയ്തുവെങ്കിൽ സംഭവിക്കാവുന്ന നഷ്ടവും സങ്കടവും അവക്കു നേരിടേണ്ടിവന്നില്ല. ഡാക്ടർ ബോണ്ഡ് മറെറാരു സന്ദർഭത്തിൽ ഇങ്ങനെ പറഞ്ഞതായിക്കേട്ടു:— "എനിക്കു് ആ ഫ്രാൻക്ലിൻെറ ചില ദീർഘദർശനങ്ങളൊന്നും രസിക്കയില്ല" എന്നു്.

ബ്രാഡക്കിനുപററിയ പരാജയത്തിനുമുമ്പു് അസംബ്ളി അംഗങ്ങളെ, സംസ്ഥാനങ്ങളുടെ പ്രതിരോധത്തിന് ആവശ്യമുള്ള പണം പിരിച്ചെടുക്കുവാൻ മുതലാളിമാരായ തോട്ടക്കാരെ ഒഴിച്ചു നിയമമുണ്ടാക്കുന്നില്ല എന്ന കാരണത്താൽ ശല്യപ്പെടുത്തിവരികയായിരുന്നു. എന്നാൽ ആപത്തു് കുറേക്കൂടെ രൂക്ഷമായ അപ്പോഴത്തെ സന്ദർഭത്തിൽ അദ്ദേഹം ശല്യപ്പെടുത്തൽ ഇരട്ടിപ്പിച്ചു. അസംബ്ളിയാകട്ടെ, ന്യായം തങ്ങളുടെ വശത്താണു് എന്ന നിലയിൽ ഇളകാതെ ഒരു നിലതന്നെ സ്വീകരിച്ചു. ഗവർണ്ണർ അസംബ്ളിയുടെ ധനപരമായ ആവശ്യങ്ങൾക്കുള്ള ബില്ലിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നപക്ഷം, തങ്ങളുടെ സുനിശ്ചിതമായ അവകാശത്തെ വിട്ടെറിയുകയായിരിക്കും എന്നും കരുതി. അമ്പതിനായിരം പവൻ തുകയ്ക്കുള്ള ഒരു ബില്ലിൽ അദ്ദേഹം നിർദ്ദേശിച്ച ഭേദഗതി ഒരൊററ വാക്കിന്മേലായിരുന്നു ആ ബില്ലിലെ താല്പര്യപ്രകാരം, "സകല തോട്ടങ്ങളും, യഥാർത്ഥമോ സ്വന്തങ്ങളായവയോ ആയിരുന്നാലും, അവയിന്മേൽ കരം ചുമത്തേണ്ടതാകുന്നു. വൻകിടമുതലാളിമാരായ തോട്ടക്കാരുടെ വസ്തുക്കൾക്കു് യാതൊരു ഒഴിച്ചുനിറുത്തലും അനുവദിക്കാതെ" അദ്ദേഹത്തിൻെറ ഭേദഗതി

യാകട്ടെ "അനുവദിക്കുന്നതല്ലാതെ" എന്നു മാററണമെന്നതായിരുന്നു. വെറും നിസ്സാരമെങ്കിലും പ്രയോഗത്തിൽ വളരെ ഗൗരവമുള്ള ഒരു മാററം. ഏതായാലും ഈ അത്യാഹിതത്തെപ്പററിയുള്ള വത്തമാനം ഇംഗ്ലണ്ടിൽ എത്തിയപ്പോഠം, ഗവണ്ണരുടെ സന്ദേശങ്ങഠംക്കും അഭിപ്രായങ്ങഠംക്കും അസംബ്ളി കൊടുത്തിരുന്ന മറുപടികഠം ശരിയായി അറിഞ്ഞിരുന്ന ഞങ്ങളുടെ ചില സുഹൃത്തുക്കഠം അമ്മേരിക്കയിലെ വൻകിടമുതലാളിമാരുടെ നിന്ദ്യമായ മനോഭാവത്തേയും ഗവണ്ണർമാക്ക് അപ്രകാരമുള്ള ന്യായരഹിതങ്ങളായ നിർദ്ദേശങ്ങഠം നൽകിയ നീചത്വത്തേയും ഇംഗ്ലണ്ടിൽവച്ച് അതികഠിനമായി അധിക്ഷേപിച്ചു. അവരിൽ ചിലരുടെ അഭിപ്രായം, ഈ തോട്ടമുടമസ്ഥന്മാർ തക്കസമയത്ത്, പണമനുവദിക്കുവാൻ പ്രതിബന്ധമായിനിന്നതുകൊണ്ട് അവക്ക് ആ വസ്തുവകകഠംക്കുതന്നെ അവകാശമില്ല എന്നതായിരുന്നു. ഇതുകൊണ്ടു പേടിച്ച നിലമുടമകഠം അസംബ്ളി ചെലവുചെയ്യുന്ന തുകയിൽ അയ്യായിരം പവൻ കൂടെ കൂട്ടിക്കൊഠംവാൻ അവരുടെ സ്വീകരണജനറലിന് ഒരു പ്രത്യേക അധികാരച്ചുമത്തൽമുഖേന അറിവുകൊടുത്തു.

വിവരം അസംബ്ളിയെ എഴുതി അറിയിച്ചു. ഈ സംഖ്യ നിലമുടമകളുടെ ഓഹരിയായി കൈക്കൊണ്ട് നികുതിയിൽനിന്നു അവരെ ഒഴിവാക്കുന്ന വ്യവസ്ഥയോടുകൂടി പ്രത്യേക ബില്ലൊന്നു തയ്യാറാക്കുകയും അതു് പാസ്സാക്കി എടുക്കുകയുംചെയ്തു. ഈ നിയമം സംബന്ധിച്ച് പണം ചെലവുചെയ്യുന്നതിനുള്ള കമ്മിഷണറന്മാരിൽ ഒരാളായി ഞാൻ നിയമിക്കപ്പെട്ടു. പണത്തുക അറുപതിനായിരം പവനായിരുന്നു. ബില്ല രൂപീകരിക്കുന്നതിലും അതു് യഥായോഗ്യം പാസ്സാകുന്നതിലും ഞാൻ വളരെ ശുഷ്കാന്തിയെടുത്തു. ഇതോടുകൂടിത്തന്നെ ഒരു പ്രത്യേകസൈന്യം രൂപീകരിക്കുവാനും അഭ്യാസസജ്ജമാക്കുവാനും മറെറാരു ബില്ലുകൂടെ ഞാൻ രൂപീകരിച്ചു. ഈ ബില്ല് ഞാൻ നിയമസഭയിൽ വളരെ വിഷമമൊന്നും കൂടാതെ പാസ്സാക്കിയെടുത്തു കാരണം, കപ്പാക്കറന്മാരെ യഥേഷ്ടം പ്രവത്തിക്കാനനുവദിച്ചിരുന്നു. സൈന്യരൂപീകരണത്തിനു അനുകൂലവും പ്രതികൂലവുമായ യുക്തികഠം കാണിച്ച് ഒടുക്കം അതിന്റെ ആവശ്യകതയെ സമത്ഥിച്ചുകൊണ്ട് ഞാൻ ഒരു സംഭാഷണാവലി തന്നെ എഴുതിയുണ്ടാക്കി അച്ചടിപ്പിച്ചു. അതിനു വേണ്ട പ്രചരണശക്തിയുണ്ടായി.

നഗരികളിലാകട്ടെ, നാട്ടിൻപുറങ്ങളിലാകട്ടെ, ബഹുവിധം കമ്പനികഠം രൂപീകരിക്കപ്പെട്ടുന്നകാലമായിരുന്നു, അതു്. അവ

പ്രവൎത്തനങ്ങളിൽ മുന്നിട്ടു നില്ക്കുകയും ആയിരുന്നു. ഈ ഘട്ടത്തിൽ ഞാൻ വടക്കുപടിഞ്ഞാറൻ അതിൎത്തിദേശത്തിൻെറ ചുമതല വഹിക്കണമെന്നു് ഗവൎണ്ണർ നിർബ്ബന്ധിച്ചു. ആ പ്രദേശങ്ങളോ? ശത്രുക്കളുടെ ആക്രമണങ്ങൾക്കു് വിധേയങ്ങളും. സ്ഥലവാസികളുടെ രക്ഷ ഉദ്ദേശിച്ചു് ഒരു സൈന്യം രൂപീകരിക്കാനും കോട്ട കെട്ടാനുമായിട്ടായിരുന്നു ഗവൎണ്ണർ എന്നോടു് പ്രത്യേകം ആവശ്യപ്പെട്ടതു്. ഞാൻ ഈ സൈനികആവശ്യം അനുസരിച്ച പ്രവൎത്തനം ഏററു. എനിക്കു് ഇതിലേയ്ക്കു് പ്രത്യേകയോഗ്യതകൾ ഒന്നുമില്ലായിരുന്നു എന്നു സമ്മതിച്ചുകൊള്ളുന്നു. വേണ്ട അധികാരങ്ങളോടുകൂടിയ സമ്മതിപത്രവും അദ്ദേഹം എനിക്കുനൽകി. കൂടാതെ ആരെല്ലാമാണോ യോഗ്യരെന്നു തോന്നുന്നതു് അത്തരക്കാർക്കു് നൽകുവാൻ പൂരിപ്പിക്കാത്ത അനവധി അനുമതിപത്രങ്ങളും അദ്ദേഹം എന്നെ ഏൽപ്പിച്ചു. ആളുകളെ ചേൎക്കുന്നതിനു എനിക്കേതും വിഷമമുണ്ടായില്ല. അഞ്ഞൂററിഅറുപതുപേരോളം എൻെറ നിയന്ത്രണത്തിൽത്തന്നെ ഉണ്ടായിരുന്നു. ക്യാനഡായ്ക്കെതിരായി രൂപീകരിച്ചിരുന്ന സൈന്യത്തിൽ എൻെറ മകൻ ഒരു ഉദ്യോഗസ്ഥനായിരുന്നു. അവൻതന്നെ എൻെറ അംഗരക്ഷകനായി. ഇതു് എനിക്കു് വളരെ പ്രയോജനപ്പെട്ടു. ഇൻഡ്യന്മാർ അന്നു 'നാഡൻഹട്ടു്' എന്ന ഗ്രാമം (മോർവിയൻസിൻെറ വാസദേശം) തീവെച്ചു നശിപ്പിക്കയും ദേശവാസികളെ കൊല്ലുകയും ചെയ്തിരുന്നു. എന്നാൽ ആ സ്ഥലം ഒരുനല്ല കോട്ടയ്ക്കു് പററിയതായിരുന്നു എന്നു് ഞാൻ കണ്ടു.

അങ്ങോട്ടേയ്ക്കു് മാൎച്ചുചെയ്യുന്നതിനു് ഞാൻ കമ്പനികളെ ബത്ത്ലിഹാമിൽ സമ്മേളിപ്പിച്ചു. അതു് ആ ജനങ്ങളുടെ പ്രധാന താവളമായിരുന്നു. സ്ഥലം പ്രതിരോധത്തിനു ഏററവും പററിയതുതന്നെ. നാഡൻഹട്ടിൻെറ നശീകരണം തദ്ദേശവാസികൾക്കു കൂടുതൽ ഭയമുണ്ടാക്കി. പ്രധാനകെട്ടിടങ്ങൾ ഒരു ചെറുകോട്ട കൊണ്ടു് സംരക്ഷിക്കപ്പെട്ടിരുന്നു. ആ സ്ഥലത്തുള്ളവർ ഏതാനും തോക്കുകളും കുറേ വെടിക്കോപ്പുകളും വാങ്ങിയിരുന്നു. വല്ല ഇന്ത്യന്മാരുടേയും ആക്രമണം ഉണ്ടാകുന്നപക്ഷം അവരുടെ തലനോക്കി എറിഞ്ഞുപററിക്കുവാൻ കുറേ കരിങ്കൽച്ചില്ലുകളും മുകളിൽ ജനലിന്നരികെ സ്ത്രീകൾ സൂക്ഷിച്ചിരുന്നു. ആയുധധാരികളായ എല്ലാ സോദരരും മുറയ്ക്കു തവണസൂക്ഷിപ്പു് കൈക്കൊണ്ടു. 'സ്പാൻജൻബെർഗ്ഗ്' എന്ന ബിഷപ്പുമായുള്ള സംഭാഷണത്തിൽനിന്നു അവരെ കോളണികളിലെ സൈനികകൃത്യങ്ങളിൽനിന്നു പാർലമെൻെറിലെ ഒരു നിയമംമുഖേന ഒഴിച്ചുവിട്ടിട്ടുണ്ടെന്നു ഞാനറിഞ്ഞപ്പോൾ എനിക്കല്പം ആശ്ചൎയ്യംതോന്നി. അവർ യഥാൎത്ഥത്തിൽ

ആയുധം ധരിക്കുവാൻ ധാർമ്മികമായി മനസ്സില്ലാത്തവരാണ് എന്നത്രേ ഞാൻ ധരിച്ചിരുന്നതു്. അദ്ദേഹം എന്നോടു പറഞ്ഞതു്, അവർ അതിനെ ഒരു സ്ഥാപിതതത്വമായിട്ടല്ല ഗണിച്ചിരിക്കുന്നതെന്നും പാർല്ലമെൻറുനിയമം കൊണ്ടുവന്ന കാലത്തു് അവരിൽ അധികംപേരും അതൊരു അവലംബയോഗ്യമായ തത്വമായിത്തന്നെ കരുതിയിരുന്നു എന്നുമാണ്. എന്തായാലും, ഈ സന്ദർഭത്തിൽ അവർ ആശ്ചര്യകരമായവിധം, ഏതാനും ചിലർ മാത്രമേ ആ തത്വം അനുസരിക്കുന്നുള്ളുവെന്നും മനസ്സിലാക്കി അവർ ഒന്നുകിൽ വഞ്ചിതരായി അഥവാ അവർ പാർല്ലമെൻറിനെ വഞ്ചിച്ചു. സാധാരണബുദ്ധിയും ആപത്തും ഒരുമിച്ചുകൂടുമ്പോൾ വിചിത്രതരങ്ങളായ വ്യാമോഹങ്ങൾക്കു് അത്ര വളരെ ഇടമില്ലല്ലോ.

ഇങ്ങനെ കോട്ടകെട്ടുവാൻ ഞങ്ങൾ മുതിന്നതു് ജാനുവരിമാസത്തിൻെറ ആരംഭത്തോടുകൂടിയായിരുന്നു. ഞാൻ ഒരുവിഭാഗം ആളുകളെ മിനിസിങ്കിലേയ്ക്കയച്ചു. ആ ഉന്നതതടംപോലുള്ള ഭൂമിയുടെ രക്ഷയുദ്ദേശിച്ചായിരുന്നു, ഇതു്. മറെറാന്നു താണഭൂപ്രദേശത്തേയ്ക്കും അയച്ചു. അവശേഷിച്ച സൈന്യവിഭാഗത്തോടുകൂടി നാഡൻഹട്ടിലേയ്ക്കു ഞാൻതന്നെ എത്താനും തിരിച്ചു. നാഡൻഹട്ടിൽ ഒരു കോട്ടയുണ്ടായിരിക്കണമെന്നുള്ളതു നിശ്ചിതമായിരുന്നു. മോർഗിയൻജനങ്ങൾ അഞ്ചുവാഹനങ്ങൾ ഞങ്ങളുടെ പണിയായുധങ്ങൾ, വിഭവങ്ങൾ, ചുമടുകൾ എന്നിവ സൂക്ഷിക്കുന്നതിലേയ്ക്കു് സംഭാവന ചെയ്തു.

ഞങ്ങൾ ബത്തു്ലിഹാ വിടുന്നതിനു അല്പംമുമ്പു് പതിനൊന്നുകൃഷിക്കാർ, ഇൻഡ്യന്മാർ നിമിത്തം തങ്ങളുടെ തോട്ടങ്ങളിൽനിന്നു തുരത്തപ്പെട്ടവരായി ഞങ്ങളുടെ അടുത്തെത്തി കുറേ വെടിസാമാനങ്ങൾ കൊടുക്കണമെന്നു് ആവശ്യപ്പെട്ടു. അവർ ഓരോരുത്തക്കും ഓരോ തോക്കും കുറേ തോട്ടായും ഞാൻ കൊടുത്തു. ഞങ്ങൾ വളരെദൂരം സഞ്ചരിച്ചില്ല, അതിനു മുമ്പുതന്നെ ഒരു മഴ ആരംഭിച്ചു. അതു് ദീർഘനേരം നിലനിന്നു. റോഡിനരികെ മഴയിൽനിന്നു രക്ഷപ്പെടുവാൻ യാതൊരു ഭവനവും ഇല്ലായിരുന്നു. അന്നു രാത്രിയായതോടുകൂടി ഞങ്ങൾ ഒരു ജമ്മൻഭവനത്തിൽ ചെന്നുചേന്നു നനഞ്ഞുകുഴഞ്ഞു വല്ലാതായി ഞങ്ങൾ അവിടെയുള്ള ഒരു ധാന്യശാലയിൽക്കയറി തിക്കിക്കൂടി. ഏതായാലും വഴിയിൽവച്ചു ആരും ഞങ്ങളെ ആക്രമിച്ചില്ല എന്നതു് എത്രയോ ഭാഗ്യമായി. ഞങ്ങളുടെ ആയുധങ്ങൾ വെറും സാധാരണങ്ങളായിരുന്നു. വെടിമരുന്നു നനയാതെ സൂക്ഷിക്കുവാൻ സാധിക്കാതെയുമിരുന്നു. ഇമ്മാതിരി സന്ദർഭങ്ങളിൽ ആക്രമണം നടത്തുവാൻ ഇൻഡ്യന്മാർ വളരെ

വൈഭവശാലികളത്രേ. അവർ മുമ്പുപറഞ്ഞ പതിനൊന്നു കൃഷിക്കാരേയും എതിരിട്ടു പത്തുപേരെ വകവരുത്തി. രക്ഷപ്പെട്ട ഏകമനുഷ്യൻ ഞങ്ങളുടെ അടുത്തെത്തി അവർക്കു കിട്ടിയിരുന്ന തോക്കുകൾകൊണ്ടു് വെടി തീരുകയില്ലായിരുന്നു എന്നവിവരം അറിയിച്ചു.

അടുത്തദിവസം മഴയുടെ ശല്യം തീൎന്നു് ഞങ്ങൾ യാത്രതിരിച്ചു. നാശത്തിനും നഷ്ടങ്ങൾക്കും പാത്രീഭവിച്ച 'നാഡൻഫട്ടു്' ഗ്രാമത്തിൽ ഞങ്ങൾ ചെന്നുചേൎന്നു. അതിനടുത്തു് ഒരു അറുപ്പുവാൾയന്ത്രമുണ്ടായിരുന്നു. അതിനുചുററും പലകകൾ അടുക്കിവയ്ക്കപ്പെട്ടവ എടുത്തു് ഞങ്ങൾ ചില കുടിലുകളുണ്ടാക്കി. കൂടാരങ്ങൾ ഇല്ലായ്കയാൽ അപ്പോഴത്തെ പ്രതികൂലകാലാവസ്ഥയ്ക്കു് ഇതുമാത്രമേ ഒരുപായമായിക്കണ്ടുള്ളു. ഞങ്ങളുടെഒന്നാമത്തെജോലി അവിടെക്കണ്ടശവശരീരങ്ങൾ നല്ലവണ്ണം കുഴിച്ചിടുക എന്നുള്ളതായിരുന്നു. നാട്ടുകാർ ആ ശരീരങ്ങളെ നല്ലവണ്ണം മൂടികുഴിച്ചിട്ടിരുന്നില്ല.

അടുത്തദിവസം രാവിലെ ഞങ്ങൾ കോട്ടകെട്ടുന്നതിനുള്ള ആസൂത്രണങ്ങൾ നിശ്ചയിച്ചു. നാന്നൂററിഅൻപതു അടി വ്യാസത്തിൽ അളന്നുതിട്ടപ്പെടുത്തി മരങ്ങൾ കൊണ്ടുള്ള അടുക്കായ തടി ഒരടി വ്യാസാൎദ്ധത്തിൽ എന്ന കണക്കിനു തയ്യാറാക്കി ഉണ്ടാക്കാനായിരുന്നു ഞങ്ങളുടെ ഉന്നം. ഇതിലേയ്ക്കാവശ്യമുള്ള വൃക്ഷങ്ങൾ വെട്ടിയിടുന്നതിനു് എഴുപതോളം കോടാലികൾ പെട്ടെന്നു ദ്രുതഗതിയിൽ പ്രവൎത്തനം ആരംഭിച്ചു ഞങ്ങളോടുകൂടി യുണ്ടായിരുന്ന ആളുകൾക്കു് സാമൎത്ഥ്യം പ്രത്യേകിച്ചുണ്ടായിരുന്നതിനാൽ കോടാലിപ്രയോഗത്തിൽ വലിയ പ്രവൎത്തനവേഗം കാണപ്പെട്ടു. വൃക്ഷങ്ങൾ അത്രവേഗത്തിൽ വീഴുന്നതുകണ്ടു് അവരുടെ പ്രവൎത്തനവൈഭവത്തിലുള്ള വേഗം കണക്കാക്കാൻ ഞാൻ വാച്ചെടുത്തു നോക്കിക്കൊണ്ടിരുന്നു. രണ്ടാളുകൾകൂടി ഒരു പൈൻമരം വെട്ടിത്താഴത്തിടുവാൻ ആറുമിനിട്ടുനേരംമാത്രമേ വേണ്ടിവന്നുള്ളു. അതിനു് പതിന്നാലടി വ്യാസാൎദ്ധം ഉണ്ടായിരുന്നു. ഓരോ പൈൻമരവും പതിനെട്ടടി നീളമുള്ള മൂന്നു അടുക്കുതടികൾക്കു് പോരുമായിരുന്നു. ഇങ്ങനെയുള്ള ഒരുക്കങ്ങൾ നടക്കുമ്പോൾ മററു ചിലകൂട്ടർ മൂന്നടി താഴ്ചയുള്ള ഒരു കിടങ്ങുകുഴിക്കുന്നതിൽ ഏൎപ്പെട്ടു. ഇവയിലാണു് മുമ്പുപറഞ്ഞ മരത്തടികൾ കുഴിച്ചുനിൎത്തേണ്ടിയിരുന്നതു്. ഞങ്ങളുടെ സാമാനവണ്ടികളിലെ പ്രത്യേകകൂടായഭാഗം മാററി മുൻചക്രങ്ങളും പിൻചക്രങ്ങളും പ്രത്യേകം വേർപെടുത്തി ഇങ്ങനെ രണ്ടു കുതിരകൾ വീതമുള്ള പത്തു വണ്ടികൾ മരത്തടികൾ കൊണ്ടുവരുന്നതിനു് ഉപയോഗിക്കപ്പെട്ടു. അവ കുഴിച്ചുനിറുത്തിയതിനുശേഷം

മരപ്പണിക്കാർ പട്ടാളക്കാക്ക് നിന്നു വെടിവയ്ക്കുവാൻ പാകത്തിൽ ഉള്ളിൽനിന്നു പലകകൾ നിരത്തിക്കെട്ടി. ഇതിനു ആറടി പൊക്കമുണ്ടായിരുന്നു. ഞങ്ങൾക്ക് ഒരു ചങ്ങലത്തോക്കുണ്ടായിരുന്നു. ഇതു് അവിടെയുള്ള കോണങ്ങളിലൊന്നിൽവച്ചു. അതു് ഉറപ്പിച്ച ഉടൻതന്നെ ഏതാനും വെടികൾ വെച്ചു. ഞങ്ങൾക്കു് ഇങ്ങനെ ബലമേറിയമാരകായുധങ്ങൾ ഉണ്ടെന്നു് ഇന്ത്യന്മാരെ അറിയിക്കുന്നതിലേയ്ക്കായിരുന്നു വെടിവച്ചതു്. കോട്ട, എന്ന മഹനീയമായ നാമധേയം ഈ തൽക്കാലവേലിപ്പണികൾക്കു കല്പിക്കാമെങ്കിൽ, ആ കോട്ട ഒരാഴ്ചയ്ക്കുള്ളിൽ പണികഴിക്കപ്പെട്ടു. മഴഒഴിഞ്ഞുള്ള ദിവസങ്ങളിലായിരുന്നു 'ദുർഗ്ഗനിർമ്മാണം' നടന്നതു എന്നും പറഞ്ഞുകൊള്ളട്ടെ.

ഈ കോട്ടകെട്ടിൽനിന്നു ഞാൻ ഒരു കാര്യം പ്രത്യേകിച്ചുമനസ്സിലാക്കി. ആളുകൾക്കു് എന്തെങ്കിലും ജോലികൾചെയ്യാനുണ്ടായിരുന്നാൽ അവക്കു്മിക്കവാറും ശാന്തതയോടും സംതൃപ്തിയോടും കഴിയാം എന്നും പകൽസമയം മുഴുവൻ ജോലിചെയ്തു എന്ന സമാധാനം തോന്നുമ്പോൾ വൈകുന്നേരം സന്തോഷത്തോടെ കഴിക്കാൻ സാധിക്കുമെന്നും നേരേമറിച്ചു് ജോലി ഒന്നുംതന്നെ ഇല്ലാതിരിക്കുമ്പോഴാണു് ആളുകൾ നിസ്സാരകാര്യങ്ങളെപ്പററി ഓരോകലഹങ്ങളും ശണ്ഠകളും കലാപങ്ങളും നടത്തുന്നതു് എന്നും. ഇക്കാര്യത്തെപ്പററിചിന്തിക്കുമ്പോൾ ഒരു പഴയകപ്പിത്താന്റെ കഥ ഓർമ്മയിൽ എത്തുന്നു. അയാൾ കപ്പൽജോലിക്കാരിൽ യാതോരാളിനേയും ഒരിക്കലും വെറുതേഇരിക്കാൻ സമ്മതിക്കുകയില്ല. ഒരു ദിവസം കപ്പൽജോലിക്കാർക്ക് യാതൊന്നുംതന്നെ കൂടുതലായി ചെയ്യാനില്ല എന്നു കൂട്ടുകാരൻ പറയുന്നതു കേട്ടപ്പോൾ ക്യാപ്ററന്റെ വാക്കുകൾ ഇങ്ങനെആയിരുന്നു:—"അവരോടുപോയി ആ നങ്കൂരം ഒന്നു തേച്ചുമിനുക്കുവാൻ പറയുക."

മേൽ പ്രസ്താവിച്ചവിധമുള്ള കോട്ട എത്രമാത്രം അപഹാസ്യമായിരുന്നാലും, ഇൻഡ്യന്മാക്കെതിരായിവേണ്ടുവോളമുള്ള ഒരു പ്രതിരോധപംക്തിതന്നേയാകുന്നു. അക്കൂട്ടക്കു് പീരങ്കികൾഇല്ലല്ലോ. ഞങ്ങൾ ഇങ്ങനെ ഭദ്രമായവിധം രക്ഷയ്ക്കുള്ള ഒരുക്കങ്ങളെല്ലാംനേടി എന്നും ആപത്തടുക്കുമ്പോൾ ഓടിരക്ഷപ്പെടാൻ ഞങ്ങൾക്കു് തക്ക ഒരു സ്ഥലം സിദ്ധിച്ചു എന്നും കണ്ടപ്പോൾ അടുത്തുള്ളപ്രദേശങ്ങൾ ആക്രമിക്കണമെന്നു് ഞങ്ങൾ നിശ്ചയിച്ചു. ഈ സംരംഭത്തിനിടയിൽ ഞങ്ങൾ യാതൊരിൻഡ്യന്മാരേയും കണ്ടില്ല. അവർ ഞങ്ങളുടെ നേക്കു് ആക്രമണം നടത്തുവാൻ ഒളിച്ചിരുന്ന ഓരോ കുന്നുംപുറവും ഞങ്ങൾക്കു് മനസ്സിലായി. അവരിങ്ങനെ ഒളിച്ചി

രുന്നു കഴിച്ച ഓരോസ്ഥലത്തേയുംപററി പ്രത്യേകം ചിലതും ശ്രദ്ധി ക്കാനുണ്ടായിരുന്നു. മഴക്കാലമായതിനാൽ തണുപ്പിൽനിന്നു രക്ഷ നേടുക ആൎക്കും ആവശ്യമായിരിക്കുമല്ലോ. ഇതിലേയ്ക്കു് കാട്ടിൽ എല്ലാപേൎക്കുംകൂടെ ഉപയോഗിക്കത്തക്കവിധം പൊതുവേ ഒരു അഗ്നികുണ്ഡം ജ്വലിപ്പിച്ചാൽ അതു ആരുടേയും ദൃഷ്ടിയിൽപ്പെടും. അതിനാൽ അന്യരാരും അറിയാതിരിക്കുവാൻ അവർ കാട്ടിൽ അവി ടവിടെയായി മൂന്നടിവ്യാസത്തിൽ ഓരോകുഴികുഴിച്ചുപോന്നു. കാട്ടുതീ നിമിത്തം കത്തിയെരിഞ്ഞ അവശേഷിച്ച വൃക്ഷങ്ങളുടെ ഭാഗങ്ങൾ അവർ കൈക്കോടാലികൊണ്ടുവെട്ടി ആ കരിഭാഗം കത്തിച്ചു തീകാ ഞ്ഞുവന്നു. മേൽപ്പറഞ്ഞകുഴികളിൽ ഈ കരിയിട്ടുകത്തിച്ചു അതിന്നു രികെയായി അവർ കയറിക്കിടന്നിരുന്നതിൻെറ ലക്ഷണങ്ങൾ പല തും പുല്ലുകളുടേയും ചെടികളുടേയും ഇടയ്ക്കു ഞങ്ങൾക്കു് കാണ്മാൻ കഴിഞ്ഞു ഇങ്ങനെ കത്തിക്കുന്ന തീയായതിനാൽ അതു ആളിക്ക ത്തുകയോ പുക വെളിയിലേയ്ക്കു് വിടുകയോചെയ്തിരുന്നില്ല. അതി നാൽ വെളിയിലുള്ളവൎക്കു് ഇത്തരം അഗ്നികുണ്ഡങ്ങൾ കാണ്മാനും അവരെ മനസ്സിലാക്കുവാനും സാധിക്കുകയുമില്ലായിരുന്നു അവർ എണ്ണത്തിൽ അധികം ഇല്ലായിരുന്നു അവരുടെ ആക്രമണംകൊ ണ്ടു് യാതൊരുഫലവുമുണ്ടാവാത്തവിധത്തിൽ ഇത്തവണ, ഞങ്ങ ളിൽ ആൾ കുറേക്കൂടുതലും ആയിരുന്നു.

ഞങ്ങൾക്കു പുരോഹിതൻ എന്ന നിലയിൽ ഒരു പ്രെസ്ബി ററീരിയൻപാതിരി ഉണ്ടായിരുന്നു. 'ബിയ.ററി' എന്നു പേരായ ഈ മതാചാൎയ്യന്നു് എപ്പോഴും ചില ആവലാതികൾ ഉണ്ടാവും. ഞങ്ങളുടെ ആളുകൾ അദ്ദേഹത്തോടുകൂടി പ്രാൎത്ഥിക്കുവാൻ എത്തു കയോ അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുവാൻ ചെല്ലുകയോ ചെയ്യുന്നില്ല എന്ന പരാതി. അവരെ പട്ടാളത്തിൽ ചേൎത്തപ്പോൾ ശമ്പളത്തിനും ആഹാരസാധനങ്ങൾക്കും പുറമേ 'റം' എന്ന മദ്യം എട്ടൗൺസും കൊടുക്കാമെന്നായിരുന്നു വ്യവസ്ഥ. ഈ എട്ടു് ഔൺസിൽ പകുതി രാവിലേയും പകുതി വൈകിട്ടും. ഈ രണ്ടു സമയത്തും 'റം' വാങ്ങുവാൻ അവർ കണിശമായി എത്തിക്കൊണ്ടി രുന്നു. ഞാൻ മി: ബിയാററിയോടുപറഞ്ഞു:—"ഇവൎക്കു 'റം' കൊടു ക്കുന്നവേല അങ്ങയുടെ പദവിക്കു താഴ്ന്നതുതന്നെ—എന്നാലും പ്രാൎത്ഥനകൾ കഴിഞ്ഞശേഷംമാത്രമേ 'റം' കൊടുക്കുകയുള്ളൂ എന്നൊരുനിയമം വച്ചിരുന്നുവെങ്കിൽ ഇവരെല്ലാപേരും തീൎച്ച യായും ആ പ്രാൎത്ഥനാസന്ദൎഭത്തിൽ ഉണ്ടായിരിക്കും." അദ്ദേഹം ഇതു സമ്മതിച്ചു പ്രാൎത്ഥനയ്ക്കുശേഷമാക്കി 'റം' വിതരണം. ചില പ്പോൾ സൈനികസങ്കേതങ്ങളിൽ പ്രാൎത്ഥനകൾക്കു എത്താത്ത

വരെ ശിക്ഷിക്കുക പതിവുണ്ട്. ആ ശിക്ഷയ്ക്കുപകരം ഇങ്ങനെയൊരുപരിഷ്കാരം ഏർപ്പെടുത്തിയിരുന്നെങ്കിലോ എന്നു ഞാൻ വിചാരിക്കാറുണ്ട്.

ഞാനിങ്ങനെ കോട്ടകെട്ടിക്കുന്ന ഏർപ്പാടെല്ലാം പൂർത്തിയാക്കി കോട്ടയിൽ സാധനസാമഗ്രികളും വിഭവങ്ങളും വേണ്ടുവോളം ശേഖരിച്ചുകഴിഞ്ഞപ്പോൾ ഗവർണ്ണരിൽനിന്നു എനിക്കൊരു കത്തുകിട്ടി. അദ്ദേഹം അസംബ്ളി വിളിച്ചുകൂട്ടുന്നുഎന്നും, ഞാൻ എത്തണമെന്നുമായിരുന്നു കത്തിലെസാരം. അതിർത്തിദേശങ്ങളിൽ എന്റെ സാന്നിദ്ധ്യം അത്രതന്നെ ആവശ്യമില്ലാത്തവിധത്തിൽ വേണ്ട ഒരുക്കങ്ങൾ ചെയ്തുകഴിഞ്ഞിരിക്കുമെങ്കിൽ ഞാനെത്തണമെന്നായിരുന്നു, കത്ത്. അസംബ്ളിയിലെ എന്റെ സ്നേഹിതന്മാരും ഞാൻ ചെല്ലണമെന്നുള്ള നിർബ്ബന്ധത്തിൽ എനിക്കു കത്തുകളയച്ചു. ഞാൻ ഉദ്ദേശിച്ച മൂന്നു കോട്ടകളും പൂർത്തിയായി. ഈ രക്ഷയിൽ നാട്ടുവാസികൾ കഴിഞ്ഞുകൂടിക്കൊള്ളുമെന്നുള്ള സംതൃപ്തിയിൽ ഞാൻ പോകാമെന്നുതന്നെ തീരുമാനിച്ചു. കേർണൽക്ലാപ്ഹാം എന്നൊരു സൈനികഉദ്യോഗസ്ഥൻ ന്യൂഇംഗ്ലണ്ട് ഉദ്യോഗസ്ഥൻ എന്ന നിലയിൽ അവിടത്തെ സേനാധിപത്യം ഏററുകൊള്ളാമെന്നു സമ്മതിച്ചതും ഞാൻ പോകുന്നതിനു മറെറാരു സൗകര്യം തന്നു. ഞാൻ അദ്ദേഹത്തിനു ഒരു 'കമ്മിഷൺ' നല്കി സൈന്യാംഗങ്ങളെ അണിനിരത്തിനിറുത്തിക്കൊണ്ടു ആ കമ്മിഷൺവാക്യങ്ങൾ അവരെ വായിച്ചുകേൾപ്പിച്ചു അദ്ദേഹത്തെ ഒരു സൈനികഉദ്യോഗസ്ഥനെന്നനിലയിൽ പരിചയപ്പെടുത്തി എന്നേക്കാൾ അവരെ ഭരിക്കുവാൻ അദ്ദേഹമാണു കുറേക്കൂടെ യോഗ്യൻ എന്ന വിവരം അറിയിച്ചു. അവരെ വേണ്ടവിധം ഉപദേശിച്ചശേഷം ഞാൻ സ്ഥലംവിട്ടു. ബെത്ത്ലിഹംവരെ സൈന്യത്തിന്റെ ഒരു ചെറുവിഭാഗം എന്നെ അനുഗമിച്ചു. ബത്ത്ലിഹമിൽ ഞാൻ ക്ഷീണംതീക്കുവാൻ ഏതാനുംനാൾ വിശ്രമിച്ചു. ഒരു നല്ലകിടക്കയിൽക്കിടന്ന ആദ്യദിവസംരാത്രി ഉറക്കമുണ്ടായില്ല എന്നുതന്നെ പറയാം. അതേവരെ നാഡനിൽ വെറുംതറയിൽ ഒരു കമ്പിളി മാത്രം പുതച്ചായിരുന്നല്ലോ ശയനം.

ഞാൻ ബത്ത്ലിഹമിൽ ആയിരുന്നപ്പോൾ മോർവിയന്മാരുടെ രീതികളെപ്പററി ചില അന്വേഷണങ്ങൾനടത്തി. അവരിൽ ചിലർ എന്നോടുകൂടെവരികയും സ്നേഹപൂർവ്വം പെരുമാറുകയും ചെയ്തു. അവർ ഒരു പൊതുസ്ഥാപനത്തിൽ വേലചെയ്യുകയും, സാധാരണവിധത്തിലുള്ള ഭക്ഷണം കഴിക്കുകയും, ഒരു പ്രധാനമുറിയിൽ അനവധി ആളുകൾ ഒന്നിച്ചുശയിക്കുകയും ചെയ്തുപോന്നു.

അവരുടെ ശയനസ്ഥലങ്ങളിൽ കാററുലഭിക്കുന്നതിനായിരിക്കാം മുകൾഭാഗത്തു് ചില വിടവുകൾ ഉണ്ടായിരുന്നു; അതു നല്ലതുതന്നെ. അവരുടെ ദേവാലയങ്ങളിലെ പ്രാർത്ഥനാസന്ദർഭങ്ങളിൽ പലവിധത്തിലും മധുരസംഗീതോപകരണങ്ങൾകൊണ്ടുള്ള ആഹ്ലാദകരത്വം എനിക്കു് അനുഭവപ്പെട്ടിരുന്നു. സാധാരണയായി നമുക്കു് അനുഭവപ്പെട്ടിട്ടുള്ള രീതിയിലല്ലായിരുന്നു, അവരുടെ ദേവാലയപ്രസംഗങ്ങൾ. ബാലികാബാലന്മാരും യുവതീയുവാക്കന്മാരും വൃദ്ധജനങ്ങളും കൂടെയുള്ള പുരുഷാരത്തെ അഭിമുഖീകരിച്ചല്ല, പിന്നെയോ? യുവതിമാർക്കു്, യുവാക്കൾക്കു്, ബാലന്മാർക്കു്, ബാലികമാർക്കു്, വൃദ്ധജനങ്ങൾക്കു് എന്നിങ്ങനെ പ്രത്യേകംപ്രത്യേകമായിട്ടായിരുന്നു പള്ളിപ്രസംഗങ്ങൾ. ഇതിൽ ബാലികാബാലന്മാർക്കുള്ള പ്രസംഗസന്ദർഭങ്ങളിൽ അവരുടെ അദ്ധ്യാപകാദ്ധ്യാപികമാർ മേൽനോട്ടംവഹിച്ചു. ആ പ്രസംഗത്തിൻെറ സ്വഭാവംതന്നെ ശ്രോതാക്കളെ പ്രത്യേകം വശീകരിക്കുന്നരീതിയിൽ ആയിരുന്നു. അവരെ നല്ലവരും നല്ല ജീവിതം നയിക്കുവാൻ പ്രാപ്തരും ആക്കുന്നവിധത്തിൽ ആ പ്രസംഗങ്ങൾ മനോഹരങ്ങളായിരുന്നു. ഏറെനേരം കാററും വെളിച്ചവും ധാരാളമില്ലാത്ത സ്ഥലത്തു് ഇരിക്കുന്നസ്വഭാവംകൊണ്ടാണെന്നു തോന്നുന്നു അവരിൽ ആരോഗ്യക്കുറവിൻെറ ചില ലക്ഷണങ്ങൾ കാണ്മാനുണ്ടായിരുന്നു.

മോവിയൻജനങ്ങളുടെ വിവാഹരീതികളെപ്പററി ഞാൻ ചില അന്വേഷണങ്ങൾനടത്തി, ആ വിവാഹങ്ങൾ വെറും ഭാഗ്യപരീക്ഷണങ്ങളെന്നനിലയിൽ ആയിരുന്നുവോ എന്നു്. ചിലരുടെകാര്യങ്ങളിൽമാത്രം ഈ ഭാഗ്യപരീക്ഷണം ശരിയായിരുന്നു. എതെങ്കിലും ഒരു ചെറുപ്പക്കാരനു് വിവാഹം കഴിക്കണം എന്നു തോന്നുമ്പോൾ അവൻ തൻെറ വർഗ്ഗത്തിലുള്ള പ്രായമായവരെ വിവരം അറിയിക്കുന്നു. വിശേഷിച്ചു പ്രായമായസ്ത്രീകളെ ഈ പ്രായമായ സ്ത്രീപുരുഷന്മാർക്കു് തങ്ങളുടെ പരിചയത്തിൽപ്പെട്ട ചെറുപ്പക്കാരെ അറിയാമായിരിക്കും. ഇവരുടെ തീരുമാനങ്ങളാണു് സാധാരണയായി സ്വീകരിക്കപ്പെടുന്നതു്. എന്നാൽ ഒരേവിധത്തിൽ യോഗ്യതയുള്ള രണ്ടോ മൂന്നോ യുവതിമാർ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അവരിൽ ഇന്നയാളാണെന്നു നിശ്ചയിക്കപ്പെടുന്നതു് ഭാഗ്യപരീക്ഷണംനടത്തിയിട്ടായിരുന്നു. ഇതു എനിക്കത്ര സ്വീകാര്യമായി തോന്നിയില്ല. "വിവാഹബന്ധങ്ങൾ ഇരുകൂട്ടരുടേയും സമ്മതവും ആഗ്രഹവും അനുസരിച്ചായിരുന്നാൽ നന്നായിരിക്കുകയില്ലേ? അല്ലെങ്കിൽ കലഹത്തിനു വഴിയാവില്ലേ?" എന്നു ഞാൻ ചോദിച്ചു. "സ്വയം തിരഞ്ഞെടുത്താലും അതുണ്ടാവാം" എന്നായിരുന്നു അതിലേയ്ക്കു് അവർക്കുള്ള സമാധാനം.

ഫിലഡൽഫിയയിലേയ്ക്കു് ഞാൻ തിരിച്ചെത്തി നോക്കിയപ്പോൾ അവിടത്തെ 'സംഘം' വിജയകരമായിത്തന്നെ പുരോഗമിക്കുന്നതായിക്കണ്ടു. അവിടത്തെ നിവാസികൾ ക്വാക്കറന്മാരല്ലാതിരുന്നതിനാൽ അവർ കമ്പനികളായി കൂട്ടുകയും ക്യാപ്റ്ററൻ, ലെഫ്റ്ററനൻറു്, എൻസൈൻ എന്നിവരെ പുതിയ നിയമങ്ങൾ അനുസരിച്ചു് തിരഞ്ഞെടുക്കുകയും ചെയ്തുപോന്നു. ഡാക്ടർ ബോണ്ടു് എന്നെ വന്നുകാണുകയും, നിയമസമാധാനങ്ങൾ പരിപാലിക്കുവാൻ ഒരു മനോഭാവം നാട്ടൊട്ടുക്കു സിദ്ധിക്കുന്നതിനുചെയ്ത ശ്രമങ്ങളെ പ്രഖ്യാപിക്കുകയുംചെയ്തു. ഞാനാകട്ടെ, അതെല്ലാം എൻെറ 'സംഭാഷണം' എന്ന ഗ്രന്ഥത്തിൻെറ പ്രചരണഫലമായി ഗണിച്ചു. അയാൾ പറഞ്ഞതിലും പരമാർത്ഥം ഉണ്ടായിരിക്കും. ഏതായാലും അയാളുടെ അഭിപ്രായംതന്നെ പുലർത്തിക്കൊള്ളുവാൻ ഞാൻ സമ്മതിച്ചു. അത്തരം സന്ദർഭങ്ങളിൽ ഏററവും ഉചിതമായവിധം ഞാൻ ഇങ്ങനെയാണു് സമ്മതിക്കാറുള്ളതു്. ഉദ്യോഗസ്ഥന്മാരെല്ലാം ഒന്നിച്ചുകൂടി എന്നെ പട്ടാളത്തിലെ ഒരു കേൾണലായി തിരഞ്ഞെടുത്തു ഞാൻ സ്വീകരിച്ചു ഞങ്ങൾക്കു് എത്ര കമ്പനികളാണു് ഉണ്ടായിരുന്നതു് എന്ന കാര്യം ഞാൻ മറന്നുപോയി. എന്നാൽ ഞങ്ങൾ ആയിരത്തിഇരുനൂറു യോഗ്യന്മാരായ ചെറുപ്പക്കാരെ അണിനിരത്തിനിറുത്തി. അക്കൂട്ടത്തിൽ ഒരുസംഘം കുതിരപ്പട്ടാളവും. അവരുടെ കയ്യിൽ ആറു പിത്തളക്കുഴലുകൾ—ഒരു മിനിട്ടിൽ പന്ത്രണ്ടു വെടിവയ്ക്കത്തക്കവിധമുള്ളവ ഏല്പിച്ചു. ആദ്യത്തെത്തവണ ഞാൻ ആ പട്ടാളം പരിശോധിച്ചപ്പോൾ അവർ എന്നോടുകൂടി വീട്ടിലേയ്ക്കു വന്നു. എൻെറ വസതിക്കു മുൻവശത്തുവന്നു് ഏതാനും ആചാരവെടികൾവച്ചു. ഇതുനിമിത്തം എൻെറ വിദ്യുച്ഛക്തിപരീക്ഷണങ്ങൾക്കുള്ള ചില സാമഗ്രികൾ പൊട്ടിത്തകൻന്നുപോയി. എനിക്കു സിദ്ധിച്ച ഈ പുതിയ ബഹുമതിയും അതുപോലെ വേഗം തകൻന്നു. കാരണം, ഇംഗ്ലണ്ടിലെ ചില പുതുനിയമങ്ങൾനിമിത്തം ഞങ്ങളുടെ കമ്മീഷനും റദ്ദായിപ്പോയി.

എൻെറ കേൾണൽ ഉദ്യോഗക്കാലമായ ഹ്രസ്വകാലത്തിൽ എനിക്കു് വെർജീനിയയിലേയ്ക്കു് ഒരു യാത്ര പോകാനുണ്ടായിരുന്നു. എൻെറ സൈന്യവിഭാഗത്തിലുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാക്കു് എന്നെ ടൌണതിത്തിവരെ അനുഗമിക്കേണ്ടതു് അവരുടെ ചുമതലയാണെന്നു് തോന്നി. അവരിൽ പത്തുനാൽപ്പതുപേർ അവരുടെ സൈനികവേഷത്തിൽ കുതിരപ്പുറത്തുകയറി അശ്വാരൂഢനായ എന്നെ അനുഗമിക്കുവാൻ മുതിൻന്നു. ഇങ്ങനെയൊരു അനുഗമനത്തെപ്പററി എനിക്കു് നേരത്തേ യാതൊരറിവും കിട്ടിയി

രുന്നില്ല. അങ്ങനെ അറിഞ്ഞിരുന്നുവെങ്കിൽ സാധാരണ സന്ദർഭങ്ങളെ സംസ്ഥാനകാര്യങ്ങൾ എന്നപോലെ ഗണിക്കുവാൻ ഞാൻ സമ്മതിക്കുകയില്ലായിരുന്നു. ഇങ്ങനെ ഉദ്യോഗസ്ഥന്മാർ സൈനിക വേഷത്തിൽ എന്നെ അനുഗമിക്കുന്നതു് എനിക്കു് വലിയൊരു കുണ്ഠിതവുമുണ്ടാക്കി. യാത്ര ആരംഭിച്ചപ്പോൾ അവരെല്ലാം വാളും ഊരിപ്പിടിച്ചുകൊണ്ടായിരുന്നു, കുതിരപ്പുറത്തു പ്രത്യക്ഷപ്പെട്ടതു്. ആരോ ഒരാൾ ഈ യാത്രയുടെ സ്വഭാവത്തെപ്പററി സ്ഥലാധികാരികൾക്കു് എഴുതി. അവരിലാർക്കെങ്കിലുമോ ഗവർണ്ണർമാർക്കോ ലഭിക്കാത്ത ഇത്തരം ഒരു ബഹുമതി എനിക്കു് സിദ്ധിച്ചതു് ഒരു അസാധാരണത്വംതന്നേയായിരുന്നു. രാജകുലജാതന്മാർക്കു മാത്രമാണു് ഇത്തരം ഒരു ബഹുമതിക്കു് അവകാശമുണ്ടായിരുന്നതു് എന്നു നിലമുടമസ്ഥൻ പറഞ്ഞു. ശരിയായിരിക്കാം. രാജകുലമര്യാദകൾ അന്നും ഇന്നും എനിക്കറിവില്ല.

ഈ നിസ്സാരസംഭവം സ്ഥലാധികാരികൾക്കു് എൻെറമേൽ മുമ്പിനാലേ തോന്നിയിരുന്ന കോപം വർദ്ധിപ്പിച്ചു. അയാളുടെ തോട്ടങ്ങളെ നികുതിയിനത്തിൽനിന്നു് ഒഴിവാക്കുന്നതിനു ഞാൻ പ്രതിബന്ധമായി നിന്നു എന്നതായിരുന്നു, കോപകാരണം. ഇങ്ങനെ നികുതിയിൽനിന്നു് ഒഴിവാക്കുന്ന നയത്തെ ഞാൻ എപ്പോഴും കഠിനമായി എതിർത്തിട്ടുണ്ടു് എന്നുതന്നെ സമ്മതിക്കുന്നു. അയാൾ രാജാധികാരത്തോടുള്ള സേവനത്തിനു ഞാൻ വലിയൊരു പ്രതിബന്ധമാണു് എന്നു് എന്നെ കുററപ്പെടുത്തി. പണംചെലവു വേണ്ടിവരുന്നതു് അനുവദിക്കുന്നതിനുള്ള ബില്ലുകൾ തടസ്സപ്പെടുത്തിയെന്ന കുററവും ആരോപിച്ചു. അയാളുടെ പക്കൽനിന്നു് നാട്ടിലെ ഭരണക്രമം എൻെറ കൈവശമാക്കുന്നതിനുള്ള ഒരു ഉദ്യമത്തിൻെറ ലക്ഷണമാണു് ഞാൻ അശ്വാരൂഢരും ഖഡ്ഗധാരികളുമായ ഉദ്യോഗസ്ഥരുടെ അകമ്പടിയിൽ യാത്രചെയ്തതു് എന്നൊരു ആരോപണവും കൊണ്ടുവന്നു. പോസ്ററുമാസ്റ്റർജനറലായ "എവറാഡ്ഫാക്നെർ" എന്നയാളിനോടു പറഞ്ഞു് എനിക്കു് അദ്ദേഹത്തിൻെറ വകുപ്പിൽ ഉണ്ടായിരുന്ന ഉദ്യോഗം ഇല്ലാതെയാക്കുവാനും ശ്രമിച്ചു ഈ ശുപാർശയുടെ ഫലമാകട്ടെ, സർ എവറാഡിൽനിന്നു് എനിക്കു് അത്യല്പമായ ഒരു കുററപ്പെടുത്തൽ ലഭിച്ചതുമാത്രമായിരുന്നു.

ഗവർണ്ണറും അസംബ്ളിയും തമ്മിൽ തുടരെത്തുടരെയുണ്ടായ അഭിപ്രായവ്യത്യാസങ്ങളും പ്രാതികൂല്യങ്ങളും ഏതുവിധമോ ആയിരിക്കട്ടെ, ആ അസംബ്ളിയിൽത്തന്നെ ഒരു മെംബറായ ഞാനും ഗവർണ്ണറുമായിട്ടു് യാതൊരു രസക്കേടും വ്യക്തിവിദ്വേഷവും ഇല്ലാ

തെതന്നെയാണു് കഴിഞ്ഞതു്. അദ്ദേഹത്തിനു് ഇങ്ങനെ എന്നോടു യാതൊരു വിരോധവും തോന്നാതിരുന്നതു രണ്ടുകക്ഷികൾക്കുവേണ്ടി നിരന്തരമായി പരസ്പരം എതിരിൽ സംസാരിക്കുന്ന വക്കീലന്മാർ തൊഴിൽപരമായി കലഹിക്കുന്നുവെങ്കിലും മററു കാര്യങ്ങളിൽ യോജിച്ചുകഴിയുന്ന ഒരു മനോഭാവം അവലംബിക്കുന്നതുപോലെ മാത്രമേ ആയിരുന്നുള്ളു. അദ്ദേഹം മുതലാളന്മാക്കും ഞാൻ അസംബ്ളിക്കും വേണ്ടി വാദിച്ചതുമാത്രമായിരുന്നു ഞങ്ങൾ തമ്മിലുള്ള എതിരു്. അദ്ദേഹം ചിലപ്പോൾ എന്നെ ഒരു സ്നേഹിതനെന്ന നിലയിൽ ക്ഷണിക്കുകയും ഗൗരവമുള്ള അംശങ്ങളെപ്പററി ഞങ്ങൾ വാദപ്രതിവാദം നടത്തുകയും ചിലപ്പോൾ എൻെറ ഉപദേശം സ്വീകരിക്കുകയും ചെയ്യുപോന്നു.

ബ്രാഡക്കിൻെറ സൈന്യത്തിനു് വേണ്ട വിഭവങ്ങൾ എത്തിച്ചുകൊടുക്കുവാൻ ഞങ്ങൾ ഏകോപിച്ചു പ്രവത്തിച്ചു എന്നാൽ ആ സൈന്യാധിപനു് പററിയ ശക്തിമത്തായ പരാജയത്തെപ്പററി കേട്ടപ്പോൾ ഗവണ്ണർ ഉടൻതന്നെ ഒരാളിനെ എൻെറ അടുത്തു് പറഞ്ഞയച്ചു് പിൻകൗൺടികളുടെ സഹായം നഷ്ടപ്പെടാതിരിക്കാൻ വേണ്ട പ്രതിവിധിമാഗ്ഗങ്ങളെപ്പററി ആലോചിച്ചു. എന്തുപദേശമാണു് ഞാൻ നൽകിയതു് എന്ന കാര്യം ഇപ്പോൾ അത്ര നല്ലപോലെ ഓക്കുന്നില്ല. ഡൻബാറിനെ വിവരങ്ങൾ അറിയിക്കണമെന്നും അദ്ദേഹത്തിൻെറ സൈന്യങ്ങളെ അതിത്തിദേശങ്ങളിൽ രക്ഷയ്ക്കായി സ്ഥാപിക്കണമെന്നുമാണു് ഞാൻ നിദ്ദേശിച്ചതു് എന്നു തോന്നുന്നു. കോളണികളിൽനിന്നു് കൂടുതൽ സൈന്യം ചേത്തുണ്ടാകുമ്പോൾ അദ്ദേഹത്തിനു് ഒരു വലിയ യുദ്ധയാത്രയായി മുന്നോട്ടുനീങ്ങാൻ സൗകര്യപ്പെടും എന്നും ഞാൻ പറഞ്ഞു. അതിത്തിപ്രദേശത്തുനിന്നു് തിരിച്ചെത്തിയപ്പോൾ അപ്രകാരമുള്ള ഒരു വിപുലയാത്രയുടെ ചുമതല ഞാൻ വഹിക്കണമെന്നും ഇതു് സാംസ്ഥാനികസേനയുമൊത്തായിരിക്കണമെന്നും ഡ്യൂപിക്കൻകോട്ടയുടെ നശീകരണത്തിന്നായിരിക്കണമെന്നും എന്നോടാവശ്യപ്പെട്ടു. ഡൺബാറിൻെറ ആളുകൾ മററൊരു പ്രവത്തനത്തിൽ ഏപ്പെട്ടിരിക്കുകനിമിത്തമാണു് ഈ വ്യതിയാനം. അദ്ദേഹം എന്നെ ജനറലിൻെറ കമ്മിഷൻതന്നു് അധികാരപ്പെടുത്താമെന്നും നിദ്ദേശിച്ചു. അദ്ദേഹം കരുതിയപോലെ സൈനികസാമത്ഥ്യങ്ങളിൽ എനിക്കു് വല്ല കൂടുതൽ യോഗ്യതയും ഉള്ളതായി തോന്നിയില്ല. അദ്ദേഹം തൻെറ ഉള്ളിൽത്തോന്നിയതിലധികം വിശ്വാസം പുറമേ കാണിച്ചിരിക്കാം. എനിക്കു് ജനസഞ്ചയത്തിന്മേലുണ്ടായിരുന്ന സ്വാധീനശക്തികൊണ്ടു് ആളുകളെ കൂടുതലായി പട്ടാളത്തിൽ ചേക്കാൻ

സാധിക്കുമെന്ന് അദ്ദേഹം കരുതിയിരുന്നു. എനിക്ക് അസംബ്ളിയിൽ ഉണ്ടായിരുന്ന സ്വാധീനശക്തി, സൈനികച്ചെലവിലേയ്ക്ക് മുതലാളന്മാരുടെ തോട്ടങ്ങളിൽ കൂടുതൽ കരം ചുമത്താതെ പണം അനുവദിപ്പിക്കുന്നതിന് എനിക്കുള്ള സാമത്ഥ്യം എന്നിവയേയും അദ്ദേഹം കൂടുതൽ കരുതിയിരിക്കാം. എന്നാൽ അദ്ദേഹം ഉദ്ദേശിച്ചപോലെ ഞാൻ അത്ര ഉത്സാഹത്തോടെ മുന്നോട്ടു പോകുകയില്ല എന്ന് കണ്ടപ്പോൾ പദ്ധതികൾ നിറുത്തി. പിന്നെ അദ്ദേഹം ജോലിവിട്ടു പോയി. കേപ്റ്റൻഡെന്നി ആ സ്ഥാനത്തുവന്നു.

ഈ പുതിയ ഗവർണരുടെ ഭരണകാലത്ത് പൊതുകാര്യങ്ങളിൽ ഞാൻ വഹിച്ചുപോന്ന പങ്കുകളെപ്പററി വിവരിക്കുന്നതിനു മുമ്പ് എനിക്ക് തത്വശാസ്ത്രപരമായി സിദ്ധിച്ച കീത്തികളെപ്പററി അല്പം പ്രസ്താവിക്കുന്നത് അസംഗതമായിരിക്കുകയില്ല എന്നു കരുതുന്നു.

1746-ൽ ഞാൻ ബോസ്റ്റൺനഗരിയിൽ ആയിരുന്നപ്പോൾ ആയിടെ സ്കോട്ട്ലണ്ടിൽനിന്നും എത്തിയിട്ടുണ്ടായിരുന്ന ഒരുഡാക്ടർ സ്പെയിൻസിനെക്കാണുകയുണ്ടായി. അദ്ദേഹം എന്നെ വൈദ്യുതശക്തിപ്രധാനങ്ങളായ ചില പരിക്ഷണങ്ങൾ കാണിച്ചു, അദ്ദേഹം വലിയ വിദഗ്ദ്ധനല്ലായിരുന്നതിനാൽ ആ പരീക്ഷണങ്ങൾ കേവലം അപൂണ്ണങ്ങളായിരുന്നതേയുള്ളു. എന്നാൽ ആ പരീക്ഷണങ്ങളുടെ വിഷയം എനിക്കു കേവലം പുത്തനായിരുന്നതിനാൽ അവ കണ്ട എനിക്ക് ആശ്ചര്യവും സന്തോഷവുംതോന്നി. ഞാൻ ഫിലഡൽഫിയായിലേയ്ക്കു തിരിച്ചുചെന്നപ്പോൾ ലണ്ടനിലെ റോയൽ ഏഷ്യാററിക്സൊസൈററിവക ഒരു 'ഫെല്ലോ'ആയ മി: പി. കോളിൻസ് ഞങ്ങളുടെ പുസ്തകശാലക്കമ്പനിക്ക് മേൽപറയപ്പെട്ടവിധമുള്ള പരിക്ഷണങ്ങൾ നടത്തുന്നതിനുതകുന്ന ഒരു സ്ഫടികക്കുഴലും പരീക്ഷണങ്ങൾ തടത്തേണ്ടവിധം വിവരിക്കുന്ന ഒരു പുസ്തകവും സമ്മാനമായി അയച്ചുതന്നു. ബോസ്റ്റണിൽ ഞാൻ കാണുകയുണ്ടായതു് ആവത്തിക്കാമെന്ന അത്യുല്ക്കണ്ഠയാൽ ഞാൻ അവ സ്വീകരിച്ചു. വളരെനേരത്തേയുള്ള ആവത്തിതപരിചയങ്ങൾക്കു് ശേഷം, ആ പരിക്ഷണങ്ങൾ നടത്താൻതക്ക വൈദഗ്ദ്ധ്യം ഞാൻ സമ്പാദിച്ചു. ഇംഗ്ലണ്ടിൽനിന്നു ലഭിച്ച വിവരണങ്ങൾ അടിസ്ഥാനപ്പെടുത്തിയും പരീക്ഷണങ്ങൾ നടത്തി. ഞാൻ ഏറെനേരത്തെ ആവത്തനപരിചയങ്ങൾ എന്നുപറഞ്ഞുവല്ലോ. ഈ പരിക്ഷണങ്ങളിലെ ആശ്ചര്യങ്ങൾ കാണുവാൻ എൻെറ ഭവനത്തിൽ എപ്പോഴും ആളുകൾ കൂട്ടംകൂട്ടമായി ഉണ്ടായിരുന്നു. അതാണു് ആവത്തിക്കാൻ കാരണം.

ഇതുസംബന്ധിച്ച ഉപദ്രവങ്ങളെ സ്നേഹിതന്മാക്കും പങ്കിട്ടു കൊടുക്കുവാൻ ഉദ്ദേശിച്ച് ഞങ്ങളുടെ 'ഗ്ലാസ്ഹൌസി'ൽ ആ സ്നേഹിതന്മാർതന്നെ കൊണ്ടുവന്ന അനവധി സ്ഫടികക്കുഴലുക ളിൽ പരീക്ഷണംനടത്തി അവയും പൊട്ടിത്തെറിക്കാൻ ഞാനിടവ രുത്തി. ഇങ്ങനെ ഞങ്ങൾക്ക് അനവധി പരീക്ഷണകുശലന്മാർ വന്നുചേന്നു. ഇക്കൂട്ടത്തിൽ പ്രധാനി ബുദ്ധിമാനായ ഒരു അയ ല്ക്കാരൻ കിന്നേഴ്സ്ലി ആയിരുന്നു. അയാൾക്ക് പ്രത്യേകിച്ച ജോ ലിയൊന്നും ഇല്ലാതിരുന്നതിനാൽ മേൽപ്പറയപ്പെട്ട പരീക്ഷണ ങ്ങൾ പണംകിട്ടുക എന്ന ലക്ഷ്യത്തോടെ പ്രയോഗിച്ചുനോക്കു വാൻ ഞാൻ ഉപദേശിച്ചു അയാൾക്കുവേണ്ടി രണ്ടുപ്രസംഗ ങ്ങളും ഞാൻ തയ്യാറാക്കിക്കൊടുത്തു. മുൻപുള്ള വിഷയങ്ങൾ പിൻപുള്ളവയെ സുഗ്രഹമാക്കുന്നരീതിയിലാണു് പ്രസംഗങ്ങൾ തയ്യാറാക്കിയതു്. പരീക്ഷണങ്ങൾ കാട്ടുവാൻ അയാൾ നല്ല ഉപ കരണങ്ങൾ സൂക്ഷിച്ചിരുന്നു. അതിൽ ഞാൻ ഉണ്ടാക്കിയിരുന്ന ചെറുചെറുയന്ത്രങ്ങൾ എല്ലാം സാധനനിർമ്മാണകുശലന്മാരെ ക്കൊണ്ടു് ഭംഗിയായി നിർമ്മിച്ചു അടുക്കിച്ചേർത്തിരുന്നു. അയാളുടെ ഈ പ്രസംഗയാത്രയിൽ അനവധി ആളുകൾ പരീക്ഷണങ്ങൾ കാണുന്നതിനും അവസംബന്ധിച്ചുള്ള വിവരണങ്ങൾ കേൾക്കുന്ന തിനും എത്തിക്കൂടി. കുറേക്കഴിഞ്ഞു് അയാൾ കോളണികളിലും ഒരു പര്യടനംനടത്തി. ആ പരീക്ഷണങ്ങളെ ഓരോ തലസ്ഥാന നഗരിയിലും കാട്ടി. പണവും കുറേയൊക്കെ കിട്ടി വെസ്റ്റിൻ ഡ്യാദ്വീപുകളിൽമാത്രം ഈ പരീക്ഷണങ്ങൾകാട്ടാൻ തണുത്ത കാലാവസ്ഥ ഒരു പ്രതിബന്ധമായിനിന്നു

സ്ഫടികക്കുഴൽ മുതലായവ നൽകിയതിനു് മി: കോളിൻസ ണോടു് ഞങ്ങൾ നന്ദിയുള്ളവരായിരുന്നു. അവ ഉപയോഗിക്കുന്ന തിൽ ഞങ്ങൾക്കുണ്ടായ വിജയത്തെപ്പററി അദ്ദേഹത്തെ അറിയിക്ക ണമെന്നു ഞാൻ നിശ്ചയിച്ചു. ഇതനുസരിച്ചു് ഞങ്ങളുടെ പരീ ക്ഷണങ്ങളെപ്പററി അദ്ദേഹത്തിനു അനവധി കത്തുകൾ അയച്ചു. അവ അദ്ദേഹത്തിനു കിട്ടി. എന്നാൽ റോയൽസൊസൈററി അവരുടെ ജിഹ്വയായ മാസികയിൽ ഈ പരീക്ഷണങ്ങളെപ്പററി ഒന്നുംതന്നെ പ്രസിദ്ധപ്പെടുത്തിയില്ല. മി: കെന്നേഴ്സ്ലിക്കു ഞാ നെഴുതിയ ഒരു കത്തു്, മിന്നലും വിദ്യുച്ഛക്തിയും ഒന്നെന്നു കാണി ക്കുന്ന കത്തു്, എൻെറ ഒരു പരിചയക്കാരനായ ഡാക്ടർ മിച്ചൽ എന്നയാളിനു അയച്ചു അദ്ദേഹവും റോയൽസൊസൈററിയിലെ ഒരംഗമായിരുന്നു. ആ കത്തു് സൊസൈററി യോഗത്തിൽ വായി ക്കപ്പെട്ടുവെന്നും എന്നാൽ അതു കേട്ട മെമ്പറന്മാർ ചിരിക്കുകയാ

ങ്ങണ്ടായതെന്നും അദ്ദേഹം എനിക്കെഴുതി. ഈ കടലാസ്സുകൾ ഡാക്ടർ ഫോദർജിൽ എന്നയാളെ കാണിച്ചപ്പോൾ അദ്ദേഹം അവയുടെ ഗൗരവം മനസ്സിലാക്കി അവ അച്ചിടേണ്ടതാണെന്നു് അഭിപ്രായപ്പെട്ടു. മി: കോളിൻസൺ അവയെ പ്രത്യേകമായി അച്ചടിപ്പിച്ചു. ഡാക്ടർ ഫോദർജിൽ അവയ്ക്കൊരു അവതാരികയും എഴുതി. ഒടുവിൽ കൂട്ടതലായ ചില ഭാഗങ്ങൾകൂടെച്ചേൎന്നു് അതൊരു വലിയ പുസ്തകമായി. അഞ്ചോളം പതിപ്പുകൾ അച്ചടിക്കേണ്ടിവന്നു.

എന്നാൽ ഇംഗ്ലണ്ടിൽ ഈ തത്വങ്ങളുടെ ഗൗരവം മനസ്സിലാക്കുവാൻ കുറേക്കാലംകൂടെ വേണ്ടിവന്നു. മുൻപറഞ്ഞ ഗ്രന്ഥത്തിൻെറ ഒരു പ്രതി ഫ്രാൻസിൽ വലിയൊരു തത്വശാസ്ത്രജ്ഞൻ എന്നു വിഖ്യാതിനേടിയ കൗൺട് ഡിബഫൺ എന്നയാളിൻെറ കൈയിൽ ചെന്നുചേൎന്നു. അദ്ദേഹം ആ ഗ്രന്ഥം എം‌ഡാലിബാർഡു് എന്നയാളിനെക്കൊണ്ടു് തൎജ്ജമചെയ്യിച്ചു. പാരിസ്സിൽ പ്രസിദ്ധീകരണംനടന്നു ഈ പ്രസിദ്ധീകരണം, പ്രകൃതിതത്വശാസ്ത്രത്തിൽ വിദഗ്ദ്ധനും രാജകീയകുടുംബത്തിനു് ഈ വിജ്ഞാനശാഖയിൽ ഉപദേഷ്ടാവും ആയ ആബേ നോളററ് എന്നയാളിൻെറ രസക്ഷയത്തിന്നു ഹേതുവായി. ആബേനോളററ് വിദ്യുച്ഛക്തിയെപ്പററി ഒരു സിദ്ധാന്തം രൂപീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്ന ആളാണു്. ആ ഗ്രന്ഥത്തിനു് അക്കാലത്തു് ധാരാളം പ്രചാരവും ഉണ്ടായിരുന്നു അത്തരം ഒരു ഗ്രന്ഥം അമേരിക്കയിൽനിന്നു പ്രസിദ്ധപ്പെടുത്തുവാൻ ഇടയില്ല എന്നും അദ്ദേഹത്തിൻെറ ശത്രുക്കളിലാരോ അദ്ദേഹത്തിൻെറ വിദ്യുച്ഛക്തിസിദ്ധാന്തത്തെ നിസ്സാരമാക്കുവാൻ രചിച്ചു പ്രസിദ്ധപ്പെടുത്തിയതാണു് എന്നും അദ്ദേഹം പ്രസ്താവിച്ചു. എന്നാൽ പിന്നീടു് ഫിലഡൽഫിയയിൽ ഫ്രാൻക്ലിൻ എന്നൊരാൾ ജീവിച്ചിരിക്കുന്നുവെന്നു അദ്ദേഹത്തിനു തീൎച്ചവന്നപ്പോൾ അദ്ദേഹത്തിൻെറ സിദ്ധാന്തത്തെ സ്ഥാപിക്കുന്ന ഏതാനും ലഘുലേഖകൾ അദ്ദേഹം അച്ചിട്ടു് എനിക്കയച്ചുതന്നു. എൻെറ പരീക്ഷണങ്ങളിൽ അദ്ദേഹം ചില കോട്ടങ്ങളും ആരോപിക്കുകയുണ്ടായി.

ഈ 'ആബേ'യ്ക്കു് ഒരു മറുപടികൊടുത്താലെന്തു് എന്നു ഞാൻ കരുതാതിരുന്നില്ല വാസ്തവത്തിൽ ആ ലേഖനങ്ങൾ ആരംഭിക്കുകകൂടെച്ചെയ്തു എന്നാൽ മററുചില വിചാരങ്ങൾ ഇതിലേയ്ക്കൊരു പ്രതിബന്ധമായിത്തീൎന്നു. എൻെറ ലേഖനങ്ങളിൽ അടങ്ങിയിരുന്ന പരീക്ഷണങ്ങൾ വേണമെങ്കിൽ മററാൎക്കും നടത്തി പരിശോധിക്കാം. ഞാൻ കണ്ടുപിടിച്ച തത്വങ്ങളെ ഊഹങ്ങൾ

എന്നനിലയിൽമാത്രമേ അവതരിപ്പിച്ചിരുന്നുള്ളു. സിദ്ധാന്തങ്ങൾ എന്നനില തെല്ലും ഭാവിച്ചിരുന്നില്ല. അതുകൊണ്ടു ഞാൻ വാദിച്ചേകഴിയൂവെന്നില്ലല്ലോ? കൂടാതെ രണ്ടു പ്രത്യേകഭാഷകളിൽ രണ്ടാളുകൾ ഒരു വാദപ്രതിവാദത്തിൽ ഏൎപ്പെട്ടാൽ തൎജ്ജമനിമിത്തം ചില പോരായ്മകളും തെററിദ്ധാരണകളും ഉണ്ടായി, രണ്ടു ലേഖകന്മാരുടേയും ആശയം എന്തെങ്കിലും തെററായകാര്യങ്ങളെപ്പററി പ്രവൎത്തിച്ചുവെന്നുവരാം. ആബേയുടെ വാദങ്ങൾതന്നെ ചില ഭാഗങ്ങളിൽ വിവൎത്തനത്തിന്റെ അപരിപൂൎണ്ണതകൊണ്ടു് സംഭവിച്ചിട്ടുള്ളതാണു്. ഇക്കാര്യങ്ങളെല്ലാം ഓൎത്തു് എനിക്കു പൊതുക്കാര്യപ്രസക്തിവിട്ടു ലഭിക്കുന്ന വിശ്രമസമയം കൂടുതലായി ഏതെങ്കിലും പരിക്ഷണത്തിനു ചെലവിടുന്നതാണു് നന്നെന്നു തോന്നി. പഴയ പരീക്ഷണംവച്ചുകൊണ്ടുള്ള വാദപ്രതിവാദത്തെക്കാൾ പുതിയ പരിക്ഷണങ്ങളിൽ ഏൎപ്പെടുന്നതാണു് നന്നെന്നു തീരുമാനിച്ചു് ആബേയ്ക്കു് ഞാൻ മറുലേഖനങ്ങൾ ഒന്നുംഎഴുതിയില്ല. എന്നാൽ ഇതുകൊണ്ടു് എനിക്കുപശ്ചാത്തപിക്കേണ്ടതായുംവന്നില്ല. എന്റെ സ്നേഹിതനായ 'എം. ലീറോയി' സയൻസുകളുടെ റോയൽ അക്കാഡമിയിലെ ഒരംഗം, എന്റെ പരിക്ഷണങ്ങളുടെ സ്വഭാവം ശരിയാണെന്നു സമൎത്ഥിച്ചുകൊണ്ടു് നോളററു് ആബേയ്ക്കു് പ്രത്യാഖ്യാനം എഴുതി. എന്റെ ഗ്രന്ഥം ഇററാലിയൻ, ജൎമ്മൻ, ലാററിൻ എന്നീ ഭാഷകളിലേയ്ക്കു് തൎജ്ജമചെയ്യപ്പെട്ടു. അതിൽ ഉൾപ്പെട്ടിരുന്ന സിദ്ധാന്തം യൂറോപ്പിലെ എല്ലാ സയൻസുതത്വജ്ഞന്മാൎക്കും ഏറെക്കുറെ അംഗീകാര്യമായി. ആബേനോളററിന്റെ സിദ്ധാന്തങ്ങളെക്കാൾ ഇവയ്ക്കു് കൂടുതൽ പ്രചാരം സിദ്ധിച്ചു.

എന്റെ ഗ്രന്ഥത്തിനു് പ്രത്യേകമായപ്രചാരത്തിനു കാരണം അതിലെ ഒരു പരിക്ഷണത്തിന്റെ വിജയമായിരുന്നു. മേഘങ്ങളിൽനിന്നു് മിന്നലിനെ ആകൎഷിക്കുന്നതുസംബന്ധിച്ചു് മെ: ഡാലിബാർഡു്, ഡീലോർ എന്നിവരായിരുന്നു ഇത്തരം പരിക്ഷണം നിർദ്ദേശിക്കുകയുണ്ടായതു്. ഇതു് എല്ലായിടത്തും പൊതുജനങ്ങളുടെ ശ്രദ്ധയെ ആകൎഷിച്ചു എം.ഡീലോർ പരിക്ഷണപ്രധാനമായ തത്വശാസ്ത്രത്തിൽ പ്രത്യേകോപകരണങ്ങളുള്ളആളായിരുന്നു. ഈ ശാഖയിലെ വിജ്ഞാനത്തേപ്പററി പ്രസംഗങ്ങൾ ചെയ്തിട്ടുമുണ്ടായിരുന്നു. അദ്ദേഹം ഫിലഡൽഫിയാപരിക്ഷണങ്ങൾ ആവൎത്തിക്കയെന്നകൃത്യം ഏററു. അദ്ദേഹം ഫ്റഞ്ചുരാജാവിന്റെയും രാജസദസ്യരുടെയും മുമ്പാകെ ഈ പരിക്ഷണം നിവ്വഹിച്ചുകഴിഞ്ഞതോടെ പാരിസ്സിലുള്ള അനവധിപേർ അദ്ദേഹത്തിനു ചുററുംകൂടി. ആ അതിപ്രധാനമായ പരിക്ഷണത്തേയോ, ആ പരിക്ഷണത്തിനു

ശേഷം ഫിലഡൽഫിയായിൽവച്ച ഒരു പട്ടംകൊണ്ടു ഞാൻ നടത്തിയ മററൊരു പരീക്ഷണത്തേയോപററി യാതൊന്നുംതന്നെ പ്രസ്താവിച്ചു ഞാൻ ഈ ഗ്രന്ഥം ദീർഘമാക്കുന്നില്ല.

ഡാ: റൈററ് എന്നുപേരായ ഒരു ഇംഗ്ലീഷ്വൈദ്യൻ പാരിസ്സിലായിരുന്നപ്പോൾ റായൽസൊസൈററിയിലെ ഒരു സ്നേഹിതനു ഒരു കത്തയയ്ക്കുകയുണ്ടായി. എൻെറ പരീക്ഷണങ്ങൾക്കു ശാസ്ത്രജ്ഞന്മാരുടെ ഇടയിലുള്ള സമാദരവും അഭിനന്ദനവും ആ കത്തുകളിൽ അടങ്ങിയിരുന്നു. ഇംഗ്ലണ്ടിലാകട്ടെ എൻെറ വിദ്യുച്ഛക്തിപരീക്ഷണപ്രധാനങ്ങളായ രചനകൾക്കു യാതൊരു അംഗീകാരവും സിദ്ധിക്കാത്തതിലുള്ള അതിശയവും കത്തിൽ പ്രകടിപ്പിക്കപ്പെട്ടിരുന്നു ഇതറിഞ്ഞ റോയൽസൊസൈററി ആ സംഘത്തിനു സമപ്പിക്കപ്പെട്ടിരുന്ന ലേഖനങ്ങളെപ്പററി പുനരന്വേഷണംനടത്തി. ഡാക്ടർ വാട്സൺ എന്നമാന്യൻ അവയുടെ ഒരു സാരസംഗ്രഹംതയ്യാറാക്കി. ഈവിഷയം സംബന്ധിച്ച് ഞാൻ ഇംഗ്ലണ്ടിലേയ്ക്കയച്ചിരുന്ന എല്ലാ ലേഖനങ്ങളുടേയും സംഗ്രഹമായിരുന്നു, അതു്. അവയെല്ലാംകൂടെ അദ്ദേഹത്തിൻെറ അഭിനന്ദനത്തോടുകൂടെയാണു് പണ്ഡിതശ്രദ്ധയിൽ എത്തിച്ചതു്. ഈ സംഗ്രഹം റോയൽസൊസൈററിക്കാരുടെ പ്രത്യേക പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തപ്പെട്ടു. ലണ്ടൻസൊസൈററിയിലെ ചില അംഗങ്ങളും, പ്രത്യേകിച്ച് സമത്ഥനും ബുദ്ധിമാനും ആയ മി: ക്യാൻററനും ഒരു മുനയുള്ള കമ്പികൊണ്ടു് മേഘത്തിൽനിന്നു വിദ്യുച്ഛക്തി സമ്പാദിക്കാവുന്ന പരീക്ഷണം നടത്തി അതിന്മേൽ നേടിയ വിജയത്തിൽ എൻെറ പരിക്ഷണം ശരിയാണെന്നുകണ്ടു് മുമ്പു് എന്നെ അനാദരിച്ച തെററുതിരുത്തി. എൻെറ യാതൊരപേക്ഷയും ഇല്ലാതിരിക്കവേതന്നെ, അവർ എന്നെ ഒരു അംഗമായി അംഗീകരിക്കുകയും, അതിലേയ്ക്കു പതിവുള്ള ചില തുകകൾ (25 ഗിനിയോളം) ഞാൻ കൊടുക്കേണ്ട എന്നു തീച്ചയാക്കുകയും അവരുടെ പ്രസിദ്ധീകരണങ്ങൾ എനിക്കു് വരിസംഖ്യ കൊടുക്കാതെതന്നെ അയച്ചുതരികയും ചെയ്തു. 1753-ാം വർഷത്തേയ്ക്കുള്ള സർ ഗോഡ്ഫ്രേ കോപ്ലിസ്മാരകമായ സുവർണ്ണമെഡൽ എനിക്കു് മാക്കൾസ്ഫീൽഡ്പ്രഭുവിൻെറ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽവച്ച് സമ്മാനമായി തരികയുമുണ്ടായി.

ഞങ്ങളുടെ പുതിയ ഗവർണ്ണറായ ക്യാപ്ടൻ ഡെന്നി ഈ മെഡൽ എനിക്കു് അമ്മേരിക്കയിലേയ്ക്കു കൊണ്ടുതരികയാണുണ്ടായതു്. റായൽസൊസൈററി അദ്ദേഹത്തെ ഏൽപ്പിച്ചിരുന്ന

മെഡൽ നഗരിയിൽ ഒരു വലിയ സമ്മേളനസന്ദർഭത്തിൽ അദ്ദേഹം എനിക്കുനൽകി. എൻെറ സ്വഭാവത്തെപ്പററി അദ്ദേഹത്തിനു ദീർഘകാലമായി സിദ്ധിച്ച പരിചയം ആസ്പദമാക്കി സ്നേഹാദരങ്ങളോടെയായിരുന്നു അദ്ദേഹം ആ സന്ദർഭത്തിൽ സംസാരിച്ചതു്. സഹഭോജനസമയത്തു് എല്ലാപേരും പാനീയപാനത്തിൽ സക്തരായിരുന്ന സന്ദർഭത്തിൽ ഗവർണ്ണർ എന്നെ പ്രത്യേകം ഒരു മുറിയിലേയ്ക്കു് ക്ഷണിച്ചു് അദ്ദേഹത്തിനു എന്നെപ്പററി ചില ഇംഗ്ലീഷ് സ്നേഹിതന്മാരിൽനിന്നു സിദ്ധിച്ച അഭിപ്രായങ്ങൾ വ്യക്തമാക്കി. അദ്ദേഹം എന്നോടു മൈത്രിപരിപാലിക്കാനാഗ്രഹിക്കുന്നുവെന്നും അദ്ദേഹത്തിൻെറ ഭരണം വിജയകരമാകുന്നതിനുതക്ക ഉപദേശം കൊടുക്കുവാൻ ഞാൻമാത്രമേ സമർത്ഥനായുള്ളുവെന്നും, അദ്ദേഹത്തിൻെറ ശക്തിയിലുള്ള ഏതൊരു സഹായവും എപ്പോഴും ചെയ്യുന്നതിനു അദ്ദേഹം ഒരുക്കമാണെന്നും മററുമുള്ള വിവരങ്ങൾ എന്നെ അറിയിച്ചു. കൂടാതെ, അവിടെയുള്ള തോട്ടമുടമകളായ മുതലാളന്മാരെപ്പററിയും അദ്ദേഹം ചിലതൊക്കെ പ്രസ്താവിച്ചു. അവക്കു സംസ്ഥാനാഭ്യുന്നതിയിൽ വലിയ ആശയാണുള്ളതെന്നും, അതുകൊണ്ടു് നാട്ടുകാക്കു ഗുണമുണ്ടാവുമെന്നും അസംബ്ളിയിൽ ഏറിയകാലമായി നടന്നുവരുന്ന പ്രതികൂലഭാവം നിൽക്കുന്നപക്ഷം, അതോടുകൂടി ഒരു രഞ്ജകമനോഭാവം സിദ്ധിക്കുന്നപക്ഷം, എത്ര നന്നായിരിക്കുമെന്നും ജനങ്ങൾക്കും ഗവർണ്ണർക്കും തമ്മിൽ രഞ്ജിപ്പു നടപ്പാക്കുന്നകാര്യം ഞാൻ വിചാരിച്ചാൽ സാധിക്കുമെന്നും മററും എന്നോടു കൂടുതലായി പ്രസ്താവിച്ചു. ഞങ്ങളുടെ സംഭാഷണം നിൽക്കുന്നില്ല എന്നുകണ്ടു് അതിഥികൾ ഒന്നാംതരം മെഡീറിയാവയിൻ കൊടുത്തയച്ചതു് ഗവർണ്ണർ മൂക്കോളം തട്ടിവിട്ടു് കൂടുതൽ ദയാലുവും അപേക്ഷകളും വാഗ്ദാനങ്ങളും തെരുതെരെ നടത്തുന്നവനും ആയി കാണപ്പെട്ടു.

ഇതൊക്കെക്കേട്ടു് ഞാൻ ഇങ്ങനെ ഉത്തരംപറഞ്ഞു:—തോട്ടമുടമസ്ഥരായ മുതലാളന്മാരിൽനിന്നു വല്ല കൈയ്യൂക്കണവും പററത്തക്കവിധം എൻെറ നില അത്ര ദയനീയമല്ല. വിശേഷിച്ചു് അസംബ്ളിയിലെ ഒരു അംഗമെന്ന നിലയിൽ എനിക്കു് അപ്രകാരം യാതൊരു സൗജന്യങ്ങളും സ്വീകരിക്കാനുംവയ്യ. തോട്ടമുടമക്കാരോടു് എനിക്കു യാതൊരു വിരോധവും ഇല്ല. ഗവർണ്ണർ ഉദ്ദേശിക്കുന്ന പൊതുനിയമങ്ങൾ ബഹുജനങ്ങൾക്കു് ഗുണപ്രദമാണെങ്കിൽ അവ നടപ്പിൽ വരുത്തുവാൻ എന്നെപ്പോലെ ഇത്ര തീക്ഷ്ണമായും നിരന്തരമായും പ്രവർത്തിക്കുവാൻ മററാരെയും കാണുകയില്ല. കീഴ്ക്കിടെ നടന്ന ഏതാനും നിയമങ്ങൾ തോട്ടമുടമകളുടെ താല്പര്യങ്ങളെമാത്രം പരിരക്ഷിക്കുന്നവയായിരുന്നതിനാലാണു് അവയ്ക്കു്

പല എതിരുകളും ഉണ്ടായിരുന്നതു്. ഗവർണ്ണറദ്ദേഹം പ്രദർശിപ്പിച്ച സൗഹാർദ്ദത്തിനു ഞാൻ നന്ദിയുള്ളവനാണെന്നും അദ്ദേഹത്തിൻെറ മുൻഗാമികൾ കൈക്കൊണ്ട അനുശാസനങ്ങളോടെയല്ല അദ്ദേഹം വന്നിട്ടുള്ളതെങ്കിൽ അദ്ദേഹത്തിൻെറ ഭരണം വിജയപ്രദവും സുഗമവും ആക്കാൻ ഞാൻ വേണ്ട ശ്രമമൊക്കെ ചെയ്യാം എന്നും മററും ആയിരുന്നു ഞാൻ നൽകിയ മറുപടി.

ഞാൻ ഇങ്ങനെ പറഞ്ഞപ്പോൾ പിന്നെ ഗവർണ്ണർ ഒന്നുംതന്നെ പ്രസ്താവിച്ചില്ല. എന്നാൽ അടുത്തതവണ അദ്ദേഹം അസംബ്ളിനടപടികൾ നിർവ്വഹിക്കാൻ വന്നപ്പോൾ പഴയകലഹങ്ങൾ പുതുക്കിയപോലെതോന്നി. ഞാനോ, ഗവർണ്ണർക്കെതിരായുള്ള കക്ഷിയിൽ വളരെ ജാഗ്രതയായി പ്രവർത്തിക്കുന്നവനും ആയി. ആ കക്ഷിയുടെ എഴുത്തുകുത്തുകൾ സകലതും ഞാൻതന്നെ നിർവ്വഹിച്ചുവന്നു. ഗവർണ്ണർക്കു സിദ്ധിച്ചിട്ടുള്ള ഭരണാനുശാസനങ്ങൾ ഏവയാണെന്നു് അറിയിക്കണമെന്നും, തുടർന്നുള്ള പരാമർശനങ്ങൾ അറിയിക്കണമെന്നും ഞാൻ അപേക്ഷിച്ചു. ഇതെല്ലാം ഹിസ്റ്റാറിക്കൽറിവ്യൂ എന്ന മാസികയിൽ അനന്തരകാലത്തു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയാണു്. എന്നാൽ ഞങ്ങൾതമ്മിൽ യാതൊരു വിരോധവും, ഇല്ലായിരുന്നു. ഞങ്ങൾ പലപ്പോഴും ഒന്നിച്ചുകൂടാറുണ്ടു്. അദ്ദേഹം ഒരു സാഹിത്യകാരനും ലോകപരിചയമുള്ളവനും സംഭാഷണസന്ദർഭങ്ങളിൽ വളരെ രസകരമായവിധം അന്യരെ ആകർഷിക്കുവാൻ കഴിവുള്ളവനും ആയിരുന്നു. എൻെറ പഴയ സ്നേഹിതനായ ജാസ് റാൽഫ് ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്നും, ഇംഗ്ലണ്ടിലെ ഒന്നാംതരം രാജ്യകാര്യപ്രധാനമായ എഴുത്തുകുത്തുകളിൽ ബഹുസമർത്ഥനാണെന്നും ഫ്രെഡറിക്കു് രാജകുമാരനും ഇംഗ്ലീഷ്‌രാജാവുമായുണ്ടായ തക്കങ്ങളിൽ പ്രവർത്തിച്ചു് ആണ്ടിനാൽ മുന്നൂറുപവൻ പെൻഷൻ സിദ്ധിച്ചവനാണെന്നും ഈ ഗവർണ്ണറാണു് എന്നോടു പറഞ്ഞതു്. ഒരു കവി എന്ന നിലയിൽ റാൽഫിൻെറകീർത്തി കേവലം നിസ്സാരമായിരുന്നു. ഡൺസിയാഡ് എന്ന കൃതിയിൽ പോപ്പു്, റാൽഫിൻെറ കവിതകളെ കഠിനമായി ആക്ഷേപിച്ചിരുന്നുവത്രേ. എന്നാൽ ഒരു ഗദ്യകാരനെന്ന നിലയിൽ റാൽഫ് ഏററവും സമർത്ഥനും ആയിരുന്നുപോൽ.

ഒടുവിൽ അസംബ്ളിഅംഗങ്ങൾ, തോട്ടമുടമകളായ മുതലാളന്മാർ തങ്ങളുടെ വഴക്കുകളിൽനിന്നുലേശംപോലും പിന്മാറുന്ന കൂട്ടരല്ലെന്നു കണ്ടപ്പോൾ ജനങ്ങളുടെ അവകാശങ്ങളും രാജകീയാധികാരത്തിൻെറ ഉദ്ദേശങ്ങളും അവർ കേവലം നിഷേധിക്കുന്നതായി

മനസ്സിലാക്കി ആ പണക്കാക്കെതിരായി രാജാധികാരത്തിൻെറ മുമ്പാകെ സമപ്പിക്കവാൻ ഒരു സങ്കടഹജ്ജി തയ്യാറാക്കി. ഈ ഹജ്ജി ഞാൻതന്നെ ഇംഗ്ലണ്ടിലേയ്ക്ക് കൊണ്ടുപോയി അതിലേയ്ക്ക് വേണ്ടി വാദിക്കണമെന്നും തീരുമാനിക്കപ്പെട്ടു. അസംബ്ളി ഗവണ്ണർക്ക് ഒരു ബില്ലയച്ചിരുന്നു. അറുപതിനായിരം പവൻെറ ഒരു തുക രാജാധികാരത്തിനുവേണ്ടി വിനിയോഗിക്കുവാൻ. ഇതിൽ പതിനായിരംപവൻ അന്നത്തെ ജനറലായ ലൗഡൺപ്രഭുവിൻെറ അനുവാദത്തിനായി സമപ്പിക്കപ്പെട്ടതായിരുന്നു. ഇതും പാസ്സാക്കുവാൻ ഗവണ്ണർ വിസമ്മതിച്ചു.

ഞാൻ ക്യാപ്ടൻ മോറിസ്സുമായി എൻെറ യാത്രയ്ക്കുള്ള ടിക്കററിനു ഉടമ്പടി ചെയ്തിരുന്നു. എൻെറ സാമാനങ്ങറം കപ്പലിൽ ഏല്പിച്ചു. ഈ ഘട്ടത്തിലാണ് ഫിലഡൽഫിയായിൽ ലോഡൺപ്രഭു (ജനറൽ) ആഗതനായതു്. അസംബ്ളിക്കും ഗവണ്ണക്കും തമ്മിൽ ഒരുരാജി ഉണ്ടാക്കുവാനായിരുന്നു, അദ്ദേഹത്തിൻെറ ശ്രമം. അസംബ്ളിയംഗങ്ങളുടേയും ഗവണ്ണരുടേയും പരസ്പരകലഹംകൊണ്ടു് രാജാധികാരത്തിനു അർഹതയുള്ള സേവനങ്ങറംക്കു് തകരാറുപററരുതല്ലോ. അതനുസരിച്ചു ലോഡൺപ്രഭു, ഗവണ്ണരേയും എന്നേയും കാണണം എന്നു് ആവശ്യപ്പെട്ടു. ഇരുവശത്തുനിന്നും പറയാനുണ്ടായിരുന്നതു അദ്ദേഹം കേറക്കുവാൻ സന്നദ്ധനായി. ഞങ്ങറം അതനുസരിച്ചു കാണുകയും കായ്യങ്ങളെപ്പററി വാദപ്രതിവാദം നടത്തുകയുംചെയ്തു. അസംബ്ളിക്കുവേണ്ടി ഞാൻ അക്കാലത്തുണ്ടായിരുന്ന പത്രങ്ങളിലെ നാനാകായ്യപ്രസക്തങ്ങളായ പല വാദമുഖങ്ങളും—ഇവയിൽ ചിലതു് ഞാനെഴുതിയതുതന്നേയായിരുന്നു—അസംബ്ളിയുടെ നടപടികളോടുകൂടെയുണ്ടായിരുന്നവ ഹാജരാക്കി. ഗവണ്ണരാകട്ടെ, അദ്ദേഹത്തിനു സിദ്ധിച്ചിരുന്ന അനുശാസനങ്ങളും ഹാജരാക്കി. താൻ തീച്ചയായും ഇന്നിന്ന കായ്യങ്ങറം നിർവ്വഹിച്ചുകൊള്ളാം എന്നു അദ്ദേഹം ഉടമ്പടി എഴുതിക്കൊടുത്തിരുന്നു. അവ അനുസരിക്കാത്തപക്ഷം ഉദ്യോഗനഷ്ടം തുടങ്ങിയ പല നഷ്ടങ്ങളും അദ്ദേഹത്തിനു നേരിടേണ്ടിവരുമായിരുന്നു. ലോഡൺപ്രഭു ഉപദേശിക്കുന്നപക്ഷം അത്തരം ഒരു നഷ്ടം സഹിക്കാനും ഗവണ്ണർ തയ്യാറായിരുന്നു. എന്നാൽ പ്രഭു ഗവണ്ണരോടു് അങ്ങനെ ചെയ്യണമെന്നു് ആവശ്യപ്പെട്ടില്ല. നേരേമറിച്ചു അസംബ്ളിയെ അനുകൂലമാക്കുവാൻ ഞാൻ കഠിനമായി അദ്ധ്വാനിക്കണമെന്നായിരുന്നു പ്രഭുവിൻെറ അഭിപ്രായം. അതിലേയ്ക്കൊരുമാഗ്ഗവും പറഞ്ഞുതന്നു. അങ്ങനെ അസംബ്ളിയുടെ ആനുകൂല്യം ലഭിക്കുന്നപക്ഷം രാജകീയസേനയെ അതിത്തിദേശസംര

ക്ഷണത്തിൽനിന്ന ഒരിക്കലും പിൻതിരിപ്പിക്കയില്ലെന്നും, അല്ലാത്ത പക്ഷം ആ അതിർത്തിദേശക്കാർ ശത്രുക്കളുടെ ആക്രമണത്തിന വിധേയരായി കഴിയേണ്ടിവരുമെന്നും അവരെ അറിയിക്കുവാൻ ജനറൽ എന്നെ വളരെ നിർബന്ധിച്ചു.

ഈ വിവരങ്ങളെല്ലാം ഞാൻ അസംബ്ളിയെ അറിയിച്ചു. ഞാൻ എഴുതിയുണ്ടാക്കിയ ഏതാനും നിശ്ചയങ്ങളും അവരെ കാണിച്ചു ഞങ്ങളുടെ അവകാശങ്ങൾ നഷ്ടപ്പെടാൻ ഒരിക്കലും ഇടവരുത്തിക്കൂടാ എങ്കിലും തൽക്കാലം വന്നുചേന്ന ബലാല്ക്കാരം പോലുള്ള നിർബന്ധംനിമിത്തം അവയെ പ്രയോഗത്തിലോ പ്രവൎത്തനത്തിലോ കൊണ്ടുവരുന്നില്ല എന്നുകാട്ടിയുംഉള്ള നിശ്ചയങ്ങൾ. അസംബ്ളി ആദ്യത്തെ ബില്ല തല്ക്കാലം ഉപേക്ഷിക്കാമെന്ന സമ്മതിച്ചു. മുതലാളന്മാരുടെ അഭിപ്രായങ്ങൾക്കുകൂടി ഏറെക്കുറെ യോജിക്കുന്ന മറെറാരു ബില്ല കൊണ്ടുവരാമെന്ന സമ്മതിച്ചു. ഇതു ഗവണ്ണരും അംഗീകരിച്ചു. അതിനുശേഷമാണ് എൻെറ യാത്രയ്ക്കുള്ള സന്നാഹങ്ങൾ എന്നാൽ അപ്പോഴേയ്ക്കും എൻെറ സാമാനങ്ങൾ സൂക്ഷിച്ചിരുന്ന കപ്പൽ പോയിക്കഴിഞ്ഞു. അതേവരെ നേരിട്ട കാലതാമസത്തിന് ജനറലിൽനിന്ന ലഭിച്ച നന്ദിവാക്യങ്ങൾ മാത്രമായിരുന്ന നഷ്ടപരിഹാരം.

ഞാൻ തിരിക്കുന്നതിനമുമ്പുതന്നെ ജനറൽ ന്യൂയോക്കിലേയ്ക്കു പുറപ്പെട്ടു. യാത്രയ്ക്കുള്ള ചെറുബോട്ടുകൾ തിരിക്കേണ്ടതു് അദ്ദേഹത്തിൻെറ ഉത്തരവനുസരിച്ചാണ എന്നായിരുന്നുനിയമം. ഈ സന്ദഭത്തിൽ രണ്ടുബോട്ടുകൾ തിരിക്കാൻ തയ്യാറായി കാണപ്പെട്ടു. ഇവയിൽ ഒന്നിൽ കയറിപ്പോകാമെന്ന ഞാൻ കരുതി. അതു് തിരിക്കുന്ന സമയം ശരിക്കു് ഇന്നപ്പോൾ ആണെന്ന എന്നെ ഒന്നു അറിയിക്കുവാൻ അപേക്ഷിച്ചു. "അതേ; അതിൽ വേഗംകൂടിയബോട്ടു് അടുത്ത ശനിയാഴ്ചയാണ് തിരിക്കുന്നതു്. എന്നാൽ നിങ്ങൾ തിങ്കളാഴ്ച രാവിലെ എത്തുമെങ്കിൽ സൗകര്യമായിരിക്കും. താമസിക്കരുതു്." എന്നായിരുന്നു ജനറലിൻെറ മറുപടി. കടത്തുബോട്ടിനു എന്തോ തകരാറുപററുകയാൽ ഞാൻ എത്തിയപ്പോൾ തിങ്കളാഴ്ച ഉച്ചയായിപ്പോയി. ബോട്ടു പോയിരിക്കുമോ എന്ന ഞാൻ ഭയന്നു. കാററ് അനുകൂലമായിരുന്നതുകൊണ്ടു ബോട്ടു യാത്രയായിരിക്കും എന്നായിരുന്നു എൻെറ ബലമായഭയം. എന്നാൽ ആ ബോട്ടു് അവിടെത്തന്നെയുണ്ടെന്നും അടുത്തദിവസംവരെ അവിടെ അങ്ങനെയുണ്ടായിരിക്കും എന്നും അറിവാൻ കഴിഞ്ഞു. യൂറോപ്പിലേയ്ക്കു് കപ്പൽകയറുവാൻ ഇനി അധികം താമസമില്ല എന്നാണ് ആരും കരുതുക. ഞാനും അങ്ങിനെ കരുതി. പക്ഷേ

ലോഡോൺപ്രഭുവിൻെറ സ്വഭാവവൈചിത്ര്യത്തെപ്പററി എനി ക്കൊന്നും അറിഞ്ഞുകൂടായിരുന്നു. ആ സ്വഭാവത്തിൽ, ഒരു തീരു മാനത്തിൽഎത്തുക എന്നൊരംശം തീരെ കലന്നിരുന്നില്ല. ഉദാ ഹരണം പറയാം. ഞാൻ ന്യൂയോക്കിൽ എത്തിയതു് ഏപ്രിൽ മാസം ആരംഭത്തോടുകൂടിയാണു്. ഞങ്ങൾ തിരിച്ചതു് ജൂൺ അവസാനത്തിനുമുമ്പുമായിരുന്നു അവിടെ തുറമുഖത്തിൽ രണ്ടു പാക്കററുബോട്ടുകൾ കിടന്നിരുന്നു. ജനറലിൻെറ കത്തുകാണണം, ഉടനെ തിരിക്കണം എന്ന നിശ്ചയത്തോടുകൂടി 'പിറേറദിവസം' ആ കത്തു് കിട്ടിക്കൊള്ളുമെന്നു് എല്ലാ ദിവസവുമുള്ള പ്രതീക്ഷ യിൽ. വേറൊരു ബോട്ടെത്തി. അതും 'തഥൈവ'. ഞങ്ങൾ തിരി ക്കുന്നതിനുമുമ്പു് നാലാമതൊരുബോട്ടും വന്നുചേന്നു. ഞങ്ങൾ കയ റിയ ബോട്ടായിരുന്നു അധികം നാളായി അവിടെ കിടന്നിരുന്നതു്. എല്ലാ ബോട്ടിലും യാത്രക്കാർ ധാരാളമായിട്ടുണ്ടു്. ചിലക്കു് ഉടനേ തിരിക്കണമെന്നുള്ള ക്ഷമാശൂന്യതയിൽ. കച്ചവടക്കാർ സാമാന ങ്ങൾ ലഭിക്കുന്നതിനു തങ്ങൾ അയച്ചുപോയ കത്തുകളുടെ കാര്യ ത്താൽ പരുങ്ങി. എന്നാൽ എന്തെല്ലാമായിട്ടും അവരുടെ പ്രതീ ക്ഷകൾക്കു് യാതൊരുപശാന്തിയും ഇല്ല. പ്രഭു അവർകളുടെ കത്തു കൾ തയ്യാറായില്ല. കാത്തുനിന്നവരെല്ലാം അദ്ദേഹം എപ്പോഴും എഴുത്തുമേശയുടെ മുമ്പിലിരുന്നു് എന്തോ ഒക്കെ കുത്തിക്കുറിക്കുന്ന തായും കണ്ടു.

ഒരുദിവസം ഞാൻ ജനറലിനെ സന്ദർശിക്കുവാൻ പോയ പ്പോൾ അദ്ദേഹത്തിൻെറഭവനത്തിലെ സന്ദർശകമുറികളിലൊന്നിൽ 'ഇന്നിസ്' എന്നൊരാളെ കാണുകയുണ്ടായി. 'ഇന്നിസ്' അന്നു ഗവർണ്ണർ ഡെനിസ്സിൻെറ ഒരു സന്ദേശവാഹകനായി എത്തിയ തായിരുന്നു. അയാൾ ഫിലഡൽഫിയായിലുള്ള എൻെറ ചില സ്നേ ഹിതന്മാരുടെകത്തുകൾ എന്നെ ഏല്പിച്ചു. അയാൾ എവിടെയാണു താമസിക്കുന്നതെന്നും കത്തുകൾക്കു മറുപടികൾ എപ്പോൾ അയാ ളെ ഏല്പിക്കണമെന്നും മററും ഞാൻ ചോദിച്ചു. ജനറൽ ഇയാളെ കാണാൻ പിറേറദിവസമാണു് നിശ്ചയിച്ചിരിക്കുന്നതു് എന്നും, അതുകഴിഞ്ഞു പെട്ടെന്നു തിരിയെപ്പോകുമെന്നും മറുപടിപറഞ്ഞു. ഞാൻ അന്നുതന്നെ സ്നേഹിതന്മാക്കുള്ള മറുപടികൾ തയ്യാറാക്കി അയാളെ ഏല്പിച്ചു. രണ്ടാഴ്ചകഴിഞ്ഞു ഒരുദിവസം ഞാൻ ഇന്നി സ്സിനെ അതേസ്ഥലത്തുവച്ചുതന്നെകണ്ടു. "അല്ലാ, ഇന്നിസ് പോയിട്ടു വീണ്ടും എത്തിയോ?" എന്നു ഞാൻ ചോദിച്ചു. ഇതി നയാൾപറഞ്ഞതു്, "പോയിട്ടെന്നോ? ഇല്ല, ഞാൻ പോയില്ല." ഞാൻ ചോദിച്ചു:—"അതെന്താ?" ഓരോ ദിവസവും രാവിലെ ഞാൻ എത്തണമെന്നുപറയും. ഞാനിവിടെ എത്തും. ജനറലിൻെറ

കത്തു് ഇതേവരെ കിട്ടിയിട്ടില്ല. ഇതുകേട്ട ഞാൻ:—എന്തു്! അങ്ങനെയോ? അദ്ദേഹം നിരന്തരം എഴുതിക്കൊണ്ടിരിക്കുന്ന ഒരാളാണല്ലോ. ഞാനദ്ദേഹത്തെ കാണുമ്പോളൊക്കെ എഴുത്തുമേശയുടെ മുന്നിലായിരിക്കും. ഇന്നിസ്:—"അതേ; അദ്ദേഹം സെൻറ ജോർജ്ജിനെപ്പോലെയാണു് എപ്പോഴും കുതിരപ്പുറത്തു്. പക്ഷേ സവാരിയില്ലെന്നുമാത്രം." ആ സന്ദേശവാഹകൻെറ പ്രസ്തുത ആക്ഷേപം അർത്ഥവത്തുതന്നെയായിരുന്നു. ഞാൻ ഇംഗ്ലണ്ടിൽ എത്തിയകാലത്തു് ഈ സംഗതി മനസ്സിലാക്കിയതാണു്. ഈ ജനറലിനെ ജോലിയിൽനിന്നു നീക്കംചെയ്യുവാൻ അക്കാലത്തെ പ്രധാനമന്ത്രിയായ വില്യംപിററ് കൊണ്ടുവന്നകാരണങ്ങളിലൊന്നു്, ഈ ജനറൽ എന്താണുചെയ്യുന്നതെന്നോ എവിടെയാണു് കഴിഞ്ഞുകൂട്ടുന്നതെന്നോ ഒരക്ഷരം അദ്ദേഹത്തിനറിവാൻ സാധിച്ചിട്ടില്ല എന്നുള്ളതായിരുന്നു.

എല്ലാദിവസവും ഉടനേതിരിച്ചുകൊള്ളാം എന്ന പ്രതീക്ഷയും എല്ലാ ബോട്ടുകളും സാൻഡ്ഹുക്കിനുതാഴത്തായി കപ്പൽസമൂഹത്തിലേയ്ക്കു ചെന്നുചേരുവാൻ തിരിക്കുന്നതുംകണ്ടു് യാത്രക്കാർ ഏതുവിധത്തിലും കപ്പലിൽ ചെന്നുചേരുന്നതാണു് നല്ലതെന്നുകരുതി. അല്ലാത്തപക്ഷം പെട്ടെന്നു് ഒരു ഉത്തരവുണ്ടായി കപ്പലുകളെല്ലാം തിരിച്ചേക്കുമല്ലോ. അങ്ങനെയായാൽ അവക്കു പോകാനും സാധിക്കയില്ല. അവിടെ ഞങ്ങൾ കാത്തുകിടന്നതു് ആറാഴ്ചക്കാലത്തോളം ആയിരുന്നു ഇതോടുകൂടി ഞങ്ങളുടെ ഭക്ഷണസാധനങ്ങൾ ഗണ്യമായി കുറയുകയും വേറേ അന്വേഷിക്കേണ്ടതായിവരികയുംചെയ്തു. ഒടുവിൽ വല്ലവിധത്തിലും കപ്പൽക്കൂട്ടം നീങ്ങാൻതുടങ്ങി ജനറലും അദ്ദേഹത്തിൻെറ സൈന്യവും ഉണ്ടായിരുന്നു. അവർ 'ലൂയിബർഗ്ഗ്" എന്ന സ്ഥലത്തേയ്ക്കു പോവുകയായിരുന്നു, ആ കോട്ട പിടിച്ചടക്കണമെന്നുള്ള ഉദ്ദേശത്തോടെ. ചെറുബോട്ടുകളെല്ലാം ജനറലിൻെറ ഉത്തരവുണ്ടാകുമ്പോൾ അതനുസരിക്കുന്നതിനു കപ്പലുകളോടൊന്നിച്ചു ഉണ്ടായിരിക്കണമെന്നതായിരുന്നു വ്യവസ്ഥ. ഞങ്ങൾ തിരിച്ചിട്ടു് അഞ്ചുദിവസമായി അതോടുകൂടി കപ്പൽക്കൂട്ടത്തിൽനിന്നു ഞങ്ങളുടെ കപ്പൽ ഇംഗ്ലണ്ടിലേയ്ക്കു തിരിക്കുവാൻ അനുവാദം സിദ്ധിച്ചു. മററു രണ്ടു ബോട്ടുകളും ജനറൽ അവിടെത്തന്നെ താമസിപ്പിച്ചു. അവയെ അദ്ദേഹത്തോടുകൂടി ഹാലിഫാക്സിലേയ്ക്കു കൊണ്ടുപോയി. അവിടെ അദ്ദേഹം ചില ചില്ലറ കോട്ടകളിൽ അഭ്യാസാർത്ഥമുള്ള ആക്രമണങ്ങൾനടത്തുവാൻ സൈന്യത്തെ പ്രേരിപ്പിച്ചുകഴിഞ്ഞു. ഇതിനുശേഷം പദ്ധതിയൊന്നു മാററി ലൂയിബെർഗ്ഗ്കോട്ട ആക്രമിക്കുവാൻ ന്യൂയോക്കിലേയ്ക്കുതന്നെ മടങ്ങി. അദ്ദേഹത്തിൻെറ സൈന്യവും ബോട്ടുകൾ രണ്ടും അതിലെ

യാത്രക്കാരുമായിട്ടാണ് മടങ്ങിയത്. അദ്ദേഹം ഇല്ലായിരുന്നതക്കം നോക്കി ഫ്രഞ്ചുകാരും അപരിഷ്കൃതരായ ആക്രമണക്കാരുംകൂടെ ഫോർട്ട്ജോർജ്ജ് എന്ന കോട്ട, ആ സംസ്ഥാനത്തിലെ അതിർത്തി ദേശത്തുള്ളതു പിടിച്ചടക്കി വേണ്ടനാശങ്ങളൊക്കെവരുത്തി.

ഞാൻ ഇതിനുശേഷം ഒരു സന്ദർഭത്തിൽ ക്യാപ്റ്റൻബോണൽ എന്ന കപ്പിത്താനെക്കണ്ടു. അദ്ദേഹമായിരുന്നു മേൽപ്പറയപ്പെട്ട ബോട്ടുകളിൽ ഒന്നിൻെറ നിയന്ത്രകനായിരുന്നത്. ക്യാപ്റ്റൻ എന്നോടു പല കാര്യങ്ങളും സംസാരിച്ചു. അദ്ദേഹം ഒരുമാസത്തേയ്ക്ക് താമസിപ്പിക്കപ്പെട്ടപ്പോൾ, തൻെറ കപ്പൽ ചീത്തയായിക്കാണുന്നുവെന്നും, വേഗംകൂടിയയാത്രയ്ക്കു കൊള്ളരുതാത്തതായിരിക്കുന്നുവെന്നും, അതിൻെറ അടിത്തട്ടൊന്നു വൃത്തിയാക്കുന്നതിനു കുറേ സമയം അനുവദിക്കണമെന്നും ജനറലിനോടു അപേക്ഷിച്ചുവത്രേ. എത്രസമയംവേണം എന്നു ജനറൽ ചോദിച്ചു, മൂന്നു ദിവസം വേണമെന്ന് ക്യാപ്റ്റൻ അറിയിച്ചു. ഇതുകേട്ട്. "ഒരൊററദിവസമാണെങ്കിൽ അനുവാദംതരാം; എന്തെന്നാൽ മററന്നാൾ തീർച്ചയായും നിങ്ങൾ തിരിക്കണം. എന്നായിരുന്നു, ജനറലിൻെറ ഉത്തരവ്. അന്നുതൊട്ട് തുടർന്നു മൂന്നുമാസം അയാളെ അവിടെ താമസിപ്പിച്ചിട്ടും ഒരൊററദിവസവും അതിലേയ്ക്ക് അനുവദിക്കുകയുണ്ടായില്ല.

ലണ്ടനിൽവച്ച് ബോണല്ലിൻെറ യാനപാത്രത്തിൽ യാത്ര ചെയ്ത ഒരു യാത്രികനെ കാണ്മാനിടയായി. തന്നെ ചതിവായി ബോട്ടിലിരുത്തിത്താമസിപ്പിച്ചതിനും—ന്യൂയോർക്കിൽനിന്ന് ഹാലിഫാക്സിലേയ്ക്കും അവിടെനിന്ന് ന്യൂയോർക്കിലേയ്ക്കും കൊണ്ടുപോയതിനും — തനിക്കുനേരിട്ട നഷ്ടങ്ങൾക്ക് ജനറലിനെ പ്രതിയാക്കി കേസ്സുകൊടുക്കുന്നുണ്ട് എന്നും ആ യാത്രക്കാരൻ പറകയുണ്ടായി. അയാൾ അങ്ങനെ കേസുകൊടുത്തോ ഇല്ലയോ. അയാൾ പറഞ്ഞതനുസരിച്ച് അയാൾക്ക് ഗണ്യമായനഷ്ടം ഉണ്ടായിഎന്നു മനസ്സിലാക്കാം.

ആകെപ്പാടെ ഇത്രത്തോളം ഉത്തരവാദിത്വബോധമില്ലാത്ത ഒരാളെ ഒരുവലിയസൈന്യം നയിക്കുന്നതിനു എങ്ങനെ അധികാരസ്ഥർ ഏല്പ്പെടുത്തിഎന്നതു് എനിക്ക് ആശ്ചര്യകരമായിത്തോന്നി. എന്നാൽ കൂടുതൽ ലോകപരിചയംസിദ്ധിക്കുകയും ഓരോ ഉദ്യോഗങ്ങൾ ലഭിക്കുന്നതും ഓരോസ്ഥലത്തു ഓരോ ആളുകളെ നിയമിക്കുന്നതും ഇന്നിന്നവഴികളിലൂടെയെല്ലാമായിരിക്കുമെന്നുള്ള ബോധം ഉണ്ടാവുകയുംചെയ്തതോടെ എൻെറ ആശ്ചര്യം ഒന്നുനിലച്ചു.

ബ്രാഡക്കിൻെറ മരണത്തോടെ സേനാധിപത്യം ഏല്പിക്കപ്പെട്ട ജനറൽ ഷേർളിഎന്നയാൾ ആ സ്ഥാനത്തു തുടൎന്നിരുന്നുവെങ്കിൽ 1757-ൽ ലോഡൺ നടത്തിയ യുദ്ധയാത്രാസന്നാഹങ്ങളെക്കാൾ എത്രയോ വിജയകരമായി കാൎയ്യങ്ങൾ നിൎവ്വഹിക്കുമായിരുന്നു. ലോഡൺ ആകട്ടെ ചപലനും, വളരെ ചെലവുണ്ടാക്കുന്ന ആളും, ഉദ്ദേശിക്കാവുന്നതിലും എത്രയോക്കൂടുതലായവിധം നമ്മുടെ രാഷ്ട്രത്തിനു അപകൎഷംവരുത്തുന്നവനും ആയിരുന്നു. ഷേർളിക്കു് ജന്മസിദ്ധമായി സൈനികസ്ഥാനം വഹിക്കുവാനുള്ള വൈഭവങ്ങൾ ഇല്ലായിരുന്നുഎങ്കിലും, അയാൾ ബുദ്ധിമാനും സമീക്ഷയോടുകൂടി മാത്രമേ എന്തെങ്കിലും പ്രവൎത്തിക്കൂ എന്നുള്ളവനും, മററുള്ളവരുടെ ഉപദേശങ്ങൾകേൾക്കാൻ സന്നദ്ധനും ബുദ്ധിപൂൎവ്വകങ്ങളായ പദ്ധതികൾ തയ്യാറാക്കുവാൻ സമൎത്ഥനും ആ പദ്ധതികൾ വിജയത്തിലേയ്ക്കു് ത്വരയോടുകൂടി നയിക്കുവാൻ പ്രത്യേകവൈഭവമുള്ള ആളും ആയിരുന്നു. ലോഡൺ തൻെറ മഹത്തായ സൈന്യംകൊണ്ടു് കോളണികളെ ആക്രമണങ്ങളിൽനിന്നു രക്ഷിക്കുന്നതിനുപകരം, അവയെ കേവലം അരക്ഷിതങ്ങളായിവിട്ടു് ഹാലിഫാക്സിൽ അങ്ങോട്ടുമിങ്ങോട്ടും സൈനികയാത്ര നടത്തിക്കുകയായിരുന്നു. ഫോർട്ടു്ജോർജ്ജു് ഇങ്ങനെയാണു് നഷ്ടപ്പെട്ടതു്. കൂടാതെ ഈ ജനറൽ നമ്മുടെ കച്ചവടപ്രവൎത്തനങ്ങളെല്ലാം താറുമാറാക്കി വ്യാപാരത്തിനു തടസ്സങ്ങൾ വരുത്തി. ആഹാരസാധനാദിസാമഗ്രികളെ ഇറക്കുമതിചെയ്യുന്നതിനു പ്രതിബന്ധമായ ഉത്തരവുകൾ അദ്ദേഹം പാസ്സാക്കി. അവ ശത്രുക്കളുടെ കൈയിൽപ്പെടാതെ കഴിക്കാൻ എന്ന നാട്യത്തിൽ. എന്നാലോ വാസ്തവം അങ്ങനെയല്ല. ഓരോ കാൺട്രാക്ടന്മാരിൽനിന്നു പണംവാങ്ങി സാധനങ്ങളുടെ വിലയിടിയിച്ചുകൊടുക്കുകയായിരുന്നു ജനറലിൻെറ ഉന്നം ഇങ്ങനെ ജനറൽ പണംവാങ്ങിയോ ഇല്ലയോ എന്നതു് തീൎത്തു പറഞ്ഞുകൂടാ—വെറും സംശയമായിരിക്കാം. ഒടുവിൽ ഈ സ്തംഭനാനുശാസനം പിൻവലിക്കപ്പെട്ടപ്പോൾ ഇതേപ്പററി ചാൾസ്ടൺ എന്ന സ്ഥലത്തേയ്ക്കു് അറിവുകൊടുക്കാതെയിരിക്കനിമിത്തം കരോലിനാക്കപ്പൽനിര മൂന്നുമാസത്തേയ്ക്കു കൂടുതലായി താമസിപ്പിക്കപ്പെടുകയും, ഒരുതരം പുഴുക്കളുടെ ശല്യത്താൽ കപ്പലുകളുടെ അടിത്തട്ടിനു് ഗണ്യമായ കേടുകൾ പററുകയുംചെയ്തു.

ഷേർലിയാകട്ടെ, ഒരു വലിയ സൈന്യത്തിൻെറ നിയന്ത്രണമെന്ന ഭാരമേറിയതും തനിക്കു് അത്ര വളരെ പരിചയമില്ലാത്തതും ആയ കൃത്യത്തിൽനിന്നു വിടുൎത്തപ്പെട്ടപ്പോൾ വളരെ സന്തുഷ്ടനായതേയുള്ളു. ലോഡൺപ്രഭുവിനു് ന്യൂയോൎക്കുനഗരിക്കാർ സ്വാഗതം ചെയ്തുകൊണ്ടുള്ള ഒരു വിരുന്നുനൽകിയ അവസരത്തിൽ ഞാൻ

സന്നിഹിതനായിരുന്നു. ഷേർളിയുടെ സ്ഥാനം വഹിക്കാനുള്ള ഒരാളിൻെറ ആഗമനവും വിരുന്നും ആണ നടക്കുന്നതു് എങ്കിലും അദ്ദേഹവും സന്നിഹിതനായിരുന്നു. ഉദ്യോഗസ്ഥന്മാർ പൗരപ്രമാണികൾ അപരിചിതന്മാർ ഇങ്ങനെ അനവധിയാളുകൾ ഉണ്ടായിരുന്ന ആ സദസ്സിൽ കസേരകൾ പോരാതെവരികയാൽ അയൽ പക്കത്തു് എവിടെനിന്നോ കുറേ ചെറുതരം കസേരകൾ കൊണ്ടു വരപ്പെട്ടു. അവയിൽ ഒരു ചെറിയ കസേരയിലാണു് ഷേർളി ഇരുന്നതു്. "അവർ അദ്ദേഹത്തിനു് ഒരു ഉയരംകുറഞ്ഞ കസേരയേ നൽകിയുള്ളല്ലോസാർ!" എന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞപ്പോൾ "മി: ഫ്രാൻക്ലിൻ, ഉയരംകുറഞ്ഞ ചെറുകസേരയാകുമ്പോൾ വളരെ സമാധാനമായിട്ടിരിക്കാം" എന്നായിരുന്നു അദ്ദേഹം നൽകിയ മറുപടി.

ഞാൻ മുമ്പു പറഞ്ഞപോലെ ന്യൂയോക്കിൽ ഉദ്ദേശിക്കാത്ത വിധം ഏതാനും നാൾകൂടെ താമസിച്ച കാലത്തു് ബ്രാഡക്കിനു പണ്ടു കൊടുത്തിട്ടുണ്ടായിരുന്ന സാധനങ്ങളും വിഭവങ്ങളും സംബന്ധിച്ച കണക്കുകൾ കൈവശം വന്നുചേർന്നു. അവയിൽ ചില കണക്കുകൾ ഓരോരുത്തരിൽനിന്നു കിട്ടുവാൻ അല്പം കാലതാമസം നേരിട്ടു. ഞാൻ ആ കണക്കുകളെ ലോഡൺപ്രഭുവിനെ ഏല്പിച്ചു, അവശേഷിക്കുന്ന തുക കൊടുത്തുതീക്കണമെന്നുള്ള താല്പര്യത്തോടെ. അദ്ദേഹം അതു് തക്ക ഉദ്യോഗസ്ഥന്മാരെ ഏല്പിച്ചു പരിശോധിച്ചു. ആ ഉദ്യോഗസ്ഥന്മാർ ചെലവായ സാധനങ്ങളും അവയ്ക്കുള്ള വൗച്ചറുകളും നോക്കി സൂക്ഷ്മപരിശോധനനടത്തി കണക്കുകളെല്ലാം ശരി എന്നഭിപ്രായപ്പെട്ടു. അവശേഷിക്കുന്ന തുകയ്ക്കു് സേനാധനവ്യയഉദ്യോഗസ്ഥനു് ഒരു രസീതു നൽകാമെന്നു് ജനറൽ സമ്മതിക്കുകയും ചെയ്തു. എന്നാൽ ഈ രസീതു തരുന്നതിയതി മാററിവച്ചു മാററിവച്ചു് ഒടുവിൽ ഞാൻ എത്രമാത്രം ശ്രമം ചെയ്തിട്ടും കിട്ടിയില്ല. ഒടുവിൽ ഏകദേശം ഞങ്ങൾ പിരിയാറായപ്പോൾ അദ്ദേഹം തൻെറ മുൻഗാമി പററിയ തുകകൾക്കു് സ്വന്തം ചുമതലയിൽ ഉത്തരവാദിത്വം വഹിക്കുവാൻ സന്നദ്ധനല്ല എന്നെന്നെ അറിയിച്ചു "നിങ്ങൾ ഒരു കാര്യം ചെയ്യണം. ഇംഗ്ലണ്ടിൽ ചെന്നാൽ അവിടെ ഖജനാവിൽ ഈ കണക്കുകൾ കാണിച്ചാൽമതി പണം കിട്ടിക്കൊള്ളും" എന്നുപറയുകയും ചെയ്തു.

ഫലമൊന്നുമുണ്ടായില്ലെങ്കിലും, ഞാൻ അറിയിച്ചു:—ന്യൂയോക്കിൽ ആവശ്യമില്ലാതെ കപ്പൽയാത്ര പ്രതീക്ഷിച്ചുകഴിച്ച നാളുകളിൽ വലിയ കഷ്ടനഷ്ടങ്ങൾ ഉണ്ടായി. തുക ഉടനേ കിട്ടുമല്ലോ എന്നായിരുന്നു എൻെറ പ്രത്യാശ. ഈവക പണം കൈയിൽനിന്നു

ചെലവുചെയ്യതാകകൊണ്ടു് തിരിച്ചുകിട്ടുന്ന കാര്യത്തിൽ ഒരു വിഷമവും ഉണ്ടായിരിക്കാൻ ഇടയില്ലെന്നും ഞാൻ വിചാരിച്ചു. ഇതിലേയ്ക്കു് എനിക്കു് 'കമ്മിഷൺ' എന്നനിലയിൽ യാതൊരാദായവും ഉണ്ടായിരുന്നതുമില്ല. എന്നാൽ ജനറൽ ലോഡൺ പറഞ്ഞു:—"നിങ്ങൾക്കിക്കാര്യത്തിൽ യാതൊരാദായവും ഇല്ലഎന്നും മററും ഞങ്ങളെ വിശ്വസിപ്പിക്കാൻ നോക്കേണ്ട. അക്കാര്യങ്ങൾ ഞങ്ങൾക്കാണു് ശരിയായി അറിയാവുന്നതു്. സൈന്യങ്ങൾക്കു് വിഭവങ്ങൾ ശേഖരിച്ചുകൊടുക്കുന്നവക്കു് തീച്ചയായും നല്ല നല്ല തുകകൾ ലാഭമടിക്കാം."എന്നു്. വാസ്തവത്തിൽ ഈ ഏപ്പാടു കൊണ്ടു് എനിക്കു് യാതൊരു ലാഭവുമില്ല എന്നു ഞാൻ പറഞ്ഞു. ഒരു ഫാത്തിങ്ങുപോലും ലാഭമില്ല എന്നു ഞാൻ പറഞ്ഞിട്ടും ജനറൽ വിശ്വസിക്കയില്ല. ഓരോരുത്തർ ഈ ഇനത്തിൽ നല്ല തുകകൾ സമ്പാദിച്ചിട്ടുണ്ടെന്നു ഞാൻ പിന്നെ മനസ്സിലാക്കി. എന്നെ സംബന്ധിച്ചാകട്ടെ, ന്യായമായി കിട്ടേണ്ട തുകപോലും കിട്ടുകയുണ്ടായില്ല. അക്കാര്യങ്ങളെപ്പററി മേൽ പറഞ്ഞുകൊള്ളാം.

ഞങ്ങൾ കയറിയ യാനപാത്രത്തിലെ കപ്പിത്താൻ യാത്ര തുടങ്ങുന്നതിനുമുമ്പു് കപ്പൽവേഗത്തെപ്പററി വളരെയൊക്കെ മേനി പറഞ്ഞു. എന്നാൽ നിർഭാഗ്യവശാൽ ഞങ്ങൾ കടലിൽ എത്തിയപ്പോൾ ആ കപ്പൽ ഏററവും മന്ദഗതിയാണെന്നു് ബോദ്ധ്യപ്പെട്ടു. കാരണത്തെപ്പററിയുള്ള പല ഊഹങ്ങളിൽ കഴിഞ്ഞശേഷം, ഇതിനെപ്പോലെ മോശമായ മററൊരു കപ്പലിൻെറ അടുത്തെത്തി. എന്നാൽ അതു് ഞങ്ങളെക്കാൾ വേഗത്തിൽ യാത്രചെയ്തു കടന്നുപോയി. ഇതുകണ്ടു ക്യാപ്ററൻ എല്ലാ യാത്രക്കാരോടും കപ്പലിൻെറ പിൻഭാഗത്തു വന്നുനില്ക്കാനാവശ്യപ്പെട്ടു ഞങ്ങൾ എല്ലാം ചേൻ നാല്പതുപേരുണ്ടായിരുന്നു. ഞങ്ങൾ അവിടെ സ്ഥലംമാറിച്ചെന്നുനിന്നപ്പോൾ കപ്പലിൻെറ ഗതിവേഗത്തിനു് വ്യത്യാസമുണ്ടായി. അതോടുകൂടി മറേറക്കപ്പൽ വളരെ പുറകിലുമായി. ഇതിൽനിന്നു കപ്പിത്താൻ ഊഹിച്ചതു് ശരിതന്നെയായിരുന്നു. കപ്പലിൻെറ തലയ്ക്കൽ ഭാരം കുറേ കൂടുതലായിപ്പോയി. ജലകുംഭങ്ങളേയും ആളുകളേയും കുറേക്കൂടെ പുറകിലോട്ടു് കൊണ്ടുപോയി. അപ്പോൾ കപ്പലിനു ഗതിവേഗം കൂടി.

കപ്പിത്താൻ പറഞ്ഞതനുസരിച്ചു് ഈ കപ്പൽ ഒരിക്കൽ മണിക്കൂറിൽ പതിമ്മൂന്നുമൈൽ എന്ന വേഗത്തിൽ സഞ്ചരിച്ചിട്ടുണ്ടത്രേ. ഞങ്ങളോടുകൂടി യാത്രക്കാരനായി ക്യാപ്ററൻ കെനഡി എന്നൊരാളും ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ

ഇത്ര കൂടുതൽവേഗം സാദ്ധ്യമല്ലെന്നും വേഗക്കൂടുതൽ ഉണ്ടെന്നു പറഞ്ഞതു വേഗമാപിനിയായ തടിക്കഷണത്തിൻെറ കിടപ്പിലുള്ള ന്യൂനതകൊണ്ടു് തെററിപ്പോയതായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതുസംബന്ധിച്ചു രണ്ടു കപ്പിത്താന്മാരും തമ്മിൽ പന്തയംവച്ചു. വേണ്ടുവോളം കാററുണ്ടായിരിക്കുമ്പോൾ പരീക്ഷിക്കണമെന്നു നിശ്ചയിക്കപ്പെട്ടു. കെനഡി ആ കപ്പലിലെ വേഗമാപിനിത്തടിയൊന്നു ശരിയായി പരിശോധിച്ചു. അതിനുശേഷം ആ തടി കപ്പലിനോടു ഘടിപ്പിച്ചിട്ടുണ്ടായിരുന്നതു് വെള്ളത്തിലിട്ടു. ഏതാനുംദിവസം കഴിഞ്ഞു കാററിൻെറ ഗതി അനുകൂലമായി. ആദ്യത്തെ കപ്പിത്താൻ 'ല്യുട്'വിഡ്'ജ്'' കപ്പൽഗതിവേഗം നോക്കി മണിക്കൂറിൽ പതിമ്മൂന്നുമൈൽ എന്നു പറഞ്ഞു. കെന്നഡി പരിശോധന നടത്തി ശരിയെന്നു സമ്മതിച്ചു. പന്തയത്തിൽ തോററു.

ഞാനിപ്പറയുന്നതു ഒരു പ്രത്യേകമായ വസ്തുത വെളിപ്പെടുത്തുന്നതിനാണു്. ഒരു കപ്പൽ പുതുതായി പണികഴിക്കപ്പെടുമ്പോൾ അതു് വേഗവത്തായിരിക്കുമോ ഇല്ലയോ എന്ന കാര്യം തീർച്ചപ്പെടുത്തിപ്പറയാൻ നിവൃത്തിയില്ല. ഒന്നാംതരമൊരു വേഗവത്തായ കപ്പലിൻെറ മാതൃകയിൽ പണിതിട്ടുള്ള കപ്പൽ തീരെ വേഗമില്ലാത്തതായി കലാശിച്ചുവെന്നു വരാം. ഇങ്ങനെ സംഭവിക്കുന്നതു കപ്പൽ നയിക്കുന്ന കപ്പിത്താന്മാരുടെ പ്രവർത്തനസമ്പ്രദായം അനുസരിച്ചായിരിക്കും. കപ്പലിൽ ഭാരം കയററുന്നതു്, വേണ്ട ഒരുക്കങ്ങളോടെ സംവിധാനംചെയ്യുന്നതു്, കപ്പലോടിക്കുന്നതു് എന്നിക്കാര്യങ്ങളെയാണു കപ്പലിൻെറ വേഗം ആശ്രയിക്കുക. ഒരേ കപ്പൽ ഒരു കപ്പിത്താൻെറ മേൽനോട്ടത്തിൽ ഒരുവിധം ഓടുമ്പോൾ മറെറാരുകപ്പിത്താൻെറ നിയന്ത്രണത്തിൽ മറെറാരുതരം വേഗത്തോടെയായിരിക്കും ഗതികൊള്ളുന്നതു്. ഒരു കപ്പൽ ഒരേ കപ്പിത്താൻെറ നിയന്ത്രണത്തിൽത്തന്നെയായിരിക്കും എപ്പോഴും എന്നു വരുന്നതും അപൂർവമാണു്. ഒരാൾ കപ്പലിൻെറ ഉടൽ ക്രൂട്ടി ശരിപ്പെടുത്തുന്നു. മറെറാരാൾ പായ്മരം നിർമ്മിക്കുന്നു. ഇനിയൊരാൾ ഭാരംകയററിക്കൊണ്ടു നടക്കുന്നു. ഇവരിലാരുംതന്നെ എല്ലാമറിയുന്നവരില്ല. ഒരാളിനു മറെറാരാളിൻെറ പ്രായോഗികപരിചയം സിദ്ധിക്കുന്നില്ല. അതുകൊണ്ടു് ഈ മൂന്നംശങ്ങളും ചേർത്താലോചിച്ചു ശരിയായ പ്രവർത്തനതത്വങ്ങളിലെത്തിച്ചേരാൻ കഴിയുന്നില്ല.

കപ്പലുകൾ കടലിലായിരിക്കുമ്പോൾ അവ ഓടുന്നവിധത്തിൽ തന്നെ പല വ്യത്യസ്തതകളും ഉണ്ടു്. പലേ കപ്പിത്താന്മാരുടേയും അഭിപ്രായങ്ങൾ പലവിധത്തിലാകുന്നു. കാററു ഒരേവിധം ആയി

രുന്നാലും കപ്പലിൻെറ ഓട്ടത്തിനു വ്യത്യാസം കാണുന്നു. ഒരാൾക്കു കപ്പലിലെ പായുടെ അററങ്ങൾക്കു് വ്യത്യാസം വരുത്തി ക്രമമില്ലായുള്ളതാക്കാം. അഥവാ പരപ്പുള്ളതാക്കാം. ഇതു് ഇന്ന നിയമം അനുസരിച്ചുതന്നെയായിരിക്കണം എന്നൊരു നിർബന്ധവും ഇല്ല. ഇതിൽ ചില പരീക്ഷണങ്ങൾ നമുക്കു് നിർവ്വഹിക്കാവുന്നതാണു്. കപ്പൽശരീരം അഥവാ കപ്പലിൻെറ ഉരുവായവശം വേഗമേറിയ ഗതിയ്ക്കനുകൂലമായിത്തീർക്കുക, കപ്പലിലെ പാമരങ്ങൾക്കു് ശരിയായ അളവുകൾ നിർണ്ണയിക്കുക, ഏററവും യുക്തമായ സ്ഥലങ്ങളിൽ അവയെ നിർത്തുക, കപ്പൽപ്പായ്കളുടെ രൂപവും അവയുടെ ഭാരവും കാററനുസരിച്ചു അവയുടെ നിലയും തിട്ടപ്പെടുത്തുക, കപ്പലിൽ കയററുന്ന ഭാരത്തിൻെറ ന്യാസക്രമം നിശ്ചയിക്കുക എന്നിവയാകുന്നു ശ്രദ്ധിക്കേണ്ടതു്. ഇതു് പരീക്ഷണങ്ങളുടെ കാലമാണല്ലോ. ഏററവും സൂക്ഷ്മമായ വിധത്തിലുള്ള യോജിപ്പോടുകൂടിയ ഈ പരീക്ഷണങ്ങളാൽ വളരെ പ്രയോജനം ഉണ്ടായിരിക്കും. ഏതെങ്കിലും തത്വജ്ഞന്മാരായവർ ഇക്കാര്യത്തിൽ പ്രവർത്തിക്കുന്നതു് നന്നായിരിക്കും. അവർക്കു് ഞാൻ വിജയം ആശംസിക്കുന്നു.

ഞങ്ങൾ യാത്രയ്ക്കിടയ്ക്കു് പല പ്രാവശ്യവും ശത്രുക്കളാൽ പിൻതുടരപ്പെട്ടു. എന്നാൽ ശത്രുക്കളുടെ പിടിത്തത്തിൽ വീഴാത്ത വിധമായിരുന്നു കപ്പലോട്ടം നടത്തിയതു്. മുപ്പതുദിവസംകഴിഞ്ഞതോടുകൂടി കരയ്ക്കു സമീപിക്കാറായി. ഫാൽമത്തു് എന്ന തുറമുഖത്തിനടുത്തെത്തി എന്നു കപ്പിത്താൻ കൃത്യമായി ഊഹിച്ചു. രാത്രിയിൽ അതിവേഗത്തിൽപ്പോയാൽ രാവിലെ ആ തുറമുഖത്തിന്നടുത്തെത്തും. രാത്രി ഓടുന്നതുകൊണ്ടു് ശത്രുക്കളുടെ പ്രത്യേകജലവാഹനങ്ങളിൽനിന്നു രക്ഷനേടുകയും ചെയ്യാമെന്നു കണ്ടു. ഈ ജലവാഹനങ്ങൾ ഇംഗ്ലീഷു് ചാനലിൻെറ മുഖത്തു സഞ്ചരിക്കുന്നുണ്ടായിരുന്നു. കപ്പൽപ്പായ്കളെല്ലാം തെറുത്തുകെട്ടി. കാററു് അനുകൂലമായിരുന്നു. ഞങ്ങൾ ചാനലിലേയ്ക്കു പ്രവേശിച്ചു. കപ്പിത്താൻ സൂക്ഷ്മനോട്ടത്തോടെ അയാളുടെ കപ്പൽ നിയന്ത്രിച്ചു. സ്കില്ലിദ്വീപുകളെ അകലെവിട്ടു കടന്നുപോകുവാൻ ഉദ്ദേശിച്ചു. എന്നാൽ ശക്തിയേറിയ ഉള്ളൊഴുക്കു് സെൻറുജോർജ്ജു് ചാനലിൽ ഉണ്ടായി. ഈ ഉള്ളൊഴുക്കു് കപ്പലോട്ടക്കാരെ ചതിക്കുന്നതും മുമ്പു് സർ ക്ലൗഡ്സ്ലിഷോവലിൻെറ കപ്പലിനെ അപായപ്പെടുത്തിയതും ആയിരുന്നു. ഞങ്ങൾക്കു നേരിടേണ്ടിവന്ന സ്ഥിതിക്കും ഈ ഉള്ളൊഴുക്കുതന്നെയാണു് കാരണമായി ഭവിച്ചതു്.

ഞങ്ങളുടെ കപ്പലിൻെറ മുൻവശത്തു് അററത്തായി ഒരു തവണക്കാരനെ ഇരുത്തിയിരുന്നു. "മുൻവശത്തേയ്ക്കു് വളരെ സൂക്ഷ്മ

മായി നോക്കിക്കൊള്ളണം" എന്നായിരുന്നു അയാൾക്കു കൊടുത്ത നിർദ്ദേശം. അയാൾ കൂടെക്കൂടെ "ശരി; ശരി" എന്നുപറഞ്ഞുകൊണ്ടിരുന്നു. അയാളിങ്ങനെ പറയുകയായിരുന്നുവെങ്കിലും അയാളുടെ കണ്ണുകൾ ഉറക്കംനിമിത്തം പകുതിയടഞ്ഞവയായിരുന്നു. അയാൾ ഒന്നുമേ മുന്നിൽ കാണാതെതന്നെ "ശരി ശരി" പറഞ്ഞിരുന്നു. കപ്പൽപ്പാകൊണ്ടു് കാണ്മാൻവയ്യാത്തവിധം ഒരു വെളിച്ചം മുന്നിൽ പ്രത്യക്ഷപ്പെട്ടു. യാദൃച്ഛികമായി കപ്പലിനുണ്ടായ ഒരു തിരിവുനിമിത്തമായിരുന്നു ഇതു കാണാറായതു്. കപ്പൽ മുന്നോട്ടുപോകുന്തോറും വെളിച്ചത്തിന്റെ ആകൃതി വലുതായി ഒരു വണ്ടിച്ചക്രത്തോളമുള്ള വികാസം പ്രാപിച്ചു. അർദ്ധരാത്രിയാണു സമയം; കപ്പിത്താൻ ഉറങ്ങുകയും. എന്നാൽ കപ്പലിലുണ്ടായിരുന്ന ക്യാപ്റ്റൻ കെനഡി പെട്ടെന്നു കപ്പൽത്തട്ടിലേയ്ക്കു ചാടി കപ്പലിന്റെ ഗതിതിരിച്ചു; ഇല്ലായിരുന്നുവെങ്കിൽ ദീപസ്തംഭംനിറുത്തിയിരുന്ന പാറക്കൂട്ടത്തിൽ ചെന്നുതട്ടി കപ്പൽ ഉടയുമായിരുന്നു.

ആഴക്കണക്കുകൊണ്ടും മററടയാളങ്ങളാലും ഞങ്ങൾ തുറമുഖത്തിനടുത്തു എത്തുന്നുവെന്നു് പ്രഭാതത്തിൽ മനസ്സിലാക്കി. എന്നാൽ കട്ടിയുള്ള ഒരു മൂടൽമഞ്ഞു് കരയെ മറച്ചുകാണപ്പെട്ടു. ഒൻപതുമണിയായതോടുകൂടി ഈ മൂടൽമഞ്ഞു് മായാൻതുടങ്ങി. ഒരു നാടകരംഗത്തു കർട്ടൻപൊക്കിയപോലുള്ള അനുഭവം ഉണ്ടായി. അതിന്റെ അടിയിലായിട്ടായിരുന്നു ഫാൽമത്തുനഗരം. അതിന്റെ തുറമുഖഭാഗത്തുള്ള കപ്പലുകളും ആ കരയിലുള്ള വയലുകളും കഷ്ടിച്ചു പ്രത്യക്ഷപ്പെട്ടു. അതേവരെ വെറും സമുദ്രജലംമാത്രം കാഴ്ചയ്ക്കുണ്ടായിരുന്നതു് ഇങ്ങനെ മാറിയതോടെ എല്ലാപേരും സന്തോഷിച്ചു.

ഞാൻ ഉടനേതന്നെ പുത്രനോടുകൂടി ലണ്ടനിലേയ്ക്കുതിരിച്ചു. സാലിസ്ബറിമൈതാനത്തിലുള്ള സ്റ്റോൺഹെൻജും, പെമ്പ്രോക്കിന്റെ ഭവനവും തോട്ടങ്ങളും അദ്ദേഹത്തിന്റെ അനവധി വിചിത്രസാധനങ്ങൾ നിരത്തിയ വിൽട്ടനിലെ കാഴ്ചയും കാണുന്നതിനുമാത്രമേ വഴിയിൽ ഞങ്ങൾ താമസിച്ചുള്ളു. 1757 ജൂലായി മാസം 27-ാംതീയതിയാണു് ഞങ്ങൾ ലണ്ടനിൽ എത്തിയതു്. മി: ചാറൽസു എന്നയാൾ എനിക്കു തയ്യാറാക്കിയ ഒരു വസതിയിൽ ചെന്നുചേർന്നശേഷം ഡാ: ഫോഥർജില്ലിനെക്കാണ്മാൻ ഞാൻ പോയി. അദ്ദേഹത്തെ ചെന്നുകാണ്മാൻ എന്റെകൈയിൽ ശക്തിയേറിയ ശുപാർശക്കത്തുകൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ തേടണമെന്നു എന്നെ ഏല്പിച്ചിരുന്നു.

ഗവണ്മെൻറിനെതിരായി ഉടൻതന്നെ ഒരു ആവലാതികൊടുക്കുന്ന കാര്യത്തിൽ അദ്ദേഹം അനുകൂലിച്ചില്ല. അമ്മേരിക്കയിലെ തോട്ട മുടമകളായ ധനാഢ്യന്മാരെ നേരിട്ടുസമീപിക്കണമെന്നും, അവരുടെ സ്നേഹിതന്മാർമുഖേന അവരെ വശീകരിക്കണമെന്നും ആയിരുന്നു, അദ്ദേഹത്തിൻെറ അഭിപ്രായം ഇതിനുശേഷം ഞാൻ എൻെറ പഴയ സ്നേഹിതനായ മി: പീററർകോളിൻസണെ കാണുവാൻ പോയി. വെർജീനിയയിലെ വലിയൊരു കച്ചവടക്കാരനായ 'ജോൺഹാൻബറി'എന്നയാറം ഞാൻ എത്തുന്ന സന്ദർഭത്തിൽ വിവരം അറിയിക്കണമെന്നും കൗൺസിലിൻെറ പ്രസിഡൻറായ ഗ്രാൻവൈൽപ്രഭുവിൻെറ കെട്ടിടത്തിലേയ്ക്കു ഒന്നിച്ചുപോകാമെന്നും കോളിൻസണെ അറിയിച്ചവിവരം അയാറം എന്നോടുപറഞ്ഞു. പിറേറദിവസം ഹാൻബറിയായുമൊന്നിച്ചു ഗ്രാൻവൈലിനെ കാണുവാൻ ഞാൻ തിരിച്ചു. ഗ്രാൻവൈൽ എന്നെ വേണ്ട മര്യാദകളോടെതന്നെ സ്വീകരിച്ചു. അല്പംകഴിഞ്ഞു് അമേരിക്കയുടെ അന്നത്തെ സ്ഥിതിഗതിയെക്കുറിച്ചുള്ള സംഭാഷണമായി. അദ്ദേഹംപറഞ്ഞു—"നിങ്ങറം അമ്മേരിക്കാക്കാർ ഭരണഘടനയെപ്പററി ചില തെററിദ്ധാരണകളെല്ലാം ഉണ്ടെന്നുതോന്നുന്നു രാജാധികാരം ഗവർണ്ണർമാക്കു് അനുശാസനമെന്നനിലയിൽ കല്പിക്കുന്ന ആജ്ഞകറം നിയമങ്ങളെന്നനിലയിൽ അനുസരിക്കേണ്ടവയല്ലെന്നാണു് നിങ്ങളുടെ ധാരണ. നിങ്ങറംക്കുതോന്നുംപോലെ ആ അനുശാസനങ്ങളെ സ്വീകരിക്കുകയും നിരാകരിക്കുകയും ചെയ്യുക! എന്നാൽ ആ അനുശാസനങ്ങറം ഒരുമന്ത്രിക്കു് അന്യനാടു ഭരിക്കാൻകൊടുക്കുന്ന ചില വിജ്ഞാനശകലങ്ങറംപോലെയാണു് എന്നു കരുതരുതു്. അവയെല്ലാം നീതിന്യായശാസ്ത്രത്തിൽ അഗാധപാണ്ഡിത്യം സിദ്ധിച്ച ജഡ്ജിമാർ എഴുതിയുണ്ടാക്കുന്നവയും, അതിനുശേഷം വേണ്ടുവോളം വാദപ്രതിവാദത്തിനു് വിഷയമായി കൗൺസിലുകളിൽ വേണ്ട ഭേദഗതിയോടെ സ്വീകരിക്കപ്പെടുന്നവയും ആകുന്നു ഇതിനുശേഷമാണു് രാജാവു് അവയിൽ ഒപ്പുവെയ്ക്കുന്നതു്. അതിനുശേഷം അവ നിങ്ങളെസ്സംബന്ധിക്കുമ്പോറം നാട്ടുകാർ ആദരിക്കേണ്ട നിയമങ്ങളായിത്തീരുന്നു. എന്തെന്നാൽ അമ്മേരിക്കയിലെ അധിനിവേശസ്ഥലങ്ങളുടെ അധീശൻ ഇംഗ്ലീഷുരാജാവാകുന്നു."

പ്രഭുവിൻെറ അഭിപ്രായംകേട്ടു ഞാൻ പറഞ്ഞു:—

"ഇതു് എനിക്കു് പുതിയൊരു നിയമതത്ത്വമായി തോന്നുന്നു. ഞങ്ങറംക്കു് സിദ്ധിച്ചിട്ടുള്ള അവകാശപത്രിക അനുസരിച്ചു് ഞങ്ങളുടെ നിയമങ്ങറം നിർമ്മിക്കാനുള്ള അവകാശം ഞങ്ങറംക്കുണ്ടു

ന്നാണു് എൻെറ ധാരണ. അസംബ്ളിയിൽ പാസ്സാകുന്ന ഈ നിയമങ്ങൾ സാധുവാകുവാൻ രാജാധികാരത്തിൻെറ സമ്മതം വേണമെന്നതു് ശരി. എന്നാൽ അങ്ങനെ സമ്മതം നൽകിക്കഴിയുന്ന ഒരു നിയമം മാററുവാൻ രാജാധികാരത്തിനു് അവകാശമില്ല. അസംബ്ളിക്കു സ്വയം നിയമനിർമ്മിതിക്കു് അധികാരമില്ലാത്തപോലെ അസംബ്ളിയുടെ സമ്മതിയില്ലാതെ നിയമമുണ്ടാക്കുവാൻ രാജാധികാരത്തിനും അവകാശമില്ല. അസംബ്ളിയുടെ അറിവും സമ്മതവും കൂടാതെ നിയമം രാജാധികാരം പ്രമാണിച്ചു് പ്രയോഗത്തിൽ കൊണ്ടുവരാവുന്നതല്ല." എൻെറ ഈ അഭിപ്രായം നിശ്ശേഷം തെററാണെന്നു് അദ്ദേഹം എന്നെ അറിയിച്ചു. ഞാൻ അതു് അങ്ങനെയാണെന്നു് സമ്മതിച്ചില്ല. ഞങ്ങളെപ്പററി കൊട്ടാരത്തിൻെറ മനോഭാവം പ്രതികൂലമായിരിക്കുമല്ലോ എന്നു് ഭയപ്പെട്ടു് ഞാൻ താമസസ്ഥലത്തുചെന്നു് ഉടനേ സംഭാഷണത്തിലെ തത്വങ്ങൾ വ്യക്തമായിഎഴുതി. ഉദ്ദേശം ഇരുപതുവർഷംമുമ്പു് ഒരു സന്ദർഭത്തിൽ പാർലമെൻറിൽ ഒരു മന്ത്രി കൊണ്ടുവന്നിരുന്നതും രാജാവിൻെറ അനുശാസനങ്ങൾ അമ്മേരിക്കൻകോളണികൾ നിയമമായി അനുസരിച്ചുകൊള്ളേണ്ടതാണെന്നുമുള്ള ഒരു നിയമവാക്യത്തെ കാമൺസ്സഭാംഗങ്ങൾ നിശ്ശേഷം തിരസ്കരിച്ച ഒരു വസ്തുത എനിക്കു് ഓർമ്മവന്നു. അന്നു ഞങ്ങൾ നിയമസഭാംഗങ്ങളെ സ്വാതന്ത്ര്യപരിപാലകരെന്നു് അഭിനന്ദിച്ചു. ഇപ്പോൾ വ്യക്തമായി, അധികാരം രാജാവിൽനിന്നെടുത്തു തങ്ങൾ സൂക്ഷിക്കുകയാണു അവർ ചെയ്യുന്നതെന്നു്. ഏതാനുംനാൾ കഴിഞ്ഞപ്പോൾ ഡാക്ടർ ഫോഥർജിൽതന്നെ ചില തോട്ടമുടമസ്ഥന്മാരായ മുതലാളികളോടു് ഇക്കാര്യത്തെപ്പററി സംസാരിച്ചതിൻെറ ഫലമായി മി: തോമസ്പെന്നിൻെറ ഭവനത്തിൽവച്ചു അവർ ഒത്തുകൂടാമെന്നു സമ്മതിച്ചു. രണ്ടുകൂട്ടരും ന്യായമായ ഒരു ഒത്തുതീർപ്പിനു് തയ്യാറാണെന്നു് ആദ്യംതന്നെ ഏററു. പക്ഷേ ന്യായമെന്തെന്നു രണ്ടുകക്ഷിക്കാർക്കും വെവ്വേറെയായിരുന്നു അഭിപ്രായം. തോട്ടമുടമകളായ ധനവാന്മാർ അവരുടെ വശത്തേയും ഞാൻ അസംബ്ളിയുടെ ഭാഗത്തേയും സാധൂകരിക്കാൻ ശ്രമിച്ചു. ഒരു പരസ്പരയോജിപ്പു് സാദ്ധ്യമല്ലാതെ വന്നേയ്ക്കാമെന്നവിധത്തിൽ ഞങ്ങളുടെ അഭിപ്രായവ്യത്യാസം അത്ര മികച്ചു. ആവലാതികളുടെ പ്രധാനരൂപങ്ങൾ ഞാൻ എഴുതി അവരെ ഏല്പിക്കണമെന്നും, അവയെ അവർ വേണ്ടവിധം പര്യാലോചിക്കാമെന്നും സമ്മതിച്ചു. ഞാൻ ഉടൻതന്നെ അങ്ങനെ ഞങ്ങൾക്കു് പ്രാതികൂല്യമുള്ള ചില പ്രധാനസംഗതികൾ കുറിച്ചു് അവരെ ഏല്പിച്ചു. അവർ ഈ കുറിപ്പിനെ അവരുടെ വക്കീലായ ഫേർഡിനൻറു് ജോൺപാരിസ്സ്

എന്നയാളെ ഏല്പിച്ചു. അവരുടെ എല്ലാ കോടതിവ്യവഹാരങ്ങളും നടത്തിക്കൊണ്ടിരുന്നതു് ഈ ഫേർഡിനൻറു ജോൺപാരിസ്സായിരുന്നു. മേരിലാൻഡിലെ തോട്ടമുടമകളായ ബാൽട്ടിമോർ പ്രഭുവുമായി എഴുപതിൽപ്പരം വഷത്തെ പഴക്കമുള്ള കേസ്സു നടത്തിയതും അസംബ്ളിയുമായി ഈ ഉടമകളുടെ വഴക്കകാലത്തു് അവരുടെ എല്ലാ കടലാസ്സുകളും സന്ദേശങ്ങളും എത്തിച്ചുകൊണ്ടിരുന്നതും ഈ വക്കീലായിരുന്നു അയാം അഹങ്കാരിയും കോപിഷ്ഠനും ആയിരുന്നു. അസംബ്ളിയിൽ ഇയാളുടെ വക കടലാസ്സുകൾ എത്തുമ്പോൾ അവയെ ഞാൻ തീവ്രമായി എതിർത്തിട്ടുണ്ടു്. അദ്ദേഹത്തിൻെറ എഴുത്തുകുത്തുകൾ അത്രമേൽ അഹങ്കാരദ്യോതകങ്ങളും ന്യായവിരുദ്ധങ്ങളും ആയിരുന്നു. ഇങ്ങനെ അയാളുടെ കടലാസ്സുകളോടു ഞാൻ കാട്ടിവന്ന പ്രതികൂലമനോഭാവത്തെപ്പററി ഫേർഡിനൻഡിനുതന്നെ അറിയാം. കാര്യങ്ങൾ ഈവിധമായതിനാൽ ഞാൻ എഴുതി ഏല്പിച്ച കുറിപ്പിനെപ്പററി ഫെർഡിനാൻറുമായി വാദപ്രതിവാദം നടത്തുവാൻ ഞാൻ വിസമ്മതിച്ചു. ഇതറിഞ്ഞു് നിലമുടമകൾ എൻെറ കുറിപ്പുകൾ അറേറാർണിമാരുടേയും സോളിസിററർമാരുടേയും മേലധികാരിയായ മാന്യനെ ഏല്പിച്ചു; അദ്ദേഹത്തിൻെറ അഭിപ്രായവും ഉപദേശവും ഇക്കാര്യത്തിൽ അറിയുന്നതിനുവേണ്ടി യാതൊരു സമാധാനവും കൂടാതെ വഷം ഒന്നു കഴിഞ്ഞു. എട്ടുദിവസംമാത്രമാണു് ഒരു വഷത്തിനു കുറവു് എന്ന ഘട്ടമായപ്പോൾ ഞാൻ തോട്ടമുടമകളുടെ സമാധാനം എന്തായിരിക്കുമെന്നു് അറിവാൻ നിരന്തരം അലട്ടി. അറേറാണി സോളിസിററർ ജനറലിൻെറ അഭിപ്രായം തങ്ങൾക്കു ലഭിച്ചിട്ടില്ല എന്നായിരുന്നു അവരുടെ സമാധാനം. അവക്കു് അങ്ങനെ ഒരു അഭിപ്രായം എന്തെങ്കിലും ലഭിച്ചുവോ ഇല്ലയോ എന്നൊന്നുമേ എനിക്കു് അറിവാൻ സാധിച്ചില്ല. അവരാകട്ടെ, അതൊന്നുംതന്നെ എന്നെ കാണിക്കാതെ വക്കീൽ പാരിസ്സിൻെറ വകയായി അസംബ്ളിക്കു് ഒരു സന്ദേശം അയയ്ക്കുകയാണുണ്ടായതു്. ഞാൻ സമപ്പിച്ചിരുന്ന കടലാസ്സിലെ കാര്യങ്ങൾ ഉദ്ധരിച്ചു് ആ കടലാസ്സിൽ എഴുത്തുകത്തനുസരിച്ചുള്ള ചടങ്ങുകളുടെ കുറവു ചൂണ്ടിക്കാട്ടി ആ മുതലാളന്മാരുടെപക്ഷം സാധൂകരിച്ചുകൊണ്ടു് കുറേക്കൂടെ യോഗ്യനായ ഒരാളെ ഇമ്മാതിരി ഒത്തുതീപ്പുകൾക്കു് അയച്ചാൽക്കൊള്ളാമെന്നു് എഴുതിയയച്ചു.

എന്നിൽ ആരോപിക്കപ്പെട്ട ഈ ചടങ്ങുകളുടെ കുറവെന്നു പറഞ്ഞതു് ഞാൻ കുറിച്ചുകൊടുത്ത കടലാസ്സിൽ അവരെ അഭിസംബോധനം ചെയ്തതു് "യഥാത്ഥത്തിലും നിശ്ശേഷമായും പെൻ

സിൽവേനിയാസംസ്ഥാനങ്ങളുടെ ജന്മിമാരായ ഇന്നയിന്ന ആളുകൾക്ക് എന്നു പ്രസ്താവിക്കാത്തതായിരുന്നു. കാൎയ്യംമാത്രം എഴുതി അറിയിക്കുന്ന ഒരു കടലാസ്സിൽ ഈ ആടോപങ്ങളൊന്നും ആവശ്യമില്ല എന്നു ഞാൻ കരുതിയതുതന്നെ.

ഇങ്ങനെ കാലതാമസം വന്നതിനിടയ്ക്കു് അസംബ്ളി അംഗങ്ങൾ ഗവൎണ്ണർഡെന്നിയേ എങ്ങനെയോ സ്വാധീനപ്പെടുത്തി ജന്മിമാരുടെ തോട്ടങ്ങൾക്കു് സാധാരണന്റെ വസ്തുക്കൾക്കുള്ളപോലെതന്നെ കരം ചുമത്തുന്ന നിയമങ്ങൾ നിൎമ്മിച്ചു. ഇതായിരുന്നല്ലോ സകലവഴക്കുകൾക്കും കാരണമായിനിന്നതു്.

ഈ നിയമം രാജാധികാരത്തിന്റെ അംഗീകരണത്തിനു വന്നുചേൎന്നപ്പോൾ ജന്മിമാരെല്ലാപേരും പാരിസു്വക്കീലുമായി ആലോചിച്ചു് രാജാനുമതി സിദ്ധിക്കാതിരിക്കുന്നതിനു വാദിക്കുവാൻ തീരുമാനിച്ചു. അവർ കൗൺസിലിൽ രാജാധികാരത്തിന്റെ നേൎക്കു് ആവലാതിപ്പെട്ടു. കേസുവാദിക്കാൻ രണ്ടുകക്ഷിക്കാരും ഈരണ്ടു വക്കീലന്മാരെ ഏൎപ്പെടുത്തി. എതിർകക്ഷികളുടെ വാദം ഇപ്രകാരമായിരുന്നു:—"ഈ നിയമം അമ്മേരിക്കൻജന്മിമാരെ കരക്കൂടുതൽ ചുമത്തി വിമ്മിഷ്ടപ്പെടുത്തുവാനും സാധാരണക്കാരെ ഒഴിവാക്കുവാനും ഉദ്ദേശിച്ചുള്ളതാകുന്നു. ഇങ്ങനെ ജന്മിമാരെ അസ്വാതന്ത്ര്യരും സാധാരണന്മാരെ സ്വാതന്ത്ര്യരും ആക്കിവിട്ടാൽ അതു ജന്മിമാരുടെ നാശത്തിനു് ഹേതുവാകുന്നതാണു്." നിയമത്തിനു് ഇങ്ങനെയൊന്നും ഉദ്ദേശമില്ലെന്നു് ഞങ്ങൾ വാദിച്ചു. നികുതിചുമത്തുന്ന ഉദ്യോഗസ്ഥന്മാർ സത്യസന്ധന്മാരും വിവേകശാലികളും ആണെന്നും ജന്മിമാരുടെ നികുതി കൂട്ടുകയോ സാധാരണരുടെകരം കുറയുകയോ ചെയ്യത്തക്കവിധത്തിലുള്ള പക്ഷപാതബുദ്ധി അവൎക്കു് ഇല്ല എന്നും ഞങ്ങളുടെ കക്ഷി വാദിച്ചു. ഇരുവശത്തുകാരും ഗൗരവമേറിയവിധം വാദം നടത്തിയതിന്റെ സാരം ഇതായിരുന്നു. രാജാധികാരത്തിനുവേണ്ടി എന്നും രാജകീയാവശ്യങ്ങൾ നിൎവ്വഹിക്കാൻ എന്നുമുള്ളപേരിൽ ഒരുലക്ഷം പവനുള്ള കറൻസിനോട്ടുകൾ അച്ചടിച്ചു വിതരണംചെയ്തതു് ഇപ്പോൾ പൊതുജനങ്ങളുടെ കൈവശം ചെന്നുചേൎന്നിട്ടുണ്ടല്ലോ. അതു് നിരസിക്കുന്നപക്ഷം അനവധി ആളുകൾക്കു് നാശത്തിനും നഷ്ടത്തിനും ഇടയാകുമെന്നും മേലാൽ ഉള്ള ഗ്രാൻറുകൾ അനുവദിക്കുന്നകാൎയ്യത്തിൽ ഈ അനുഭവം ബലമേറിയ ഒരു പ്രതിബന്ധമായിത്തീരുമെന്നും തങ്ങളുടെ തോട്ടങ്ങൾക്കു് കൂടുതൽകരം ചുമത്തിയെങ്കിലോ എന്നു ജന്മിമാൎക്കുള്ള ഭയംമാത്രമാണു് ഈ എതിൎപ്പിനൊക്കെ കാരണം എന്നുംകൂടി

ഞങ്ങൾ വ്യ[illegible]ാക്കി. ഇക്കാര്യം കേട്ടപ്പോൾ കൗൺസിലിലെ ഒരു അംഗമായ മാൻസ്ഫീൽഡ് പ്രഭു എഴുന്നേററു എന്നെ വിളിച്ചു് കൗൺസിൽ ക്ലാർക്കിന്റെ മുറിയിലേയ്ക്കു് കൊണ്ടുപോയി. വക്കീലന്മാർ വാദിക്കുകയായിരുന്നു. അദ്ദേഹം എന്നോടുചോദിച്ചതു് "ഈ നിയമം പാസ്സാകുന്നതുകൊണ്ടു് ജന്മിമാക്കു് യഥാൎത്ഥത്തിൽ നാശം ഒന്നും സംഭവിക്കുകയില്ലേ" എന്നായിരുന്നു. "ഒരിക്കലും ഇല്ല" എന്നായിരുന്നു എന്റെ മറുപടി. അദ്ദേഹം പറഞ്ഞു:—"അങ്ങനെയാണെങ്കിൽ ആ കാൎയ്യം രേഖപ്പെടുത്തുന്ന പക്ഷം നിങ്ങൾക്കു് തടസ്സമൊന്നുമില്ലല്ലോ." 'ഇല്ല' എന്നുതന്നെ ഞാൻ ഉത്തരം പറഞ്ഞു. അനന്തരം അദ്ദേഹം പാരിസ്സിനെവിളിച്ചു. അല്പനേരത്തെ ആലോചനകൾക്കുശേഷം മാൻസ്ഫീൽഡ് പ്രഭുവിന്റെ നിർദ്ദേശംതന്നെ ഇരുകക്ഷികളും സമ്മതിച്ചു. ഇക്കാൎയ്യം കൺസിൽ ക്ലാൎക്കുതന്നെ ഒരു കടലാസ്സിൽ പ്രസ്താവിച്ചു തയ്യാറാക്കി. ഞാനും, അമ്മേരിക്കൻ സംസ്ഥാനകാൎയ്യങ്ങൾക്കു് ചുമതലപ്പെട്ട ചാറൽസ് എന്ന മറെറാരു പ്രതിനിധിയും കടലാസ്സിൽ ഒപ്പുവച്ചു. മാൻസ്ഫീൽഡ് പ്രഭു കൗൺസിലർ മുറിയിലേയ്ക്കു തിരിച്ചുവന്നു നിയമംപാസ്സായതായിപ്രഖ്യാപിച്ചു. ചിലചില്ലറ ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടു. അവ അടുത്ത ഒരു നിയമത്താൽ വ്യവസ്ഥപ്പെടുത്താം എന്നു തീരുമാനിച്ചു. എന്നാൽ അത്തരം ഭേദഗതികൾ ഒന്നും വേണ്ട എന്നായിരുന്നു അസംബ്ലിയുടെ അഭിപ്രായം. കൗൺസിലിന്റെ അവസാനതീരുമാനം എത്തുന്നതിനുമുമ്പു് ഒരുവർഷത്തെ നികുതിപിരിച്ചിട്ടുണ്ടായിരുന്നു. അസംബ്ലിക്കാർ, അസ്സസ്സറന്മാരുടെ നടപടികൾ പരിശോധിക്കുവാൻ ഒരു കമ്മിററിയെ നിയമിച്ചു. ഈ കമ്മിററിയിൽ ജന്മിമാരുടെ ചില സ്നേഹിതന്മാരേയും ഉൾപ്പെടുത്തി. പരിപൂൎണ്ണമായ അന്വേഷണങ്ങൾ നടത്തിയശേഷം, നികുതിചുമത്തൽ എത്രയും സമത്വബോധത്തോടുകൂടിയാണു് നിൎവഹിക്കപ്പെട്ടിരുന്നതു് എന്നു ആ കമ്മിററിയംഗങ്ങൾ അസംബ്ലിക്കു് റിപ്പോർട്ടയച്ചു. കറൻസിനോട്ടിനെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു മഹത്തായ സേവനമാണു് നിർവഹിച്ചതെന്നു് അസംബ്ലി അഭിനന്ദിച്ചു. നാട്ടിൽ പരന്നിട്ടുള്ള നോട്ടുകളുടെ വിലയിടിയാതെ കഴിഞ്ഞല്ലോ. ഞാൻ തിരിയെ നാട്ടിൽ എത്തിയപ്പോൾ ഇതിലേയ്ക്കു് അവർ എനിക്കു് പ്രത്യേകം നന്ദിപ്രകാശിപ്പിച്ചു. എന്നാൽ മുതലാളന്മാരാകട്ടെ നിയമംപാസ്സാക്കിയ ഗവൎണ്ണർഡെന്നിയോടു് വളരെ രോഷാകുലരായി. അദ്ദേഹം തനിക്കു സിദ്ധിച്ച അനുശാസനങ്ങൾക്കു് വിപരീതമായി പ്രവൎത്തിച്ചതിനു് അവർ സിവിലായി നഷ്ടപരിഹാരം നേടുന്നുണ്ടെന്നും മററും ഭീഷണിപ്പെടുത്തി. ഡെന്നിയാ

കട്ടെ, ജന... ...ാ... പ്രേരണയാൽ ഏ...പ്പെടുത്തിയതായിരുന്നു നിയമ... അദ്ദേഹ...ക്കു് കൊട്ടാരത്തിൽ ചിലസ്വാധീനശക്തികൾ ഉണ്ടായിരുന്നതിനാൽ, ഈ ഭീഷണിപ്പെടുത്തലുകളെ ഒരു പുച്ഛരസത്തോടെമാത്രമേ ഗണിക്കുകയുണ്ടായുള്ളൂ. സിവിൾവ്യവഹാരമൊന്നും നടന്നതുമില്ല.

(അപൂർണ്ണം.)

★

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MO8 BEN-M Acc. No. 20362

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MO8

BEN-M

20362.

ബെൻജമിൻ ഫ്രാങ്ക്ലിൻ

ഉപാദാരാജ്യം (വിവർത്തനം)

**KOTTAYAM PUBLIC LIBRARY**

Call No. M08 BEN-M Acc. No. 20362

Author ബെന്‍ജമിന്‍ ഫ്രാങ്ക്ളിന്‍

Title ലോകോപകാരമൂല്യം (നിബന്ധനമാല)